ആത്മാനുതാപത്തിന്റെ അനുധ്യാനശ്രുതികൾ



ചാവറ പിതാവിന്റെ വിഖ്യാതകാവ്യത്തിന്
രചനയുടെ 144-ാം വർഷത്തിൽ
പഠനനിരീക്ഷണങ്ങളോടെ ഒരു പുന:പ്രകാശനം

ഒരു ബേസ് റൗമ പ്രസിദ്ധീകരണം

MOUNT CARMEL GENERALATE
CMC
ALUVA



ആത്മാനുതാപത്തിന്റെ അനുധ്യാനശ്രുതികൾ

ചാവറ പിതാവിന്റെ *ആത്മാനുതാപം* എന്ന
വിഖ്യാത കാവ്യത്തിന് ഒരു പുനർവായന

എഡിറ്റർ
സിസ്റ്റർ.ലെയോനില സി.എം.സി.

ഒരു *ബേസ്റൗമ* പ്രസിദ്ധീകരണം

ആത്മാനുതാപത്തിന്റെ അനുധ്യാനശ്രുതികൾ

എഡിറ്റർ
സിസ്റ്റർ ലെയോനില സി.എം.സി.

ഒരു ബേസ്റൗമ പ്രസിദ്ധീകരണം

Malayalam
AATMANUTHAPATHINTE ANUDHYANASRUTHIKAL
(Text, Interpretation and Adaptation
of the poem 'AATMANUTHAPAM'
written by Blessed Chavara Kuriakose Elias
written in 1869-70)

With a foreword by
Dr. D. Babu Paul

Edited by
Sr.Leonila CMC

Cover Design
Gayathry Asok

Portrait Sketch
K.G. Balan

Pre-press and Layout
Anoop Antony

Co-ordinated by
Joly Pavelil

First Published
December 2012

Printed at
Anaswara Printers, Kochi

© Reserved

Published By
Rev. Fr.Thomas Panthaplackal C.M.I
Representing
Beth Rauma
an initiative of
Chavara Central Secretariat
on behalf of
C.M.I. and C.M.C. Congregations.

Distributed by
Chavara Central Secretariat, P.B. No. 3105
Chavara Hills, Kakkanadu, Cochin 682 030
Ph: 0484 4070012, Fax: 0484 4070015
E-mail: bethrauma@gmail.com
chavara.secretariat@cmi.in

Price: ₹. 150

ഉള്ളടക്കം

പ്രസാധകക്കുറിപ്പ്
നാനാത്വത്തിൽ ഏകത്വം

എഡിറ്ററുടെ കുറിപ്പുകൾ
അക്ഷരങ്ങളിലെ സാക്ഷ്യം
സിസ്റ്റർ ലെയോനില സി.എം.സി.

അവതാരിക
സമ്പൂർണ്ണ സമർപ്പണത്തിന്റെ സാക്ഷ്യം
ഡോ. ഡി. ബാബുപോൾ

ഭാഗം ഒന്ന്
ആത്മാനുതാപം
(കാവ്യം)
ചാവറ കുര്യാക്കോസ് ഏലിയാസ്

ഭാഗം രണ്ട്
അനുധ്യാനശ്രുതികൾ

ഒന്ന്
പ്രശംസാവഹം ഈ കാവ്യവ്യുല്പത്തി
സി. അന്തപ്പായി

രണ്ട്
കവിത പ്രാർത്ഥനയാകുമ്പോൾ
ഫാ. ഡൊമിഷ്യൻ മാണിക്കത്താൻ സി.എം.ഐ.

മൂന്ന്
അനുധ്യാനത്തിന്റെ ഘോഷം
പ്രൊഫ. കെ.എം. തരകൻ

നാല്
ഉഷഃസന്ധ്യയുടെ സൗമ്യപ്രകാശം
റവ. ഡോ. ഇസഡ് എം. മുഴൂർ സി.എം.ഐ.

അഞ്ച്
ആത്മീയതയുടെ ദീപ്തചൈതന്യം
സിസ്റ്റർ ശാന്തി സി.എം.സി., താമരശ്ശേരി

ആറ്
ആത്മാവിഷ്ക്കാരത്തിന്റെ ദിവ്യശോഭ
സിസ്റ്റർ ലിസ്യു തെരേസ് സി.എം.സി.

പിന്നുര
അനുതാപത്തിന്റെ മിഴിനീർ വിശുദ്ധി
ജോൺ പോൾ

അനുബന്ധം

ഒന്ന് ചാവറ കുര്യാക്കോസ് ഏലിയാസ്
ജീവിതരേഖ

രണ്ട് ചാവറ കുര്യാക്കോസ് ഏലിയാസ്
രചനകൾ

മൂന്ന് രചനകൾ

നാല് ബേസ്റൗമ

പ്രസാധകക്കുറിപ്പ്

നാനാത്വത്തിൽ ഏകത്വം

ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവനെങ്കിലും മനുഷ്യൻ മനുഷ്യനിൽ നിന്നു വ്യത്യസ്തനാകുന്നത് കർമ്മവഴിയിലൂടെയാണ്. ജീവിക്കുന്ന ജീവിതവും അതിൽ പ്രതിസ്പന്ദിക്കുന്ന ദർശനവുമാണ് ഓരോ വ്യക്തിസത്തയുടെയും ഭൂമിക. ആ അർത്ഥത്തിൽ ഓരോ വ്യക്തിയും ദൈവസന്നിധിയിൽ വ്യത്യസ്തനായി ഭവിക്കുന്നു. ഏകത്വത്തിലെ ഈ നാനാത്വത്തിനിടയിൽ തന്റെ ജീവന്റെ ദാതാവും നിയന്താവും അസ്ഥിത്വത്തിന്റെ നിമിത്തവും ആയ സർവ്വേശ്വരനിലേയ്ക്കുള്ള പരമമായ ഐക്യം സ്വന്തം ആത്മാവിൽ പ്രസരിപ്പിച്ചെടുക്കുവാൻ ശ്വാസം കൊണ്ടും കർമ്മംകൊണ്ടും വാക്കുകൊണ്ടും കഴിയുന്നവർ ഉൾക്കാഴ്ചയുള്ളവരായി ഭവിക്കുകയും ഈ നാനാത്വത്തിനിടയിൽ ഏകത്വം പുനരവകാശപ്പെടുത്തുകയും ചെയ്യുന്നു. സമൂഹത്തിന് ആത്മീയ പ്രകാശം നൽകുവാനായി ഉഴിഞ്ഞുവച്ച നിയോഗമായി അവരുടെ ഇഹലോകവ്യാപനം മാറുന്നു.

ദൈവസൃഷ്ടമായ അവരുടെ ആത്മാവിലേയ്ക്കു ദൈവം ഇറങ്ങിവരുന്നു. അവരുടെ ജീവിതം തിരുസാന്നിദ്ധ്യത്തിനു മുൻപിലുള്ള ധ്യാനമാകുന്നു. ആ ധ്യാനമാകട്ടെ പുനർവായനയിൽ അനുതാപമാകുന്നു.

അപ്രകാരമൊരു പുണ്യാത്മാവിന്റെ അനുതാപ സ്പന്ദങ്ങളാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ ആത്മകഥാംശം ഉൾക്കൊള്ളുന്ന ശ്രേഷ്ഠകാവ്യം, *ആത്മാനുതാപം* ഉൾപ്പേറുന്നത്. ഈ കാവ്യത്തിലൂടെ ചാവറപിതാവ് ജീവിത സായാഹ്നത്തിൽ സ്വന്തം ജീവിതത്തെ പുനർവായിക്കുകയായിരുന്നു. ദൈവസാന്നിദ്ധ്യത്തോടു ചേർന്നു നിൽക്കാനായ നിമിഷങ്ങളുടെ പേരിൽ അദ്ദേഹം ദൈവകൃപയെ നമിക്കുന്നു. ഇടറി നിന്ന നിമിഷങ്ങളുടെ പേരിൽ ഹൃദയപൂർവ്വം പരിതപിക്കുന്നു. ഈ പുനർവായനയെ മിശിഹാകർത്താവിന്റെ ജീവിതരേഖയോടും വിശുദ്ധ മറിയത്തിന്റെ മനോവ്യാപനങ്ങളോടും ചേർത്തു പുനർധ്യാനമായിത്തന്നെ നിവർത്തിക്കുകയായിരുന്നു കവി

മനസ്സ്. സാഹിതീതലത്തിലും ആത്മീയതലത്തിലും ഈ രചന അതിനാൽ സവിശേഷമായിരിക്കുന്നു.

പതിനാലു പതിറ്റാണ്ടിലേറെ മുൻപ് വിരചിതമായ ഈ കൃതി സമൂഹമദ്ധ്യത്തിൽ ഇനിയും വേണ്ടവിധം അടയാളപ്പെടുത്തപ്പെട്ടിട്ടില്ല. നാമമാത്രമായ പതിപ്പുകൾ ഇറങ്ങിയിട്ടുണ്ട്; ഏതാനും നിരീക്ഷണ പഠനങ്ങൾ നടന്നിട്ടുണ്ട്. പലയിടത്തായി പലപ്പോഴായി നടന്നിട്ടുള്ള ആ വിചാരണകളെ ഏകോപിപ്പിച്ചു കാവ്യത്തോടൊപ്പം സമാഹരിച്ചു കൊണ്ടുള്ള സമഗ്രമായ ഒരു പ്രകാശനത്തിനാണ് ഈ ഗ്രന്ഥത്തിലൂടെ *ബേസ്റൗമ* ശ്രമിക്കുന്നത്. എത്രയോ മുൻപേ വേണ്ടതായിരുന്ന ഈ പ്രസാധനം ഇപ്പോഴെങ്കിലും നിവർത്തിക്കുവാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യത്തോടെ *ആത്മാനുതാപത്തിന്റെ അനുധ്യാന ശ്രുതികൾ* വായനാസമൂഹത്തിന്റെ മുൻപിൽ സമർപ്പിക്കുകയാണ്. പുനർധ്യാനത്തിനും വിചാരണകൾക്കും ഈ പ്രകാശനം വഴിയൊരുക്കട്ടെ എന്നു പ്രാർത്ഥനാപൂർവ്വം പ്രത്യാശിക്കുന്നു.

■

എഡിറ്ററുടെ കുറിപ്പുകൾ

അക്ഷരങ്ങളിലെ സാക്ഷ്യം

സിസ്റ്റർ ലെയോനില സി.എം.സി.

ആത്മാനുതാപത്തിന്റെ കണ്ടെടുക്കപ്പെട്ട കൈയ്യെഴുത്തുപ്രതിയിൽ ഗ്രന്ഥകാരൻ എന്ന നിലയിൽ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ പേരു പരാമർശിച്ചതായി കാണുന്നില്ല. ഇതു അദ്ദേഹത്തിന്റെ രചനയാണെന്ന് അനുമാനിക്കുന്നതു പ്രധാനമായും അക്കാലത്തെ *നാളാഗമങ്ങളിൽ തളത്തിൽ സക്കറിയാ എഫ്രേം, പാലാക്കുന്നേൽ മത്തായി മറിയം, പാറപ്പുറം വർക്കി* തുടങ്ങിയ ശ്രേഷ്ഠ പുരോഹിതർ ചാവറ പിതാവിന്റെ ഈ കാവ്യ രചനയെക്കുറിച്ചു നടത്തിയിട്ടുള്ള പരാമർശങ്ങളിൽ നിന്നുമാണ്. ചാവറയച്ചന്റെ മരണശേഷം 1871ൽ തന്നെ ലെയോപ്പോൾദ് മിഷനറി മുൻകൈയെടുത്തു ഒരു ലഘു ജീവ ചരിത്രത്തോടൊപ്പം ഈ കൃതിയുടെ ഏതാനും ഭാഗം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിൽ ആ ജീവചരിത്രത്തിന് നൽകിയ ശീർഷകത്തിൽ ഇപ്രകാരം കാണുന്നു:

ഈ ഭക്തഗാനങ്ങൾ രചിച്ച പുണ്യാത്മാവിന്റെ സംക്ഷേപജീവ ചരിത്രം.[1]

ഇതു മറ്റൊരു സൂചന.

തന്റെ ജീവിതസായാഹ്നവേളയിലാണ് ചാവറയച്ചൻ ഈ കവിത എഴുതിയിട്ടുള്ളതെന്നു കരുതപ്പെടുന്നു. ഇക്കാര്യത്തിലുമതെ അദ്ദേഹത്തിന്റെ ഇതര രചനകളുടെ കാര്യത്തിലുള്ളതുപോലെ കൃത്യത പ്രാപ്യമല്ല. നിരീക്ഷണ നിഗമനങ്ങളേ സാദ്ധ്യമാകൂ. രോഗാവസ്ഥയിൽ പൂർണ്ണമായും ശയ്യാവലംബിയാകുന്നതിന് മുൻപുള്ള വിശ്രമനാളുകളിൽ എന്നാണു സൂചന. 1870 സെപ്തംബറിലാണ് അദ്ദേഹം ശയ്യാവലംബിയാകുന്നത്. അതിനു തൊട്ടു മുൻപുള്ള കാലം എന്നു പറയുമ്പോൾ 1869-1870 നാളുകൾ എന്ന് അനുമാനിക്കാം.

കണ്ടെടുക്കപ്പെട്ടു കൈയ്യെഴുത്തു പ്രതി 19x12 cmൽ 143 പേജുകളോടുകൂടിയതാണ്. 12 അദ്ധ്യായങ്ങളിലായാണ് രചന. അതിനു പുറമെ ഉപസംഹാരരൂപത്തിൽ ഒരു ഭാഗവുമുണ്ട് ഈ കൈയ്യെഴുത്തു പ്രതി തന്നെയാണോ മൂലകൃതി എന്നുറപ്പു പറയുവാനുമാവില്ല.

കൈപ്പട ചാവറ പിതാവിന്റേതു തന്നെയെന്നും ഉറപ്പിക്കുവാനുകുന്നില്ല. എന്നാൽ ഇതിൽ അങ്ങുമിങ്ങുമായി നടത്തിയിട്ടുള്ള തിരുത്തലുകൾ ചാവറ പിതാവിന്റെ കൈപ്പടയിലാണെന്നു വ്യക്തമാണ്. താനാദ്യം കുറിച്ചത് മറ്റാരുടെയെങ്കിലും സഹായത്തോടുകൂടി പകർത്തി എഴുതിപ്പിക്കുകയും വായിച്ചു നോക്കിയശേഷം അവസാന മിനുക്കലുകൾ സ്വയം തിരുത്തുകയുമായിരുന്നു എന്നു കരുതാം. സ്വയം ഇരുന്നു പകർത്തി അന്തിമ രൂപമെഴുതിയുണ്ടാക്കുവാൻ രോഗവസ്ഥയും ക്ഷീണാരിഷ്ടതകളും അനുവദിച്ചിരുന്നിരിക്കില്ല. അങ്ങിനെയെഴുതുകയും എഴുതിക്കുകയും ചെയ്യുമ്പോൾ ഗ്രന്ഥകാരനാമം പ്രത്യേകമെടുത്തു ചേർക്കാതെ വിട്ടുപോകുവാനുമിടയുണ്ട്. മുദ്രണത്തിനു കൈമാറിയത് ചാവറയച്ചനല്ല, അദ്ദേഹം എഴുതി വയ്ക്കുക മാത്രമായിരുന്നു എന്നത് ആ സാദ്ധ്യതയെ കൂടുതൽ ഉറപ്പിക്കുന്നു.

ഫാ. ജൊറാർദ് കണ്ണമ്പിള്ളിയുടെ *അലങ്കാര ശാസ്ത്രത്തിന്* എഴുതിയ മുന്നുരയിൽ റവ. ഡോ. ഇസഡ് എം. മുഴൂർ നടത്തിയിട്ടുള്ള ഒരു പരാമർശവും ഇത്തരുണത്തിൽ ചേർത്തുവായിക്കാവുന്നതാണ്:

സ്വന്തം പേരുവച്ചു ഗ്രന്ഥരചന ചെയ്യുവാൻ സന്യാസസഭാംഗങ്ങൾക്കു അനുവാദം ഇല്ലായിരുന്നു. സ്വന്തം പേരു പരാമർശിക്കേണ്ടി വരുമ്പോൾ "ഞങ്ങൾ" എന്ന ബഹുവചനരൂപം ആയിരുന്നു ഉപയോഗിച്ചിരുന്നത്.[2]

ചാവറ പിതാവിന്റെ കാലഘട്ടത്തിൽ ഇങ്ങിനെയൊരു കീഴ്വഴക്കം ഉണ്ടായിരുന്നില്ല എന്നു വേണം മറ്റു കൃതികളിൽ അദ്ദേഹം ഗ്രന്ഥകാരൻ എന്ന നിലയിൽ സ്വന്തം പേരു ചേർത്തിരുന്നതിൽനിന്നും അനുമാനിക്കുവാൻ. *ആത്മാനുതാപം* അദ്ദേഹത്തിന്റെ അവസാനനാളുകളിലെ രചനയായിരുന്നതുകൊണ്ട് സഭാതലത്തിൽ അനുവർത്തിക്കാനിരുന്ന ഈ ചിട്ടയ്ക്കു സ്വയം മാതൃകയായതാണോ എന്നും ചിന്തിക്കാവുന്നതാണ്.

...ഒന്നാം അദ്ധ്യായത്തിൽ, കവി തനിക്കു നരജന്മം നൽകിയ ദൈവത്തിനു നന്ദി പറയുകയും സ്വന്തം കുറവുകളെക്കുറിച്ച് അനുതപിക്കുകയും ചെയ്യുന്നു. നാട്ടിൽ പടർന്ന ഒരു പകർച്ചവ്യാധിയിൽനിന്നു തന്നെ ബാല്യകാലത്തു രക്ഷിച്ചതിന് ദൈവത്തിനുള്ള കൃതജ്ഞതാപ്രകാശനമാണ് രണ്ടാം അദ്ധ്യായം. മൂന്നാം കാണ്ഡത്തിൽ ക്രിസ്തുനാഥചരിതം രേഖാമാത്രമായി അവതരിപ്പിക്കുന്നു. യൗസേഫും മറിയവും പാർക്കാനിടം തേടി ബത്ലേഹം നഗരയിൽ അലയുന്നതാണു നാലാം അദ്ധ്യായത്തിലെ പ്രതിപാദ്യ വിഷയം. ഗോശാലയിലെത്തിയ ദിവ്യദമ്പതിമാർ പ്രാർത്ഥനാപൂർവ്വം പ്രതീക്ഷിച്ചിരിക്കെ തിരുവവതാരം നടക്കുന്നു. മാലാഖമാർ സ്വർഗ്ഗീയഗീതം ആലപിക്കുന്നു. ആട്ടിടയന്മാർ കാഴ്ചകളുമായി വരുന്നു. ഉണ്ണിയേശുവിന്റെ ചേതോഹരമായ ചിത്രം കവി അഞ്ചാമദ്ധ്യായത്തിൽ വരച്ചുകാട്ടുന്നു. മറിയവും ശാന്തി എന്നു പേരുള്ള ഇടയകന്യകയുമായുള്ള സങ്കൽപസംഭാഷണം ആറാം

മരിയാ ദ അഗ്രദായുടെ ദൈവത്തിന്റെ നഗരം എന്ന സ്പാനിഷ് കൃതിയടക്കം നിരവധി വിദേശ ഗ്രന്ഥങ്ങളും ബൈബിൾ ആദ്യന്തവും സ്വാധീന പ്രചോദന സ്രോതസ്സായി കവി നിർബാധം ഉപയോഗിച്ചിട്ടുണ്ട്.

ആദ്യപ്രകാശനത്തിനുശേഷം ആദരണീയനായ റവ. ഡോ. തോമസ് ഐക്കര മുൻകൈയ്യെടുത്തും പിന്നീട് റവ. ഡോ. ഇസഡ് എം. മൂഴൂരിന്റെ ഉത്സാഹത്തിൽ വ്യാഖ്യാനസഹിതമായുമാണ് ഈ ശ്രേഷ്ഠകാവ്യത്തിനു പുനഃപ്രകാശനങ്ങൾ ഉണ്ടായിട്ടുള്ളത്. പലപ്പോഴായി നടന്ന പഠനനിരീക്ഷണങ്ങളുടെ അനുബന്ധ ഭാഗം കൂടി ചേർത്ത് ഈ കാവ്യത്തിന് ഒരു പുതിയ പതിപ്പ് ഉണ്ടായിക്കാണണം എന്ന മോഹചിന്തയിൽ നിന്നുമാണ് ഗ്രന്ഥത്തിന്റെ ഈ രൂപത്തിനു പിറവി. അതിനുവേണ്ടി പഴയ ലിഖിതങ്ങൾ തേടി ലഭ്യമാക്കി തന്നത് പ്രിയങ്കരനായ തോമസ് പന്തപ്ലാക്കലച്ചനാണ്. ഉചിതമായ ആമുഖക്കുറിപ്പു നൽകി ഈ പ്രസാധനത്തിന് അംഗീകാരത്തിന്റെ ആധികാരികത പകർന്നത് സി.എം.ഐ. പ്രയാർ ജനറാൾ എത്രയും ബഹുമാനപ്പെട്ട ജോസ് പന്തപ്ലാംതൊട്ടിയിലച്ചനും എത്രയും ആദരണീയയായ സി. എം.സി. സുപ്പീരിയർ ജനറാൾ മദർ സാങ്റ്റയുമാണ്. അവരെ പ്രാർത്ഥനാപൂർവ്വം പ്രണമിക്കുന്നു. അർത്ഥസമ്പുഷ്ടമായ ഒരവതാരികയിലൂടെ മുൻ ചീഫ് സെക്രട്ടറിയും ഗ്രന്ഥകാരനും വാഗ്മിയും ദൈവശാസ്ത്ര വിചാരകനുമായ ഡോ. ഡി.ബാബു പോൾ ഈ പ്രകാശനത്തെ അനുഗ്രഹിച്ചിരിക്കുന്നു. ബേസ്റൗമയുടെ കടപ്പാട് അറിയിക്കുന്നു. ഏകോപന നിർദ്ദേശം നൽകിയ ഫാ.റോബി കണ്ണൻചിറ സി.എം.ഐ., ഫാ. ജോസ് പാനാമ്പുഴ സി.എം.ഐ., ഏകോപന നിർവ്വഹണം നടത്തിയ ജോളി പവേലിൽ, റോബിൻ അഗസ്റ്റിൻ, പ്രീ-പ്രിന്റ് ലേ-ഔട്ട് നിവർത്തിച്ച അനൂപ് ആന്റണി, ആകർഷകമായ മുഖചിത്രം വിഭാവനം ചെയ്തു സഹായിച്ച പ്രഗത്ഭ ചിത്രകാരനായ ഗായത്രി അശോക്, മുദ്രണം ഭംഗിയായി നിർവ്വഹിച്ച അനശ്വര പ്രിന്റേഴ്സ് എന്നിവരോടും *ബേസ്റൗമ* ജനറൽ എഡിറ്റർ ജോൺ പോളിനോടും ഉള്ള നന്ദിയും രേഖപ്പെടുത്തുന്നു.

■

1. *ഇതാണ് ചാവറ പിതാവിനെക്കുറിച്ചു എഴുതപ്പെടുന്ന ആദ്യത്തെ ജീവചരിത്രം.*
2. *ചാവറ ശിഷ്യനായ ഫാ. ജൊറാർദ് കണ്ണമ്പിള്ളി സി.എം.ഐ. രചിച്ച ഈ ഗ്രന്ഥമാണു മലയാള ഭാഷയിലെ ആദ്യ അലങ്കാര ശാസ്ത്രഗ്രന്ഥം. 1881 ൽ എഴുതിയ ഈ ഗ്രന്ഥത്തിന്റെ കൈയ്യെഴുത്തു പ്രതി കണ്ടെടുത്തു. റവ. ഡോ. മൂഴൂരിന്റെ ഉത്സാഹശ്രമത്തിൽ കോട്ടയത്തെ കറന്റ് ബുക്സ് 2012 ൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ആദ്യപ്രകാശനത്തിൽ ഗ്രന്ഥകർത്താവിന്റെ പേരു ചേർത്തായിരുന്നിരുന്നില്ല പ്രസാധനം. പ്രസാധനാനുമതി നൽകിക്കൊണ്ടുള്ള ഔദ്യോഗിക പത്രിക അന്നത്തെ ചട്ടമനുസരിച്ച് ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരുന്നു. അതിലെ പരാമർശത്തിൽ നിന്നുമാണ് ഗ്രന്ഥകർത്താവ് ഫാ. ജൊറാർദ് കണ്ണമ്പിള്ളിയാണെന്നു വ്യക്തമാകുന്നത്.*

അവതാരിക

സമ്പൂർണ്ണ സമർപ്പണത്തിന്റെ സാക്ഷ്യം

ഡോ. ഡി. ബാബുപോൾ

ക്രിസ്തീയാധ്യാത്മികതയുടെ വഴിയും മാതൃകയും ദൈവമാതാവായ കന്യകമറിയം ആകുന്നു. *ദൈവഹിതം നിറവേറട്ടെ* എന്ന അർപ്പണമാണ് അതിന്റെ കാതൽ. *വിശ്വസിച്ചവൾ ഭാഗ്യവതി* എന്ന സാക്ഷ്യമാണ് അതിന്റെ തെളിവ്. *എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു* എന്ന പ്രഖ്യാപനമാണ് അതിന്റെ ഫലം.

ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്തിരിക്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്; ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം അറിയിപ്പാനും ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നു എന്ന് നസറേത്തിൽ കേട്ട വാക്യം *നസറേത്തിലെ പ്രകടനപത്രിക* എന്നാണ് അറിയപ്പെടുന്നത്. ആ പ്രകടനപത്രികയുടെ സാക്ഷാത്ക്കരണപഥത്തിന് ദീപികയും ഊർജ്ജവും ആകുന്നത് ക്രിസ്തീയാധ്യാത്മികതയാണ്.

നവീകരിക്കപ്പെടുകയും രൂപാന്തരപ്പെടുത്തപ്പെടുകയും ചെയ്യുന്ന മനുഷ്യന് ക്രിസ്തു വാഗ്ദാനം ചെയ്യുന്നത് പുതിയ ജീവിതം മാത്രമല്ല, ഒരു പുതിയ സന്ദേശവും ക്രിസ്തുസാക്ഷിയാകാനുള്ള ഒരു പുതിയ യാത്രാപഥവും കൂടെയാണ്. കല്ലറകളിൽ വസിക്കുകയും മനുഷ്യരെ കല്ലെറിയുകയും ചെയ്യുന്നവനെ ഭവനത്തിൽ വസിക്കുകയും മനുഷ്യരോട് സുവിശേഷം പറയുകയും ചെയ്യുന്നവനാക്കി മാറ്റുന്നതാണ് (മാർക്കോസ്, അദ്ധ്യായം 5) അതിന്റെ പ്രയുക്ത ഭാവം.

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജീവിതം കർമ്മോന്മുഖമായിരുന്നു. ഒരു പുരുഷായുസ്സിൽ ചെയ്യാവുന്നതിലേറെ ആ പിതാവ് ചെയ്തു. ഫലകാംക്ഷയില്ലാതെ നിർവ്വഹിക്കപ്പെട്ട ഒരു പൂജ ആയിരുന്നു ആ ജീവിതം. ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും ഉറപ്പുവരുത്തുകയായിരുന്നു അതിന്റെ ലക്ഷ്യം. ആ യജ്ഞത്തിന് ഓജസ്സ്

പകർന്നതാകട്ടെ വാഴ്ത്തപ്പെട്ടവന്റെ അന്തരാത്മാവിനെ ആകെ ഗ്രസിച്ചു നിന്ന ആദ്ധ്യാത്മികതയും.

ജീവിത സായാഹ്നത്തിൽ സ്വജീവിതാനുഭവങ്ങൾ പിതാവ് പുനർവായനയ്ക്ക് വിധേയമാക്കിയപ്പോൾ മലയാളഭാഷയ്ക്ക് അത്യുദാത്തമായ ഒരു കൃതി സംലബ്ധമായി. അതാണ് ആത്മാനുതാപം കാവ്യരചനയുടെ സർവ്വകാല പ്രസക്തി. *ശരണാഗതി* എന്ന് ഭാരതീയജ്ഞാനം വിവരിക്കുന്ന മാനസികാവസ്ഥയാണ് മൗലികമായി ഈ കൃതിയെ അടയാളപ്പെടുത്തുന്ന ഭാവം. അതുകൊണ്ടുതന്നെ സുറിയാനി ക്രിസ്ത്യാനികളുടെ ആധ്യാത്മികതയിലേക്ക് ഞെക്കുവിളക്ക് തെളിയിക്കുന്നു ഇത്. നമ്മുടെ ആധ്യാത്മികത, *ദ് സിറിയൻ സ്പിരിച്വാലിറ്റി ഇൻ ഇൻഡ്യ*, വേണ്ടത്ര ശ്രദ്ധ ആകർഷിച്ചിട്ടില്ല. അത് നമുക്ക് ആധ്യാത്മികത ഇല്ലാത്തതുകൊണ്ടല്ല. നമ്മുടെ ആധ്യാത്മിക തേജസ്വികളുടെ ആത്മസംഘർഷങ്ങൾ വരമൊഴിയിൽ വേണ്ടത്ര പ്രതിഫലിക്കപ്പെട്ടിട്ടില്ലാത്തതാണ് ആ അവസ്ഥയ്ക്ക് കാരണം. പരുമലത്തിരുമേനിയും അൽഫോൺസാമ്മയും ചാവറയച്ചനും ആണ് ഈ രംഗത്ത് നാം കാണുന്ന ദീപസ്തംഭങ്ങൾ. വിളക്കുമാടങ്ങൾ വേറെയും ഉണ്ട്. മൺചിരാതുകളിലെ നെയ്ത്തിരിനാളങ്ങളും ഉണ്ടാവണം. നാട്ടിൻപുറങ്ങളിലെ സെമിത്തേരികളിൽ തോമസ് ശ്ലൈഹയെ കാത്തു കിടക്കുന്നവർ എന്നും ഏറെയാണ്.

ഈ കൃതി നമ്മുടെ ഒരേ സമയം ക്രൈസ്തവവും ഭാരതീയവും ആയ ആദ്ധ്യാത്മിക ത്വരയെ അടയാളപ്പെടുത്തുന്നു. തന്നെ അനുഗമിക്കുന്നവൻ സ്വന്തം കുരിശ് എടുത്തുകൊണ്ട് അങ്ങനെ പിൻപറ്റണം എന്ന് പറഞ്ഞവൻ നിർദ്ദേശിക്കുന്ന *ശരണാഗതിയാണ് ആത്മാനുതാപത്തിൽ* നാം കണ്ടെത്തുന്നത്. ക്രിസ്തുവാക്യത്തിലെ ബിംബകല്പന ക്രിസ്തുവിന്റെ ഇഹലോകവാസത്തിന്റെ അന്ത്യനാഴികകളിൽ അരംപറ്റിയതാണ്. വധശിക്ഷയ്ക്ക് വിധിക്കപ്പെടുന്നവൻ തന്നെ ഏറ്റാനുള്ള കുരിശ് എടുത്തുകൊണ്ട് ശതാധിപന്റെ പിറകെ നടക്കുന്നവനാണ്. ശതാധിപനാണ് വഴി നിശ്ചയിക്കുന്നത്. ശതാധിപനാണ് നടക്കുന്നതിനിടയിൽ നിൽക്കണമോ എന്ന് നിശ്ചയിക്കുന്നത്. ശതാധിപൻ നൽകുന്ന സ്വാതന്ത്ര്യം മാത്രമാണ് കുരിശെടുക്കുന്നവന് ലഭ്യമാവുന്ന സ്വാതന്ത്ര്യം. അതാണ് സമ്പൂർണ്ണ സമർപ്പണം. എന്റെ വണ്ടിയിൽ ക്രിസ്തുവിന് ലിഫ്റ്റ് കൊടുത്താൽ വണ്ടി മറിയാതിരിക്കും എന്ന് കരുതി പിൻപറ്റുന്നവന്റേത് സമർപ്പണമല്ല. കൗശലത്തിന്റെ ഉദാത്തഭാവം എന്നാണ് അതേപ്പറ്റി പരമാവധി പറയാനാവുക. വിഭീഷണൻ ശ്രീരാമപക്ഷത്തേയ്ക്ക് കൂറ് മാറിയത് ശരണാഗതിയായി വിശേഷിപ്പിക്കപ്പെടുന്നത് അത് ധർമ്മബോധത്തിൽ നിന്ന് ഉളവായ

ഒരു തെരഞ്ഞെടുപ്പാണ് എന്നതിനാലാണ്. ഭാരതീയ സങ്കല്പത്തിലെ ഗാണപത്യചിന്തയും ഈ ശരണാഗതിയുടെ മറ്റൊരു ഭാവമാണ്. ആനയെ അനുധാവനം ചെയ്യുന്നവന് ആന വഴി തെളിക്കും. പിൻകാലുയർത്തി ചവിട്ടാത്ത മൃഗമാണ് ആന. ചാവറയച്ചന്റെ വരികളിൽ ഈ ഭാവങ്ങളെല്ലാം മാറിമാറി യഥോചിതം തെളിയുന്നുണ്ട്. *ഊനം കൂടാതെ ഭൂമിയിൽ മേവുവാൻ ഊനഹീനമാം കാവൽ തന്നവനാണ്* കവി മാനവും മഹത്വവും സമർപ്പിക്കുന്നത്.

സ്വന്തം അമ്മയ്ക്ക് എത്ര വാത്സല്യം ഉണ്ടായാലും എല്ലാറ്റിനും പോന്ന ശക്തി ഉണ്ടാവുകയില്ല എന്ന് കവി തിരിച്ചറിയുന്നു. ആ തിരിച്ചറിവ് വരച്ചിടുന്ന

ഉറക്കിക്കിടത്തിയവൾ പോകുമ്പോൾ
ഉറക്കഹീനനായൊരിയാൾ കാക്കും

എന്ന വരികൾ കാണുമ്പോൾ പണ്ട് പണ്ട് മറ്റൊരു കവി കുറിച്ച് ഓർമ്മ വരും:

ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല.

വനവാസത്തിന് പുറപ്പെട്ട മകനെ സർവ്വശക്തന്റെ സംരക്ഷണത്തിന് സമർപ്പിക്കുന്ന കൗസല്യ എന്ന മാതാവിനെയും ഓർമ്മ വരും.

എൻമകനാശു നടക്കുന്ന നേരവും കല്മഷം തീർന്നിരുന്നീടുന്ന നേരവും തന്മതികെട്ടുറങ്ങീടുന്ന നേരവും സമ്മോദമാർന്ന് രക്ഷിച്ചീടുക.

അതേ സമയം ഈ സമ്പൂർണ്ണ സമർപ്പണത്തിന്റെ അനുഭവത്തിലേയ്ക്ക് കൈ പിടിച്ചുനടത്തിയ അമ്മയെ എത്ര ചാരുതയോടെയാണ് കവി അവതരിപ്പിക്കുന്നത് എന്ന സംഗതിയും ശ്രദ്ധിക്കാതെ വയ്യ:

പൈതൽക്കാലത്തിൽ തീറ്റി വളർത്തുവാൻ
അയ്യ കൂടാതെ തന്നു മാതാവിനെ
അന്നവൾക്ക് നീ നൽകിയ സ്നേഹത്താൽ
അമൃതപാനം തന്നുവളർത്തുമ്പോൾ
അതിനോടുകലർത്തി ജപങ്ങളും
അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചുതന്നവൾ
ദൃഢം വന്നപ്പോൾ ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചുനിശ്ചയം.

എന്നതിനൊപ്പം അമ്മയുടെ പ്രാർത്ഥനാജീവിതത്തിന്റെ തീക്ഷ്ണതയെ

അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദമന്ദമറിഞ്ഞു ദൈവത്തെയും

എന്നവൾ രാത്രി പാതിരാനേരത്തും
മന്ദം നീക്കിയുണർന്നെഴുന്നേറ്റിട്ട്,
മുട്ടുകുത്തി നമസ്ക്കാരം

ചെയ്യുന്ന വാങ്മയം വരച്ചുകാട്ടി സ്വമാതാവിനെ നമസ്ക്കരിക്കുന്ന കവി സന്യാസിയായിരുന്നെങ്കിലും അസ്മാദൃശന്മാരായ ഗൃഹനാഥന്മാരോട് ഈ വാക്കുകളിലൂടെ നൽകുന്ന ഉപദേശം മാന്നാനംകുന്നിൽ നിന്നുള്ള ഒരു ഗിരിപ്രഭാഷണം തന്നെ ആണ്.

തുടർന്നുള്ള ഖണ്ഡങ്ങളിൽ നാം വായിക്കുന്നത് ഉന്നതമായ ചിന്തകളെ സുതാര്യമായ ശൈലിയിൽ സന്നിവേശിപ്പിക്കുന്ന കവിവചസ്സുകളാണ്. അവിടെയൊക്കെ സുവിശേഷ സത്യങ്ങളും ഐതിഹ്യമാലകളും സാരോപദേശങ്ങളും ആത്മാനുതാപത്തിന്റെ അനുധ്യാനചിന്തകളും എല്ലാം മനോഹരമായ പൂമാലയിൽ പൂക്കളും ഇടയ്ക്കിടെ ചെറുനാരങ്ങയും ചേർത്തുവയ്ക്കുന്ന ആ പഴയ സമ്പ്രദായത്തെ ഓർമ്മിപ്പിക്കുന്നു. ശുഭ്രസുന്ദരമായ മുല്ലപ്പൂക്കളും സുവർണ്ണശോഭനമായ ചെറുനാരങ്ങകളും ആ പഴയ കാലത്തെ ഹാരങ്ങളിൽ സഹവർത്തിക്കുന്നത് കാണുമ്പോൾ മനുഷ്യനിർമ്മിതമായ ഒരു കലാവസ്തു എന്നതിനപ്പുറം ഈശ്വരനിർമ്മിതമായ ഒരു ചേതോഹര സൃഷ്ടി എന്നായിരുന്നുവല്ലോ തോന്നിയിരുന്നത്.

ജീവിതസായാഹ്നത്തിൽ നടന്നുകയറിയ വഴികളിലേയ്ക്കു തിരിഞ്ഞു നോക്കി, നടത്തിയവനെയും നടത്തുവാൻ അവൻ ആയുധമാക്കിയവരെയും വന്ദിച്ചുകൊണ്ടും പഠിച്ച പാഠങ്ങൾ പങ്കുവച്ചുകൊണ്ടും പറ്റിയ തെറ്റുകൾ ഔചിത്യപൂർവ്വം അനുസ്മരിച്ചുകൊണ്ടും വാചാലരാകുന്ന മിസ്റ്റിക്കുകളിൽ ഒരാളായി നാം ചാവറയച്ചനെ തിരിച്ചറിയുന്നു ഈ പുസ്തകം മടക്കുമ്പോൾ. ഭാഷാശുദ്ധി അത്ര പോരാ എന്നും ഛന്ദസ്സ് അനുകൂലമായില്ല എന്നും ഭാഷാനിരൂപകർ തിരിച്ചറിയുന്ന ഇടങ്ങൾ ഈ രചനയിൽ ഉണ്ട്. എന്നാൽ അനുവാചകൻ അത് ശ്രദ്ധിക്കുന്നില്ല. അത്ര നിറഞ്ഞതാണ് കവിയുടെ ആധ്യാത്മിക തേജസ്സ്. മൂത്താമ്പാക്കൽ കൊച്ചുഞ്ഞുപദേശിയുടെ കീർത്തനങ്ങളാണ് ഇപ്പോൾ ഓർമ്മ വരുന്നത്. ഗ്രാമീണ ചാരുതയേക്കാൾ ഗ്രാമ്യഭാഷയുടെ അലോസരം ആ കീർത്തനങ്ങളിൽ അസുലഭമല്ല. എന്നാൽ ആ ഗാനങ്ങൾ നൽകുന്ന ധ്യാനഭാവം ഛന്ദസ്സിനോ അലങ്കാരത്തിനോ സാമാന്യവ്യാകരണത്തിനോ പ്രദാനം ചെയ്യാൻ കഴിയുന്നതല്ല. ഈ കൃതിയും അവശേഷിപ്പിക്കുന്നത് ഈശ്വരസാന്നിധ്യത്തെക്കുറിച്ചുള്ള ഒരേ സമയം തീക്ഷ്ണവും സുന്ദരവും ആയ അവബോധം ആകുന്നു. അതാണ് അതിന്റെ മഹത്വം. അതിനിടെ വ്യാകരണവും

അലങ്കാരവും തെരയുന്നത് രസികലക്ഷണമല്ല. കൃതിയുടെ ആത്മാവാണ് ശരീരത്തേക്കാൾ പ്രധാനം.

ആത്മാവ് ഈശ്വരനോട് സംവദിക്കുന്നതിനെയാണ് നാം പ്രാർത്ഥന എന്നു വിളിക്കുന്നത്. ദൈവം സ്നേഹമാണ്. ആ സ്നേഹം സ്വയം ശൂന്യവൽക്കരിക്കുന്ന കെനോസിസിന്റെ അനുഭവമാണ്. ഈ കെനോസിസാണ് രക്ഷയിലേക്കു നയിച്ചത് എന്ന് പൗലോസ്ശ്ലീഹാ സൂചിപ്പിക്കുന്നുണ്ട്. സൃഷ്ടി തന്നെ ഈ കെനോസിസിന്റെ ഭാവമാണ് എന്ന് ജൂഡിത് സ്റ്റെയ്ൻ പറയുന്നതും പ്രസക്തമായ ഒരോർമ്മയാണ് ഈ പ്രകൃതത്തിൽ. സ്നേഹത്തിനു വേണ്ടിയുള്ള സ്നേഹം എന്നാണ് വിശുദ്ധ ത്രേസ്യയെക്കുറിച്ച് പറയുമ്പോൾ ആരോ പരാമർശിച്ചിട്ടുള്ളത്. ആ സ്നേഹത്തിന്റെ ബഹിർഭാവമാണ് പ്രാർത്ഥന. അത് യാക്കോബിന്റെ ഗോവണിയാണ്. മനുഷ്യന്റെ ആത്മാവ് ദൈവസന്നിധിയിലേയ്ക്കും ദൈവകൃപ മനുഷ്യനിലേക്കും സഞ്ചരിക്കുന്ന ഗോവണി. അതിന്റെ ആദ്യത്തെ പടിയാണ് ഉച്ചരിക്കപ്പെടുന്ന പ്രാർത്ഥനകൾ. *ആകാശങ്ങളിലിരിക്കുന്ന ബാവാ* അധികാരിയും സംരക്ഷകനും ആയ ദൈവത്തെ സൂചിപ്പിക്കുന്നതും ഈശ്വരസാക്ഷാൽക്കാരത്തിന്റെ ആദ്യ ഘട്ടവുമാണ് എന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. നന്മനിറഞ്ഞ മറിയവും ജപമാലയും ഒക്കെ ഈ ഗണത്തിൽ പെടും.

അടുത്ത പടിയാണ് ധ്യാനപ്രാർത്ഥനകൾ. ഇവിടെ ആത്മാവ് വാക്കുകൾക്ക് അതീതമായ ഒരു അതിന്ദ്രിയാനുഭവത്തിലേക്ക് കടക്കുകയാണ്.

കർത്താവിന്റെ ജനനം എന്ന സംഭവം എടുക്കുക.

ആത്മാവ് അത് ധ്യാനവിഷയം ആക്കുമ്പോൾ സ്ഥലകാലപരിമിതികളെ അതിലംഘിച്ചുകൊണ്ട് ബെത്‌ലഹേമിലെ മഹാശാലയിൽ എത്തുന്നു. അവിടെ വാക്കുകളില്ല. അവിടെ മാതാവുണ്ട്. യൗസേഫ് ഉണ്ട്. പൂജരാജാക്കന്മാരും ആട്ടിടയന്മാരും ഉണ്ട്. സൃഷ്ടിയുടെ സമഗ്രത സൂചിപ്പിക്കുന്ന മൃഗങ്ങളും അവയ്ക്ക് ഭക്ഷിക്കാനുള്ള പുല്ലും ഉണ്ട്. അവിടെ ഉണ്ണിയേശുവിനെ കാണുമ്പോൾ നാം കെനോസിസിനെക്കുറിച്ച് ചിന്തിക്കുന്നു. ദൈവകൃപയെക്കുറിച്ച് ഓർമ്മിക്കുന്നു. കൊച്ചുഞ്ഞുപദേശി പാടിയതുപോലെ *താതന്റെ മാർവ്വിടം ഉപേക്ഷിച്ച് നമുക്കായി ഭൂജാതനായവന്റെ മഹാരഹസ്യത്തെക്കുറിച്ച്* ഓർമ്മിക്കുന്നു. കുരിശിനെക്കാൾ വലിയ ത്യാഗമാണ് പുൽത്തൊട്ടി എന്നു ചിന്തിക്കാൻ ഈ കെനോസിസ് നിർബ്ബന്ധിക്കുന്നു. ആ സ്നേഹം തിരിച്ചറിയുമ്പോൾ ഹൃദയം കൃതജ്ഞതാനിർഭരമാവുന്നു. ആ സ്നേഹം തിരിച്ചുകൊടുക്കാൻ കഴിവില്ല എന്ന തിരിച്ചറിവോടെ ആ സ്നേഹത്തിന് കുറെ

ക്കുടെ അർഹമായവിധം നമ്മുടെ ജീവിതത്തെ ക്രമീകരിക്കാൻ നാം തീരുമാനിക്കുന്നു. ഇതാണ് പ്രാർത്ഥനയുടെ രണ്ടാം ഘട്ടം.

ഇതുവരെ മനുഷ്യന് ദൈവകൃപകൊണ്ട് എത്തിച്ചേരാൻ കഴിയും. അതിനപ്പുറത്തുള്ളതാണ് ദൈവം തെരഞ്ഞെടുക്കുന്ന മിസ്റ്റിക്കുകൾക്ക് മാത്രം പ്രാപ്യമായ മൂന്നാംഘട്ടം. അവിടെ പ്രവൃത്തികളില്ല. സങ്കല്പ നങ്ങളുമില്ല. അവിടെ ഉള്ളത് തിരുസാന്നിധ്യത്തിന്റെ നിറവാണ്. ചാവറ യച്ചൻ ആവിലയിലെ വിശുദ്ധ ത്രേസ്യയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടിരുന്നു എന്നത് സുവിദിതമാണ്. ത്രേസ്യ ഈ മൂന്നാം ഘട്ടത്തിൽ എത്തിയ അവസ്ഥ ആധ്യാത്മികവിവാഹം ആയിരുന്നു എന്ന് അമ്മതന്നെ സൂചിപ്പിച്ചിട്ടുണ്ട്. പ്രാർത്ഥനയുടെ സ്രോതസ്സ് ദൈവ സ്നേഹമാണ് ഏതു വിശ്വാസിക്കും. വിശുദ്ധ ത്രേസ്യയെയും വാഴ്ത്ത പ്പെട്ട ചാവറയച്ചനെയും പോലുള്ളവർക്ക് അത് പ്രാർത്ഥനയുടെ അന്തി മഭാവവും ആണ്.

ഈ ആധ്യാത്മികാനുഭൂതിയുടെ കൗതുകകരമായ ഒരു പ്രതിഫ ലനമാണ് ഈ ചാവറക്യതിയിലെ പരകീയ പദങ്ങൾ. ചില കരിസ്മാ റ്റിക് വിഭാഗങ്ങൾ ആനന്ദലഹരിയിൽ മറുഭാഷ പറയുന്നതിനെയാണ് അവ നമ്മെ അനുസ്മരിപ്പിക്കുന്നത്. യോഗാത്മക പ്രാർത്ഥനയുടെ നൈരന്തര്യത്തിലൂടെ സ്വജീവിതത്തെ ഒരു അഖണ്ഡധ്യാനമാക്കി മാറ്റിയ മിസ്റ്റിക്ക് കവി ആയിരുന്നു ചാവറയച്ചൻ.

ചാവറയച്ചനാണ് നമ്മുടെ നാട്ടിൽ തിരുക്കുടുംബഭക്തി പ്രചരിപ്പി ച്ചത്. പൗരസ്ത്യചിന്തയിൽ ജോസഫിന് വലിയ പ്രസക്തിയില്ല. മാതാ വിന്റെ ചിത്രങ്ങൾ ശ്രദ്ധിച്ചാൽ അതു കാണാം. അമ്മയും മകനും; അതാണ് പൗരസ്ത്യ മരിയദർശനത്തിന്റെ സാരാംശം. ഒപ്പം മകനി ല്ലാത്ത അമ്മയോ, അമ്മയ്ക്കും മകനും ഒപ്പം സനാതനാവസ്ഥയുടെ ചെറിയൊരു നൈമിഷികഭാവത്തിൽ മാത്രം സംരക്ഷകനും സഹചാ രിയും ആയിരുന്ന വളർത്തപ്പനോ പൗരസ്ത്യചിന്തയിൽ ഇല്ല. അതു കൊണ്ടാണ് പൗരസ്ത്യ പാരമ്പര്യത്തിന്റെ തനിമയിൽ ജോസഫിന്റെ പേരിൽ പള്ളികൾ ഉണ്ടാകാതിരുന്നത്. നീതിമാനായ യൗസേഫ്, *ജോസഫ് കീനോ* എന്നല്ലാതെ പിതാക്കന്മാർ ആരും പരാമർശിക്കു ന്നില്ലെങ്കിലും വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ ഭവന ത്തിൽ എലെയാസറിനുണ്ടായിരുന്നതിലുപരിയായ ഒരു സ്ഥാനവും പൗരസ്ത്യർ ജോസഫിന് നൽകാതിരുന്നത് കന്യാജനനത്തിന് അടി വരയിടാനും മാതാവിന്റെ നിത്യകന്യകാത്വം ഉറപ്പിച്ചുപറയാനും അങ്ങനെ സൃഷ്ടികളിൽ മറിയത്തിനുള്ള നിസ്തുലസ്ഥാനം ഉറപ്പിക്കു വാനും ആണ്. പാശ്ചാത്യരാണ് തിരുക്കുടുംബം എന്ന സങ്കല്പം കൊണ്ടുവന്നത്. ചാവറയച്ചൻ അത് ഏറ്റുപിടിച്ചത് ഒരു സാമൂഹികാ

വശ്യത്തിന്റെ ക്രൈസ്തവമാനം സ്ഥാപിച്ചെടുക്കാനാണ്. ഭൗതിക സാഹചര്യങ്ങളിൽ ഒരു കുടുംബത്തിന്റെ പൂർണ്ണത തെളിയിക്കുക യായിരുന്നു വാഴ്ത്തപ്പെട്ടവന്റെ ലക്ഷ്യം. അത് അദ്ദേഹത്തിന്റെ മരിയ ഭക്തിയെ ഒട്ടുമേ ലഘൂകരിച്ചില്ല. മാതാവ് തന്നെ ആയിരുന്നു സംരക്ഷക എന്നും. മാതാവിലൂടെ മകനിലേക്ക് എന്നതായിരുന്നു അനുധ്യാനത്തിന്റെ പാത. അത് ദൂതൻ പറന്നിറങ്ങിയ നാൾ മുതൽ പരിശുദ്ധാത്മാവ് സഭയ്ക്കാകമാനം ആശ്വാസപ്രദനായ നാൾവരെ നീണ്ട ഒരു സപര്യ ആയിരുന്നു. ചാവറയച്ചൻ എന്നും നടന്നത് അമ്മ യ്ക്കൊപ്പവും അമ്മയുടെ സംരക്ഷണത്തിലും ആയിരുന്നു.

കർമ്മലീത്താസഭകൾ കർമ്മേലിലെ അനുഭവത്തിന്റെ അനന്ത രാവകാശികളാണ്. ആ അനുഭവം ഏലിയാദീർഘദർശിയുടേതാണ്. അത് ദൈവവുമായി സംവദിക്കുന്ന അനുഭവമാണ്. വീടില്ലാത്തവൻ ദൈവം പറഞ്ഞ ഇടങ്ങളിലൊക്കെ മാറി മാറി വസിച്ചു. കെരീത്ത് തോടിനരികെ, സാരഫാത്തിലെ വിധവയുടെ വീട്ടിൽ, കർമ്മേലിലെ ഗുഹയിൽ. അന്നന്നത്തെ അപ്പത്തെക്കുറിച്ച് അവൻ ആശങ്കപ്പെട്ടില്ല. മലങ്കാക്കയും സാരഫാത്തിലെ വിധവയും ചൂരച്ചെടിയുടെ ചുവട്ടിൽ ചൂടപ്പം എത്തിച്ച മാലാഖയും യഥാസമയം ഉണ്ടാവും എന്ന അറിവാ യിരുന്നു ഏലിയായുടെ ധൈര്യം. ദൈവസാന്നിദ്ധ്യം അനുഭവിക്കുന്ന വന്റെ, ദൈവത്തിന്റെ തിരുമുഖം കാണുന്നവന്റെ, സകല മാനുഷിക ബന്ധങ്ങൾക്കും അതീതമായി ദൈവികബന്ധത്തെ പരിപാലിക്കുന്ന വന്റെ മാതൃകയാണ് ഏലിയാ. ചാവറ കുര്യാക്കോസ് ഏലിയാസ് കത്തനാരുടെ മാതൃക നാമഹേതുകനായ ഏലിയാ പ്രവാചകൻ ആയി രുന്നു. *ആത്മാനുതാപം* ആ മഹാസത്യത്തിന്റെ ധവളപത്രമാണ്; എന്ത്, എങ്ങനെ, എന്തിന്, എത്രത്തോളം എന്ന് ചാവറ സ്പിരിച്വാ ലിറ്റിയെ അടയാളപ്പെടുത്തുന്ന ധവളപത്രം.

സസന്തോഷം *ആത്മാനുതാപത്തിന്റെ അനുധ്യാനശ്രുതികൾ* എന്ന ഈ കൃതി സഹൃദയസമക്ഷം അവതരിപ്പിക്കുന്നു ഞാൻ, ഒരു സാധകന്റെ വിനയത്തോടെ.

■

ഭാഗം ഒന്ന്

ആത്മാനുതാപം

ആത്മാനുതാപം

ഒന്ന്

തനിയ്ക്കു മനുഷ്യജന്മം നൽകി ദൈവസാദൃശത്തിൽ തന്നെ സൃഷ്ടിച്ച ജഗന്നിയന്താവിനോടുള്ള കവിയുടെ നന്ദിപ്രകാശനമാണ് ഈ പാദം: തന്റെ ശൈശവകാലം ആത്മഭാഷണഗീതമായനുസ്മരിക്കുന്ന കവി ദൈവത്തിൽ നിന്നും വർഷിച്ചുകിട്ടിയ നൽവരങ്ങൾക്കും അനുഗ്രഹങ്ങൾക്കും യഥാവണ്ണം പ്രതിനന്ദി പ്രദർശിപ്പിക്കാതെ പോയതിൽ അനുപതിക്കുകയും ചെയ്യുന്നു.

വൃത്തം: ദ്രുതകാകളി

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിന്നെന്തു കാരണം ദൈവമേ!
ആദ്യഹീനനാം നിന്റെ ദയതന്നെ. 4

ഇഹലോകത്തിൽ കാണും മൃഗത്തെപ്പോ-
ലിക്കൃമിയായയെന്നെയും ചെയ്തെങ്കിൽ,
ഇതെന്തിനെന്നു നിന്നോടുണർത്തിപ്പാൻ
ഇഹലോകെ പരലോകെയാരുള്ളൂ! 8

ഈ മഹാവലിപ്പത്തിന്റെ ചിത്തംപോൽ
ഈ മഹാപാപിയായോരടിയനെ,
ഈ മഹത്വത്തിൻ ഛായയിൽ ചെയ്തതും
ഈശനായ നിൻകൃപയതിൻമൂലം. 12

ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവം തന്നു മാനുഷജന്മത്തിൽ,
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറ്റുവാനും ചിത്തമായ്. 16

23

ഊഴിയിൽ നരച്ചൂരുന്ന കൃമിപോൽ
പൂഴിയാലെന്നെ സൃഷ്ടിച്ചുവെങ്കിലും
ഊനംകൂടാതെ ഭൂമിയിൽ മേവുവാൻ
ഊനഹീനമാം കാവലും തന്നല്ലൊ.

എന്നുടെ ജനനത്തിന്റെ നാൾമുതൽ
എന്നെക്കാത്തുഭരിച്ചു സൂക്ഷിപ്പാനും,
എന്നേരത്തുമെൻ ചാരത്തുനിന്നീയാൾ
എന്നതിനാലെയന്നു ഞാൻ ജീവിച്ചു.

ഒന്നിന്നും പിടിയാത്തൊരു മാതൃവാൽ
ഒക്കെയും കാത്തുസൂക്ഷിപ്പാൻ സാധ്യമോ?
ഉറക്കിക്കിടത്തിയവൾ പോകുമ്പോൾ
ഉറക്കഹീനനായൊരിയാൾകാക്കും.

കരുണാകരനായ സർവ്വേശ്വരാ
കരകാണാത്ത കൃപയിൻ ദൈവമേ,
കാരുണ്യമോടെയക്കാലമെന്നെ നീ
കരുതിനന്നായ് സ്മരിച്ചുരക്ഷിച്ചല്ലോ

കാരുണ്യൻ നിന്റെ കരുണ ഹേതുവാൽ
കാരണപാപതോയ[1]മാം സ്നാനത്താൽ
കാരുണ്യാഭയും ശേഷം ഗുണങ്ങളും
കാലേയം[2] പോക്കി നൽകിയതുകാലം

ഇച്ചെയ്തഗുണമഹത്വമോർക്കുമ്പോൾ
ഇക്കരുണ്ക്കുകൈമാറ്[3]ന്തുനാഥാ!
ഇങ്ങനെ മമയാത്മാവിൻകേടിനെ
അങ്ങുന്നപ്പഴേ തീർത്തുഗുണം നൽകി.

ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്
വാനത്തിൽ മോക്ഷാനന്ദവും തന്നല്ലോ
വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായിയെന്നെയും തീർത്തുനീ.

പൈതൽക്കാലത്തിൽ തീറ്റിവളർത്തുവാൻ
അയ്യ[4] കൂടാതെ തന്നുമാതാവിനെ.
അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ
അമൃതപാനം തന്നു വളർത്തുമ്പോൾ,

---

1. കാരണപാപതോയം = ഉത്ഭവപാപം പോക്കുന്ന ജലം 2. കാലേയം = ഭയം, നാശം, ദോഷം
3. കൈമാറ് = പ്രതിനന്ദി 4. അയ്യം = അഴുക്ക്, ദുഃഖം

അതിനോടു കലർത്തി ജപങ്ങളും
അപ്പോൾത്തന്നെ ഗ്രഹിച്ചുതന്നവൾ
ദൃഢംവന്നപ്പോൾ ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചുനിശ്ചയം.

അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദമന്ദമറിഞ്ഞു ദൈവത്തെയും.
എന്നവൾ രാത്രി പാതിരാനേരത്തും
മന്ദം നീക്കിയുണർന്നെഴുന്നേറ്റിട്ട്,

മുട്ടുകുത്തി നമസ്ക്കാരം ചെയ്യുമ്പോൾ
ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും
രാ ജപം ദേവമാതാവിൻ പ്രാർത്ഥന
രാജരാജനാമീശോതൻ നാമങ്ങൾ.

'പരംജ്യോതിയേയീശോയേ രക്ഷിക്ക
പാരിതിന്റെ പുഷ്പമേ ജയാജയാ.'
എന്നീവണ്ണമോരോരോജപങ്ങളെ
നന്ദിയോടുച്ചരിക്കുന്ന നേരത്ത്,
മന്ദമായതു കേട്ടിരുന്നുംകൊണ്ടാ-
സുന്ദരിയുടെ പാദേയുറങ്ങി ഞാൻ.

അക്കാലം നാവിളക്കുവാൻനേരത്തു
പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൽ
ശുദ്ധനാമമാമീശോമറിയവും
ശുദ്ധനായ മാർ യൗസേപ്പിൻനാമവും.

പിതാവു പുത്രനു റുഹാദക്കൂദശാ
പിതാവിൻ സുതനരാവതാരവും
കനിതന്നുടെ ശുദ്ധോരത്തിലായ്
മന്നിൽവന്നു പിറന്നു മനു[1]വായി.

പന്തിയോസിന്റെ നാൾകളിൽ കഷ്ടപ്പെ-
ട്ടന്തരിച്ചുകഴിഞ്ഞുയർത്തെന്നതും,
ഓരോരോദിനേ ചൊല്ലിപ്പഠിപ്പിച്ചു,
അരോചത്തുങ്കൽ[2] കണ്ണാൽപീഡിപ്പിച്ചു,
നോട്ടം കാണുമ്പോൾ ഭയപ്പെടുമഹം,
ഒട്ടും ദയയില്ലാത്തൊരു കൺകളാൽ.

1. മനു = മനുഷ്യൻ (മനുഗോത്രജൻ) 2. അരോചത്തുങ്കൽ = രുചിക്കാത്തപ്പോൾ (നീരസമുണ്ടാകുമ്പോൾ).

ഒരു കാലവും യാതൊരു കാരണാൽ
കരുവാലും കരത്താലും തൊട്ടില്ല.
ഒക്കെയും കണ്ണുകൊണ്ടു കഴിച്ചിടും,
ദുഃഖിപ്പിക്കും തോഷിച്ചിടും ചക്ഷുസ്സാൽ.
അങ്ങനെ വളർത്തീടുന്ന കാലത്തിൽ
ഭംഗമെന്യെ ദൈവത്തിന്നുമിഷ്ടൻഞാൻ
ഇങ്ങനെ പഞ്ചവത്സരം ചെന്നപ്പോൾ,
അങ്ങൊരു ഗുരുവജ്ഞാനി[1]ശ്രേഷ്ഠനായ്
അണ്ണാവി[2]യവൻ ചാരത്തിരുന്നിട്ട്
തണ്ഡുലം[3] തന്നിൽ കൈയാൽ വരപ്പിച്ചു.
ചൊല്ലിച്ചു വാതിൽ നാമം തുടങ്ങീട്ട്,
ചൊല്ലിയേനഹം ശുഭാശുഭംവിനാ.
അക്കളരിയിൽ കൂടുന്ന പൈതങ്ങൾ
മിക്കതുമിവർ രണ്ടുനാലെന്നിയേ
അന്നവരുടെ വൃത്തികൾ കണ്ടിട്ടും
അന്നവന്റെ പ്രമാണങ്ങൾ കേട്ടിട്ടും
അജ്ഞാനക്രിയയാകുന്ന സ്നാനവും
സുജ്ഞാനംവിനാ മറ്റും ചെയ്തേനഹം:
അയ്യോ, നാഥനെ! സ്നഹഗുണനിധേ!
അയ്യംതോന്നുന്നകാലം തുടങ്ങിമേ,
അക്കാലംവരെ നിന്നുടെ തൃക്കണ്ണി-
ന്നൊക്കുംവണ്ണം ചരിച്ചേനഹംശിശു.
അന്നുതൊട്ടവരോടു ചരിച്ചിട്ടു
നന്ദിയൊക്കെ മറന്നേനഹംവൃഥാ;
നിർഗുണമായ യജ്ഞാനിക്കൂട്ടത്തിൽ
ദുർഗുണമല്ലാതെന്തുഗുണമുള്ളൂ!
കൺതുറക്കുന്ന കാഴ്ചയും കേൾവിയും
കാണുന്നതൊക്കെ കന്മഷസാധനം[4]
അടക്കമില്ലാതുള്ള കളികളും
നടക്കുന്നതും നഗ്നരൂപം യഥാ.
വചനത്തിലും ദുഷിതവാക്കുകൾ
അശനത്തിലുമജ്ഞാനാചാരങ്ങൾ

1. അജ്ഞാനി = അക്രൈസ്തവൻ 2. അണ്ണാവി = ആശാൻ 3. തണ്ഡുലം = അരി 4. കന്മഷസാധനം = പാപഹേതു

ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ
അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ
എന്നതു മഹാ നിശ്ചയമെന്നുള്ളിൽ
അന്നല്ലെങ്കിലിങ്ങോട്ടു ഗതിയല്ലാ-
യെന്നതുമല്ലായെന്നുടെ വംശത്തിൽ
അന്നൊരു ജനമില്ലായീയന്തസ്സിൽ.

എന്നന്നേരമൊരുത്തൻ യദൃച്ഛയാ
യൊന്നുമേ, മഹാമാർഗ്ഗമിതേറ്റുവാൻ.
എന്നതുമമ മാതാവിൻ ശ്രോതത്തിൽ
ചെന്നുവീണപ്പോൾ നന്നായ്ത്തെളിഞ്ഞവൾ.

ദ്വിപുത്രന്മാരിലേകൻ ദൈവത്തിന്നു
ദാനം ചെയ്യുന്നതെത്രയുമുത്തമം,
എന്നുറച്ചു ക്ലേശിച്ചു തുടങ്ങീട്ടു
അന്നുതൊട്ടവരിൽനിന്നു വേർപെട്ടു
ദൈവം തന്നുടെയന്തികേ ചേരുവാൻ
ദയാധിക്യത്തിനാൽ തിരുച്ചിത്തമായ്.

ഇത്ര പാപിയാമെന്നുടെ ഹീനത
തത്രപോക്കിയതെത്ര മഹാചിത്രം
നിന്നുടെ ദയാധിക്യത്താലന്നെന്നെ,
നിൻപുത്രന്റെ 'കൈത്താതനാം'[1] മാർജൂസെ[2]
തന്റെ നാമധേയത്തിന്റെ കോവിലാം
എന്റെ മേയ്വിൻ സ്ഥലത്തിങ്കൽ ചേർത്തുനീ.

അന്നവിടത്തിലുള്ള ഗുരുശ്രേഷ്ഠൻ
നന്ദിയോടെന്നെക്കാത്തുവളർത്തീട്ടു,
പൂജകാണ്മാനും ശുശ്രൂഷചെയ്വാനും
പൂജ്യമായെന്നെച്ചേർക്കും ദയയൊടേ.
പുണ്യമായ്നടന്നീടുവാൻ കാട്ടീടും
തണ്യതൊ[3]ക്കെത്യജിപ്പാൻ പഠിപ്പിക്കും.

1. കൈത്താതൻ = വളർത്തുപിതാവ് 2. മാർ ജൂസെ = മാർ യൗസേപ്പ് 3. തണ്യത് = ചീത്തയായത്

രണ്ട്

തന്റെ പ്രിയമാതാവിന്റെ സ്വഭാവമഹിമയും ചാഞ്ചല്യമില്ലാത്ത ദൈവഭക്തിയും നിറവോടെ ഓർമ്മിക്കുന്ന കവി അമ്മ തന്നെ ദൈവമാതാവിന് അടിമയായി സമർപ്പിച്ച നിമിഷം അയവിറക്കുന്നു. നാട്ടിലത്രയും അന്നാളിൽ നടമാടിയ മഹാമാരിയിൽപ്പെടാതെ താൻ രക്ഷപ്പെട്ടത് ദൈവകൃപ ഒന്നിനാൽ മാത്രം! ബാല്യകാലചാപല്യങ്ങൾക്കെതിരെ ഇന്ദ്രിയങ്ങളെ കടിഞ്ഞാണിട്ടു നിയന്ത്രിക്കുവാനാകാതെ പോയതിലുള്ള കവിയുടെ കുറ്റബോധവും ഈ പാദത്തിൽ കാണാം.

വൃത്തം: കേക

കരുണാനാഥൻ പരൻ കരുതിയടിയനെ
പരമനാഥ തന്റെ യടിമയാക്കി മുന്നം
ശിശുവാമടിയനെ യമൃതാൽ വളർത്തുമ്പോൾ
ശയനിപ്പിച്ചു ദൈവജനനി തന്റെ പാദേ-
"ശുദ്ധമാതാവേ, ദൈവജനനീ, കന്നിയമ്മേ,
അശുദ്ധ മമോദര ഫലമാമിതിനെ നീ,
നിന്നുടെ ദാസനായി കൈകൊണ്ടു രക്ഷിപ്പാനായ്
ഇന്നു ഞാൻ നിന്റെ തൃപ്പാദത്തിങ്കൽ കാഴ്ചവച്ചേൻ"
എന്നവളുണർത്തിച്ചു, ദാസനായടിയനെ
യന്നുമാതാവിൻ മുൻപിൽ കിടത്തി പ്രാർത്ഥിച്ചപ്പോൾ
ദേവാലയ ശ്രേഷ്ഠനാംഗുരുവോ, പൂവും നീരും
ദൈവമാതാവിൻ നാമാൽകൊടുത്തു മാതൃകൈയിൽ,
പിടിച്ചു മമ ചെറുകരത്തിലതുനേരം
കൊടുത്തു ചൊല്ലി "മാതൃദാസനായിവനെ നീ
സൂക്ഷിച്ചു വളർത്തുക പാലിച്ചു ഭരിക്ക നീ
സാക്ഷാൽ നിൻസുതനല്ല, മാതാവിൻ ദാസൻ ദൃഢം."

എന്നരുൾ ചെയ്തു ഗുരുവേല്പിച്ചാ മാതൃകരെ
എന്നവൾ ചൊല്ലിക്കേട്ടു ദൃഢമായതുകാലം.
എന്നുതന്നെയുമല്ല, കന്നിമാസമെട്ടതിൽ
ചെന്നു കുമ്പിടും നാഥെയക്കാലം മാതൃസഹാ
കൊടുക്കും ദാസ്യപ്പണം മടിക്കാതെക്കാലവു-
മൊടുക്കിയവളുടെ മരണകാലംവരെ,
"നിന്നുടെ നാഥ മാതാവവൾക്കു ദാസൻനീയെ-
യെന്നിതു മനസ്സതിലെപ്പോഴും സ്മരിക്കണം."
എന്നുള്ള ജ്ഞാനവാക്യം സ്നേഹത്തിൻ വചനവും
അന്നു ചിത്തത്തിലുണ്ടായെങ്കിലും മുതിർന്നപ്പോൾ
ഒക്കെയും മറന്നിട്ടു ദൃക്ക്[1]തിൽ കാണുന്നതും
വാക്കതിൽ വരുന്നതുമിച്ഛിക്കും പറഞ്ഞിടും.
അക്കാലം വൃത്തികളെ സൂക്ഷിക്കുമെന്നാകിലോ
ഭോഷ്ക്ക്[2]തിലിഷ്ടമത്രേ നന്മയിൽ രസമില്ല.
പാപത്തെച്ചെയ്പോൻ ദൃഢം പാപോച്ചാരണം ചെയ്പാൻ
പാത്രവാനായിടണമെന്നതിൽ ജ്ഞാനംവിനാ.
പാപത്തിന്നൂടുബുദ്ധി ദൃഢവുമുപദേശം
താപത്താൽ തീർത്തിടുവാനൊട്ടുമേയില്ല ദൃഢം.
അക്കാലം കേൾവിയുണ്ടായ് ദിക്കുകളൊക്കെയിലും
മുഖ്യമായ് പുറപ്പെട്ട പുത്തനായ് "വസന്ത"യും[3]
നാടുകൾ നഗരവും വീഥികൾ തെരുവുകൾ
വീടുകളൊക്കെയതിൽ രോദനമല്ലാതില്ല
ദേവാലയത്തിൽ കൂടുന്നേരവും മൃത്യുകേൾക്കാം
ആബാലവൃദ്ധത്തോടേ കരച്ചിൽ നിലവിളി
അക്കാലം സർവ്വേശ്വരൻ മേവിധി കല്പിച്ചെങ്കിൽ
ദുഃഖാബ്ധേ വീണുതാണു കിടക്കുമന്ത്യം വിനാ.
സർവ്വേശൻ നീതീശ്വരൻ സർവ്വദയവിൻ നാഥൻ
സർവ്വത്തിൽനിന്നും കാത്തുരക്ഷിച്ചു മമ ജീവൻ
സർവ്വന്യായത്താലപ്പോൾ ശിക്ഷിപ്പാൻ നീതിതന്നെ
സർവ്വകാരുണ്യത്തോടേ കാത്തല്ലൊ മേ ദൈവമേ.
എന്നെ ശിക്ഷിച്ചീടുവാനോങ്ങിയ തിരുക്കരം
അന്യരിൽ തിരിച്ചതിൽ കാരണമെന്തു നാഥാ.
ഞാൻ തന്നെ കണ്ടും കേട്ടും ബോധിച്ചുമിരിക്കയിൽ
താൻ തന്നെ നീക്കി മമ ശിക്ഷയിൻ കരത്തിനെ.

1. ദൃക്ക് = ദൃഷ്ടി 2. ഭോഷ്ക്ക് = കള്ളത്തരം 3. വസന്ത = പകർച്ചരോഗം

എന്നെ കാത്തനുഗ്രഹിച്ചീടുന്ന നേരംതന്നെ
എന്നെക്കാൾ ഗുണവാന്മാർ പലരും വീണീടുന്നു.
മാതാവും പിതാവും തൻമക്കളുമൊരുമിച്ചു
മാവിന്റെ യിലപോലെ വീഴുന്നങ്ങൊരുമിച്ചു
അന്നവരുടെ ഗുണദോഷവും മമാ കൃതി
എന്നതും കൂടെ സൂക്ഷിച്ചീടുകിൽ മമ നാഥാ
എന്നിതു സർവ്വേശ്വരാ നിൻ കരുണയിൻ കടൽ
അന്തം കൂടാതെ ചിന്തിയെന്റെമേൽ ശുഭം ശുഭം
എന്നതിനെന്തു മൂലമെന്നഹമോർക്കുന്നേരം
നന്ദിഹീനനായിടുമെന്റെമേലുള്ള സ്നേഹം.
എന്നതെന്തിയേ മറ്റു കാരണമൊന്നുമില്ല,
എന്നതിന്നില്ലാഭേദം സർവ്വേശാ ജയ, ജയാ
എന്നുടെ ഹൃദയമേ, സ്മരിക്ക നിന്റെ കൃതി
നിന്ദിഹീനതയെത്രയെന്നതുമോർത്തീടുക
നിന്നെ സൃഷ്ടിച്ച കാല-ദിവസ-നേരമതിൽ
മന്നിലിങ്ങെത്ര പ്രജാസർവ്വേശൻ സൃഷ്ടിചെയ്തു.
എന്നുള്ള പ്രജകളിൽ ചിലരജ്ഞാനമതിൽ
നിന്നുളവായിയവരിപ്പൊഴുമജ്ഞാനികൾ
മറ്റവർ യൂദകുലമെന്നതിൽനിന്നും ചിലർ
മറ്റുള്ള ദുർമ്മതത്തിൽ കാരണക്കാരിൽനിന്നും
ഭൂമിയിൽ ജനിച്ചവർ ജനിച്ച കുലം തന്നിൽ
ഭേദം കൂടാതെയിന്നും നടന്നുവലയുന്നു.
എന്നെ നീ സർവ്വേശ്വരാ യന്നതിൽനിന്നു നീക്കി
നിന്നെ സ്നേഹിച്ചീടുന്ന ജനത്തിലെന്നെച്ചേർത്തു
ആയതിനെന്തുമൂലം നിന്നുടെ ദയ തന്നെ
ഞാനതിനെന്തുകൃതോത്തര[1]ത്തെയണയ്ക്കേണ്ടൂ!
എന്നുതന്നെയുമല്ല, മന്നിലുണ്ടാകും ജനം
എന്നതിൽ ചില ജനം കാലിനും കൈക്കും കേടും
കണ്ണില്ലാ ചിലർക്കയ്യോ ചിലർക്കു കേൾവിഹീനം
കർണ്ണവും നാവും കൊണ്ടും ഫലമില്ലാതെ ചിലർ
ഇങ്ങനെ ജനിക്കുന്നു, പിറക്കുന്നതുപോലെ
അങ്ങനെ മന്നിലവർ ജീവിക്കുന്നഹോ, ദുഃഖം
എന്നുതന്നെയുമല്ല വ്യാധിയെന്നൊരു ദുഃഖം
അന്നപാനത്തിന്നവർ മുട്ടിനാലിരക്കുന്നു

1. കൃതോത്തരം = പ്രതിനന്ദി

ഇങ്ങനെ ദാരിദ്ര്യത്താലെത്രപേർ ക്ലേശിക്കുന്നു
അങ്ങനെയുള്ളവരിൽനിന്നുമാം രക്ഷിച്ചു നീ
എന്നതുമെന്തുമൂലം നിൻകരുണയല്ലാതെ
എന്നതിനാലുമെത്ര നിന്നെ ഞാൻ സേവിക്കണം!

പിന്നെയുമൊരു മഹാ കരുണ നൽകി നീയോ
മന്നവന്മാരും മുഖ്യശ്രേഷ്ഠന്മാർ ദ്രവ്യസ്ഥന്മാർ
മന്നവർക്കിണയാകും സമ്പന്നന്മാരും ചിലർ
മന്നിലിങ്ങെത്രയുണ്ടു സകലഗുണനാഥാ,

അപ്പോലെയുള്ള ബഹുമുഖ്യരിൽനിന്നു ഞാനു-
മിപ്പാരിൽ ജനിച്ചെങ്കിൽ മേവിധിയെന്തു നാഥാ
എന്നെ നീ കുറച്ചില്ല പൊക്കിയില്ലിഹലോകെ
എന്നതിനാലല്ലയോയീവണ്ണം ചരിക്കുന്നു.

എന്നുടെ മാതാവിന്റെ യുദരേയിരിക്കയിൽ
നിന്നുടെ ശാപത്തൊടേ മൃത്യുവേവരുത്തുവാൻ
ശത്രുവാം പിശാചവനെത്രയോ ശ്രദ്ധിച്ചയ്യോ
തത്രനീ കാത്തില്ലെങ്കിൽ മൃത്യു സംശയംവിനാ.

ലോകത്തിൽ പിറന്നതിൻശേഷത്തിലവൻ വീണ്ടും
ആലസ്യം കൂടാതിങ്ങു ക്രുദ്ധിച്ചു നടന്നല്ലൊ.
അക്കാലം ജ്ഞാനസ്നാനം കൂടാതെ മരിപ്പിപ്പാൻ
മുഷ്ക്കാകും[1] വണ്ണമവൻ കൃച്ഛ്രറങ്ങൾ[2] വർദ്ധിപ്പിച്ചു
നിൻകരുണയിൻ കടക്കണ്ണിനാൽ സൂക്ഷിക്കയാൽ
കന്മഷശുദ്ധിത്തോയം[3] കൈക്കൊൾവാൻ ഭാഗ്യം വന്നു.

ഇത്തോയത്താലുണ്ടായ നന്മയും ഗുണവൃദ്ധി
ഇത്തരം ലോകത്തിന്റെ നിശ്ചയം പങ്കും കൂറും
അപ്പോലെയുള്ള ഗുണമൊക്കെയും വരുത്തീട്ട്
പൊയ്പോയ പുത്രസ്ഥാനം വീണ്ടു നീ തന്നുനാഥാ

എന്നൊരു നേരത്തിങ്കലെന്നുടെ ദേഹീരശ്മ്യാ[4]
അന്നു വാനവന്മാർക്കും തെളിവും സന്തോഷവും
വരുത്തീടുവാൻവണ്ണം ധരിപ്പിച്ചെന്നെ നന്മ
വരപ്പിച്ചെന്റെനാമം തിരുപ്പുസ്തകം തന്നിൽ

അക്കാലമുള്ള ശുദ്ധി ഹൃദയപരമാർത്ഥം
ഒക്കെയും ഛേദംചെയ്തു ദുഃഖമേ മഹാകഷ്ടം!
ബോധത്തോടു കൂടവേ വളർന്നുപാപമലം
ക്രോധവുമഹങ്കാരം ശേഷം ദുർഗ്ഗുണങ്ങളും

---

1. മുഷ്ക് = ശക്തി 2. കൃച്ഛ്രം = പ്രയാസം 3. കന്മഷം ശുദ്ധിത്തോയം = പാപം പോക്കുന്ന ജലം (മാമ്മോദീസ) 4. ദേഹീരശ്മ്യാ = ആത്മാവിന്റെ പ്രസാദവരത്താൽ

കാണുന്ന ജനങ്ങൾക്കിതോമനപ്പൈതലിവൻ
ഏഷണിയൊന്നുമില്ലായെന്നു തോന്നിച്ചേനഹം
കരുണയേറും നിന്റെ തിരുവാക്യത്താൽതന്നെ
കരുതിയറിയിച്ചോരുപമയതിൻസമം

കാണുന്നവർക്കു മഹാശോഭയായ്ത്തോന്നീടുന്ന
കാരണവന്മാരുടെ കബറു[1]കളതു മഹാ-
വെണ്മയായ്ത്തോന്നീടുന്നു വെള്ളക്കുമ്മായത്താലെ
ഒന്മയിൽ പൂശി വെളുപ്പിച്ചീടുന്നതിനാലെ

എത്രയും വെടിപ്പുള്ളതെന്നു തോന്നുന്നു പുറം
തത്രസൂക്ഷിച്ചുതുറന്നകത്തു പാർക്കുന്നേരം
എത്രയും മഹാ കഷ്ടദുർഗ്ഗന്ധം വീശീടുമേ
അത്രയുമല്ലായതിന്നുള്ളകം നോക്കുന്നേരം

എത്രയുമശുദ്ധമാം പുഴുക്കളസ്ഥികളും
തത്രകാണികൾക്കൊക്കെയെത്രയും വിചിത്രമാം
എന്നതിൻവണ്ണം മമ ഭാഷയും വാക്കുംദൃഢം
നല്ലതിൻ വണ്ണമുള്ളതൊന്നുമില്ലല്ലോ നാഥാ.

ജ്ഞാനസ്നാനത്താൽ തവ പുത്രനായ് വച്ചെന്നെ നീ
അജ്ഞാനത്താൽ ഞാൻ മമ ഭാഗ്യത്തെ നഷ്ടം ചെയ്തു
നിന്നുടെ പുത്രസ്ഥാനം നശിപ്പിച്ചതും ദുഃഖം
എന്നതിൽപരം കഷ്ടം പിശാചിൻ ദാസനായി

അയ്യയ്യോമഹാദുഃഖമെന്നുടെ പാപത്താലെ
അയ്യംകൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ!
മമപിതാവുനീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേമറ്റെന്തു ഗുണംനാഥാ-

എന്നുടെ സ്നേഹംനീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവന[2] പാനംനീയേ.
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ.

ജ്ഞാനത്തിൻ തോയത്തിങ്കൽ, നീയെന്റെ ദൈവമെന്നും
അജ്ഞാതമൊക്കെപ്പാടെ ത്യജിച്ചുവെന്നും ചൊല്ലി
ജ്ഞാനത്തിൻ ശത്രുവായ നരകപ്പിശാചിനെ
സുജ്ഞാനത്താലെ ത്യജിച്ചവന്റെ ഘോഷങ്ങളും

1. കബറ് = കുഴിമാടം (വെള്ളപൂശിയ കുഴിമാടം എന്ന ബൈബിൾ പ്രയോഗം സൂചിതം) 2. യാവന = ഭക്ഷണം.

വിശ്വാസം നിന്റെനേരെ വച്ചുഞാൻ സത്യം ചെയ്തു
വിശ്വാസത്തിന്നു സാക്ഷിയെന്നുടെ പിതൃക്കളും
അന്നേരം മമ ദേഹിക്കുണ്ടായഗുണ വെണ്മ
നേരായിക്കാട്ടീടുവാനുടുത്തേൻവെള്ളവസ്ത്രം.

നൽഗുണവൃത്തികളാൽ കാണുന്നജനങ്ങൾക്കു-
മെൻഗുണം കാട്ടീടുവാൻ കത്തിച്ചുതന്നപന്തം
പാപത്താൽ നശിച്ചു ഞാൻ ചീഞ്ഞിടായെന്നു കാണ്മാൻ
നാമത്താൽ ജപിച്ചുള്ള ലവണം സേവിച്ചല്ലൊ.

അനാദ്യഗുണനിധേ, സർവ്വേശാ, പരാപരാ!
അനന്തദയാന്വിതാ, സർവ്വമംഗലദേവാ!
അന്തമില്ലാത്തനിന്റെ കരുണാബ്ധിയാലെന്നെ
അന്തരിച്ചിടാതുള്ള സൃഷ്ടിയായ്ച്ചമച്ചല്ലൊ

എന്നുടെയാദിപിതാ ചെയ്തൊരു പാപത്താലെ
നന്മയൊക്കെയും നശിപ്പിച്ചു ഞാനെന്നാകിലും
നിന്നുടെ നീതിമുന്നം കടന്നഗണത്തെപ്പോൽ
എന്നെ നീ ശിക്ഷിച്ചില്ലായെന്നുടെ ജനത്തെയും
എന്നുതന്നെയുമല്ലാനിന്നുടെ ദയവിനാൽ
അന്നുനീപറഞ്ഞൊത്തുനിന്നുടെ സുതനെയു-
മെന്നതിൻവണ്ണംനാഥാ നിന്നുടെ സുതൻദേവൻ
മന്നിതിൽവന്നു മർത്ത്യകോലവും ചമഞ്ഞെല്ലൊ.
ദ്യോവതിൽനിന്നുവന്ന ദേവനും മർത്യനുമായ്
ദ്യേവിനാൽ[1] സൃഷ്ടികൾക്കു സ്നേഹാഗ്രജനുമായി.

എന്നുതന്നെയുമല്ലാ സകലദുഃഖൈകൃച്ചുറം
മന്നിലുള്ളതൊക്കവേ താൻ ക്ഷമിച്ചയ്യോനാഥാ!
ഇതിനാലടിമയെയുയർത്തി മോക്ഷേചേർപ്പാൻ
പതീനാംപതി[2]നൃപാ നിന്നുടെ സ്വേദംമതി

എന്നിരിക്കുമ്പോൾ നിന്റെ സ്നേഹാബ്ധിനിമിത്തമായ്
നിന്ദിഹീനനാമെന്റെ സ്നേഹത്തെ വലിപ്പാനായ്[3]
മുപ്പത്തുമൂന്നുവർഷം വസിച്ചു ഭൂലോകത്തിൽ
അപ്പത്തിൻ[4] സ്ഥലമതിൽ പിറന്നനേരം മുത
ലപ്പിറവിയും സർവ്വനായകാ, ഓർത്തീടുകി-
ലിപ്പോലെയൊരു ദുഃഖപ്പിറവിയുണ്ടായില്ല.

1. ദ്യേവ് = ദയവിന്റെ ഗ്രാമ്യരൂപം. 2. പതീനാംപതി = രാജാധിരാജൻ (സംസ്കൃതവിഭക്തിരൂപം)
3. വലിപ്പാൻ = വലുതാക്കാൻ (വളർത്താൻ) ഗ്രാമ്യപ്രയോഗം. 4. അപ്പത്തിൻ സ്ഥലം = ബത്‌ലഹം.

പിതാവു റൂഹാ തന്റെ നടുവിലെഴുന്നള്ളി
പ്രതാപമേറും സ്രാപ്പെ ക്രോവകൾ[1] നവവൃന്ദം
എപ്പൊഴും നിന്റെ തിരുമുൻപിലാരാധിക്കുന്നു
മുപ്പാരിലുള്ള ഭാഗ്യമൊക്കെയും നിന്റെ സൃഷ്ടി

ഭൂലോകമഹത്വവും ഭൂപതിനൃപന്മാരും
ഭൂമിയൊക്കെയും നിന്റെ നോട്ടത്താൽ ഭ്രമിക്കുന്നു
മാടമാളികാനഗർ ഗോപുരഗൃഹങ്ങളും
നാടുകൾ സമസ്തവും നിന്നുടെയിഷ്ടംയഥാ

മക്കളാം മനുകുലം പൊയ്ക്കളഞ്ഞുള്ള ഭാഗ്യ
മൊക്കെയും വരുത്തുവാൻ നിൻതിരുമനസ്സിനാൽ
പൊക്കമേറുന്ന ഭാഗ്യമൊക്കെയും ത്യജിച്ചുനീ
പൊയ്ക്കളഞ്ഞരുത്തിനെ തേടുവാൻ മാട്ടിൻകൊട്ടിൽ[2]
വേസരികാള[3] രണ്ടുമൃഗത്തിൻ നടുവതിൽ
കേസരി[4] യൂദാക്കുട്ടിയായി നീ പിറന്നയ്യൊ.

അന്നേരം ശിശുവായ നിന്നുടെ ബാഹുക്കളെ
അന്നേരത്തുള്ള കുളിർപോക്കുവാൻ നീട്ടുന്നയ്യൊ;
കാറ്റിനാൽ വിറയ്ക്കുന്നു മഞ്ഞിനാൽ തണുക്കുന്നു
മാറ്റുവാൻ മറയില്ല നീക്കുവാൻ വാതിലില്ല

എന്നുള്ള സ്ഥലമായ തൊഴുത്തിൽ വന്നുപിറ-
ന്നന്നുള്ള ദരിദ്രരിലൊക്കെയും മുഖ്യൻ നീയായ്
അയ്യയ്യോനാഥൻ നീയോ, നിന്നുടെ മാതാനാഥ,
യേശയ്യാവചനം പോൽ ദാവീദു രാജഗോത്ര

മന്നവരുടെ മഹോന്നതമാം മാളികകൾ
മിന്നുന്ന കട്ടിൽമെത്ത കോതടി[5]കളില്ലയോ
പട്ടും പട്ടാളികളാൽ കുത്തിയ തലയിണ
പൊട്ടാതെനിറച്ചുള്ള വട്ടമാം ചാവട്ടയും[6]

മെച്ചമാംമമ്മലുകൾ[7] രത്നക്കമ്പിളികളും
ഇച്ഛയാൽ മൂടിക്കൊൾവാൻ മെച്ചമാം പുതപ്പുകൾ
ഇച്ചൊന്നതൊക്കെനിന്റെ മഹിമയ്ക്കിണയതോ,
മെച്ചമൊക്കെയും നീക്കിയിച്ഛിച്ചു ദാരിദ്ര്യത്തെ

ദൈവദൂതന്മാരരേ, യാകാശ ഠാണുക്കളേ,[8]
ദേവദേവനാം തവ രാജനെക്കാണുന്നില്ലേ,

1. സ്രാപ്പെ = ക്രോവ - മാലാഖമാരുടെ വൃന്ദങ്ങൾ 2. മാട്ടിൻകൊട്ടിൽ = കാലിത്തൊഴുത്ത് 3. വേസരി = വെട്ടിക്കുതിര (കോവർകഴുത) 4. കേസരി = കേസരിയാ ദേശത്തെ (സിംഹം എന്നും അർത്ഥം) 5. കോതടി = കോസടിയുടെ ഗ്രാമ്യരൂപം 6. ചാവട്ട = ചാരുതലയിണ 7. മമ്മൽ = മന്മൽത്തുണി 8. ഠാണുക്കൾ - സൈന്യങ്ങൾ.

വേസലം[1] ഗുഹയതിൽ വേദനയോടുകൂടെ
വേസരിയിടയതിൽ കിടക്കുന്നതെന്തയ്യോ
കിടക്കയതിന്നായി വൈയ്ക്കോലുനിരത്തീടു
മിടത്തിൽക്കിടക്കുന്ന നാഥനെ കാണുന്നില്ലേ
തലക്കീഴെന്താകുന്നു സൂക്ഷിപ്പിൻ ഭൃത്യന്മാരെ,
കനത്ത കല്ലാൽ മൃദുമൗലിയ്ക്കെന്തൊരു ദുഃഖം.
മാതാവെ, ജനനിയേ കന്യകാരത്നമൗലേ,
താപാനുപമം നിനക്കെത്രയോയിതു നേരം
നിന്നുടെ സൃഷ്ടിതാവും സ്നിഗ്ദ്ധ പുത്രനുമിയ്യാൾ
തന്നുടെയശസ്സിന്റെ മഹത്വമറിഞ്ഞു നീ.
എന്നതിനാലേ തന്റെ ഹീനത കാണുന്നേരം
നന്ദിയാൽ നിന്റെ മനം ദുഃഖൊബ്ധൗമുങ്ങുന്നല്ലീ!
എങ്കിലും നിന്റെ ബാഹുവേലയാൽമുന്നംതന്നെ
ശംഖിനുസമംവെള്ള വസ്ത്രത്തെ കരുതി നീ.
എന്നതിനാലേ നിന്റെ സ്നേഹപുത്രന്റെ തിരു-
സുന്ദരമേനിതന്നെ പൊതിഞ്ഞു ചുറ്റിക്കെട്ടി
നിൽതിരുമടിയതിൽ സ്നേഹത്താൽ ചേർത്തുകൊണ്ട്
നിൻതിരുപ്പാലാലൂട്ടിത്താഴുകി മുത്തിക്കൊണ്ടും
തന്നുടെ തിരുമുഖശോഭയും സുന്ദരമാം
ചെന്നിയും തിരുക്കൈകൾകാൽകളും മുത്തംചെയ്തു
അത്തിരുപൈതൽ നിന്റെ മടിയിൽകിടന്നുട-
നത്തിരുമുത്തിളക്കിനിന്നെയും തോഷിപ്പിച്ചു.
മകനെയമ്മനോക്കും മാതാവേസുതൻ പാർക്കു-
മനർഘസ്നേഹത്തൊടേയിരുവരതുനേരം
ക്ഷപനാം[2] പിതാവെന്റെ ശരണം "യൂസെ"മുനി
ക്ഷമയാൽ പാർത്തുനോക്കും സുതനെ ബഹുസ്നേഹാൽ
നായകാ നരദേവ, കരുണാനിധേ, നാഥാ
നയനാൽ തൃക്കൺപാർക്ക, മേ ദാസൻമഹാ പാപി,
നന്ദിഹീനനാമെന്നെപ്പാർക്കുവാൻ യോഗ്യം പോരാ.
സുന്ദരി നിന്റെ മാതൃദാസനെന്നോർത്തീടുക.
കന്യകമമാതേ, യമ്മയേശരണം നീ.
അന്യഭാവേന ചരിച്ചയ്യയ്യോ മമ കുറ്റം
എങ്കിലുമമ്മനീയേ മറന്നീടരുതയ്യോ
ചങ്കിതിൽ നിന്റെയോർമ്മയെപ്പോഴുമുണ്ടുതാനും

1. വേസലം = ബത്‌ലഹം 2. ക്ഷപൻ = ക്ഷമയുള്ളവൻ

എങ്കിലും മറന്നയ്യോ നിന്നെഞാൻ നന്ദിഹീനൻ
മങ്കയാംമനോഹരേ, യെന്നെനീമറക്കുമോ?
മുന്നമേയെന്നെച്ചേർത്തു നിന്നുടെ ദാസനാക്കി
യന്നുനാൾ മുതൽ നീയും പാലിച്ചുരക്ഷിച്ചല്ലൊ
എത്രയോയൂഴം[1] ദൈവനീതിക്കുയോഗ്യനായി
യത്രയുമൂഴം നിന്റെ മാദ്ധ്യസ്ഥാൽ കാത്തല്ലൊനീ
ദൈവത്തിൻതിരുക്കരം ശിക്ഷിപ്പാന്നോങ്ങുന്നേരം
ദൈവമാതാവേ നിന്റെ ദയയാൽ തടുത്തല്ലോ
എന്നുടെ പാപത്താലെ നിന്നുടെ തിരുപ്പുത്രൻ
തന്നുടെ കോപാഗ്നിയെ കത്തിഞാനെരിയിച്ചു
അപ്പാപം നിമിത്തമായ് ശിക്ഷിപ്പാൻ തുടങ്ങുമ്പോ-
ലിപ്പാരിൽ തനിക്കുനീ ചെയ്തശുശ്രൂഷകളും
കാട്ടിവീണപേക്ഷിച്ചു നീക്കുവാൻ ശ്രമിക്കും നീ
കാട്ടിയെൻ കുറ്റം പാപിയായതുമോർത്തീടാതെ
വീണുതാണീടും വീണ്ടും പാപത്തിൽകൂടെക്കൂടെ
താണുപോകുന്നനേരം നിൻകൈയാൽപിടിച്ചെന്നെ
നിറുത്തിക്കൊണ്ടു തന്റെ കോപത്തെയമർത്തുവാൻ
വെറുത്തീടാതെ കണ്ടു പ്രാർത്ഥിക്കും വീണ്ടും വീണ്ടും
ദുഷ്ടനാ മടിയനീനന്ദിയോർക്കാതെ കണ്ടു
കഷ്ടതയതിൽനിന്നു നീങ്ങാതെയിരിക്കയിൽ
കോപിച്ചുനിന്റെ പുത്രൻ കോപാഗ്നികലരുമ്പോൾ
ദ്വേഷിച്ചുതള്ളീടുവാൻ കല്പിക്കും നേരമയ്യോ
നിന്നുടെ കരുണയിൻ മേന്മയാലടിയനെ
തന്നുടെതിരുമുമ്പിലണപ്പാൻ ശ്രമിച്ചിടും
കരുണകാട്ടായ്കിലോ അരുണോദയേതവ
പെരുകീട്ടുള്ള ശ്രദ്ധയറിയിച്ചീടുമപ്പോൾ
കാട്ടിടും നിന്റെ ശുദ്ധതിരുവുദരത്തെയും
നീട്ടിടും തന്നെ സ്നേഹാൽ ചുമന്നകൈയും മുട്ടും
പ്രാർത്ഥിക്കും മഹാദയാൽ കേൾപ്പിക്കുമിതൊക്കവെ
പ്രാപ്തിഹീനനാം നിന്റെ ദാസനെതൃക്കൺപാർക്ക
ദയവിന്നയോഗ്യനായിവനെങ്കിലും തവ
ദയയാൽ വളർക്കപ്പെട്ടതിനെയോർത്തീടണം.
ഒൻപതുമാസംനിന്നെ ചുമന്നോരുദരവു-
മൻപിനാൽ കുടിപ്പിച്ചുവളർത്തകൊങ്കകളു-

1. ഊഴം = തവണ (പ്രാവശ്യം)

മാദരവോടുനിന്നെയെടുത്ത കരങ്ങളു
മാദരിച്ചിരുത്തിയ മടിയും മുട്ടുകളും
സൂക്ഷിച്ചുപാർത്തു നിന്റെ മാതൃവെപ്രതിയിപ്പോൾ
രക്ഷിച്ചീടണേ മമ ദാസനെന്നോർത്തിവനെ
ഇങ്ങനെ മുട്ടിച്ചുനീ പ്രാർത്ഥിക്കഹേതുവിനാൽ
അങ്ങുന്നു പൊറുത്തയ്യോ ശിക്ഷിച്ചില്ലതുകാലം.
മന്ദമായ് നടന്നയ്യൊ പിന്നെയും മഹാപാപി
നന്ദിഹീനത്താൽ പാപക്കനത്തെ വർദ്ധിപ്പിച്ചു.
ആകാശഗമനവുമാദിത്യചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലം സമസ്തവും സൂക്ഷിച്ചുനോക്കിക്കൊണ്ട്
ഇതൊക്കെ സൃഷ്ടിച്ചതിനെന്തുകാരണമെന്നു-
മിതിനെക്കണ്ടുനിന്റെ മഹിമഗ്രഹിപ്പാനു
മിപ്പോലെയുള്ള ഭാഗ്യമീലോകെവച്ചുവെങ്കി-
ലപ്പരലോകെയുള്ള ഭാഗ്യങ്ങളെത്രചിത്രം!
എന്നിതൊക്കെയും കണ്ടുഗ്രഹിപ്പാൻ കണ്ണുതന്നു
നന്ദിയില്ലാത്ത മമ കണ്ണിനാലെന്തു ചെയ്തു!
കാണുന്ന വസ്തുവിനെ കണ്ടുകൊണ്ടതിൽത്തന്നെ
നാണംകൂടാതെ മമ ശരണംവച്ചേനയ്യോ!!
മന്നിലുള്ളവയൊക്കെ സ്ഥൂലവുമസ്ഥൂലവും
മിന്നൽപോൽ കടന്നീടുമെന്നുഞാനോർത്തീടാതെ
കണ്ണിന്നിഷ്ടമായിടും കാഴ്ചയെ സൂക്ഷിച്ചഹം
മണ്ണിതെന്നോർത്തീടാതെ മനസ്സുമതിൽ വച്ചേൻ
എന്നതുകൊണ്ടുനാഥൻ തന്നകണ്ണിനാൽത്തന്നെ
നിന്ദിച്ചേനഹ തന്നെയയ്യയ്യോമഹാകഷ്ടം
ഭൂമിയുമതിൻമീതെ കാണുന്നസമസ്തവും
ഭേദംകൂടാതെ മാറിനീങ്ങുന്നു ക്ഷണേക്ഷണേ
ഇന്നുകാണുന്നപച്ചപ്പുല്ലതുനാളെത്തന്നെ
മന്ദിച്ചുവരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ
മെച്ചമായ് കണ്ടീടുന്ന പുഷ്പങ്ങൾ ബഹുവിധം
ഇച്ഛയായതിനുള്ള ശോഭയും സുഗന്ധവും
മെത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണീടുന്നു
ചിത്രമായതിനുള്ളോരഴകുമൊക്കെപ്പോകും.

ഇന്നിപ്പോൾ ഗൃഹസ്ഥനായ്ക്കാണുന്ന ദ്രവ്യസ്ഥനെ
മന്ദഹാസത്താൽ പലർ സ്നേഹിച്ചുസേവിക്കുന്നു
ബുദ്ധിമാനിവൻ ബഹുശക്തിമാൻ സമർത്ഥനു
മബ്ധിയിൽ മണലുപോൽ വിത്തസമ്പത്തുമുണ്ട്
വാക്കുകൾ പറയുമ്പോൾ ചേർച്ചയായ്ത്തോന്നീടുന്നു.
പാക്കുവെറ്റിലകളാൽ ചുവക്കും ചുണ്ടുകളും
സുന്ദരനിവൻ മഹാശോഭിതൻ കാണുന്നോർക്കു
സുന്ദരന്മാരായിടും പുത്രന്മാർ പുത്രികളും
ഇങ്ങനെയുള്ള ബഹുഭംഗികൾ പലതരം
അങ്ങനെ ചില നാളുകഴിഞ്ഞോരനന്തരം
ഒരുനാളിവൻതന്നെ വടിയും കൈയിലേന്തി
വരുമാറതും കണ്ടുസൂക്ഷിക്കുംബഹുജനം
'ഓഹോയീദേഹമേതെന്നാ ശങ്കതോന്നുന്നല്ലൊ
ആഹാ, ഹാ, സർവ്വേശരായീയാൾക്കിതെന്തുവന്നു?!'
'വന്നതുമൊന്നുമില്ലാ പോയതുമൊന്നുമില്ല
വന്നതുപോലെയുള്ളതൊക്കെയുമിപ്പോഴുണ്ട്.'
എന്നതു പരമാർത്ഥമെങ്കിലും മുന്നമിവൻ
മന്ദഹാസത്താൽ ജീവിച്ചെന്നതു കണ്ടോരുണ്ടോ?
അന്നിവനുടെ ബുദ്ധിശക്തിയുമെത്ര ചിത്രം
ഇന്നതൊക്കെയുമോർത്താലെന്തൊരു വിസ്മയമേ!
ഇതുപോലുള്ള മഹാ കാഴ്ചയെ സൂക്ഷിപ്പാനു-
മതിനാൽത്തന്നെ നിന്നെസ്സേവിച്ചാരാധിപ്പാനും
കണ്ണുകളെനിക്കു നീ തന്നല്ലോ സർവ്വേശരാ
എണ്ണമില്ലാത്ത തിന്മയ്ക്കതു ഞാൻ കരുവാക്കി
നല്ലതായുള്ള കേൾവി കേൾപ്പാനായ് കർണ്ണംതന്നു
അല്ലലുമതിനാലെ വരുത്തിമമചിത്തേ
നിന്നുടെ ദേവാലയേ ചെന്നുവന്ദീച്ചിടുവാൻ
തന്നല്ലോ കൈയും കാലും സർവ്വേശാ, ഗുണാംബുധേ
അന്ധരും മുടവരും ചെകിടർ പൊട്ടരൊക്കെ
യന്ധകാരനാമെന്നെയറയ്ക്കുമയ്യോ നാഥാ,
ജ്ഞാനസ്നാനത്താലെന്നെ തനയനാക്കിവച്ച
മാനത്തെ നഷ്ടംചെയ്തു പിശാചിന്നടിമയായ്
വെണ്മയായ് നടപ്പാനായ്തന്നൊരു വെള്ളവസ്ത്രം
നന്മയും കളഞ്ഞയ്യോ പാപി ഞാൻ മഹാ മൂഢൻ

എന്നെ കാണുന്ന ജനമെന്നുടെ സുവൃത്തിയാൽ
നിന്നെസ്സേവിപ്പാൻ വഴികാട്ടുവാൻ പന്തംതന്നു

അയ്യയ്യോ, മഹാദുഃഖമടിയൻ വളർന്നപ്പോൾ
നെയ്യുമില്ലഗ്നിയില്ലാ പുകയുന്നതും കണ്ടേൻ
ഇപ്പോലെയുള്ള മഹാദുർഭാഗ്യമാർക്കുണ്ടായി
യല്പൻ ഞാനറിയാതെ കെട്ടയ്യോമമവെട്ടം

മറ്റുള്ള ജനത്തേയും കാട്ടുവാനായിത്തന്ന
മാറ്റേറും വെളിച്ചത്തെപ്പകർത്തിത്തമസ്സാക്കി
യിങ്ങനെയടിയന്റെ പൈതൽപ്രായത്തിൽതന്നെ
മംഗലമൊക്കെക്കളഞ്ഞയ്യയ്യോ മഹാദുഃഖം.

എന്നുടെ രക്ഷാനാഥാ നിന്നുടെ പിറവിയിൽ
മിന്നുന്ന കണ്ണിൽനിന്നു ചിന്തിയ കൺനീരിനാൽ
പാപിയാം മമപൈതൽപ്രായത്തിൻ കുറ്റങ്ങളെ
താപത്താൽ പൊറുതിയെക്കേണു പ്രാർത്ഥിക്കുന്നേൻ

അമ്മാനുവേലേ[1], നിനക്കുത്തമസ്തോത്രമായി
അമ്മാനാചൊല്ലി നിന്നെ സ്തുതിച്ചീടുന്നേനഹം.

1. അമ്മാനുവേൽ = ദൈവം നമ്മോടുകൂടെ, യേശുവിന്റെ മറ്റൊരു സംജ്ഞ.

മൂന്ന്

തിരുപ്പിറവി മുതലുള്ള യേശുനാഥന്റെ ജീവിതമുഹൂർത്തങ്ങളെ ചേതോഹരമായി കോർത്തിണക്കുന്ന കവിഹൃദയം സുവിശേഷവഴിയിലെ ഓരോ സന്ധികളിലും യേശുരൂപം കാണാകേണം, യേശു ചൈതന്യം കാണാകേണം എന്നു ഇടതടവില്ലാതെ മന്ത്രിക്കുന്നു. ജപമാത്ര ഉരുക്കഴിക്കുംപോലെ.

വൃത്തം: മഞ്ജരി

കാരുണ്യനാഥനാം ദൈവകുമാരന്റെ
യാരുണ്യ[1] ശോഭയെ കാണാകേണം.

കാരുണ്യവാരിധിയായ താൻ, മാനുഷ
കാരണം പാപാദി നീക്കുവാനായ്
മാനുഷ നീചവേഷത്തെ ധരിച്ചോരു
മാനുഷ ത്രാതാവേ, കാണാകേണം.

മിത്രനെ[2] മന്ദിപ്പിച്ചീടുന്ന ദീപ്തിയെ
ഗാത്രമറച്ചതും കാണാകേണം.
ഉന്നതനാംദൈവം കന്നിമറിയത്തിൽ
വന്നുപിറന്നതും കാണാകേണം.

ഒൻപതുമാസമീ മാതാവിൻ ഗർഭത്തിൽ
അൻപോടിരുന്നതും കാണാകേണം.
കേസർനിയോഗത്താൽ ഗർഭസ്ഥനായ താൻ
ബേസ്ലഹംപുക്കതും കാണാകേണം.

അമ്മാനുവേലെന്ന നാമാർത്ഥംപോൽ ദൈവം
നമ്മോടുചേർന്നതും കാണാകേണം.
യാതൊരു വീടും കിട്ടാതെ ദുഃഖിച്ച, തൻ
മാതാപിതാക്കളെ കാണാകേണം.

1. ആരുണ്യം = ചെമപ്പുനിറം 2. മിത്രൻ = സൂര്യൻ

നാട്ടിൽസ്ഥലം കിട്ടാതത്തൽ[1] പെട്ടു തൊഴു
കൂട്ടിൽ പിറന്നതും കാണാകേണം.
മർത്ത്യരഹംകൃതിദോഷം ദ്വേഷിപ്പാനായ്
കർത്താവിൻ താഴ്ചയും കാണാകേണം.

നോവും കുറയും കൂടാതെ പ്രസവിച്ച
ദൈവമാതാവെയും കാണാകേണം.

കണ്ണിണ ചായാതെ കുമ്പിട്ടതന്നുടെ
യുണ്ണിയെൻകൺകൾക്കു കാണാകേണം.
മാലാഖാ മാതാവിൻ കൈകളാൽ നൽകിയ
ആലാഹാ![2] പുത്രനെ കാണാകേണം.

ത്യക്കണ്ണുകൾകൊണ്ടു മാതാവെ നോക്കുന്ന
അക്കൺമണിയെ ഞാൻ കാണാകേണം.
പുഞ്ചിരികാട്ടി സ്നേഹാഗ്നി ജ്വലിപ്പിച്ച
പൊഞ്ചുണ്ടുകളെ ഞാൻ കാണാകേണം.

ഇച്ഛയോടമ്മയെ കെട്ടിപ്പിടിച്ചൊരു
കൊച്ചുകരങ്ങളെ കാണാകേണം.
അന്നേരം ജീവൻനില ചാഞ്ചലാടുന്ന
ആനന്ദാധിക്യവും കാണാകേണം.

സ്നേഹാധിക്യത്താൽ ചുരത്തിയപാൽ തള്ള
മോഹാൽ കൊടുത്തതും കാണാകേണം.
പുത്രൻ പാലുണ്ണുമ്പോൾ മാതാവിനുണ്ടായ
ചിത്രമാംഭക്തിയും കാണാകേണം.

എപ്പേരും കണ്ടാനന്ദാബ്ധിയിൽ താഴുന്ന
ചില്പുമാൻ "യുസെ"യും കാണാകേണം.
ചങ്കുപോൽ സ്നേഹിക്കും കാന്തനെ മാതാവു
തങ്കൽവിളിച്ചതും കാണാകേണം.

ആരാധനയോടങ്ങെത്രയും ഭക്തിയാൽ
ചാരത്തണഞ്ഞതും കാണാകേണം
ഓമനപ്പൈതലേ ഭർത്താവിൻകൈകളി
ലാമോദാൽ ചേർത്തതും കാണാകേണം.

ഭാര്യാസമേതനായുണ്ണിക്കു ചെയ്തോരു
ആര്യസ്തുതികളും കാണാകേണം.
പള്ളിയുറക്കം തുടർന്നോരുണ്ണിക്കവെ-
രല്ലൽതീർക്കുന്നതും കാണാകേണം.

1. അത്തൽ = ദുഃഖം 2. ആലാഹാ = ദൈവം (സുറിയാനി പദം)

ആട്ടിടയന്മാരെ കേൾപ്പിച്ചവരുടൻ
കൂട്ടമായ് വന്നതും കാണാകേണം.
വാഴ്ത്തി സ്തുതിക്കുന്ന കൂട്ടത്തെ പാപി ഞാൻ
വാഴ്ത്തുവാൻ നിത്യവും കാണാകേണം.

മാലാഖമാർ വന്നു കുമ്പിട്ടുവാഴ്ത്തുന്ന
ചേലൊത്തമേനി ഞാൻ കാണാകേണം.
എട്ടാംനാൾ വന്നു പട്ടക്കാരീശോ നാമ—
മിട്ട വിധത്തെയും കാണാകേണം.

ഛേദനാചാരത്താൽ ചോരചിന്തിയൊരു
വേദനയേയും ഞാൻ കാണാകേണം.
പത്തോടു മൂന്നാംനാൾ മൂന്നു നൃപർ വന്നു
ഭക്ത്യാൽകുമ്പിട്ടതും കാണാകേണം.

ചേർച്ചയോടുണ്ണിയെ പള്ളിയിൽ മാതാവു
കാഴ്ച കൊടുത്തതും കാണാകേണം.
കണ്ടുമരിപ്പാനിരുന്ന വയോധികൻ
കണ്ട തൃപ്പാദവും കാണാകേണം.

ഓടിയെജീപ്തിലൊളിപ്പിച്ച നാഥനെ
പേടിയൊഴിഞ്ഞു ഞാൻ കാണാകേണം.
ഏഴുസംവത്സരം പാർത്താജനങ്ങൾക്കു
വാഴ്വു ലഭിച്ചതും കാണാകേണം.

അന്നപാനാദിക്കു മുട്ടി ദുഃഖിച്ചോരു
അന്നജാപുത്രനെ[1] കാണാകേണം.
ശാസ്ത്രികളോടൊത്തങ്ങീരാറു പ്രായത്തിൽ
ശാസ്ത്രം തർക്കിച്ചതു കാണാകേണം.

പുത്രനെക്കാണാതുഴന്ന പിതാക്കൾടെ
ചിത്തദുഃഖത്തെയും കാണാകേണം.
മൂന്നാംനാൾ പുത്രനെ കണ്ടപ്പോഴുണ്ടായ
ഉന്നതസ്നേഹവും കാണാകേണം.

മാതാപിതാക്കൾക്കു കീഴ്വഴങ്ങിപ്പാർത്ത
മാതൃകയേയും ഞാൻ കാണാകേണം.
മുപ്പതിറ്റാണ്ടുശ്രവണം[2] പഠിപ്പിച്ച
തത്പരൻ മല്പാനെ[3] കാണാകേണം.

1. അന്നജാപുത്രൻ = അന്നയുടെ മകളുടെ പുത്രൻ (ഉണ്ണിയേശു) 2. ശ്രവണം = വേദം 3. മല്പാൻ = വൈദികഗുരു

മ്മോഹന്നാൻ കൈയാൽ ജ്ഞാനസ്നാനം കൈക്കൊണ്ട
സ്നേഹപ്രവൃത്തിയും കാണാകേണം.
ഏറ്റം വിശന്നും ദാഹിച്ചും വനമതിൽ
നോറ്റ നോയമ്പു ഞാൻ കാണാകേണം. 88

ദുഷ്ടപ്പിശാചിൻപരീക്ഷ ജയിപ്പാനായ്
കാട്ടിയ മാതൃക കാണാകേണം.
കല്യാണപ്പന്തലിൽ വെള്ളം വീഞ്ഞാക്കിയ
കല്യാണരൂപനെ കാണാകേണം. 92

ആദിയിൽചെയ്ത പുതുമ[1] മാതാവിന്റെ
മോദംപോൽചെയ്തതും കാണാകേണം.
വേദമറിയിപ്പാൻ ശിഷ്യരെക്കൂട്ടിയ
വേദനാഥൻതന്നെ കാണാകേണം. 96

നഷ്ടമായ്പോയോരജങ്ങളെത്തേടുന്ന
സൃഷ്ടികർത്താവിനെ കാണാകേണം.
നല്ലൊരിടയൻ ഞാനെന്നരുളിച്ചെയ്ത
നല്ലനെയെന്നും[2] ഞാൻ കാണാകേണം. 100

1. പുതുമ = അത്ഭുതപ്രവൃത്തി 2. നല്ലനെ = നല്ലവനെ

അനുബന്ധം

ലോകരക്ഷകനായ യേശുവിന്റെ ജനനം മുതൽ മരണംവരെയുള്ള സംഭവങ്ങൾ അനുസ്മരിക്കുന്ന കവി ഭക്തിപരവശനായി ആത്മദൃഷ്ട്യാ അവയോരോന്നും കാണാൻ ആഗ്രഹിക്കുകയാണ്. മൂന്നാം ഖണ്ഡത്തിന്റെ അനുബന്ധമോ അനുപൂരകമോ ആണ് ഈ കാവ്യഭാഗം.

കാരുണാകരനീശോ പരമപിതൃസുതൻ
കരുണയോടടിയാർ കാണാകേണം.
കാരുണ്യവാരിധി ദയാനിധിനീയെ
കാരണൻ പാപ[1]ത്തെ നീക്കുവാനായ്
കാരാഗൃഹത്തിലകപ്പെട്ട ജന്മത്തിൽ
കാരണ ത്രാതാവെ, ക്കാണാകേണം.
കിരണനിധീശ്വരാ നിൻമഹിമഗുണ
കിരണപ്രഭാനിധിയൊക്കെത്താഴ്ത്തി
കിരി[2]വൽ നടന്നുമാംപാപംപോക്കിയ
കിരീടധാരനെ കാണാകേണം.
കീഴുള്ള ദാസനാമെന്നെയുയർത്തുവാൻ
കീഴ്പെട്ടണഞ്ഞു പിതാവിഷ്ടംപോലെ
കീഴ്ത്തരമായ മനുഷ്യരെ രക്ഷിപ്പാൻ
കീഴ്പ്പെട്ട നിന്നെ ഞാൻ കാണാകേണം.
കത്സിതനായമേ കൃപധരിച്ചയ്യോ
കുത്സനമേല്ക്കാനും ചിത്തമായി
കുണ്ഠിതനായ മാംപ്രതിമനുഷ്യന്റെ
കുമാരനായതേ കാണാകേണം.

---

1. കാരണൻപാപം = ഉത്ഭവപാപം 2. കിരി = ഗിരി (കിരി = കാട്ടുപന്നി, കാട്ടുപന്നിയെപ്പോലെ നടന്ന് എന്റെ പാപം പോക്കിയ എന്നുമാകാം).

കൂടസ്ഥൻ[1] നിശ്ചലൻ നിർവികാരൻ നീയെ
കൂടസ്ഥ![2] മേ വിധി നീക്കുവാനായി
കൂപംസമമായിത്തോന്നുന്ന മാട്ടിന്റെ
കൂട്ടിൽ പിറന്നതും കാണാകേണം.
കേവലം നീയെന്നെ രക്ഷിപ്പതിനായി
കേണു പൈതൽസമമക്കാലത്തിൽ
കേസരിരാജൻ നീ നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം.
കൈതവംകൊണ്ടു നിറഞ്ഞോരീഭൂതലേ
കൈകാര്യം ദുഷ്ടപ്പിശാചിനല്ലൊ!
കൈകാലും ശേഷവും നൽകിയ നിൻവേദം
കൈക്കൊണ്ടീടുന്നതും കാണാകേണം.
കോപത്തെ നീക്കുവാൻ ഗോപാലനായി നീ
കൊച്ചുകുഞ്ഞായിപ്പിറന്ന നിന്നെ
കോരിയെടുത്തു നിൻ മാതാവു സ്നേഹത്താൽ
കൊങ്കയൂട്ടുന്നതും കാണാകേണം.
കൗതുകമേ സർവ്വനാഥനെ നിൻതിരു
കൗളതിൽ[3] മുത്തുന്നു സ്നേഹമാതാ!
കൗശലബുദ്ധിയാൽ നിന്നെ തോഷിപ്പിക്കും
കൗതൂഹലാ നിന്നെ കാണാകേണം.
അൻപുള്ള ദൈവമേ, നിൻതിരുമുൻപതിൽ
അല്പനാമെന്നെ നീയോർത്തിടേണം.
ആനന്ദമോടുനിൻ മാതൃതിരുമടി
യാദരിച്ചീടുമ്പോൾ കാണാകേണം.
ഈ ഭൂവിവന്നു നീ മാനുഷജന്മമായ്
ഇജ്ജന്മരക്ഷയ്ക്കു കർത്തനായി
ഈ മഹാ നാഥയാം കന്നികരംതന്നി-
ലീശനേ നിന്നെ ഞാൻ കാണാകേണം.
ഉത്തരഭാഗെയുയർത്തുവാൻ ഞങ്ങളെ
യുത്തമനായ നീ മർത്ത്യനായി.
ഊഴിയതിൽ ശയനിക്കുന്നയുണ്ണിയെ
യൂനം കൂടാതഹം കാണാകേണം.
ഋഷികൾക്കൊക്കെയ്ക്കുമീശൻ നീയാകയാൽ
ഋഷഭവേസരി[4] മദ്ധ്യനായി

1. കൂടസ്ഥൻ = സർവ്വവ്യാപി 2. കൂടസ്ഥ = പരമാത്മാവ് 3. കൗള് = കവിള് 4. ഋഷഭം = കാള

ഋഷംമുതൽ[1] വെട്ടം നാണിപ്പിച്ചീടുന്ന
ഋത്വധിനാഥനെ[2] കാണാകേണം.
എത്രയും ചിത്രമാം നിൻമുഖപത്മത്തെ
യേകാന്തപ്രേമത്താൽ പാർക്കുന്നഹം
ഏകേശനാഥനെ,[3] നിന്നുടെ ദാസൻമേ
യേകദാ നിന്നെ ഞാൻ കാണാകേണം.
ഒന്നിന്നും തിട്ടതിയില്ലാത്ത[4] ഭാഗ്യൻ നീ
യോമന തൃക്കൈകൾ നീട്ടിക്കൊണ്ട്
ഒന്മയിൽ[5] മാതാപിതാക്കൾക്കു കാട്ടുന്ന
യോമനപ്പുഞ്ചിരി കാണാകേണം.
അമ്മാനുവേലെന്ന തമ്പുരാനെ, നിന്നെ
യൻപോടു പാപി ഞാൻ വന്ദിക്കുന്നേൽ
ആദിത്യയാടയണിഞ്ഞു മതിതന്നെ[6]
പാദത്തിൻകീഴിൽമെതിക്കും നാഥേ,
പാപിയാമെന്നുടെ പാപത്തെ പോക്കി നിൻ-
പാദേയടിയനെ ചേർത്തീടേണം.

1. ഋഷം = നക്ഷത്രം 2. ഋതുനാഥൻ = ഋതുക്കളുടെ (കാലഭേദങ്ങളുടെ) നാഥൻ 3. ഏകേശനാഥൻ = ഏകദൈവം 4. തിട്ടതി = ആവശ്യം, ദുഃഖം 5. ഒന്മ = സത്യം, യാഥാർത്ഥ്യം 6. മതി = ചന്ദ്രൻ

നാല്

നിറഗർഭിണിയായ കന്യകമാതാവിനെയും കൂട്ടി ബത്‌ലഹേമിൽ അഭയസ്ഥാനം തേടി അലയുന്ന യൗസേഫ്പിതാവിന്റെ മനസ്സിനെ അനുധാവനം ചെയ്യുന്നു കവിമനസ്സ്. ഓരോ തവണയും യൗസേഫ്പിതാവും മാതാവും തിരസ്ക്കരിക്കപ്പെടുമ്പോൾ അവരനുഭവിച്ച നിസ്സഹായാവസ്ഥ കവിഹൃദയത്തെ അനുതാപഭരിതമാക്കുന്നു.

വൃത്തം: കേക

അൻപെറും സ്ത്രീണാംവരെ,[1] നിന്നുടെ ഗുണഗണാൽ
തമ്പുരാൻ കല്പിച്ചെന്നവാഗ്ദത്തം നിവൃത്തിയായ്.
മന്നിലുള്ളവർക്കൊക്കെ മാതാവായീടും ഹവ്വാ
പന്നഗത്തിനാൽ ചതിപെട്ടതിൻശേഷത്തിങ്കൽ

ഉന്നതൻ സർവ്വേശ്വരൻ പന്നഗത്തിനെനോക്കി
മന്നിൽ നീയിഴഞ്ഞീടും ധൂളിയെ ഭുജിച്ചിടും
എന്നരുൾചെയ്തശേഷമാദിമാതാവെപ്പാർത്തു
നിന്നുടെ സൂതന്മാർക്കുമിവന്നും ശത്രുത്വവും

നിന്നിൽനിന്നുളവാകും സന്തതിയതിനാലെ
പന്നഗത്തിന്റെ തലതകർത്തു ഭേദം വിനാ
എന്നുള്ള നീതിവാക്യം നിന്നാലെസമാപ്തിയാ-
യെന്നതിനാലെന്നേയ്ക്കും സ്തുതിക്കുയോഗ്യനീയേ.

ആദത്തിൻസുതയായി നീ ജനിച്ചെന്നാകിലും
ഖേദത്തിൻമൂലമായ പാപത്തിൻ നിഴൽപോലും
നിന്നിലന്നണയാതെ നിന്നുടെ തിരുപ്പാദാൽ
പന്നഗംതന്റെ തല തകർത്ത ഗുണനാഥേ,

പാപത്തിൻഫലത്താലെ സ്ത്രീവർഗ്ഗംസകലവും
താപത്തിൻനോവാൽഗർഭം പ്രസവമെന്നുസിദ്ധം

1 സ്ത്രീണാംവര = സ്ത്രീകളിൽ ശ്രേഷ്ഠം

ഇങ്ങനെയുള്ള കൃച്ഛ്രമൊന്നുമേയണുകാതെ,[1]
തിങ്ങുന്നമഹിമയാൽ വിശുദ്ധ റൂഹായാലെ
ഗർഭധാരിണിയായിയന്നുതൊട്ടാ ഗർഭത്താൽ
നിർഭരസുഖമെന്യെ യസഹ്യമൊന്നുംവിനാ
അക്കാലം മഹാനൃപനഗുസ്തോസ് കല്പനയാൽ
തൃക്കാലാൽ നടന്നു നീ ബേസലേംനഗരത്തിൽ.
കാന്തനാം പുണ്യശ്രേഷ്ഠൻ യൗസേപ്പിൻ മഹാസ്നേഹ-
കാന്തലാൽ[2] കല്പിക്കയാൽ ചിലപ്പോൾ മൃഗമേറി
നടന്നു മമനാഥെ, ദുർഗ്ഗമപന്ഥാവതിൽ
കടന്നു തിരികളുമണഞ്ഞു ബസ്ലഹെമിൽ.
പരമപരാപരൻ സകലഗുണാന്വിത-
നപരൻ രാജരാജൻ സർവജ്ഞൻ സമസ്തേശൻ.
പരമത്രിത്വത്തിന്റെ ദ്വിതീയൻ ദൈവസുതൻ
നരവർഗ്ഗരാജ്ഞിയാൽ പരിരക്ഷതൻനാഥൻ
തിരുമാതാവേ നീയിത്തിരുമാസമൊൻപതിൽ
പെരിയോരനിഷ്ടത്താൽത്തിരുയാത്രയെച്ചെയ്തു
അയ്യയ്യോരാജേശ്വരീ, കറയില്ലാത്തനാഥേ—
യടിയൻപാപാൽ നീയുമരുഷ്ടിക്കുന്നതെല്ലാം.
പരമഗുണനാഥൻ കരുണാനിധിദേവൻ
കരുതിയറിയിച്ചുപെരുമ നിന്റെപൂർവ്വം
മന്നിലിങ്ങുണ്ടായൊരു മന്നവന്മാരിൽ മുഖ്യൻ
മന്നവൻശ്ലേമ്മോൻ തന്റെറയുന്നതബുദ്ധിവശാ-
ലെത്രയും വിചിത്രമായ്ച്ചമച്ച ദേവാലയേ
ചിത്രമായ്ത്തൂക്കീട്ടുള്ള തിരുശ്ശീലകൾക്കുള്ളിൽ
ശുദ്ധശുദ്ധമാംസ്ഥലമതിന്റെ മദ്ധ്യസ്ഥലേ
ശുദ്ധമാംസുവർണ്ണത്താൽ വാർത്തുള്ളക്രോവേമദ്ധ്യേ
തൻതിരുവാക്യരേഖയുള്ള കല്പലകകൾ
ചന്തമായ്വച്ചീടുന്ന പെഴയെ[3] സ്ഥാപംചെയ്തു[4]
ഇന്നതുപോലെനിന്റെ ശുദ്ധമാമുദരത്തിൽ
വന്ദനയോഗ്യനായ തന്തിരുവടിതന്നെ
തിരുവസനമിട്ടങ്ങവിടെയെഴുന്നള്ളി-
യിരിക്കുംപെട്ടിയല്ല, കേവലം മാതൃതന്നെ
അയ്യയ്യോനാഥാനിന്റെ മാതാവിൻസാദൃശ്യമാ-
മർച്ച്യശിഷ്ടപ്പെട്ടി[5]യിൻ സന്നിധൗ 'ദാഗോൻ'ദേവൻ

1. അണുകുക = അടുക്കുക 2. കാന്തൽ = തീക്ഷ്ണത 3. പെഴ = പെട്ടി 4. സ്ഥാപംചെയ്തു = സ്ഥാപിച്ചു 5. അർച്ച്യശിഷ്ടപ്പെട്ടി = വാഗ്ദത്തപേടകം

എന്നവൻബിംബംവീണു കുമ്പിടുന്നതുസിദ്ധം
എന്നതുതേരിലേറ്റിക്കെട്ടിയ പശുക്കുട്ടി
മന്ദമായ്നടന്നതു സൂര്യനാടതിൽപുക്കും,[1]
മന്ദിരേയടുത്തപ്പോൾ കണ്ടവർവന്ദിച്ചല്ലൊ. 56

ഇത്തിരുപ്പെട്ടിരാജൻ ദാവീദു മഹാഘോഷാൽ
അത്തിരുദേവാലയേയണച്ചീടുന്നമദ്ധ്യേ,
ദാൻതൊട്ടു സപ്തഗുഹയെന്നതിനോളമുള്ള
ദാവീദിൻപ്രജകളാമിസ്രയേലൊക്കെക്കൂട്ടി- 60

ദാനഹോമങ്ങൾ വാദ്യഘോഷങ്ങൾ പലതരം
ദാസനായ്ത്തോന്നി ദാവീദിന്നുതൻ പ്രജാമുമ്പിൽ,
മറ്റൊരുദിനേ തിരുപ്പെട്ടിയെത്തൊട്ടമുഖ്യൻ[2]
മാറ്റരെന്നിയേവീണു മരിച്ചെന്നതുംസിദ്ധം 64

പെട്ടിയോടണവാനും തൊട്ടതുചുമപ്പാനും
പട്ടക്കാരരിൽമുഖ്യ ശ്രേഷ്ഠന്മാർതന്നെവേണം.
എന്തൊരുക്ഷമയിതു സർവ്വേശാനിന്റെമാതാ
തൻതിരുക്കാലാൽത്തന്നെ കല്ലിലുംനടക്കുന്നു! 68

അയ്യയ്യോയിതുപോരാ കേൾക്കണംസഖികളെ
യയ്യമായ്ത്തോന്നീടുന്നു കീർത്തിപ്പാൻ മമനാവാൽ
ശുദ്ധവാളനാം[3] പിതായൗസേപ്പുപുണ്യശ്രേഷ്ഠൻ
സ്നിഗ്ദ്ധഭാര്യതൻ ദുഃഖം പാർക്കുന്നനേരംതന്റെ 72

ഗോത്രകർ ബന്ധുക്കളും സ്നേഹിതർപലരുണ്ട്
നേത്രത്താൽ കണ്ടീടുമ്പോൾ തുണയ്ക്കുംക്ഷീണംതീരും
എന്നിതുനിരൂപിച്ചു നടന്നുതാനും തന്റെ
സന്നഗർ[4] പൂക്കശേഷമെന്തയ്യോ ഭൂതം[5] നാഥാ. 76

മുഖ്യന്മാർ പലരുണ്ട് ഭൃത്യന്മാർ ബഹുജനം
സഖ്യതയിവർക്കയ്യോ കിട്ടീല്ലന്നഗരത്തിൽ,
സമ്പന്നർ പലർവന്നു ദൂരദേശവാസരായ്
വൻപനാമഗുസ്തോസിൻ കല്പനനിമിത്തമായ് 80

എങ്കിലും മമശ്രേഷ്ഠനായിടും പിതാവിന്നും
മങ്കമാർമണിയായ കാരുണ്യമാതാവിന്നും

---

1. സൂര്യനാട് = ഫിലിസ്ത്യർ അപഹരിച്ചുകൊണ്ടുപോയി ദാഗോൻദേവന്റെ അമ്പലത്തിൽ സൂക്ഷിച്ചിരുന്ന വാഗ്ദത്തപേടകം രണ്ടു പശുക്കളെ കെട്ടിയ തേരിൽവെച്ച് ആദ്യം എത്തിച്ച ഇസ്രായേൽ പ്രദേശം (ബത്ത്സ്മേസ്) 2. തിരുപ്പെട്ടിയെത്തൊട്ടമുഖ്യൻ = ജറുസലേമിലേയ്ക്കുള്ള പേടകപ്രയാണത്തിനിടയ്ക്കു പേടകത്തെ സ്പർശിച്ചപ്പോൾ മരിച്ചുവീണ അനഭിഷിക്തനായ ഉസ്സാ. 3. ശുദ്ധവാളൻ = പുണ്യവാൻ 4. സന്നഗർ = ബത്ലഹേംനഗരം 5. എന്തയ്യോഭൂതം = എന്താണ് സംഭവിച്ചത്

തന്നുടെ പാദംവച്ചു തങ്ങിയങ്ങിരിപ്പാനായ്
തന്നില്ലയൊരുതിണ്ണയക്കാലമയ്യോ, ദുഃഖം
തന്നുടെ മഹാപിതൃ മന്നവർസ്ഥലമതു-
മെന്നുടെവാസത്തിന്നുമിന്നിതു കിട്ടുംതിട്ടം
എന്നുറച്ചവിടത്തിൽ ചെന്നതുനേരത്തിങ്ക-
ലന്നവിടത്തിലകംപൂകുവാൻ വശമില്ല.
മുഖ്യതവേണ്ടാകൊച്ചു കച്ചിലായൊരുസ്ഥലം[1]
സഖ്യതയായിക്കിട്ടായെന്നതും വന്നീടുമോ
എന്നുറച്ചവിടെനിന്നകന്നനേരം കണ്ടു
തന്നുടെ സ്നേഹിതനാം മുഖ്യനായൊരുദേഹം
ഇവന്നുപല വീടുമാടമാളികയുണ്ട്
അതിന്നുകൂലിവേണ്ട കിട്ടുമിന്നതിലൊന്ന്
അങ്ങനെനിരൂപിച്ചങ്ങടുത്തനേരമവൻ
പണ്ടൊരുനാളും കണ്ടിട്ടില്ലെന്നപോലെ മുഖം
കണ്ടതുനേരം മുഖ്യൻ മിണ്ടാതെമണ്ടിമാറി
കണ്ടകം[2] ചങ്കിൽ കുത്തുന്നെന്നതുപോലെ ദുഃഖം
നേരവുമകാലമായ് സൂര്യനും മറഞ്ഞയ്യോ!
നാരിയാം മമശ്രേഷ്ഠയവിടെ നിന്നീടുന്നു
കൂട്ടരുമില്ല വഴികാട്ടുവാനാരുമില്ല
കൂട്ടിനായ്ച്ചമച്ചുമാം സർവ്വേശാ, നിന്റെ ദയാൽ,
നിന്നുടെ മാതാവിനി, ന്നെന്നുടെ വശഹീനാൽ
മന്നിലെന്തെല്ലാം ദുഃഖംവരുമോ മേ, ദൈവമേ.
ഇപ്പൊഴുതെവിടെ ഞാനിരുത്തുന്നയ്യോ, നാഥാ
തല്പരമാതാവിവൾ വരവർണ്ണിനീ ശ്രേഷ്ഠാ,
ഇത്തെരുവതിൽ രാത്രൗയിരിക്കുന്നെന്നാകിലി-
തില്പരമതിലെന്തു ദുഃഖമേ, സർവ്വേശ്വരാ!
ഇക്ക്യപാകരിയാകുംനിന്നുടെ മാതാവിനെ
ഇക്ക്യമിയായയെന്നെയേല്പിച്ചോ, മമനാഥാ
നിന്നുടെ പുത്രനിപ്പോൾ തന്നുടെയുദരത്തിൽ
മിന്നുന്നചന്ദ്രൻ മേഘാലെന്നപോൽ മന്ദിക്കുന്നോ
ഇന്നുഞാനിതൊക്കെവേ നിനച്ചുനിന്നീടുകി-
ലിന്നുതന്നെയാകുമോ തൻതിരുസുതീദിനം?[3]
എന്തേറെക്ലേശിക്കുന്നു പോകണമിവിടെനി-
ന്നെന്തൊരുപായമുള്ളു? സർവ്വേശാ, കാട്ടീടണം.

1. കുച്ചിൽ = കൂനാപ്പുര 2. കണ്ടകം = മുള്ള് 3. സുതിദിനം = പ്രസവദിവസം

എന്നുടെ നഗരവും ഗോത്രവും ബന്ധുക്കളു-
മെന്നുള്ളൊരഹംമതിയൊക്കെയും ഫലംനാസ്തി
എങ്കിലും സർവ്വേശ്വരാ, നിന്നുടെ മാതൃവിവൾ
ചങ്കിലും വെണ്മയേറും നിർമ്മലമണിയല്ലോ.

എന്നയീശ്രേഷ്ഠതന്റെ മംഗലപാദങ്ങളെ-
യിന്നവൾമടക്കിയങ്ങിരിപ്പാൻ സ്ഥലമില്ലേ!
പന്ഥാവിൽനിന്നുവരും തന്നുടെ ബന്ധുക്കളെ
സന്ധിച്ചുപാലിക്കണമെന്നും നീ കല്പിച്ചല്ലീ?

എന്നുള്ള ഗുണംപോലുമിന്നവൾക്കാരും ചെയ്യാ-
യെന്നതുമമപാപമുന്നതമതുതന്നെ.
ഓഹോ, ഞാനിവിടത്തിലെന്തു പാർത്തുനില്ക്കുന്നു.
അഹഹാ, കഷ്ടം, നാഥാ, മാതാവെന്തൂഹിക്കുന്നോ!

ഇത്തെരുവതിൽപല ചാവടി[1] സ്ഥലങ്ങളും
നൽപ്പെരുവഴിപോക്കർ പാർപ്പാനുമിടമുണ്ട്
അസ്ഥലമെന്നാകിലുമൊന്നുഞാൻ സൂക്ഷിക്കട്ടെ,
ഇത്തലയ്ക്കുള്ളോരത്തലൊഴിപ്പാൻ വശമുണ്ടോ!

അങ്ങനെനിനച്ചവിടത്തിലും ചെന്നശേഷം
തിങ്ങുന്നജനത്തിനാൽ തിണ്ണയും നിറഞ്ഞുപോ-
യിങ്ങനെയുള്ളമഹാ ദുഃഖത്താൽ പുണ്യപിതാ
മംഗലഭാര്യാപക്കൽ പിന്തിരിഞ്ഞയ്യോ, ദുഃഖം.

എന്നുടെ പാപമിതോയിപ്പുരി നിർഭാഗ്യമോ
നിന്നുടെ തിരുവുള്ളമെന്തിതോ സർവ്വേശ്വരാ!
കാണികൾദുഷിക്കുന്ന ദൂഷികൾ മേഭാഗ്യമീ-
കനൃകുദുഃഖിക്കുന്ന കാരണമെന്തിതയ്യോ.

ഇരപ്പോർക്കുള്ളദാനം പരപ്പിൽസമുദ്രംപോ-
ലിരട്ടിച്ചുള്ള പാപംകെടുത്തും മമസഖേ-
യിങ്ങനെകണ്ടു ചൊല്ലി മറ്റൊരുത്തനോടപ്പോ-
ളങ്ങുന്നുമുൻവന്നെങ്കിൽ മേ ഭാഗ്യം വർദ്ധിച്ചേനെ-

യെന്നവൻഹാസ്യവാക്കു ചൊന്നതുകേട്ടു പുണ്യൻ
അന്നവൻ കൃതജ്ഞതചെയ്തെന്നു സ്മരിച്ചിടും.
അങ്ങനെദുഃഖാംബുധൗ മുങ്ങിനില്ക്കുന്നമദ്ധ്യേ
മന്നവൻനീതിക്കാരും കണ്ടവർകരംകെട്ടു,[2]

1. ചാവടി = സത്രം 2. കരംകെട്ടു = രാജഭോഗം കൊടുത്തു

രാജകല്പനയതും ഭേദമെന്നിയെതീർത്തു
നേരവുംരാത്രിപാതിയടുപ്പാൻ സമയമായ്
ചെന്നുതൻപുണ്യകന്യ തന്നുടെയരികത്തിൽ
ചൊന്നുതാൻമഹാദുഃഖാൽ കന്നിമാതാവെനോക്കി
നല്ലൊരു ജലംമേഘം തന്നിൽനിന്നിങ്ങുവീണു
വല്ലപങ്കമാംണ്ണിൽ കലർന്നങ്ങൊന്നിക്കുമ്പോൾ
നിർമ്മലം വെളുത്തുള്ള വെള്ളത്തിൻനിറംമാറ്റി
അമ്മലച്ചെളിയായിക്കലർന്നീടുന്നു ദൃഢം.
എന്നപോലടിയന്റെ കല്മഷഹേതുവാലെ
നന്ദനൻസർവ്വേശന്റെ മാതൃവേതവഖേദം
അമരാപുരിനാഥൻ കരുണനിമിത്തമായ്
നഗരമിതിൽവന്നു സ്വജനംത്യജിച്ചല്ലൊ.
മേൽഗണഭൃത്യന്മാരാൽ വന്ദിക്കപ്പെടുംനാഥൻ
മേഗുണവശഹീനാൽ ദുഃഖിപ്പാൻയുക്തനുമായ്,
പോകണംനഗരിയിൽ നമുക്കുസ്ഥലമില്ല,
പോരുമ്പോൾകണ്ടഗുഹയതിൽനാം തങ്ങീടണ-
മെന്നതുപുണ്യശ്രേഷ്ഠൻ ചൊന്നതുനേരംകന്യാ
നന്നിതെന്നുരചെയ്തു പുറപ്പെട്ടയ്യോ ദുഃഖം.
പൂർണ്ണഗർഭിണിയായ നാഥന്റെമാതാവിന്ന്
പൂർണ്ണമായിരിപ്പാനുമില്ലല്ലോയൊരുകേതം.[1]
രാജനാംദാവീദിന്റെ നഗരമിതല്ലയോ?
രാജഗോത്രക്കാരിവർ ദാവീദിൻപുത്രരല്ലേ!
രാജനായ്വാണീടുവാനുള്ളൊരു നാഥനല്ലേ!
രാജ്ഞിയാംത്രിലോകത്തിൻ നാഥയുമിവളല്ലേ!
അയ്യയ്യോനഗരമേ, യാരെനീയുപേക്ഷിച്ചു?
അയ്യത്തിന്നല്ലാതിനി നിനക്കുയോഗ്യമുണ്ടോ
തന്നെനീയുപേക്ഷിച്ചു തള്ളിനിൻപുറമതിൽ
തന്നാലേയുപേക്ഷിക്കപ്പെട്ടു നീയതുംതിട്ടം
മന്നമേയെത്ര, തന്നെപ്പാർത്തപേക്ഷിച്ചുവന്നു,
മന്നവർപ്രസിദ്ധരും ദീർഘദർശകന്മാരും
ഇന്നുനീയതൊക്കെവേ മറന്നുദുർഭാഗ്യയായ്
ഇനിനീയപേക്ഷിക്കും സാധ്യമില്ലയ്യോ, ദുഃഖം

1. കേതം = നികേതം, ഇരിപ്പിടം

മുഖ്യനാംപിതാവായ അവ്റാഹം തന്റെകേതം
മുഖ്യരെകൈക്കൊണ്ടതാൻ, എത്രയോസ്തുതിയോഗ്യം,
എന്നവരുടെനാഥൻ താൻതന്നെയെഴുന്നെള്ളി-
യിന്നവർതന്നെത്തള്ളിയെന്നതെത്രയോ ദുഃഖം

ഇങ്ങനെ മമതാതൻ നരമുഖ്യനാംശ്രേഷ്ഠൻ
തിങ്ങിനദുഃഖത്തോടെ പുറപ്പെട്ടയ്യോ, ഖേദാൽ
അയ്യയ്യോയവരെഞാനെന്തിന്നു വിധിക്കുന്നു!
ഐന്ദ്രിയസ്നേഹവശാലടിയനുമതേ ചെയ്തു.

എന്നുടെനാഥൻ കുഞ്ഞിപ്പൈതലാമമ്മാനുവേൽ
തന്നുടെ വാസത്തിന്നായെൻമനമിച്ഛിച്ചല്ലൊ.
ദുഷ്ടനാമടിയന്റെയിഷ്ടമീലോകേവച്ചു
ശിഷ്ടനാംതന്നെ ഞാനുമകറ്റിയയ്യോ ദുഃഖം

എന്നുടെയാത്മാവിനെ തന്നുടെരുധിരത്താൽ
മുന്നമേസ്നാനംകൊണ്ടു ചെയ്തതിൽഞാനും മഹാ-
സന്തോഷാലെഴുന്നെള്ളി വസിപ്പാനിച്ഛിച്ചല്ലൊ
ബന്ധുവായ്ച്ചമച്ച ഞാൻ അന്തകപ്പിശാചിനെ

എത്രയോകഷ്ടമയ്യോ മേപാപമോർക്കുംവിധൗ
ശത്രുവായ്ചമച്ചഞാൻ മേപിതൃസർവ്വേശനെ
എന്നതുനിനയ്ക്കുമ്പോളിന്നവർ ചെയ്തകുറ്റ-
മെന്നതിൽമഹാകഷ്ടമെന്നുടെ നന്ദിഹീനം

മേപ്രിയതാതൻനീയേ, യോർത്തുനിൻദാസനെന്നെ
ചേർത്തുനിൻസുതൻപക്കലണച്ചീടണമെന്നെ
നിന്നുടെ സ്നേഹപത്നിതന്നുടെയപേക്ഷയാ-
ലെന്നുടെ പൈതൽക്കൃതിയൊക്കെയും[1] പോക്കീടണം

മാതാവേ, മമനാഥേ, ദാസനെയോർത്തീടണം
ത്രാതാവുതവരത്നമെത്രയോ നിന്നെസ്നേഹം
മുന്നമേനിന്റെ ദാസനിപ്പോഴുമിനിയെന്നും
മന്നിൽനിന്നകന്നിടും നേരത്തിൽവിശേഷമാ-

യെന്നെനീയോർത്തുനിന്റെ പുത്രനോടപേക്ഷിച്ചു
നല്ലൊരുമൃത്യുതന്നു രക്ഷിക്കുമമതായേ,
നിന്നുടെ തിരുമുമ്പിലെന്നുടെ ദേഹംദേഹി-
യിന്നിതാകാഴ്ചവച്ചു നിന്നെഞാനേല്പിക്കുന്നേൻ.

തരണമടിയന്നു ശരണംനിന്നാൽതന്നെ-
യിതിനാൽദ്വേഷ്യാമ്യഹം സകലപാപം ത്വയാ.

---

1. പൈതൽക്കൃതി = ബാല്യകാലത്തെ (അറിവില്ലാത്ത കാലത്തെ) പാപപ്രവൃത്തികൾ

അഞ്ച്

വിശുദ്ധ മറിയവും യൗസേഫ് പിതാവും പശുത്തൊഴുത്തിലെത്തി ഏറെ വൈകാതെ ഉണ്ണിയീശോ പിറക്കുന്നു. വാനവഗണത്തിന്റെ സ്വർഗ്ഗീയ കീർത്തനങ്ങൾ തിരുപ്പിറവിക്കു സ്വാഗതമോതുന്നു. ആട്ടിടയന്മാർ ഈ സന്തോഷവാർത്ത അറിയുന്നു. ദൈവദൂതഗണത്തോടൊപ്പം കവിയും മറിയം യൗസേഫുമാർക്കു സ്തുതിപാടുന്നു. യൗസേഫ് പിതാവ് ഉണ്ണിയേശുവിനെ സ്വകരങ്ങളളിൽ എടുത്തു ലാളിക്കുന്നതു മനക്കണ്ണാൽ കാണുന്ന കവിയുടെ ഹൃദയഹർഷം യേശുനാമത്തിനുള്ള സ്തോത്രമായി ഒഴുകുന്നു.

വൃത്തം: കേക

അഗ്നിക്കായ് വെട്ടപ്പെടും വൃക്ഷശാഖകൾ തന്നെ
ഭഗ്നകന്മാർക്കു[1] തണൽകൊടുക്കും പത്രങ്ങളാൽ
അന്നപാനവും തേനും പാലാദിപാനങ്ങളും
പന്നഗം[2] കൈപ്പിച്ചീടും[3] തന്നുടെ വിഷത്തിനാൽ 4

എന്നപോൽ നരശ്രേഷ്ഠരാകുന്ന പുണ്യന്മാരെ
ഇന്നവർ ദ്വേഷിച്ചതും സ്മരിച്ചീടാതെ കണ്ടു
പരമദേവൻ പൈതൽ ദുരിതമിച്ഛിച്ചത്രെ
പരരായ്നമുക്കിവരെന്നോർത്തു തോഷിച്ചവർ. 8

താമസിരാത്രൗ അവർ പുറപ്പെട്ടതുനേരം
തമിസ്രം[4] മീക്കിരശ്മ്യാൽ സഹസ്രദൈവദൂതർ
ചെന്നവർ ഗോഷ്ഠാന[5]ത്തിൽ പുക്കതുനേരമുടൻ
മന്ദിരം സ്വർഗ്ഗപുരിയെന്നപോൽ പ്രകാശിച്ചു. 12

സൂര്യാട സോമൻപാദേ ഋഷമകുടധാരി
വീര്യവാൻ ഭർത്താവിനെ സൂക്ഷിച്ചു, ചൊന്നോളപ്പോൾ

---

1. ഭഗ്നകന്മാർ = നശിപ്പിക്കുന്നവർ (വെട്ടുന്നവർ) 2. പന്നഗം = പാമ്പ് 3. കൈപ്പിച്ചീടും = കയ്പുരസമുള്ളതാക്കും 4. തമിസ്രം = ഇരുട്ട് 5. ഗോഷ്ഠാനം = കാലിത്തൊഴുത്ത്

"രാത്രിയുമകാലമായ്, ഗാത്രവും ബഹുക്ഷീണം
നേത്രമെങ്കിലുമടച്ചീടണമിനി ഭവാൻ."

എന്നതുകേട്ടു പുണ്യൻ മാറിയങ്ങൊരുസ്ഥലേ
മന്ദത്തിന്നായത്തമായ് സ്തുതിച്ചു സർവ്വേശനെ
വന്നൊരു ദുഃഖമൊക്കെ മറന്നെന്നതുപോലെ
ഖിന്നമൊക്കെയും[1] പോയി തെളിഞ്ഞു തന്റെ ചിത്തം.

സന്തോഷപ്പെരുപ്പത്തിൽ സംഗതി തിരിയാതെ
സലിലം വാർത്തു കൺകൾ നദിയെന്നതുപോലെ
അത്തെളിവോടെ സർവ്വനാഥനെ പാർത്തുകൊണ്ടു
ഉൾക്കരുന്നലിഞ്ഞുള്ള ജപത്തെ കാഴ്ചവച്ചു.

സർവ്വേശാ, പരാപരാ സർവ്വമംഗലനിധേ
സർവ്വരക്ഷയ്ക്കായ് തന്ന നിന്നുടെ പുത്രൻതന്നെ
മേഘത്തിൻ മറനീങ്ങിശോഭിക്കും സൂര്യൻപോലെ
മേപ്രിയകന്നി തന്റെ ഉദരത്തിര[2] നീക്കി
മേദിനിയിതിൽകണ്ടു വന്ദിപ്പാനരുളണം
ദാഹത്തെ തീർത്തിടുവാൻ വേഗത്തിൽ കാട്ടേണമേ.

ഇങ്ങനെ പുണ്യശ്രേഷ്ഠൻ പുറത്തുപ്രാർത്ഥിക്കുമ്പോൾ
മംഗലജനനീതാനുള്ളതിൽ[3] പൂക്കുഭക്ത്യാ
മേലാടയഴിച്ചുടൻ വിരിച്ചുധരയതിൽ
മേല്പെട്ട ധ്യാനത്തിന്നായ്ക്കോപ്പിട്ടു പുണ്യമാതൃ.

അന്നേരമുദരത്തിൽ തന്നുടെ തിരുപ്രജാ
സുന്ദരൻ കുമാരന്റെയിളക്കമറിഞ്ഞുതാൻ
പൂർവ്വപാപത്തിൻ നിഴൽ തീണ്ടാത്ത കന്യാമണി
പൂർവ്വശാപത്തിൻ സൂതിവേദനയണുകാതെ[4]

മുമ്പൊരുനാളും കാണാതുള്ളൊരു പൂർണ്ണാനന്ദം
അമ്പൊട്ടു തിരുഹൃദി നിറഞ്ഞു കവിഞ്ഞുടൻ
മേല്പോട്ടു നയനങ്ങളുയർത്തി പിതാവിങ്കൽ
കീഴ്പ്പെട്ട എളിമയാൽ പ്രാർത്ഥിച്ചങ്ങുണർത്തിച്ചു.

കരുണക്കടലായ പിതാവെ, നിന്റെ റൂഹാ
കരുണനാഥൻ തന്റെ കനിവാൽ മമോദരേ
ജനിച്ച മണിക്കുംഭമാകിയ തിരുപ്പുത്രൻ
ജനക്കൺ[5] പ്രത്യക്ഷമായ് തരണം മമകയ്യിൽ.

എന്നപേക്ഷിച്ചു സർവ്വനാഥനെ വന്ദിച്ചുടൻ
നന്ദനൻ തിരുപ്പുത്രൻ കണ്ടുതൻ പുരോഭാഗേ

1. ഖിന്നം = ദുഃഖം 2. ഉദരത്തിര = വയറാകുന്ന മറ 3. ഉള്ളതിൽ = അകത്തെ മുറിയിൽ 4. സൂതിവേദന = പ്രസവവേദന 5. ജനക്കൺ = ജനങ്ങളുടെ കണ്ണിന്

സൂര്യാഭപളുങ്കിനെ കടക്കുമെന്നപോലെ
നാര്യാര്യകന്നിക്ഷയം[1] വരാതെ പെറ്റുശുഭം
മദ്ധ്യരാത്രിയാം നേരം മാർത്താണ്ഡദേവപ്രഭ
മദ്ധ്യാഹ്നനേരംപോലെ പെയ്തുടൻ തൊഴുത്തതിൽ
അപ്പൊഴുതാകാശത്തിലെത്രയും മഹാഘോഷാൽ
മുച്ചുടരിനേക്കാളും[2] ശോഭിച്ചു വിളങ്ങീട്ട്,
ദ്യോവിൽനിന്നിറങ്ങുന്നു വാനവർ മഹാകൂട്ടം
നാവിനാൽ സ്തുതിക്കുന്നു പാടുന്നു ഗാനഗീതം
"ഉയരങ്ങളിൽ സ്തുതി കൂടസ്ഥൻ സർവ്വേശന്
ഉന്നതമഹത്വവും ഭൂതലേ മനുഷ്യർക്ക്.
നല്ലൊരു ശരണവും തെളിവും സമാധാനം
വല്ലഭൻ സർവ്വേശന്നു കൂടസ്ഥ സ്തുതിജയ"
ഇങ്ങനെ കാണപ്പെട്ടു സ്തുതിച്ചോരനന്തരം
അങ്ങവരിടയർക്കു കാണപ്പെട്ടറിയിച്ചു.
ധാത്രിയൊക്കെയും ശ്രുത്വം[3] തെളിവിനുള്ള വാർത്ത
ഗോത്രഗോപാലന്മാരെ കേട്ടുകൊൾ മഹാഭാഗ്യം
രക്ഷാനാഥനാം ബാലൻ പിറന്നു നിങ്ങൾക്കിപ്പോൾ
ഇക്ഷണെപോവിൻ വെസ്ലേം തന്നെ വന്ദിപ്പാനായി.
വാനിലും പുരത്തിലും കോവിലിൻ പുരത്തിലും
വാനവരാടിപ്പാടി പുഷ്പവൃഷ്ടിയും ചെയ്തു
മുഖ്യനാം മിഖായെലു മാഖ്യനാം[4] ഗൗറിയേലും
മുഖ്യനാഥനാം കുഞ്ഞിപ്പൈതലെ വന്ദിച്ചുടൻ
ഇരുപേർ കരങ്ങളിലാദരാലെടുത്തു തൻ-
തിരുമാതാവിൻ കയ്യിലണച്ചു സ്വപുത്രനെ
പ്രസൂനം വാട്ടംവിനാ സുഗന്ധപ്രകാശവൽ
പ്രസു[5] കന്യാത്വം വിടാതീറ്റുനോവറിയാതെ[6]
പെറ്റൊരു മാതൃതന്റെ പുത്രനെ കയ്യിൽ വാങ്ങി
കൊറ്റവർക്കധിപനാം[7] പുത്രനെ വന്ദിച്ചമ്മ.
അന്നേരം കുഞ്ഞിപ്പൈതൽ നയനം തുറന്നുതൻ
സുന്ദരമുഖിയായ അമ്മയെ തൃക്കൺപാർത്തു.
അൻപേറും മമ തായേ, എന്നെ നീ നോക്കിക്കൊണ്ടു
പിൻപിനാൽ നടന്നുമേയമ്മയായ് കാട്ടീടുക

1. നാര്യാര്യ = നാരി + ആര്യ (ശ്രേഷ്ഠയായ നാരി) 2. ചുടർ = സൂര്യൻ 3. ശ്രുത്വം = കേട്ടിട്ട് 4. ആഖ്യൻ = പേരുള്ളവൻ (പ്രധാനി) 5. പ്രസു = അമ്മ 6. ഈറ്റുനോവ് = പ്രസവവേദന 7. കൊറ്റവർ = രാജാക്കന്മാർ.

എന്നുള്ള തിരുവാക്യമുള്ളതിലരുൾ ചെയ്തു[1]
നന്ദിയിൽ ചിഹ്നമാ പുഞ്ചിരികാട്ടി നാഥൻ

അപ്പൊഴുതമ്മ തന്റെ സൃഷ്ടിതാവെന്നുറച്ചു
ശില്പമായ് പൈതൽ തന്റെ തൃപ്പാദേമുത്തി ഭക്ത്യാൽ
തന്നുടെ രക്ഷാനാഥൻ രാജരാജനെന്നുള്ള
ചിഹ്നമായ് തൃക്കൈകളും മുത്തിതൻ മഹാസ്നേഹാൽ

എത്രയുമിച്ഛിച്ചുള്ള തനുജൻ പ്രിയസുതൻ
ചിത്രകൗതുകത്തോടെ മുത്തിതൻ കവിളതിൽ
എന്നതിൻശേഷം തന്റെ മാറതിലണച്ചുടൻ
നന്ദിയാലൂട്ടി തന്റെ നിർമ്മല മുലപ്പാലും.

മാതൃവിന്നാശയൊക്കെ തീർത്തിടും മമസുതാ
ഭൂമിയിൽ നീ തേടീടും താപത്തിലതിതാപം
ഭൂമിമാനുഷർ നിന്നെയൂട്ടീ[2]ടുമെന്നാകിലും
ഭൂമിയിൽ പാപംപോക്കും വരുത്തും ശുഭമല്ലോ.

എന്നതു മാതൃചൊന്ന നേരത്തു കുഞ്ഞിപ്പൈതൽ
പുഞ്ചിരികാട്ടി നീട്ടി സുന്ദരകരങ്ങളെ
കന്യകയപ്പോൾ തന്റെ ചങ്കിനു ചേർത്തുകൊണ്ട്
കാർത്തിക പുഷ്പസമം കൈകളാൽ തഴുകിനാൾ

പരമസുതൻ തന്റെ പിറവി പ്രകാശവും
പരലോകരാലുള്ള സ്തുതികൾ സമസ്തവും
നരശ്രേഷ്ഠനാം പിതായൗസേപ്പു ധ്യാനത്തിനാൽ
വരസന്തോഷത്തൊടു കാണുന്നുവെന്നാകിലും

പരമധ്യാനവൃത്തി ശയനനിദ്രയ്ക്കായി
കഴിക്കുംനേരമതിൽ തദനുവാദംവിനാ
വരവർണ്ണനീ ശ്രേഷ്ഠതന്നുടെ തിരുമുമ്പിൽ
തരണംചെയ്വാൻ[3] ന്യായം തോന്നായ്കനിമിത്തമായ്

സകലജ്ഞനാം പൈതൽ ഉദയം ചെയ്തെന്നതും
തരളഭൂമിക്കുള്ള ശോഭയും പ്രകാശവും
മഹിമസ്തുതികളും സമ്മോദം പാർത്തെന്നാലും
എളിമനിമിത്തമായ് പ്രവേശിച്ചില്ല പുണ്യൻ

ഭർത്താവിൻ സ്വഭാവത്തെ ഗ്രഹിച്ചീടുന്ന കന്യാ
പാർത്തുകൊൾ ദേവസുതൻ നമുക്കു പ്രത്യക്ഷമായ്
എന്നരുൾചെയ്ത നേരം പുണ്യശ്രേഷ്ഠനും മോദാൽ
സുന്ദരിമാതൃ തന്റെ സന്നിധൗ എഴുന്നെള്ളി

1. ഉള്ളതിൽ = മനസ്സിൽ 2. ഊട്ടിട്ടും = അനുഭവിപ്പിക്കും 3. തരണം ചെയ്യുക = കടക്കുക (പ്രവേശിക്കുക)

സൂര്യാഭ വിളങ്ങുന്ന താമരക്കരങ്ങളിൽ
വീര്യവാൻ തിരുസ്സ്തുതം മോദത്താൽ തൃക്കൺപാർത്തു
ധരണീനാഥൻ കുഞ്ഞിപ്പൈതലിൻ തിരുമുൻപിൽ
ധരയിൽചെന്നുവീണു സാഷ്ടാംഗം ചെയ്തു പുണ്യൻ

കന്യകാമണിരത്നം തൻ തിരുക്കുമാരനെ
കനിവാൽ ഭർത്താവിന്റെ കരത്തിൽ നീട്ടിച്ചൊല്ലി
'കൈക്കൊൾക മുത്തീടുക നിന്നുടെയിഷ്ടം നാഥാ
കൈയേൽക്ക ദുഃഖം യഥാസുഖവും തഥാമയാ'

കേട്ടുടൻ പുണ്യൻ മഹാ താഴ്മയായ് യോഗ്യഹീനം
കാട്ടിയെങ്കിലും കേട്ടു നീട്ടിതൻ കരങ്ങളും
സുതനാമുണ്ണിപ്പൈതൽ ശിശുബാഹുക്കൾ നീട്ടി
സ്വതനുത്രാതതാതൻ[1] കൈകളിലെഴുന്നെള്ളി

സൂര്യനെ സൂക്ഷിച്ചൊരു താമരപുഷ്പംപോലെ
സൂരിനാഥനാം പൈതൽപാദത്തെ മുത്തംചെയ്തു
ഏറ്റിതൻ[2] ചെന്നിയതിൽ[3] കമല തിരുപ്പാദം
ഏറ്റവും സ്നേഹത്താലെ സുന്ദരകരങ്ങളും

താതൻ താൻ തനയനുമെന്നപോൽ നാഥനുണ്ണി
തൻ തിരുച്ചുണ്ടുകളാൽ പുഞ്ചിരികാട്ടിമോദാൽ
കണ്ടൊരു പിതാവുടൻ സന്തോഷത്തിനാലശ്രു
രണ്ടു കണ്ണുകൾ നിറഞ്ഞൊഴുകി നദിയഥാ

ബ്രഹ്മചാരി വത്സലൻ ധർമ്മഗാമി സ്നേഹിതൻ
ബ്രഹ്മചാരി ശ്രേഷ്ടനാം തന്നുടെ പത്നീരത്നം
കന്നിഹീനത്വം വിനാ ഗർഭധാരിണിയായി
കന്യാത്വക്ഷയം വിനാ പെറ്റുതാൻ ദൈവസുതം

ദൈവദൂത മുഖ്യരാം വാനവർ നമസ്കൃത്യാ
ദൈവമാതരം തഥാഭർത്താരം വാഴ്ത്തി നിന്നാർ
നായക, സർവ്വേശ്വരാ, നരരക്ഷക നാഥാ
നയനാൽ പാർത്തീടണം പാപിയാമടിയനെ

നിഖിലപതി നീയെ, നിഷ്ക്കളങ്കൻ നിർമ്മലൻ
നിർഗ്ഗുണ പാപിയഹം ദുർബലൻ തവദാസൻ
നിന്നുടെ മഹത്വവും സകല ഗുണങ്ങളും
ഇന്നു ഞാൻ നിനയ്ക്കുമ്പോൾ ക്ലേശിച്ചു ദുഃഖിക്കുന്നേൻ.

എന്നുടെ പിതാവു നീ സൃഷ്ടനാഥനും നീയെ
നിന്നുടെ സ്നേഹഗുണമാറ്റമല്ലെന്നു സിദ്ധം

1. സ്വതനുത്രാത താതൻ = തന്റെ ശരീരം രക്ഷിക്കുന്ന പിതാവ് (വളർത്തുപിതാവ്) 2. ഏറ്റി = കയറ്റി (ഉയർത്തിപ്പിടിച്ചു) 3. ചെന്നിത്തടം = നെറ്റി

എങ്കിലും മമ പാപം നിനച്ചീടുമ്പോളയ്യോ
എങ്ങനെ തിരുമുൻപിലണഞ്ഞിടുന്നിതഹം?

പാർക്കുവാൻ യോഗ്യനല്ല സൂക്ഷിപ്പാൻ വശമില്ല
പേർത്തു ഞാനെവിടത്തിൽപോകുന്നു, ദയാനിധേ
നിന്നുടെ തിരുമേനി സുന്ദരതിരുമുഖം
മിന്നുന്ന നയനങ്ങൾ ശോഭിത തിരുനാസി

ചുവന്നോരധരങ്ങൾ ശംഖുവൽദന്തങ്ങളും
ചുണ്ടിൽനിന്നൊഴുകുന്ന തേൻതുള്ളി സ്വരങ്ങളും
പാർക്കുവാൻ കൊതിക്കുന്നു കേൾക്കുവാനാശിക്കുന്നു
പാർത്തു സൂക്ഷിപ്പാൻ നേത്രം യോഗ്യമല്ലയ്യോ നാഥാ!

സ്നേഹാഗ്നി നീയെന്നതും നിന്നുടെ ദയാനിധി
ദാഹിച്ചു കൊതിക്കുന്നേൻ മേപാപം തടവിതോ!
എങ്കിലും സർവ്വേശ്വരാ നിന്നുടെ തിരുക്കൺകൾ
ശങ്കയേ നീക്കീടുന്നു എന്നു ഞാൻ സ്മരിക്കുന്നു

ശോഭിത തിരുമുഖം നോക്കുന്ന നേരത്തുങ്കൽ
താപത്തിന്നല്ല സ്നേഹം ശോഭിച്ചു വിളങ്ങുന്നു
ശിക്ഷിപ്പാനല്ല ചക്ഷുസ്സതിനെ പാർക്കുന്നപ്പോൾ
രക്ഷിപ്പാൻ വന്നേനെന്നു കാട്ടുന്നു കടാക്ഷത്താൽ

നീട്ടുന്ന കൃഷ്ണബാഹുനോക്കുന്ന നേരത്തിങ്കൽ
കാട്ടുന്നു വാഴ്വുമോദാൽ തഴുകുവാനുമിച്ഛ
കമല തിരുപ്പാദം കാണുന്ന നേരത്തുങ്കൽ
സകല പാപികളെ തേടുവനോടുംവണ്ണം

എന്നിതൊക്കെയും ദാസൻ പാർക്കുന്ന നേരത്തുങ്കൽ
നന്ദിഹീനനെന്നാലും ചേതസി തണുക്കുന്നു
പൊയ്പോയോരജ്ഞത്തിനെ തേടുവാൻ വന്നനീയെ
കൈക്കൊണ്ടു രക്ഷിക്കണം ഞാനുമിന്നതിലൊന്ന്

എന്നുടെ പൈതൽപ്രായേ നിന്നിൽനിന്നകന്നു ഞാൻ
ഇന്നു നിൻതിരുമുൻപിൽ ശരണം പ്രാപിക്കുന്നു
നിന്നുടെ തിരുക്കരം നീട്ടിനിൻതിരുവാഴ്വു
തന്നീടേണമേ, മമ, പാപവും പോക്കീടേണം

പാർക്കണമടിയെൻ മേൽ തീർക്കണം മമ ക്ലേശം
കാക്കണമെന്നെയും നീ ചേർക്കണം തിരുമുൻപിൽ
നിന്നുടെ പിതാമഹൻ ദാവീദു പുണ്യശ്രേഷ്ഠൻ
മന്നവൻ തിരുവാക്യം ഇന്നു ഞാൻ ചൊന്നീടുന്നു
ശിശുകാലത്തിൻ മമ കൃതി നീ ഓർത്തീടാതെ
ശിശുനിൻ കടാക്ഷത്താൽ ശമനം വരുത്തണം.

1. തടവിതോ = തടസ്സുമാണോ

ആറ്

തിരുവവതാരം തൊട്ട് ഛേദനാചാരം വരെയുള്ള ക്രിസ്തുപർവ്വത്തിന്റെ അനുയാത്രയാണ് ഈ പാദം. ശാന്തിയെന്ന ഇടയസ്ത്രീയുമായുള്ള വിശുദ്ധ മറിയത്തിന്റെ സങ്കല്പസംവാദവും കവി ഇവിടെ സമൃക്കായി നിബന്ധിച്ചിരിക്കുന്നു. അക്കൂട്ടത്തിൽ തന്നെ മിശിഹായുടെ രണ്ടാംവരവും ലോകാവസാനവും അന്ത്യന്യായവിധിയും വിചാരധാരയിൽ കവിയുടെ പ്രാർത്ഥനാസമമായ ആത്മരോദനത്തിൽ ഉൾച്ചേരുന്നു.

വൃത്തം: കേക

വാനത്തിൽ ബഹുവിധശോഭയും ഘോഷങ്ങളും
വാനവർ പാടും സ്തുതിഗീതവും സ്വരങ്ങളും
കേട്ടവരടിയരും ആടുകൾ കാക്കുന്നോരും
കേട്ടൊരു സ്വരത്തിനെ സൂക്ഷിച്ചു പാർക്കുംവിധൗ

ഉയരങ്ങളിൽ സ്തുതിധരണി മർത്യജനം
ഉയർന്നു സമാധാനം സന്തോഷം തൃപ്തിശുഭം
ധരിത്രീ രക്ഷാർത്ഥമായ് സർവ്വേശസുതനിതാ
ധരവേസലേമതിൽ പിറന്നുനരനായി

വേഗത്തിൽപോയിതന്നെ കുമ്പിട്ടാരാധിക്കുവിൻ
വേസര വൃഷഭങ്ങൾക്കിടയിൽ കണ്ടീടുമേ
എന്നുള്ള പാട്ടിൻധ്വനി കേട്ടതിനോടുകൂടെ
സുന്ദരമുഖവാന്മാർ ദേവസേവികൾകൂട്ടം.

കാണപ്പെട്ടവരുടെ ശോഭയും സ്തുതികളും
ത്രാണത്തിൻ നാഥൻ[1] തന്റെ പിറവിവൃത്താന്തവും
ഗ്രഹിച്ചു ഗോപാലന്മാരത്രയും ശീഘ്രത്തോടെ
നരപാലനാം പൈതൽ തന്നുടെ ചാരേചെന്നു.

1. ത്രാണത്തിൻ നാഥൻ = രക്ഷകൻ

പാർത്തവർ കുമ്പിട്ടുടൻ കേട്ടവർ വൃത്താന്തങ്ങൾ
പേർത്തവർ കൂട്ടത്തോടും ചാർച്ചക്കാരോടുംചൊല്ലി
കേട്ടൊരു ഗോപാലന്മാർ കൂട്ടമായോരോരുത്തർ
ശ്രേഷ്ഠപാലനാം പൈതലുണ്ണിയെ കാണ്മാൻ വന്നു.

ബാലരും വൃദ്ധന്മാരും ശിശുക്കൾ ശക്തന്മാരും
ബാലനുണ്ണിയെ കാണ്മാൻ വൃദ്ധാദിവധൂക്കളും
അജകുട്ടിയും ചിലർ ക്ഷീരാദിപാനങ്ങളും
അജപാലനാം പൈതലുണ്ണിക്കു കാഴ്ചവയ്പാൻ

വൃക്ഷസ്യഫലം ചിലർ പുഷ്പമാലകൾ ചിലർ
പക്ഷിക്കുഞ്ഞുങ്ങൾ ചില കൊച്ചുപൈതങ്ങൾ മോദാൽ
ഇപ്രകാരമുള്ളോരോ കാഴ്ചകൾ വച്ചുംകൊണ്ടു
തൽപ്രഭാകരനുണ്ണിപ്പൈതലെ വന്ദിക്കുന്നു.

ബ്രഹ്മചാരിണിമാരാം സുന്ദരാംഗികൾ, ബാലർ
ബ്രഹ്മനാഥന്റെ പാദേ മാലകൾ ചൂടീടുന്നു.
മാതൃതൻ കരങ്ങളിൽ വാണരുളുന്ന സുതൻ
മൃദുവാം കരങ്ങളാൽ വാഴുവെ നൽകീടുന്നു.

ആമ്പൽപ്പൂവതിൻമീതെ താമരപൂവെച്ചപോൽ
അംബുധിതാരനാഥ തൻകരേ സുതൻനാഥൻ
താമരമെത്തതന്മേൽ അന്നക്കുഞ്ഞതിൻവണ്ണം
താരസമുദ്ര[1]കൈയിൽ നിദ്രയും മനോഹരം

അന്നൊരുവൃദ്ധ-ശാന്തിയെന്നുള്ളൊരിടച്ചിയും
സുന്ദരീ മാതൃചാരെ ചെന്നുകണ്ടുണർത്തിച്ചു
നന്ദനൻ നിന്റെ സുതൻ സകലേശ്വരൻ സ്ഥിതം
ഇങ്ങനെ ദുഃഖാർത്തനായ് വന്നതെന്തയ്യോ നാഥേ.

മന്നവർക്കധിപൻ താൻ കൂട്ടസ്ഥപിതാപുത്രൻ[2]
മന്നിലിങ്ങിത്ര മഹാ നിർദ്ധനനായതെന്തേ?
മുഖ്യസേനകളായ വാനവർ ശക്തിശ്രേഷ്ഠൻ
സംഖ്യയില്ലാതെ തന്റെ മന്ദിരേയിരിക്കുന്നു.

എന്നൊരു പിതാദേവൻ തന്നുടെ തിരുപ്പുത്രൻ
ഇന്നൊരു തുണയില്ലാതെന്തിതോ, മഹാദുഃഖം
സോമപാദിനി[3] താരമകുടമണി[4] ശ്രേഷ്ഠ
സേനനായകീ മാതാവീവണ്ണമരുൾചെയ്തു.

---

1. താരസമുദ്ര = സമുദ്രതാരയെന്നുള്ള കന്യകാമാതാവിന്റെ പര്യായം ഇവിടെ ഓർമ്മിക്കുക 2. കൂടസ്ഥപിതാ = ഉന്നതനായ (പരമ) പിതാവ് 3. സോമപാദിനി = ചന്ദ്രനെ പാദപീഠമാക്കിയവൾ 4. താരമകുടമണി = നക്ഷത്രത്തെ ചൂഡാരത്നമാക്കിയവൾ.

"തന്നുടെ ശക്തിവശാൽ സാധിപ്പാൻ വശമില്ലാ-
യെന്നുള്ള നൃപന്മാർക്കു സേനസേവകൾ ദൃഢം
തന്നാൽ താൻ വശഹീനരായീടും നരന്മാർക്കു
തന്നുടെ ദൂതന്മാരാൽ കാര്യസാദ്ധ്യവും ശുഭം.

സ്വയംഭൂ സർവ്വേശ്വരൻ സകലസൃഷ്ടിസ്ഥിതി
സ്വമനശ്ശക്തിവശാൽ സകലം സാദ്ധ്യംക്ഷണം
എന്തോന്നു തനിക്കിഷ്ടമെന്നതൊക്കെയുമുടൻ
താൻ തന്റെ ചിത്താൽ സാദ്ധ്യം വേറൊരു ദൂതൻവേണ്ട.

എന്നുതന്നെയുമല്ല, തന്റെ നീതിയെ പാർപ്പാൻ
മുന്നമേ കലിയുഗം തന്നിലങ്ങറിയിച്ചു
പിന്നെയും മന്നിൽ നരർ കാമമോഹാഗ്നിവശാൽ
തന്നെ നിന്ദിച്ച ഹേതുവഗ്നിയാൽ ദഹിപ്പിച്ചു.

എന്നതിൻ വണ്ണമുള്ള നീതികൾ മുന്നംകാട്ടി
ഇന്നുതൻ ദയാശോഭ കാട്ടുവാനെഴുന്നെള്ളി
നഷ്ടമായ് നരജനം പാപത്താൽ നശിപ്പിച്ച
ശിഷ്ടഭാഗ്യത്തെ തരീപ്പിപ്പതിനെഴുന്നെള്ളി

തനയന്മാർക്കു വന്നവിനാശം തീർപ്പാൻതാതൻ
തനിയേയെഴുന്നെള്ളി സകലം ക്ഷമിപ്പാനായ്"
ചൊന്നതുകേട്ടു ശാന്തി പിന്നെയുമുണർത്തിച്ചു
ഇന്നുമേ മനമതിൽ കുത്തുന്ന മറ്റൊന്നുണ്ട്

എന്നുടെ സംശയത്തെത്തീർക്കുവാൻ ദയാനാഥേ
നിന്നുടെ സുതാസ്നേഹാലിന്നതും ചൊന്നീടേണം
സർവ്വേശസുതൻ ലോകരക്ഷകൻ വരുന്നേരം
സർവ്വലോകവും തന്നെ ശങ്കിക്കും ഭേദംവിനാ

മന്നവർക്കധിപനാം മന്നവൻ ദൈവസുതൻ
തന്നുടെ തിരുമുൻപിൽ വിറയ്ക്കും ധരിത്രിയും
എന്നുള്ള വേദവാക്യം സത്യമെന്നതുമുന്നം
എന്നുടെ പിതൃക്കളാൽ കേട്ടു ഞാൻ നാരിമണേ.

നേരുനിൻ വചനവും കേൾക്കണമെന്നാലിതും
നേരയിവരവു രണ്ടുണ്ടിയാൾക്കിഹലോകെ
മുൻപിനാൽ നരകുലം രക്ഷിപ്പാനെഴുന്നെള്ളും
വൻപിനാൽ ശിക്ഷാരക്ഷാനീതിക്കായ് രണ്ടാമതും

ഇപ്പൊഴുതവൻ തന്റെ ദയയെ പ്രകാശിപ്പി
ച്ചല്പരാം നരകുല രക്ഷയ്ക്കായെഴുന്നെള്ളി

തന്നുടെ ക്ഷമാകേൾവി[1] പൂട്ടി രണ്ടേരായിട്ടു[2]
മിന്നുന്ന തിരുദേഹേ ഉഴുതുരക്തംവാർത്തും

ദയാകാരുണ്യമെന്ന വിത്തുകൾ വിതച്ചിട്ടു
യഥായോഗ്യങ്ങൾപോലെ വെള്ളമാംവരം നൽകും
ഇങ്ങനെ വളർന്നങ്ങു ഫലിക്കും ധാന്യങ്ങളെ
ഭംഗിയായ്ച്ചേർത്തു തന്റെ മക്കളെപ്പോഷിപ്പിക്കും

ഇന്നിതു താൻ കാട്ടാതെ മാനുഷജനം നമ്മൾ
നിന്ദയും ദാരിദ്ര്യാദിദുഃഖവും ക്ഷമിക്കേണം
എന്നുതാൻ കല്പിക്കുകിൽ കേൾക്കുന്ന ജനമേത്
നല്ലൊരുപഴം കയ്യിലെടുത്തുകാട്ടിക്കൊണ്ടു

എല്ലാരും സൂക്ഷിക്കണം നഞ്ചിതു[3] കയ്ക്കും ദൃഢം
തിന്നുന്ന മനുഷ്യനുമപ്പഴെ ചത്തുവീഴും
എന്നവൻ ചൊല്ലിക്കൊണ്ടു താനതു ഭക്ഷിക്കുകിൽ
ചൊല്ലിയ സത്യം നേരെന്നുറയ്ക്കുന്നവനുണ്ടോ?

എന്നപോലല്ല നാഥൻ, തന്നുടെ തിരുദേഹാൽ
ഇന്നിതൊക്കെയും ക്ഷമിച്ചീടുവാനെഴുന്നെള്ളി
തന്നുടെ നീതിശക്തി മുഷ്ക്കരം കാട്ടീടുവാൻ
തൻ തിരുശോഭയോടെ വന്നീടുമൊടുക്കത്തിൽ

എന്നതിൻ ചിഹ്നം മുൻപിൽ കാട്ടീടുമാകാശത്തിൽ
മന്നിലുള്ളവരൊക്കെ കണ്ടുടൻ ഭ്രമിച്ചീടും
എത്രയും ഘോരമായ മിന്നലുമിടികളും
തത്രാസം[4] കൊണ്ടു ജനം കാനനമതിൽപൂകും

സമുദ്രം കലങ്ങീടും പൊങ്ങീടു മതിൽ ജലം
സരന്ധ്രങ്ങളിൽ[5] നിന്നു സിംഹാദിമൃഗങ്ങളും
പുറപ്പെട്ടങ്ങുമിങ്ങുമോടീടും പരിഭ്രമാൽ
ധരിത്രിയിളകീടും നശിക്കും ഗ്രഹങ്ങളും

ആദിത്യൻ കറുത്തീടും സോമനും ചുമന്നീടും
ആദിയിൽ കാണാതുള്ള കാഴ്ചയാൽ നരജനം
മൃഗങ്ങൾ കുഴികളിലൊളിപ്പാൻ ശ്രമിച്ചീടും
മൃഗജന്തുക്കളൊക്കെ നഗരിതന്നിൽ പൂകും

ഇങ്ങനെയുള്ള ബഹുഘോരമാം ഭയത്തിനാൽ
തിങ്ങുന്ന ദുഃഖത്തിനാൽ നിർജ്ജീവർ നരന്മാരും
അപ്പൊഴുതഗ്നിമഴ വർഷിക്കും, പുറപ്പെടും
അപ്പുവിൽനിന്നു[6] മഗ്നിയൊഴുകും ജലംപോലെ

1. കേൾവി = അനുസരണം 2. രണ്ടേരായിട്ടു = ജോടിയായി (കാളയോ പോത്തോ) 3. നഞ്ച് = വിഷം
4. ത്രാസം = ഭയം 5. സരന്ധ്രം = ഗുഹ 6. അപ്പു = സമുദ്രം, വെള്ളം

അതിനാൽ മനു ജന്മം സകലം മരിച്ചീടും
അതിവേഗത്തോടഴിഞ്ഞൊക്കെയും ഭസ്മമാകും
ഝടുതി സർവ്വേശ്വര കല്പന നിമിത്തമായ്
ഝഷപോഷിത[1] മാംസമാദിയായ് കൂട്ടീടുവാൻ
മുഖ്യരാം ദൈവദൂതർ പുറപ്പെട്ടുടൻ താരാ[2]
ശക്തിയാലൂതും നാദം കേട്ടീടും ജഗത്രയെ
മൃതരാം നരജനമൊക്കെയുമെഴുന്നേല്പിൻ
കൃതാകൃതങ്ങൾക്കൊക്കെ[3] തൽഫലം വാങ്ങിപ്പാനായ്
എന്നുള്ള സ്വരത്താലെ സകലമനുവാത്മം
തന്നുടെ ശരീരത്തോടൊന്നിച്ചു പുറപ്പെടും
കൂട്ടീടുമവർകളെ ജോസപ്പാത്തെന്ന സ്ഥലെ
കാട്ടീടുമപ്പോൾ ശുഭാശുഭങ്ങൾ തൻ ശക്തിയെ
തിരിക്കുമവർകളെയിരു ഭാഗങ്ങളാക്കി
തിരിയുമവർകളും മനസ്സാലുടൻ തന്നെ
നിറുത്തും വലത്തേതിൽ ശുഭഗാമികളെയും
വെറുപ്പു കാട്ടീടുവാൻ ദുഷ്ടരെയിടത്തെതിൽ
അപ്പൊഴുതാകാശത്തിൽ നിർമ്മലമേഘം തന്നിൽ
തൽപ്പരൻ നാഥൻ കൊടി ചിഹ്നമാം സ്ലീവാകാണും
സേനകൾ സേനാ പതി വീരന്മാർ ദൈവദൂതർ
സീമയില്ലാത്ത ജന ശോഭിത നിരകളും
പിന്നാലെ പരാപരൻ കൂടസ്ഥൻ നീതീശ്വരൻ
മിന്നുന്ന മുഖത്തോടെ മേഘത്തിലെഴുന്നെള്ളും
അഹാ ഹാ മഹാഭയഘോരഘോരമാം കാഴ്ച
അഹാ ഹാ മഹാ ദുഃഖം ദുഷ്ടന്മാർക്കയ്യോ ശാപം
തന്നുടെ തിരുമുഖച്ഛായയിലാദിത്യൻ പോൽ
മിന്നുന്ന നയനങ്ങൾ തീജ്വാലയെന്നപോലെ
തിരുവായതിൽ നിന്നു നേർവാളിൽ പുറപ്പാടും
തിരുപ്പാദങ്ങൾ മിന്നും പൊന്നിനെ നാണിപ്പിക്കും
സൂക്ഷിച്ചു പാർക്കും വിധൗ ആകാശം വിറച്ചീടും
ചക്ഷുസ്സിൽ മറവുള്ള സ്ഥലമില്ലയ്യോ ദുഃഖം
ഇരുഭാഗത്തുമുള്ള നരന്മാർ സർവ്വരുടെ
കരണങ്ങളെ സർവ്വരറിവാൻ പ്രസിദ്ധമാം
അപ്പൊഴുതവരവർ ചെയ്തൊരു ദുഷ്ടക്രിയാ
എപ്പേരും പ്രസിദ്ധമായ് ശങ്കിക്കും ദുഷ്ടജനം

1. ഝഷം = മത്സ്യം 2. താരം = അത്യുച്ചമായ 3. കൃതാകൃതങ്ങൾ = ചെയ്തതും ചെയ്യരുതാത്തതും.

നിനവാൽ നിനച്ചതും ജിഹ്വയാൽ പറഞ്ഞതും
തുനിവാൽ വായിച്ചതും മറവെന്നിയെ കാണും.

ഈ ലോകേ പ്രസിദ്ധരായ് നടന്ന ജനമപ്പോൾ
ആലോഭചപലരായ് ലജ്ജിച്ചു വിറച്ചീടും
അന്നേരം നീതീശ്വരൻ അഗ്നിവേൽമുഖത്തോടെ
നിന്ദ്യരാം ജനങ്ങളെപ്പാർത്തു താനരുൾചെയ്യും

നോക്കുന്ന നയനങ്ങൾ തീക്കുന്തമെന്നപോലെ
വാക്കതിമൂർച്ചയുള്ള നേർവാളെന്നതു സമം
പാർക്കുന്ന തിരുമുഖം നോക്കുന്ന നേരം തെല്ലും
പാർക്കുവാൻ വശമുള്ള സൃഷ്ടിയില്ലയ്യോ ഭയം

ശിലകൾ പൊടിയാക്കി തകർക്കുമിടിപോലെ
ചപലന്മാരെ പാർത്തു കല്പിക്കും നരദേവൻ
ദുഷ്ടരേ, നന്ദിഹീന മൂഢരേ നിങ്ങൾക്കായി
സൃഷ്ടി നാഥനാം നാമും ദുഷ്ടനായിഹലോകേ

ജലഗർഭമേഘങ്ങൾ സലിലം വാർക്കും തഥാ
ജഗതിയതിൽ പെയ്ത മമദാനങ്ങൾ ദൃഢം
സൂക്ഷിപ്പിൻ മമഗാത്രേ നിങ്ങൾക്കായ് ക്ഷമിച്ചൊരു
സാക്ഷിപ്പീക്കരങ്ങളിലിതാ കാണുന്നില്ലേ?

അദ്രികൾക്കിടയിൽ നാമീഗിരിമുകളതിൽ
നിദ്രഹീനനായ് കാട്ടി നിങ്ങൾക്കു തപഃകൃത്യം
മാടതിൽ കുട്ടി സമം വേസലേം ഗുഹയതിൽ
മാടുകൾക്കിട[1]യതിൽ നാം പിറന്നവിടത്തിൽ

മുപ്പതും മൂന്നും സമാ നിങ്ങൾക്കായ് ഭൂലോകത്തിൽ
എപ്പെഴുമനുഷ്ഠിച്ച ദാസനു സമ മഹം
ഗെദസേമ്മനിയതിൽ ധരിത്രീ ശാപം തീർപ്പാൻ
ക്ഷതജം[2] നദിയഥാ ഒഴുക്കിമമദേഹാൽ

ചോരനു സമനായി കരങ്ങൾ കെട്ടിമമ
ചാരരാം പ്രിയ ജനം മമസൃഷ്ടികൾ നിങ്ങൾ
ദുഷ്ടരെ കെട്ടിയടിച്ചീടുന്ന തൂണുതന്മേൽ
ശിഷ്ടനാം മമദേഹമൊക്കെയും ചതിച്ചല്ലീ!

നിങ്ങളെ സ്വർഗ്ഗമതിലേറ്റുവാൻ മമതോളിൽ
ഭംഗിയില്ലാത്ത മരം ചുമന്നീഗിരിയേറി
തറച്ചു മമ കരം കാൽകളുമതിൽ ചേർത്തു
മുറിച്ചു മമ നാഡി ഉയർത്തിയതിനോടെ

1. കിട = പറ്റം (തൊഴുത്ത്) 2. ക്ഷതജം = രക്തം

നിറഞ്ഞ ഉച്ചനേരം നിങ്ങൾക്കായ് ഗിരിയുച്ചി
മുറിച്ച ആണികളാൽ നിന്നു ഞാൻ പ്രാർത്ഥിച്ചല്ലോ
മാർത്താണ്ഡൻപോലും മമ ദുഃഖം കണ്ടിരുണ്ടു പോയ്
മർത്യരാം നിങ്ങൾക്കിതും തോന്നിയില്ലാഹാ കഷ്ടം!

പൊടിഞ്ഞു ശിലകളും മുറിഞ്ഞു തിരശ്ശീല
പൊടിഞ്ഞ കണ്ണും തുറന്നറിഞ്ഞു മമ ദുഃഖം
മരിച്ച ജനത്തിന്റെ കബറും തുറന്നിതാ
മുറിച്ച ദുഷ്ടജനം നിങ്ങൾമേയറിഞ്ഞില്ല.

നിന്ദിച്ചുമമനാമം ലംഘിച്ചു സുജ്ഞാനവും
വന്ദിച്ചു ദുഷ്ടശത്രുപ്പിശാചിൻ സേവന്മാരായ്
പോകുവിൻ മമ നേത്രസന്നിധിയകന്നുടൻ
വീഴുവിൻ നരകത്തിൽ ദഹിപ്പിൻ നിത്യകാലം

അയ്യയ്യോ, മഹാദുഃഖമയ്യയ്യോ, മഹാകഷ്ടം!
അയ്യയ്യോ ദുർഭാഗ്യരേ, തീർന്നുപോയെന്നെന്നേയ്ക്കും
കേട്ടുടൻ ദുഷ്ടജനം നഷ്ടത്തെ ദൃഷ്ടംയഥാ
ദൃഷ്ടിയായട്ടഹസിച്ചലറിവ്യഥാഫലം.

അയ്യയ്യോ മമതായേ, യടിയൻ സ്മരിക്കുമ്പോൾ
അയ്യയ്യോ ഭയത്തിനാൽ ഞടുങ്ങുന്നമ്മേ, നാഥേ
ദുഷ്ക്യതിനിനച്ചഹം പാർക്കുന്നനേരം മഹാ
ഉൾക്ക്യുചഛർറം[1] വർദ്ധിക്കുന്നു ഭയത്താൽ വിറയ്ക്കുന്നു.

മേ പാപം മഹാപാപം മേതാപം വർദ്ധിക്കുന്നു
മേ നാഥേ ശരണം നീയല്ലാതെയില്ലമമ
നിൻ തിരുക്കരെയെഴുന്നെള്ളി നിന്നമൃതുണ്ട്
തൻ തിരുത്തല ചായ്ചു സുനിദ്രാ മയങ്ങുന്ന

തിരുപ്പുത്രന്റെ തിരുശ്രോത്രത്തിലടിയന്നായ്
തിരുവാമൊഴിഞ്ഞു നീ പ്രാർത്ഥിക്ക മമതായെ
നിൻ തിരുദാസനഹമെന്നു ഞാനറിയാതെ
തൻതിരുവാർത്ത[2] നിന്ദിച്ചയ്യയ്യോ മഹാദുഃഖം

തൻതിരുവാക്യത്തിനാൽ ശാന്തിയെ ഗ്രഹിപ്പിച്ച
തൻ തിരുവരവിനെയോർത്തു ഞാൻ ക്ലേശിക്കുന്നു
ആ നേരം മമനാഥേ നീയുമത്തിരുമുൻപിൽ
തൻതിരുമാതാവായിയെഴുന്നെള്ളീടും ദൃഢം.

ഇരിക്കും തന്റെ തിരുവലത്തുഭാഗേനീയും
ഇരുത്തും വിധിപ്പാനായ് ത്രൈലോക്യരാജ്ഞിനിന്നെ

1. ഉൾക്ക്യുചഛർറം = മനോവൈഷമ്യം 2. തിരുവാർത്ത = സുവിശേഷം

അടിയനതുനേരം തിരുവാസനമടി[1]
യിടയിലൊതുങ്ങുവാനരുളീടണം, നാഥേ!
നിന്നുടെ മടിയിലീ പുഞ്ചിരികാട്ടും നാഥൻ
തന്നുടെ മുഖം ക്രൂരഭാവമായ് പകരുമ്പോൾ
നിന്നുടെ സിംഹാസനമറവാലടിയന്റെ
ചിമ്മിന്ന[2] കണ്ണുകളെ മറച്ചീടണം തായേ.
സ്നേഹമായ് നിന്നെപ്പാർത്തു സൂക്ഷിക്കും തൃക്കണ്ണുകൾ
കോപമായഗ്നിപ്പൊരി വീശുന്ന സമയത്തിൽ
തീക്കുന്തംപോലെ കത്തും കോപാഗ്നി തടുക്കുവാൻ
ത്രിലോകനാഥേ തവ കാപ്പയാൽ മറയ്ക്കമാം
ദുഷ്ടരെ പാർത്തു കല്പിച്ചീടുന്ന ശാപവിധി
ശിഷ്ടദാസനാമെന്നെ കേൾപ്പിച്ചീടല്ലേനാഥേ
ഇന്നുനാൾ വരെയുള്ള എന്നുടെ പാപകഷ്ടം
ഇന്നു ഞാൻ ദ്വേഷിച്ചറച്ചേറ്റവും ഖേദിക്കുന്നു
എന്നുടെ പാപം പൊറുത്തെന്നു ഞാനുറപ്പാനായ്
നിന്നുടെ തിരുപ്പുത്രൻ സന്നിധൗ വഴങ്ങുന്നേൻ
ദുഷ്ടരെ ശാസിച്ചുടൻ വലത്തു ഭാഗേ നോക്കി
ശിഷ്ടരെ തൃക്കൺപാർത്തു കല്പിക്കും മഹാസ്നേഹാൽ
എന്നുടെ തിരുവാർത്തകേട്ടതിൻ വണ്ണം നിങ്ങൾ
മന്നിലെ സുഖമൊക്കെ ത്യജിച്ചു തള്ളിക്കൊണ്ടു
നിങ്ങൾക്കു തന്ന കുട്ടിവരങ്ങൾ സൂക്ഷത്തോടേ
തിങ്ങിന സന്താപങ്ങൾ സഹിച്ചു വർദ്ധിപ്പിച്ചു.
വിശന്നും ദാഹിച്ചും ഞാൻ നടന്നനേരം നിങ്ങൾ
വലഞ്ഞ മമ ദാഹം തീർത്തുമേ പോഷിപ്പിച്ചു
നഗ്നനായെന്നെക്കണ്ട നേരത്തു നിങ്ങൾ മമ
നഗ്നത തീർത്തുതന്നു വസ്ത്രത്താൽ പുതപ്പിച്ചു
അന്യനായ് നിങ്ങൾ ദേശേ നടന്ന സമയത്തിൽ
മാന്യമായ് കൈക്കൊണ്ടെന്ന കേതുവും നൽകീ ശുഭം
രോഗിയായ് വലഞ്ഞു ഞാൻ കാരാഗൃഹിയുമായി
ആരോഗ്യം വരുത്തുവാൻ സഹായിച്ചഹോ നിങ്ങൾ
ഇച്ചെയ്ത വൃത്തിക്കിതായെന്നെന്നും മമ വീട്ടിൽ
തൽ ചിന്തയൊന്നും വിനാ, തോഷിപ്പിൻ നിരന്തരം
എന്നുള്ള തിരുവാക്കു തേൻ തുള്ളിയതിൻ സമം
കേട്ടുള്ളം തെളിഞ്ഞവർ സംപൂർണ്ണസന്തോഷമാം

1. ആസനമടി = മടിയായി കത്തുന്ന ഇരിപ്പിടം 2. ചിമ്മിന്നി = ചിമ്മുന്ന

അപ്പൊഴുതവരുടെ ശുദ്ധമാം ശരീരങ്ങൾ
മുപ്പൊഴുതിനെ[1] തോല്പിച്ചീടുന്ന രശ്മിവീശും
ദുഷ്ടരെ ശപിച്ചിടും ധരിത്രി തുറന്നവർ
കഷ്ടാരൂപികളോടെ യൊന്നിച്ചു മറയുമ്പോൾ

തന്നുടെ സ്നേഹവൃന്ദമൊന്നിച്ചു മോക്ഷാലയേ
തന്നോടുകൂടെ വാഴ്വാൻ പൂക്കിടും നിത്യകാലേ
ഈ വണ്ണമുള്ള വരവിതല്ലന്നറിക നീ
അവണ്ണമുള്ള തന്റെ മഹിമ ദയയാക്കി

കരുണ കാട്ടിത്തന്റെ ജനത്തെ രക്ഷിപ്പാനായ്
കരുണാനാഥൻ തന്റെ പ്രഥമവരവിതാ
കേട്ടൊരു ശാന്തിതന്റെ കൂട്ടരും ദിനേദിനേ
കൂട്ടമായ് വന്നുശ്രേഷ്ഠനാഥനെയാരാധിച്ചു.

അഷ്ടമീദിനേ രാത്രൗ അദ്ദിശി സമസ്തവും
എട്ടുദിക്കുകൾ മഹാ പ്രകാശം കാണപ്പെട്ടു
രാത്രി പാതിയും കഴിഞ്ഞന്നൊരു നേരത്തിങ്കൽ
ധാത്രിപാലകൻ[2] സേനാ സഹസ്രഗണം ദൂതൻ

സുവർണ്ണവർണ്ണംപെറും വസ്ത്രങ്ങളണിഞ്ഞവർ
സുവർണ്ണംകൊണ്ടുമാർവു[3] മഴകിൽ ശോഭിപ്പിച്ചു
സുവർണ്ണം മാറ്റേറുന്ന പൊന്നിനാൽ മാർവിൽവൃത്തം
സുവർണ്ണമഷിയതാൽ ലിഖിതം തിരുനാമം

അവർക്കു സേനാപതിയിരുവരൊരുമിച്ച്
സ്വർഗ്ഗം തന്നിൽ മുഖ്യർ മിഖായേൽ ഗൗറിയേലും
ഇരുവർ കിരീടങ്ങൾ ലിഖിതമിതുതന്നെ
ഇരുപാരിലുമിതിൽ പ്രകാശം വീശിടുന്നു.

ഇങ്ങനെയുള്ള ശോഭാസേനകൾ നിരനിര
ഭംഗിയായണിയണിയിരുപേർ നടുവതിൽ
സുമുക്ത[4] പ്രവാളങ്ങൾ വൈരം വൈഡൂര്യം നല്ല
സുവർണ്ണശിരോമണി ഗോമേദപുഷ്യരാഗം

ഒക്കെയും നാണിപ്പിച്ചു വിളങ്ങും ശിരോരത്നം
ഓർക്കുന്നവർക്കു രക്ഷ ഈശോയീത്തിരുനാമം
ഈവണ്ണമിരുനേരം കൂട്ടമായ്പ്പൈതൽ മുൻപിൽ
വരവണ്ണരാം ശ്രേഷ്ഠരിരുവർ നാമംകൊണ്ടും

ഇങ്ങനെവന്നു പുക്കുമന്ദിരേ പിതൃക്കടെ
മുമ്പിൽ വന്നാരാധിച്ചു കുമ്പിട്ടു പാദേ നാഥൻ

---

1. മൂപ്പൊഴുത് = സൂര്യൻ 2. ധാത്രിപാലകൻ = ദൈവമെന്ന് അർത്ഥകല്പന 3. മാർവ് = ഹൃദയഭാഗം (മാറിടം) 4. സുമുക്തം = നല്ല മുത്ത് (നവരത്നങ്ങളെ സൂചിപ്പിക്കുന്നു)

ഉന്നതന്മാരാം ശ്രേഷ്ഠദൂതന്മാരിരുവരും
മന്നിലെ മനുഷ്യരെ രക്ഷിക്കുമതിനാലേ 288
ഉന്നതൻ പിതാസുതൻ നരദൈവമാമിയാൾ
ഉന്നതകീർത്തിപൊങ്ങും ഈശോ നാമമാഖ്യതേ
എന്നവരുണർത്തിച്ച നേരത്തങ്ങെല്ലാവരും
വന്ദിച്ചുകേൾപ്പിച്ചുടൻ വീണാദിഗാനഗീതം 292
ജഗത്രാതാവിൻ നാമം കേട്ടുടൻ ജഗത്രയേ
ജയസന്തോഷം പാടിത്തെളിഞ്ഞു മോക്ഷാലയേ
ക്ഷിതിപാലന നാഥൻ തിരുനാമം കേൾവിയാൽ
ക്ഷിതിയിൽ നിശനേരം വിളങ്ങി നട്ടുച്ചപോൽ 296
നരശത്രുവിൻ ബലംകെടുത്തും നാമത്തിനാൽ
നരകപിശാചുക്കൾ ഭയന്നുവിറച്ചുടൻ
വാടാത്ത മലർക്കൊടി വീരനാം പുണ്യൻതാനും
പാദസോമനീ താരാധാരിണിപത്നീസഹ 300
നന്ദിച്ചു തിരുനാമം ഭക്തിയാൽ ചൊന്നശേഷം
വന്ദിച്ചുകുമ്പിട്ടുതൻ ജനരക്ഷിതാപാദെ
ദിനകനുദിച്ചുശോഭിച്ചതിൻ[1] ശേഷത്തിങ്കൽ
ജനകനാഥൻ തന്റെ കല്പനതികപ്പാനായ് 304
ദേവശുശ്രൂഷകനെ[2] വരുത്തി വിധിയഥാ
ചേലാകർമ്മവും[3] ചെയ്തു വേദനയെന്നാകിലും
രക്ഷിതാവെന്ന നാമമപ്പൊഴെ കാട്ടിത്തന്റെ
രക്തവും ചിന്തിക്കുഞ്ഞിപ്പൈതൽ താനച്ചാരമായ് 308
അയ്യയ്യോ മമ നാഥാ നിർമ്മല പുഷ്പാമല!
അയ്യയ്യായിപ്പോൾതന്നെ കാട്ടിയോ നിന്റെ കൃപ
പുഷ്പമുല്ലയ്ക്കു സമം നിർമ്മല ശരീരമേ
അല്പമായൊരു മൂർച്ചയെത്രയൊ ദുഃഖം ദൃഢം. 312
ദാസനാമടിയനെ ചാരെയങ്ങിരുത്തുവാൻ
ദാസനായ നാഥാ നീയുമിതഥമതിയല്ലീ?
നിന്നുടെ പാദചർമ്മമൃദുത്വം സൂക്ഷിക്കുമ്പോൾ
എന്നുടെ കണ്ണിൻമണി എന്നതിൽ മൃദുത്വമേ 316
ഇന്നതിൽ മൃദുത്വമാം കുഞ്ഞിപ്പൈതലായ നിൻ
സുന്ദര തിരുമേനിയെത്രയോ മൃദുത്വമാം
പൈതൽ പ്രായത്തിൽ സഹിച്ചീടുന്ന ദുഃഖങ്ങളെ
ബോധഹീനത്താലതിൽ ശോകങ്ങളറിവില്ല. 320

1. ദിനകൻ = സൂര്യൻ (ദിനകരൻ) 2. ദേവശുശ്രൂഷകൻ = പുരോഹിതൻ 3. ചേലാകർമ്മം = ഛേദനാചാരം

നിനക്കോഗുണാംബുധേ സകലബോധാത്മാവേ
ജനിച്ചക്ഷണം തന്നെയറിവിൻ സമൃദ്ധിയും
നിറഞ്ഞു ബോധത്തിനാലറിഞ്ഞു സമസ്തവും
മുറിഞ്ഞൊരീനേരത്തിലതിനാലെത്ര ദുഃഖം

എങ്കിലും പൈതൽസമമെന്നതിൻവണ്ണംതന്നെ
കൺകളും നിറഞ്ഞയ്യൊ കവിളിലശ്രുവാർത്തു
അയ്യയ്യോ മമനാഥ അയ്യയ്യോ മമസ്നേഹം
അയ്യയ്യോ മമപാപം കാരണമിതിന്നയ്യോ

കണ്ടുനില്ക്കുന്ന നാഥൻതന്നുടെ കണ്ണുംചങ്കും
കണ്ടിച്ചു മുറിഞ്ഞയ്യൊ ഒഴുകി നദിയഥാ,
മാതൃതൻ ക്ലേശം സുതദുഃഖവും മുറിവതും
താതനാം താനും കണ്ടു ദുഃഖാബ്ധൗമുങ്ങീദൃഢം

നാഥനേ പരാപരാനായകാശരണമേ
ദാസനാമടിയന്റെ രക്ഷയ്ക്കുച്ചാരമിതായ്
പുഞ്ചിരികാട്ടിത്തന്റെ മാതരംതോഷിപ്പിക്കും
തൻതിരുവധരങ്ങൾ ചുവന്നുചുളിഞ്ഞയ്യോ

സൂക്ഷിക്കുംവിധൗ സ്നേഹം ജ്വലിപ്പിച്ചിടും തന്റെ
അക്ഷികൾ രണ്ടുമിപ്പോളടച്ചു ദുഃഖാലയ്യോ
ധവളക്കുമിളവൽ[1] ത്തുടിച്ചു ശോഭിക്കുന്ന
കവിളുരണ്ടുമിപ്പോൾ വിറയ്ക്കുന്നയ്യൊ ദുഃഖാൽ

വെള്ളിനൽത്തകിടതിൽ സുവർണ്ണപുഷ്പംയഥാ
കണ്ണുകൾ മദ്ധ്യെപൊങ്ങും നാസിയും ബന്ധുരമാം
കണ്ണിന്നുമീതെപൊങ്ങും സുന്ദരഫാലസ്ഥലം
ദണ്ണത്താൽ ചുളിക്കുന്നു ദുഃഖമേ മഹാദുഃഖം.

റോസപുഷ്പത്തിൻ മദ്ധ്യെപൊങ്ങുന്നൊരല്ലിപോലെ
ലാലസപൂരിപ്പിക്കും നാവിതാ വിറയ്ക്കുന്നു
സുമനസ്സുകളൊക്കെ കൊതിച്ച കേട്ടീടുന്നു
സുരസമധുരമാം സ്വരവും പകർന്നയ്യൊ

തന്നുടെ ചിത്തംകൊണ്ടു സമസ്തം സൃഷ്ടിച്ചതാൻ
ഒന്നിനും വശഹീനപ്പൈതലായ് കരയുന്നു
എന്തിതു സർവ്വേശ്വരാ നിന്നുടെ സ്നേഹംതന്നെ
എന്നതെന്നിയേ മറ്റൊന്നില്ലിതിന്നവകാശം
കരുണാനിധേ നിന്റെ രുധിരമതിനാലെ
തരണമടിയനു സമസ്തപാപശുദ്ധി.

1. ധവളക്കുമിളവൽ = വെളുത്ത കുമിളപോലെ

ഏഴ്

മനുഷ്യകുലത്തിന്റെ പാപവിമോചനത്തിനായി അർപ്പിക്കപ്പെട്ട ബലിയാടുകയായിരുന്നു യേശുദേവൻ. താനടക്കമുള്ള പാപികൾക്കുവേണ്ടിയാണ് നാഥൻ കുരിശുമരണം വരിച്ചത്. വിശുദ്ധ അന്ത്രയോസ് കൊർസീനിയയെ മാനസാന്തരപ്പെടുത്തിയതുപോലെ തന്നെയും പാപച്ചുഴിയിൽ നിന്നു കരകയറ്റി വിശുദ്ധീകരിക്കണമെന്നു പ്രാർത്ഥിക്കുന്ന കവിമനസ്സിൽ പുജ രാജാക്കന്മാരുടെ തിരുമുൽക്കാഴ്ചകളും ശെമയോൻ ഹന്നാമാരുടെ പ്രവചനാഭിവാദനങ്ങളും മിന്നായങ്ങളായി കടന്നുവരുന്നു. മിശിഹായുടെ പീഡാനുഭവങ്ങൾ മാതാവിനു തീർത്ത വ്യഥകൾ കവിഹൃദയത്തെ വ്യാകുലമാക്കുന്നു.

വൃത്തം: കേക

ഇങ്ങനെ ജനനത്തിൻ പ്രഭയെ ഭൂമ്യഖിലം
തിങ്ങിനുശോഭയോടെ വീശിയനേരത്തിങ്കൽ
പൂർവ്വന്മാർ പിതാക്കളാൽ ചൊല്ലിക്കേട്ടതിൻവണ്ണം
അവ്റാഹം പിതാതന്റെ രണ്ടാംപത്നിയാം കെന്തോർ
തന്നുടെ തനയർക്കു താതൻ താൻ കൊടുത്തുള്ള
പൊന്നാദിസമ്പത്തിനാൽ വാങ്ങുന്നനേരത്തിങ്കൽ
സ്വജനരക്ഷാർത്ഥമായ ജനിക്കും ദൈവസുതൻ
സ്വജനദോഷത്രാണ തല്പരൻ തന്റെ മുൻപിൽ
വരണം തന്റെ കാല്ക്കൽ കുമ്പിട്ടാരാധിപ്പാനായ്
തരളം ബഹുശോഭ കാണുമന്നാകാശത്തിൽ
താതൻ തൻ വാർത്തകേട്ടു പിരിഞ്ഞു തനയന്മാർ
ഭയാദി വർദ്ധിച്ചുള്ള ഗണമായ് പാരേസതിൽ
വസിച്ചീടുന്ന ജനവംശത്തിൽ ദീർഘദർശി
വദിച്ചു പുതുതാരമുദിക്കും യാക്കോവിൽ നി-

ന്നെന്നതും കേട്ടു ദുഷ്ടമെന്നപോലുറച്ചവർ
മന്നവന്മാരും കൂടി മുന്നമേ മേഗുശന്മാ[1] –
രെന്നുള്ള നാമത്തോടെ യാകാശേയവർ നോക്കി
യിരുന്നു സൂക്ഷിപ്പാനായ് ദ്വാദശജനം വച്ചു
ഇങ്ങനെയിരുന്നവരക്കാലം ഗഗനത്തിൽ
തിങ്ങുന്ന ശോഭയുതമുദിച്ചു പുത്തൻതാരം
എന്നതുകണ്ടപ്പോഴേ സംഗതി നിനച്ചവർ
മന്നവന്മാരും കൂടേ ഭൃത്യർതൻ ഗണങ്ങളും
ഒന്നിച്ചു പുറപ്പെട്ടു നടന്നു ദീർഘം വഴി
അന്നവർ നക്ഷത്രത്താൽ വഴിയുംഗ്രഹിച്ചുടൻ
ഇങ്ങനെ പോയിമാജർ[2] ഓർശലേം നഗരത്തിൽ
തിങ്ങിന ശോഭ കോട്ട വാതിലിനടുത്തപ്പോൾ
കണ്ടിരുന്നൊരു താരം മറഞ്ഞെന്നതിനാലെ
കണ്ഠിച്ചു[3] രാജാക്കന്മാർ മന്നനെ പുക്കുചൊല്ലി
യൂദർക്കു രാജൻദേവൻ പിറന്നെന്നതിനാലെ
ആരാധിപ്പാനായ് ഞങ്ങൾ പുറപ്പെട്ടയാൾ മുൻപിൽ
ഉദിച്ചതാരം വാനിൽ കണ്ടിങ്ങു ചേർന്നു ഞങ്ങൾ
ഉദയമിപ്പോൾ മറഞ്ഞെവിടെ രാജസുതൻ
എന്നതു കേട്ടു ദുഷ്ടരാജനാം ഹേറോദേസും
അന്നവിടത്തിലുള്ള മുഖ്യരെ വരുത്തീട്ട്
ചോദിച്ചു രാജാദേവസുതന്റെ പിറവിയെ
ആദരിപ്പാനായ് നാമും പോകണമെന്നു കാട്ടി.
ബേസ്ലഹം നഗരിയിലന്നുള്ള പ്രസിദ്ധരാം
വേദന്യായത്തിൽ ശാസ്ത്രവീരന്മാരറിയിച്ചു
കേട്ടുടൻ നിങ്ങൾ പോയിക്കുമ്പിട്ടുവരുംവഴി
കോട്ടമെന്നിയേ നമ്മെയറിയിക്കണം സ്ഥലം
എന്നവൻ ഹേറോദേസു ചൊല്ലിയശേഷമുടൻ
വന്നവർ പോയിക്കണ്ടു പിന്നെയും താരശോഭ
എന്നതു നടന്നുതൻ നാഥന്റെ മന്ദിരത്തിൽ
ഉന്നതിയതിൽനിന്നു കാട്ടിതൻ നാഥസ്ഥലം
വന്നവരുടൻ പുക്കു ബഹുവാദരത്തോടെ
വന്ദിച്ചു കുമ്പിട്ടവർ കാഴ്ചയുംവച്ചു മോദാൽ
സർവ്വതുമറിയുന്ന നാഥനുണ്ണിയുമപ്പോൾ
സർവ്വദാവശഹീനനെന്നപോൽ കാണിച്ചാലും

1. മേഗുശന്മാർ = പൂജരാജാക്കന്മാർ 2. മാജർ = മാഗികൾ (രാജാക്കന്മാർ) 3. കണ്ഠിച്ചു = കുണ്ഠിതപ്പെട്ടു

മാതാവിൻ തിരുമടിതന്നിലങ്ങിരുന്നെള്ളി
മന്നവൻ മുഖംപാർത്തു ബാഹുവാൽ വാഴ്വുനൽകി
നായകാ പരാപരാ നാഥനെയടിയനെ
നയനംപാർത്തു വാഴ്വു നൽകണം മനോഗുണാൽ

സർവ്വത്തിൻ നാഥൻ നീയേ സർവ്വജ്ഞൻ നീയെങ്കിലും
സർവ്വതും കാട്ടീടുന്നു മാതരം രോദനത്താൽ
സർവ്വദാ നിന്നാൽ സർവ്വം നടന്നീടുന്നാകിലും
സർവ്വരാജ്ഞിയിൻ കൈയിലുണ്ണിയായുറങ്ങുന്നു

കാട്ടുന്നു ദുഃഖം പശിരോദനാൽത്തന്നെയൊക്കെ
കാട്ടുന്നതൊക്കെ മാതാക്ഷണത്താൽ നടത്തുന്നു
അയ്യയ്യോയിതൊക്കെയും മമരക്ഷാർത്ഥം തന്നെ
അയ്യയ്യോ സഹിക്കുന്നു പാപനാശത്തെ ചെയ്വാൻ

പാപിയാമടിയനോ നന്ദിഹീനനുമായി
പാപത്തെ വർദ്ധിപ്പിച്ചു, മേദുഃഖം മഹാദുഃഖം
നാഥനെ നോക്കീടണം പോക്കണം മമപാപം
നീതിയെ നോക്കുന്നെങ്കിൽ ശിക്ഷിപ്പാൻ യുക്തം ദൃഢം

ധീരതയോടെ രാജ്യഭാരത്തെ നടത്തുന്ന
ജ്യോതിശാസ്ത്രജ്ഞന്മാരും ദൂരവാസികളുമായ്
എന്നവരിതാ നിന്നെ വന്ദിപ്പാൻ ഭാഗ്യന്മാരായ്
മുന്നമായ് പാർത്തജനം നിന്ദിച്ചു ചപലരായ്

എന്നപോൽ പാപിയഹം പാപത്താൽ ദൂരത്തായി
നന്ദിഹീനനെങ്കിലും വന്ദിക്കുന്നിതാ പാദം
ശിശുബാഹുക്കളവർ ശിരസ്സിൽ പൊക്കിക്കൊണ്ട്
തിരുവാശിർവാദത്തെക്കൊടുത്തെന്നതു വിധം

തവദാസനാമഹം ശിശുവാം കാലേ ചെയ്ത
പെരിയ പാപം പോക്കിത്തരണമാശീർവ്വാദം
ഇങ്ങനെ രാജാക്കന്മാർ വന്ദനചെയ്തശേഷം
തിങ്ങിന ശോഭായുതവാനവർ പ്രത്യക്ഷമായ്

വന്നൊരു വഴിതന്നിൽ പിന്തിരിയാതെ മറു-
പന്ഥാവിൽ നടന്നവർ മന്ദിരേ പോവാൻ ചൊല്ലി
കേട്ടവരതിൻവണ്ണം പോയതിൽ ശേഷത്തിങ്കൽ
കൂട്ടമായ്പ്പലർ വന്നു കേൾവിയും നീളെ വീശി

ശ്രേഷ്ഠനാം പിതൃയുസെ താഴ്ചയെയിച്ഛിക്കയാൽ
കൂട്ടത്തെക്കണ്ടുമങ്ങിയൊളിച്ചു വാങ്ങിപ്പാർപ്പാൻ
നന്ദനൻ തിരുമനസ്സറിഞ്ഞു മാതൃസഹ
മന്ദിരം ബെസ്ലേമുള്ളിലെത്രയും ചെറുഗൃഹം

ആയതിൽ പുക്കു താനും നാഥനും തന്റെ പത്നി
നായകിദേവ മാതൃതാനുമായ് ചതുർദശ-
വാസരെ[1] ദേവാലയെ നാഥനെക്കാഴ്ചവെപ്പാൻ
വേദന്യായം പോൽ പോകും നാൾവരെയതിൽ പാർത്തു

തൊഴുക്കുടതിൽനിന്നു പുറപ്പെട്ടതുനേരം
തോഴരായ്പ്പാർത്തീടുന്ന വാനവനൊരുത്തനെ
പാർത്തുടൻ ദേവമാതൃകല്പിച്ചു മമപുത്രൻ
പാർത്തൊരു ഗുഹയതിൽ പാർത്തു നീ സൂക്ഷിക്കണം

സൃഷ്ടിയിൽ നാഥനിതിൽ പിറന്നെന്നതിനാലെ
സൃഷ്ടിയാം മൃഗജന്തു തീണ്ടാതെ സൂക്ഷിക്കണം
എന്നു കല്പിച്ചവണ്ണം ലോകാന്തംവരെയിതിൽ
ചെന്നാദി[2] മൃഗമൊന്നും പൂകായ്പാൻ സൂക്ഷിക്കുന്നു

ഇങ്ങനെ ചതുർദ്ദശവാസരം തികഞ്ഞപ്പോൾ
ഭംഗിയേറീടും ദേവ കോവിലിൽ നാഥൻതന്നെ
വേദന്യായത്തിൻ വണ്ണമർച്ചന ചെയ്തീടുവാൻ
ദേവമാതാവും തിരുപുത്രനുമൊരുമിച്ചു

മുഖ്യനാം പിതാവുതൻ കടത്തെത്തികപ്പാനായ്
മുഖ്യമാം ജരുശെലം നഗരിക്കെഴുന്നെള്ളി
ചെന്നതുനേരം മഹാ സന്തോഷത്തോടുകൂടെ
അന്നുള്ള ഗുരുമുഖ്യശ്രേഷ്ഠനാം ശീമോൻപിതാ

വന്നുടൻ ദേവാലയേ ദിവ്യജ്ഞാനത്താൽ ദൃഢം
വന്ദിച്ചു തിരുപ്പൈതൽ തന്നുടെ തിരുപ്പാദം
കുമ്പിട്ടു മുത്തിക്കൊണ്ടു കേണപേക്ഷിച്ചു സ്നേഹാൽ
കണ്ടിട്ടു മരിപ്പാനായ് പാർത്തിരുന്നതിൻവണ്ണം

നിന്നുടെ മനോഗുണ ദയയും കരുണയും
നിന്നുടെ ദാസനഹം കണ്ടിനി, അയയ്ക്ക നീ
ലോകത്തിൻ വെളിവായ് നീയുഷ്[3]ച്ചെന്നതിനാലെ
ലോകരാമിസ്രയേലിൻ സ്തുതിയും നിന്നിലുണ്ടായ്

ദീർഘദർശനമായിപ്പേർത്തുരചെയ്തു വീണ്ടും
ദൃക്കി[4]യാൾ നരന്മാർക്കെന്നാകിലും ബഹുജനം
വീഴ്ചക്കുമീയാൾതന്നെ രക്ഷയും തന്നാലത്രെ
തീർച്ചയാണിയാളാലെ നിന്നുടെ തിരുച്ചങ്കിൽ

മൂർച്ചയേറീടും കുന്തമുനയാൽ മുറിപ്പെടും
നിശ്ചയമിതെന്നമ്മ കന്നിതന്നോടും ചൊല്ലി

1. ചതുർദശവാസരെ = നാല്പതാംദിവസം 2. ചെന്നാദി = ചെന്നായ് ആദിയായ 3. ഉഷച്ചു = ഉദിച്ചു വെന്നർത്ഥമാക്കണം 4. ദൃക്ക് = കാഴ്ച (പ്രകാശം)

നിർമ്മലമാതാവിനോടരുളിച്ചെയ്ത വാക്യാൽ
നിഷ്ക്കളങ്ക ശ്രേഷ്ഠനാം പിതാവും മുറിവേറ്റു

അന്നേരം പുണ്യവൃദ്ധ അന്നയെന്നുള്ള മാതൃ
മന്ദിരം തന്നിൽ പുണ്യമാതൃവേപ്പാലിച്ചവൾ
റൂഹാ[1]യലറിഞ്ഞവൾ ദേവാലയത്തിൽ വന്നി
ട്ടാലാഹാ പുത്രനിയാളെന്നുറപ്പിച്ചു വാക്കാൽ

വേദന്യായംപോലൊക്കെതികച്ചശേഷം, മുഖ്യ
വേദനയുടൻ ഭാവിച്ചെന്നതു ചൊന്നീടുന്നേൻ
ഇങ്ങനെ ദേവാലയേ പൂജകർമ്മാദിചെയ്ത്
ഭംഗിയേറീടും നഗർവാസത്തിൽ പൂക്കശേഷം

ഇത്തിരുവാക്യം കേട്ടു മാതാവുമതുനേരം
കുത്തുകൊണ്ടതുപോലെ വാടിതൻ തിരുമുഖം
വത്സലനുണ്ണിപ്പൈതൽ തൻ തിരുമുഖശോഭ
വാത്സല്യത്തോടുകൂടെത്തിരുബാഹുക്കൾ തന്നിൽ

ഏന്തിയങ്ങലിവോടു സൂക്ഷിച്ചുതോഷിക്കുമ്പോൾ
തൻ തിരുശോകദുഃഖമൊക്കെയുമുണർന്നവൾ
ഇതിനാൽ തന്റെ തിരുപ്പാദകമലങ്ങളും
സ്തുതിയോഗ്യതയായ ഓമനക്കൈകളതും

തുളയ്ക്കുമാണികളാൽ തറയ്ക്കും കുരിശതിൽ
തുറക്കും തിരുവിലാപരുത്ത കുന്തത്തിനാൽ
ഇത്യാദിദുഃഖൈകഷ്ടമൊക്കെയുമതുനേരം
അത്യന്ത ദുഃഖത്തോടെ സ്മരിച്ചു ക്ലേശിച്ചപ്പോൾ

അയ്യയ്യോ! സർവ്വേശ്വരാ നിർമ്മല ഗുണനിധേ!
ഐന്ദ്ര്യമാം[2] മലനിഴലില്ലാത്ത[3] നാഥെ അമ്മെ!!
നിന്നുടെ പുത്രദുഃഖൈകഷ്ടാനുഭവങ്ങളും
നിൻതിരുവടിയുടെ വ്യാകുല ദുഃഖാബ്ധിയും

എന്നുടെ മഹാപാപകാരണമതിൻ ഫലം
എന്നു ഞാനോർക്കുന്നേരമെത്രയോ മമദുഃഖം
ഇന്നിതാ മഹാമുനിശ്രേഷ്ഠന്റെ വാക്യം യഥാ
എന്നതു ഞാനുമിപ്പോൾച്ചൊല്ലുവാൻ വിധിനൂനം

പഴുത്തു ഞാനുമിതാ കുഴച്ചു മമദേഹം
അഴുക്ക എന്നു ചൊൽവാൻ വിധി എന്നതാകിലും
പിഴച്ച മമപാപമാലിന്യം സ്മരണാദി
ഉഴന്നു നോക്കുന്നേരം ഭീതിദം മഹാഭയം

1. റൂഹാ = പരിശുദ്ധാത്മാവ് 2. ഐന്ദ്ര്യം = ഇന്ദ്രിയസംബന്ധമായ 3. മലനിഴൽ = പാപത്തിന്റെ നിഴൽ

അയ്യയ്യോ! മമഭീതി എന്തിന്നു ഫലമിത്
അയ്യമെന്നതാകിലും പൊയ്യല്ല യാത്ര ദൃഢം
ഇതിന്നുപായമിതൊന്നല്ലാതെ എന്തുള്ളയ്യോ!
ഇതിന്നു പലവഴി നോക്കുകിലസാദ്ധ്യമേ.

പാപത്തെ തീർപ്പാൻ തപസ്സെന്നതു തൃപ്പാതയെ
താപസനായീടുവാൻ ദേഹവും ക്ഷയിച്ചല്ലോ.
മോഹിച്ചു കാലം കഴിച്ചീടുന്നതെന്തു ഫലം
ദാഹിച്ചാൽ കഴിവില്ലാ എന്നതും കണ്ടീടുന്നു

യോഗ്യനായിരുന്നപ്പോൾ ഭാഗ്യമുണ്ടായില്ലയ്യോ
അയോഗ്യനായിരുന്നേരമെന്തിതു ദാഹിക്കുന്നു
എങ്കിലുമീദാഹവും ചങ്കിലിങ്ങുറച്ചിട്ടു
പങ്ക കിട്ടുവാൻ തന്റെ പങ്കപ്പാടിതു ശുഭം

എന്നതിനാലേ മമനാഥയേ അമ്മേ മണേ
ഇന്നെനിക്കനുകൂലം നിയല്ലാതാരുള്ളയ്യോ
നിൻതിരുവടിയുടെ ദാസൻ ഞാൻ മുന്നം ദൃഢം
നന്ദിഹീനതചെയ്തു മന്നിലെ നിർമ്മോഹത്താൽ[1]

എങ്കിലും നാഥെ അമ്മെ എന്നെ നീ കൈവിട്ടില്ല
എന്നതിനുള്ള ചിഹ്നം ഇന്നു ഞാൻ കാണുന്നല്ലൊ
ഇന്നതിനാലേ മമഹൃദയേ ധ്വനിക്കുന്ന
ഇന്ദ്രിയമോഹം ചൊൽവാൻ ശങ്കിച്ചുമടിക്കുന്നേൻ

കർമ്മല, അമ്മ നീയേ എന്നതു മഹാമുഖ്യം
നിർമ്മല! അമ്മേ തവ ദാസ്യവുമതു കിട്ടി
എന്നതു നിനയ്ക്കുമ്പോൾ എന്നുടെ മഹാഭാഗ്യം
ഇന്നതെന്നടിയനുമുറയ്ക്കുന്നയോഗ്യനായ്

എന്നതിനാലെ മുന്നംചൊന്നതു കാട്ടീടുവാൻ
ഇന്നു ഞാൻ പേടിക്കുന്നു എങ്കിലും ചൊല്ലുന്നഹം
ഉപരിഭവനത്തിൽ സുഖിക്കും മഹാമുഖ്യൻ
അന്ത്രയാക്കോൻ സീനി എന്നൊരു മഹാഭാഗ്യൻ

അമ്മതൻ തിരുദരെ വസിക്കും കാലത്തിങ്കൽ
തന്നുടെ ഉദരത്തിൽ ജനിച്ച ചെന്നായ്ക്കുട്ടി
മുന്നമെയതിൻ ഗതി കാണിക്കുമെന്നാകിലും
കർമ്മല മാതൃദേവി കോവിലിൻ വാതിലതിൽ

ഒന്മയായടുത്തപ്പോൾ ചെമ്മരിക്കിടാവായി
എന്നുള്ള കാഴ്ചയതു കണ്ടതുമതിൻവണ്ണം
ഇന്നിതാ മഹാഭാഗ്യയോഗ്യനായ് കൊണ്ടാടുന്നു
എന്നതിൻവണ്ണമെന്ന് ചൊല്ലുവാൻ യോഗ്യംവിനാ.

1. നിർമ്മോഹം = ദുർമ്മോഹംതന്നെ

എങ്കിലുമമ്മേ നിന്റെ ദാസനെന്നുള്ള നാമം
തന്നു നീ അടിയനുമെന്നതിനാലേ അഹം
ഇന്നിതാനിൻ പാദത്തിൽ വീണുകൊണ്ടിരക്കുന്ന
മേപാപം മഹാപാപം മാലിന്യം മണൽസമം

മേ ഭാഗ്യം മഹാഭാഗ്യം മേ നാഥ മഹാനാഥ
സർവജ്ഞൻ സർവ്വേശ്വരൻ നിന്നുടെ സ്നേഹപുത്രൻ
സർവർക്കും മാതാവായി നിന്നെത്തന്നന്നിനിക്കും
പിന്നെയും മമതായിൻ[1] ബാഹുവാൽ തവപാദെ

എന്നെ നിൻ ദാസനായി കൈക്കൊണ്ടു മേ ഭാഗ്യമായ്
വീണ്ടുമേ, ബാല്യത്തിങ്കൽ ഋക്ഷധാരിയിൻ[2] മദ്ധ്യാൽ[3]
കൊണ്ടു ഞാൻ നിന്റെ ദാസ്യം റുസാരി[4] സദാനാമാൽ
ഒടുക്കം മഹാഭാഗ്യാൽ പൊടുക്കെന്നതുപോലെ

അടുത്തകാലമതിൽ ലഭിച്ചേൻനിന്റെ വസ്ത്രം
നിന്നുടെ മഹാഭക്തനെന്നുടെ മഹാശ്രേഷ്ഠൻ[5]
തന്നുടെ കരങ്ങളാൽ കൈക്കൊണ്ടേൻ കർമ്മൽസദാ
എന്നിതു നിനയ്ക്കുമ്പോൾ എത്ര ദുഷ്ടനാകിലും

എന്നെ നീ പകർത്തീടുമെന്നുഞാനുറയ്ക്കുന്നു
എന്നുറച്ചടിയനും നിന്നുടെ പാദാന്തികെ
വന്നുകേണീടുന്നമ്മെ കേൾക്കണം മമ ദുഃഖം
നിന്നുടെ തിരുകൈയിലിരിക്കുമുണ്ണിപ്പൈതൽ

തന്നുടെ കഷ്ടം സർവ്വം നിന്നുടെ ചങ്കിൽകൊണ്ടു
നിന്നുടെ ദുഃഖത്തിനും പുത്രസങ്കടത്തിനും
എന്നുടെ പാപംതന്നെ കാരണമെന്നാകിലും
കാരുണ്യം ലഭിപ്പാനുമിതല്ലാതെനിക്കില്ല.

കരുണ നല്കീടണം ശരണം നീയേനാഥേ!
നാഥനേപരാപരാ, പാപിയാമടിയനെ
നീതിപോൽ ഭേദിക്കുകിൽ ഞെനെന്തുത്തരിക്കുന്നു
നിൻതിരുവാക്യത്താലെ ചൊന്നതുനിനയ്ക്കുമ്പോൾ

എൻമനമുറയ്ക്കുന്നു രക്ഷാർത്ഥം സുനിശ്ചയം
സുവാക്യമുരച്ച ധൂർത്തിളയ പുത്രൻ ഞാനേ
സുഭാഗ്യം ലഭിപ്പാനായ് വന്നുനിൻ പാദാന്തികേ
നീയിനിക്കായിത്തന്നെ സമ്പത്തും ധനങ്ങളും

നീതികേടായി ധൂളിച്ചയ്യയ്യൊ[6] മഹാകഷ്ടം
സമ്പത്തുനഷ്ടം ചെയ്തിതെന്നതും മഹാദുഃഖം

1. തായ് = അമ്മ 2. ഋക്ഷധാരി = ദുമ്മനിക്കോസ് 3. മദ്ധ്യാൽ = മദ്ധ്യസ്ഥതയാൽ 4. റുസാരി = Rosary
5. മഹാശ്രേഷ്ഠൻ = മാർസ്ലീനോസ് 6. ധൂളിച്ചു = നശിപ്പിച്ചു (പൊടിയാക്കി)

ഇമ്പത്തെത്തന്ന പിതൃനിന്നെയും നിന്ദിച്ചയ്യോ
അയ്യയ്യോ തിരുമേനി നോക്കുമ്പോൾ മഹാദുഃഖം
പെയ്യുന്ന മഴസമം നിന്നുടെ രക്തം ചിന്തി
എന്നെ നിൻ കരത്താലെ സൃഷ്ടിച്ചുപോറ്റീടുന്നു
തന്നു നീ അടിയനും കരങ്ങൾ രണ്ടും ദൃഢം
എന്നുടെ കരങ്ങളാൽ ചെയ്യുന്ന പാപങ്ങളാൽ
നിൻ തിരുക്കരങ്ങളെ തുളച്ചേനഹം കഷ്ടം
നടപ്പാനായിക്കൊണ്ടു തന്നു നീ പാദങ്ങളെ
കടപ്പാലടിയനും തറച്ചേൻ നിൻപാദങ്ങൾ
മുറിച്ചുനിന്റെ ദേഹമെൻ പാപകഷ്ടത്താലേ
പറിച്ചേൻ നിൻ മാംസത്തെ പുലിക്കുസമമയ്യോ
അറപ്പാനുള്ള കൂട്ടം സ്മരിച്ചെന്നതുഹേത്വാൽ
തറച്ചേൻ ശിരസിലും കണ്ടകമുനകളെ
കർണ്ണവും കണ്ണുംതന്നു എന്നതു നിമിത്തമായ്
കൺകളിൽകൂടെ മഹാമുൾമുനപതിച്ചയ്യോ!
കഷ്ടമേ, മഹാകഷ്ടം, ദുഃഖമെ, മഹാദുഃഖം
ദുഷ്ടനായടിയനു പോക്കിട[1]മെവിടത്തിൽ
ഞാൻ കഷ്ടൻ മഹാദുഷ്ടൻ നന്ദിഹീനനാകിലും
ഞാൻ നിന്റെ കരവൃത്തി, പോക്കിടം നീയേ നാഥാ!
അനന്തഗുണനിധെ! എവിടെയിടമുള്ളു
നിൻ തിരുമുൻപിൽനിന്നു ഭയത്താലൊളിപ്പാനായ്
നിന്നെ ഞാൻ മറന്നതു നിശ്ചയമെന്നാകിലും
എന്നെ നീ ഉപേക്ഷിച്ചില്ലെന്നതു സുനിശ്ചയം
നിന്നെ ഞാനുപേക്ഷിച്ചു പിന്തിരിഞ്ഞതു നേരം
എന്നെ നീ മറക്കാതെ പിൻതുടർന്നെന്റെ പിൻപെ
വഴക്കിയില്ലായെന്നെ[2] പുഴുക്കൾ കടിപ്പാനായ്
പിഴച്ചെങ്കിലുമെന്നെ ഉപേക്ഷിച്ചില്ലനീയേ
ഇത്രനിന്ദിതനായ അടിയൻ നിന്റെ തിരു
ച്ചിത്രകൗതുകമായ കൂട്ടത്തിൽ[3] ചേർന്നീടുവാൻ
ഇന്നെനിക്കിടയാക്കിയെന്നതാലടിയനെ
നിന്ദിതനായിത്തള്ളിയുപേക്ഷിച്ചില്ല, ദൃഢം
മരിച്ചിട്ടില്ല ഞാനും കുഴച്ചെന്നതേയുള്ളു
സ്മരിച്ചു ചേർന്നീടുകിൽ ചേർത്തീടും നിൻ പാദത്തിൽ
ഇതിനായൊരു കഴിവിതെന്നു സ്മരിച്ചിപ്പോൾ

1. പോക്കിടം = അഭയസ്ഥാനം 2. വഴക്കിയില്ല = വിധേയനാക്കിയില്ല 3. ചിത്രകൗതുകമായ കൂട്ടം = പുതിയ സന്യാസസഭയേയാകാം ഉദ്ദേശിക്കുന്നത്

മതിയാൽവരുന്നു[1] ഞാൻ ഗദസേമ്മനിയതിൽ
പരമദേവസുതാ, കരുണ നിധേ, നാഥാ!
പരനാം പിതൃസമകൂടസ്ഥാ! സമസ്തേശാ!
നരവർഗ്ഗത്തിൽ രാജാ! ദാവീദിൻ സുതൻ രാജൻ
പരരക്ഷയെ ചെയ്വാൻ നിയെന്യെ മറ്റാരുള്ളു
ഒൻപതുവൃന്ദം ദേവസുന്ദരഗണമൊക്കെ
മുൻപിലാരാധിച്ചിടും നിൻതിരുവടിയല്ലൊ
ഈ നിശാമദ്ധ്യനീയിക്കാടതിലെഴുന്നെള്ളി
ഈശനായിരിക്കുന്ന നീ എന്തുതേടീടുന്നു
എന്നുടെ സ്നഹാജമാം നിന്നെത്തേടുവാനായി
മന്നിലിങ്ങെഴുന്നെള്ളി സ്നേഹത്താൽ വലയുന്നേൻ
മുപ്പത്തിമൂന്നുവർഷം ഐപ്പാഴും[2] ദുഃഖത്തോടെ
അല്പനാം നിന്നെത്തേടി വലഞ്ഞേൻ മമസുതാ
മലകളാഴികളുമടവിതെരു വീഥി
വലഞ്ഞേനഹം തേടിമേ സുതാ! മഹാ ദുഃഖാൽ
കല്ലുകൾ മുള്ളുകളും ചവട്ടിപ്പൊടിച്ചു ഞാൻ
തെല്ലൊരുനേരം വ്യഥാ ഞാനിരുന്നില്ല മോദാൽ
തൊണ്ണൂറ്റൊൻപതു നല്ലോരജങ്ങൾ വച്ചേച്ചു ഞാൻ
എണ്ണത്തിലൊന്നാം നിന്നെ തേടി ഞാൻ വലഞ്ഞിതാ
മമതാതന്റെ ദേവമടിയിൽനിന്നുനീങ്ങി
മമ സ്നേഹമാതരം ദുഃഖാബ്ധി മുക്കിത്വയാ
വേഗത്തിൽ വന്നീടുക, നിന്നുടെ പിതാ ഞാനേ
ഭേദത്തെ നിനയ്ക്കേണ്ട സർവ്വതും മറന്നു ഞാൻ
അയ്യയ്യൊ സ്നേഹപിതാ ദൈവമേ സർവ്വേശ്വരാ!
അയ്യത്താൽ മടുക്കുന്നേൻ പൊക്കുവാൻ മമനേത്രം
നിന്നുടെ തിരുമുഖം പാർക്കുവാൻ മഹാദാഹം
എന്നുടെ മഹാപാപാൽ ശങ്കിക്കുന്നഹമയ്യൊ!
ഒക്കെയും പൊറുത്തു ഞാനടുത്തു വന്നീടുക
പൊക്കിയ മമകരം നീട്ടി ഞാൻ കഴുകട്ടെ
കരുണയേറും പിതൃ ഞാനെന്നു നിനച്ചിപ്പോൾ
കരുതിയണഞ്ഞുവാ, നിന്നെ ഞാൻ മുത്തീടുവാൻ
കഷ്ടനാമടിയന്റെ ദുഷ്ടത ഹേതുവിനാൽ
നഷ്ടമായ് ദേഹിരൂപം ദുർഗ്ഗന്ധം വീശുന്നയ്യൊ!
നിൻ തിരുവടിയുടെ നാവിനാലരുൾ ചെയ്താൽ

1. മതിയാൽ = മാനസികമായി 2. ഐപ്പാഴും = എപ്പോഴും എന്നൊരു പാഠഭേദമുണ്ട്

പിന്തിരിഞ്ഞടിയനു ലഭിക്കും ദേഹീഗുണം
നിൻതിരുമേനിയതിൽ നിന്നൊഴുകുന്ന രക്തം
എൻ മഹാ കഷ്ടം പാപം കഴുകിവെളുപ്പിക്കും
അയ്യയ്യോ! കാണുന്നു ഞാൻ എത്രയും മഹാ ജനം
അയ്യമില്ലാതെ മുൻപിൽ കാണുന്ന ദുഷ്ടശിഷ്യൻ
വന്നവനടുത്തുടൻ തൻ തിരുമുഖമതിൽ
വന്ദന കാട്ടിക്കൊണ്ടു മുത്തിനാലേൽപ്പിച്ചയ്യോ!
എങ്കിലും മഹാദയാൽ പിന്തിരിഞ്ഞരുൾചെയ്തു
ശങ്കയില്ലാതെ സഖേ! ഇങ്ങനെ കാട്ടീടുന്നോ?
ചൊന്നുടനതുനേരം വൈരിവൃന്ദത്തെപ്പാർത്തു-
"വന്നതിനവകാശമെന്തെന്നു ചൊൽവിൻ നിങ്ങൾ"
"നസറേയനാമേശുവെന്നുള്ള ദേഹത്തിനെ
അരച കല്പനയാൽ തേടുവാൻ വന്നു ഞങ്ങൾ"
"യേശുവെന്നുള്ള ദേഹം നാം തന്നെ അറിഞ്ഞാലും
മോശമൊന്നുമേ ശിഷ്യരോടു ഭാവിക്കവേണ്ടാ"
നാം തന്നെ എന്ന നാദം കേട്ടുടൻ വൈരിവൃന്ദം
താൻ താനെ വീണു ജനമൊക്കെയും ശവംസമം
നാഥനേ! മമ ദേവാ! കോപമായൊരു വാക്യം
നീയരുൾ ചെയ്തില്ലല്ലൊ എന്തിതു മഹാശക്തി
അയ്യയ്യോ കോപത്തിന്റെ നാളതു വന്നീടുമേ
പെയ്യുമെന്നാളിലഗ്നിശരങ്ങൾ മഹാക്രൂശാൽ
ഇന്നു ഞാൻ സുവാക്യത്തിൻ സാരത്തെ സൂക്ഷിക്കുകിൽ
ചൊന്നതിൻ സാരം മഹാ ദയയിൻ സാരാർത്ഥമേ
വന്ന നിങ്ങളാരെന്നും നാമാരായിടുന്നെന്നും
നന്നായി ഗ്രഹിച്ചതോ, നാം തന്നെ സൃഷ്ടിനാഥൻ
എന്നുതന്നെയുമല്ല നിങ്ങളെൻ ഭൃത്യവൃന്ദം.
നന്ദിയാൽ പിതൃക്കളെ വരിച്ച നാഥൻ നാമെ
നിങ്ങളാ എജീപ്തിങ്കൽ തല്ലുകൊണ്ടീടുന്നേരം
മംഗലരാജ്യമതിൽ ചേർപ്പിച്ച നാഥൻ നാമെ
വലിയ വനമതിൽ പശിച്ചു ദാഹിച്ചപ്പോൾ
കല്ലിനാൽ ദാഹം പശിമഞ്ഞിനാൽ തീർത്തുവല്ലോ
ഇനിയും മമശക്ത്യാൽ യോസപ്പാത്തതിൻ ധരെ
വഹനിയാൽ ശുഭാശുഭം വിധിക്കുന്നതും നാമെ
ഇങ്ങനെയുള്ള പല സാരാർത്ഥമവരോടും
മംഗലശൂന്യനായ എന്നോടുമിതുതന്നെ
എന്നുടെ ബോധക്കണ്ണുതുറന്നു നന്മതിന്മ

ഇന്നതെന്നറിഞ്ഞതിൻ ശേഷത്തിൽ മമാത്മാവിൻ
പാദങ്ങളായിടുന്ന ചിത്താദിഗതികളും[1]

പാതകങ്ങളും കണ്ട നേരത്തിൽ മഹാദയാൽ
എന്നുടെ ആത്മത്തെ താൻ സൂക്ഷിച്ചു മമചങ്കിൽ
തന്നുടെ തിരുവാക്യമീവണ്ണം കേൾപ്പിച്ചയ്യോ
നിന്നുടെ താതൻ നാമേ സ്നേഹദേവനും നാമേ

എന്നുടെ ചങ്കിൽ നീയീ കുന്തത്തെ പതിക്കുന്നൊ
അയ്യയ്യോ സ്നേഹപിതാ, സൃഷ്ടിനാഥനേ, മമ
അയ്യത്താലധോഭാഗേ, താഴ്ത്തുന്നേൻ മമാനനം
എന്നുതന്നെയുമല്ല, പിന്നെയും മമബുദ്ധി

മന്നിലെ നിർമ്മോഹത്തെയാശിച്ചു ചരിക്കുമ്പോൾ
എന്നുടെ പിന്നാലെ നീ നടന്നു മഹാദയാൽ
നന്ദിയെ കാട്ടി എന്നെ വിളിച്ചു കരുണയാൽ
പാപി ഞാൻ ദുർഭാഗ്യത്താൽ ശ്രോത്രത്തെ പൊത്തിക്കൊണ്ട്[2]

പാപപന്ഥാവിൽ നടന്നയ്യയ്യോ, മഹാദുഃഖം
പാതകനായിത്തണ്യപാതയിൽ നടന്നപ്പോൾ
താതനെപ്പോലെ മമ പിന്നാലെ നടന്നു നീ
ചൊല്ലി നീ മമ ചിത്തേ താതൻ ഞാൻ മമ സ്നേഹം

നല്ലൊരു മാതാവും നാം മേ സുത സ്മരിക്ക നീ
ഇങ്ങനെ ഓരോന്നുമേ മാനസേ തോന്നിച്ചു നീ
മംഗലശൂന്യനയ്യോ ഞാൻ ത്യജിച്ചതുകാലേ
ഇക്രിയകളും മമ ദുഷ്ടക്രിയകളുമോർത്താൽ

ഇക്ഷ്വമിയായ ഞാനു, മീ ജനത്തിന്നു സമം
എന്നു ഞാനോർക്കും നേരം വിറച്ചു ഭ്രമിക്കുന്നു,
നന്ദിഹീനനാമെന്നെ നീയുപേക്ഷിച്ചീടുമോ
നിൻകരണങ്ങൾക്കിതു തോന്നീടുമെന്നാകിലും

എൻ കരുണയെക്കാണ്മാൻ പിമ്പിനാൽ വരിക നീ
ധീസ്മരണങ്ങൾകൊണ്ടു[3] ഗാഗുൽത്താ ഗിരിയതിൽ
ധ്യാനത്താൽക്കേറിക്കാൺക മമ സ്നേഹത്തിൻ വൃത്തി
ശരണം നീയെ നാഥാ! മരണമടുത്തു നിൻ

സ്മരണയിതല്ലാതെ ശരണം മറ്റൊന്നില്ലെ,
പൊയ്പോയോരജ്ഞിനെത്തേടുവാൻ നീ വന്നെന്നും
കെല്പുകേടുള്ളോർക്കെല്ലാം വൈദ്യനും നീയേ സ്വാമി!
നിന്നുടെ പക്കൽച്ചേർന്ന പാപികൾ സകലർക്കും

1. ചിത്താദി = ചിന്താദിയെന്നും പാഠഭേദമാകാം 2. ദുർഭാഗ്യത്താൽ ശ്രോത്രത്തെ പൊത്തിക്കൊണ്ട് = ദൈവത്തിന്റെ കരുണാപൂർവ്വമായ വിളിക്കെതിരെ ചെവി പൊത്തിയത് നിർഭാഗ്യമായിപ്പോയെന്നു വിലപിക്കുന്നു. 3. ധീസ്മരണങ്ങൾ = ബുദ്ധിയും ഓർമ്മയും.

നിന്നുടെ ദയവിനെ ലഭിച്ചെന്നതും നൂനം
എങ്കിലും മഹാ തപസനുഷ്ഠിച്ചവരെല്ലാം
ശങ്കയില്ലാതെ നിന്റെ സന്നിധിയണഞ്ഞവർ
പാപിയാം ഞാനോ മമ പാപാബ്ധികാണുന്നിതാ

താപസനായീടുവാൻ മേ ശക്തി വശഹീനം
നിൻ തിരുപ്പാടുകളെ സ്മരിച്ചു ചിന്തിപ്പാനും
നിൻ തിരുരക്തത്താലെ ശരണം പ്രാപിപ്പാനും
ഇന്നതെന്നിയേ മറ്റു തപസ്സിന്നനുഷ്ഠിപ്പാൻ

എന്നാലസാദ്ധ്യം ദൃഢം ശരണം തിരുരക്തം
ഇത്തിരു രക്തത്തിനു ദാഹിച്ചു വൈരീവൃന്ദം
അത്തിരുവാക്യം കേട്ടങ്ങണഞ്ഞു ദയവിനാൽ
രക്തപ്രിയനാം വ്യാഘ്റമെന്നപോൽ ചിലർ തന്റെ

രക്തനാഡിയോടീടും ഗളത്തെയമർത്തിയും
സിംഹവൽ ക്രോധത്തോടെ മാറ്റലർ തള്ളിയുന്തി
സിംഹരാജേന്ദ്ര രാജനാഥനെ വീഴിച്ചയ്യോ!
അടിച്ചു കന്നത്തിലും പറിച്ചു തിരുമുടി

പിടിച്ചുകെട്ടി കൈകൾ പിൻകെട്ടാൽചോരൻസമം
ക്രോധമേറീയും ജനം ക്രുദ്ധിച്ചുശ്വാക്കൾ യഥാ,
ക്രൂരമായടിച്ചവർ വിഷസർപ്പത്തെപ്പോലെ
ശത്രുസംഹാരംചെയ്ത സേനാവൃന്ദത്തെപ്പോലെ

ത്രാസം[1]കൊണ്ടു ശിഷ്യരൊക്കെയുമൊളിച്ചയ്യോ!
ഇങ്ങനെയവർ തന്നെ ഓർസലേം നഗർനീളെ
മംഗലനാഥൻ തന്നെപ്പാശത്താൽ വലിച്ചയ്യോ!
തന്നുടെ തിരുച്ചിത്തം കരത്താലെന്നെച്ചെയ്തു

എന്നതിൻ കൃതജ്ഞത കാട്ടിയെൻ കരമയ്യോ!
പിന്നെയും മമ പാപാൽ ഉന്നതവിധിയതിൽ
എന്നെ രക്ഷിപ്പാനുള്ള തന്നുടെ മഹാദയാൽ
സർവ്വരെ വിധിക്കുന്ന നീതിമാൻ പാപിസമം

പൂർവ്വം ഹന്നാനുമുൻപിൽ നീതിയെ കേൾപ്പാൻനിന്നു
പിന്നെയും ഗുരുശ്രേഷ്ഠൻ കയ്യേപ്പാ തന്റെ മുൻപിൽ
ഉന്നതൻ നാഥൻ തന്നെയണച്ചു ദുഷ്ടജനം.
'നിന്നുടെ ശിഷ്യജനമെവിടെ എന്തുമാത്രം

മന്നിലൊക്കെയും കേൾപ്പിച്ചെന്നതുചൊന്നീടുക'
നില്ക്കുന്ന മഹാജനമൊക്കെയും കേൾക്കെച്ചൊല്ലി
'ഇന്നിവർ ചൊന്നീടുമെ, രഹസ്യമൊന്നുമില്ല.'
ഇങ്ങനെ സാധുത്വമായുത്തരിച്ചതുനേരം

1. ത്രാസം = പേടി

തിങ്ങിനകോപത്തോടെയടിച്ചു തൃക്കവിളിൽ
അയ്യയ്യോ അടിയുടെ കാരണം ഗ്രഹിച്ചുഞാൻ,
അയ്യമില്ലാതെ, അഹം ചെയ്ത വൃത്തിയാലയ്യോ
ദുർഗ്ഗതിയോഗ്യനായ മേവിധി നീക്കീടുവാൻ

ദുഷ്ടനാൽ വിധികേട്ടെൻ ജനകൻ മഹാദുഃഖം
വീണ്ടുനീ രാത്രൗപെട്ട ദുഃഖവും മഹാകഷ്ടം
വീണ്ടും വീണ്ടുമേയുള്ള വീഴ്ചകൾ ക്ഷമിച്ചയ്യോ!
വെളുത്തനേരം നിന്നെക്കടുത്ത വൈരീവൃന്ദം

വെളുത്തോൻ[1] പീലാത്തോസിൻ വശത്തിലേൾപ്പിച്ചവർ
വിധിപ്പാനവൻ നിന്നിൽക്കുറ്റം വസ്തുഏതും
വിധത്തിൽ കണ്ടില്ലെന്നും സ്വരത്താലറിയിച്ചു.
കടുത്ത വൈരികളെയടക്കീടുവാൻ പിന്നെ

തടുത്തു ചൊല്ലിയിയാൾ ഗലീലാക്കാരൻ സ്ഥിരം
അടുത്തിരിക്കുമേറോദേസിന്റെ നീതിസ്ഥലേ
തടുത്തുകൂട്ടി അവനയച്ചു വ്യാപ്തിവശാൽ[2]
ദുർമ്മാർഗ്ഗ പഥഗാമി പ്രത്യക്ഷം[3] കണ്ടിടുവാൻ

ദുർമ്മോഹാലിച്ചിച്ചവൻ ചോദിച്ചുപലവിധം
നിർമ്മല! സർവ്വേശ്വര! നിന്നുടെ നാദംകേൾപ്പാൻ
അമ്മലഗാമി[4] യോഗ്യനായില്ലാദ്യഢംതന്നെ.
എന്നുടെ സ്നേഹപിതാ നിന്നുടെ സുതൻ ഞാനും

എങ്കിലും പാപിഞാനെന്നോർക്കുമ്പോൾ വിറയ്ക്കുന്നേൻ
ഇന്നവൻ സുവാക്യത്തെ കേൾപ്പതിന്നയോഗ്യനായ്
എന്നപോൽ നിന്റെ സ്വരം നിറുത്തീടല്ലേ താതാ!
പിന്നെയും നിന്നെയവൻ ഭ്രാന്തനായ്ച്ചമച്ചയ്യോ!

മിന്നും തിരുമേനിയിൽ വെള്ളപ്പട്ടുടുപ്പിച്ചു
അയ്യയ്യോ വൈരീവൃന്ദം പൊയ്സാക്ഷി[5] വീണ്ടും കൂട്ടി
അയ്യമില്ലാതെ വീണ്ടും പന്തിയോസിന്നേൾപ്പിച്ചു
ദുഷ്ടർക്കിഷ്ടമാകുവാൻ വീണ്ടുമെൻനാഥാ! നിന്നെ

ദുഷ്ടനങ്ങേൾപ്പിച്ചയ്യോ നാഥനെ ഭടന്മാർക്ക്
നിർമ്മല! മമ ദേവാ! സുന്ദരശരീരിയെ!
എൻമലപാപാൽ[6] നിന്നെത്തല്ലുവാൻ വിധിച്ചയ്യോ!
ബ്രഹ്മചാര്യനും നീയെ നിർമ്മലശ്ശരീരി, നീ

1. വെളുത്തോൻ = വെളുത്തവൻ (റോമൻ വംശജൻ) 2. വ്യാപ്തിവശാൽ = അധികാരവ്യാപ്തിയിൽ പെട്ടിരുന്നതിനാൽ 3. പ്രത്യക്ഷം = അത്ഭുതദൃശ്യം 4. മലഗാമി = പാപത്തിൽ ചരിക്കുന്നവർ 5. പൊയ് സാക്ഷി = കള്ളസാക്ഷി 6. മലപാപാൽ = മലപോലെ കൂമിഞ്ഞ പാപങ്ങളാൽ.

ബ്രഹ്മകല്പനവിധി ഏവർക്കും ചതുർദ്ദശം
തികപ്പാൻ വിധിയില്ല, മുപ്പതു നവംമാത്രം
അടിപ്പാൻ ന്യായമിതും നിനക്കില്ലയ്യോ നാഥാ!
അഴിച്ചുതിരുവസ്ത്രം മുറുക്കിക്കെട്ടിതൂണിൽ
അടിക്കും ഭടന്മാർക്കും കൊടുത്തു രൊക്കംപണം
അമ്മയേ, മഹാദയാ നാഥയേ! രാജ്ഞീമമ
നിർമ്മലാംഗിയേ, മമശക്തിയേ! രാജേശ്വരീ!
ഇന്നിതുനേരം നീയീകാഴ്ചയെ ദർശിച്ചിതോ
എന്തുനീ ചെയ്തീടുന്നു നിന്നുടെ പുത്രനിതാ
നിന്നുടെ തിരുദരെ താനിരിക്കുമ്പോൾതന്നെ
മുന്നമേ ഉടുപ്പിപ്പാൻ ചമച്ചുതിരുവസ്ത്രം,
നിർമ്മലബാഹുക്കളാൽ നീതന്നെ നൂൽകൾനൂറ്റു
ഒന്മായാൽ[1] നെയ്തുചമച്ചന്നൊരു പിള്ളക്കച്ച
നിൻമണവാളൻ തന്റെ കൈകളാൽ സപുഷ്പങ്ങൾ
ചെമ്പകമല്ലിനല്ല പിച്ചകകുസുമാദി
ഇമ്പമേറീടും കറുവാ[2] യാദിവർഗ്ഗങ്ങളെ
ഒക്കെയും കൂട്ടിച്ചമച്ചെത്രയും സുബുദ്ധിയാൽ
വെക്കമായ് മാറ്റിക്കൊണ്ടു സുഗന്ധജലത്തിനാൽ
തളിച്ചു ശുദ്ധീകരിച്ചടച്ചു പെട്ടിതന്നിൽ
ഒളിച്ചു സൂക്ഷിച്ചല്ലോ, പിറക്കും മുൻപിലയ്യോ
ഇതുമെന്നിയെ തന്റെ ശിശുവാം കാലത്തിങ്കൽ
സ്തുതിയാലീജിപ്തതിൽ ചമയിച്ചിതുനീയെ
സുതനും പഞ്ചവയസ്സടുക്കുന്നതിൻ മുൻപെ
സുതചിത്തംപോലിതു ധരിപ്പിച്ചതുമുതൽ
സുന്ദരൻ സുതനോടുമൊന്നിച്ചുവളർന്നതും
അന്നെന്നപോലെയിന്നും മിന്നുന്ന വസ്ത്രമിതാ
ഇന്നിതാ ദുഷ്ടജനം പറിച്ചുനീക്കിക്കൊണ്ടു
സ്തുതിയോഗ്യമാം തന്റെ കാൽകരം കെട്ടുന്നതും
മറ്റൊരു ജനത്തിന്റെ കൈകളാൽ കൊടുക്കാത്ത
ഉറ്റനിൻ സ്നേഹസുത ദേഹത്തെക്കാണുന്നിതോ
ദുഷ്ടരാമവർ തന്നെയടിച്ച അടികളാൽ
കഷ്ടമായ് തന്റെ ദേഹമൊക്കെയും മുറിഞ്ഞയ്യോ!
പിന്നെയുമടിയതിലടിക്കനിമിത്തമായ്
സുന്ദരദേഹഖണ്ഡം ചിതറി വീഴുന്നയ്യോ!

1. ഒന്മ = ഒണ്മ (അഴക്) 2. കറുവാ = ഒരു സുഗന്ധവർഗ്ഗം

അമ്മയെ!പ്പാർക്കനിന്റെ സുതന്റെ സുദേഹത്തെ
നിർമ്മലൻ തന്നെക്കണ്ടാലെന്തിതോ മഹാദുഃഖം

വൈരികളുടെ മനമിതു കാത്തതിനാലെ
ക്രൗര്യവീരന്മാർ വീണ്ടും താഡിച്ചുമുറിക്കുന്നു
അയ്യയ്യോ വൈരികളെ പൊയ്യായി ദുഷിക്കുന്നു
മെയ്യയ്യൊ ഞാൻ ചെയ്തൊരു പാപകാഠിന്യമിതേ

നാഥനൊ! പാപിയെന്നെ ശിക്ഷിക്കചിത്തംപോലെ
നാഥയാം തായെനിന്നെ ഖേദിപ്പിക്കുന്നതിദുഃഖം
പിഴച്ച പാപിഞാനെ പ്രാശ്ചിത്തം[1] നീ ചെയ്യുന്നോ
കുഴച്ചപാപിതാനുമസാദ്ധ്യനെന്നു ദൃഢം

എങ്കിലും മമപാപമൊത്തിരി കുറഞ്ഞെങ്കിൽ
നിൻ തിരുവടിയുടെ കഷ്ടവും കുറഞ്ഞേനേ!
ഞാൻ സർവ്വപാപം ചെയ്തുമേ സർവ്വശരീരത്താൽ
നിൻ സർവ്വശരീരാംഗമൊക്കെയും ദുഃഖിപ്പിച്ചേൻ

എങ്കിലും ദയാനിധേ നിൻസർവ്വദേഹം ദുഃഖം
ശങ്കിലുള്ളടിയന്റെ ദുഃഖത്താലല്പം നീങ്ങും
എന്നിതുമാത്രം മമ മനസ്സിലുറച്ചിട്ടു
ഇന്നു ഞാൻ ഖേദിച്ചിടാമിതല്ലാതെന്തുഗതി

ഇങ്ങനെ ദുഷ്ടജനം തന്നുടെ ശരീരത്തിൽ
തിങ്ങിനക്രോധത്തോടെ തികച്ചു സഹസ്രങ്ങൾ[2]
സുന്ദരശരീരത്തിന്നംഗങ്ങൾക്കൊന്നും സുഖം
മുന്നമേയുള്ള ശർമ്മമാംസമെങ്ങുമേയില്ല

ഇന്നിതു മതിയാക്കിയെങ്കിലുമുടൻതന്നെ
പിന്നെയുമതില്പരമുന്നതപട്ടംകൂട്ടി
തന്നുടെ സ്നേഹജനലോകരാമിവർകൾക്കു
തന്നുതാൻ രാജ്യം പിന്നെ രാജാവിൻ കിരീടവും

എന്നതിനുള്ള നന്ദികാട്ടുവാൻ നാഥൻതന്റെ
സുന്ദരശിരസിനും ചമച്ചുമുള്ളാൽമുടി
പിഴച്ച പിതാവിനാൽ[3] മുളച്ചമുൾകൾ തെറ്റി
ചമച്ചനാഥൻ തന്റെ ശിരസിൽത്തറച്ചയ്യോ!

തുളച്ചു തലച്ചോറിൽപ്പതിച്ചു ചിലമുന
വിളിച്ച നാമത്തിനെ തിരിപ്പാൻ ചിഹ്നങ്ങളായ്
പൊളിച്ച പഴഞ്ചാൽവാ[4] കഴുത്തിൽ ധരിപ്പിച്ചു
കൊടുത്തുനാഥൻ മുൻപിൽ ശവുത്ത;[5] അഹറോനും

1. പ്രാശ്ചിത്തം = പ്രായശ്ചിത്തം 2. തികച്ചു സഹസ്രങ്ങൾ = ആയിരക്കണക്കിന് അടികൾ തികച്ചു
3. പിതാവ് = ആദം 4. പഴഞ്ചാൽവാ = പഴഞ്ചനായ സാൽവാ 5. ശവുത്ത = വടി

കൊടുത്ത കോലാൽ മുശപകുത്തു കടലതും
അടിച്ചകോലാൽപ്പിന്നെക്കടുത്ത പാറയതിൽ
തടിച്ച ജനത്തിനെ കുടിപ്പിച്ചുടൻജലം
കൊടുത്തു പിന്നെച്ചെങ്കോൽ കൊടുക്കോൻ കീശിൻപുത്ര
ന്നടുത്ത സുതസുതൻ ശലമ്മെൻ തനീക്കുമെ
ഇതിന്നു പ്രത്യുത്തരം കൊടുപ്പാൻ വിധിതന്നെ
അതിന്നു നിവൃത്തിയായ്ക്കൊടുത്തങ്ങില്ലിക്കോലും
ഇങ്ങനെ രാജചിഹ്നമൊക്കെയും തികച്ചുടൻ
ഭംഗിയാൽ സിംഹാസനേയിരുത്തിപൊന്തിയോസും
മാനിച്ചമാനം കാണ്മാൻ മോഹിച്ച ജനത്തിനെ
ക്കാണിച്ചുചൊല്ലിയവൻ ഹാഗൗറാ[1] കാണ്മിൻ നിങ്ങൾ
ക്രുദ്ധരായ് ജനമുടൻ ക്രുദ്ധിച്ചശ്ശാക്കൾ യഥാ
ക്രൂരമായ് കൂകീട്ടുടൻ "തൂക്കുക കുരിശതിൽ"
"നിങ്ങൾക്കു രാജനിയാൾ എന്നയീയേശുവിനെ
ഭംഗിയാൽ കുരിശതിൽ തൂക്കട്ടെ; മനസ്സിതോ"
എന്നവൻ വീണ്ടും ചൊല്ലിക്കാട്ടിയനേരംതന്നെ
"ഇന്നു ഞങ്ങൾക്കു രാജൻ കേസറല്ലാതില്ലഹൊ"
എന്നവർ ചൊന്നനേരമിന്നിയാൾ രക്തപ്പഴി
നമ്മുടെ മേലില്ലെന്നും ചൊന്നവൻ കയ്യുംമുക്കി
എന്നതു നേരമയ്യൊ നമ്മുടെയമ്മനാഥ
മന്ദിരേനിന്നുതാനും കുമ്പിട്ടു സ്വപുത്രനെ
മുട്ടുകൾ കുത്തിഭക്ത്യാൽ സാഷ്ടാംഗം ചെയ്യുന്നേരം
ഇഷ്ടനാം യോഹന്നാനും മറ്റുള്ളയാളുകളും
ദുഷ്ടരാം യൂദജനമട്ടഹാസത്തോടപ്പോൾ
കൂപ്പിട്ടു രക്തപ്പഴി ഞങ്ങൾക്കും തനയർക്കും
ഇന്നു ഞാനവരുടെ നന്ദിഹീനത്തെ വ്യഥാ
എന്തിന്നു വിസ്തീർണ്ണമായ് ച്ചൊല്ലുന്നു മമാത്മാവെ,
ദുർമ്മോഹം നിനച്ചു നീ ഗാംഭീര്യഭാവംപൂണ്ടു
ദുർമ്മനോചരങ്ങളെയോർത്തു നീ ഖേദിച്ചാലും
നേരയ്യൊമമതാത നിന്നുടെ തിരുമൗലി.
ഘോരമായ് മുറിച്ചതും ഞാൻതന്നെ മഹാദുഃഖം
കണ്ടുകേട്ടുള്ള കാഴ്ചകേൾവികൾ നിമിത്തമായ്
കണ്ടകനീണ്ടമുന ഞാൻതന്നെ പതിച്ചല്ലൊ
എന്നുടെ നേത്രശ്രോത്രൗ ഞാൻ ഭരിച്ചിരുന്നെങ്കിൽ

1. ഹാഗൗറാ = ഇതാമനുഷ്യൻ (സുറിയാനി പദം)

നിന്നുടെ മുൾമൂർച്ചകൾക്കാശ്വാസം ഭവിച്ചേനെ
അയ്യയ്യോ! സ്നേഹപിതാ നീതന്നുമമനേത്രം
മെയ്യയ്യോ തദ്ധ്വതുവാൽ മുൾമുനകണ്ണിൽകൊണ്ടു
ഞാൻ ജനിച്ചതുകാലമന്തരിച്ചെന്നാകിലും
ഞാൻ പാപം ചെയ്തക്ഷണമെന്നെ ശിക്ഷിച്ചെങ്കിലും
ഇന്നിതിൻ മുനകളാൽ നിന്നുടെ ശിരസിന്നു
വന്നൊരു പീഡതെല്ലുമന്ദമായ്ച്ചമഞ്ഞേനെ
ആയുരാദികൾ നീട്ടിത്തന്നുനീ പുനഃപുനഃ
ആയതും മമകഷ്ടാൽ ദുഷ്ടതയ്ക്കാക്കിയയ്യോ
പിന്നെയും നിന്നിലയ്യോ, നിന്നുടെ ദുഃഖെക്യുച്ചൈറം
വഹ്നിപോലെരിയുന്ന വൈരികൾ മനോദ്വേഷാൽ
കൂപ്പിട്ടാശബ്ദം കേട്ടുപീലാത്തോസ് ഭയപ്പെട്ടു
കോപ്പിട്ടു തീർപ്പു ചെയ്പാൻ എഴുതി മൃത്യുവിധി
കേട്ടതു നേരമവർ കൂട്ടമായ് പുറപ്പെട്ടു
കോട്ടമെന്നിയെ കാട്ടി സ്ലീവായെ നാഥൻ തന്നെ
കണ്ടതു നേരമമ്മ കന്നിയും യോഹന്നാനും
മണ്ടി വീണുകുമ്പിട്ടു മറ്റു ഭക്തസ്ത്രീകളും
എന്നുടെ പിതാ നീയെക്കണ്ടുടൻ മഹാമോദാൽ
നിന്നുടെ തിരുക്കൈകൾ നീട്ടിയങ്ങുടൻ കാട്ടി
അക്ഷണം പീലാത്തോസിൻ ദുഷ്ടതത്തീർപ്പിൻ പത്രം
സൂക്ഷമായ്ക്കേൾപ്പിപ്പാനായ് കല്പിച്ചു പറകൊട്ടി
അയ്യയ്യോ സർവ്വേശ്വരാ പിതാവേ! നീതീശ്വരാ!
അയ്യമില്ലാത്ത ദുഷ്ടവിധിയെ സ്മരിക്ക നീ
കല്പിച്ചു തുറപ്പിക്ക മോക്ഷത്തിൻ വാതിലയ്യോ
കെല്പുള്ള നിന്റെ സേനക്കൂട്ടത്തിൻ "ധളകർത്തൻ"
സേനാധിപതികളാം മിഖായേൽ ഗൗറിയേലും
റപ്പായേൽ യൂദിയേലും വർക്കായേൽ ശെല്സ്സിയേലും
ഊറിയേൽ എന്നുമുള്ള സപ്തശ്രേഷ്ഠാധിപന്മാർ
നറിയേലന്മാരായ ഒൻപതു വൃന്ദങ്ങളും
ഒക്കെയും വന്നു നിന്റെ പുത്രസ്യമൃത്യുവിധി
കേൾപ്പതിന്നരുളാലേ ദുഃഖമേ, മഹാദുഃഖം
വാചകമിതു തന്നെ മേ പാപാൽ ദയാപിതാ
പാപി തൻ വിധി സമം കേട്ടുമേ രക്ഷാതീർപ്പു
ചൊല്പെട്ട നഗരമാം ജരുസ്സേംറെജ്ഞന്തിയും

മേല്പെട്ട ഗലീലയിൻ പ്രസിദ്ദേന്തിയും മഹാ
കീർത്തിമാൻ മഹാശക്തൻ റോമ്മായിസരത്തോരിൻ[1]
ആർക്കപ്രെസിദെൻ സിയാ പളാസിൽ വച്ചുവിധി
നമ്മുടെ സെനത്തിന്നും[2] തീബേരിക്കേസറിന്നും
ഒന്നുകൂടാതെ നടന്നീടുന്ന നസ്റേൻ യേശു
രാജാവിൻ നാട്യം കാട്ടി ജനത്തെ ഭേദിക്കയാൽ
രാജകല്പനയാലെ കുരിശിൽ തൂക്കീടണം
ഈ ദിക്കിൽ ചുറ്റി ബഹുലോകരെ കുഴപ്പിച്ചു
ആ ദൂതൻ ദൈവപുത്രൻ യിസ്രായേൽ രാജാവെന്നും
കാണിപ്പാൻ ബഹുഘോഷാൽ ഒലിവിൻകൊമ്പുംകൊണ്ടു
മാനത്താൽ ദേവാലയെപുക്കിയാൾ നാട്യത്തോടെ
വൻപനാം മഹാവീര്യതിബേര്യോകേസറിന്നും
ഇമ്പമായുള്ള യിറ[3]കൊടുപ്പാൻ തടുത്തതാൻ
നമ്മുടെ പ്രമാണത്താൽ കൽത്തൂണിൽ കെട്ടിത്തല്ലി
തന്നുടെ കൈകൾകെട്ടിക്കാണുന്ന ഈയാളിനെ
കാണികൾ കാണുന്നേരം യേശുവെന്നറിവിനായ്
പാണിയൊന്നഴിച്ചു മുൻ വസ്ത്രത്തെ ധരിപ്പിച്ചു
ഗാഗുൽത്താഗിരിയതിൽ തൂക്കുവാനുള്ള മരം
വേഗത്തിലിവനുടെ തോളതിലേറ്റിക്കൊണ്ട്
ചോരരാമിരുവരിൽ നടുവിൽ നടത്തിയും
ഘോരമായ് വഴിതന്നിൽ വാചകം ചൊല്ലിക്കൊണ്ടും
ചെന്തുര്യോൻ കീന്തൊകൊർണ്ണൻ എന്ന നീയാദിയായി
പിന്തിരിയാതെ സ്വർണ്ണവാതിലിൻ വഴിനേരെ
നടത്തി ഗിരി തന്നിൽ കയറ്റി മറ്റുള്ളോരും
ഭയത്താലവൻ നേമം മറുപ്പാതിരിപ്പാനായ്[4]
നടത്തിക്കൊണ്ടു ചെന്നു കുരിശിൽ തറച്ചുടൻ
മറുത്തോരിരുവരിൻ നടുവിൽ നാട്ടിക്കൊണ്ട്
കടക്കും ജനമൊക്കെ പ്രസിദ്ധമറിവാനായ്
നടക്കുമിവനുടെ നാമവും ലേഖിക്കണം[5]
യൂദരിൽ രാജനിവൻ യേശു നസ്രേനുമെന്ന്
ഭേദമെന്നിയെ മുഖ്യപേച്ചുകൾ മൂന്നും വേണം
എവുറായയും[6] മുഖ്യഗ്രേക്കതും[7] ലത്തീനിലും

1. റോമ്മായിസരത്തോർ = റോമാചക്രവർത്തി 2. സെനത്ത് = ഭരണസമിതി 3. ഇറ = നികുതി 4. മറുപ്പാൻ = ലംഘിക്കുവാൻ 5. ലേഖിക്കുക = എഴുതിവയ്ക്കുക 6. എവുറായ = സുറിയാനി 7. ഗ്രേക്ക് = ഗ്രീക്ക്

വേറുകൂറു[1] കൂടാതെയേവരും ഗ്രഹിപ്പാനായ്
ഇച്ചൊന്ന വസ്തുക്കളിൽ യാതൊന്നും കുറപ്പാനായ്
മേൽച്ചൊന്ന ജനങ്ങളിലേവനും ഭാവിക്കുകിൽ
ഭേദമെന്നിയേയവൻ ജീവനും വസ്തുസർവ്വം

ഭേദിക്കും നശിച്ചീടും റോമ്മാകേസരാൽ ദൃഢം
ഈവണ്ണം വിധിചെയ്ത റോമ്മാ എവ്റായിൻ മാർഗ്ഗാൽ
സുവർണ്ണ ലോകസൃഷ്ടിക്കഞ്ചാകും സഹസ്രവും
രണ്ടു നൂർമുപ്പതതും മൂന്നുമാം കാലമതിൽ

വീണ മാസമാം മീനമിരുപത്തഞ്ചും വെള്ളി
എന്ന യീ ദിവസത്തിൽ ചെയ്തിതു തീർപ്പുനാമും
മന്നഹാസനാൽ റോമ്മാ എമ്പ്രദോരിന്റെ പേർക്കായ്
മേല്പട്ട ഗലീലായിൻ ഗോവർണ്ണത്തോരും തഥാ
ചൊല്പെട്ട നീതീകരൻ പൊന്തിയോസ് പിലാത്തോസ് നാം

1. വേറു കൂറ് - വ്യത്യാസം

എട്ട്

പൂർണ്ണമായും നിയോഗവഴിക്കു വഴങ്ങി വിധേയനായി കുരിശു തോളിലേന്തി കാൽവരി പുകിയ രക്ഷകനെ ശിമയോനെപ്പോലെ അനുയാത്ര ചെയ്യുന്ന കവിമാനസം വിലാപയാത്രാരംഗത്തിനു സാക്ഷ്യം വഹിക്കുന്ന അമ്മ മറിയത്തേയും യോഹന്നാനെയും കുറിച്ചു വിചാരപ്പെടുന്നു. കുരിശിൽ നിന്നുള്ള എഴു തിരുമൊഴികൾ ആ വിചാരധ്യാനത്തിനു കിരീടമാകുന്നു.

വൃത്തം: കേക

സ്നേഹമേ! മമദേവ! നാഥനേ! നരരക്ഷാ-
ദാഹഘോരത്താലിതും കേൾപ്പതിന്നിച്ഛിച്ചിതൊ
സ്വകാര്യവിധിയായ മരണനേരത്തിലും
സൂര്യാദംനാണിപ്പിക്കും നിന്നുടെ വരവിലും
മേകർമ്മ പാപത്തിനു യോഗ്യമാം ക്രോധസ്വരം
തേ ധർമ്മ ശ്രവണത്താലൊഴിച്ചു പകർത്തുവാൻ
സ്നേഹദേവനേ[1] നീയീഘോരമാം വിധിസ്വരം
പാപദാഹിയായിടും മാം പ്രതിശ്രവിച്ചയ്യോ.
ഈ വിധി പ്രസിദ്ധമായ് കേൾപ്പിച്ചക്ഷണം യൂദർ
ക്രോധാധിയോടുകാട്ടി നാഥനെക്കുരിശയ്യൊ
അക്കുരിശിനെ കണ്ട നേരത്തു രക്ഷാർത്ഥമായ്
അക്കളിപ്പോടു[2] ചൊല്ലി സ്വത്വവാചകം ഹൃദി
ഓ, മമ മഹാസ്നേഹധാമമേ സ്ലീവായെ! നീ
വേഗമായ്വന്നു നിന്റെ കൈകളിൽ കൈക്കൊൾകമാം
എന്നുടെ സ്നേഹജനമന്നിലെ മനുക്കളെ
നമ്മുടെ സ്വന്തം പിതൃമുൻപിൽ നാം നിരത്തുവാൻ
നിന്നുടെ മുകളായ അൾത്താരിയതിൻമീതെ
നിന്നു നാം നമ്മെത്തന്നെയർച്ചനയണക്കുവാൻ

1. സൂര്യാദം = സൂര്യാഭയെ എന്നു വിവക്ഷ 2. അക്കളിപ്പ് = ആത്മാർത്ഥത

ഇന്നു നാം നിന്നെക്കാണ്മാനെത്രയോ മുന്നംമുതൽ
നന്ദിയാം സ്നേഹാഗ്രഹാലെത്രയോ പാർത്തേനഹം
നിൻമീതെ ശയനിച്ചു സുനിദ്രഭവിപ്പാനായ്
എൻ മനസ്സെത്ര ദാഹാൽ മോഹിച്ചേൻ ആകാശത്തിൽ
നിന്നു നാമിറങ്ങുവാൻ കാരണം നീയെ, സഖേ,
നിൻ മോഹാൽത്തന്നെതഥാശോകമാംസത്തെ ചേർത്തേൻ
നീ തന്നെ വീര്യായുധം നമ്മുടെ ജയത്തിനും
നീ തന്നെ മോക്ഷദ്വാരം തുറപ്പാനുള്ള താക്കോൽ
നീ തന്നെ മഹാപൂജമാനുഷൻ ഗുണമുക്തി
നിന്നാലെ മർത്യനിസ്വം[1] സമ്പാദ്യം ഭവിപ്പാനും
നിന്നിലുള്ളപമാനസുനിന്ദ കഠിനത
നിന്നാലെ തന്നെ നമ്മിൽ മാധുര്യം വരുത്തിമേ
പിന്നാലെ മനുക്കളോടിച്ചിപ്പിനായ് നിന്നെ
കണ്ടുമേ സ്നേഹവ്യന്ദം നിന്നെയാശ്ലേഷം ചെയ്തു
നിന്നാലെ തുറക്കുന്ന പാതയിൽ മമജനം
പിന്നാലെയോടി നിന്നെയന്വേഷിച്ചീടും ദൃഢം
എന്നുടെ സ്നേഹപിതാനാദ്യന്തൻ[2] ദേവൻ നീയെ
നീ തന്നെ ഭൂമ്യാകാശസൃഷ്ടിതാവെന്നും ദൃഢം
നിന്നുടെ ചൊൽകേട്ടു ഞാൻ വഴുക്കി മമ കരൾ
എന്നുടെ മക്കൾക്കുള്ള രക്ഷാർത്ഥം ലഭിപ്പാനായ്
ഇന്നു ഞാനണയ്ക്കുന്ന പൂജയ്ക്കു വിറകിതാ
മേ പിതായിനി മമ ഗോത്രരായ് മനുവ്യന്ദം
തേ സുതരിവർ തന്നെയടിയാരല്ലല്ലിനി
മാംപ്രതിയിനി നിന്റെ സമ്പത്തിന്നനന്തരർ
താം പ്രതിയനുദിനെ കടക്കും നിന്റെ മുൻപിൽ
ഈവണ്ണം സ്തുതിചെയ്തു പഞ്ചവും ദശാ[3]നീളം
ഔവണ്ണം കനമൊത്ത കുരിശെത്തോളിൽക്കേറ്റി
പുറത്തുപുറപ്പെട്ട നേരം കണ്ടമ്മമുഖം
കറുത്തമഹാദുഃഖാൽ സാഷ്ടാംഗം കുമ്പിട്ടയ്യോ
കണ്ടുടൻ തന്റെ കാവൽദൂതരാം മാലാഖാമാർ
ഇണ്ടൽപൂണ്ടുള്ള നാരികന്നിയും യോഹന്നാനും
ഒക്കെയും മുട്ടുകുത്തി കുമ്പിട്ടുനാഥൻതന്നെ
ദുഃഖമേ മഹാദുഃഖം മാംപ്രതിസർവ്വമയ്യോ
എന്നുടെ പാപത്തിന്റെ എണ്ണങ്ങൾ കുറഞ്ഞെങ്കിൽ

1. നിസ്വം = നിർദ്ധനം 2. അനാദ്യന്തൻ = ആദിയും അന്ത്യവും ഇല്ലാത്തവൻ 3. പഞ്ചവുംദശം = പതിനഞ്ച്

തന്നുടെ കുരിശിന്റെ ഭാരവും കുറഞ്ഞേനെ
ഞാൻ ക്രീഡനിമിത്തമായോരോരൊപാപകർമ്മം
താൻ പീഡക്ഷമിപ്പാനായ്ക്കൂട്ടിയെൻ മഹാകുമ്പൽ[1]
അയ്യയ്യോ സർവ്വേശ്വരാ! കാരണം ഗ്രഹിക്കാതെ

പൊയ്മെയ്യും സ്മരിക്കാതെ, ചെയ്തയ്യോ മഹാകഷ്ടം
അറിവില്ലെന്നും ദൃഢമറിഞ്ഞാലല്ലെന്നും ചൊൽവാൻ
മറിവെന്നതും[2] വരുമറിഞ്ഞും ചെയ്തേനയ്യോ
ഇങ്ങനെ നിന്റെ തിരുത്തോളതിൽ കുരിശിനെ

മംഗലൻ മമ താതാ കേറ്റി നീ നടന്നയ്യോ
ദുഷ്ടരാം വൈരീവൃന്ദമൊക്കെയുമിരുഭാഗെ
ദുഷ്ടസേനകൾ കരേകെട്ടുകൾ മുൻപും പിൻപും
അങ്ങോട്ടുമിങ്ങോട്ടുമായിഴയ്ക്കനിമിത്തമായ്

പൊങ്ങിയ പാറകളിൽ വീണയ്യോ പലതരം
സ്നേഹമേറീടും നാഥാപിതാവേ തവതിരു-
ലോഹിത ശിരസ്സതിൽ ചൂട്ടിയ[3] തിരുമുടി
ശോഭിച്ചു വിളങ്ങുന്ന ലോഹിത[4] പ്രവാഹങ്ങൾ

ദാഹിച്ചു കുടിപ്പാനായിച്ചിച്ചേനഹം പാപി
സ്നേഹിതസ്സെഹിയോന്റെ സുന്ദരിപ്പുത്രികളെ
സ്നേഹമേറീടും നിങ്ങൾ മണവാളനെ കാണ്മിൻ
തന്നുടെ സ്നേഹമാതാമന്നവൻ ശ്ലേമ്മോനിനെ

തന്നുടെ സ്നേഹാൽ ചാർത്തിയേറ്റിയ കിരീടത്താൽ
പേർത്തവൻ തന്റെ സ്നേഹപാത്രമാം മണാമണെ[5]
ചേർത്തുനൽ വിവാഹത്തിന്നായ്ക്കൊണ്ടു യാത്രയിതാ
ആർത്തുള്ള സ്നേഹാഘോഷാൽ ചാർത്തിയങ്ങുയർത്തിയ

ധൂർത്തുള്ള മണപ്പന്തൽ[6] ഗാഗുൽത്താകൊടുമുടി
ധീഗത്യാമഹാവേഗമായുള്ള യാത്ര കാണ്മാൻ
ധീരതയുള്ള സ്നേഹവാമിനി[7] വന്നീടുക
സൂക്ഷിക്ക മഹാസ്നേഹമണവാളന്റെ ഗളേ

സൂക്ഷിപ്പാൻ ചക്ഷുസ്സിനു ശക്തിയെത്താത്ത മാല
തൻ കരകടക[8]ങ്ങളെത്രയോ മഹാചിത്രം
അംബരശ്രേഷ്ഠന്മാർക്കും പാർക്കുവാൻ[9] തിറം[10] പോരാ
സുന്ദരൻ മണവാളൻ തന്നുടെ കിരീടത്തെ

1. കൂമ്പൽ = അഹങ്കാരം 2. മറിവ് = പിശക് 3. ചൂട്ടിയ = ചൂടിച്ച 4. ലോഹിത = രക്താങ്കിതമായ
5. മണാമണേ = ഉത്തമമണവാട്ടി 6. മണപ്പന്തൽ = വിവാഹമണ്ഡപം 7. വാമിനി = സുന്ദരി 8. കടകം = വള 9. പാർക്കുവാൻ = നോക്കുവാൻ 10. തിറം = മിടുക്ക്

സുന്ദരാംഗിയെ മഹാസ്നേഹത്താൽ സൂക്ഷിക്ക നീ
നിന്നുടെ സ്നേഹവശാലിന്നു മാത്രമായിതു
തന്നുടെ ശിരസ്സുണഞ്ഞീടുവാനായിത്തീർത്തു
മന്നിലുള്ളൊരു മഹാമന്നവന്മാർക്കുമിതിൻ 88

മുന്നിലുള്ളോർക്കുമില്ലായെന്നതും സുനിശ്ചയം
ഇക്കിരീടത്തിൽ പതിച്ചീടുന്ന രത്നാമണി
അക്കരകാണാതുള്ള നല്പമാം വിലയേറും
നീണ്ടതും വളഞ്ഞതും കൂർത്തതും നേർത്തിട്ടുള്ള 92

ചുണ്ടവൽ സമം ചിലതെത്രയും മഹാരശ്മി
വീണ്ടതിൻ ചുറ്റുംനിന്നു തൂങ്ങുന്നമുത്തുമണി
നീണ്ടു തൻ നെറ്റിചെവി ചുറ്റുമാരശ്മിരസം
കല്യാണവസ്ത്രത്തിലും തൂങ്ങുന്നീശിരോമണി 96

കല്യാണപ്പന്തൽവരെ പാവാടയിതുതന്നെ
ഇത്തരുരത്നത്തിലൊന്നാഗ്രഹിക്കുന്നോരെത്ര
സുത്തിരുപത്നീ നിങ്ങൾക്കെത്രയോയിതുയുക്തം
പിന്നെയും തന്റെ കൈയിൽ പിടിച്ച മഹായുധം 100

മിന്നുന്നൊരുടവാളിൻ മൂർച്ചയെത്രയോ ചിത്രം
തന്നുടെ ദൈഭാഗത്തിലുണ്ടിരുതോഴ്മക്കാരും
അന്നുടൻതന്നെ ചേർത്തു ഭംഗിയാലിവരെയും
ഇത്തിരുകാഴ്ച കാണ്മാനെത്രയോ മഹാജനം 104

അത്തിരുമണവാളൻ മാതാവും പിമ്പെയയ്യോ
നാഥനേ മമാദേവാ രാജനേ ഞാനും പിമ്പെ
പഥം നീ നനയ്ക്കുന്നുമേ പാപത്താലെ രക്തത്താൽ
നിന്നുടെ മരണത്തിൻ പങ്കാളി ഞാനുംകൂടെ 108

എന്നുടെ അയോഗ്യത്താൽ യോഗ്യമില്ലെന്നാകിലും
ഇങ്ങനെ നാഥൻ തന്റെ വൻകുരിശതുംകൊണ്ടു
തിങ്ങിന മോദത്തോടെ യാത്രയെന്നിതും ദൃഢം
മല്ലനെപ്പോലെ തന്റെ വഴിയിലോടുമെന്ന 112

മംഗലൻ പിതാവിന്റെ പാതപോൽ യാത്രയിതിൻ
ഭാരമാം കുരിശിന്റെ ക്രൂരമാംവൈരത്തിനാൽ
ഭാരിച്ച വ്രണം തോളിൽ ഭവിച്ചു ക്ഷീണിച്ചുടൻ
സ്നേഹമേറീടും മാതാസർവ്വവും ഹൃദികണ്ടു 116

ദാഹസ്നേഹത്താൽ കേണുപ്രാർത്ഥിച്ചാശ്വാസത്തിനായ്
പ്രിയമേറീടും പുത്രൻ കേട്ടുതൻമാതൃവാചം
പ്രതികൾ വൈരാഗ്യത്തെ ശമിപ്പിച്ചുടൻ ദൂതൻ
ഇതിനാൽ വഴിപോക്കനായൊരു ശിമയോനെ 120

ഇതിനായ് പിടിച്ചവർ ചുമപ്പിച്ചുടൻ പിൻപെ
വീണ്ടും മാതാവു തന്റെ പുത്രനെയൊടുക്കമായ്
വീര്യസ്നേഹത്താൽ മുഖം കാണ്മതിന്നിച്ചിച്ചിതൊ
ആയതും പുത്രൻ കേട്ടു കല്പിച്ചു ദൂതന്മാരാൽ
ആയവർ വഴിനീക്കിച്ചേർപ്പിച്ചു പുത്രൻ പക്കൽ
കണ്ടുടൻ മാതൃസുതർ തമ്മിലങ്ങിതു നേരം
ഇണ്ടലുണ്ടായവസ്ഥയെന്തു ഞാൻ ചൊല്ലുന്നയ്യോ
എങ്കിലും സ്നേഹശക്ത്യാൽ മിണ്ടുവാനാശിച്ചേറ്റം
ശങ്കയില്ലാത്ത ദുഷ്ടൻ സമ്മതിച്ചില്ലല്ലയ്യോ
തീർച്ചയിൽ ദ്വീസഹാക്കു[1] ചേർന്നുടൻ ഗാഗുൽത്തായിൽ
മൂർച്ചയാൽ കുരിശതിൽ തറപ്പാൻ വസ്ത്രംനീക്കി
ആർത്തിയാലപ്പോൾതന്നെയമ്മയും യോഹന്നാനും
ചേർന്നുള്ള മറിയമാർ മൂന്നുമായ്ക്കുമ്പിട്ടുടൻ
മാതാവുമതുനേരമാകാശപിതാവിന്ന്
ജാതിരക്ഷാർത്ഥം പ്രതികാഴ്ചവച്ചുടൻ സുതം
സ്വദേശനടപ്പുപോൽ കുടിപ്പാൻ പാനം നൽകി
സ്വജാതി ജനമതിൽക്കലർത്തിക്കയ്ച്ച വിഷം
സ്വമാതാവതും കണ്ടുപ്രാർത്ഥിച്ചങ്ങ്രുക്കളാൽ
സ്വസ്നേഹാൽ കുടിക്കല്ലേയെന്നതു കേട്ടുനാഥൻ
എങ്കിലും ദുഃഖമൊക്കെ പുത്രൻ സ്നേഹത്താലേൽപ്പാൻ
ശങ്കയില്ലെന്നു കാട്ടാൻ രസിച്ചുകുടിച്ചല്ലോ
ദയയില്ലാത്ത ജനം തിരുവസ്ത്രത്തെ നീക്കി
ദയയാൽ മാതാനെയ്തുവായിതിൻ തലസമം
അതിനാൽ തിരുമുടി നീക്കാതെയിഴുക്കയാൽ
അനിതോടുടൻ മുടി നീങ്ങിയെങ്കിലുമതിൽ
ചിലമുൾമുനകളും തലയോടതിൽപൂണ്ടു
ചലനം കൂടാതൊടിഞ്ഞവിടെയിരുന്നയ്യോ
തിരുവസ്ത്രത്തെ നാലുവട്ടമായഴിച്ചവർ
കരിങ്കൽത്തൂണേൽകെട്ടി രാജവസ്ത്രത്തെച്ചാർത്തി
മരണവിധികേൾപ്പാൻ കുരിശിൽത്തറപ്പാനും
കരുണകൂടാതെവരഴിച്ചെന്നതാകിലും
ഇതുപോലുള്ള മഹാ അസഹ്യം മുൻപായില്ല
അതു നേരത്തു മഹാ കുളിർകാറ്റുതി തത്ര
ഇതുമെന്നിയെയമ്മ ശിശുവാംകാലം തന്നിൽ
മൃദുവാം മേനിയതിൽവച്ചുള്ള മാനവസ്ത്രം
ആയതും നീക്കീടുവാൻ ദുഷ്ടന്മാർ വട്ടംകൂടി

1. ദ്വീസഹാക്ക് = രണ്ടാം ഇസഹാക്ക് (ക്രിസ്തു)

ആയതും ക്ഷമിപ്പാനും നീ മടിച്ചില്ലില്ലയ്യോ
എങ്കിലുമമ്മയുടെ ചൊൽവിളി കേൾപ്പാനായി
ശങ്കയില്ലാത്ത കഷ്ടം നീയനുവദിച്ചില്ല
കുരിശിൽത്തറപ്പാനായൊരുങ്ങും നേരത്തിങ്കൽ

തിരുമാതാവെത്തന്റെ പിതാവെ ഏൾപ്പിച്ചുടൻ
തന്നുടെ ശിഷ്യജനം പിൻവരും പ്രിദെസ്തിനാത്[1]
തന്നോടു ചേരുന്നോരും പാപികൾ സമസ്തർക്കും
കുരിശിൽത്തറയ്പാനായ്ക്കടമയിരിപ്പോർക്കും

കരുതിയപേക്ഷിച്ചു നാഥനുമതുനേരം
അപ്പോലെ മാതാവുമീയപേക്ഷയണച്ചുടൻ
ചൊൽപെരിയോരു മഹാസ്ന്ഹത്താലതുദ്യഢം
ആക്കൊലക്കാരുനാഥൻ തന്നുടെ തിരുക്കരം

ആക്കുരിശതിൻമീതെ നീട്ടുവാൻ പ്രമാണിച്ചു
കേട്ടുടൻ മഹാസ്നേഹാൽ നീട്ടിതൻ കരങ്ങളും
ദുഷ്ടരായവർ സൂക്ഷം കൂടാതെവച്ചു ചിഹ്നം
അടയാളത്തിലാണിപ്പഴുതും ചെയ്താരുടൻ

അടയാളങ്ങൾ പക്ഷെ സ്വല്പമായ് നീങ്ങിദ്യഢം
അന്നേരം സ്നേഹമാതാവണഞ്ഞുസുതൻപക്കൽ
സുന്ദരതിരുക്കരം ഭക്തിയാൽ മുത്തീയയ്യൊ
അമ്മയങ്ങണഞ്ഞതും കണ്ടവർ വൈരീവൃന്ദം

നിർമ്മലന്നതിദുഃഖമുണ്ടാവാൻ മുടക്കീല്ല
വീണ്ടവർ തിരുക്കരമൊന്നതിലാണിവച്ചു
രണ്ടാമപ്പഴുതതിലെത്തീല്ല തിരുക്കരം
എന്നതുകണ്ടു കയറെടുത്തു തിരുകൈയിൽ

നന്നായി ബലത്താലെ കെട്ടിയങ്ങിഴച്ചയ്യൊ
ഇങ്ങനെ കരംരണ്ടും ക്രൂരമായ് തറച്ചുടൻ
മംഗലപാദങ്ങളും ചേർത്തവർ തറച്ചയ്യൊ
വീണ്ടവരാണി മുനമടക്കിത്തറപ്പാനായ്

ആണ്ടവൻ കുരിശോടെ നിലത്തിൽ കമത്തുവാൻ
ഭാവിച്ച നേരത്തിങ്കൽ കാണികൾ ബഹുജനം
ഭാവസ്നേഹത്താൽ ക്രൂരമിതെന്നങ്ങൊരുസ്വരം
കേട്ടുടൻ മാതാവമ്മയറിഞ്ഞു മഹാദുഃഖാൽ

ദൃഷ്ടിയെ പൊക്കിക്കൊണ്ടു പ്രാർത്ഥിച്ച സ്നേഹപിതാ
ദൃഷ്ടനിൻ സുതനുടെ ദൃഷ്ടിയെ ദുഷ്ടജനം
കഷ്ടമായ് കരിങ്കല്ലിൽ മുട്ടിക്കാതിരിക്കയ്യൊ
പിതാവു സ്നേഹമകൾ ദുഃഖരോദനം കേട്ടു

1. പ്രിദെസ്തിനാത്ത് = മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ടവൻ

മാതാവിന്നിഷ്ടം ചെയ്‌വാൻ കല്പിച്ചു ദൂതന്മാരെ
വേഗമായ് മാലാഖമാർ കുരിശിന്നധോഭാഗെ
ഗോചരം കൂടാതവർ നിറുത്തി മദ്ധ്യസ്ഥലെ
നിലത്തങ്ങുറച്ചെന്നു ഭാവിച്ചുകൊലക്കാരൻ
ബലത്താലാണിമുന മടക്കിയുറപ്പിച്ചു
വീണ്ടുമാക്കുരിശോടെ കുഴിയിൽ നാട്ടീടുവാൻ
നീണ്ടവരുടെ തോളുകരങ്ങൾകൊണ്ടും പൊക്കി
എങ്കിലും കുഴിയതിൽ നാട്ടുവാനതുപോരാ
എന്നവർ കണ്ട കുന്തത്തടികൾ മറ്റും കരു
ഇങ്ങനെ നാഥൻ തന്റെ രണ്ടു കക്ഷങ്ങളിലും
തിങ്ങിന ശക്തിയോടെ കുരിശിൽ കൈകൾചേർത്തും
മൂർച്ചയുള്ളൊരു മറ്റായുധങ്ങൾകൊണ്ടും കുത്തി
ചേർച്ചയായ് പൊക്കീടുവാൻ മാംസത്തിനുള്ളിൽത്താഴ്ത്തി
തീർച്ചയിലതിശയാൽ പൊക്കിയക്കുഴിയതിൽ
ഈർച്ചയോടവർ നാട്ടിവ്രണങ്ങൾ തുറന്നയ്യോ
ഇപ്പൊഴുതക്കൂട്ടത്തിൽ വീണ്ടൊരു ഗൂഢസ്വരം
അപ്പലരിലും പലവിധമായ് പുറപ്പെട്ടു,
എന്നതിൽ ചിലരിയാൾ നീതിമാനെന്നും ചൊല്ലി
നന്ദിയുള്ളലിവോടു ദുഃഖരോദനം കാട്ടി
കാണുന്ന യൂദാജനം ഭാഷിച്ചു നിന്ദിക്കയും
കണ്ടറിവില്ലാതുള്ളൊരന്യദേശികൾ ഭ്രമാൽ
നിശ്ചലരായുള്ളോരെ മറ്റവർ പഴിക്കയും
നിശ്ചലമായുള്ളൊരു മറ്റുള്ള ചിലകൂട്ടം
നീതിമാനെന്നാകിലും ഘാതകനെന്നാകിലും
നീതികേടായ ശിക്ഷ കാണുവാൻ വശഹീനാൽ
തൂങ്ങി നില്ക്കുന്ന നാഥൻ ദേഹഭാരത്താൽവ്രണം
താങ്ങിയും ഞരമ്പുകൾപൊട്ടിയും വാർത്തിടുന്ന
രക്തകാഴ്ചയാലുറച്ചീടുവാൻ വശഹീനം
രക്ഷനാഥന്റെ തൊട്ടിൽ ജലത്തെക്കുഴിച്ചീടും
രക്ഷയ്ക്കായെന്നേശയ്യാ വചനം തികഞ്ഞയ്യോ
രക്ഷാർത്ഥമടിയനെ നൽകുവാനായിട്ടല്ലൊ
സ്വജനവിശ്വാസവും കാഠിന്യചിത്തമതും
സ്വജന്മസ്നേഹാമാത്യകാൺകയാൽ പിതാവൊട്
പ്രാർത്ഥിച്ചങ്ങിതു നീങ്ങിപ്പലരും വിശ്വസിപ്പാൻ
പ്രത്യക്ഷകാഴ്ചയാലേ പുത്രന്റ മരണത്താൽ
പിതാവു മകളുടെയപേക്ഷയംഗീകരി

ച്ചതുനേരത്തിൽതന്നെ സൂര്യനും മൂടീമുഖം
ഭൂമിയുമിളകിത്തൻ ക്ലേശത്തെയറിയിച്ചു
ഭൂതമായ് കൊടുത്തിലും[1] രണ്ടായി കീറപ്പെട്ടു
ഇങ്ങനെ കുരിശതിൽ തൂങ്ങിനില്ക്കുന്നനേരം

തിങ്ങിനദാഹത്തോടെ പ്രാർത്ഥിച്ചു പിതാവോട്
ദൈവമേയറിയാതെ ചെയ്യുന്നയിവരോട്
ദയയാൽപൊറുക്കണമെന്നു താനൊന്നാമതും
ഇത്തിരുവചനത്തെ കേട്ടുടൻ വലത്തേതാം

കുരിശുതന്നിൽനിന്നു പ്രാർത്ഥിച്ചു നല്ലചോരൻ
"കർത്താവേ, നിന്റെ തിരുരാജ്യത്തിലെത്തുന്നേരം
കാത്തുരക്ഷിച്ചീടണം പാപിയാമടിയനെ"
കേട്ടതുനേരം നാഥൻ, "ഇന്നു നീ പർദീസായിൽ

കോട്ടമില്ലാതെനമ്മോടൊന്നിക്കു"മെന്നും പിന്നെ
"സ്ത്രീയെ നിൻ പുത്രനിതാ"യെന്നു തൻ മാതാവോടും
പ്രിയശിഷ്യനെ നോക്കി "നിന്റമ്മയിതാ"യെന്നും
ഇന്നേരംവരെ മഹാ സംശയം പിശാചിന്നു

അന്നേരം കണ്ടു സർവ്വമിത്തിരുത്രിവാർത്തയാൽ
അറിയാതെ ചെയ്യുന്നെന്നും പറുദീസിലാമെന്നും
സ്ത്രീയെ നിൻ പുത്രനെന്നും കേട്ടപ്പോൾ ബോധിച്ചവർ
പാർത്തിരുന്നൊരു മ്ശീഹാ താൻതന്നെയെന്നും കണ്ടു

പേർത്തവൻ തലചതയ്ക്കുന്ന[2] തീയമ്മയെന്നും
ദൈവമേ മമദേവാ, എന്തുകൊണ്ടിതിൻവണ്ണം
നീ ദയാഹീനം കൈവിട്ടെന്നതു നാലാമതും
ദാഹമെന്നഞ്ചാമതും തികഞ്ഞെന്നാറാമതും

ദേഹിമേ, ബാവാ കൈയിലേല്പിക്കുന്നെന്നും ചൊല്ലി
അപ്പൊഴുതിടിപോലെ ലുസിഫർ കൂട്ടത്തോടെ
ചൊല്പെരിയൊരു ക്രോധാൽ ദുർഗ്ഗതിവീണുതാണു.

1. കൊടുത്തില് = കർട്ടൻ 2. പേർത്തവൻ തലചതയ്ക്കുന്നത് = തന്റെ തല തകർക്കുന്നത് ദൈവമാതാവാണെന്ന് പിശാച് ഓർത്ത്.

ഒൻപത്

കുരിശുമരണാനന്തര പർവ്വമാണിവിടെ പ്രതിപാദ്യം. കുരിശിൽ നിന്നിറക്കിയ തിരുശ്ശരീരം മടിയിൽ കിടത്തി വിലപിക്കുന്ന വിശുദ്ധ അമ്മയുടെ വിലാപത്തോട് ലൊങ്കിനോസിന്റെ കൃതജ്ഞതാസ്തുതിയും കേപ്പായുടെ പശ്ചാത്താപവും ഉൾച്ചേരുന്നു.

ഏകപദം ഗാനകീർത്തനം

കിളിപ്പാട്ട്

ഇങ്ങനെ നാഥൻ നയനമടച്ചുടൻ
തിങ്ങിന ദുഃഖമായ്ത്തൽക്കുരിശ്ശടിയതിൽ
കഠിനദുഃഖടയാളം കാട്ടാതെ മറിയങ്ങൾ
നടുവിലുറച്ചു നില്ക്കുന്നൊരു വേളയിൽ

ത്ഡടുതിയൊടു നാഥന്റെ തിരുദേഹം കുരിശതിൽ
ത്ഡടുതകൂടാതത്തരുശിഖരമായതിൽ
നിന്നിറക്കിബ്ഭൂമിദാനം ചെയ്തീടുവാൻ
നന്ദിയാലുള്ളൊരു നേർവഴിയതെങ്ങനെ

എന്നുതാൻ ദുതരാമശരീരിജനമോടു
നന്ദനപ്രേമയായ്ച്ചിന്തിക്കുന്നനേരത്തു
മലയുടെയടിയതിൽ നിന്നു വരുന്നൊരു
പലവിധ കരുക്കളാലുള്ളൊരു സേനയും

മന്നവരണഞ്ഞുതൻ രണ്ടു ഭാഗങ്ങളിൽ
മന്ദമായ തൂങ്ങുന്നവരുടെ തുടകളെ
നീതിപ്രകാരം തകർത്തിതശേഷമായ്
നാഥൻ മരിച്ചെന്നു കാൺകയാൽ തന്നുടെ

ദേഹത്തിലിതു ചെയ്തതില്ലെന്നുമായ്വരാം
ദാഹമെന്നാകിലും ചെയ്തില്ലനിർണ്ണയം

എന്നതു നേരത്തൊരു കൺകുരുടനാം
വന്നതിലുള്ളൊരുലൊങ്കിനു എന്നവൻ
കുന്തമതുകൊണ്ടു നാഥന്റെ ചങ്കതിൽ
കുത്തിയുടൻതന്നെ രക്തവും വെള്ളവും
വാർത്തതുംകണ്ടു നില്ക്കുന്നൊരുമാതൃവും
പേർത്തുടൻ പുത്രനെ പ്രാർത്ഥിച്ചു സ്നേഹമായ്
നാഥനെ നീ നിൻ കരുണക്കടാക്ഷമായ്
നീതിദയയായ് പകർത്തിസൂക്ഷിക്കണേ
എന്നയീ അമ്മയുടെ പ്രാർത്ഥന കേട്ടുടൻ
നന്ദിയാലൊരുതുള്ളി രക്തമക്കണ്ണതിൽ
ചിന്തിയുടനേ തെളിഞ്ഞക്ഷിയും ചിത്തവും
ചന്തമോടേയവൻ വന്ദിച്ചുനാഥനെ
ശനിവാസരമുഖി[1] പുലരുന്ന കാരണാൽ
ശിഖരംകുരിശതിൽ നിന്നുതൻ പുത്രന്റെ
ചരണാദിയിലുള്ളയാണികളഴിപ്പാനും
ശരണമതു കാണായ്കകാരണം മാതാവും
ആകാശമാർഗ്ഗേ ഉയർത്തിതൻ കൺകളെ
ആകാശസ്നേഹപിതാവോടു പ്രാർത്ഥിച്ചു.

ചതുർപദഗാനകീർത്തനം

അമ്മകന്നി തന്റെ ദുഃഖരോദനങ്ങൾ നായകൻ
അൻപിനോടു കേട്ടുടൻ അയച്ചുമിത്രമർത്യരെ
അമ്മലയടിയിൽനിന്നു വന്നണഞ്ഞു കൂട്ടമായ്
അമ്മയങ്ങുകണ്ടുടൻ ഭവിച്ചു ദുഃഖസംശയം.
ആയവരിതെന്തിതോ, വരവിനുള്ള കാരണം
ആദിയിലണഞ്ഞവരു ചെയ്തപോലെ ചെയ്യുമോ?
ആയുധങ്ങളുണ്ടവരിലെന്തിതെന്നറിവില്ല
ആയതിനാലാധിപൂണ്ട അമ്മയെന്നുകണ്ടുടൻ
ഇഷ്ടമുള്ള ശിഷ്യനായ യോഹന്നാനതുവിധൗ
ഇജ്ജനത്തെ സൂക്ഷ്മമായറിഞ്ഞു കണ്ടുമാനസേ
ഇമ്പമോടടുത്തുചൊല്ലി അമ്മയോടു സാന്ത്വനാൽ
ഇണ്ടലൊന്നുമില്ലയമ്മെ ഇവരുനല്ല സ്നേഹിതർ.
ഈപ്സ[2]യോടണഞ്ഞിവരുനിന്റെ വാർത്ത കേൾക്കുവാൻ
ഈശനെക്കുരിശിൽ നിന്നിറക്കുവാനുമെന്നിയും

1. ശനിവാസരമുഖി = ശനിയാഴ്ച രാവിലെ 2. ഈപ്സ = ആഗ്രഹം

ഈ ശരീരം പൂജ്യമായിപ്പൂശുവാൻ സുഗന്ധവും
ഈ വിശുദ്ധദേഹമങ്ങു മൂടുവാൻ നിചോളവും[1]

ഉക്ത[2]മായതെന്നപോലെ മുസേനിക്കാദേമൊസും
ഉത്തമരിവരുമവരുടെ ഭക്തരാം പരിചാരരും
ഉഗ്രദുഃഖമോടു നില്ക്കുമമ്മ പാദസന്നിധൗ
ഉചിതസ്നേഹമോടണഞ്ഞു ഭൂരിദുഃഖഭാഷയാൽ

എണ്ണമില്ലാതുള്ള ദുഃഖമുള്ളിൽക്കൊണ്ടുനിന്നിടും
ഏകനായകീമുഖത്തെ നോക്കിയിവരുസാദരം
ഏറ്റമായ ക്ലേശമോടു വാക്കുമുട്ടിനിന്നവർ
എന്നതമ്മ നീക്കിയപ്പോൾ വന്ദനയണച്ചുടൻ

ഒന്മയോടണഞ്ഞവർ ഇരുവരുമാത്ത ഭക്തിയാൽ
ഒട്ടുമേയിളക്കമില്ലാതേണിവച്ചു കുരിശതിൽ
ഒരുവനങ്ങു കേറിയാണി നീക്കുവാൻ ഒരുങ്ങവേ
ഒന്നുണർത്തിയമ്മയോടു കുന്നിലുള്ളയീയുസെ

കരുണയുള്ള അമ്മ നീയകന്നനുകൂലത്തൊടു
കമലപാദലസ[3]മടക്കിയിരിക്കണം സുനേരമെ
കണ്ടിതമ്മയുസെപ്പിന്റെ ഉക്തശക്തിയൊക്കെയും
കരുണാഗാധബുദ്ധിയരുളിചെയ്തു സിഞ്ഞോരി[4]

ഖംധരണിനരകം[5] മൂന്നുജഗമതിന്റെ നായകൻ
ഖഗമസംഖ്യനക്ഷത്രങ്ങളാദിയായ യാവയും[6]
ഖമിൽഗമിക്കും[7] പക്ഷിയാദിസൃഷ്ടിചെയ്തമേസുതൻ
ഖലർകരങ്ങളാലെ തന്റെ സുന്ദരതിരുമുഖം

ഗണനമേറെയാർന്ന ദുഃഖതാഡനങ്ങൾ യാവയും
ഗർവ്വമാർന്നു നീചർചെയത തിരുമുഖത്തിലടിയതും
ഗർവ്വഹീനമേഷമായത്തിരുമകൻ സഹിക്കയിൽ
ഗൽഗദസ്വരങ്ങളാദിഹീനമായിനിന്നഹം

ഘാതകന്മാർ നിങ്ങളല്ല മിത്രരെന്നു നിശ്ചയം
ഘാത[8]മൊന്നും ചെയ്വതിന്നുമല്ല നിങ്ങൾ വന്നതും
ഘ്റുണ[9]സുവൃത്തി നിങ്ങൾ ചെയ്യുമെന്നനേരം ഞാനുമേ
ഘ്റുണിയെനിക്കു ദുഃഖമില്ലനുകൂലമാം സുസന്നിധി

ചഞ്ചലങ്ങളൊട്ടുമില്ലിനിക്കിതെത്രസുകുലം
ചരമതാക്കിയാണിനീക്കി സുതകരങ്ങൾ താങ്ങുവാൻ
ചരമമായ കരണമേ തറയ്ക്കയല്ലനിശ്ചയം
ചലനമൊക്കെ നീങ്ങിയങ്ങണഞ്ഞവരുമുകുളതിൽ

1. നിചോളം = മൂടുപടം 2. ഉക്തം = പറയപ്പെട്ടത് 3. പാദലസം = ഭംഗിയുള്ള പാദം 4. സിഞ്ഞോരി = മാന്യന്മാരെ (ഇറ്റാലിയൻ പദം) 5. ഖംധരണി നരകം = സ്വർഗ്ഗം, ഭൂമി, നരകം 6. യാവയും = സമസ്തവും 7. ഖമിൽഗമിക്കും = ആകാശത്തു സഞ്ചരിക്കുന്ന 8. ഘാതം = ദ്രോഹം (വധം) 9. ഘ്റുണ = കൃപയുള്ള

ജനനിയേ തവ സുതനഹം ദുരാത്മകംവിഷാത്
ജനകിരീടമായ തലയിൽ ചൂടിയോരുമുൾമുടി
ജനനി നീയെൻ തിരുക്കരത്തിലൊതുക്കിവച്ചുഭക്തിയാൽ
ജനനപാപമാദിയായ് ഹരിച്ചുനൽകമേജയം 88

തദനുശേഷമമ്മ മുട്ടുകുത്തി നീട്ടികരങ്ങളെ
തദ്വരസിംഹാസനെ ബഹുഭക്തിയാലതു വാങ്ങിതാൻ
തൽക്ഷണം തിരുവാനനത്തിലണച്ചുമുക്കിനയനാശ്രുവിൽ
തരളചുണ്ടുകൾ ചേർത്തണച്ചവൾ ധ്യാനമല്പമതുദ്യഢം 92

ദയയതിന്നുടെ ചിഹനമായൊരു ശിഷ്യപുത്രനുമാവിധം
ദയവുസ്നേഹമിതേറെയുള്ളൊരു ത്രീമറിയകളാദിയും
ദയസഹിതമനസ്സുകൊണ്ടവരേവരും ബഹുഭക്തിയാൽ
ദയനിധിയമ്മയിതുവിധം തിരുവാണികൾക്കുമാരാധനം 96

ധർമ്മപാലൻ സുതസ്യദേഹമിക്കുരിശതിൽ നിന്നിറക്കുന്ന
ധർമ്മവൃത്തിയണഞ്ഞുവെന്നതു കണ്ടമാതൃവുടൻതന്നെ
ധാമധാരണമേൾക്കുവാൻ ബഹുഭക്തിയോടു തിരുക്കരം
ധാരണച്ചുവിരിച്ചു കൈകളിൽ മെച്ചമാം പരിവട്ടവും 100

നദിയഥാ ഒഴുകുന്ന തന്നുടെ നയനമൊട്ടിളകാതെയും
നാഥ കുരിശടിചേർന്നു മുട്ടുകൾ കുത്തിയങ്ങുമഹാദയാൽ
നന്ദനതിരുദേഹമൻപൊടു വാങ്ങുവാൻ ബാഹുനീട്ടിയും
നമസ്ക്കൃത്യമൊടൊന്നു മുത്തിടാനെഴുമാശയോടുടനമ്മയും 104

പരമനാഥനെക്കുരിശതിങ്കൽനിന്നു നിക്കാദെമോസുമായ്
പരമസങ്കടമോടു മഗ്ദേന പാദപങ്കജം താങ്ങിയും
പക്ഷമുള്ളൊരു ശിഷ്യനാത്തിരുശ്ശിരസ്സിനെയിളക്കാതെയും
പാർത്തുനിൽക്കുന്ന അമ്മതന്നുടെ തൃക്കരങ്ങളിൽ വച്ചവർ 108

ഫൽഗുനമായ[1] ദുഃഖഭാഷകൾ കന്നിഅമ്മയിൽ അദൃഷ്ടം
ഫലബലദുഃഖം കാട്ടിത്തന്നുടെ കണ്ണുകൾ രക്തധാരയാൽ
പണിയെന്നുടെ നാവിനാലറിയിപ്പതിന്നിതുനിർണ്ണയം
ഫലമിനിക്കു ലഭിപ്പതിന്നിതു മാത്രമായ് അറിവച്ചഹം 112

ബന്ധനാശമതാക്കി[2] തന്നുടെ പുത്രദേഹം മടിയതിൽ
ബന്ധനം ചെയ്തുതൻ മനമതു പുത്രദേഹമൊടൊന്നിച്ചു
ബഹുദയയോടുമുത്തി മുറിവുകളൊക്കെയുംമഹാഭക്തിയാൽ
ബാഹുദ്വയമതിൽ വച്ചുകൊണ്ടവരൊക്കെയും മുത്തംനൽകുന്നു 116

ഭാനുരശ്മിമറഞ്ഞുമാഞ്ഞിതു നേരമന്നവർ കണ്ടുടൻ
ഭക്തവത്സലനായ ശിഷ്യനും യൂസെയാദിയുമായവർ

1. ഫൽഗുനം = ചുവന്ന (വർദ്ധിച്ചതെന്നു സാരം) 2. ബന്ധനാശമതാക്കി – കെട്ടുകൾ അഴിച്ച്

ഭക്തിയോടവരങ്ങേണഞ്ഞമ്മ കന്നിയോടിതുണർത്തിയാർ
ഭാസ്കരരശ്മിപോയ്മറഞ്ഞിതു, അമ്മയെ നിന്റെ പുത്രന്റെ 120

മംഗളമണിമാണിക്കദേഹം ഭൂമിദാനമതാക്കുവാൻ
മധുരമേറിയ നിൻതിരുമനസ്സാകണം അതുനേരമേ
മനസ്സിനൻപൊടുകേൾക്കവേയുടൻ തായ ബഹുഭയചിത്തയായ്
മരണദേഹമതിന്നുചെയ്യുന്ന മീറഏൾവനപൂശിനാൾ 124

ഉചിതമായ് തിരുദേഹമൻപൊടുമഞ്ചലമതിൽവച്ചുടൻ
യഥാക്രമാൽ യുസെനിക്കാദേമോസ് സ്നേഹപുത്രനാം ജോനിയും
യഥോസ്ഥിതിചെന്തൂരിയോനെ കൊർണ്ണലിയുമെന്ന പൂരുഷർ
യക്കുല്ക്കുതലവനായി വിശ്വസിച്ചു ചുമന്നിവർ 128

രക്ഷനാഥശരീരവന്ദനം ഘോഷമോടുനടത്തുവാൻ
രാജകല്പനയാലുടൻ ദ്യോവിൽനിന്നിറങ്ങി "തെഗമ്മകൾ"
രണസമയമതൊക്കെയിൽ തുണചെയ്ത തന്നുടെ ദൂതരും
രസസമൂഹമിരുവശംമദ്ധ്യേ മാതൃവും തിരുദേഹവും 132

ലാക്കതായതുപോലണഞ്ഞവർ ചേരെയുള്ളൊരു തോപ്പതിൽ
ലാലസംബഹുദാഹമോടുടൻ യുസെതന്നുടെ പുത്തനാം
ലാഭലഭിതമിതെന്നുറച്ചുകൊടുത്തു തന്നുടെ കവറതും
ലംഘനാലയമായ ശുദ്ധശരീരമായതിൽവച്ചവർ 136

വായതിന്നുടെ മൂടിയായൊരു കല്ലുവയ്ക്കുമതിന്നുമുൻ
വത്സലസുതസ്വാത്മദേഹഞ്ചസൃഷ്ടി ചെയ്തതിരുമുഖം
വത്സകപ്രിയമോടു മാതൃവൊടുക്കമായതു മുത്തുവാൻ
വന്ദനം ചെയ്തണഞ്ഞു തന്നുടെ തിരുമുഖപരിവട്ടവും 140

ശമനയത്തൊടു നീക്കിയല്പമായ് നോക്കി മുട്ടുകൾകുത്തിതാൻ
ശരണമാദിയായൊക്കെയുംനോക്കി മുത്തിതിരുമുഖമമ്മയും
ശരണമായതു പാർത്തുനിന്നത്ര ഭക്തിയുള്ളവരൊക്കെയും
ശരണരക്ഷയും തന്നതന്നുടെ ചരണവുമാരാധിച്ചുടൻ 144

സത്വരം തിരുക്കവറുമൂടിയായക്കല്ലടപ്പിനെ വച്ചവർ
സമസ്തനാഥയും പാർത്തുതന്നുടെ ദൂതരായവരോടുടൻ
സർവ്വരക്ഷയും ചെയ്ത നാഥന്റെ ദേഹരക്ഷയിൻ കാവലായ്
സന്ധ്യസംകടമാംവരെയിവിടത്തിൽ നിങ്ങൾ സ്തുതിക്കുവിൻ 148

അമ്മകന്നിയുമിങ്ങനെയരുൾചെയ്തശേഷമായേവരും
അമ്മലയിലണഞ്ഞുവന്നൊരു വിശ്വസിച്ച സമൂഹത്തെ
അൻപിനോടുടൻ കൂട്ടിയൊന്നിച്ചു പിന്നെയും കുരിശടിയതിൽ
അണഞ്ഞുവന്ദനചെയ്തു വീണ്ടുമക്കുരിശടിയതിലേവരും
ആയവർകളെ ഒക്കെയും ബഹുഅൻപിനോടുടൻ മാതൃവും
ആദരിച്ചുനടന്നു തന്നുടെ കേതമാം സെഹിയോനതിൽ. 154

മാതൃദുഃഖം

അമ്മകന്നിയാജനത്തെയാശിർവദിച്ചയച്ചുടൻ
അന്നവരു പൂർത്തിയോടുചേർന്നു തന്റെ കേതങ്ങൾ
എന്നതിന്റെ ശേഷമമ്മ സ്നേഹശിഷ്യനും സഹ
നന്ദിയോടുചേർന്നു മറ്റു നാരികളോടൊത്തുടൻ

ഝടുതിയോടുചെന്നു സ്നേഹപുത്രനായ യോഹന്നാൻ
മടിയതൊക്കെ നീക്കിയമ്മ ചേരെയങ്ങണഞ്ഞയാൾ
അമ്മയോടുചൊല്ലി ദുഃഖരോദനസ്വരത്തിനാൽ
അമ്മയിന്നുരണ്ടതായി വാസരം നിൻ വദനമോ

യാവയൊന്നുമേ ഭുജിച്ചിടാതെ പാർക്കകാരണാൽ
യാവ്യ[1]മായി വാച്ചതു[2] നിൻഗാത്രരക്ഷയാക്കണം
എന്നുചൊന്ന നേരമമ്മ ദീർഘശ്വാസമോടുടൻ
നന്ദിയായി യോഹന്നാനെപ്പാർത്തരുളിയീവിധം

ഗാത്രരക്ഷ നീ എനിക്കു സ്നേഹപുത്രനല്ലയോ?
പേർത്തനുഗ്രഹമെനിക്കു സ്നേഹജന്നുയിർപ്പതിൽ
പാർത്തുകണ്ടതിന്റെ ശേഷമെന്നിയെ അനാവശ്യം
പാർത്തുകൊൾസുഖം സഹോദരികളായവരുടെ

സാമ്യമാസഹായമൊക്കെ അന്വേഷിച്ചുകൊള്ളുക
സാദ്ധ്യമായതൊക്കെയും യഥോചിതം ത്വയാഗുരോ,
ആശിർവ്വാദമായിനിക്കനുവദിക്കകേതമെ
ആശുപുക്കടങ്ങിടട്ടെ ദാസിയെന്റെ സുസ്സുതോ...!

എന്നരുൾചെയ്തതിൻശേഷം പുക്കുതന്നുടെമന്ദിരേ
അന്നുരാത്രി അതിന്റെ ഉള്ളതിൽ അമ്മ തന്നുടെ ദുഃഖമേ
ശത്രുസേനകൾ മദ്ധ്യെയങ്ങൊരു വീര്യശൂരരണാപതി
തത്രസംവിനാനിന്നു ദുഃഖമതിങ്കലേറ്റമുറിവുകൾ

കേതമായതിൽ പൂക്കു ശസ്ത്രമതിന്നടുത്തുതുടങ്ങുമ്പോൾ
പാദകരഗളമക്ഷികുക്ഷിയിതാദിയായി തൻദേഹത്തിൽ
പെട്ടകുണ്ടുകൾ വെട്ടുകുത്തുകളൊക്കെയുമിതുനേരമെ
സൃഷ്ടമായറിഞ്ഞുകണ്ടു നൽനൊമ്പരങ്ങൾ തുടങ്ങുമോ!

എന്നതുവിധമമ്മ ഈ നിശതൻ മാനസനികേതത്തിൽ
ഒന്നടങ്ങിയിരുന്ന സമയമനുഭവിച്ചൊരുനൊമ്പരം
ഇത്ര പാപിയധികമൂഢനാമെന്റെ നാവിനാൽകാട്ടുവാൻ
തത്രവശഹീനമെങ്കിലുമ്മമദാഹമാകയാലാശിച്ചേൻ

ഇങ്ങനെയമ്മ മന്ദിരത്തിന്റെ ഉള്ളതിൽ പുക്കനേരമേ
അങ്ങതിന്നുടെ മദ്ധ്യേ തൂങ്ങുന്ന വെട്ടമുള്ള വിളക്കിനെ

1. യാവ്യം = ഭക്ഷണം (യാവന) 2. വാച്ചതും = വല്ലതും

കണ്ടതുക്ഷണമമ്മ തന്നുടെ ദുഃഖകാഴ്ചതുടക്കമായ്
ഇണ്ടലേറ്റമതുള്ളിൽ കൊണ്ടതി ദുഃഖമായിതു രോദനാൽ

എന്റെ കണ്ണിനു വെട്ടമായതുമെന്റെ സ്നേഹവും ജീവനും
എന്റെ ചങ്കിനിളക്കമായതുമെന്റെ പുത്രനതല്ലയോ
ജീവനകലുന്ന ദേഹമെങ്ങനെ ചീഞ്ഞിടാതെയിരിക്കുമോ
ജീവനുമമ ജീവനായതും നിൻതിരുസ്നേഹമല്ലയൊ

എത്രയേറിയ ദാഹമോടു ഞാൻ രത്നതിരുമുഖശോഭയെ
തത്രചാരെയണഞ്ഞു കാണ്മതിന്നെത്രയാഗ്രഹമായിഞാൻ
അമ്മതന്നുടെ യുദരനാടതിലൻപിനോടു വസിക്കയാൽ
അന്നുതൊട്ടു ഞാനെത്ര പ്രാർത്ഥന നിൻതിരുമുമ്പിൽ വച്ചിതെ

പള്ളിതന്നുടെയുള്ളിൽ ഞാനിരുന്നമ്പിനോടു ഭജിക്കയിൽ
തെല്ലുനേരവുമിടവിടാതെ ഞാൻ നിന്റെ വരവിനെയാശിച്ചേൻ
പാപമരണമൊഴിപ്പതിന്നു നീ ലോകരക്ഷക്കു വന്നീടും
പരമനായികയായ ഒരു സ്ത്രീ നിന്നെപ്പെറ്റു വളർത്തീടും

അന്നു ഞാനാ അമ്മ തന്നുടെ ചേടി[1]യായി കുഞ്ഞിനെ
അമ്പൊടന്നു ഞാനാദരിച്ചു തൻ പാദപങ്കജം മുത്തീടും
എന്നിതു വിധമാഗ്രഹിച്ചു കൊതിച്ചിരുന്നതു നേരമേ
നിന്റെ കരുണയധികരിച്ചു നീ പാർത്തിതെന്നുടെ താഴ്ചയെ

യാത്രയാക്കി അയച്ചു നിന്നുടെ ഭൃത്യനാം ഗൗറിയേലിനെ
തത്രയാളെന്നെപ്പാർത്തു സ്ത്രീകളിൽ ആര്യ ഞാനെന്നരുളിയേ
ഇന്നിതാ അഹം സ്ത്രീകളൊക്കെയിലെത്രയും മഹാദുഃഖിത
നന്ദനമേ മമ കൺകളെങ്ങനെ ഇന്നിശയിലടച്ചിടും

നവമാസങ്ങളിൽ ഞാൻ ചുമന്നതിലൊരു ദിനത്തിന്റെ കാഴ്ചയെ
നയനസലിലമൊഴുക്കി ഞാനിഹ പ്രാർത്ഥിക്കാതെയിരുന്നിതോ
നിന്റെ പാലന താതനൻപൊടു ബേത്ത ളഹമ്മിനു യാത്രയായ്
തന്റെ യാത്രയതിന്നകത്തു ഞാനാസ്തമാക്കി[2]നിചോളവും

അൻപോടെന്നുടെ പുണ്യനാമിയളന്വേഷിച്ചു പ്രസൂനങ്ങൾ
ഇമ്പമോടതുമാറ്റി നിന്നുടെ തുയിലു[3]ഞാനർച്ചിച്ചിതെ
അമ്മല വഴിയാത്രയെങ്കിലുമിമ്മലഹീന വസ്ത്രവും
അമ്മ ഞാനതി സൂക്ഷമായ് ചുമന്നങ്ങണച്ചിതുബേലഹേം

എത്രയും ശുദ്ധമേറെയുള്ള നിൻ കൊച്ചുഗാത്രം പുതയ്ക്കുവാൻ
എത്രയുമധികാശയോടു ഞാൻ പാർത്തിരുന്നതു കാലമെ
ഇന്നിതെന്നുടെ സ്നേഹപുത്രന്റെ ശുദ്ധ ദേഹമെവിടെയായ്
ഇന്നിശ ഞാനകന്നിരിക്കുന്നതെത്രയോ യതിദുഃഖമെ

1. ചേടി = പരിചാരിക 2. ആസ്തമാക്കി = ഒരുക്കി 3. തുയില് = വസ്ത്ര

നിന്നെയൊൻപതുമാസവും ചുമന്നൻപൊടെന്നുടെ കയ്യതിൽ
സുന്ദര തിരുമേനി കണ്ടൊരുനാൾവരെയൊരുനിമിഷവും
തന്നിനിക്കില്ല നീയതൊക്കെയും ഇന്നിശയ്ക്കതുവച്ചിതോ
നന്നിനിക്കിതു സ്നേഹമേ, സുത നിന്റെ മനസ്സിതു ദാസിക്കും 72

അന്നു രാത്രിയിൽ നിന്നെക്കണ്ട ഞാൻ മുത്തിനിന്നുടെ പാദങ്ങൾ
നന്ദിയോടെന്റെ ദൈവം നീയെന്നും പിന്നെ നിന്റെ തിരുക്കരം
രാജമഹിമയിലേറ്റമുള്ളവൻ നീ ഗുരുശ്രേഷ്ഠനെന്നു താൻ
രാജിത സ്നേഹമേറിയ മമ സുതനുമെന്നൊരുദാഹമായ് 76

മുത്തി നിന്നുടെ രത്നമാണിക്കകൺമണീ മമ മുഖമയ്യോ
ഇത്തിരുമുഖമിന്നി ഞാനെന്റെ നയനകാഴ്ചയിതെപ്പഴോ
എട്ടുനാളിനുശേഷം നിന്നുടെ വൃത്തഛേദനമാകുവാൻ
പട്ടമുള്ളൊരു പുരുഷൻ വന്നുചൊല്ലിയെന്നോടിതും ദൃഢം 80

അമ്മ ഞാനതു കാരണാലെന്റെ കയ്യതിൽനിന്നു പുത്രനെ
ഇമ്മഹാദുഃഖം കണ്ടിടേണ്ട നീ ശുശ്രൂഷി കൈയിലേല്പിക്കു
എന്നതു നേരമെന്റെയാഗ്രഹം നയമതോടെയുണർത്തി ഞാൻ
അന്നയാളതു സമ്മതിച്ചു ഞാൻ കണ്ടു നിന്നുടെ അച്ചാരം 84

എന്നയെന്നുടെ കണ്ണിതയ്യോ ഇന്നലെ പകലൊക്കെയും
എന്തു കണ്ടെന്റെ കൺകളേ നിങ്ങളെന്നൊടൊക്കെ വദിക്കണം
തന്തതായുമെൻ പുണ്യപുരുഷനുമിപ്പോൾ നീയുമകന്നിതേ
വീണ്ടുചതുർദ്ദശവാസത്തിൽ ഞാനൻപൊടമ്മഹാമന്ദിരെ 88

കൊണ്ടുപോയ് പിതൃവർച്ചനയായി നിന്നെ വച്ചു ഞാനമ്പോടെ
അന്നുമെന്നുടെ ശ്രോത്രമായതിൽ വീണ നിൻ ഗുരുനാവിനാൽ
നന്ദന പ്രേമമേനിനക്കു ഭവിക്കുമെന്നുള്ള വാക്കിനാൽ
അമ്മയായയെനിക്കുമെന്നുടെ ചങ്കിനുള്ളതിൽ വാൾമുന 92

ഇമ്മഹാമതിഗൂഢമൊക്കെയും വെട്ടമാകുവാനേൽക്കുമെ
എന്നുതന്നെയുമല്ല യിസ്രയേൽ വീഴ്ചക്കും പലർ രക്ഷയ്ക്കും
നന്ദനൻ നീ കല്ലായിടും പലർ മുട്ടിനിന്നിലുതച്ചിടും
എന്നതിരുമൊഴിയെങ്കിലും മമ സ്നേഹമേ സുത ദാസിയാൽ 96

നന്ദിയേകി യിസ്രായേൽ തന്നുടെ സംശയങ്ങളെ തീർക്കുക
നിന്നെ അമ്പൊടുപെറ്റ കൊട്ടിലിൽ നിന്നു ഞാൻ പിരിഞ്ഞപ്പഴെ
മന്നിലിസ്ഥലം തന്നിൽ യാതൊരു ജന്തുവണയരുതെന്നതാൽ
വൻപനായൊരു വാനവനെ ഞാൻ കാവലാക്കിയതിൻ ദൃഢം 100

ഒമ്പതു ഗണം കുമ്പിടും മമ സുതാനീയിപ്പൊളെവിടെയായ്?
മന്ദിരമതിലർച്ചനചെയ്തു നവദിനസ്തുതി ചെയ്യുവാൻ
ഒന്നിച്ചെന്നുടെ പുണ്യനോടു ഞാൻ ചിലദിനം തികച്ചീടുമ്പോൾ
അന്നു രാത്രിമുഖം തുടങ്ങിയ നേരം നിന്നുടെ ദുതനാൽ 104

നന്ദനപ്രിയനായ പുണ്യനു കാട്ടി ദുഷ്ടവിചാരണ
എന്നരായിരുൾ മദ്ധ്യേ നിന്നെ ഞാൻ കയ്യിലമ്പൊടു ചേർത്തയ്യോ
സുന്ദരാ നിന്നെ ശത്രു കയ്യതിൽനിന്നുരക്ഷണ ചെയ്യുവാൻ
അന്നു ഞാൻ നിന്നെ തഴുകിയമ്പൊടു രാവതൊക്കെ നടന്നിതേ
ഇന്നു രാവിതിൽ നിന്നെയെന്നുടെ കണ്ണിൽ കാണുവതില്ലയ്യോ
മുന്നം നിന്നുടെ പിതൃജനമതിൽ സഞ്ചരിച്ച എജീപ്തതിൽ
ചെന്നു ചേർന്നു ഹെലിയോപ്പോലതിൽ നഗരവാസിയുമായി ഞാൻ
അന്നവിടെ നിൻ സുന്ദര തിരുമേനി മൂടുവാനാടയെ
നന്ദനാ! നിന്റെ അമ്മയായ ഞാൻ നെയ്തിതെന്നുടെ കൈകളാൽ
മെച്ചമായ നിൻ കൊച്ചു സുന്ദരമേനിമാനമതാക്കുവാൻ
ഇച്ഛയോടു ഞാൻ വച്ചുൾവസ്ത്രവും മെച്ചമായൊരു ളോവയും
ഇച്ഛയുള്ളതതായി നിന്നൊടുകൂടെ ആടവളർന്നതും
ഇച്ഛിച്ചിന്നലെ സേന പങ്കു പകുത്തനേരംവരെയിതേ
ഇമ്പമോടുടുക്കാൻ തുയിലാക്കി നിനയ്ക്കുമെന്നതു മിന്നലെ
ഇമ്പമായവർ നീക്കിയെങ്കിലും മുമ്പിൽ വച്ചതു നിങ്കലെ
അന്നു നിന്നുടെ പാദമീഭൂവിചേർപ്പതിനുള്ള കാലമെ
നന്ദിയോടു നിനക്കു ചേർത്തു ഞാൻ നൂലുകൊണ്ടുള്ള പാദുകം
അന്നു നീയടിയാട്ടിയോടുരചെയ്ത നിന്നുടെ മുപ്പതിൽ
നന്ദന പ്രേമമായി മർത്യരെ ചേർക്കുമെന്ന കാലംവരെ
ഇന്നു നിന്നുടെ യിഷ്ടമെന്നപോൽ വച്ച പാദമിരിക്കട്ടെ
എന്നു നിന്നുടെ കല്പനാ സമം നിന്റെ പാദങ്ങൾന്യസ്ത[1]മെ
കാട്ടിലും മലമേട്ടിലും കരിങ്കല്ലിലും ചൊരിമണലിലും
കോട്ടമെന്നിയെ നീ നടന്നയ്യോ എത്ര നേർത്തുള്ള കാൽകളാൽ
നാഥനേ! ആ തവദാസി മമ ബഹുപാതകങ്ങളതൊക്കെയും
നാസ്തിയാക്കിയരുളേണമേ തവ പാദമതിനുടെ ശക്തിയാൽ
അന്യനാടതിൽ നിന്റെ പാലനാപരിചയം വിന എന്നതാൽ
അന്നെനിക്കു നിനക്കുമുള്ളൊരു ജീവസങ്കടമെത്രയൊ?
വീണ്ടു നിന്നുടെ ചിത്തമെന്നപോൽ നസ്രസിന്നുടെ തിരിവതിൽ
ആണ്ടിരുന്ന നൃപസ്സുതന്നുടെ ഓർമ്മയാലതിദുഃഖമായ്
പന്തിരുവയസ്സായ നാളതിൻ മൂന്നു വാസരമായ്മറ-
ഞ്ഞന്തരാ അടിയാൾ മനമതിൽ സംഭവിച്ചതും കണ്ടു നീ
പുണ്യപുരുഷനന്തരിച്ചതിൻശേഷമായ് മമ മന്ദിരേ
ഉണ്ണി നിന്നുടെ സന്നിധാനമിടവിടാതെ പുണർന്നു ഞാൻ
പിന്നെ നിന്നുടെ ജ്ഞാനസ്നാനമതിന്നു സമയമടുത്തുടൻ

1. ന്യസ്തം = വയ്ക്കപ്പെട്ടത്

എന്നെ അൻപൊടു തഴുകി നിന്നുടെ നെഞ്ചിനോടുമണച്ചയ്യോ
ഇന്നു ഞാനിത നിന്നെ അങ്ങുവച്ചെങ്ങനെയിതു രാത്രിയിൽ
വന്നെനിക്കു സഹായമാകുവാനരതുള്ള മമസുതാ
പിന്നെ നിന്നുടെയൻപതിനാലെയഞ്ചു ശിഷ്യരുമായി നീ
എന്നെ വന്നു കാൺമതിനണഞ്ഞു നീയന്നുമാമക മന്ദിരേ
അൻപിനോടു ഞാൻ ദാസി നിന്നുടെ പാദതാരതിൽ മുത്തിണാൾ

(മട്ടുമാറി)

മുൻപിനാലെതന്നെനിക്കുനിന്റെ ശുദ്ധസ്നാനവും
എന്നതിന്നു നിന്റെ ദൈവശക്തിയും സുസ്നേഹവും
അന്നെനിക്കു കാട്ടുവാൻ നീയിഷ്ടമായി ദാസിയിൽ
മുക്തി നിന്റെ ശുദ്ധമുള്ള കൈകളാലെ ദാസിയെ
ശക്തിയുള്ള എന്റെ സ്നേഹപുത്രിയെന്നു ബാവയും
ഇവരെ ഞാൻ തിരഞ്ഞെടുത്തതെന്റെ കാരണമൊക്കെയിൽ
ഇവരെനിക്കു ദാസ്യമെന്നു എന്റെ അമ്മ എന്നു നീ
ആയിരത്തിൽ നിന്നു ഞാൻ തിരിഞ്ഞെടുത്ത മഹാഷിസാ[1]
ആയുരാദി ശുദ്ധിദാന സ്നേഹദൈവപുണ്യവും തഥാ
അപ്രകാരമന്നു നീയുയർത്തി എന്നെ മൽസുതാ
ഇപ്രകാരമിന്നു ഞാനകന്നുപോയതെങ്ങനെ?
നരകുലത്തിനായ നിന്റെ സ്വന്തവേലയൊക്കെയിൽ
പരജനത്തിനായി ദാസി നിന്റെ പിൻചരിക്കുവാൻ
നിന്റെ യിഷ്ടമെന്നറിഞ്ഞഹം തെളിഞ്ഞു ചേർന്നിതെ
എന്റെയിഷ്ടമൊക്കെയും സുതാ നിനയ്ക്കുന്നസ്തമേ
മമ സുതന്റെ മരണ പകരമായി ദാസി ജീവനെ
പരമനീതി ശരിയിതല്ലയെന്നു ദാസി സമ്മതം
മൂന്നു സമകളിൽ നിന്റെ പിൻപേ ഞാൻ നടന്നു സാദരം
അന്നവരുടെ അൻപിനാലെ നിനക്കുയാവന നോക്കി ഞാൻ
ഇന്നു നിന്നുടെ ദാസിയെന്നെ അകത്തിവച്ചു നീ പോയതാൽ
നന്ദികേടെന്നിലെന്തു കണ്ടു നീ കണ്മണീ! മമ പ്രേമമെ!
ഇന്നലെയിതു നേരമെന്നതിനൻപതേറിയ കരുണയെ
തന്നു നീ സ്നേഹചിഹ്നമായ് ഞങ്ങൾ നിന്നിൽനിന്നകലായുവാൻ
എന്നതിന്നുടെ ശേഷവും മമ സ്നേഹമെ! നിന്നെ ഏവരും
നന്ദിഹീനത കാട്ടി വിട്ടുപിരിഞ്ഞുപോയതിതെന്തയ്യൊ?
എങ്കിലും ശിഷ്യർ മരണഭീതിയാൽ കൈവിടെന്നുനിനച്ചിടാം

1. മഹിഷിസാ = ഇവൾ രാജ്ഞി

ശങ്കഹീനമായുള്ള കരണ[1]മീയുദാസ് ചെയ്തിതെന്തയ്യയ്യോ?
പങ്കുമായൊരു വെള്ളിയിലതിസ്നേഹമായവനുള്ളതോ
ചങ്കിലും മമ ഭാവമെങ്കിലോ വിറ്റിടാഞ്ഞിതു ദാസിയെ
പൊൻമണീ മണിമാണിക്യങ്ങളുമൊൻപതുവകരത്നവും
അൻപനെന്നുടെ സ്നേഹമേ, നിന്റെ വാക്കിനാലുളവാക്കിയേ
ഇത്ര നിന്ദിതനെന്നപോലവൻ വിറ്റതിന്നെന്തു കാരണം
തത്രസംഭവിയാഞ്ഞതെന്തിതു ശത്രുവെന്നവനോർത്തിതൊ
സ്നേഹമാതൃവെ നിന്റെ പുത്രനെ മുപ്പതിന്നവൻ വിറ്റിതെ
പ്രേമശൂന്യയായ വസ്തുവാലെത്രയൂഴമായ് വിറ്റഹം
നിന്റെ സ്നേഹിതനെന്നവൻ ചതികാട്ടി മുത്തിനാലൊറ്റിനാൻ
എന്റെ സ്നേഹതനിന്നിതിന്നായി വന്നിതോ എന്ന ശിക്ഷയൊ?
എങ്കിലും നിന്റെയൻപിനാലവനെന്റെ പക്കലണഞ്ഞെങ്കിൽ
ശങ്കകെട്ടവനോടു നീ ദയ ചെയ്വതിന്നുമഭീഷ്ടമായ്
ഇങ്ങനെയുള്ള നിൻ മനോദുഃഖമെന്നിയെ നിന്റെ പുത്രനിൽ
ഇന്നലെപ്പകൽ കണ്ടുഞാൻ നിന്റെ മനമതിൽ പൂക്കുവാൾമുന
ഒക്കെയും തവദാസി[2]യാം മമനാവിനാൽ പറഞ്ഞൊപ്പിപ്പാൻ
ഒക്കെയിൽ മഹാമൂഢബുദ്ധി അഹം ഇതിൽ മതിയായിടാ
തദ്ഹേതുവിനാൽ നിറുത്തി, നിൻ ദാസിയിൽ തവ ആശ്രയം
തദ്വരങ്ങളും തന്നീടണമുണർത്തുവാൻ ശനിവാസരെ
സുര്യോദയമതിന്നുമുൻപങ്ങണഞ്ഞു സ്നേഹസുതൻ ജൂവാൻ
സൂര്യദേവജനനിയെക്കണ്ടു വാഴുവാങ്ങിയശേഷമായ്
ശിഷ്യജനമതിൽ ശ്രേഷ്ഠനാകിയ കേപ്പതന്നെവരുത്തുവാൻ
ശിഷ്ടനാഥയിൻ കല്പിതം കേട്ടുയാത്രയായി തിരക്കുവാൻ
വെട്ടമായൊരു നേരമൻപൊടുചേരെ[3]ക്കണ്ടിതുപേത്രുവെ[4]
തട്ടുകെട്ടു കരഞ്ഞു മണ്ണിലിരുന്നു രാവതുമുഴുവനും
ഇങ്ങനെ തന്റെ സ്നേഹശ്രേഷ്ഠനെക്കണ്ടതുനേരമൻപിനാൽ
അങ്ങു ചെല്ലുവാൻ അമ്മ കല്പനഖേദമൊക്കെ നീ നീക്കുക
ചഞ്ചലിച്ചു ചലിക്കവേണ്ടഹോ അമ്മ എത്ര ദയാനിധി
ചഞ്ചലംവിനാ ദൈവപുത്രന്റെ അമ്മയേകരുണാംബുധി
കേട്ടുടൻ കേപ്പ ദുഃഖമൊക്കെ അകറ്റിയെങ്കിലും ദുർബലൻ
കൂട്ടനോടു നടന്നുമെല്ലവെ ലജ്ജയെത്രയും ശക്തിയും
എങ്ങനെയെന്റെ അമ്മ തന്നുടെ തിരുമുഖത്തിനെ നോക്കുവാൻ
മംഗലൻ തന്റെ അൻപുപെരികിയ പുത്രനെ അഹം വിട്ടയ്യൊ
എത്ര ശക്തി ഉറപ്പുകാട്ടി ഞാനേവരും കേൾക്കയിന്നലെ

1. കരണം = പ്രവൃത്തി 2. ദാസി = ദാസൻ എന്നയർത്ഥത്തിലാണ് 3. ചേരെ = അടുത്ത് 4. പേത്രു = പത്രോസ് (കേപ്പാ)

ശത്രുവിൻ ക്രോധമെങ്കിലുമഹം വിട്ടുമാറുകില്ലങ്ങയെ
എന്നു തന്നുടെ തിരുസമൂഹമിരുന്നു ചൊന്നതു ഞാനിതൊ
വന്നശത്രു പിടിച്ച നേരമിതെന്റെ ശക്തിക്ഷയിച്ചയ്യൊ
വിട്ടുതന്നെയുപേക്ഷചെയ്ത ഞാനിത്ര മൂഢനിതായയ്യൊ? 208

പൊട്ടനാരിയിൻ വാക്കുകേട്ടു ഞാൻ രക്ഷനാഥനെ വിട്ടയ്യൊ
ഇങ്ങനെയുള്ള ദുഃഖരോദനാൽ വന്നണഞ്ഞു സേനാക്കുളിൽ
തിങ്ങിന ദുഃഖമോടു വാതിൽ കടപ്പതിന്നു മഹാപണി
ജ്യാനി[1]തന്നുടെ വാക്കുകേട്ടു നിറുത്തി ദുഃഖമതൊക്കെയും 212

ജ്വലന ദുഃഖിതരായ ശിഷ്യരെയൊക്കെയുംകൂട്ടി അക്ഷണെ
അങ്ങടുത്തതു നേരമമ്പൊടു പുക്കുമുമ്പനായ് കേപ്പയും
മംഗലപ്രേമ ദുഃഖരഞ്ജിത അമ്മ തന്നുടെ സന്നിധെ
പൂക്കടുത്തതു നേരമൻപൊടു ശിഷ്യരൊക്കെയും നില്ക്കവെ 216

പൊക്കഗൾ ഗദമായ വാക്കിനാൽ കുറ്റപിഴകളിരങ്ങിയാൾ
കുറ്റംചെയ്തു പിഴച്ചഹം മമ ദൈവഗുരുവിന്റെ സന്നിധൗ
ഏറ്റമായ് ബഹുനന്ദികേടു ഞാൻ അമ്മ മുൻപിലും ചെയ്തയ്യൊ
ഇത്രയൊക്കെ ഉരച്ചതെന്നിയെ മറ്റുയാവ[2] ഉണർത്തുവാൻ 220

തത്ര വശഹീന നിർജീവനായി വാക്കതുംമുട്ടി തൽക്ഷണെ
താണ്മ[3]യേറിയ അമ്മയപ്പൊഴെ മുട്ടുകുത്തി വിനയമായ്
വെണ്മയോടരുളി കേപ്പയെ തന്റെ വീഴ്ചയിൻ പൊറുതികിട്ടുവാൻ
എന്റെ സ്നേഹസുതനുമാം തഥാ നിങ്ങൾക്കൻപുടമാഗുരു 224

തന്റെ ദയയുടെ കരുണയാൽ പൊറുത്തീടുവാൻ പ്രാർത്ഥിച്ചീടുനാം
എന്നരുൾചെയ്ത നേരമൊരുവനു പിൻപതായിമറ്റേവരും
വന്നണഞ്ഞുടൻ പൊറുതിദുഃഖമായ് വീണപേക്ഷിച്ചു ശിഷ്യരും
എത്രയും വിവേകമുള്ള അമ്മയപ്പൊളതുവരെ 228

തത്രയങ്ങുയർത്തി നൽകി പൊറുതിയും സ്വാശ്രയയെ
സോപ്പിൽ[4]വച്ചു വേർപിരിഞ്ഞശേഷമുള്ളതൊക്കെയും
സ്തോത്രം ചെയ്തുചൊല്ലി അമ്മ കേട്ടതൊക്കെയും ദൃഢം
പുത്ര ദുഃഖ സർവ്വവും അതിങ്കലുള്ളതൊക്കെയും 232

പുത്രദേഹി പാതാളത്തിലെത്തി എന്ന സർവ്വവും
അമ്മയങ്ങരൂപിയാലറിഞ്ഞു വാർത്തതെങ്കിലും
ഒന്മയോടു ശിഷ്യവാർത്ത ഒക്കെയും ചെവിക്കൊണ്ടു
അമ്മയങ്ങനന്തരം വിടാതെ തന്റെ ധ്യാനത്തെ
അന്തരംഗമായ് ശനിദിനത്തിലടങ്ങിയാൾ. 237

---

1. ജ്യാനി = ജോൺ (യോഹന്നാൻ, ജൂവാൻ എന്നതും ഈ അർത്ഥത്തിലാണ്) 2. യാവ = യാതൊന്നും
3. താണ്മ = താഴ്മ (വിനയം) 4. സോപ്പ = തിരുശരീരം മറവുചെയ്ത തോട്ടം, തോപ്പ്

പത്ത്

ഉയിർക്കുന്ന യേശുവിന്റെ അനന്തരസാക്ഷ്യങ്ങളുടെ ഭൂമികയിൽ സെഹിയോനിലെ പരിശുദ്ധാത്മ ഗമനവും തിരുസ്സഭാസമാരംഭവും സാവോൾ മാനസാന്തരവും യാക്കോബിന്റെ രക്തസാക്ഷിത്വവും അബലാലയ സ്ഥാപനവും ജറുസലേം സമ്മേളനവും പുതിയനിയമ വിശ്വാസദീപ്തിയുടെ തുടർപ്രസരണത്തിൽ വിശുദ്ധ മാതാവിന്റെ പങ്കാളിത്തവും കവി സമജ്ഞസമായി ഇതൾ ചേർക്കുന്നു.

ഇങ്ങനെ ത്രിലോകത്തിൻ രാജ്ഞിയാമ്മഹാനാഥ
മംഗലപ്പുത്രദുഃഖാൽ നാല്പതുമണി കേണു
സൂര്യവാസരേ[1] ഉഷസ്സുമയെനാഥൻ താനും
സൂര്യനെത്തോല്പിച്ചീടും പ്രഭയാൽ താനും തന്റെ
സേനകൾ മാലാഖമാർ പാതാളേഭജിച്ചൊരു
സേനയാം ബാവാന്മാരാം പുണ്യാത്മസമൂഹവും
ഇങ്ങനെ ചെന്നനേരം സെപ്പുൾ[2]ക്രുതന്നിൽ നാഥ
അന്നങ്ങു നിറുത്തിയ കാവലാം മാലാഖമാർ
പിന്നെയും അമ്മ ചൊൽപോൽ വാനവർ തന്റെ പുത്ര
സുന്ദരതിരുമേനി തന്നിൽനിന്നൊഴുകിയ
ക്ഷതജത്തുള്ളികളാക്കല്ലിലും മറ്റുംനിന്നും
ക്ഷതത്തിൽനിന്നു തെറിച്ചുള്ളൊരു മാംസത്തുണ്ടും
ഒക്കെയും കൂട്ടീടുവാൻ കല്പിച്ച വണ്ണമവർ
ഭക്തിയാശുദ്ധമേറും റെലീക്കാ[3]യതുമായി
കൂടിനിന്നതു നേരം നാഥനും ബാവാന്മാരും
കൂടെയങ്ങെഴുന്നെള്ളിക്കാട്ടിതൻ ദേഹക്ഷതം
ഒക്കെയും കണ്ട പിതാമഹന്മാർ യോക്യൻ[4] യൂസെ
തക്ക സ്നേഹത്തോടുടൻ അമ്മയിൻ അമ്മാദിയായ്

1. സൂര്യവാസരം = ഞായറാഴ്ച 2. സെപ്പുൾക്രു = കല്ലറ 3. റെലീക്കാ = തിരുശേഷിപ്പ് (ഇറ്റാലിയൻ)
4. യോക്യൻ = യോവാക്കിം

എന്നതിനുശേഷം ദേവദൂതൻ തൻ ചിത്തംയഥാ
ഒന്നിച്ചുടനേ ശുദ്ധദേഹത്തിൽ മാംസാദികൾ
പൂക്കുടനതിൽ തന്റെ ദേഹി ദൈവശക്തിയാൽ
വെക്കമായ് അതു മൃത്യുഹീനാദി വരങ്ങളും
എത്രയും മഹാശോഭാശക്തിയും കൊടുത്തതിൽ
തത്രമർത്യർക്കുമിതു സംബന്ധമതുമാക്കി
എത്രയുമുചിതമായിതിനെ ഉറപ്പിപ്പാൻ
തത്രവച്ചിതും ചില പുണ്യവാന്മാർക്കും നൽകി
ഇതിനാൽ അതിൽ ചിലർ സ്വദേഹത്തോടുംകൂടി
ഉദിതസൂര്യസമം ഉയിർത്തങ്ങവരുമായ്
ഒന്നിച്ചു പുറപ്പെട്ടു മന്ദിരേ മാതാപക്കൽ
നന്ദിയാൽ ദാഹിച്ചങ്ങു പാർത്തിരുന്നൊരു നാഥാ
പുത്രന്റെ തിരുമുഖം കണ്ടതു നേരത്തിങ്കൽ
എത്രയുമെളിമയാൽ സാഷ്ടാംഗം ചെയ്തവരെ
സ്നേഹപുത്രനുമുടൻ അണഞ്ഞു മാതാപക്കൽ
സ്നേഹത്താൽ ഉയർത്തിയങ്ങണച്ചു തങ്കൽ അമ്മെ
അപ്പൊഴുതണഞ്ഞൊരു നിക്ഷേപത്തെളിവിനാൽ
നിശ്ചയം ശക്തിഹീനം പ്രത്യക്ഷം ചെയ്തില്ലെങ്കിൽ
ഈനേരമതിലശരീരിയാം സ്വരം കേട്ടു
സ്നേഹിതെ കരേറുക മേല്പോട്ടെന്നതു നേരം
ഈശ്വരശക്തിവശാൽ നാഥയും പകർന്നുടൻ
ഈശ്വരത്വത്തിൻ കാഴ്ച രസിച്ചു മഹാമോദാൽ
ഈ വിധം കുറഞ്ഞൊരു നേരമായ്പ്പാർത്തമൂലം
എവ്വിധം സൃഷ്ടിപ്പിന്നു നൽകുവാൻ വശംതഥാ
ദൈവദാനങ്ങളായ വരങ്ങൾ ബഹുവിധം
ദൈവപുത്രനുമപ്പോൾ നൽകിതൻ മാതാവിന്നായ്
എന്നതിൻശേഷം അമ്മതന്നുടെ പിതൃക്കളും
നന്ദിയേറീടും തന്റെ പുണ്യഭർത്താവും സ്നാനൻ[2]
ഇങ്ങനെയുള്ള പുണ്യശ്രേഷ്ഠന്മാരോടുകൂടി
മംഗലവാർത്ത ചൊല്ലിത്തോഷിപ്പാന[3]നുവാദം
കണ്ടുടനറിഞ്ഞു മുൻപാദിയാം ജനകരെ
കണ്ടുതോഷിച്ചു വീണ്ടും അമ്മ അന്നായും യോക്ക്യൻ
സ്നേഹമേറീടും മണവാളനാം യൗസേപ്പിതാ
സ്നേഹമായ്പ്പാലിച്ചെന്ന മാന്ദാനായുമായിന്ന

1. സ്നാനൻ = യോഹന്നാൻ മാന്ദാന 2. തോഷിപ്പാൻ = സന്തോഷിക്കുവാൻ

പ്രിയരഞ്ജനാൽ മോദം മനസ്സിന്നിഷ്ടം യഥാ
പ്രതി പ്രേമമാൽ[1] പ്രശ്നം നാല്പതുദിനംവരെ
ഇതിനുള്ളിൽ നാഥൻതന്നുടെ ഉത്ഥാനത്തെ[2]
ഉദിതം യഥാ കാട്ടി ഉറപ്പു ദത്തം സർവ്വം

ഈ ചതുർദ്ദശദിനേ മരിക്കും പുണ്യാത്മങ്ങൾ
ഇച്ഛയേറിയ മോക്ഷെ നാഥനെക്കാണുംവണ്ണം
എന്നപോൽ സെഹ്യോനെന്ന മന്ദിരമതിൽ തന്നെ
ചെന്നു പൂകുന്ന ആത്മമെന്നതിൽ പരിഹാരാൽ

രക്ഷനാഥന്റെ കാഴ്ചയ്ക്കന്യരായീടുന്നോരും
രക്ഷനാഥയാം അമ്മതന്നുടെ അപേക്ഷയാൽ
ആയവർക്കുള്ള പരിഹാരവും തീർത്തുനാഥൻ
ആയതിൽത്തന്നെ മോക്ഷകാഴ്ചയും കൊടുത്തീടും

പിന്നെയുമൊരുദിനേ അമ്മതൻ ധ്യാനസ്ഥലെ
മിന്നുന്ന മഹാകാഴ്ചകണ്ടിതു മഹാശ്ചര്യം
നിത്യനാം പിതാവും തൻ സ്നേഹറൂഹായും ശുദ്ധൻ
സത്യാവതാരംചെയ്ത പുത്രനും ത്രീത്വമായി

പുത്രന്റെ കരേറ്റത്തിൻ സമീപമായ മൂലാൽ
തത്രയങ്ങെഴുന്നള്ളിയൊക്കെയും കല്പിപ്പാനായ്
വിസ്മയകാഴ്ചയിതു കണ്ടതുനേരം അമ്മ
വിസ്മയ എളിമയാൽ മൂലയിൽ സാഷ്ടാംഗമായ്

വീണുടൻ കുമ്പിട്ടമ്മ ഭീതിപോൽ മുഖംധരെ
വീണു താഴ്ത്തിക്കൊണ്ടമ്മ വന്ദിച്ചു മഹാഭക്ത്യാൽ
അന്നേരം നിത്യപിതാ കല്പിച്ചു ദൂതന്മാരും
സന്നിധൗ സിംഹാസനേ ചേർപ്പിപ്പാൻ മാതാവിനെ

കേട്ടുടൻ സ്വരം മുൻപിൽ കേട്ടതുപോലെതന്നെ
കേട്ടിതു സ്നേഹതായെ മേല്പോട്ടു കരേറുക
അപ്പൊഴുതമ്മ ശുദ്ധസന്നിധിയണഞ്ഞുടൻ
തല്പരൻ ദൈവപിതാ കല്പിച്ചു മകളെ നിൻ

പുത്രനാം മമസുതൻ ഭൂലോകമതിലിപ്പോൾ
പുത്തനായ് സ്ഥാപിച്ചൊരു പള്ളിയാം വിശ്വാസികൾ
നിന്നുടെ അനുകൂലാൽ വളർന്നു പെരുകുവാൻ
നിന്നുടെയാശ്രയത്തിൽവച്ചു നാമേൽപ്പിക്കുന്നു.

അപ്പൊഴുതുടൻ ശുദ്ധ റൂഹാക്കുദശാ തൻ
ചൊല്പെട്ട ദാനം ബുദ്ധിശക്തിയും ദാനംചെയ്തു

1. പ്രേമമാൽ = പ്രേമത്താൽ 2. ഉത്ഥാനം = ഉയിർപ്പ്

സ്നേഹമേറീടും സുതൻ തന്നുടെയിടമതായ്
സ്നേഹപത്നിയാം പള്ളി അമ്മയെ ഭരമാക്കി 88

കേട്ടുടൻ മാലാഖമാർ കൂട്ടമായവർക്കുള്ള
കോട്ടമെന്നിയെ രാജ്ഞിയെന്നവർ കാട്ടിയുടൻ
സൃഷ്ടിപ്പിൻ രാജ്യം ശുദ്ധപള്ളിക്കു സദാകാലം
കൂടസ്ഥൻ മാതാ പാപവാളർക്കു[1] സങ്കേതവും 92

ഇങ്ങനെയുള്ള സ്ഥാനയോഗ്യതയൊക്കെത്തന്റെ
മംഗലമകൾക്കായിക്കല്പിച്ചു ദൈവപ്പിതാ
വീണ്ടുതൻ പുത്രൻ മോക്ഷാരോഹണ ദിനത്തിങ്കൽ
കണ്ടുതൻ മാതാവിന്നും ശതവിംശതിക്കുമായ്[2] 96

എന്നതിൽ പതിനൊന്നു ശ്ലീഹരും ഫൽദ്വാദശം
എന്നുള്ള ശിഷ്യർ പിന്നെ മറിയം മർത്താലാസർ
മറ്റുള്ള ഭക്തസ്ത്രീകൾ വിശ്വസിച്ചുള്ള ജനം
ഉറ്റവരെല്ലാവരും സെഹിയോനതിൽകൂടി 100

നാഥനും തന്റെ മാതൃതന്നുടെ ബ്ളാവിൻ[3] ചേരെ
നാഥയോടൊന്നിച്ചായിപ്പുറപ്പെട്ടുടൻ പാദെ
പുണ്യനാം പിതാക്കളിൽ സമൂഹം പിന്നേ ദൂതർ
പുണ്യമായ്ച്ചേർന്ന കൂട്ടം നൂറ്റിരുപതുമത്രെ. 104

ഇങ്ങനെ ജെരുസലേം നഗരിപാതേ കൂടെ
അങ്ങരവനുഷ്ഠിപ്പാൻ പോരാഞ്ഞു ധൈര്യമപ്പോൾ
ഘോഷമായുള്ള പ്രദക്ഷിണംപോൽ മുമ്പിൽ സേന
ഘോഷിച്ചു പാടിക്കൊണ്ടു ശേഷമാപുണ്യന്മാരും 108

ഒടുക്കം മിലിത്താന്തി[4] എന്ന പള്ളിയുമതിൽ
നടുവിൽ നാഥൻ രാജൻ അമ്മയാം രാജ്ഞിസഹ
ചെന്നങ്ങു സൈത്തെന്ന മലയിൽ പൂക്കശേഷം
ചേർന്നു മാതാവു പുത്രൻ പാദെ സാഷ്ടാംഗംചെയ്തു 112

കേട്ടുടൻ ഒടുക്കമായ് പുത്രന്റെയാശിർവാദം
കേട്ടതുപോലെ ശേഷം കൂട്ടവുമുടനപ്പോൾ
ഇങ്ങനെ സുവന്ദനം ചെയ്തുടൻ നാഥൻ കൃപാൽ
അങ്ങവർക്കനുകൂലാലാശിർവാദവും നൽകി 116

തന്നുടെ പാദത്തിന്റെ ചിഹ്നം കല്ലിൽ പതിച്ചു
തന്നുടെ ശക്തിവശാൽ പൊങ്ങിത്താൻ മന്ദംമന്ദം
എന്ന നേരത്തിൽ പുത്രനമ്മയ്ക്കുചെയ്ത മുക്തി
മന്ദനാം മമനാവാൽ ചൊല്ലുവാൻ വശഹീനം 120

1. പാപവാളർ = പാപികൾ 2. ശതവിംശതി = ഒരുനൂറ്റിയിരുപത് 3. ബ്ളാവ് = വിലാവ്, ഹൃദയം
4. മിലിത്താന്തി = സമരസഭ (ഭൂമിയിൽ സമരംചെയ്യുന്ന സഭ) ഇറ്റാലിയൻപദം

എന്നശക്തിയാലമ്മേപ്പേർത്തു യോഹന്നാൻ കണ്ടു
മന്ദമായ് ധരേ വീണു താബോറിൽ യഥാവിധം
വീണ്ടമ്മ തന്റെ സ്നേഹമക്കൾ വിശ്വാസികളെ
ആണ്ടവൻ കല്പിച്ചപോൽ പാർപ്പിച്ചു സെഹിയോനിൽ

പാർക്ക്ളെത്ത[1] എന്ന മൂന്നാം ദൈവാളാം തന്റെ വരം
പാർത്തു ധ്യാനത്താൽപ്പത്താം നാൾവരെയതിനുള്ളിൽ
പേർത്തു താനെഴുന്നെള്ളിക്കൊടുത്ത ശക്തികളും
പാർത്തലമെങ്ങും കേപ്പാ തന്നുടെ ശക്തികളും

ഒക്കെയുമിതിലെന്റെ നാവിനാൽക്കാട്ടീടുവാൻ
ഒക്കയുമില്ല[2] ഒപ്പിച്ചീടുവാൻ വശം നാസ്തി
ഇങ്ങനെ ദിനേ ദിനേ വിശ്വസിച്ചുള്ള ജനം
അങ്ങൊരു ദിനം മൂവായിരം പിന്നയ്യായിരം

ഇങ്ങനെയനുദിനെ വർദ്ധിക്കും നേരത്തിങ്കൽ
അങ്ങൊരു മഹാ ദുഃഖമുണ്ടായി മുമ്പായിട്ടു
അക്കലക്കത്തിൽവച്ചു മുമ്പനാം എസ്തപ്പാനോസ്
പൊക്കമുള്ളൊരു സാക്ഷിക്കിരീടം കടിഞ്ഞൂലായ്

കൈക്കൊണ്ട ശേഷത്തിങ്കൽ ദുഷ്ടനാം ലൂസിപ്പേറും
ഈക്കലക്കത്താൽ നോക്കി കൂട്ടരെ കൂട്ടീടുവാൻ
അമ്മയുമേന്നേരവും പുത്രന്റെയാട്ടിൻകൂട്ടം
ഒന്മയാൽ പാലിക്കുന്നു എപ്പൊഴും പ്രാർത്ഥിക്കുന്നു.

അക്കാലം ശാവോൽ തന്റെ പൊക്കവും പഠനവും
ഒക്കെയും മുഖ്യം തന്റെ ജന്മവും ജനമാർഗ്ഗം
എന്നുറച്ചുടൻ ശക്തിമാഗുരുവിനാൽ പെറ്റു
അന്നൊരു ലേഖനവും സേനയും കൂട്ടിക്കൊണ്ടു

ദർമ്മസോക്കതിലുണ്ടായുള്ളൊരു വിശ്വാസികൾ
ദുർമ്മതത്തിലായെന്നും ശക്തിയാൽതിരിക്കണം
അല്ലെങ്കിൽശിക്ഷിക്കണം വിലങ്ങിൽ പൂട്ടീടണം
ഇല്ലാകില്ലെന്നും വച്ചങ്ങശ്വമേറിപ്പോയപ്പോൾ

ദുഷ്ടനാം ലൂസിപ്പേറും തന്നുടെ ചാരന്മാരാം
ദുഷ്ടരായുള്ള ഗണം രഹസ്യത്തുണയ്ക്കാക്കി
അമ്മയുമിതൊക്കവേ കണ്ടറിഞ്ഞതിനാലെ
നന്മയ്ക്കായ്തിരിപ്പാനായ് പ്രാർത്ഥിച്ചുദയാപുത്രം

കേട്ടുടൻസ്നേഹപുത്രൻ പ്രാർത്ഥന മാതാവിന്റെ
കോട്ടമെന്നിയെകാര്യം സാദ്ധ്യമെന്നതുംകാട്ടി

1. പാർക്ക്ളെത്ത = പരിശുദ്ധാരൂപി (ഗ്രീക്ക് പദം) 2. ഒക്കയുമില്ല = സാധിക്കുകയില്ല

അപ്പൊഴുതാകാശത്തിൽ നിന്നുതാൻശാവോലിനെ
അപ്പരിശോടെതിരിച്ചമ്പൊടു യാത്രയാക്കി.

ചെന്നയാൾപുക്കു കാര്യമൊക്കെയും ഗ്രഹിച്ചപ്പോൾ
മന്ദമായ്ബുദ്ധിബഹുസങ്കടം ഭവിച്ചേറ്റം
അമ്മയും ജരുശലേ ദുഃഖമെന്നതുമോർത്തീ
യമ്മയിൻ തിരുമുഖമെങ്ങനെ പാർക്കുന്നെന്നും

ഇങ്ങനെശാവോലുടൻ ദുഃഖമായ്ച്ചലിച്ചപ്പോൾ
അങ്ങൊരു അശരീരിദൂതനെയയച്ചമ്മ
തീർത്തുടൻവിഷാദവും കൈക്കൊണ്ടു മാമ്മോദീസാ
ചേർത്തയാൾഗുണദോഷാൽ പ്രാർത്ഥിച്ചുമാതാവോടെ

അമ്മയുമുടൻതന്റെ മക്കൾക്കും തുണക്കിയാൾ
നന്മയായ് ഭവിപ്പാനായ് പ്രാർത്ഥിച്ചുതോഷിപ്പിച്ചു
മുമ്പനാം മുക്കോരവൻ[1] മരണശേഷമൊരു
ഒമ്പതുംനാലുംമാസം കഴിഞ്ഞുനാഥൻകാലം

ത്രീദശആറും സമപഞ്ചവിംശതീമകരം
ത്രീത്വഏകനിൽശാവോൽ ഉറച്ചുതിരിഞ്ഞിതേ
ഇങ്ങനെപിശാചിന്റെ വീഴ്ചയെലൂസിപ്പേറും
അങ്ങവൻ നരകത്തിലറിഞ്ഞുകൂട്ടംകൂട്ടി

നമ്മുടെവാഴ്ചയ്ക്കിപ്പോൾ തോൽവികണ്ടിടുന്നിതാ
ഇമ്മഹിമയ്ക്കു ശത്രുവാരെന്നു തിരക്കുവാൻ
നാംതന്നെ ലോകേപുക്കു ശ്രമിച്ചീടുവാൻ ദൃഢം
നമ്മുടെ നിറമുള്ള സേനാധിപന്മാരുമായ്

എന്നവനുറച്ചങ്ങു പൊങ്ങിയാകാശമദ്ധ്യേ
സുന്ദരനഗരിയാം ജെറുശ്ലേംനോക്കിക്കണ്ടു
കരഞ്ഞുക്രോധാലവൻ അവന്റെ സിംഹാസനം
മറിഞ്ഞെന്നതുകണ്ടു തുടങ്ങിമുറിവുകൾ

ഹേറോദോസ് ഗുരുക്കളുമായുള്ളജനങ്ങളിൽ
മാറാതെ ക്രോധംപൂകിച്ചവരാൽ കൊലചെയ്ത
നരനാംയേശുവിന്റെ ശിഷ്യരാലിതുശക്തി
നകരീൽ[2] നടക്കുന്നതെത്രയും ഹീനംതന്നെ

എന്നുള്ള ദുഷ്ടബുദ്ധി കടത്തിതുടങ്ങിയാ
നിന്ദകൾ വിലങ്ങുകൾ നല്ലവർക്കതിദുഃഖം
ഇതിനാൽ സ്നേഹസുതനമ്മയോടറിവിച്ചു
സ്വാധീനമിസ്സമായ അപ്പേസോസ്സതിൽപോവാൻ

1. മുമ്പനാം മുക്കോരവൻ = പത്രോസ് 2. നകരീൽ = നഗരിയിൽ എന്ന് പാഠഭേദമുണ്ട്

എളിമയിൽ നാഥതന്റെ മനസീശിഷ്യൻപക്കൽ
ചൊൽവിളിനിമിത്തമായ് വഴക്കിസമ്മതിച്ചു
പോകുവാനുള്ളയാത്ര യോഹന്നാൻകൂട്ടുംനേരം
വേഗമായ് രക്ഷനാഥൻ കാണപ്പെട്ടരുൾചെയ്തു

എപ്പോസിനുള്ള യാത്രയെന്നതിൻ മുമ്പിൽതന്നെ
എസ്പാന്യയതിലെഴുന്നെള്ളിത്തൻ ശിഷ്യയാക്കോ
സർക്കോസിലിരിക്കയാൽ അയാളെകണ്ടുതന്റെ
സഞ്ചാരമവിടത്തിൽ ചെയ്യിപ്പിച്ചതിൻശേഷം

ജരുശ്ലേംനഗരിയിൽ വന്നുമുമ്പിനാലിയാൾ
ശിരസ്സു നമുക്കായിച്ഛേദനം ചെയ്തീടണം
നാഥന്റെതിരുവാക്യം കേട്ടുടൻതികപ്പാനായ്
നാഥയുംവട്ടംകൂട്ടി കുമ്പിട്ടുസ്വപുത്രനെ

ക്ഷണത്തിൽ തന്റെ കാവൽ ദൂതരാംമാലാഖാമാർ
ക്ഷിതിയിൽകാണാതുള്ള ശോഭിതമേഘത്തേരിൽ
മോക്ഷരാജ്ഞിയെക്കേറ്റി കൂട്ടമായ്മേൽഭാഗേന
മോക്ഷരാഗങ്ങൾ പാടിക്കൊണ്ടവർ ക്ഷണംകൊണ്ട്

സർക്കോസിലെത്തിമാതാ ശ്ലീഹായെകണ്ടുതന്റെ
പുത്രന്റെ തിരുവുള്ളമൊക്കെയും കേൾപ്പിച്ചപ്പോൾ
ദൈവദൂതരുമുടനത്ഭുതാങ്കണമതിൽ
ദൈവമാതാവിൻചിത്രരൂപവും സ്ഥാപംചെയ്തു

വീണ്ടതുപള്ളിയായിട്ടെത്രയും നന്മഗുണം
ആണ്ടവനവർക്കുതാൻ നടത്തിബഹുശക്തി
അമ്മയ്ക്കുമമ്പത്തുനാല് വയസ്സും മൂന്നുമാസം
ചെന്നപ്പോളീവന്ദന നടത്തീതന്റെ പുത്രൻ

അപ്പോലെതന്നെയുടൻ ജരുശ്ലേംനഗരിക്കാർ
അപ്രഭാമേഘത്തേരാൽ തിരിഞ്ഞുക്ഷണംകൊണ്ട്
എത്തിയുടൻതന്നെമാപുത്രൻ യോഹന്നാനും
കല്പന കൊടുത്തെപ്പെസ യാത്രയ്ക്കാസ്ഥമാക്കുവാൻ

കേട്ടൊരുവിശ്വാസികൾ കൂട്ടമായ്പ്പലകാഴ്ച
കോട്ടമില്ലാതെ വഴിയാത്രയ്ക്കായണച്ചുടൻ
ദരിദ്രയായോരമ്മയൊന്നുമേ കൈയ്യേൽക്കാതെ
ദരിദ്രർക്കടുത്തോടുവാഹനം മാത്രമേറ്റു

സെഹിയോൻ പദ്രോനയെയേൽപ്പിച്ചു യാത്രചൊല്ലി
സ്നേഹപുത്രന്റെകൂട്ടാൽ നാവതിൽപുക്കുമാതാ

സമുദ്രമദ്ധ്യയാത്ര കഴിക്കുന്നതുനേരം
സമുദ്രതാരമമ്മ സമസ്തസൃഷ്ടിപ്പിന്നും
ഇതിനാൽകടലുള്ളിലടങ്ങും മത്സ്യാദികൾ
ഉദിതമനസ്സോടെയിരുഭാഗവും കൂടി
ചെറുതും വലിയതും തരങ്ങളൊക്കെക്കൂടി
ഗർവ്വദ്വേഷങ്ങൾ നീക്കിയടുത്തുതടുക്കുമ്പോൾ
തലകൾ പൊക്കിക്കൊണ്ടാ ജലത്തിൻ മീതെ നീട്ടി
തലയാമവരുടെ രാജ്ഞിയെകാണ്മാൻമോദാൽ
ഇങ്ങനെ മുമ്പിൽക്കണ്ടിട്ടില്ലാത്തപലതരം
ഭംഗിയേറീടും ബഹുമീൻതരങ്ങളെക്കണ്ടു
കപ്പലിലുള്ളജനം സാരത്തെഗ്രഹിക്കാതെ
ഇപ്പെരിമയെന്തെന്നും തോഷിച്ചുംഭയമോടും
ഈ ബഹുകൂട്ടം ചിലതെത്രയുമുരുതരം
ആ മഹാ പടവിനെ[1] മുമ്പോട്ടുംവിടുന്നില്ല
എന്നിതൊക്കെയുംകണ്ട പുത്രനാംയോഹന്നാനും
നന്ദിയെഗ്രഹിച്ചുടനണഞ്ഞു മാതൃപക്കൽ
അമ്മയെനിന്നെക്കണ്ട മോദത്താൽ കടൽജനം
ഒന്മയിൽക്കൂടിനിന്റെ വാഴുവെക്കൈക്കൊള്ളുവാൻ
വേഗത്തിൽപാർത്തീടണം കൊടുത്തീടണംവാഴ്വും
ഭാഗത്തിൽനിന്നല്ലെങ്കിൽ പിരികയില്ലാദൃഢം
വെള്ളത്തിലുള്ളവർഗ്ഗമൊക്കെയും കൂടിക്കൊണ്ടു
തള്ളുന്നവിധം കപ്പൽ നടത്തുന്നില്ലായിവർ
കേട്ടുടനമ്മതന്റെ തൃക്കൈകൾപൊക്കിക്കൊണ്ട്
കൂട്ടത്തിൽപെടുമ്മയാ കൊടുത്തങ്ങാശിർവാദം
അപ്പൊഴുതെല്ലാംകൂടെ വെക്കമായ്തലപൊക്കി
അപ്പരിശോടെതാഴ്ത്തി വന്ദനംചെയ്തശേഷം
തെളിഞ്ഞങ്ങവരുടെ സ്ഥലങ്ങൾക്കായിക്കൊണ്ട്
തെളിവോടുടൻപിരിഞ്ഞകന്നു ക്രമംയഥാ
വേഗമായ് പ്രത്യക്ഷത്താൽ എത്തിയങ്ങപ്പോസതിൽ
ദാരുണാൽജരുസലേം പിരിഞ്ഞവിശ്വാസികൾ
മോദമായറിഞ്ഞുടനെത്തി മാതാവിൻപക്കൽ
ദാഹമായ്കേതാദികൾ കാഴ്ചവെച്ചമ്മയ്ക്കായി
താഴ്ചയെത്തേടീടുന്ന അമ്മയുമതിലൊരു
താഴ്മയുള്ളൊരുവീടും കൈക്കൊണ്ടുതനിക്കായി

1. പടവ് = കപ്പൽ

എന്നതിൽതാനും ജോണും പുക്കതിലൊരുചെറു
മന്ദിരം തനിക്കുമായ് മറ്റൊന്നുയോഹന്നാനും
ഇങ്ങനെയിരിക്കയിൽ എസ്പാനിയായിൽനിന്നും
മംഗലൻസൗദിപുത്രൻ യാക്കോവുംവന്നുകണ്ടു.

നാഥയെകുമ്പിട്ടയാൾ സ്തുതിച്ചുതന്റെദയാൽ
നാഥനാൽലഭിച്ചെന്ന നന്മസർവ്വത്തിനായി
വീണ്ടയാൾതന്റെ മക്കൾ രക്ഷക്കായ് എസ്പാഞ്ഞയിൽ
ആണ്ടവൻചിത്തംയഥാ അനുഷ്ഠിച്ചെന്നശേഷം

അമ്മയിന്നരികത്തിൽ വരുത്തി ദയചിത്തെ
ഒന്മയാലറിവിച്ചു ഗുരുവിൻ തിരുച്ചിത്തം
കേട്ടുടൻ അമ്മ മുമ്പിൽ സാഷ്ടാംഗം ചെയ്തുഭക്ത്യാ
കോട്ടമെന്നിയെ നടത്തീടുവാൻ സഹായവും

നീ തുണചെയ്തീടണം തരണം ധൈര്യം മമ
നീയണഞ്ഞീടണമെ, മരണസമയത്തിൽ
എന്നയാൾ കണ്ണീർവാർത്തു പ്രാർത്ഥിച്ചശേഷമമ്മ
നന്ദിയാൽ ത്തണുപ്പിച്ചു കൈക്കൊണ്ടു ഇഷ്ടംയഥാ

എന്നതിൻവണ്ണംതന്നെ വേഗത്തിൽ ജരുശലേം
മന്ദിരേ പുക്കു ദുഷ്ടൻ ഹേറോദേസ് ഠാണുക്കളാൽ[1]
പുണ്യനും പിടിപെട്ടു വിലങ്ങിൽ പൂട്ടപ്പെട്ടു
തണ്യരാം[2] യൂദകുലം തോഷിപ്പാനിതിന്നായി

ദുഷ്ടനാം ആഗ്രീപ്പോസും കല്പിച്ചു ശിരച്ഛേദം
ശിഷ്ടനാം യാക്കോവിനെ നടത്തി കൊലസ്ഥലേ
അപ്പോഴതുടൻ രക്ഷാനാഥൻ തൻ മാതൃപക്കൽ
എപ്പേസിന്നയച്ചൊരു ദേവദൂതനാൽ തന്റെ

ശിഷ്യനാം യാക്കോവിന്റെ മരണമറിയിച്ചു
ശീഘ്രമായിഷ്ടം യഥാതാൻതന്നെ ചെന്നീടുവാൻ
ശിഷ്ടനാം ദൂതൻ മുൻപോൽ മേഘത്താൽ മാതാവിനെ
ശിഷ്യാശ്വാസത്തിന്നായി എഴുന്നെള്ളിയമ്മയും

മൃത്യുവിൻ നേരത്തിങ്കൽ ശക്തിയെക്കൊടുത്തുടൻ
മൃത്യുശേഷത്തിലാത്മം താൻ തന്നെ തേരിലേറ്റി
പുത്രന്റെ സമീപത്തിൽ ചേർത്തുടനാത്മാവിനെ
ശത്രുവിൽനിന്നുദേഹം രക്ഷിപ്പാൻ ശിഷ്യരേയും

ദൂതനാൽത്തന്നെ മാതാവറിയിച്ചതും ദൃഢം
നാഥന്റെ കാലം നാല്പത്തെട്ടതിൽ മീനംതന്നിൽ

1. ഠാണുക്കൾ = സൈന്യങ്ങൾ 2. തണ്യർ = ദുഷ്ടന്മാർ

തന്നുടെ അറിയിപ്പാൽ ജറുശ്ലേം തന്നിൽനിന്നു
മുന്നമായ് പുറപ്പെട്ടുസമം അഞ്ചേഴാംമാസം
മുമ്പനായ് ശിഷ്യരതിൽ മുടിയെ പ്രാപിച്ചുതാൻ
മുന്നമായ് സാക്ഷിത്വവും വച്ചിയാൾ സകലർക്കും
എങ്കിലും ദുഷ്ടപ്പിശാചിന്നുടെ തട്ടിപ്പുകൾ
ശങ്കയില്ലാതെ സ്ഥലേ പെരുകിയെന്നു കണ്ടു
അമ്മയും മുട്ടിപ്പാലെ പ്രാർത്ഥിച്ചു പിശാചിനെ
അംബരമതിൽനിന്നു താഴ്ത്തിയാപ്പാതാളത്തിൽ
വീണ്ടുമങ്ങപ്പേസതിൽ തന്നുടെ സ്നേഹപുത്രൻ
ആണ്ടിരിക്കുന്ന സ്ഥലേ എത്തിയെന്നതിൻവണ്ണം
അന്നേരം പത്രോസിനെ ഹേറോദേസ് പിടിപ്പിച്ചു
അന്നുള്ള യൂദന്മാർക്കങ്ങിഷ്ടമാംവണ്ണം പൂട്ടി
എന്നതും മാതാകണ്ടു തന്നുടെ ദൂതൻതന്നെ
അന്നവിടത്തിലയച്ചഴിച്ചു കേപ്പായെയും
ഇങ്ങനെ എപ്പേസതിൽ പാർക്കയിലവിടത്തിൽ
എങ്ങുമില്ലാത്തവണ്ണമുണ്ടൊരു മഹാക്ഷേത്രം
ദീയാനാ, എന്ന ദേവി-നാമവും ചൊല്ലിക്കൊണ്ടു
ദാസികളായി ബഹുകന്നികൾ ഭജനവും
ബ്രഹ്മചാരിണികളായ് പ്രസിദ്ധം ജനങ്ങൾക്കും
ബ്രഹ്മമല്ലതിന്നുള്ളിൽ ക്കള്ളങ്ങൾ മഹാകഷ്ടം
കണ്ടിരിക്കുന്ന നാഥയെത്രയും മഹാ ദുഃഖാൽ
കുണ്ഠിതമായിക്കേണു പുത്രനെ മഹാഭക്ത്യാൽ
കേട്ടുടൻ നാഥൻ ദയാൽ കല്പിച്ചു ചിത്തം യഥാ
കോട്ടമെന്നിയെ ചെയ്പാൻ മുഷ്ക്കരം[1] കൊടുത്തുടൻ
കല്പിച്ചു മാതാ തന്റെ ദൂതരിലൊരുത്തനെ
കെല്പൊടെയൊരു രാവാൽ മറിച്ചുസമസ്തവും
അശുദ്ധരായ നാരീജനങ്ങളതിൻ കീഴേ-
അശേഷം പെട്ടു നവം നിഷ്ക്കളങ്കകളെന്യെ
എന്നവരുടൻ മാതാ സന്നിധി ചേർന്നുകൊണ്ട്
അന്നവിടത്തിൽ മാതാ വളർത്തിയിവരെയും
മറ്ററുപത്തിനാലു പെൺപൈതങ്ങളെയമ്മ
മാറ്റവർക്കേല്പിക്കാതെ താൻ തന്നെ പഠിപ്പിച്ചു
ഇങ്ങനെ സപ്തദശം മൂന്നുമാം പൈതങ്ങളിൽ
അംഗനകൾ മിക്കതും കന്നികൾതന്നെ ദൃഢം
എന്നവർക്കമ്മ തന്റെ തൃക്കൈയാൽ തന്നെ ക്രമം
അന്നവർക്കെഴുതിയും കൊടുത്തു നടത്തിയാൾ

1. മുഷ്ക്കരം = ബലം (കഴിവ്)

ഇങ്ങനെയിരിക്കയിൽ ജരുശ്ലേം നഗരത്തിൽ
ഭംഗിയാൽ ശിഷ്യജനം കൂടിയങ്ങൊരു കാര്യാൽ
കാര്യത്തിൽ സ്ഥിതി ചെയ്യാൻ ഭാവിക്കും നേരത്തിങ്കൽ
കാരണനാഥതന്നെ കൂടണമെന്നുവച്ചു
കാരണഗുരുവായ പേത്രുവുമമ്മക്കായി
കാരണമെഴുത്തിനാലറിയിച്ചപേക്ഷിച്ചു
വാചകമിതുതന്നെ ശ്ലീഹാന്മാരുടെ മുന്നം
വാചകത്തുടക്കവുമീവണ്ണം തന്നെ ദൃഢം
സുമര്യാ അമ്മ ദേവദജനനിക്കായിക്കൊണ്ടു
സുകാര്യം നിമിത്തമായ് ലേഖനം ചെയ്യുന്നിതാ
തവ ദാസിയും യേശുക്രിസ്തുവിൽ അപ്പോസ്തലും
ദേവദാസന്മാർ ദാസി ശീമോനാം പത്രോസഹം
മമ നാഥയെ ദേവദാസരായുള്ളവരിൽ
നവമായ് പുറപ്പെട്ടു ചില സംശയങ്ങളും
അതിനായ് മമ സഹോദരരാം ശ്ലീഹന്മാരും
അതിനായകനഗർ[1] ജരുശ്ലേമതിൽക്കൂടി
മമ നായികേ നീയും കൂടവേയില്ലായെങ്കിൽ
നവമായുള്ള കൂട്ടം തൃപ്തിഹീനമായ്ത്തീരും
അതിനാലമ്മയിങ്ങൊന്നെഴുന്നെള്ളീടുന്നെങ്കിൽ
അധുനാലഭ്യം പല ഗുണങ്ങൾ നൃപൻ മൃത്യു
ഇത്തിരുവെഴുത്തങ്ങു എത്തിയ നേരത്തിങ്കൽ
അത്തിരുവമ്മ ബഹുഭക്തിയാൽ മുട്ടുകുത്തി
കൈക്കൊണ്ടു തിരുവെഴുത്തെത്രയും മഹാമോദാൽ
മുത്തിക്കൊണ്ടുടൻ സ്നേഹപുത്രനെ വിളിച്ചമ്മ
ഏൽപ്പിച്ചു തന്റെ കയ്യിൽ തുറന്നുകേൾപ്പിപ്പാനായ്
കേൾപ്പിച്ചങ്ങുടനയാൾ സാരത്തെയറിയിച്ചു
കേട്ടുടനമ്മ യോഹന്നാനെപ്പാർത്തരുൾചെയ്തു
കേട്ടതിന്നിപ്പോളെന്തു വേണമെന്നറിയിക്ക
കല്പനശ്രേഷ്ഠൻ തന്റെയെന്നപോൽ കേട്ടീടുവാൻ
കല്പിതമെന്നുമിയാൾ അറിയിച്ചുടനമ്മ
വെക്കമായ് യാത്രക്കുള്ള വട്ടങ്ങൾ കൂട്ടീടുവാൻ
നീക്കമില്ലെന്നു കല്പിച്ചമ്മയുമതിൻശേഷം
അന്നവിടത്തിൽത്താനായ് നടത്തീടുന്ന മഠം
നന്നായി നടത്തുവാൻ കല്പിച്ചു ശ്രേഷ്ഠത്തിയെ

1. അതിനായകനഗർ = ദൈവത്തിന്റെ നഗരം

മുന്നമായക്കൂട്ടത്തിൽ നിന്നൊരു കന്യാസ്ത്രീയെ
മുന്നമേ മുക്കിയപ്പോൾ കൊടുത്തു തന്റെ നാമം
മരിയാമെന്നയിവളമ്മയെ ബഹുഭക്ത്യാ
സ്മരിക്ക നിമിത്തമായവളെ ഏൽപ്പിച്ചുതാൻ. 364

എപ്പേസിൽ രണ്ടു സമമാസവും കഴിച്ചിട്ട്
ചൊല്പെട്ട ജരുശലേം നഗരിക്കെഴുന്നെള്ളി
കപ്പലിൻ യാത്രയ്ക്കായി പുക്കതുനേരത്തിങ്കൽ
ചൊല്പ്പെട്ട ദൂതന്മാരും കോപ്പിട്ടഭടന്മാരായ് 368

യുദ്ധങ്ങൾ ബഹുവിധമുണ്ടാകും യാത്രയതിൽ
സിദ്ധമായറികയാൽക്കല്പിച്ച ദൂതന്മാരെ
കടലിൻ മദ്ധ്യേ കപ്പലകപ്പെട്ടതു നേരം
കടന്നു ജലം തന്നിൽ പിശാചിൻ മഹാഗണം 372

അവർക്കു മദ്ധ്യേ മഹാ വലിപ്പമുള്ള മൃഗം
കലക്കും കടൽ സർവ്വമെന്നപോലൊരുദ്രഗോൻ
കടലിന്നാഴം തന്നിൽ കടന്നു ജലമൊക്കെ
കലക്കിയിളക്കിക്കൊണ്ടെത്രയും കല്ലോലങ്ങൾ 376

പൊങ്ങിയാക്കപ്പൽ തന്നിലടിച്ചു പൊടിക്കുംപോൽ
പൊങ്ങുന്ന ഓളങ്ങളാൽ ഭയന്നു കപ്പൽക്കാരും
മുമ്പിലങ്ങൊരിക്കലും കാണാത്തവിധം മഹാ
വൻപിച്ച ചുഴലികൾ തെബസ്ഥാദി[1]കളൊക്കെ 380

അടിക്കുമടികളാൽ പൊടിക്കും കപ്പൽദൃഢം
അടിക്കുന്നേരം കപ്പലുയർത്തീല്ലെങ്കിൽ ദൂതൻ
പിടിച്ചു താഴ്ത്തീടുവാൻ മുടക്കുമിവർ ദൃഢം
എടുത്തു വീണ്ടുരൂപം പകർത്തിക്കൊണ്ടങ്ങവർ 384

പരുത്തവേഷത്തോടെ ഉയർത്തി സ്വരം സാത്താൻ
പെരുത്ത ഭയംപൂണ്ടു കപ്പലിൻ വേലക്കാരും
കപ്പലിലുള്ള മരക്കട്ടകൾ കെട്ടുകളും
കപ്പലിൻ കരുക്കളും കൈകളിലെടുത്തുടൻ 388

കടലിൽച്ചാടിക്കൊണ്ടു കടപ്പാൻ വഴിതേടി
അടവിഭയം പൂണ്ടജനമങ്ങോരോരുത്തർ
അമ്മയുമനുകൂലാൽ ഒണ്മയാം ധ്യാനത്തോടെ
അന്തരംഗത്തിൽപ്പുക്കു പാർത്തുകൊണ്ടതിൻഘോരം 392

പ്രാർത്ഥിച്ചു വഴിയാത്രക്കാർക്കായി മഹാ ഭക്ത്യാ
പാർത്തിതു നിമിത്തമായെത്രയും ദയവോടെ

1. തെബസ്സ (ടെബസ്റ്റ്) = കൊടുങ്കാറ്റ് (ഇറ്റാലിയൻ പദം)

ഇങ്ങനെ പതിന്നാലു ദിനങ്ങൾ മഹാദയാൽ
അങ്ങവർ വലഞ്ഞപ്പോൾ യോഹന്നാൻ ചെന്നങ്ങുള്ളിൽ
അമ്മയെപ്പാർത്തു ചൊല്ലി നിന്നുടെ പുത്രൻ പക്കൽ
ഒന്മയാൽ പ്രാർത്ഥിക്കണമല്ലെങ്കിൽ ബഹുയോഗ്യം[1]
എന്നതു കേട്ടു മാതാ പാർത്തുടൻ യോഹന്നാനെ
നന്ദിയാലരുൾചെയ്തു: "ഖേദിക്കവേണ്ട സുതാ,
ഇക്കാലം യുദ്ധത്തിന്റെ കാലമെന്നറിക നീ
കെല്പോടെ യുദ്ധം ചെയ്പാൻ നീതിയും നാഥൻപ്രതി
എങ്കിലുമൊരു ജനം മുടിഞ്ഞീടുകയില്ല
ശങ്കിക്കവേണ്ട നാഥൻ തുണയ്ക്കും സുനിശ്ചയം"
എന്നരുൾചെയ്തുക്ഷണം തന്നുടെ പുത്രൻതന്നെ
അന്നെഴുന്നെള്ളിത്തന്റെ മാതൃവെതോഷിപ്പിച്ചു
കല്പിച്ചു മാതാവോടെ കല്പിപ്പാൻ കടലോടും
കെല്പു കാട്ടീടും ദുഷ്ടയരൂപിഗണത്തോടും
കല്പിച്ചങ്ങുടൻ മാതാ, അടങ്ങി സമസ്തവും
തൽക്ഷണം ചേർന്നു നഗർ ജരുശ്ലേമതിൻപക്കൽ
ഷഡ്ദിനമധികമില്ലാതുള്ള വഴിയാത്ര
ഷോഡശം[2] രണ്ടും കുറെ കഴിച്ചു മഹാദുഃഖാൽ.

1. ബഹുയോഗ്യം = വലിയ അപകടം 2. ഷോഡശം = പതിനാറ്

പതിനൊന്ന്

മാതാവിന്റെ പുത്രവിയോഗാനന്തരമുള്ള കർമ്മപർവ്വത്തിന്റെ അനുയാത്രയാണ് ഈ പാദം. മാതാവിന്റെ വ്രതകർക്കശമായ ജീവിതക്രമങ്ങളെയും പത്രോസിന് അമ്മ മറിയം നൽകുന്ന വിധേയത്വത്തിന്റെ അംഗീകാരത്തെയും പരിശുദ്ധമാതാവിന്റെ അന്ത്യസന്ദേശത്തെയും കവി ആരാധനയോടെ പ്രതിപാദിക്കുന്നു.

വൃത്തം: കേക

മംഗലപ്രഭു മാതൃജർശലേമണഞ്ഞപ്പോൾ
മംഗലസുതൻ രക്താൽ ശുദ്ധിയായുള്ളസ്ഥലം
ചെന്നു വന്ദനം ചെയ്‌വാൻ ദാഹമേറെയെങ്കിലും
വന്ദനമഹാസ്നേഹം ചൊൽവിളിയെന്ന[1] പുണ്യം 4

ഇതിനാലുടൻ പത്രോസ് പക്കലങ്ങെഴുന്നള്ളി
അധികം വഴക്കത്താൽ മുട്ടുകൾ കുത്തിക്കൊണ്ട്
മുത്തിയങ്ങയാളുടെ പൂജ്യമാംകരങ്ങളെ
ചേർത്തുടൻ പൊറുതിയും കേട്ടു താമസിക്കയാൽ 8

പിന്നെയമ്പിനാൽത്തന്റെ ശക്തിയെ നടത്തുവാൻ
കന്നിയമ്മയുമനുവാദവും കേട്ടുംകൊണ്ട്
ഭക്തിയാൽ ഗെദസേമ്മാൻ തുടങ്ങിയൊലിവയിൽ
ഭക്തപുത്രന്റെ പാദം വെച്ചിടംവരെയെത്തി 12

അപ്പൊഴുതാകാശത്തിൽനിന്നു തൻ സ്നേഹപുത്രൻ
തൊൽപ്പമാം[2] പ്രകാശത്താൽ കണ്ടുടനമ്മേപാർത്തു
ചേതസി മമ മഹാതോഷമായതിൽപ്പരം
ചൊൽവിളിയെൻ വികാരി പത്രോസുതന്റെപക്കൽ 16

കാട്ടിയ നിന്റെ മഹാവണക്കം നിമിത്തമായ്
കോട്ടമെന്നിയെ ജനക്കൂട്ടവും പഠിച്ചീടും

---

1. ചൊൽവിളി = അനുസരണം 2. തൊല്പം = സ്വല്പം

എന്നരുൾചെയ്തു പുത്രൻ മറഞ്ഞശേഷം മാതൃ
ചെന്നുടൻ സെഹിയോനിൽ പുക്കുശിഷ്യരുമായി
ദശവാസരം ധ്യാനാൽ ദൈവിഷ്ടം ലഭിപ്പാനായ്
ദൈവകാരുണ്യംകൊണ്ടു സംശയം സർവ്വംതീർത്തു
പേർത്തുടൻ ശിഷ്യജനം പിരിഞ്ഞങ്ങോരോദിക്കിൽ
ചേർത്തു വിശ്വാസക്കൂട്ടം നടത്തിയിരുൾനീക്കി
അമ്മയുമവർക്കുള്ള ശ്രദ്ധ സർവ്വതുംക്ഷണം
ഒന്മയാൽ നടത്തുവാൻ ശ്രമവും വിശീത്തയും[1]
തന്നുടെ പുത്രശ്ലീഹരൊക്കെയുംമൊരുവിധം
തന്നുടെ പുത്രൻ സമമുടുപ്പാനിച്ഛിച്ചമ്മ
തന്നുടെ കരങ്ങളാൽ നൂലുകൾനെയ്തുകൊണ്ടും
തന്നുടെ ദൂതാശരീരികൾ തൻതുണയാലും
ഉടുപ്പുചമച്ചുട നേവർക്കുമൊരുപോലെ
കൊടുത്തങ്ങയച്ചീടും നടക്കും സ്ഥലത്തിങ്കൽ
ഇങ്ങനെ ശിഷ്യർക്കുള്ള അന്വേഷം സർവ്വനേരം
മംഗലൻ പത്രോസിനെ പ്രത്യേകാൽ വിചാരിക്കും
തലവനിയാളെന്ന കാരണം നിമിത്തമായ്
തലയാം റോമ്മയതിലൊരുനാൾ മഹാദുഃഖാൽ
കരുണ ചെയ്തീടുവാൻ പ്രാർത്ഥിച്ചങ്ങയാളപ്പോൾ
കാരണം നാഥയുടനറിഞ്ഞങ്ങെഴുന്നെള്ളി
രഹസ്യക്കാഴ്ച കൊടുത്തയാളെയുറപ്പിച്ചു
രഹസ്യമായുള്ളൊരു സാരങ്ങളറിയിച്ചു
അക്കാഴ്ചയതിൽവെച്ചു നിശ്ചയിച്ചമ്മയുമായ്
കല്പിച്ചു ചിലദിനംകൊണ്ടാട്ടം ചെയ്തീടുവാൻ
നത്താളും[2] വാസ്ക്കുദിനം നല്കൃപാകൊണ്ടാട്ടവും[3]
നാഥന്റെ ഉയിർപ്പിന്റെ ശേഷമുള്ളാരോഹണം
ഞായർ വാസരമതും ഘോഷമായ് കൈക്കൊള്ളണം
ന്യായമായിതുവരെ നടക്കുംവണ്ണം ദൃഢം
വീണ്ടമ്മ ജരുശലേയെഴുന്നെള്ളിയശേഷം
ഉണ്ടായി മഹാകൃച്ഛ്രം റോമായിൽ ശത്രുവിനാൽ
പേർത്തുടൻ കേപ്പാ മഹാസാദ്ധ്യമായ് സഹായത്തെ
പ്രാർത്ഥിച്ചെന്നതും കേട്ടു ദൂതരെയയച്ചമ്മ
പ്രത്യക്ഷാൽ വരുത്തി താൻ ചാരത്തു പത്രോസിനെ
പ്രത്യേകാലുറപ്പിച്ചു പുത്രസഹായം സദാ

1. വിശീത്ത = വിസീത്ത (ഇറ്റാലിയൻ പദം) 2. നത്താൾ = ജന്മദിനം 3. കൊണ്ടാട്ടം = ആഘോഷം (ഇറ്റാലിയൻ പദം)

പ്രാർത്ഥിക്കുന്നതും സർവ്വംകേൾപ്പിച്ചു ബലം നൽകി
പാർത്തുടനയാൾ മഹാതെളിവാലുറച്ചുപോയ്
ഇങ്ങനെയമ്മ തന്റെ പുത്രന്റെ പള്ളിയ്ക്കായി
അങ്ങിരുന്നുള്ള ഭരിപ്പെന്നതുണ്ടായീടിലും

സർവ്വനേരവും സ്നേഹപുത്രന്റെ ദുഃഖാദികൾ
സർവ്വചിത്താധീസ്മരണങ്ങളും മഹാഭക്തി
പുത്രദുഃഖങ്ങൾപാടും കൽത്തൂണും, ചമ്മട്ടികൾ
എത്രയും കൂർത്തിട്ടുള്ള മുൾമുനച്ചവളവും

ഒക്കെയും മാതാവുതന്നുള്ളതിൽക്കൊള്ളുംവണ്ണം
ഓർക്കതന്നെയുമല്ല ഏൽക്കുന്നു ചങ്കിൽശക്തി
കുരിശിൽ പുത്രൻ സഹമരണം സ്മരണത്താൽ
കുരിശേന്തിടാതരക്ഷണ നേരവുമില്ല

കൺകളാൽ പുത്രദുഃഖം സകലം പ്രത്യക്ഷവും
കർണ്ണത്താൽ ശത്രുദുഷിവാക്കുകൾ കേട്ടീടുന്നു
കുരിശിൽത്തൂങ്ങുംവണ്ണം കൈകളെ വിരിക്കുന്നു
കുതികാൽ മടക്കുന്നു മുട്ടുകൾ കുത്തീടുന്നു

സാഷ്ടാംഗം ചെയ്തുകൊണ്ടും പ്രാർത്ഥന ബഹുദുഃഖാൽ
സോപ്പതിൽ സഹിച്ചതിനോർമ്മയാൽ വിയർത്തിടും
വാർത്തിടും രക്താശ്രുക്കൾ സ്വേദവുമതുധരേ
പേർത്തുമങ്ങതിനാലേ കൂർത്തുള്ള കുന്തമുന

ചങ്കതിൽ കടന്നിട്ടു വ്രണങ്ങൾ വർദ്ധിപ്പിക്കും
ശക്തിയുമറ്റുവീഴും നില്പാനും വശഹീനാൽ
ഇങ്ങനെ മയങ്ങുന്നനേരമാകാശേ നിന്നു
അങ്ങുതൻ സ്നേഹസുതനെഴുന്നെള്ളീടും ദൃഢം

അമ്മയെയുറപ്പിച്ചും ചങ്കിലെ മുറിവതു
ഒന്മയാൽപ്പൊറുപ്പിക്കും ശക്തിയും പേർത്തുനൽകും
ഇങ്ങനെ ശുദ്ധസ്ഥലം വന്ദിക്കുന്നതെന്നിയെ
അങ്ങമ്മയാഴ്ചതോറും അടങ്ങുന്നകംതന്നിൽ

വ്യാഴത്തിന്നപരാഹ നേരത്തങ്ങൊരത്തോരിൽ[1]
വ്യാപിച്ച മനോദുഃഖാൽ പൂക്കീടുമമ്മതന്നെ
സൂര്യവാസരമുഖി പുലരുന്നതുവരെ
സൂര്യാഭനായ പുത്രശോകങ്ങൾ സർവ്വധ്യാനം

അന്നേരത്തുള്ള കാര്യം സർവ്വതും നടത്തുവാൻ
അന്നൊരു ദൂതൻ താനായ് വഹിക്കും സർവ്വദൃഢം

1. ഒരത്തോരിൽ = ജപാലയത്തിൽ, ഓറട്ടറി

ഇങ്ങനെ ത്രിവാസരമാസ്ഥപ്പാടതിൻശേഷം
മംഗലസുതൻ തന്നെ കൈക്കൊള്ളും "സക്രമെന്താൽ"[1]

എന്നതിനുള്ളൊരാസ്ഥപ്പാടി[2]തെന്നിയേ തലേ
യന്നു രാത്രിയിൽ ബഹുസാഷ്ടാംഗം പലവട്ടം
എന്നതുമല്ലാതെ തൻദൂതരാം മാലാഖമാർ
മന്ദം തീർത്തരുളുവാൻ പ്രാർത്ഥിപ്പാൻ പ്രാർത്ഥിച്ചീടും

ഇങ്ങനെ പുത്രൻ വരുംനേരമങ്ങടുക്കുമ്പോൾ
അങ്ങമ്മ മൂന്നുഴമായ് കുമ്പിടും സാഷ്ടാംഗമായ്
കൈക്കൊണ്ട ശേഷത്തിലുമപ്പോലെ മൂന്നുഴമായ്
കൈകാലു നിലത്തു ചേർത്താരാധിച്ചീടും പുത്രം

ആരെ ഞാൻ കൈക്കൊള്ളുന്നുവെന്നുള്ള ധ്യാനം മുമ്പിൽ
ആരെന്നിലെഴുന്നെള്ളിയെന്നതു പിമ്പായിട്ടും
ഇങ്ങനെയുള്ള ധ്യാനാലുണ്ടാകും നെടുവീർപ്പും
അങ്ങവർക്കുള്ള താഴ്മയൊക്കയും സൂക്ഷിക്കുകിൽ

എന്തയ്യോ പാപികളാം നമ്മുടെയാസ്ഥപ്പാട്
എന്തു നാം ചെയ്യുന്നെന്നും നന്നായി ധ്യാനിക്കണം
കന്നിയമ്മതൻ സ്നേഹപുത്രനെ കൈക്കൊള്ളുമ്പോൾ
മിന്നിവീശുന്ന മുഖശോഭയെപ്പാർക്കും ജ്ഞാനി[3]

എന്നതുമല്ലയമ്മയ്ക്കുള്ളൊരു ഭക്ത്യാൽ പൂജ
എന്നതിനുള്ള വസ്തുവസ്ത്രാദികളിന്മേലും
ഇതിനാൽ മാതാ തന്റെ കൈകളാൽത്തന്നെ വസ്ത്രം
ഇതിനായുള്ള വേലയൊക്കെയും മുട്ടുകുത്തി

ചെയ്തീടും നടത്തീടും ബഹുഭക്തിയാൽ നാഥ
നെയ്തീടും കരങ്ങളാലശ്ശാരിക്കുള്ള കൂട്ടം
ഭാഷയുമിതല്ലല്പം ഭേദമെന്നായീടിലും
ഭാഷയായ് ചമച്ചീടും വിശേഷ സബുദ്ധിയാൽ

അങ്ങനെയിരിക്കുമ്പോൾ വമ്പരാം നാലുജനം
അമ്മയെക്കാണ്മാനായി വന്നവർ മഹാദ്രവ്യർ
അണച്ചു ബഹുദ്രവ്യം പട്ടുപട്ടാളികളും
ഗുണപ്രധാന രത്നമണിമാണിക്കങ്ങളും

വെറുത്തു ത്യജിച്ചമ്മയിതൊക്കെയെന്നാകിലും
വെറുപ്പിയ്ക്കായ്വാനായിട്ടെടുത്തു ചിലതമ്മ
പെരുത്തു ഗുണമതിലവർക്കു വരുത്തുവാൻ
പരുത്ത മണികളാൽ വിചിത്രപ്പണികളായ്

1. സക്രമെന്ത് = കൂദാശ 2. ആസ്ഥപ്പാട് = ഒരുക്കം 3. ജ്ഞാനി = യോഹന്നാൻ

വിശുദ്ധ വസ്ത്രങ്ങളെച്ചമച്ചു മാതാവുതാൻ
വിശിഷ്ടബുദ്ധി വശാലിതെത്രമനോഹരം
ശിഷ്ടമായുള്ള വസ്തു വിറ്റുടൻ ധർമ്മത്തിനായ്
വിശിഷ്ടന്മാരായുള്ള നിർദ്ധനർക്കതും ദാനം

ഇങ്ങനെ മാതാ വയസറുപതാകുംവരെ
തിങ്ങിന അരിഷ്ടത്താൽ ക്ലേശിച്ചുവരുംകാലം
തന്നുടെ തീനും നിദ്രയെത്രയുമല്പം തന്നെ
തിന്നുന്നതൊരു നുറുക്കപ്പവുമല്പം വെള്ളം

എന്നതിൽ ചിലനേരമല്പമാം മത്സ്യംതിന്നും
എന്നിതൊക്കെയും സ്നേഹപുത്രനെത്തോഷിപ്പിപ്പാൻ
ഇയ്യാളെയെല്ലായ്പ്പോഴുമതിസ്നേഹത്താൽകൂടെ
അശനമൊരു മേശയധികം തീറ്റീടുവാൻ

അതിനാലുള്ള ശ്രദ്ധയെപ്പോഴുമമ്മയ്ക്കുണ്ടാം
ഇതിലുമിയാളുടെ ചൊൽവിളി കാത്തീടുമേ
അമ്മയെപ്പോലെതന്നെ തീറ്റിടും വളർത്തീടും
അമ്മയിൽനിന്നും ക്ഷണം പിരിഞ്ഞിടാതെ താനും

ഇക്കാലമതിൽ നാഥൻ അമ്മയെ മഹാപൂജ്യാൽ
സല്ക്കരിപ്പതിന്നായി താൻ തന്നെയിറങ്ങീടും
ചിലപ്പോൾ മാലാഖമാർ വെളിച്ചമേറും മേഘാൽ
വലിപ്പത്തോടെ പരമണ്ഡലങ്ങളിലേറ്റും

സൂര്യവാസരംതോറും മാതൃവിൻ ധ്യാനാന്തരെ
സൂര്യനാടതിൽ കടത്തീടുവാൻ കല്പിച്ചുതാൻ
ഈപ്പറഞ്ഞൊപ്പിൻവണ്ണം വാനവർ നടത്തീടും
തല്പരനെതേർപ്പിന്നായ്[1] മോക്ഷവാതിലിൽ വരും

കണ്ടുടൻ മാതാവിനെ സ്നേഹത്താലാശ്ലേഷിക്കും
കൊണ്ടാടും ബഹുവിധാൽ അശരീരിഗാനങ്ങൾ
ആകാശരാജ്യേ തെളികല്ലേലുയ്യാ എന്നതും
ആകാശചാരികളാൽ പാടിടുമിതുംദൃഢം

ഈയന്ത്യകാലങ്ങളിൽ നാഥനെക്കൂദാശയാൽ
സുസന്ധ്യാനുകൂലമായ് കൈക്കൊള്ളുംമിക്കദിനം
ഇങ്ങനെയൊരുദിനെ തന്നുടെശ്ലീഹാവൃത്തി
മംഗലൻയോഹന്നാനും ചെയ്യുന്നനേരത്തിങ്കൽ

നാഥയിൻനേരമടുത്തെങ്കിലും സുകർമ്മത്തെ
നഃ[2]രസം നിറുത്തുവാനെന്നമ്മ നിനച്ചപ്പോൾ
നാഥനും പരലോകെ നിന്നൊരുദൂതൻതന്നെ
നാഥയ്ക്കുനൽക്കരുണ കൊടുപ്പാൻയോഹന്നാനും

1. എതേർപ്പ് = എതിരേല്പ് 2. നഃ = നമ്മുടെ (സംസ്കൃത പദം)

കാണപ്പെട്ടിയാൾനാഥൻ കല്പനനിമിത്തമായ്
കാണികൾനില്ക്കട്ടിപ്പോൾ വേഗത്തിൽമാതൃപക്കൽ
അണഞ്ഞങ്ങുടൻകരുണ നടത്തുവാൻനാഥൻ
അരുളപ്പാടെന്നിതുമറിയിച്ചുടൻജ്ഞാനി

അമ്മയിൻപക്കലീയാളണഞ്ഞനേരത്തിങ്കൽ
ഒന്മയാൽപാർത്തുചൊല്ലി നാഥന്റെതിരുച്ചിത്തം
ഇന്നുനാൾമുതലനുദിനവും നാഥൻതന്റെ
നന്ദിയാൽതിരുദേഹം കൈക്കൊൾവാനായ് നേമം[1]

തവസുതൻ എന്റെ ദേവൻ ഈവണ്ണം തിരുവുള്ളം
തവതിരുമനസ്സുപോൽ കേൾപ്പാനുമഹംദാസ്യം
അന്നേരംമാതാവു യോഹന്നാനെപ്പാർത്തുംകൊണ്ട്
ഇന്നുനിൻബോധത്തിങ്കലെന്തുചൊല്ലുന്നു ചൊൽക.

എന്നതുനേരം ജ്ഞാനിയോർത്തുടൻതൻബുദ്ധിയാൽ
ഇന്നിതുനാഥൻചിത്തം എന്നതാൽചെയ്തീടണം
ഈവണ്ണം യോഹന്നാന്റെ വാർത്തകേട്ടുടനമ്മ
അവണ്ണമാകട്ടിതാ ചൊൽവിളിക്കാസ്തം[2] ദാസി

എന്നരുൾചെയ്തശേഷം തന്നുടെ ഹൃദിതെളി
ഞ്ഞംബരം തന്നിൽപുത്രൻ പ്രത്യക്ഷാൽകല്പിച്ചെന്നും
എന്നതിൻരഹസ്യവും കേൾപ്പിച്ചങ്ങതുനേരം
ഇതുമെന്നിയെമഹാഭക്തിയാൽ തിരുനാൾകൾ

മുന്നമിങ്ങറിയച്ചതെന്നതല്ലാതെതന്റെ
മന്ദിരംതന്നിൽമുന്നം കാഴ്ചയായണഞ്ഞതും
കറയില്ലാത്തതന്റെ ജനനമുഖ്യദിനം
കറയറ്റവനോടു ചെയ്തന്ന തിരുമണം[3]

ഇങ്ങനെയുള്ള മഹാ ഭക്തികളതിൽവെച്ചു
ഭംഗിയാലധികമായ്ക്കൊണ്ടാടു മമലോത്ഭ
വെന്നതിൻ നൊവേനയും ഘോഷമായാഘോഷിക്കും
എന്നതിൻ തലേദിന രാത്രിയിൽ ബഹുഭക്ത്യാ

നന്ദനൻ പുണ്യശക്ത്യാ തന്നൊരു ബഹുമതി
എന്നതിൻ വലിപ്പവുമുന്നതയോഗ്യമതും
മനുജന്മത്തിൽ താനും ജനിച്ചതെന്നാകിലും
മനുജന്മത്തിൽ പിതൃതനുജാതനെങ്കിലും

മനുജന്മത്തിൽ സർവ്വപ്രകൃതി യഥാതാനും
മനുജന്മത്തിലുള്ള ജനനമലംവിനാ

1. നേമം = നിയമം 2. ആസ്തം = ഒരുക്കം 3. തിരുമണം = കല്യാണം

ഇതിനാൽ ദൈവം തനിക്കധികമഹാഭാഗ്യം
ഇതിനെപ്പോലെയുള്ള മഹിമ മറ്റില്ലെന്നും
ഇതിനെ സ്ഥിരമായി മനസ്സിൽ ധരിക്കയാൽ
ഇതിനു തലേദിനം ബഹുവന്ദനാപുത്രം
ഇങ്ങനെ നിശാമദ്ധ്യേ സാഷ്ടാംഗം ചെയ്തുനാഥ
മംഗലേശൻ ചെയ്ത നന്മയെ നന്ദിപൂർവ്വം
തന്നുടെ ദൂതന്മാരോടൊന്നിച്ചു സ്തുതിക്കുമ്പോൾ
തന്നുടെ സ്നേഹപുത്രനിറങ്ങിവന്നു തന്റെ
ഉന്നത തേരിൽത്തന്നെ സ്നേഹമാതൃവേകേറ്റി
ഉന്നത മതിൽത്തന്റെ പിതൃസന്നിധൗചേർത്തു
അമ്മയും മഹാ ദൈവസന്നിധൗചേർന്നക്ഷണം
ഒന്മയാൽ സാഷ്ടാംഗം ചെയ്താരാധിച്ചുടൻ ദേവം
അപ്പൊഴുത ശരീരി സ്വരത്താൽ കല്പിച്ചുടൻ
തല്പരൻ പുത്രൻ തന്റെ ദക്ഷിണഭാഗേചേർത്തു
ഉന്നതൻ ദേവൻ തന്നെ ജന്മമാംമലംവിനാ
ഉന്നതയാക്കി നരജന്മത്തിലതിനാലെ
നന്ദിയാലുള്ള മഹാകൃതജ്ഞതയെ കാട്ടി
എന്നതു സ്വപുത്രനും ചെയ്തിതു ത്രീത്വത്തിന്നായ്
നിശ്ചലൻ ദേവനിതു മോക്ഷമന്ദിരേസർവ്വം
നിശ്ചയം വരുത്തുവാൻ കല്പിച്ചീസ്വരത്തിനാൽ
ജനനേമലംവിനാ ജനിതൗ നീയേ ദൃഢം
ജനകൻ പാർത്തശേഷം സുതനുമിതിൻവണ്ണം
ജനനമമനീയേ, അനഘാര്യയേ! ശുഭാൽ
ജന ജന്മത്തിൻ നിഴൽ നിനക്കില്ലിതു ദൃഢം
ജനകൻ സുതനെന്ന ദൈവാൾകൾ വചിച്ചപ്പോൾ
ജനനേ സ്നേഹിച്ചെന്ന സ്നേഹദൈവവുമിതി
വചനാൽത്തന്റെ സ്നേഹമഹിഷിയെത്തോഷിച്ചു
വചിച്ചീവണ്ണം നീ മേ സൗന്ദര്യമണവാട്ടി
നീ സർവ്വം മഹാശുദ്ധി നീ സർവ്വം മഹാരശ്മി
നീ മാത്രം പരം ജന്മപാപത്തിൻ മലംവിനാ
ഈ സ്വരം കേട്ട മോക്ഷവൃന്ദമൊക്കെയും ക്ഷണം
ഈശ്വരസ്തുതിചെയ്തു ചേർത്തവർ മഹാഘോഷാൽ
രൂപികളരൂപികളൊക്കെയുള്ളം കൈകൊട്ടി
രൂപവാദ്യഘോഷത്താലീവണ്ണം കൊട്ടിപ്പാടി
മാമരിയമ്മ മഹാശുദ്ധയും ജന്മപാപ-
മാലിന്യനിഴലേതും തീണ്ടാതെ ജനിച്ചവൾ

ഇങ്ങനെയുള്ള നേരമമ്മ യീദിവ്യാൾകളെ
മംഗലസ്ഥലേ ഭാഗ്യർ കാഴ്ചയ്ക്കു സമം തന്നെ

എന്നതിൻശേഷം തന്റെ ഉന്നത ജനനത്തെ
മന്നിലിങ്ങമ്മ ബഹുഘോഷമായ്ക്കഴിച്ചീടും
മീനമിരുപത്തഞ്ചിൽ മുന്നമായ് നവദിനം
മേനിയായ്കൊണ്ടാടീടും കഴിക്കും നൊവേനയും

ഈ നവദിനങ്ങളിലേതുമേ യാവ്യംവിനാ
ഈ മഹാനാഥ തന്റെ പുത്രനെ ഭജിച്ചീടും
എന്നതിൻ ഷഡ്[1]വാസരമുന്നതമതിൽപ്പൊങ്ങും
അന്നവിടത്തിലാറുദിനമാം സൃഷ്ടികാട്ടും

എന്നതിൻ മൂന്നുദിനമാകാശമതിൽ ബഹു
നന്ദിയാൽ ദാനപൂർണ്ണാലംകാരാൽ ചമയിക്കും
ഒടുക്ക ദിവസത്തിൽക്കൊടുക്കും തന്റെ കാഴ്ച
അടക്കം വിനാകാട്ടും ദൈവിക മഹായുക്തി

പെരികെത്തന്റെ വെളിവതികരിച്ചീടുവാൻ[2]
"പുർഗത്തോ"[3]രിയിലാത്മം സകലം കരേറ്റീടും
പരമസ്നേഹ പുത്രജനത നിമിത്തമായ്
പരരക്ഷയിൻവാതിൽ തുറന്നെന്നറിവിന്നും

തിരുന്നാൾദിനം തന്നിൽ പരമസുതൻസഹ
പരലോകരുമായി ഇറങ്ങും സേനാക്കളിൽ
സ്നേഹശിഷ്യനാം ജോനി പൂജകർമ്മം ചെയ്യുമ്പോൾ
സേനകളശരീരിഗാനഘോഷമായ് പാടും

മാതാവിന്നൊരത്തോരിയെന്നതിൽ സ്നേഹപുത്രൻ
ദൂതരുമൊരുമിച്ചുനിന്നു പാർത്തിടും സ്തുതി
സുതന്റെ വലത്തേതിൽക്കണ്ടീടും മാതാവിനെ
സുതനെക്കൂദാശയാൽ കൈക്കൊണ്ടശേഷം ക്ഷണം

ആകാശമാർഗ്ഗേ പൊങ്ങി മാതാവാംകന്യാമണി
കൂദാശനിമിത്തമായ് ദൈവത്തോടൊന്നിച്ചങ്ങു
പിന്നെയും മാതാബഹുഭക്തിയാൽ പുത്രോവാസ[4]
അന്നപാനമെന്നിയെനോറ്റീടും ചതുർദ്ദശം

ഈ ദിനങ്ങളിൽ മഹാഭക്തിയാൽ പാപികൾക്കായ്
ഈ ദിവ്യമാതാ ബഹുപ്രാർത്ഥന പുത്രൻ പക്കൽ
മാതൃസ്നേഹത്താൽ ക്ലേശം നഷ്ടമാമാത്മാക്കളാൽ
താപാനുപമം മഹാപാപികൾ രക്ഷയ്ക്കായി

---

1. ഷഡ്വാസരം = ആറാം ദിവസം 2. അതികരിക്കുക = അധികരിക്കുക 3. പുർഗത്തോ = ശുദ്ധീകരസ്ഥലം 4. പുത്രോവാസം = പുത്രനെപ്രതിയുള്ള ഉപവാസം

ഇങ്ങനെ മാതാവു തന്നമലോത്ഭവം മുതൽ
തിങ്ങിനതപസ്സിനാൽക്കാൽക്ഷണം കളയാതെ
തന്നുടെ സപ്തദശമെന്നതിൽ മൂന്നുകുറ[1]
വെന്നയിക്കാലം വരെയായപ്പോൾ മഹാദാഹം

പെരുകി പുത്രൻ സഹതരണം പരലോകേ
കരുതി പുത്രൻ സ്നേഹമാത്യവെ കൈക്കൊള്ളുവൻ
എന്നയിക്കാലമതിൽ മുമ്പുനാം ഗൗറിയേലെ
മന്ദിരെയാകാശത്തിൽനിന്നു താൻ യാത്രയാക്കി

മുമ്പനാമിയാൾ ബഹുവാനവർ കൂട്ടത്തോടെ
മുമ്പിലായ് വെളുത്തുള്ള വസ്ത്രം ധരിച്ചുകൊണ്ടും
തന്നുടെ ശിരസ്സതിലുന്നത കിരീടവും
തൈലവൃക്ഷത്തിൻശാല കൈകളിലേന്തിക്കൊണ്ടും

വന്നുടൻ നാഥ പക്കൽ മംഗലവാർത്തചൊല്ലി
വന്ദനം മുൻപോൽതന്നെ വചനമതുതന്നെ
പിന്നെയങ്ങറിയിച്ചു നിന്നുടെ സ്നേഹപുത്രൻ
മന്നിലായ് നിനക്കുള്ള വാസത്തെച്ചുരുക്കി താൻ

ഇന്നീയീക്കണ്ണീർസ്ഥലേ മൂന്നു കാലങ്ങൾ മാത്രം
കന്നി നീ വസിക്കുമ്പോൾ യാത്രയങ്ങാകാശത്തിൽ
എന്നതുകേട്ട ക്ഷണമമ്മയുമതുതന്നെ
നന്ദിയോടുരചെയ്തു മുമ്പിനാലെന്നവണ്ണം

കർത്താവിൻ ദാസിയിതാ നിന്നുടെ വചനംപോൽ
പേർത്തിനിക്കായീടട്ടെയെന്നു ചൊന്നനന്തരം
മുഖ്യനെപ്പാർത്തു വീണ്ടുമമ്മയൊന്നരുൾചെയ്തു
മുഖ്യതചെയ്ത ദൈവം വന്ദനം ചെയ്തു നന്ദി

കാട്ടുവാൻ കൊണ്ടാട്ടങ്ങളണപ്പാൻ നീക്കിദൃഢം
കോട്ടമെന്നിയേ നിങ്ങൾ കൂടവേ തുണയ്ക്കണം
എന്നരുൾചെയ്ത നേരം വന്നവരെല്ലാവരും
ഒന്നിച്ചു രാജ്ഞീസഹാവന്ദനഗാനം സ്തുതി

അഞ്ചുനാഴികവരെ മംഗളം ചൊന്നശേഷം
ആഞ്ചുകൾ[2] പരലോകെഗമനം ചെയ്ത ക്ഷണം
തന്നുടെ സ്നേഹപുത്രൻ ശ്ലീഹന്മാർ പലദിക്കിൽ
തന്നിൽനിന്നകന്നവരൊക്കെയ്ക്കും തന്റെ കൈയാൽ

ലേഖനം ചെയ്തു ദൂരെയുള്ളവർക്കയച്ചുതാൻ
ലോകവാസത്തിൽ ചിരംവസിപ്പാൻ ദൃഢമായി

1. സപ്തദശമെന്നതിൽ മൂന്നുകുറെ = എഴുപതിൽ മൂന്നു കുറവ് (67) 2. ആഞ്ചുകൾ = ദൈവദൂതന്മാർ (എയിഞ്ചൽ എന്നതിന്റെ തത്ഭവം)

ചാരെയുള്ളവർകളെ വാക്കിനാലുറപ്പിച്ചു
സാരമുള്ളവകളെ ധരിപ്പിച്ചറിയിച്ചു

തന്നുടെ സ്നേഹപുത്രൻ യോഹന്നാൻ മാത്യതന്റെ
മന്നിലെ യാത്രയറിഞ്ഞെന്നതാൻ ക്ലേശിച്ചേറ്റം
ഇങ്ങനെ മാത്യതന്റെ മരണമറികയാൽ
തിങ്ങിന ദുഃഖത്തോടെ ക്ലേശിച്ചു വിശ്വാസികൾ

ഇന്നാളുകളിൽ ബഹുഭക്തിയാൽ മാതാനിത്യം
കീഴ്നാളുകളെക്കായിൽ ശോഭിച്ചുമുഖശോഭ
അപ്പോലെ പുത്രൻ തന്റെ രക്തത്താലർച്ചിച്ചുള്ള
ചൊൽപെരിയൊരുസ്ഥലം ബഹുഭക്ത്യാ

ഇങ്ങനെ മാതാ തന്റെ യാത്രക്കായൊരുങ്ങുമ്പോൾ
അങ്ങടുത്തുള്ള സ്ഥലം പലസ്തീൻ ചുറ്റുമുള്ള
വിശ്വാസക്കൂട്ടങ്ങളിലെത്രയും മഹാദുഃഖം
വിശ്വത്തിൽനിന്നും തന്റെ നിക്ഷേപം നാസ്തിയഥാ

എന്നതുമനുകൂലമെന്നതിൽത്തന്നെയല്ല
മന്ദമായാകാശത്തിൽ നക്ഷത്രഗ്രഹങ്ങളും
ഖമിൽഗമിക്കും പക്ഷിപറവവ്യന്ദങ്ങളും
ഖഗ[1]സുസ്വരാദികൾ പകർത്തീടും ദുഃഖം യഥാ

എന്നതു വിശേഷമായെടുത്ത കാലം തന്നിൽ
തന്നുടെ കേതമതിൻ ചുറ്റുമായ്പ്പക്ഷീഗണം
ഒക്കെയും കൂട്ടിക്കൊണ്ടാപ്പാട്ടുകൾ തോറ്റങ്ങളായ്
പൊക്കത്തിൽനിന്നു താണു ധരയിൽ തലചേർത്തും

തന്നുടെ രാജ്ഞി പരിഞ്ഞെന്നേയ്ക്കുമകന്നീടു-
മെന്നുള്ള ദുഃഖം നെഞ്ചിൽക്കൊത്തിക്കൊണ്ടറിയിക്കും
ഇങ്ങനെ രാജ്ഞി തന്റെയാശിർവാദത്തിനായി
അങ്ങവർ പാർത്തുംകൊണ്ടു പ്രവൃത്തി യഥാകാട്ടും

എന്നതു വൻകുന്നുകൾ, മലകൾ, പാതാളങ്ങൾ
എന്നതിൽ വസിക്കുന്ന വൻമൃഗത്തരങ്ങളും
തന്നുടെ മരണത്തിന്നാറു മാസത്തിൻ മുമ്പിൽ
തന്നുടെ സുവൃത്തിപോൽ ഗാഗുൽത്തായ്ക്കെഴുന്നെള്ളി

എന്നതു തിരിഞ്ഞവരൊക്കെയും ചുറ്റിക്കൂടി
അന്നങ്ങങ്ങോരോ മലവാസികൾ പലതരം
വ്യാഘ്രാദിവർഗ്ഗങ്ങളും ഭോജനഭോക്താക്കളും
വ്യാപൃ[2]മൊക്കെയും നീക്കി ദുഃഖത്താൽ രാജ്ഞിപക്കൽ

1. ഖഗം = പക്ഷി 2. വ്യാപൃം = വ്യാപാരം (പ്രവർത്തനം)

വന്നവരതിൽ ചിലർ വന്ദന സാഷ്ടാംഗവും
ചെന്നാദികളും തലകുനിച്ചു വന്ദിച്ചമ്മെ
ഒക്കെയും മഹാദുഃഖസ്വരങ്ങൾ ഗർജ്ജിച്ചിട്ടും
ദുഃഖമൊക്കെയും കാട്ടി രാജ്ഞി നഷ്ടത്താൽ ദൃഢം

ഇന്നിവൾ സൃഷ്ടാവിന്റെ മാതാവെന്നൊരു ചിഹ്നം
മുന്നമേ നരകുലത്തിന്നുടെ ശക്തിസർവ്വം
ജന്മപാപത്തിൻ കഷ്ടനഷ്ടം ചെയ്തതുമിവൾ
ജന്മനിർമ്മലത്തിനാലുണ്ടെന്നും രണ്ടാംചിഹ്നം

പിന്നെയുമമ്മ തന്റെ യാത്രക്കു മുമ്പിൽതന്നെ
തന്നുടെ പുത്ര രക്താലർപ്പിച്ച സ്ഥലങ്ങളിൽ
ചെന്നു വന്ദിക്കും ജനമൊക്കെയ്ക്കും മഹാഗുണം
എന്നതും വിശേഷമായ് പാപമോചനങ്ങളും

തന്നുടെ പുത്രൻ കല്പിച്ചുറപ്പിപ്പതിന്നായി
മന്നിലിങ്ങിരിക്കയിൽ പ്രാർത്ഥിപ്പാനുറച്ചമ്മ
സ്നേഹപുത്രനാം ജോണിന്നനുവാദവും വാങ്ങി
സ്നേഹിതനിയാളെയുമായിരം ദൂതന്മാരും

ഇങ്ങനെചെന്നു ഗിരി ഗാഗുൽത്താമുകളേറി
മംഗലസ്ഥലങ്ങളെ വന്ദിച്ചു മഹാഭക്ത്യാ
പിന്നെയുമതിൽ സൂതൻ സഹിച്ച ദുഃഖങ്ങളും
ഉന്നത പ്രവൃത്തിയുമൊക്കെയും ധ്യാനിച്ചമ്മ

സാഷ്ടാംഗം ചെയ്തു ദുഃഖാൽ പ്രാർത്ഥിച്ചെന്നതു നേരം
സൃഷ്ടിതാവായ സ്നേഹപുത്രനുമെഴുന്നെള്ളി
മൃത്യുകൈക്കൊണ്ട സ്ഥലമെന്നതിൽത്തന്നെ നിന്നു
പാർത്തുമാതാവോടതിസ്നേഹത്താലരുൾചെയ്തു

സ്നേഹമാതാവെ! മമസുന്ദരകപോതമെ!
സ്നേഹശക്തിയാൽ മമ കരണം സർവ്വത്തിലും
നരരക്ഷക്കായുള്ള മമ ദുഃഖങ്ങൾ സർവ്വം
കരണം നീയും മമ തുണയായതും ദൃഢം

ഇതിനായ് നിന്റെ ദാഹമതെന്നുമറിഞ്ഞു നാം
ഇതിനായയച്ച നിൻ സ്വരവും ചെവിക്കൊണ്ടു
ഹൃൽ മമ ബഹുതെളിവതുമായിപ്പോൾ നിന്റെ
ഹൃദ്വേദന[1]കളൊക്കെയൊഴിച്ചു സ്ഥിരം ചെയ്വേൻ

ഇപ്പോഴുമിനിമേലുമി സ്ഥലങ്ങളിൽവന്നു
ഇപ്പരമമായൊരു സാരസം[2] ധ്യാനിക്കുന്നു

1. ഹൃദ്വേദന = ഹൃദയവേദന 2. സാരസം = തത്വസാരമെന്നു വ്യംഗ്യം

വിശ്വാസി ജനത്തിന്റെ കന്മഷക്കറകളെ
വിശ്വാസം നിമിത്തമായ്പ്പോക്കീടും മമരക്താൽ
അപ്പരലോകത്തിങ്കൽ നീകടന്നതിൻശേഷം
ഇപ്പരർക്കുള്ള പാപമോചനത്തിന്നും നിന്റെ
സങ്കേതം തേടുന്നൊരു പാപികളൊക്കേയ്ക്കും നീ
സങ്കേതമദ്ധ്യസ്ഥവും കർത്തവ്യമതും തന്നേൻ
ഇപ്പറഞ്ഞൊപ്പുനാഥനിസ്ഥലം തന്നിൽവച്ചു
തൽപ്പരിചോടെ കല്പിച്ചുറപ്പിച്ചതുനേരം
അമ്മയും സ്നേഹപുത്രൻ മുമ്പതിൽ സാഷ്ടാംഗമായ്
അമ്മലർപ്പാദം കുമ്പിട്ടാനന്ദം തോഷിപ്പിച്ചു
പുത്രനും തന്റെ രക്തമാൽ ശുദ്ധമായിടങ്ങളെ
പുത്തനായ് വാഴ്വു കൊടുത്തൊക്കെയുമുറപ്പിച്ചു
അമ്മയ്ക്കും തന്റെ യാശിർവാദത്തെക്കൊടുത്തുടൻ
അമ്മയും സേനാക്കുളിൽ പിതൃദക്ഷിണേ[1] പുത്രൻ
അങ്ങെഴുന്നെള്ളും മുമ്പെയമ്മതൻ ക്രമംപോലെ
ഭംഗിയാൽ ധരേ മുത്തിയരുളിച്ചെയ്തീവണ്ണം
നരദൈവത്തിൽ തിരുരക്തത്താലർച്ചിച്ചതും
നരദേവനാലിപ്പോളാശിർവാദവും പെറ്റ
തിരുഭൂമിയെ നിന്നെയിനി ഞാൻ പരലോകേ
തിരിയുന്നതിൻ ശേഷമവിടെനിന്നു പാർപ്പേൻ
ഇതുമെന്നിയേ ശുദ്ധസ്ഥലത്തെ കാർക്കുന്നോരോ
ടിതുമങ്ങരുൾചെയ്തു. അശരീരികൾ നിങ്ങൾ
ഇവിടെ പ്രാർത്ഥിപ്പാനായ് വരുന്ന ജനത്തിനെ
ഇടയെന്നിയെ നിങ്ങൾ തുണക്ക നന്മയ്ക്കായി
ഇതുമെന്നിയേ സ്ഥലമശുദ്ധിയാക്കീടുവാൻ
ഇതിനായ് പുറപ്പെടുമജ്ഞാനികളിൽനിന്നും
ഇതിനെക്കാർത്തു പരിപാലനം ചെയ്തീടണം
ഇതമങ്ങരുൾചെയ്തു പുക്കുതൻ ഒരത്തോരിൽ
എന്നതിൻശേഷം ശുദ്ധമാത്യവാം പള്ളിക്കായി
വന്ദനംചെയ്തു പുത്രം പ്രാർത്ഥിച്ചങ്ങനുവാദം
പുത്രനും കേട്ടുമാതൃ പ്രാർത്ഥിച്ചെന്നതുപോലെ
എത്രയും മഹാസ്നേഹാൽ കല്പിച്ചങ്ങനുവാദം
യാത്രയും ചോദിപ്പാനായീവണ്ണമുരചെയ്തു
എത്രയും ഭാഗ്യപ്പെട്ട ലോകത്തിൽ മുക്തിനീയേ,

1. പിതൃദക്ഷിണേ = പിതാവിന്റെ വലതുഭാഗത്ത്

തത്രസമുള്ള ലോകരക്ഷിതാവതും നീയേ
ശുദ്ധമാംപള്ളി തന്റെ ശിരസ്സും നീയെ നാഥാ
ശുദ്ധികർത്താവും ദേഹിക്കൊക്കെയും നീയെദ്യഢം
നിന്നുടെ ശുദ്ധരക്തൽ നടപ്പെട്ടുറപ്പിച്ചു

മന്നിലിപ്പള്ളിയമ്മ തന്നുടെ മകൻ ഞാനെ
ഇതിനാൽ മാതാവോടും സ്നേഹഭ്രാതാക്കളോടും
ഇതു ഞാനുരചെയ്തു പിരിയട്ടനുവാദാൽ
ഇതിന്റെ ശേഷം നാഥ തിരിഞ്ഞീവണ്ണം ചൊല്ലി

ഇതുകാലത്തിൻശേഷം പെരികെ സ്തുതിയോഗ്യം
റോമ്മ കത്തോലിക്കമ്മ എന്ന നാമാഖ്യം വീഴും
ഒണ്മയാൽനീയെ മമ അമ്മയും സങ്കേതവും
നിന്നാലെയെനിക്കുള്ള നന്മയും സമ്മാനവും

നീ തന്നെയാശ്വാസവും മമ ദുഃഖങ്ങൾ സമേ
നിന്നുടെ തലവനുമെന്നുടെ ശിരസതും
തന്നുടെ യോഗ്യമൊക്കെ നിന്നിലേ നിക്ഷേപമായ്
എന്നതിൽ ഞാനും മമ മക്കളാം വിശ്വാസികൾ

ഒക്കെയും നിന്നാൽ തന്നെ വാഗ്ദത്തം പ്രാപിക്കട്ടെ
ഒക്കയാൽ നീയുമെന്നെയർച്ചിച്ചങ്ങയയ്ക്കണം
ഇങ്ങനെ മാതാപള്ളി തന്നുടെ വലിപ്പവും
മംഗലൻ പുത്രൻ സ്ഥാപിച്ചെന്നതുമുറപ്പിച്ചു

പിന്നെയും തന്റെ യാത്രതെസ്ത[1]മെന്തുറപ്പിപ്പാൻ
മുന്നമായ് പുത്രൻതന്നെ പ്രാർത്ഥിച്ചു സ്ഥിരത്തിന്നായ്
തന്നുട മഹാശ്രദ്ധയൊക്കെയും പുത്രൻ കേട്ടു
തന്നുടെ തിരുച്ചിത്താലുറപ്പിപ്പതിന്നായി

അപ്പൊഴുതുടൻ മാതാ ഒരത്തോരിയിൽനിന്ന്
മേല്പോട്ടു ബോധം പൊക്കി പ്രാർത്ഥിച്ചെന്നതുനേരം
പ്രിയമാം സുതാമാതാ ശുദ്ധപത്നിയും തന്നെ
പ്രിയമായ ത്തോഷിപ്പിപ്പാൻ ബഹുസേനകളോടെ

ശുദ്ധ ശുദ്ധമാം ത്രീത്വം ഘോഷത്താലെഴുന്നെള്ളി
ശുദ്ധ മാതാവുമപ്പോൾ സാഷ്ടാംഗംചെയ്തു ഭക്ത്യാ
പുറപ്പെട്ടുടൻ സ്വരം സന്നിധാനത്തിൽനിന്നു
മുറച്ചിട്ടുള്ള സ്വരമീവണ്ണം കേൾക്കപ്പെട്ടു

സ്നേഹമേറിടും നമുക്കുള്ളൊരുമഹിഷീനി
സ്നേഹിതേ! നിന്റെയിഷ്ടമൊക്കെയും ശുഭംസാദ്ധ്യം
പിതാവാം ദേവൻ വീണ്ടും മോദത്താലരുൾചെയ്തു
സുതനീമമ സ്നേഹാലിതിനാൽ നിനക്കുള്ള

1. തെസ്തമെന്ത് = ഉടമ്പടി, ടെസ്റ്റമെന്റ്

അഭീഷ്ടമൊക്കെ നമ്മാലാശിർവാദവും ദൃഢം
അഭിലാഷംപോൽ നിന്റെ ജീവിതശേഷത്തിലും
ഇതുപോൽ മമ സുതൻ സ്നേഹശുദ്ധരൂഹായും
ഇതുപോലുറപ്പിച്ചു സ്ഥിതിയും നൽകി ദൃഢം

അപ്പൊഴുതമ്മ തന്റെ തെസ്തമെന്തിനെയുടൻ
അപ്പെരിമയെ കുമ്പിട്ടുണർത്തീടുന്നീവണ്ണം
എത്രയും സ്തുതിയോഗ്യ നിത്യദൈവമേ! സ്വാമി!
എത്രയും നീചപ്പുഴു പൊടിയായീടും ദാസി

മാമകഹൃദയത്തിൽ വശമാം പൂജ്യതയാൽ
മമ വിശ്വാസാൽ വന്ദിച്ചിതിതായുണർത്തുന്നു
പിതാവും സുതൻ റൂഹാദക്കുദശായെന്നുള്ള
പിരിയാതുള്ള മൂന്നാൾ ഏക ത്രീത്വദൈവവും

ഏകമീ മൂവർക്കുള്ള സ്ഥാനയോഗ്യപൂർണ്ണവും
ഏകചിത്തവും സൃഷ്ടി സ്ഥിതി സംഹാരം സർവ്വം
നിന്നാലെ സൃഷ്ടിയഹം നന്മയും സർവ്വം നീയെ
നിന്നാലെ മന്നിൽ ജീവ്യം[1] കഴിച്ചു നിൻചിത്തത്താൽ

നിന്തിരുയിഷ്ടത്തിനാലാകാശം ഭൂമി ജലം
നിൻ ദയാലാദിത്യാദിയെന്നെ സന്ധിച്ചു ദൃഢം
എന്നുടെ യോഗ്യം വിനാ ഭൂമിയുമെന്നെത്താങ്ങി
എന്നുടെ ഇച്ഛക്കായി ചൊൽവിളികേട്ടു സർവ്വം

ഇതിനായ് സ്തുതി ചെയ്വാൻ വശഹീനമെങ്കിലും
ഇതിതാദാസി മനസിനിയും മമജനം
ഭൂലോകേ വസിക്കുന്ന മനുഷ്യകുലത്തിന്നായ്
ഭൂമിനാഥ നീയെ മനോഗുണം ചെയ്തിടേണം

എന്നുടെ സഹോദരരായിടും മനുകുലം
നിന്നുടെയിഷ്ടംപോലെ നിന്നെയും സ്നേഹിപ്പാനും
മന്നിലുള്ളവരൊക്കെയറിഞ്ഞു നിന്നെ ദൈവ
വന്ദനം ചെയ്തു നന്ദികാട്ടുവാനായിടുമേ

അനിഷ്ടം ഞെരുക്കങ്ങൾ ക്ഷമിച്ച കൃച്ഛ്റങ്ങളും
അരിഷ്ടലോകെയവർക്കനുകൂലമാകണം
ഈലോകെയിനിക്കു നീ ദാനം ചെയ്തതിലിനി
മേ ലോകേ പിരിവതിലോർമ്മയുണ്ടായീടുവാൻ

എന്നുടെ ദേഹം മൂടിയെന്നൊരു "മാംദായതു
മുന്നമായ് ധരിച്ചെന്നു വസ്ത്രങ്ങൾ രണ്ടു"മുണ്ട്

1. ജീവ്യം = ജീവിതം

എന്നതു മമ സ്നേഹപുത്രനാം യോഹന്നാന്
നന്ദിയായമ്മ, മയാചെയ്തിയാൾ സർവ്വംദയാൽ 468

എന്നുടെ ദേഹാദേഹിയെന്നതിൽ പുറപ്പെട്ടാൽ
മുന്നമായ് നരകുലമാതൃവാം ഭൂമിക്കുമായ്
ദേഹിമേ നിന്റെ ദയാൽ നിത്യമായ് നിന്നെത്തന്നെ
ദാഹമായ് സ്നേഹിപ്പാനായ് ദൈവമെ നിൻ തൃക്കൈയെ 472

നിന്നുടെ ദയാൽ ലോകെ ദാസിയാം മമാനിഷ്ടം
നിന്ദയും ക്ഷമാഗുണ നന്മ സർവ്വവുമെന്റെ
സ്നേഹദൈവമാം നിന്റെ തിരുവനുവാദത്താൽ
ദാഹമായ് മമ സ്നേഹം സർവ്വവിശ്വാസികൾക്കായ് 476

ഒണ്മയാൽ ക്രമം യഥാ ദാനമായരുളുവാൻ
നന്മയ്ക്കായ് ശുദ്ധപള്ളി അമ്മയ്ക്കും വച്ചേൻ ദാസി
നിൻ തിരുനാമം നിത്യം സ്തുതിയോഗ്യത്തിനായി
നിൻ തിരുവിഷ്ടം യഥാ, സർവ്വവും പരലോകെ 480

യെന്നപോൽ തന്നെ ഭൂമി അന്തരംവരാനിന്നെ
മന്നിലുള്ളവരൊക്കെ സ്തുതിപ്പാൻ മഹാപേക്ഷ
ഇതിനാൽ ധരേ ദൈവം നീയെന്നുള്ളൊരുസത്യം
ഇതുനിൻ ദയാൽ നടത്തീടുവാൻ പ്രാർത്ഥിക്കുന്നേൻ 484

ഇപ്രകാരമുള്ളൊരു "തെസ്തമെ"ന്തിനെയമ്മ
ഇപ്രഭാകരൻ പുത്രൻ മദ്ധ്യസ്ഥാൽ ത്രീയേകമാം
ദൈവത്തിന്നിഷ്ടം യഥാ ചെയ്തതിൻ ശേഷത്തിങ്കൽ
ദൈവവും വാഴ്ത്തിയുറപ്പിച്ചിതു സർവ്വം ദൃഢം 488

പന്ത്രണ്ട്

വിശുദ്ധ മറിയത്തിന്റെ അന്ത്യനിമിഷങ്ങൾക്ക് അക്ഷരാർച്ചനടത്തുന്ന കവി ശ്ലൈഹികാശീർവാദം സ്വീകരിച്ച ശേഷം സ്വർഗ്ഗാരോപണം വരിച്ച മാതാവിന്റെ മദ്ധ്യസ്ഥതയിൽ ശരണപ്പെടുന്നു.

കടശ്ശിപാദം

ഇങ്ങനെമാതൃതന്റെ തെസ്തമെന്ത[1]തിൻശേഷം
തിങ്ങിനസ്നേഹത്തോടെ പുത്രനെപ്രാർത്ഥിച്ചതും
മമയാത്രയ്ക്കുമുമ്പിൽ പ്രിയശിഷ്യരാംനിന്റെ
മഹിമപ്പെട്ടശ്ലീഹരവരെ കാണ്മാനിഷ്ടം
തിരുവുള്ളമെങ്കിലോതരണം മമാപേക്ഷ
തിരുചിത്തമേ മമഭാഗ്യത്തിൻമഹാഭാഗ്യം
തിരുമാതാവിൻ രസാരസ[2]മറിഞ്ഞപുത്രൻ
തിരുവാമൊഴിഞ്ഞു താനിതിനെ കേൾപ്പിച്ചമ്മെ
എത്രയും പ്രിയമുള്ള മാതാവെ! മമതായെ!
തത്രസംവേണ്ടാനിന്റെയിഷ്ടമൊക്കെയും സാദ്ധ്യം
അടുത്തുള്ളവരൊക്കെ എളുപ്പംവന്നീടുമെ
അടുപ്പിച്ചീടും ദൂതരകന്നദിക്കിൽനിന്നും
ഇതുകേട്ടുടനമ്മ പെരികെത്തെളിവൊടെ
അധികമെളിമയാൽ സാഷ്ടാംഗം ചെയ്തുപുത്രം
അധികഘോഷത്തോടെ മഹാരാജനാംശ്ലേമ്മോൻ
അതിബുദ്ധിയാൽചെയ്ത സ്വർണ്ണ"ക്രോവകൾ"മദ്ധ്യേ
തിരു"പേഴയെ"[3] സ്ഥിതിചെയ്വതിനിച്ഛിച്ചപ്പോൾ
തിരുപ്പുത്രനും ദേവൻമേല്പെട്ടജരുശ്ലേമിൽ
സ്തുതികൾക്കൊക്കെയുക്തമാകും തിരുമാതൃവെ
സ്തുതിഘോഷത്താലെഴുന്നള്ളിപ്പാൻ വിധിച്ചൊരു

1. തെസ്തമെന്ത് = ഉടമ്പടി, ടെസ്റ്റമെന്റ് 2. രസാരസം = ഇഷ്ടാനിഷ്ടം 3. പേഴ = പെട്ടകം

ദിനമായതിന്നുടെ ത്രിദിനം മുമ്പിൽത്തന്നെ
ദിവ്യദിനകരന്റെ ശിഷ്യരൊക്കെയുംകൂടി
മുമ്പിനാൽത്തലവനാം പത്രോസുതന്റെ പങ്കാം
മുമ്പതാംനഗർ റോമ്മായെന്നതിൽപാർക്കുംവിധൗ

ദിവ്യദൂതനും തനിക്കറിയിച്ചുടൻവാർത്ത
ദിവ്യശക്തിയാൽത്തന്നെയെത്തിച്ചു സേനാക്കളിൽ
ദിവ്യമാതാവുമിതുഗ്രഹിച്ചക്ഷണംതന്നെ
ദിവ്യപുത്രനാംക്രിസ്തു വികാരിക്കെതേർപ്പിന്നായ്

വാതിലിനടുത്തുടൻ മുട്ടുകൾകുത്തിക്കൊണ്ടും
വാതുറന്നുടൻ വാഴുപ്രാർത്ഥിച്ചങ്ങിതുചൊല്ലി
മേല്പെട്ടദൈവംതന്റെ ദയയാൽദാസിയുടെ
കീഴ്പ്പെട്ട എളിമയെപ്പാർത്തുതാൻ കരുണയാൽ

പരലോകത്തിനുള്ള കടപ്പിൽ[1] തുണപ്പാനായ്
ഗുരുവേയയച്ചതിൽ സ്തുതിചെയ്യുന്നുദാസി
ഇങ്ങനെമാതാദൈവ വന്ദനം ചെയ്തശേഷം
മംഗലൻപത്രോസിന്റെ വാഴുവും കൈക്കൊണ്ടുടൻ

എന്നതിൻവണ്ണംതന്നെ വന്പനാം പൗലോസിന്നും
വന്ദനവഴക്കവുംചെയ്തമ്മ മഹാമോദാൽ
ഇങ്ങനെശ്ലീഹർശിഷ്യ ജനങ്ങളൊക്കെക്കൂടി
മംഗലരാജ്യമതിൽ പൂക്കവർനീക്കിശേഷം

എന്നവരെല്ലാവരും മാതാവിൻചാരത്തിങ്കൽ
ചെന്നുദൈവമാതാവിൻ വന്ദനംചെയ്തശേഷം
മാതാവും ബഹുമോദാലാചാരം ചെയ്തുകൊണ്ടും
മാതൃവാൽ സ്നേഹശിഷ്യൻ തന്നോടങ്ങരുൾചെയ്തു

വാന്നോരാംസഹോദരരൊക്കെയ്ക്കും സൽക്കാരങ്ങൾ
നന്ദിയാൽചെയ്തുക്ഷീണം തീർപ്പതിന്നതിസ്നേഹാൽ
എന്നതുക്ഷണംതന്നെ യേശുവിൻസഹോദരൻ
എന്നയാക്കോബുശ്ലീഹാതാനുമായ് സാധിച്ചുടൻ

അന്നിതു സുകാര്യത്തെ ജരുശ്ലേം ചുറ്റും ധരെ
എന്നുള്ള വിശ്വാസികൾ അറിഞ്ഞു ദൈവഗത്യാ
ഓരോരോ ജനങ്ങളായ്ക്കൂടിയ സ്ഥലമതിൽ
ഈ നരർക്കൂട്ടത്തിനെപ്പാർത്തുടൻ ശീമോൻ കേപ്പാ

പേർത്തയാൾ വരവിന്റെ കാരണം ഗ്രഹിപ്പിച്ചു
പേർത്തിതുമരുൾചെയ്തു വിശ്വാസ്യജനത്തൊടു
ശ്ലീഹന്മാരാദിയായിത്തുടങ്ങിയിതു വാക്യം
ശ്ലീഹയിൽ സ്നേഹപുത്രൻ മമ ഭ്രാതാക്കന്മാരും

1. കടപ്പിൽ = പ്രവേശനത്തിന്

സ്നേഹമേറീടും മമ മക്കളാം ക്രിസ്ത്യാനികൾ
സ്നേഹമായ് സൂക്ഷിക്കണം നമ്മുടെ നാഥൻ യേശു
തന്നുടെ തിരുവേദം പ്രസിദ്ധപ്പെടുത്തുവാൻ
തന്ന കല്പനവശാലോരോരോ നാടുകളിൽ

നമ്മുടെ തൊഴിൽ നിവർത്തിച്ചീടും സ്ഥലങ്ങളിൽ
നിന്നിവിടത്തിൽ നമ്മെയണച്ചു സർവ്വേശ്വരൻ
എന്നതു തന്റെ ദൈവശക്തിയെന്നതും ദൃഢം
എന്നപോൽ വിശ്വാസികളുള്ളിലും ദൈവം കാട്ടി

അപ്പഴോ ഭ്രാതാക്കളെ നമ്മുടെ നിക്ഷേപവും
ഈപ്പെരിമകൾക്കൊക്കെക്കാരണമായമ്മയെ
തന്നുടെ പുത്രൻ തന്റെ രാജ്യത്തിൽ കരേറ്റുവാൻ
തന്നുടെ പുത്രി തന്നെ കൈക്കൊൾവാൻ ദൈവപിതാ

എന്നപോൽ സ്നേഹദൈവം തന്നുടെ സ്നേഹപത്നീ
മന്ദിരേ കരേറ്റുവാൻ നിശ്ചയം ചെയ്തു ദൃഢം
ഇനിമേൽ നമുക്കുള്ള സങ്കടം കേൾപ്പാനാരോ
ഇനിമേൽക്കാത്തീടുവാൻ കരുണക്കടലേതോ?

എങ്കിലുമുള്ള നേരംകൊണ്ടു നാമപേക്ഷിക്ക
ശങ്കയില്ലമ്മ നമ്മെത്തുണയ്ക്കും പരലോകെ
എന്നിതുമാത്രം ചൊല്ലിയെന്നപ്പോളയാളുടെ
മന്ദമായ് സ്വരം, വാർത്തു കണ്ണീരിൽ നദിസമം

എന്നതിനോടു ശിഷ്യക്കൂട്ടമൊക്കെയും ദുഃഖാൽ
മന്ദിച്ചുനിന്നു മഹാദുഃഖആക്ക[1]ത്താൽ സർവ്വർ
എങ്കിലും ശിരസിയാൾ ആകയാൽ വീണ്ടും സ്ഥിരം
ചങ്കിലങ്ങുറപ്പിച്ചു കല്പിച്ചക്കൂട്ടത്തോടെ

അമ്മ സന്നിധൗനമ്മൾ ചേർന്നുകൊണ്ടിരന്നിടാം
ഒണ്മയാൽ തന്റെ വാഴ്വു കടശി കൈക്കൊള്ളണം
എന്നരുൾചെയ്തു കൂട്ടം സർവ്വരും സന്നിധാനം
ഒന്നിച്ചു കേപ്പായോടെ പുക്കതുനേരത്തിങ്കൽ

അമ്മയുമുടനൊരു "പ്രദെല്ലാ"[2]യതിൻമീതെ
ഒന്മയാൽ മുട്ടുംകുത്തിയല്പാശ്വാസത്താൽപ്പാർത്തു
അപ്പൊഴുതുടൻ മുഖമൊക്കെയും പകർന്നിതാ
ആകാശാഠാണുക്കളും ദൈവദൂതന്മാരുടെ

ആയിരം കടന്നുള്ള ശുശ്രൂഷി സമൂഹവും
അല്പമായടങ്ങിയ നേരത്തു മാതാവു താൻ
പത്രോസു മുതലായ കൂട്ടത്തെ തൃക്കൺപാർത്തു
എത്രയുമെളിമയാലിങ്ങനെയരുൾചെയ്തു

1. ആക്കം = ആധിക്യം 2. പ്രദെല്ലാ = പീഠം (ഇറ്റാലിയൻ പദം)

എത്രയും സ്നേഹപ്പെട്ട മക്കളെ നിങ്ങൾക്കുള്ള
ശുശ്രൂഷ ദാസിയഹം നിങ്ങടെ സമൂഹത്തിൽ
എന്നുടെയപേക്ഷയെ, അറിയിപ്പതിന്നായി
തന്നിടേണമെ നിങ്ങളനുവാദത്തെമയാ

പത്രോസും യോഹന്നാനും പാദസന്നിധൗചേർന്നു
പാർത്തുകൊള്ളുന്നു ഞങ്ങളരുളിച്ചെയ്തീടണം
എന്നതിൻശേഷം പത്രോസമ്മയെപ്പാർത്തുചൊല്ലീ
എന്നിതു മമ തായേ ഒന്നു നീയിരിക്കണം

എന്നതുകേട്ടക്ഷണം ചൊൽവിളിക്കാസ്ഥപ്പെട്ടു
പിന്നെയും പാർത്തു പത്രോസിന്നുടെ പക്കൽത്തന്നെ
അണഞ്ഞുമുട്ടും കത്തി ബഹു ആചാരത്തോടെ
കരഞ്ഞുംകൊണ്ടു ചൊല്ലിയിവണ്ണം മഹാരാജ്ഞി

ഗുരുനീശ്രേഷ്ഠൻ സർവ്വവിശ്വാസക്കൂട്ടത്തിന്നു
ശിരസും നീയെ മമ മാതൃവാം പള്ളിക്കുമേ
ഇതിനാൽത്താനും തന്റെ കൂട്ടരാം കൂട്ടത്തൊടെ
ഇതാ നിൻ ദാസിയഹം വാഴുവെക്കേണീടുന്നു

ഇതുമെന്നിയെ മമ ജീവിതകാലം സർവ്വം
മതിയാൽ മമ ചെയ്ത കുറച്ചിൽ പൊറുക്കണം
തരണം പരലോകേ ചെയ്യുവാൻ ദാസിക്കിപ്പോൾ
തരണം നിങ്ങൾ സർവ്വർ മനസാലനുവാദം

മമ സ്നേഹപുത്രനാം യോഹന്നാൻ തന്റെ കൈയിൽ
മമ സമ്പത്താലുള്ള "തൂനിക്കെ" രണ്ടും മാംതാ
ഇതു ഞാനേല്പിച്ചതിലിരുവസ്ത്രങ്ങൾ രണ്ടു
ഇതിതുവരെത്തുണചെയ്തിരു പെൺപൈതങ്ങൾ

അവർക്കായിക്കൊടുപ്പാനുമനുവാദമുണ്ടെങ്കിൽ
അവയിൽ "മാംതാ" മമ പുത്രനാം യോഹന്നാനും
ഇതിന്റെ ശേഷം മുത്തി പത്രോസിൻ പാദങ്ങളെ
ഇതു കല്പിച്ചശേഷം തിരിഞ്ഞു യോഹന്നാനിൽ

അപ്പോലെ മുട്ടുകുത്തി പ്രാർത്ഥിച്ചു മമ സുതാ
മേല്പെട്ട നാഥൻ തന്റെ ഗുരുവെ സെഞ്ഞോതാർമയും
എന്നുടെ സ്നേഹസുതൻ കുരിശിൽ നില്ക്കും വിധൗ
തന്നെന്നെമാതാവുമായ്ത്താൻ മമ പുത്രനുമായ്

അമ്മക്കുള്ളൻപാൽതന്നെ ശുശ്രൂഷിച്ചില്ലെന്നതും
അമ്മ ഞാൻ തന്നാൽ സർവ്വം നന്ദികൾ കൈക്കൊണ്ടിതാ
എന്നതൊക്കെയും മമ പുത്രനേ പൊറുക്കണം
വീണ്ടമ്മ കൂട്ടത്തെപ്പാർത്തീവണ്ണമരുൾചെയ്തു

ആണ്ടവൻ ദൈവപുത്രൻ നമ്മുടെ സ്നേഹസുതൻ
താനെന്നെ പഠിപ്പിച്ചുവെന്നപോൽ സ്നേഹിക്കുന്നേൻ
തന്നുടെ മക്കൾ നിങ്ങളെന്നപോൽ തമ്മിൽതമ്മിൽ
സ്നേഹമെന്നിതു തന്നെ സർവ്വർക്കും ഭാഗ്യം മുക്തി

സ്നേഹരാജ്യത്തിൽ ഞാനുമോർത്തിടും "നിങ്ങൾ സർവ്വം"
ഇങ്ങനെ മാതാവരുൾചെയ്തതു നേരത്തിങ്കൽ
തിങ്ങിന ദുഃഖം പൂണ്ടു സർവ്വരും വീണുധരെ
കുമ്പിട്ടുമുത്തി നിലം കണ്ണുനീർ വാർത്തുംകൊണ്ട്

ബിംബിഷ്ടം മുട്ടിക്കൊണ്ടും നില്ക്കുന്ന നേരം മാതൃ
സർവ്വേശൻ തന്റെ ചിത്തം സർവ്വരും ചേർത്തുകൊണ്ടു
സർവ്വരക്ഷയ്ക്കായിട്ടും പ്രാർത്ഥിപ്പാൻ കല്പിച്ചമ്മ
അമ്മയുമതുനേരം കണ്ണുനീർ ചിന്തിക്കൊണ്ട്

നന്മയ്ക്കായ്ക്കേണു സർവ്വമടങ്ങി അല്പനേരം
അപ്പൊഴുതാകാശത്തിൽ നിന്നുതൻ പുത്രൻ ദേവൻ
മുപ്പൊഴുതിനെത്തോല്പിച്ചിടുന്ന ശോഭായുതൻ
ആകാശവാസികളാം മാലാഖാവൃന്ദത്തോടും

ആകവേ പുണ്യാത്മാക്കൾ സർവ്വരുമൊരുമിച്ചായ്
ആകാശപ്രഭാകരനുദിച്ച നേരത്തിങ്കൽ
ആകാശമോക്ഷം സമം വിളങ്ങി സെഹിയോനും
അപ്പോഴുതമ്മ തന്റെ പുത്രന്റെ പാദാന്തികെ

അപ്പെരുമയെപ്പാർത്തു സാഷ്ടാംഗം പ്രണമിച്ചു
എത്രയുമെളിമയാൽ കുമ്പിട്ടുമുത്തി പാദം
തത്രനില്ക്കുന്ന മഹാ സമൂഹം നിർജീവരായ്
ആകാശരാജ്യേ തന്റെ പുത്രന്റെ തിരുമുമ്പിൽ

ആകവെ ചെയ്താചാരം കണ്ടവർ ഭ്രമം പൂണ്ടു
മാതൃവിന്നപേക്ഷപോൽ പുത്രനും തന്റെ വാഴ്വു
മോദമായ്ക്കൊടുത്തുടനരുളിച്ചെയ്തീവണ്ണം
അമ്മയെ! സ്നേഹതായെ! നമ്മുടെ ഭവനമായ്

നിർമ്മല, തവോദരെ നമ്മെ നീ പാർപ്പിച്ചിതാ
നമ്മുടെ പിതാദൈവം നിന്നെപ്പാർത്തിരിക്കുന്നു
നമ്മുടെ വലത്തേതിൽ വച്ചിതാസിംഹാസനം
മരണസ്ഥലേ നിന്നങ്ങായുസ്സിൻ സ്ഥലത്തിലായ്

വരണം നിത്യത്തിന്നായ് നിത്യമതിൽനിന്നും
മമ മാതൃവായ് മലഹീനമായ് പൂക്കലോകെ
മമ നാടതിലിതാമരണം വിനാപൂകാം
മമ മാതൃവും നീയേയിതിനാൽ മമസമം

മരണം വഴിയായിക്കടപ്പാൻ മനസ്സെങ്കിൽ
അതിന്നും പിതൃചിത്തം നിന്നിഷ്ടം യഥാസാദ്ധ്യം.
അല്ലെങ്കിൽ മമ രാജ്യെയധുനാമയാസഹ
അന്നേരം മാതാ ബഹുവന്ദനം ചെയ്തുകൊണ്ടു

സുന്ദരതിരുമേനി പാർത്തുകൊണ്ടുരചെയ്തു
എന്നുടെ സ്നേഹസുതൻ നാഥനേ മമദേവ
നന്ദനൻ നീയേ ദാസിയാഗ്രഹം കേട്ടീടേണം
മാതൃവും ദാസി തവ ആദത്തിൻ പുത്രിപുഴു

നീതിയാ സർവ്വർക്കുള്ള ഭരണം മയാവഴി
എന്നുടെ ദൈവം നീയേ നരജന്മവുംപൂണ്ടു
മന്നിലിപ്പാടു സർവ്വം പെട്ടുനീ മരിച്ചല്ലൊ
അപ്പൊഴോ തവദാസിയല്പമാം പൊടിയഹം

എത്രയോ നീതി സർവ്വർ വാതിലാൽ കടക്കുവാൻ
ഈവണ്ണം സ്നേഹമാതൃചൊല്ലിയക്ഷണം തന്നെ
അവ്വണ്ണംതന്നെ തന്റെ പുത്രനുമിഷ്ടംശുഭം
മാതൃവിന്നാശയതാ തികപ്പാൻ നാമും തന്റെ

മതിയാൽ പുറപ്പെട്ട മനസ്സേ അഴിച്ചഹം
എന്നതു നാഥൻ കല്പിച്ചെന്നയാക്ഷണം തന്നെ
സുന്ദരഅരൂപികൾ നാദഗീതങ്ങൾ പാടി
ശുദ്ധമാം റൂഹായാലെ പാട്ടുകൾ പാട്ടിൻവാക്യം

ശുദ്ധാരൂപികൾ പാടി രണ്ടാംകപ്പിത്തൾദശം
വചനമതീവണ്ണം ബഹുസന്തോഷാൽചൊല്ലി
വചനമിതുതന്നെ മമ സ്നേഹിതേ! ഏൾക്ക!!
അന്വേഷം ചെയ്തുമിതു പൂശുവാൻ രണ്ടാംസ്ത്രീകൾ

മുന്നമായമ്മയ്ക്കവർ ദാസ്യവേലകൾചെയ്തു
എന്നതിനമ്മതന്നെ സമ്മാനിച്ചവരിവർ
എന്നവർ തിരുമേനി കിടക്കും കേതമതിൽ
മന്ദമായ്പ്പൂക്കു ബഹുവന്ദനയോടുംകൂടെ

അപ്പൊഴത്തിരുമേനിയൊട്ടുമേ സൂക്ഷിപ്പാനും
ഇപ്പെരുമയാൽക്കട്ടിൽകൂടെയും കാണുന്നില്ല
ഒക്കെയും മഹാശോഭ പ്രകാശംതന്നെ കാഴ്ച
ഒട്ടുമേ സൂക്ഷിപ്പാനും ഭ്രമിച്ചു പുറപ്പെട്ടു.

മുഖ്യനാം പത്രോസാദി കേട്ടുടൻ കൂട്ടത്തോടെ
വാക്യവും ശരിതന്നെ സൂക്ഷിച്ചു ഭ്രമിച്ചവർ
ദിവ്യകോവിലാം ദേഹം "പേഴയും" "തേസ്തമെന്തും"
ദിവ്യമാകയാൽ നരർ തൊടുവാൻ യോഗ്യംപോരാ

എന്നതു സ്മരിച്ചവർ പിന്നെയും പത്രോസ് ജോണും
മന്ദിരമുള്ളിൽ പൂക്കുതെല്ലു ധ്യാനിച്ചുക്ഷണം
ഉന്നതമതിൽ സ്തുതി വാനവർ പാടിക്കേട്ടു
നന്മയാൽ പൂർണ്ണരായി! ദൈവത്താൽ സ്വത്വംനിന്നിൽ
നന്മകൾക്കധിപതി സർവ്വേശൻ നിന്നിൽ സഹ
എന്നിതു പ്രധാനികൾ മുൻപരായ്പ്പാടുന്നേരം
വന്നവരെല്ലാവരും കൂട്ടമായ് രണ്ടാമതും
പ്രസവം മുൻപിൽ കന്യപ്രസവമതിൽ കന്യ
പ്രസവശേഷം കന്യസർവ്വനേരവുമേവം
പ്രഥമപള്ളിയായ സർവ്വ വിശ്വാസിക്കൂട്ടം
പ്രസാദം ഭവിച്ചേറ്റമിതിനെത്തന്നെ പാടും
പ്രഥമ ശിഷ്യൻ പേരു യോഹന്നാനുമായുടൻ
പ്രാർത്ഥിച്ചു മുട്ടുകുത്തിത്തിരുച്ചിത്തത്തെക്കേൾപ്പാൻ
അപ്പൊഴുതുടൻ ദ്യോവിൽ നിന്നൊരുസ്വരം കേട്ടു
ഇപ്പെരിയ ദേഹത്തെതൊടങ്ങാ "നസ്തം" വിനാ
എന്നതു കേട്ടക്ഷണം ശ്ലീഹന്മാർ തിരുദേഹം
വന്ദനം ചെയ്തശേഷം "പ്രസിസം"[1] വട്ടംകൂടി
മഞ്ചലുവിരിച്ചുടൻ തന്നുടെ ദേഹത്തിനെ
മംഗലൻ പത്രോസ് ജോണിയെന്നിവർ ബഹുഭക്ത്യാ
തിരുദേഹത്തിൻ വസ്ത്രവിളുമ്പിൽപ്പിടിച്ചവർ
തിരുക്കട്ടിലിൽനിന്നു തേരതിൽ സ്ഥാപം ചെയ്തു
അപ്പൊഴുതുടൻ കണ്ട ശക്തിയാലുള്ള വെട്ടം
സ്പഷ്ടമായ്ത്തിരുദേഹം കാണ്മതിനൊട്ടുനീങ്ങി
മരണരേഖ തന്റെ മേനിയിലദൃശ്യമായ്
സ്മരണമേവർക്കുമായ് സമമെ മുൻ ചെന്നപോൽ
ഇതുമെന്നിയെ ജനനാദിയായ് മലഹീനം
അതുപോൽ ദേഹത്തിന്നും ക്ഷയലക്ഷണം വിനാ
അതു നേരത്തിൽ ശിഷ്യരാദിയായ് ഭക്തജനം
അതിനെ രക്ഷിപ്പാനായ് യോഗ്യരാം ജനങ്ങളും
ഗ്രഹിപ്പാൻ തക്കവിധം തന്നുടെ കാവൽദൂതർ
ഗൃഹത്തിൽ പുറപ്പാട്ടിൽ സംഖ്യയില്ലെന്നവിധം
ആകാശെയിവർ മുൻപെയാകാശ ധ്വനികളായ്
ആകാശസൂര്യൻ താനും മാതാവിൻ തായതന്തയും
മുൻപരാം പിതൃക്കളും വൻപരാം ദർശികളും

1. പ്രസിസം = പ്രദക്ഷിണം

അൻപിനാൽ മണവാളൻ, മുൻപനാം ബത്തീസ്തയും[1]
ഇങ്ങനെയാദിയായി ആകാശെയിവർ മുൻപിൽ
മംഗലനഗർക്കാരൊക്കവേ ഗർവ്വംവിനാ
ശുദ്ധമാം തിരുദേഹം പുക്കുടൻ വഴിയതി-
ലശുദ്ധാരൂപി പീഡയൊക്കയുമൊഴിഞ്ഞുപോയ്
എണ്ണമില്ലാതുള്ളൊരു രോഗികൾ പലേതരം
ദണ്ഡമൊക്കെയുമുടൻ നീങ്ങിയാരോഗ്യസിദ്ധം
യുദരുമജ്ഞാനികളായുള്ള ജനംബഹു
മോദമായ് രക്ഷാനാഥന്നമ്മയെയെന്നു സ്വരം
പുറപ്പാടതിൽ പുറപ്പെടുത്തിക്കൊണ്ടുമവർ
ഉറപ്പോടുടൻ സ്നാനം സ്വരത്താലപേക്ഷയും
ഇങ്ങനെ നാഥൻ തന്റെ മാതാവിൻ നിമിത്തമായ്
ഇതിനെ മാലാഖമാർ പാടിയനേരമമ്മ
അതു നേരത്തിൽ തന്റെ തലയേച്ചായിച്ചമ്മ
മമസ്നേഹിതേ! "മിയാകോളുംബാ"[2] വരിക നീ
മമ മാതൃവേവർഷം കഴിഞ്ഞു വേനൽവന്നു
മമ നാടതിൽ പുഷ്പം ശോഭിച്ചു കാണപ്പെട്ടു
അതു നേരത്തിൽ മാതൃപുത്രനെ സൂക്ഷിച്ചുടൻ
ഇതിതാനിൻ തൃക്കരെ മമ ദേഹിയെ വച്ചേൻ
ഇതിനെ ചൊല്ലിക്കൊണ്ടു തിരുക്കൺകളെ പൂട്ടി
ഇതിതു ക്ഷണം തന്റെ ശ്വാസവുംവിട്ടു മാതൃ
തിരുമരണത്തിൻമൂലം മറുകാരണം വിനാ
തിരുസ്നേഹമേ തന്നെ വ്യാധിയും മരണവും
ധരയിലമൃതാക്കിത്തീർത്തല്ലോ മാതാവപ്പോൾ
ഉതിരുമായി ക്ഷണമവിടെ മഹാശോഭ
ഉദിതമായി മഹാ സൗരഭ്യം വീശിയെങ്ങും
ഭംഗിയാൽ പുത്രൻ സമം പുത്തനാം കവറതിൽ
അത്തിരു ദേഹത്തിനെ വച്ചവർ ശ്ലീഹന്മാരും
പുത്തനായ് തന്റെ ദൂതൻ നെയ്തൊരു "നിചോളത്താൽ"
ശുദ്ധമാം ശരീരത്തെ മൂടിയെന്നതിൻ ശേഷം
ശുദ്ധപുത്രന്റെ സമം കൽപലകയാൽ മൂടി
ഇത്തിരുദേഹം തേരിൽ ചുമന്നു ശുദ്ധന്മാരും
അത്തിരു ശരീരത്തെ വസ്ത്രത്താൽ പൊക്കിമഞ്ചം
എന്നതിൽ വച്ചു പത്രോസാദിയായുള്ള ജനം

1. ബത്തീസ്ത = സ്നാപകൻ (ബാപ്റ്റിസ്റ്റ്) 2. മിയാകൊളുംബാ = എന്റെ മാടപ്രാവേ (ഇറ്റാലിയൻ പദം)

സുന്ദരദേഹത്തിനു മണ്ണിന്റെ ഭാരംവിനാ
എന്നവർ സാക്ഷിചൊല്ലി സ്ഥിരമായറിയിച്ചു
മന്ദമായ് ശിഷ്യജനം കണ്ണുനീർയാവ്യം സമം
ശുദ്ധകർമ്മത്തിൻ ശേഷം ശിഷ്യരും സേനാക്കളിൽ

ശുദ്ധരാം മോക്ഷജനം മേൽപ്പെട്ടുവെന്നാകിലും
ദിവ്യനിക്ഷേപത്തിന്റെ കാവലാമായിരവും
ദ്യോവതിൻ ഗാനഗീതം സർവ്വനേരവും ദൃഢം
അന്നു നാൾമുതൽ സെഹിയോൻ തന്റെ ഒരത്തോരിൽ

സുന്ദരദേഹം വശാലുണ്ടായ സൗരഭ്യങ്ങൾ
എന്നതിൻ തന്നെയല്ല ജരുശ്ലേം പാദംനീളെ
നന്നായി ഘ്രാണിച്ചിതു പലതാം സമകളിൽ
ഇങ്ങനെ പരലോകേ മാതൃവാത്മത്തെ നാഥൻ

തിങ്ങിന മഹിമയാലണച്ച ശേഷത്തിങ്കൽ
പിതൃവാം സർവ്വേശ്വരത്രോണോസിൻ മുൻപിൽ നാഥൻ
നമ്മുടെ സൃഷ്ടികളിലുയർന്ന സൃഷ്ടിയിതാ
നമ്മുടെയിഷ്ടം യഥാ സർവ്വതും തികച്ചിവൾ

നരരക്ഷയ്ക്കായഹം അനുഷ്ഠിച്ചതും സർവ്വം
പരരക്ഷയ്ക്കായെന്നോടൊന്നിച്ചു ക്ലേശിച്ചവൾ
നരജന്മത്തിനുള്ള പൊതുവാം ജന്മശാപം
നിഴലും തീണ്ടാതിവൾ ജനനം മുതൽ സർവ്വം

ഒന്നിച്ചു ദൈവ വേലയനുഷ്ഠിച്ചതിനാലെ
ഒന്നിച്ചു സിംഹാസനേ സമ്മാനം കൊടുക്കണം
പുത്ര "ദെക്രേത്ത്"[1] കേട്ടു പിതാവും റൂഹാദൈവം
തത്ര സന്തോഷാൽ ദൈവസിംഹാസനത്തിൻ ചാരേ

ദൈവപുത്രനാം തന്റെ ദക്ഷിണേ സിംഹാസനം
ദൈവമാതാവിന്നിട്ടുയിരുത്തി നിത്യത്തിന്നായ്
ഇങ്ങനെ മൂന്നുദിനം കഴിഞ്ഞശേഷത്തിങ്കൽ
മംഗലൻ പുത്ര സമമമ്മയും ചേർന്നീടുവാൻ

പുത്രന്റെ ഉയിർപ്പതിൻ ദിനമാം ഞായർദ്ദിനേ
തത്രയങ്ങെഴുന്നെള്ളി പുത്രനും മാതൃവാത്മം
മുൻപിലേപ്പോലെതന്നെ വൻപിച്ച കൂട്ടത്തോടെ
അൻപിനാൽ സെപ്പൂൾക്കരിൽ ചേരെയങ്ങെഴുന്നെള്ളി

കല്ലടപ്പിനെത്തുറക്കാതുടൻ മാതൃദേഹേ
നല്ലൊരു വരങ്ങളെ നൽകിയെന്നതിനാലെ

1. ദെക്രോത്ത് = ഡിക്രി

മാതൃവത്മാവുമതിൽ പൂക്കുടനൊരുമിച്ചു
മാർത്താണ്ഡശോഭയുതമുയിർത്തു പുറപ്പെട്ടു 304
ദേഹത്തിൽ ധരിച്ചെന്ന വസ്ത്രവും സാക്ഷിക്കായി
ദേഹമൂടിയായ് വിരിച്ചെന്നൊരു തൂവാലയും
ഇങ്ങനെ പരലോകെ ഉയരപ്പെട്ടശേഷം
പൊങ്ങിന തെളിവോടെ മന്ദിരം പ്രസാദിച്ചു 308
ത്രീയേക സർവ്വേശ്വരൻ പ്രസാദം പൂണ്ടിവളിൽ
ത്രീത്വത്തിൻ മുൻപാളായ പിതാവാം സർവ്വേശ്വരൻ
മോക്ഷ വൃന്ദമായിടുമശരി[1] പുണ്യവാന്മാർ
സൂക്ഷമായെന്നെന്നേയ്ക്കു പരസ്യം ചെയ്തീവണ്ണം 312
നമ്മുടെ സൃഷ്ടികളിൽ പ്രധാന സൃഷ്ടിപ്പായി
നമ്മുടെ സ്നേഹ പുത്രിയിവളെന്നറിഞ്ഞല്ലൊ
ഇതിതായെന്നേയ്ക്കുമായ് നമ്മുടെ രാജ്യം തന്നിൽ
നാഥയായുയർത്തിനാം രാജ്ഞിയായ് മുടിചൂടി. 316

1. അശരി = അശരീരി

പതിമൂന്ന്

കന്യകമാതാവിന്റെ അന്ത്യയാത്രയിൽ മാതൃചൈതന്യത്തെ പ്രണമിക്കുന്നു കവി. മാതാവിനോടുള്ള മദ്ധ്യസ്ഥതയിലെ അതിരുകളില്ലാത്ത ഫല സാദ്ധ്യതയിലുള്ള കവിയുടെ വിശ്വാസദാർഢ്യം ഈ പാദം പ്രതിസ്പന്ദിപ്പിക്കുന്നു.

അന്ത്യപാദം

ഇങ്ങനെയമ്മ പിറന്നോരുനാൾമുതൽ തന്റെ
മംഗലായുസ്സിൻ ദശംരണ്ടുമൾഷാദിനങ്ങൾ
മുൻപായിസപ്തതിയാം വത്സരംതികഞ്ഞപ്പോൾ
അൻപനാം പുത്രമൃത്യുദിനവും നാഴികയും

ആയനേരത്തിൽത്തന്നെ പുത്രനോടൊരുമിച്ചു
ആയുസ്സിൻരാജ്യേവാഴ്വാൻ ലോകത്തെപ്പിരിഞ്ഞമ്മ
അതുനേരത്തിൽപുത്രമരണേ സൂര്യൻയഥാ
അതുപോൽതന്നെ നിറംപകർത്തിദുഃഖംകാട്ടി.

ഇതുമെന്നിയെ പലപക്ഷിവർഗ്ഗങ്ങൾകൂടി
അതിസങ്കടംകാട്ടിപ്പകർത്തി സ്വരാൽദുഃഖം
മരണസ്ഥലത്തിന്നുസമീപേയിതുനേരം
മരണംഭവിച്ചൊരു പുരുഷൻസ്ത്രീകൾരണ്ടും

ഇവരുവിധികേൾപ്പാൻ പുത്രസന്നിധൗചേർന്നു
കരുണയ്ക്കിടയില്ല പാപത്താൽ മരിക്കയാൽ
ഇതിനെക്കരുണയാലമ്മ പാർത്തുടൻതന്നെ
അതിനെപൊറുപ്പാനായ് പ്രാർത്ഥിച്ചനിമിത്തമായ്

മാതാവിനപേക്ഷയാൽ നീതിമാൻ വിധിമാറ്റി
ഭൂതലേതിരിപ്പിച്ചു തേറ്റത്താൽ പൊറുതിയും
വീണ്ടവർമരണത്താൽ രക്ഷയുംനൾകിനാഥൻ
പിന്നെയും സേനാക്കുളിൽ വന്നെന്നരോഗികളും

അന്നവർസമസ്തർക്കും പൊറുതിലഭിച്ചുടൻ
"പ്രുഗത്തോ"[1]രെന്നസ്ഥലേ കിടന്നപുണ്യന്മാരും
കടത്തെവീട്ടിമോക്ഷേ കരേറ്റിമാതാസഹ
ഇങ്ങനെബഹുഗുണ പ്രത്യക്ഷമപ്പോൾത്തന്നെ
മംഗലൻസുതനമ്മേ തോഷിപ്പാനായിച്ചെയ്തു
എന്നതിലിതുമുഖ്യം താൻതന്നെ "മാര്യാഗൃതാ"[2]
എന്നവൾക്കറിയിച്ചു നാംമൃത്യുകൈക്കൊണ്ടുതാൻ
മന്നിലുള്ളവർക്കുള്ള മരണസമയത്തിൽ
എന്നുടെകടാക്ഷത്തെ പ്രാർത്ഥിക്കും ജനത്തിനായ്
നൽമൃത്യുകൈക്കൊൾവാനായ്തുണച്ചുസഹായിച്ചു
മൽപുത്രസന്നിധാനേ നൽവിധിക്കായിക്കൊണ്ടും
പ്രാർത്ഥിച്ചുകൊടുപ്പിപ്പാൻ കർത്തവ്യംനമുക്കെന്നും
പ്രാർത്ഥനമമസർവ്വം കൈക്കൊണ്ടുനടത്തീടും
എന്നതുതന്റെ തിരുനാവിനാൽത്തന്നെമമ
നന്ദിയാൽ കയ്യേറ്റെന്ന മരണഫലംദൃഢം
എന്നതിൻശേഷം ശ്ലീഹർരാജ്ഞിയിൻതിരുദേഹം
സുന്ദരതിരുമേനിയടക്കംചെയ്തീടുവാൻ
തന്നുടെപുത്രദേഹമെന്നപോൽ പൂശീടുവാൻ
അന്നുയൂദന്മാർക്കുള്ള ചട്ടംപോൽചെയ്തീടണം
എന്നുറച്ചുടൻവിലയേറിയ സുഗന്ധത്തെ
നരജന്മത്തിൻനാഥ മമമാതൃവുംസ്ഥിരം
ഇതിതാരാജൻനാമേ മമമാതരാജ്ഞിയും
ഉടനേറൂഹാദേവൻ കുഴല[3]പ്പെട്ടോൾ മമ
മഹിഷിസ്നേഹമണവാട്ടിയും രാജ്ഞിയുമേ
ഇതുപോൽദൈവാൾ മൂന്നുമരുളിച്ചെയ്തശേഷം
ഉദിതപ്രകാശത്തിൻകിരീടം ചൂടിച്ചെന്നിൽ
അപ്പൊഴുതൊരുസ്വരം ശുദ്ധസമൂഹേനിന്നും
ഇപ്പെരുമയിൽസ്ഥിരം കാട്ടുവാൻപുറപ്പെട്ടു
നമ്മുടെ സ്നേഹനാഥ നമ്മുടെ രാജ്യം സർവ്വം
രാജ്ഞിയും സർവ്വർക്കും നീ, ഒക്കെക്കും മേല്പ്പെട്ടവൾ
അപ്പഴൊതെളിവോടെ നിത്യമായ്വാണീടുക
ഇപ്പെരുമയെന്നേയ്ക്കും നിത്യമായ്ഭരിക്കനീ
ഉന്നതസ്തുതിയോഗ്യ നമ്മുടെ സമൂഹത്തിൽ
ഇന്നിതാസ്ഥിതിചെയ്തു തന്നുകർത്തവ്യംത്വയാ.

---

1. പ്രുഗത്തോ = ശുദ്ധീകരണസ്ഥലം (പ്രുഗത്തോരിയോ - ഇറ്റാലിയൻ പദം) 2. മാര്യഗൃതാ = മരിയ അഗ്രതാ. സിറ്റി ഓഫ് ഗോഡ് എന്ന പുസ്തകത്തിന്റെ കർത്താവ് 3. കുഴലപ്പെട്ടു = സങ്കടപ്പെട്ടു

പതിനാല്

പ്രലോഭനങ്ങളിൽ നിന്നും സാത്താനടുത്ത പരീക്ഷണങ്ങളിൽ നിന്നും രക്ഷയും മോചനവും തേടി മാതാവിന്റെ കൃപയിലും അനുഗ്രഹത്തിലും മദ്ധ്യസ്ഥതയിലും ശരണപ്പെടുന്നു കവിഹൃദയം.

കടശിയപേക്ഷ

കന്നിയമ്മെ! നിന്റെ ദാസി[1]യായ പാപി ഞാനിതാ
മന്നിലുള്ള നിന്റെ ശുദ്ധജീവിതത്തെയല്പ്മായ്
എന്നശുദ്ധനാവിനാലേ പാപിയെന്ന ദാസിമേ
നിന്റെ ശുദ്ധനാവിനാലെ തരികയിന്നു ശരണവും

പാപിയെന്റെ കരമിതിനെയെഴുതിയെന്നതാകയാൽ
പാപശുദ്ധിനൽകി നിന്റെ സന്നിധിയണഞ്ഞിനി
നിന്റെ സ്നേഹപുത്രൻ മുൻപിലഞ്ജലീയണയ്ക്കുവാൻ
നിന്റെ കരുണയിന്നെനിക്കു തരണമെന്റെയമ്മയെ

പാപമായതധികമെന്നിലെന്നതില്ല സംശയം
പാരിൽനിന്നു നീങ്ങിനിന്റെ പാദമങ്ങുചേരുവാൻ
ശരണമില്ലെനിക്കു മറ്റുകരുണയുള്ള നാഥയെ!
സ്മരണനിൻമനോജ്ഞമായ ദയ നിറഞ്ഞകൈകളിൽ

മരണമെന്ന സ്മരണയെന്നിലുണരുമെന്ന സമയമേ
സ്മരണ രണ്ടു വിധമതായി ഉഴലുമെന്റെ ചേതസി
മരണമെന്ന തിര[2]യിറക്കിൽ ദയനിറഞ്ഞതിരുമുഖം
നയനമെന്നതിനു ദൃശ്യമാക്കുവാനപേക്ഷയും

മരണമെന്ന ശേഷമുള്ള വിധിസുതന്റെ സന്നിധൗ
കരണമങ്ങു കഠിനമായി വിധിയതെന്ന സ്മരണയിൽ
പെരികയെന്റെ മനമിതിന്നു ഭയമതുണ്ടു നാഥയേ!
തരിക നിന്റെ കരുണയെന്റെ മനമതിൽ നിനയ്ക്കയിൽ

1. ദാസി = സ്വന്തം ആത്മാവിനെ ഉദ്ദേശിച്ച് 2. തിര = കർട്ടൻ

പെരികെയുള്ള ലജ്ജയെന്റെ കരണമായതെന്നതാൽ
തരണമിന്നെനിക്കു നിന്റെ കരുണയുള്ള കേതമെ
അധികമായ നിന്റെ കരുണ സൂര്യശോഭയെന്നപോൽ
അനുദിനേ മഹാജനം ലഭിച്ചിടുന്നു ഭാഗ്യവും

എന്നതെന്നിയെ സുതൻ നിനക്കു തന്ന മുഷ്കരം
സുന്ദരി നിനക്കു ത്രീത്വം തന്നതായ വാഴ്ചയും
സ്നേഹപുത്രനേകദാവചിച്ചു നിന്റെ മുഷ്ക്കരം
ദാഹമായ് നരജനങ്ങൾ നിന്നിലൻപു വയ്ക്കുവാൻ

ഞാൻ സഹനിൻ സർവ്വവും വശം നിനക്കുനിർണ്ണയം
സർവ്വതും കരിഷ്യാമീ[1] യഥോചിതം മൽമാതൃവെ!
ഇപ്രകാരമൊക്കെ നിന്റെ സ്നേഹപുത്ര കല്പിതം
തൽപ്രകാരമാകയാലെനിക്കതെത്ര ഭാഗ്യമായ്!

അപ്പോഴോ ദയാഗുരു കരണനാഥ മാതൃവെ!
എപ്പഴേ തവതിരുമനസ്സിതെന്ന സമയമെ
എന്റെ മരണനേരവും സ്ഥലം ദിനം വിനാഴിക
നിന്റെ ചിത്തമിഷ്ടമെന്നതിൻ വിധം മമഭൂയാത്[2]

ഏതു നേരമെങ്കിലുമിതെന്റെ യോഗ്യശക്തിയാൽ
ആവതില്ല എന്നതു നിനക്കു ദൃശ്യമമ്മയെ
ശക്തിപ്പെട്ട ശത്രുവിന്റെ ദുഷ്ടയിഷ്ടമൊക്കെയും
ഭക്തവത്സലേ നിനക്കു ബോദ്ധ്യമെന്നു നിശ്ചയം

സ്വല്പമായ കാലമായി പാർത്തു കോപ്പിടുന്നവൻ
അല്പമില്ല കുറവവന്റെ ചിത്തക്രോധമുന്നധി
ഇഷ്ടമായി അക്ഷിയെന്നിലെന്നതന്നു കാൺകിലോ
നഷ്ടമായവന്റെ ശക്തികാട്ടുവാൻ തുനിഞ്ഞീടും

സുമതി കരുണരശ്മി വീശിയെന്നതിന്നുകണ്ടുടൻ
തമസി ശ്രേഷ്ഠ[3] ജേതുകാമതനു[4]വുയർത്തിനിന്നതാ
നിന്റെ ശിഷ്ടനന്മയെന്ന മുക്തിയവനു സങ്കടം
നിന്റെ ശുദ്ധനാമവുമിവന്നു ശക്തമാംഭയപ്രദം

നിന്റെ ദാസ്യമെന്നതിന്നു ശത്രുദ്വേഷിയാകിലും
നിന്റെ അൻപതെന്നു കാൺകിലങ്ങണഞ്ഞു നോക്കീടാ
എങ്കിലുമവന്റെ ശക്തിയെന്നപോലെ നോക്കുമേ
ചങ്കിൽ മുൻപവന്റെ കഷ്ടകറ പിരട്ടിയെന്നതാൽ

നിന്റെയൻപനോടു ദാസി കുറ്റമൊക്കെയും മഹാ
നിന്റെ കരുണ ശക്തിയാലെയെൻ മലങ്ങൾ സർവ്വവും

---

1. കരിഷ്യാമി = ഞാൻ ചെയ്യും 2. ഭൂയാത് = ഭവിക്കട്ടെ 3. തമസിശ്രേഷ്ഠ = ഇരുട്ടിന്റെ അധിപതി (പിശാച്) 4. ജേതുകാമതനു = ജയിക്കാൻ കൊതിക്കുന്ന ആകാരം .

എന്നതിന്റെ ശിക്ഷയീ ജഗത്തിലും പരത്തിലും
നന്ദിയേറെയുള്ളയമ്മ നിന്നപേക്ഷ ശക്തിയാൽ

നീക്കി നിന്റെയിഷ്ട സ്നേഹപുത്രനും സഹഗുണ-
മൊക്കെയും നിറഞ്ഞ സ്നേഹ ഭർത്തൃവും മമപിതാ
ഇമ്പമോടെയെന്റെ ലോകതരണ[1]മായനേരമേ
അൻപിനോടനുഗ്രഹിച്ചു വന്നു നീ തുണയ്ക്കണം

എന്ന നേരമൻപിനോടു നിൻ സുതന്റെ നാമവും
നന്ദിയാലെയമ്മ നിന്റെ ശുദ്ധനാമവും തഥാ
എന്റെ രക്ഷ പള്ളി തന്റെ പത്രോനും സുകർത്യനും
എന്റെ നിഷ്ഠകേതമെന്നതിന്റെ രക്ഷകാവലും

തൻസുതസ്യ ജീവിതത്തിലേകമായി ജീവിതം
താൻ കഴിച്ച കായസംഖ്യപാദസന്നിധൗ അഹം
പാപിയായ ഞാൻ കഴിച്ച ജീവിതം സുമന്ദിരേ
പാപലോകതരണമായ മരണ സമയമെന്നതിൽ

തന്റെ ശുദ്ധനാമവും വിളിച്ചുകൊണ്ടു ദേഹിയെ
തന്റെ പുത്ര കൈ വശത്തിൽ ദാസിവച്ചുകൺകളിൽ
ലോകമെന്ന കാഴ്ച നിന്ന നേരമെന്റെ യക്ഷികൾ
ലോകരക്ഷനാഥനായ നിൻ സുതന്റെയാനനം

തെളിവു സ്നേഹദയയിനാലെ പാർപ്പതിന്നു ദാസിമെ
അരുളീടേണമമ്മാ നിന്റെ ശരണമെന്റെ ശിരസ്സതിൽ
മരണ നേരമതിനു മുൻപിൽ കരുണവച്ചു ദാസിയെ
ക്കരുതിക്കാത്തു രക്ഷചെയ്ത കരുണയുള്ള നാഥയെ. ■

കാവ്യത്തോടൊപ്പമുള്ള അടിക്കുറിപ്പുകൾ വ്യാഖ്യാതാവ് എന്ന നിലയിൽ പുനഃപ്രകാശനവേളയിൽ റവ. ഡോ. ഇസഡ് എം. മൂഴൂർ എഴുതിച്ചേർത്തിട്ടുള്ളതാണ്. ആമുഖക്കുറിപ്പുകളും തത്വത്തിൽ അദ്ദേഹത്തിന്റേതാണെങ്കിലും ഈ പ്രസാധനവേളയിൽ ആശയം നിലനിറുത്തിക്കൊണ്ട് അവ പുനഃഭാഷപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യം ഉപയോഗിച്ചിരിക്കുന്നു.

• *എഡിറ്റർ*

1. തരണ = മറികടക്കൽ

ഭാഗം രണ്ട്

അനുധ്യാനശ്രുതികൾ

ഒന്ന്

പ്രശംസാവഹം
ഈ കാവ്യവ്യുല്പത്തി

സി. അന്തപ്പായി[1]

എത്രയും ബഹുമാനപ്പെട്ട ചാവറ കുറിയാക്കോസ് കത്തനാർ അവർകൾ ഉണ്ടാക്കിയ *ആത്മാനുതാപം* പുസ്തകത്തിന്റെ ഒരു പ്രതി കിട്ടിയാൽ കൊള്ളാമെന്ന് ഏതാനും മാസങ്ങൾക്കു മുമ്പ് *ദീപിക*വഴിയായി ഞാൻ ആവശ്യപ്പെട്ടു. അമ്പഴക്കാട്ടു കൊവേന്തയുടെ പ്രിയോർ എത്രയും ബഹുമാനപ്പെട്ട പീയൂസ് കത്തനാർ അവർകൾ എന്റെ ഈ അപേക്ഷയെ അനുസരിച്ച് ഒരു പ്രതി ദയാപൂർവ്വം എനിക്കയച്ചുതന്നു.

പദ്യരൂപമായ ഈ പുസ്തകം ഞാൻ ബാല്യത്തിൽ ഒന്നോ രണ്ടോ തവണ വായിച്ചിട്ടുണ്ട്. അതിൽ പിന്നെ ഇപ്പോൾ മാത്രമാണ് അതു രണ്ടാമതും വായിക്കുവാൻ ഇടയായിട്ടുള്ളത്. എങ്കിലും അതിന്റെ കർത്താവിനെപ്പറ്റി എനിക്കു ചെറുപ്പത്തിൽ തോന്നിയ ഭക്തിയും ബഹുമാനവും അനേകസംവത്സരങ്ങൾ ഇടവിട്ടുണ്ടായ തൽകൃതിയുടെ വായനകൊണ്ട് ലേശവും കുറയുന്നില്ല. ബാല്യത്തിൽ ഞാൻ വായിച്ചിട്ടുള്ള മറ്റു പല ഗ്രന്ഥങ്ങളെക്കുറിച്ചു ഇപ്രകാരം എനിക്കു പറഞ്ഞുകൂടാ.

ആത്മാനുതാപം എന്ന പുസ്തകം ക്രമേണ അപ്രസിദ്ധിയെ പ്രാപിക്കുന്നതായി കാണപ്പെടുന്നതിനാൽ അതിനെയും അതിന്റെ കർത്താവിനെയും സംബന്ധിച്ചു ജനങ്ങൾക്കുണ്ടായേക്കാവുന്ന ഓർമ്മയെ ഒന്നു പുതിയതാക്കുന്നതു അനുചിതമല്ല.[2]

ഈ കൃതി അഞ്ചു പാദങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഒന്നാമത്തെ പാദത്തിൽ ഗ്രന്ഥകർത്താവ് തന്നെ മനുഷ്യവംശത്തിൽ സൃഷ്ടിച്ചതിനെക്കുറിച്ച് ഈശ്വരസ്തോത്രം ചെയ്കയും തന്റെ ശൈശവ ചരിത്രത്തെ പറയുകയും ചെയ്യുന്നു:

ഇഹലോകത്തിൽ കാണുന്ന മൃഗം പോൽ
ഇക്കൃമിയായ എന്നെയും ചെയ്തെങ്കിൽ
ഇതെന്തെന്ന് നിന്നോടുണർത്തിപ്പതി-
ന്നിഹലോകെ പരലോകെയാരുള്ളൂ!

ഇദ്ദേഹത്തിന്റെ അമ്മ വളരെ ഭക്തിയും സ്വഭാവ ഗാംഭീര്യവും ഉള്ള ഒരു സ്ത്രീയായിരുന്നു.

നോട്ടം കാണുമ്പോൾ ഭയപ്പെടുമഹം
ഒട്ടും ദയയില്ലാത്തൊരു കൺകളാൽ
ഒരുകാലവും യാതൊരു കാരണാൽ
കരുവാലും കരത്താലും തൊട്ടില്ല.
ഒക്കെയും കണ്ണുകൊണ്ടു കഴിച്ചിടും
ദുഃഖിപ്പിക്കും തോഷിപ്പിക്കും ചക്ഷുസ്സാൽ

ഈ സ്ത്രീ തന്റെ കുമാരനെ ദേവാലയത്തിൽ കൊണ്ടുചെന്ന് കാഴ്ച വച്ചു സംഗതിയും, അക്കാലത്തിൽ പരക്കെയുണ്ടായ മഹാമാരിയിൽനിന്നും നമ്മുടെ ഗ്രന്ഥകർത്താവു രക്ഷപ്പെട്ടതും, മതിയായ ദൈവഭക്തി കൂടാതെ[3] ബാല്യത്തിൽ കുറെക്കാലം താൻ ജീവിച്ചതും രണ്ടാംപാദത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

പിടിച്ചു മമ ചെറുകരത്തിലതുനേരം
കൊടുത്തുചൊല്ലി മാതൃദാസനാമിവനേ നീ
സൂക്ഷിച്ചു വളർത്തുക പാലിച്ചാദരിക്ക നീ
സാക്ഷാൽ നിൻസുതനല്ല മാതാവിൻ ദാസൻ ദൃഢം

എന്നെ ശിക്ഷിച്ചീടുവാൻ ഓങ്ങിയ തിരുകരം
അന്യരിൽ തിരിച്ചതിൽ കാരണമെന്തുനാഥാ
ഞാൻ തന്നെ കണ്ടുംകേട്ടും ബോധിച്ചുമിരിക്കുമ്പോൾ
താൻതന്നെ നീക്കി മമശിക്ഷയിൽ കരത്തിനെ
എന്നെക്കാത്തനുഗ്രഹിച്ചീടുന്ന നേരംതന്നെ
എന്നെക്കാൽ ഗുണവാന്മാർ പലരും വീണിടുന്നു
മാതാവും പിതാവും തൻ മക്കളുമൊരുമിച്ചു
മാവിന്റെയിലപോലെ വീഴുന്നങ്ങൊരുമിച്ച്

മൂന്നാം പാദം

കാരുണ്യനാഥനും ദേവകുമാരന്റെ
ആരുണ്യശോഭയെ കാണാകണം.

എന്നാരംഭിക്കുകയും മിശിഹാജനനം മുതൽ മരണംവരെയുള്ള പ്രധാന സംഭവങ്ങളെ സംക്ഷേപിച്ചു പറകയും ചെയ്യുന്നു.

യാതൊരു വീടുംകിട്ടാതെ ദുഃഖിച്ചതൻ
മാതാപിതാക്കളെ കാണാകണം

നാട്ടിൽ സ്ഥലം കിട്ടാതത്തൽപെട്ടുതൊഴു-
കൂട്ടിൽപിറന്നതും കാണാകണം.

കണ്ടുമരിപ്പാനിരുന്ന വയോധികൻ
കണ്ടതൃപ്പാദവും കാണാകണം.

ഓടിഎജീപ്തിലൊളിപ്പിച്ച നാഥനെ
പേടിയൊഴിഞ്ഞു ഞാൻ കാണാകണം

ഏഴു സംവത്സരം പാർത്താജനങ്ങൾക്കു
വാഴലഭിച്ചതും കാണാകണം

അന്നപാനാദിക്കുമുട്ടിദുഃഖിച്ചൊരു
അന്നജാപുത്രനെ കാണാകണം.

നഷ്ടമായ്പോയോരജങ്ങളെതേടുന്ന
സൃഷ്ടികർത്താവിനെ കാണാകണം

നല്ലോരിടയൻ ഞാനെന്നരുളിച്ചെയ്ത
നല്ലനേയെന്നും ഞാൻ കാണാകണം

രണ്ടാംപാദത്തിൽ പഴയനിയമത്തിലെയും പുതിയ നിയമത്തിലെയും ചില സംഭവങ്ങളും അപേക്ഷകളും ചിന്തകളും അടങ്ങിയിരിക്കുന്നു.

ഉന്നതൻസർവ്വേശ്വരൻ പന്നഗത്തിനെനോക്കി
മണ്ണിൽ നീയിഴഞ്ഞീടും ധൂളിനീ നക്കിത്തിന്നും
എന്നരുൾ ചെയ്തശേഷമാദിമാതാവെപ്പാർത്തു
നിന്നുടെ സൂതന്മാർക്കുമിവനുംശത്രുത്വവും
നിന്നിൽ നിന്നുളവാകുംസന്തതിയതിനാലെ
പന്നഗത്തിന്റെ തലതകർത്തുംഭേദംവിനാ

മുന്നമേനിന്റെ ദാസനിപ്പൊഴുമിനിയെന്നും
മന്നിൽനിന്നകന്നീടും നേരത്തിൽ വിശേഷമായ്
എന്നെനീയോർത്തുനിന്റെ പുത്രനോടപേക്ഷിച്ചു
നല്ലൊരുമൃത്യുതന്ന് രക്ഷിക്കുമമതായെ!
നിന്നുടെതിരുമുമ്പിലെന്നുടെദേഹംദേഹി
യിന്നുഞാൻകാഴ്ചവച്ചുനിന്നെഞാനേൽപ്പിക്കുന്നേൻ

മൂന്നാംപാദം മിശിഹാചരിത്രത്തിന്റെ ഒരു തുടർച്ചയായി കാണപ്പെടുന്നു. രക്ഷകന്റെ ശൈശവകാലത്തിലെ സംഗതികളാണ് മുഖ്യമായി വ്യവഹരിക്കപ്പെടുന്നത്.

നിന്നുടെതിരുമേനിസുന്ദരതിരുമുഖം
മിന്നുന്നനയങ്ങൾശോഭിത തിരുനാസി
ചുവന്നോരധരങ്ങൾ ശംഖവൽദന്തങ്ങളും
ചുണ്ടിൽനിന്നൊഴുകുന്നതേൻതുള്ളിസ്വരങ്ങളും
പാർക്കുവാൻ കൊതിക്കുന്നു കേൾക്കുവനാശിക്കുന്നു
പാർത്തുസൂക്ഷിപ്പാൻനേത്രം യോഗ്യമല്ലയോ നാഥാ

എന്നുടെപൈതൽപ്രായേനിന്നിൽനിന്നകന്നുഞാൻ
ഇന്നുനിൻതിരുമുമ്പിൽശരണംപ്രാപിക്കുന്നു.
നിന്നുടെതിരുക്കരംനീട്ടി നിൻതിരുവാഴ്വ്
തന്നീടണമെ മമപാപവുംപോക്കീടണം

ഓരോ പാദങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള സംഗതികൾ നിർദ്ദിഷ്ടമായ വല്ലക്രമത്തെയും അനുസരിച്ചിരിക്കുന്നുണ്ടോ എന്നു പറവാൻ പ്രയാസം. ഈ കൃതിയിൽ ഛന്ദസ്സുങ്ങളായ ചില തെറ്റുകളും ലഘുക്കളായ അപശബ്ദങ്ങളുമുണ്ട്. എങ്കിലും ഇതിന്റെ കർത്താവ് പദ്യങ്ങളെ രചിക്കുന്നതിൽ ലാഘവമുള്ള ഒരാളായിരുന്നുവെന്ന് വേണ്ടുവോളം തെളിയുന്നുണ്ട്. എന്നു തന്നെയല്ല, അദ്ദേഹം ബാല്യത്തിൽതന്നെ വൈദികമായ അദ്ധ്യയനത്തിനു പോയ അവസ്ഥ ആലോചിച്ചാൽ അദ്ദേഹത്തിനുണ്ടായിരുന്നതായി ഈ കൃതിയിൽ പ്രത്യക്ഷപ്പെടുന്ന വ്യുൽപത്തി പ്രശംസഹാവഹമായിരിക്കുന്നു. ബലാദാകൃഷ്ടമായ ഒരു വരിയെങ്കിലും ഈ പുസ്തകത്തിൽ കാണുന്നില്ല. അദ്ധ്യാത്മകങ്ങളായ വിചാരങ്ങൾ എല്ലാ പാദങ്ങളിലുമുണ്ട്. അവ അതീവഭക്തിജനകങ്ങളും, യഥാർത്ഥമായി മനസ്സിൽ തോന്നിയതിനെ മാത്രം പറയുന്ന ഒരാളാണ് ഈ ഗ്രന്ഥകർത്താവെന്ന് വായനക്കാരെ വിശ്വസിപ്പിക്കത്തക്കവയുമാകുന്നു.

*ആത്മാനുതാപ*മെന്ന പുസ്തകത്തെ ശോധനചെയ്തു രണ്ടാമതും അച്ചടിച്ചു പ്രസിദ്ധീകരിച്ചാൽ ഇപ്പോഴത്തെ വിസ്മൃതിയിൽനിന്ന് അതു ഉദ്ധരിക്കപ്പെടുമെന്ന് തന്നെയല്ല ക്രിസ്ത്യാനികളുടെയിടയിൽ ഭക്തി വർദ്ധനയ്ക്ക് ഉതകുന്ന ഒരു ഗീതമായിരിക്കുകയും ചെയ്യും. ■

പരാമർശ സൂചിക

1. 1902 ൽ സി. അന്തപ്പായി *നസ്രാണി ദീപിക*യിൽ പ്രസിദ്ധപ്പെടുത്തിയ *ചാവറയച്ചന്റെ കവിതകൾ* എന്ന പഠനത്തിൽ നിന്നും *ആത്മാനുതാപത്തെ*ക്കുറിച്ചുള്ള ഈ പരാമർശങ്ങൾ 1936ൽ ക.നി.മു.സ. മത്യാസ് പട്ടക്കാരൻ *ക.നി.മു.സ ചാവറ കുര്യാക്കോസച്ചൻ* എന്ന പേരിൽ മാന്നാനത്തുനിന്നും പുനഃപ്രകാശനം ചെയ്തപ്പോൾ എടുത്തുചേർത്തതിതൽ നിന്നും.
1871 ൽ പ്രസിദ്ധപ്പെടുത്തുമ്പോൾ *ആത്മാനുതാപത്തിന്റെ* അഞ്ചുപാദങ്ങൾ മാത്രമേ പ്രസിദ്ധപ്പെടുത്തിയിരുന്നുള്ളുവത്രെ. അതിനാൽ പരാമർശം ആ അഞ്ചു പാദങ്ങളെക്കുറിച്ചു മാത്രമായി. 1871 ലെ ആദ്യ പ്രസാധനത്തിൽ ലെയോപ്പോൾദ് മിഷനറിയുടെ ലഘുജീവചരിത്ര കുറിപ്പോടുകൂടി പ്രസിദ്ധപ്പെടുത്തുമ്പോഴും ഈ അഞ്ചുപാദങ്ങൾ മാത്രമാണ് ആദ്യ പതിപ്പുകളിൽ ചേർത്തുകാണുന്നത്. കവിതയ്ക്കൊരാമുഖമെന്ന നിലയിൽ ഈ വിശിഷ്ട ഗാനങ്ങളുടെ രചയിതാവിനെ പരിചയപ്പെടുത്തിക്കൊണ്ടു ലെയോപ്പോൾദച്ചൻ എഴുതിയ ലഘുജീവചരിത്ര കുറിപ്പാണ് ചാവറ പിതാവിനെക്കുറിച്ചു ആദ്യമായെഴുതപ്പെടുന്ന ജീവചരിത്ര രേഖ.

   ലേഖകനായ സി. അന്തപ്പായിയെ റവ. ഡോ. ഇഡസ് എം. മുഴൂർ ഇപ്രകാരം പുതിയ തലമുറയ്ക്ക് പരിയപ്പെടുത്തിയിരിക്കുന്നു:

   ..... നമ്മുടെ സാഹിത്യത്തെ, പ്രത്യേകിച്ചു വിമർശനത്തെ നവീനപന്ഥാവിലേക്ക് തിരിച്ചുവിട്ട ചിന്തകനാണു സി. അന്തപ്പായി. ഒ. ചന്തുമേനോന്റെ *ശാരദ* എന്ന നോവലിന്റെ രണ്ടാംഭാഗം രചിച്ച സി. അന്തപ്പായി പത്രപ്രവർത്തനരംഗത്തെ ഒരു രക്തസാക്ഷി ആയിരുന്നു. അദ്ധ്യാപകർക്കു എട്ടുരൂപ മാസശമ്പളം ഉണ്ടായിരുന്ന അക്കാലത്ത് കൊച്ചി സർക്കാരിന്റെ രജിസ്ട്രേഷൻ സൂപ്രണ്ട് എന്ന നിലയിൽ 250 രൂപ ശമ്പളം പ്രതിമാസം വാങ്ങി ജോലി ചെയ്തിരുന്ന അദ്ദേഹത്തെ ഒരു സുപ്രഭാതത്തിൽ 85 രൂപ പെൻഷൻ നൽകി പിരിച്ചയക്കുകയായിരുന്നു. കൊച്ചി സർക്കാരിന്റെ നയങ്ങളിലെ പക്ഷപാത ചായ്വുകളെ നിശിതമായി വിമർശിച്ചുകൊണ്ട് *യുണൈറ്റഡ് ഇന്ത്യാ ആന്റ് നേറ്റീവ് സ്റ്റേറ്റ്സ്* എന്ന പ്രസിദ്ധീകരണത്തിൽ *ഹാർമണി* എന്ന തൂലികാനാമത്തിൽ എഴുതിയ ലേഖനത്തിന്റെ പേരിലുള്ള ശിക്ഷാനടപടിയായിരുന്നു അത്. അതിനെതിരെ തിരുകൊച്ചിയിൽ വ്യാപകമായ സഹതാപ പൊതുയോഗങ്ങൾ നടന്നു. പത്രങ്ങളിൽ നിശിത വിമർശനങ്ങൾ വന്നു *നസ്രാണി ദീപിക* രണ്ട് ആക്ഷേപ മുഖപ്രസംഗവുമെഴുതി. പക്ഷെ കൊച്ചി സർക്കാർ വഴങ്ങിയില്ല. 28 വർഷത്തെ സേവനം അവസാനിപ്പിച്ചു അദ്ദേഹത്തിനു പിരിയേണ്ടി വന്നു പിന്നീടദ്ദേഹം *നസ്രാണി ദീപിക*യുടെ പത്രാധിപ സമിതിയംഗമായി പത്രപ്രവർത്തനവും സാഹിതി പ്രവർത്തനവും ഒരുമിച്ചു കൊണ്ടുപോവുകയായിരുന്നു പ്രൊഫ. ജോസഫ് മുണ്ടശ്ശേരി തന്റെ സാഹിത്യ മാർഗ്ഗദർശിയായി ചൂണ്ടിക്കാട്ടിയിരുന്നത് സി. അന്തപ്പായിയുടെ പഠന നിരീക്ഷണങ്ങളെയാണ്. ചാവറ പിതാവിന്റെ കാവ്യകൃതികളെക്കുറിച്ചു മുണ്ടശ്ശേരി മാസ്റ്റർ ആദ്യമായി വായിച്ചത് സി.അന്തപ്പായിയുടെ മേലുദ്ധരിച്ച ലേഖനത്തിൽ നിന്നായിരുന്നുവത്രെ.

   – എഡിറ്റർ

2. 1936 ലെ ചാവറയച്ചന്റെ ജീവചരിത്രം കാവ്യത്തിന്റെ ആദ്യപ്രകാശനപതിപ്പിൽ ചേർത്തിരുന്നു. അതു പുനഃപ്രകാശനത്തിൽ ഒഴിവാക്കുകയായിരുന്നു.

3. *ദൃഢമായ ദൈവസ്നേഹം ആരിൽ ആഴമായി വേരുന്നിയിരിക്കുന്നുവോ അവർ തങ്ങളുടെ ദിവ്യസ്നേഹപരമായ കൃത്യങ്ങൾ എത്ര പൂർണ്ണമായ രീതിയിൽ നിർവ്വഹിച്ചാലും ആ നിർവ്വഹണം ഇനിയും പൂർണ്ണമാകേണ്ടതായിട്ടിരിക്കുന്നു എന്നേ കരുതുകയുള്ളൂ. ദൈവത്തെ സർവ്വാത്മനാ സ്നേഹിക്കണമെന്നുള്ള ഈ പരമോൽകൃഷ്ടമായ ആദർശത്തിനു അനുയോജ്യമായി ജീവിക്കുന്നില്ലെന്നുള്ള ആത്മബോധം പാപികളായി തങ്ങളെ പരിഗണിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നു. അവരെ എളിമയിൽ സുസ്ഥിരമായി നിറുത്തുവാൻ ഈ ബോധം വളരെ ഉപകരിക്കുന്നു എന്നൊരു മെച്ചവും ഇതിനുണ്ട്. ആകയാൽ വിശുദ്ധന്മാരെല്ലാവരും, ഗുരുതരമായ യാതൊരു പാപവും ഒരിക്കലും ചെയ്തിട്ടില്ലാത്തവർ പോലും, തങ്ങൾ മഹാപാപികളാണെന്ന് പ്രസ്താവിക്കുക പതിവാണ്. ഈ പ്രസ്താവം അവരുടെ മനസ്സാക്ഷിപ്രകാരം ശരിയാണെങ്കിലും അവർ നിർദ്ദേശിക്കുന്ന അർത്ഥത്തിൽ മറ്റുള്ളവർ എപ്പോഴും സ്വീകരിക്കേണ്ടതില്ല...*
ഈ അടിക്കുറിപ്പ് 1936 ലെ പുനഃപ്രകാശനത്തിൽ മാത്യൂസ് പട്ടക്കാരൻ ചേർത്തത്.

രണ്ട്

കവിത പ്രാർത്ഥനയാകുമ്പോൾ

ഫാ. ഡൊമിഷ്യൻ മാണിക്കത്താൻ സി.എം.ഐ.

ഭാരതീയ സാഹിത്യാചാര്യന്മാർ കവിതയെ നിർവചിക്കുന്നത് താഴെക്കാണും വിധമാണ്:

രസാത്മകമായ വാക്യം കാവ്യമാണ്. രമണീയമായ അർത്ഥത്തെ പ്രതിപാദിക്കുന്ന ശബ്ദമാണു കാവ്യം.

രസാത്മകവും രമണീയവുമായ പദസഞ്ചയത്തെ, കൃതികളെയാണവർ കവിതകളായി കണ്ടിരുന്നത്. മേൽപറഞ്ഞവയുണ്ടെങ്കിൽ ഗദ്യപദ്യവിവേചനം കൂടാതെ എല്ലാം കാവ്യമായിത്തന്നെ അവർ കരുതിയിരുന്നു. കേവലമായ വസ്തുകഥനം കവിതയല്ല; ധ്വനിയാണ് കവിതയുടെ ആത്മാവ് എന്നും അവർ വിശ്വസിച്ചിരുന്നു.

ഒരു കൃതി മുഴുവൻ പദ്യത്തിലായതുകൊണ്ട് അതു കാവ്യമാവുന്നില്ല. *അഷ്ടാംഗഹൃദയം, മനുസ്മൃതി* തുടങ്ങിയ പദ്യകൃതികൾ കാവ്യങ്ങളല്ല, ശാസ്ത്രമോ ധർമ്മ സംഹിതയോ ഒക്കെയാണ്.

കാവ്യത്തിന്, സാഹിത്യത്തിന് മൂന്നു ലക്ഷ്യങ്ങളുണ്ടെന്നും പൂർവ്വികർ വിശ്വസിച്ചിരുന്നു. *പ്രബോധനം, പ്രചോദനം, പ്രസാദനം.*

ഇവയിൽ മൂന്നാമത്തേതായ പ്രസാദിപ്പിക്കലിന്, രസദായകത്വത്തിന്, മുൻതൂക്കമുണ്ടാകുമെന്നും സാഹിത്യനിരൂപകർ സിദ്ധാന്തിച്ചിരുന്നു.

ചാവറപിതാവിന്റെ *ആത്മാനുതാപത്തെ* വിലയിരുത്തുമ്പോൾ മേൽകാണിച്ച സാഹിത്യചിന്തകൾക്കു പ്രസക്തിയുണ്ട്. പക്ഷേ, ഇവിടെ ഒരു ചോദ്യമുദിക്കുന്നു:

ചാവറയച്ചൻ *ആത്മാനുതാപം* രചിച്ചത് ഒരു സാഹിത്യകൃതിയെന്ന നിലയിലാണോ? അതോ തന്റെ മനസ്സിൽ തിങ്ങിനിറഞ്ഞിരുന്ന ആദ്ധ്യാത്മികാനുഭവങ്ങൾക്കു ലിഖിതരൂപം നൽകുക മാത്രമായിരുന്നോ? മരണത്തിന് ഒരു

വർഷം മുമ്പാണ് (1870) *ആത്മാനുതാപത്തിന്റെ* രചന പൂർത്തിയായതെന്നാണു കരുതപ്പെടുന്നത്. ശ്രമവണ, മനന, തപസ്യകളിലൂടെ തന്റെ ഉള്ളിന്റെയുള്ളിൽ ഉറവപൊട്ടിയ വികാരങ്ങൾക്ക് ആവിഷ്കാരം തേടുകയായിരുന്നു ചാവറയച്ചൻ *ആത്മാനുതാപത്തിലൂടെ* എന്നു കരുതുകയാവും കൂടുതൽ യുക്തിസഹം.

മിസ്റ്റിക്കുകൾ രണ്ടുതരത്തിൽ പ്രതികരിക്കാറുണ്ടെന്നു പറയപ്പെടുന്നു. ചിലർ മൗനികളാവും, വേറെ ചിലർ വാചാലരാവും. *ആത്മാനുതാപത്തിൽ* ചാവറയച്ചൻ ഈ രണ്ടാമത്തെ തരത്തിൽ പ്രതികരിക്കുന്നു എന്നു കരുതാം. തന്റെ ജനനം, ബാല്യം, ദൈവവിളി, ജീവിതാനുഭവങ്ങൾ സന്യാസസഭ, ലോകോപകാരകൃത്യങ്ങൾ തുടങ്ങിയവയെല്ലാം തനതായ ദർശനത്തിലൂടെ അനുസ്മരിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ചാവറയച്ചൻ എപ്പോഴും നന്ദി നിറഞ്ഞ ഹൃദയത്തിന്റെ ഉടമയുമാണ്. എല്ലാം ദൈവകൃപയാണെന്നദ്ദേഹം ഏറ്റു പറയുന്നു. അതോടൊപ്പം ഒന്നുകൂടി പറയുന്നു:

ഞാൻ വേണ്ടിടത്തോളം സഹകരിച്ചില്ല. ദൈവകൃപയ്ക്കു മുമ്പിൽ കുറ്റക്കാരനാണ്.

ആത്മാനുതാപത്തിന്റെ ആത്മാവ് ഇവിടെയാണ് നാം കണ്ടെത്തുക. പ്രസാദിപ്പിക്കുക എന്നതിനെക്കാൾ പ്രബോധിപ്പിക്കാനും നന്മ ചെയ്യാൻ മനുഷ്യമനസ്സുകളെ പ്രചോദിപ്പിക്കാനുമാണ് ചാവറയച്ചൻ തന്റെ ഈ കൃതിയിൽ ശ്രമിച്ചത് എന്നതു വ്യക്തം.

പന്ത്രണ്ടു ഭാഗങ്ങളും അന്ത്യപാദവും കടശ്ശിയപേക്ഷയും ചേർന്ന ഈ കൃതി ഒരർത്ഥത്തിൽ ഒരു *ക്രിസ്തുഗാഥയാ*ണെന്നു പറയാം. ക്രിസ്തുവിന്റെ ജീവചരിത്രവും സാരോപദേശങ്ങളും അവസരോചിതമായും അർത്ഥഗർഭമായും ഇതിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ, മനുഷ്യകുലത്തിന്റെയും, അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ അപദാനങ്ങളും സന്ദർഭോചിതമായി തുന്നിച്ചേർത്തിരിക്കുന്നു. അവസാന ഭാഗങ്ങളിലാണ് ഇതധികവും.

ആദ്യ ഭാഗങ്ങൾ രചയിതാവിന്റെ ആത്മകഥാപരമായ വിവരണങ്ങളാണ്. വിശേഷബുദ്ധിയുള്ള മനുഷ്യനായി തന്നെ സൃഷ്ടിക്കുകയും സന്യാസ-പൗരോഹിത്യ ജീവിതത്തിലേക്കു വിളിക്കുകയും ചെയ്ത സ്നേഹധനനായ ദൈവത്തോടുള്ള നന്ദി ഈ പുറങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. ഒപ്പം, ദൈവകാരുണ്യത്തോടു വേണ്ടത്ര സഹകരിക്കാതെ പോയതിലുള്ള അനുതാപവും. *ആത്മാനുതാപത്തിന്റെ* കേന്ദ്രബിന്ദു ഇവയത്രേ. പശ്ചാത്താപജന്യമായ ഹൃദയനവീകരണംകൊണ്ടു മാത്രമേ ഒരുവനു സമഗ്ര മനഷ്യത്വത്തിന്റെ ഉടമയാകാനാവൂ എന്ന ചിന്താധാര ഈ കൃതിയിൽ നിറഞ്ഞുനിൽക്കുന്നതായി കാണാം.

തനിക്കുണ്ടായ ക്രിസ്ത്വനുഭവും ഈശ്വരസ്പർശവും കവിതകളിലൂടെയും കർമ്മപദ്ധതികളിലൂടെയും സഹജീവികളുമായി പങ്കുവച്ചനുഭവിക്കാനാഗ്രഹിച്ച ഒരു യോഗിയായിരുന്നു ചാവറയച്ചൻ. സ്നേഹോദാരമായ ആ പങ്കുവയ്ക്കലിന്റെ ഒരു മാധ്യമം മാത്രമാണ് ഈ കൃതി.

ബൈബിളിനു പുറമേ മറ്റു പല പ്രശസ്ത കൃതികളും ഇതിന്റെ രചനയ്ക്കു സഹായകമായിട്ടുണ്ട്. പ്രത്യേകിച്ച്, മരിയ ദെ അഗ്രാദ. സ്പാനിഷ്ഭാഷയിൽ രചിച്ച് *ദൈവനഗരം* എന്ന കൃതിയുടെ സ്വാധീനം 10, 11, 12 അദ്ധ്യായ(സർഗ)ങ്ങളിൽ വളരെ സ്പഷ്ടമാണ്.

മറ്റു കൃതികളെ ഉപജീവിക്കുമ്പോഴും തനതായ ശൈലിയിലും ആത്മകഥാംശം അലിയിച്ചു ചേർത്തുമാണ് ചാവറയച്ചൻ അവതരിപ്പിച്ചിരിക്കുന്നത്. കൃതിയുടെ കേന്ദ്രബിന്ദുവിനിണങ്ങിയവിധം കഥകളും സംഭവങ്ങളും ആഗിരണം ചെയ്യാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ആറാംഭാഗത്തു കന്യകാമാതാവും ശാന്തിയെന്ന ഇടച്ചിയുമായുള്ള ഒരു സങ്കൽപ പ്രഭാഷണം കാണാം.[1] മിശിഹായുടെ രണ്ടാമത്തെ ആഗമനം, ലോകാവസാനം, പൊതുവിധി തുടങ്ങിയവയെപ്പറ്റിയുള്ള ക്രൈസ്തവധാരണകൾ സ്വകീയ ഭാഷയിലവതരിപ്പിക്കാൻ ഈ സംഭാഷണം വേദിയൊരുക്കുന്നു. അനുതാപ ചിന്തകൾ ഇവിടെയും കാണാം.

കാവ്യപരിചയത്തിനു സഹായിക്കുന്ന ചില ലഘുപരാമർശങ്ങൾ അക്കമിട്ടു കുറിക്കട്ടെ. *ആത്മാനുതാപത്തിന്റെ* സവിശേഷത ഗ്രഹിക്കാൻ ഇവ സഹായിച്ചേക്കും.

സവിശേഷതകൾ

- ഗ്രാമീണകേരളത്തിന്റെ വികാരധാരകളാവാഹിക്കുന്ന ഗാനവൃത്തങ്ങളിൽ രചിക്കപ്പെട്ട രണ്ടായിരത്തിലേറെ ഈരടികൾ ഈ കൃതിയിലുണ്ട്. ഹൈന്ദവസങ്കീർത്തനങ്ങളിൽ കാണാറുള്ള സ്തവാത്മകവൃത്തങ്ങളാണു മൂന്ന്, ഒൻപത് പാദങ്ങളിൽ, പാന, തരംഗിണി, കേക, വഞ്ചിപ്പാട്ട് തുടങ്ങിയ നാടൻശീലുകൾക്കാണ് സംസ്കൃതവൃത്തപ്രചുരമായ അക്കാലത്തു പോലും ചാവറയച്ചൻ മുൻതൂക്കം കൊടുത്തത്.
- ഏതാണ്ട് ഒന്നര നൂറ്റാണ്ട് മുൻപ് കാവ്യഭാഷയിൽ സാർവത്രികമായി നിലവിലിരുന്ന സംസ്കൃതപദങ്ങൾക്കു പുറമേ, തമിഴ്, ലത്തീൻ പോർട്ടുഗീസ് പദങ്ങളും തദ്ഭാവമായോ തത്സമമായോ പ്രയോഗിച്ചിരിക്കുന്നു. വിദേശഭാഷാപദങ്ങൾ മലയാളഭാഷയുടെ ജീനിയസ്സിനു ചേർന്നവിധം ചെത്തിമിനുസപ്പെടുത്തിയിട്ടുണ്ട്.
- മലയാളഭാഷയിലെ മതസാഹിത്യത്തിന്റെ പുരസ്കർത്താക്കളായ തുഞ്ചൻ, പൂന്താനം, ചെറുശ്ശേരി തുടങ്ങിയവരിൽ തുഞ്ചത്തെഴുത്തച്ഛ

നോടാണു ശൈലിയിലും ഭാവനയിലും *ആത്മാനുതാപത്തിനു* കൂടുതൽ സാമ്യം.[2] കുഞ്ചന്റെ ജനകീയശൈലിയോ ചെറുശ്ശേരിയുടെ ഗാനാത്മകതയോ വിരളമാണെന്നു പറയാം.

- പുരാണേതിഹാസങ്ങളെ ഉപജീവിച്ചെഴുതിയ കൃതികൾക്കു മുൻതൂക്കമുണ്ടായിരുന്ന ഒരു കാലഘട്ടത്തിൽ ആത്മാംശത്തിന്, ആത്മകഥയ്ക്കും, പ്രാമുഖ്യം നൽകിക്കാണുന്നതു ശ്രദ്ധാർഹമാണ്. ആദ്യഭാഗങ്ങളിൽ മാത്രമല്ല, കൃതിയിലൊന്നാകെ ആത്മാംശം തുടിച്ചുനിൽക്കുന്നു. ബാല്യകഥ പൂർണ്ണമായിത്തന്നെയുണ്ട്.
- കവിതയുടെ രൂപസൗന്ദര്യത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചിരുന്ന, രതിപദങ്ങൾ രസപ്രദങ്ങളായിരുന്ന, അക്കാലത്ത്, ആത്മസൗന്ദര്യത്തിന്റെയും ആത്മീയ വിശുദ്ധിയുടെയും കവിതയുമായി ചാവറയച്ചൻ കടന്നുവന്നു; വിരതിപദങ്ങളും രസോത്തരങ്ങളാണെന്നു കാണിച്ചുതന്നു.

അലങ്കാരങ്ങൾ

ചമത്കാരനിർഭരവും അലങ്കാരപോഷിതവുമായ വാഗ്മയചിത്രങ്ങൾ ധാരാളമുണ്ട് *ആത്മാനുതാപത്തിൽ*.

കന്യാജനനത്തെ അവതരിപ്പിച്ചിരിക്കുന്നതു നോക്കുക.

സൂര്യാഭപോളുങ്കിനെ കടക്കുമെന്നപോലെ
നാര്യാര്യ കന്നിക്ഷയം വരാതെ പെറ്റുനൂനം[3]

മാതാവിന്റെ കരങ്ങളിലിരിക്കുന്ന ഉണ്ണിയേശുവിനെവർണ്ണിച്ചിരിക്കുന്നത് ഇപ്രകാരമാണ്:

ആമ്പൽ പൂവതിൻ മീതെ താമരപ്പൂവച്ചപോൽ
താമരമെത്തതൻമേൽ അന്നക്കുഞ്ഞതിൻ വണ്ണം[4]
താരസമുദ്രകൈയിൽ നിദ്രയും മനോഹരം

പ്രാസപ്രയോഗം ശ്രദ്ധിക്കുക:

ഋഷഭവേസരി മധ്യനായി
ഋഷം മുതൽ വെട്ടം നാണിപ്പിച്ചിടുന്ന
ഋതധ്വനിനാഥനെ കാണാകേണം[5]

ചിന്താബന്ധുരമായ ആഖ്യാനത്തിനു ഒരു നല്ല ഉദാഹരണം ഇതാണ്:

മന്നിലുള്ളവയൊക്കെ സ്ഥൂലവുമസ്ഥൂലവും
മിന്നൽപോൽ കടന്നിടുമെന്നു ഞാനോർത്തീടാതെ
ഭൂമിയുമതിൻ മീതെ കാണുന്ന സമസ്തവും
ഭേദംകൂടാതെ മാറി, നീങ്ങുന്നു ക്ഷണേക്ഷണേ
ഇന്നു കാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ
മന്ദിച്ചു വരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ

മെച്ചമായി കണ്ടിടുന്ന പുഷ്പങ്ങൾ ബഹുവിധം
ഇച്ഛമായതിനുള്ള ശോഭയും സുഗന്ധവും
എത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണിടുന്നു
ചിത്രമായതിനുള്ളൊരഴകുമൊക്കെപ്പോകും[6]

ആദിമധ്യാന്തങ്ങൾ തേച്ചുമിനുക്കി, ലക്ഷണമൊത്ത ഒരു സാഹിത്യകൃതി രുചിക്കുകയായിരുന്നില്ല ചാവറയച്ചന്റെ ലക്ഷ്യം എന്നു നാമോർക്കണം. അത്തരത്തിൽ *ആത്മാനുതാപത്തെ* നോക്കിക്കാണുന്നവർ ഇരുട്ടിൽ തപ്പുന്നവരത്രെ. മുന്നോട്ടു പോകുന്തോറും കവിതാത്മകത കുറഞ്ഞും കേവലാഖ്യാനം കൂടിയും വരുന്നതായി കാണുന്നു. അവസാനഭാഗത്തു ഗദ്യച്ചുവ കൂടുന്നു എന്ന തോന്നലുമുണ്ടാവുന്നുണ്ട്. കാവ്യസിദ്ധിയുടെ ഉടമയാണു ചാവറയച്ചൻ; തീർച്ച. പക്ഷേ, സമകാലീനസാഹിത്യത്തോടു തുലനം ചെയ്ത്, *ആത്മാനുതാപത്തിലെ* സാഹിത്യത്തെ മാത്രം ഉന്നംവച്ചു സമീപിക്കുന്ന ആസ്വാദകൻ നിരാശനായേക്കാം എന്ന സി.പി. ശ്രീധരന്റെ പരാമർശം ശ്രദ്ധേയമാണ്.

ദേശീയപാരമ്പര്യത്തെ എന്നപോലെ വൈദേശിക പാരമ്പര്യത്തെയും കവികൾ സ്വീകരിക്കണമെന്നു ചാവറയച്ചൻ തെളിയിച്ചു. ആത്മാംശത്തിന് ഊന്നൽ കൊടുക്കുന്നന്ന പ്രവണത വൈദേശിക സാഹിത്യത്തിലെ പ്രവണതയാണല്ലോ. സമകാലീന കേരളസാഹിത്യത്തിൽ ആത്മാംശം നിഴലിക്കുന്നവ വിരളമത്രെ.

തന്റെ അന്തരാത്മാവിൽ നിറഞ്ഞുനിന്ന ആദ്ധ്യാത്മികാനുഭവം സഹജീവികളുമായി പങ്കുവയ്ക്കാനദ്ദേഹം ആഗ്രഹിച്ചു. അതിനുതകിയ വാഗ്മയങ്ങളും രൂപങ്ങളും സംഭവങ്ങളും ശൈലികളും അദ്ദേഹം സ്വീകരിച്ചു.

സാഹിത്യം ഇതര വ്യാപനങ്ങൾ എന്നതുപോലെ അദ്ദേഹത്തിനു മാർഗ്ഗം മാത്രമായിരുന്നു. ലക്ഷ്യം ഈശ്വരസാക്ഷാത്കാരമായിരുന്നു, ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട സഹജരെച്ചൊല്ലിയുള്ള കരുതൽ ആ സാക്ഷാത്കാരത്തിലേക്കുള്ള വഴി. ബോധനം ആത്മതലത്തിലും സംബോധനതലത്തിലും ഒരുപോലെ; നാമജപം സാഹിത്യരചന; സ്തോത്രാർപ്പണം. *ആത്മാനുതാപം* ആ പുണ്യാത്മാവിന്റെ പ്രണാമാർച്ചനയാകുന്നതിലൂടെ പ്രാർത്ഥനാസമമെന്നു തിരിച്ചറിയുമ്പോഴാണ് കവിയുടെ ആത്യന്തിക മൂല്യവും കവിയുടെ ഹൃദയചൈതന്യശുദ്ധിയും വെളിവാകുന്നത്. ■

പരാമർശ സൂചിക

1. ആത്മാനുതാപം VI 37-264
2. ആത്മാനുതാപം II 158-162 V-24-28
3. ആത്മാനുതാപം V 50
4. ആത്മാനുതാപം VI 32-36
5. ആത്മാനുതാപം III അനുബന്ധം 50- 54
6. ആത്മാനുതാപം II 304-315

മൂന്ന്

അനുധ്യാനത്തിന്റെ ഘോഷം

പ്രൊഫ. കെ.എം. തരകൻ

മനുഷ്യൻ സൃഷ്ടിയാണ്; ദൈവം സ്രാഷ്ടാവാണ് സൃഷ്ടിയും സ്രാഷ്ടാവും തമ്മിലുള്ള അകലം വളരെ വലുതാണ്. അതു വലിയൊരു വിടവാണ്. ഈ വിടവുമൂലം സൃഷ്ടിക്കു സൃഷ്ടിയുടേതായ പോരായ്മകളുണ്ട്. അതിൽനിന്ന് ഉളവാകുന്നതാണ് പാപബോധം. പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ച് പാപ ശമനം നേടിയാൽ മാത്രമേ മനുഷ്യനു ദൈവവുമായി സമ്പർക്കം പുലർത്താൻ സാധിക്കുകയുള്ളൂ. തൽഫലമായി ഒരു ക്രൈസ്തവന്റെ ജീവി തത്തിൽ ഏറ്റവും ഫലപ്രദമായി അനുഷ്ഠിക്കേണ്ട സംഗതി തന്നെപ്പറ്റി ത്തന്നെ ബോധവാനാകുക എന്നതാണ്. ഇത് ചാവറയച്ചൻ അന്വർത്ഥമാ ക്കിയിട്ടുണ്ട് എന്ന് *ആത്മാനുതാപം* സാക്ഷ്യം വഹിക്കുന്നുണ്ട്.

വെൺമയായ് നടപ്പാനായ്
തന്നൊരു വെള്ള വസ്ത്രം
നന്മയും കളഞ്ഞയ്യോ
പാപി ഞാൻ മഹാ മൂഢൻ
എന്നെക്കാണുന്നു ജനം
എന്നുടെ സുവൃത്തിയാൽ
നിന്നെ സേവിപ്പാൻ വഴി-
കാട്ടുവാൻ പന്തം തന്നു.
അയ്യയ്യോ! മഹാ ദുഃഖം
മടിയൻ വളർന്നപ്പോൾ
നെയ്യുമില്ലഗ്നിയില്ല,
പുകയുന്നതും കണ്ടേൻ
ഇപ്പോലെയുള്ള മഹാ
ദുർഭാഗ്യമാർക്കുണ്ടായി-
യൽപൻ ഞാനറിയാതെ

കെട്ടയ്യോ മമ വെട്ടം
മറ്റുള്ള ജനത്തേയും
കാട്ടുവാനായിത്തന്ന
മാറ്റും വെളിച്ചത്തെ
പകർത്തിത്തമസ്സാക്കി
ഇങ്ങനെയടിയന്റെ
പൈതൽ പ്രായത്തിൽത്തന്നെ
മംഗളമൊക്കെക്കെള
ഞയ്യയ്യോ മഹാ ദുഃഖം
പാപിയാം മമ പൈതൽ
പ്രായത്തിൽ കുറ്റങ്ങൾക്കു
താപത്താൽ പൊറുതിയെ
ക്കേണ ഞാൻ പ്രാർത്ഥിക്കുന്നേൻ[2]

താൻ ദൈവത്തിന്റെ സൃഷ്ടിയാണ്; ഭൂമിയിലെ സൃഷ്ടികൾക്കെല്ലാം മകുടമായ മനുഷ്യനാണ് എന്നു തുടങ്ങിയ ധാരണകൾ ഒരു വശത്തുണ്ടെങ്കിലും മഹാ പരിശുദ്ധനും അപ്രമേയ പ്രഭാവനും അനാദ്യന്തനും ദൃശ്യദൃശ്യങ്ങൾക്ക് ഉടയവനുമായ ജഗദീശ്വരനോടു തുലനം ചെയ്യുമ്പോൾ ഞാൻ അൽപായുസ്സാണ് എന്നൊരു ബോധം കൂടി വളർത്തിയെടുക്കേണ്ടതുണ്ട്. ഇത് ആവോളം ചാവറയച്ചനുണ്ടായിരുന്നു.

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിനെന്തു കാരണം ദൈവമേ
ആദ്യഹീനനാം നിന്റെ ദയതന്നെ
ഈ മഹാ വലിപ്പത്തിൻ ചിത്തം പോൽ
ഈ മഹാ പാപിയായൊരടിയനെ
ഈ മഹത്വത്തിൻ ഛായയിൽ ചെയ്തതും
ഈശനായതിൻ മൂലം[2]

ദൈവവുമായി തുലനം ചെയ്യുമ്പോൾ താൻ നിസ്സാരനാണെന്നുള്ള ഈ ബോധത്തിൽ നിന്ന് ഉളവാകുന്ന വിനയം മനുഷ്യജീവിതത്തെ ധന്യമാക്കേണ്ടതാണ്. ഈ ബോധത്തിൽ നിന്നു വേണം ഒരു ക്രൈസ്തവന് പശ്ചാത്താപ നിർഭരമായ ഒരു ഹൃദയം ലഭിക്കേണ്ടത്. അപ്പപ്പോൾ ചെയ്തിട്ടുള്ള എല്ലാ പാപങ്ങൾക്കും *ഈ പശ്ചാത്താപം തന്നെ പ്രായശ്ചിത്തം* എന്ന് മഹാകവി വള്ളത്തോൾ പറഞ്ഞിട്ടുള്ളത് ഇതേ ആശയത്തെ മുൻനിറുത്തിയാണ്.

മനുഷ്യനെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിൽ ലയിക്കുക, ദൈവത്തിൽ ലയിക്കുക എന്നത് സാക്ഷാത്കരിക്കണമെങ്കിൽ അവൻ പശ്ചാത്തപിച്ചേ

മതിയാകു. അതായത് അവൻ പാപബോധമുള്ളവനാകണം. ഗർവ്വാണ് വാസ്തവത്തിൽ മനുഷ്യന്റെ സർവ്വ അധഃപതനത്തിനും നിദാനം. സാത്താനെക്കുറിച്ചു പറയുമ്പോൾ അവന്റെ സർവ ദോഷങ്ങളുടെയും നാരായവേര് അഹന്തയാണ്. Pride goes before a fall. അഹങ്കാരം എന്നതാണ് എല്ലാവരുടെയും വീഴ്ചയ്ക്കുള്ള കാരണം. ഹൈന്ദവ പുരാണത്തിൽ പറയുന്നതുപോലെ കാളിയന്റെ ഗർവ്വ് ശ്രീകൃഷ്ണൻ അവന്റെ മസ്തകത്തിലിരുന്ന് എങ്ങനെ ചവിട്ടി വിഷം ഛർദ്ദിപ്പിച്ച് കളഞ്ഞുവോ അങ്ങനെ ഓരോ വ്യക്തിയിലെയും ഗർവ്വാകുന്ന വിഷം മർദ്ദനമേറ്റ് ബഹിർഗമിച്ചാലേ മതിയാകു. ഈ വിരേചനം സാധിക്കേണ്ടത് പാപബോധവും പശ്ചാത്താപവും കൊണ്ടായിരിക്കണം.

ചാവറയച്ചന്റെ ജീവിതദർശനം മുഴുവനും അദ്ദേഹത്തിന്റെ *ആത്മാനുതാപം* എന്ന കൃതിയിലാണ് നിഴലിക്കുന്നത്. കാരണം, തന്നെപ്പറ്റിതന്നെ ചാവറയച്ചനുള്ള ബോധമാണ് കവിതകൾക്കുറവിടം. താൻ പാപിയാണ്, നിസ്സാരനാണ് എന്നുള്ള ബോധം; ഇത് ആത്മനിന്ദയല്ല. ആത്മനിന്ദയായിരുന്നെങ്കിൽ അദ്ദേഹത്തിനു യാതൊന്നും ചെയ്യാൻ സാധിക്കുമായിരുന്നില്ല. സന്യാസാശ്രമങ്ങൾ, സ്കൂളുകൾ, അനാഥശാലകൾ, അച്ചടിശാല എന്നിങ്ങനെ നിരവധി സ്ഥാപനങ്ങൾ, അല്ല, മഹാ പ്രസ്ഥാനങ്ങൾത്തന്നെ, ക്രാന്തദർശിത്വത്തോടു കൂടി സമാരംഭിക്കുവാൻ ചാവറയച്ചനു കഴിഞ്ഞു. എന്നാൽ ഇത് ആത്മനിന്ദയിൽ ആമഗ്നനായ ഒരു വ്യക്തിക്ക് ഒരിക്കലും സാധിക്കുകയില്ല. ആത്മനിന്ദയല്ലാത്ത വിനയം, പശ്ചാത്താപം, ഇവയാണ് ആ ജീവിതദർശനത്തിന് അടിസ്ഥാന ശിലകളായി നിൽക്കുന്നത്. അപ്പോൾ ആദ്യത്തേത് ദൈവവിശ്വാസം, രണ്ടാമത്തേത് ക്രിസ്തുവിൽകൂടി ദൈവത്തിൽ എത്തിച്ചേരാമെന്ന വിശ്വാസം, മൂന്നാമത്തേത് പശ്ചാത്തപിച്ച് ക്രിസ്തുവിനെ സ്വീകരിക്കാതെ ക്രിസ്തുവിൽ എത്താൻ സാധിക്കയില്ല എന്ന വിശ്വാസം... അങ്ങനെ ക്രിസ്തുവിൽ എത്തണമെങ്കിൽ സമ്പൂർണ്ണമായി ക്രിസ്തുവിനു സമർപ്പിച്ചേ മതിയാവൂ എന്ന വിശ്വാസം... ഈ വിശ്വാസത്തിൽ നിലകൊള്ളുമ്പോൾ, അഥവാ ക്രിസ്തുവിനു സ്വയം സമർപ്പിച്ച് സ്വജീവിതം ക്രിസ്തുവിനു സ്വായത്തമാക്കി പ്രതിഷ്ഠിക്കുമ്പോൾ, ക്രിസ്ത്യാനിക്കു ലഭിക്കുന്നത് സവിശേഷമായ ഗുണത്രയങ്ങളെക്കുറിച്ചുള്ള അവബോധം ആണ്. ഈ സവിശേഷമായ ഗുണവിശേഷങ്ങളാണ് *വിശ്വാസം, ശരണം, സ്നേഹം* എന്നിവ. (Faith, Hope and Charity) ഈ ത്രിവിധ ഗുണവിശേഷങ്ങളിൽ കൂടിയത്രേ ഒരു ക്രൈസ്തവൻ ക്രിസ്തുവിനെ പ്രാപിക്കുന്നത്.

ബുദ്ധന്റെ അഷ്ടാംഗമാർഗ്ഗങ്ങളുണ്ട്. മറ്റു മതക്കാർക്ക് അവരുടേതായ ശാസനകളുണ്ട്. എന്നാൽ ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം *വിശ്വാസം, ശരണം സ്നേഹം* എന്നീ ദൈവികനൽവരങ്ങളാണ് വഴിവിളക്കായുള്ളത്. ഈ ഗുണങ്ങൾ പ്രാപിച്ച് പശ്ചാത്തപിച്ച് ക്രിസ്തുവിൽ

ലയിക്കുന്ന ഒരു ക്രൈസ്തവന് ക്രിസ്തുവിൽക്കൂടി ദൈവസന്നിധിയിലേക്ക് കടന്നു ചെല്ലാൻ സാധിക്കും. അതേ മാർഗ്ഗത്തിലൂടെ അവന് തന്റെ സഹജീവികളെ മഹൽ സന്നിധാനത്തിലേക്ക് നയിക്കുവാനും കഴിയും. അപ്പോൾ ചാവറയച്ചന്റെ ജീവിതദർശനത്തിന്റെ നാലാമത്തെ ഭാഗം *ദൈവസ്നേഹം, ക്രിസ്തുവിനോടുള്ള സ്നേഹം, പാപബോധം, പശ്ചാത്താപം,* അതിനാൽ ലഭിക്കുന്ന ക്രിസ്തുസംയോഗം, *ഈ സംയോഗത്താൽ ലബ്ധമാകുന്ന വിശ്വാസം, ശരണം, സ്നേഹം* എന്നീ ഗുണത്രയങ്ങൾ എന്നിവയാണ്. ഈ ഗുണത്രയങ്ങൾ ലഭിക്കുന്ന വ്യക്തിക്ക് അടുത്തതായി ദൈവത്തെ മാത്രം ധ്യാനിച്ച്, മനുഷ്യരെ മുഴുവൻ വിസ്മരിച്ച് കൊടുങ്കാട്ടിൽ പോയി തപസ്സു ചെയ്യാൻ സാധിക്കയില്ല. യഥാർത്ഥത്തിൽ ക്രിസ്തു അവതരിച്ചത് ഇങ്ങനെ ഒരു ഒളിച്ചോട്ടത്തിനല്ലായിരുന്നു: ദൈവീകമായ അനുഭൂതിയെ ഭൂമിയിലേക്ക് അവരോഹണം ചെയ്യിക്കുന്നതിനായിരുന്നു. *നിന്റെ രാജ്യം വരേണമേ, ഈ ഭൂമിയിൽ* എന്നുള്ള പ്രാർത്ഥന നമ്മെ ഉൽബോധിപ്പിച്ചത് ഭൂമിയെ സ്വർഗ്ഗീയമാക്കിത്തീർക്കുവാനാണ്. ഈ ഭൂമിയിലുള്ള എല്ലാ കാര്യങ്ങളേയും മനുഷ്യനേത്തന്നെയും പ്രതിനിമിഷം ആദ്ധ്യാത്മികമാക്കിക്കൊണ്ട് ദൈവസന്നിധാനത്തിലേക്ക് എത്തിക്കുക എന്ന കർമ്മമാണ് നമുക്ക് നിർവഹിക്കാനുള്ളത്. അതുകൊണ്ട് പരസ്നേഹം എന്നത് സമൂർത്തമാക്കാൻ കഴിയുന്നില്ലെങ്കിൽ ക്രൈസ്തവന്റെ ജീവിതം ധന്യമാവുകയില്ല എന്നാണ് ചാവറയച്ചൻ അസന്ദിഗ്ദ്ധമായി പറയുന്നത്. ഒരുവശത്ത് ദൈവവുമായി ഏകാന്തതയിൽ സമ്പർക്കം പുലർത്തുക, അങ്ങനെ അവിടെ നിന്നു ലഭിക്കുന്ന ആദ്ധ്യാത്മിക ശക്തിയോടുകൂടി സമൂഹ മധ്യത്തിൽ വന്ന് കൂടുതൽ കൂടുതൽ പ്രവർത്തിക്കുക ഇതായിരുന്നു പ്രായോഗികരംഗം.

ചാവറയച്ചൻ ആവിലായിലെ സെന്റ് തെരേസയെപ്പറ്റി പഠിച്ച് മനസ്സിലാക്കിയിരുന്നു. മലയാളവും, സംസ്കൃതവും, സുറിയാനിയും, ലത്തീനും അവസാനം വാർദ്ധക്യകാലത്ത് പോർച്ചുഗീസ് ഭാഷയും പഠിച്ചു. അതു കഴിഞ്ഞിട്ടും അദ്ദേഹത്തിന് ഒരു തീരാദുഃഖം ഉണ്ടായിരുന്നു. ആവിലായിലെ സെന്റ് തെരേസായുടെ ആഭ്യന്തര ഹർമ്മ്യം സ്പാനീഷ് ഭാഷയിൽത്തന്നെ വായിച്ചുപഠിക്കാൻ കഴിഞ്ഞില്ലല്ലോ എന്നതായിരുന്നു അത്. എന്നിട്ട് അദ്ദേഹം നടത്തിയ പ്രാർത്ഥന ഇങ്ങനെയായിരുന്നു.

പ്രിയം നിറഞ്ഞ അമ്മേ, ത്രേസ്യായേ എനിക്ക് അങ്ങേ മാതൃഭാഷ പഠിച്ചിട്ട് ആ മഹാഹർമ്മ്യത്തിന്റെ ശ്രീ കോവിലിലേക്ക് എത്താൻ കഴിയാത്തതുകൊണ്ട് അങ്ങേ ആദ്ധ്യാത്മിക ശക്തിയാൽ എന്റെ ഹൃദയത്തിലേക്ക് അനുഭൂതികൾ സംക്രമിപ്പിക്കേണമേ.

യോഗാത്മകമായ അനുഭൂതിയിൽ ആവിലായിലെ സെന്റ് തെരേസാ ദൈവവുമായി എങ്ങനെ സംഭാഷണം നടത്തിയോ അതേ വിധത്തിൽ ധ്യാനത്തിലൂടെ, തപസ്സിലൂടെ, സമാധിയിലൂടെ ശക്തി സമ്പാദിച്ച് ആ ശക്തി സഹ

ജീവികൾക്ക് പ്രയോജനപ്പെടത്തക്കവിധം വ്യയം ചെയ്യുന്നതിനാണദ്ദേഹം ആഗ്രഹിച്ചത്. ഈ ദൈവികമായ നൽവരം സമ്പാദിക്കാതെ സ്വർഗ്ഗരാജ്യത്തിലേക്കു കടക്കുവാനാണ് ചിലവരുടെ ആഗ്രഹം. ഈ നൽവരം കിട്ടിയിട്ട് ചോർന്നുപോയാൽ മറ്റാരെങ്കിലും എടുക്കുമോ എന്നു കരുതി ഒഴിഞ്ഞുമാറി *സർവ്വതും പാപമാണ്, ചെയ്യുന്നതും, നോക്കുന്നതും, വിചാരിക്കുന്നതും, പാപമാണ്* എന്നു കരുതി കാട്ടിലേക്ക് ഒളിച്ചു പോകാമെന്നുള്ള മനോഭാവം വാസ്തവത്തിൽ അപകടകരമാണ്. മറിച്ച് ഈ അനുഭവം സഹജീവികൾക്കും ഉണ്ടാകണമെന്ന് ആഗ്രഹിക്കയാണ് വേണ്ടത്. പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ കാര്യം അറിഞ്ഞ മഗ്ദലേന താൻമാത്രം അറിഞ്ഞാൽ മതിയെന്നു കരുതാതെ എത്രയും വേഗം എല്ലാവരേയും അറിയിക്കാൻ വെമ്പൽ കൊള്ളുകയായിരുന്നു. അതുപോലെ ഒരദ്ധ്യാത്മികാനുഭൂതി ലഭിച്ചാൽ അതു സ്വകാര്യസ്വത്തായി കരുതാതിരിക്കുവാനും സ്വകാര്യസ്വത്തായിരുന്നാൽപ്പോലും അത് സഹജാതർക്കു പകർന്നുകൊടുക്കുവാനും തക്കവിധം അത്രമാത്രം വിശാലമായിരുന്നു ചാവറയച്ചന്റെ ഹൃദയം. ഈ അനുഭൂതിയും അനുഭവശക്തിയും എല്ലാ മനുഷ്യർക്കും പ്രയോജകീഭവിക്കണം എന്ന് അദ്ദേഹം കരുതി. അങ്ങനെ തനിക്കു ചുറ്റുമുള്ള സകലരേയും ദൈവത്തിലേക്ക് അടുപ്പിക്കേണ്ട വഴികളാണ് ചാവറയച്ചൻ സദാസമയം തെരഞ്ഞുകൊണ്ടിരുന്നത്.

വിശ്വാസത്തിൽക്കൂടി, ശരണത്തിൽക്കൂടി, സ്നേഹത്തിൽക്കൂടി, ലഭിക്കുന്ന ആദ്ധ്യാത്മിക ശക്തികൊണ്ട് മറ്റു മനുഷ്യരേയും സ്നേഹിക്കണം, അവർക്കു സേവനം ചെയ്യണം എന്നുള്ള ബോധത്തോടെ ചാവറയച്ചൻ പ്രവർത്തിച്ചു. അതുവഴി ലോകത്തെ ദൈവവുമായി ബന്ധിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ക്രൈസ്തവന്റെ ജീവിതത്തിൽ നിശ്ചലതയില്ല അതു സദാസമയം പ്രവർത്തനക്ഷമമാണ്. അത് അനുനിമിഷം വളർന്നുകൊണ്ട്, പ്രഭയിൽനിന്ന് പ്രഭയിലേക്ക് വികസിച്ചുകൊണ്ട്, കൂടുതൽ ദൈവികതേജസ്സ് പ്രസരിപ്പിച്ചുകൊണ്ട് ദൈവസന്നിധാനത്തിലേക്കുയർന്നുകൊണ്ടിരിക്കുന്നു. സ്വർഗ്ഗരാജ്യത്തിലേയ്ക്കു ഭൂമിയിലെ സർവ്വവിധമായ പ്രവർത്തനങ്ങളെയും കൊണ്ടുചെന്നെത്തിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നിർദ്ദേശിക്കത്തക്ക വിധമായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പ്രവർത്തനം മുഴുവൻ. അതുകൊണ്ട് അദ്ദേഹം തന്റെ ജീവിതം സമ്പൂർണ്ണമായി സഹജീവികൾക്കായി ഉഴിഞ്ഞുവച്ചു. മരണംവരെ ആ സമർപ്പണം നമുക്ക് കാണാൻ കഴിയുന്നുണ്ട്.

വേദനയും യാതനയും കർമ്മബന്ധുരമായ തന്റെ ജീവിതഘട്ടത്തിൽ ചാവറയച്ചൻ ഏറെ അനുഭവിച്ചു. അതുകൊണ്ട് തൃപ്തനാകാതെ ആ അനുഭവത്തിന്റെ ശക്തികൊണ്ട് ഓരോ കേരളീയനേയും ക്രിസ്തുവിന്റെ സ്നേഹോദാരമായ സന്ദേശത്തിലേക്കു നയിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു:

കേസരി രാജൻ നീ നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം[3]

ചാവറയച്ചന്റെ ദർശനം വളരെ സ്പഷ്ടമാണ്. അത് ശുഭാത്പിവിശ്വാസത്താൽ നിർഭരമാണ്. പ്രസന്നമാണ്; പ്രസാദാത്മകമാണ്. ത്യാഗനിർഭരമായ ഒരു ജീവിതമായിരുന്നു എല്ലാ അർത്ഥത്തിലും അദ്ദേഹത്തിന്റേത്. എങ്കിലും ആ ജീവിതത്തിൽ ഒരു നിമിഷം പോലും ഏകാന്തത അനുഭവപ്പെട്ടില്ല. ചാവറയച്ചന്റെ ദർശനത്തിന്റെ ഒരു മഹത്വമായാണിതിനെ ഞാനെണ്ണുന്നത്. *ഞാൻ വേറെ, നിങ്ങൾ വേറെ* എന്നൊരു മനോഭാവം ആ വ്യക്തിയിൽ ഉണ്ടായിരുന്നില്ല.

അദ്ദേഹം കത്തോലിക്കനായിരുന്നുവെന്ന് കത്തോലിക്കർ പറയും. എന്നാൽ അദ്ദേഹം ഒരു വലിയ ക്രിസ്ത്യാനിയായിരുന്നു. ഒരു വലിയ മനുഷ്യനായിരുന്നു. ഒരു ദൈവദാസൻ ആയിരുന്നു. ദൈവദാസൻ മനുഷ്യരുടെ മുഴുവൻ സേവകൻ കൂടിയാണ്. ദൈവദാസനായതുകൊണ്ട് വാഴ്ത്തപ്പെട്ടവൻ എന്ന പദവിക്കുകൂടി അദ്ദേഹം അർഹനായിരിക്കുന്നു. ചാവറയച്ചന്റെ ദർശനം ഒരേസമയം ദൈവത്തിന്റെ ദാസനും മനുഷ്യസ്നേഹിയും ആയിരിക്കുകയെന്നതാണ്. മഹത്തായ ആ പ്രഭാപൂരത്തിന്റെ, തേജസ്സിന്റെ ശക്തി ഇന്ന് ഒരു മണ്ഡലത്തിൽ മാത്രമല്ല ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും വ്യാപരിച്ചു നിൽക്കുകയാണ്.

■

പരാമർശ സൂചിക

1. ആത്മാനുതാപം 2: 349–364
2. ആത്മാനുതാപം 1: 1–4; 9–12
3. ആത്മാനുതാപം 3: 25–26

നാല്

ഉഷഃസന്ധ്യയുടെ സൗമ്യപ്രകാശം

റവ. ഡോ. ഇസഡ് എം. മുഴൂർ സി.എം.ഐ.

തുഞ്ചത്ത് ആചാര്യപാദരുടെ ആധ്യാത്മരാമായണത്തിലെ ആരണ്യകാണ്ഡത്തിൽ സീതാദേവിയെ രാക്ഷസൻ മോഷ്ടിച്ചു കൊണ്ടുപോയതറിഞ്ഞ ശ്രീരാമൻ ചങ്കുപൊട്ടി കരയുന്ന ഒരു ഭാഗമുണ്ട്. കരുണാർദ്രമായ ഈ ഈരടികളിൽ പ്രപഞ്ചജീവികളോടുള്ള കനിവും ആത്മബന്ധവും തൊട്ടറിയാവുന്നതുപോലെ തുടിച്ചുനിൽക്കുന്നു. വനജീവികളോടും വൃക്ഷലതാദികളോടും വിളിച്ചു ചോദിക്കുന്ന രാമന്റെ ഈ ഇടറുന്ന ഹൃദയതാളം അതേ അളവിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചനിലെ കവിയിലും സംഭൂതമായിട്ടുണ്ട്.

രാമായണത്തിൽ ഇങ്ങനെയാണ് ശ്രീരാമവിലാപം:

ഇത്തരം പറകയും
കാനം തോറുംനട-
ന്നത്തൽ പൂണ്ടന്വേഷിച്ചും
കാണാഞ്ഞു വിവശനായ്
വനദേവതമാരേ,
നിങ്ങളുമുണ്ടോ കണ്ടു
വനജേക്ഷണയായ
സീതയെ, സത്യം ചൊൽവിൻ
മൃഗസഞ്ചയങ്ങളേ,
നിങ്ങളുമുണ്ടോകണ്ടു
മൃഗലോചനയായ
ജനകപുത്രി തന്നെ
പക്ഷിസഞ്ചയങ്ങളേ,
നിങ്ങളുമുണ്ടോ കണ്ടു

പക്ഷ്മളാക്ഷിയെ മമ
ചൊല്ലുവിൻ പരമാർത്ഥം
പുഷ്ക്കരാക്ഷിയെ നിങ്ങ-
ളെങ്ങാനുമുണ്ടോ കണ്ടു[1]

യേശുവിന്റെ അമ്മയായ പരിശുദ്ധ മറിയം മകന്റെ മരണം പിന്നിട്ട് കുറേക്കാലം കൂടി ജീവിച്ചു. മറിയത്തിന്റെ മരണമടുത്ത വേളയിൽ പ്രപഞ്ചത്തിനു മാറ്റങ്ങളുണ്ടായി. ആകാശഗോളങ്ങൾ മന്ദം ചരിച്ചു. പറവവൃന്ദം ദുഃഖസ്വരം പുറപ്പെടുവിച്ചു. ഹിംസ്രജന്തുക്കൾ പോലും കനിവോലും ഹൃദയവുമായി വന്ന് സാധുമൃഗങ്ങൾക്കൊപ്പം നിന്ന് വന്ദനം ചെയ്തു ദൈവമാതാവിനെ സ്തുതിച്ചു.

ഇവയെല്ലാം ചാവറയച്ചൻ *ആത്മാനുതാപത്തിൽ* പകർത്തുന്നുണ്ട്. മനസ്സുകൊണ്ടെങ്കിലും എഴുത്തച്ഛന്റെ ഗോത്രത്തിൽ പിറന്ന ഒരു കവിക്കല്ലാതെ ഇങ്ങനെ കഥാനുഗായിയാകാൻ കഴിയുകയില്ല':

എന്നതുമനുകൂലമെന്നതിൽത്തന്നെയല്ല
മന്ദമായാകാശത്തിൽ നക്ഷത്രഗ്രഹങ്ങളും
ഖം അതിൽ ഗമിച്ചീടും പറവ വൃന്ദങ്ങൾ താൻ
ഖഗ സുസ്വരാദിയാൽ പകർത്തീദുഃഖം യഥാ

എന്നതു വിശേഷമായെടുത്ത കാലം തന്നിൽ
തന്നുടെ കേതമതിൻ ചുറ്റുമായ്പ്പക്ഷീഗണം
ഒക്കെയും കൂട്ടിക്കൊണ്ടാ പ്പാട്ടുകൾ തോറ്റങ്ങളായ്
പൊക്കത്തിൽ നിന്നു താണു ധരയിൽ തലചേർത്തും

തന്നുടെ രാജ്ഞി പിരിഞ്ഞെന്നേയ്ക്കുമകന്നിടു-
മെന്നുള്ള ദുഃഖം നെഞ്ചിൽ കൊത്തിക്കൊണ്ടറിയിക്കും
ഇങ്ങനെ രാജ്ഞി തന്റെയാശീർവാദത്തിനായി
അങ്ങവർ പാർത്തുംകൊണ്ട് പ്രവൃത്തിയഥാകാട്ടും

എന്നതു വൻകുന്നുകൾ, മലകൾ, പാതാളങ്ങൾ
എന്നതിൽ വസിക്കുന്ന വൻമൃഗക്കൂട്ടങ്ങളും
തന്നുടെ മരണത്തിന്നാറു മാസത്തിൻ മുമ്പിൽ
നന്ദിയാൽ സുവൃത്തിപോൽ ഗാഗുൽത്തായ്ക്കെഴുന്നള്ളി

എന്നതു തിരിഞ്ഞവരൊക്കെയും ചുറ്റുംകൂടി
അന്നങ്ങങ്ങോരോ മലവാസികൾ പലതരം
വ്യാഘ്രാദി വർഗ്ഗങ്ങളും ഭോജനഭോക്താക്കളും
വ്യാപാരമൊക്കെ നീക്കി ദുഃഖത്താൽ രാജ്ഞീപക്കൽ

വന്നവരതിൽ ചിലർ വന്ദന സാഷ്ടാംഗവും
ചെന്നാദികളും തലകുനിച്ചു വന്ദിച്ചമ്മെ
ഒക്കെയും മഹാ ദുഃഖസ്വരങ്ങൾ ഗർജ്ജിച്ചിട്ടും
ദുഃഖമൊക്കെയും കാട്ടി രാജ്ഞി ദുഃഖത്താൽ ദൃഢം[2]

സംസ്കൃതഭാഷയേയും സാഹിത്യത്തേയും അങ്ങേയറ്റം സ്നേഹിച്ച ചാവറക്കവി പണ്ഡിതാചാര്യനായ ദണ്ഡിയുടെ *കാവ്യാദർശം* വായിച്ചിട്ടില്ലെന്നു വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ട്. വിശ്വനാഥൻ രചിച്ച *സാഹിത്യദർപ്പണ*വും അദ്ദേഹം കണ്ടിട്ടുണ്ടാകും. മഹാകാവ്യലക്ഷണങ്ങളെക്കുറിച്ച് ദണ്ഡി ഇങ്ങനെ പറയുന്നു:

സർഗബന്ധോമഹാകാവ്യ
മുച്യതേതസ്യലക്ഷണം
ആശിസ്നമസ്ക്രിയാവസ്തു
നിർദ്ദേശോ വാപിതന്മുഖം
ഇതിഹാസ കഥോത്ഭുത
മിതരദ്വാ സദാശ്രയം
ചതുർവർഗ്ഗഫലായത്ത
ചതുരോദാത്തനായകം[3]

മഹാകാവ്യത്തിന്റെ തുടക്കം എങ്ങനെ ആകണം എന്നു പറഞ്ഞിട്ടു ദണ്ഡി നായകനെങ്ങനെ വേണമെന്നും സൂചിപ്പിക്കുന്നു. മഹാകാവ്യത്തെ സർഗങ്ങളായി തരംതിരിക്കണം. ഒരു കാവ്യത്തിൽ സർഗ്ഗങ്ങൾ ഏഴിൽ കുറയരുത്. ഒരു സർഗത്തിൽ അമ്പതിൽ കുറയാതെ ശ്ലോകങ്ങൾ ഉണ്ടാകണം. ഓരോ സർഗവും ഓരോ വൃത്തത്തിൽ എഴുതണം. സർഗ്ഗാന്തപദ്യത്തിന് വൃത്തം മാറാം. വിഷയപ്രതിപാദനത്തിൽ സർഗ്ഗങ്ങൾ തമ്മിൽ ബന്ധപ്പെടണം എന്നൊക്കെയാണ് ആചാര്യന്റെ നിർദേശം.

ഇതൊക്കെ അറിയാമായിരുന്നിട്ടും ആചാര്യപാദനായ എഴുത്തച്ഛൻ ഈ നിയമങ്ങളൊക്കെ മാറ്റി വച്ച് കവിത എഴുതിയല്ലോ. ആ മാർഗം തന്നെ സ്വീകരിക്കാമെന്നു കരുതിയ ചാവറക്കവി എഴുത്തച്ഛന്റെ മാനസശിഷ്യനാണ്.

ദണ്ഡിയുടെ നിർവചനത്തിൽ ഇങ്ങനെ തുടരുന്നു:

മഹത്തായ ഒരു ജീവിതത്തിന്റെ അഥവാ വംശത്തിന്റെ ചരിത്രമായിരിക്കണം വിഷയം. കാവ്യത്തിന്റെ നിർവിഘ്നസമാപ്തിക്കുവേണ്ടി ഇഷ്ടദേവതാ നമസ്ക്കാരമോ വസ്തു നിർദേശമോ കാവ്യാരംഭത്തിൽ തന്നെ ഉണ്ടായിരിക്കണം.[4]

ഈ നിയമങ്ങൾ കുറെയെല്ലാം പാലിച്ചാണ് ചീരാമകവി *ഇരാമചരിതം യുദ്ധകാണ്ഡം* എഴുതിയത്. തമിഴ്ഭാഷാപടുവായ ചാവറയച്ചൻ അത്

വായിച്ചിട്ടുണ്ടാവും. ഇഷ്ടദേവതയായ സുബ്രഹ്മണ്യനെ സ്തുതിച്ചു കൊണ്ടാണ് ഇരാമചരിതം ആരംഭിക്കുന്നത്. നോക്കുക:

കാനനങ്കളിലരൻ
കലിറുമായ്കരിണിയായ്
കാർനെടുങ്കണ്ണുമ
തമ്മിൽ വിളയാടി നടന്ന
ങ്ങാനനംവടിവാന
വടിവായവതരിച്ചുള്ളാതിയേ
നല്ലവിനായകനെ
ന്നൊരമലനേ[5]

ഇങ്ങനെയുള്ള ഇഷ്ദേവ സ്തുതിക്കു പകരം *വസ്തുനിർദേശ*വും ആരംഭത്തിൽ സ്വീകാര്യമാണ്. കാളിദാസൻ തന്റെ മഹാകാവ്യത്തിൽ ഹിമവാനെ വർണ്ണിച്ചുകൊണ്ട് വസ്തുനിർദേശമാണ് സ്വീകരിച്ചിട്ടുള്ളത്. *രഘുവംശ*ത്തിൽ സുദീർഘമായ സൂര്യരാജവംശ ശൃംഖലയും വർണിക്കുന്നു.

*ഇരാമചരിത*ത്തിൽ ഈശ്വര നമസ്ക്രിയ ചെയ്യുന്ന ചീരാമകവി ചിന്താബന്ധുരമായി കാവ്യാരംഭത്തിൽ പറുന്നുണ്ട്:

ആരണങ്ങളിലെങ്ങുംപരമയോഗികളുഴ
ന്റാലുമെന്റമറിവാനരിയഞാനപൊരുളേ
മാരിവന്നതൊരുമാമലയെടുത്തു തടയും
മായനായരചനായ് നിചിചാരാതി പതിയെ
പോരിൽ നീ മുന്നം മുടിത്തമയെടുത്തു പുകഴ്വാൻ
പോകിപകചയനാകവിയെനിക്കരുൾ ചെയ്ക[6]

ഇതുപോലെ ഉൽക്കൃഷ്ടമായ ഒരു സ്തുതി ദൈവത്തിന് അർപ്പിച്ചു കൊണ്ടാണ് ദണ്ഡിയുടെ നിർവചനത്തിന് ഒരു തൽസമയം ചാവറയച്ചൻ നിർമ്മിച്ചിരിക്കുന്നത്. തുടക്കത്തിൽ ഒരു ഈരടിയിലൂടെ മനുഷ്യകുലത്തിന്റെ ചരിത്രം മുഴുവൻ സംഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്:

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിനെന്തുകാരണം ദൈവമേ!
ആദ്യഹീനനാം നിന്റെ ദയതന്നെ

ഇഹലോകത്തിൽ കാണും മൃഗത്തെപ്പോ-
ലിക്ക്യമിയായയെന്നെയും ചെയ്തെങ്കിൽ,
ഇതെന്തിനെന്നു നിന്നോടുണർത്തിപ്പാൻ
ഇഹലോകേപരലോകേയാരുള്ളു!

ഈ മഹാവലിപ്പത്തിന്റെ ചിത്തംപോൽ
ഈ മഹാപാപിയായൊരടിയനെ,
ഈ മഹത്വത്തിൽ ഛായയിൽ ചെയ്തതും
ഈശനായ നിൻകാരുണ്യമല്ലയോ

ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉദ്ഭവം തന്നു മാനുഷജന്മത്തിൽ
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറ്റുവാനും ചിത്തമായ്

ഊഴിയിൽ നരച്ചുരുന്ന കൃമിപോൽ
ഊഴിയാലെന്നെ സൃഷ്ടിച്ചുവെങ്കിലും
ഊനംകൂടാതെ ഭൂമിയിൽ മേവുവാൻ
ഊനഹീനമാം കാവലും തന്നല്ലോ[7]

ഭാവഭംഗി നിറഞ്ഞുനിൽക്കുന്ന ഈ കാവ്യഭാഗം ആദ്യാക്ഷരപ്രാസനിബദ്ധമായ രൂപഭംഗിയിലും ശ്രദ്ധേയമാണ്.

ചാവറ സാഹിത്യം അമോഘദർശിയേപ്പോലെ പഠിച്ച് ശ്രദ്ധേയമായ നിരീക്ഷണങ്ങൾ മലയാളിക്കു നൽകിയ ഡോ. സുകുമാർ അഴീക്കോടിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

ചാവറയച്ചൻ മതത്തെ സാഹിത്യവിഷയമാക്കി. മിസ്റ്റിക്കുകളുടെ സാഹിത്യപ്രവർത്തനം മതത്തിന്റെ സാഹിത്യാവിഷ്ക്കരണത്തിൽ അടങ്ങിയിരിക്കുന്നു. ആധ്യാത്മികാനുഭൂതികൾ സാഹിത്യാനുഭൂതിയിൽ പകർത്തുകയാണ് 'ആത്മാനുതാപം' എന്ന കൃതിയിൽ വിശേഷിച്ചും അച്ചൻ ചെയ്തിട്ടുള്ളത്. യേശുവിന്റെയും മറിയത്തിന്റെയും കഥയുടെ ഈടിനൊപ്പം സ്വജീവിതാംശങ്ങളെ പാവുപോലെ കൂട്ടിച്ചേർത്ത് നല്ലൊരു ശിൽപം നെയ്തുണ്ടാക്കിയിരിക്കുന്നു. ആത്മീയത സാഹിത്യമാകുമ്പോൾ സാഹിത്യം സ്വഭാവേന ആത്മീയപരിമളം പ്രസരിപ്പിക്കുമല്ലോ. പിച്ചകപ്പൂക്കളും ചെമ്പകപ്പൂക്കളും ഒരേ പൂവട്ടിയിൽ ഒരുക്കിവെച്ചാൽ അവയുടെ ഗന്ധവിശേഷങ്ങൾ അന്യോന്യം കലരുന്നതുപോലെ ചാവറയച്ചന്റെ കൃതികളിൽ ആത്മീയവും സാഹിത്യവുമായ പരിമളം സമ്മേളിതമായി ചേർന്നിരിക്കുന്നു...

...മലയാളസാഹിത്യത്തിൽ ഈ മതസാഹിത്യ സങ്കലനത്തിന്റെ പുരസ്ക്കർത്താക്കളായ കവികളിൽ എന്നും പ്രഥമഗണനീയനായ കവി തുഞ്ചത്ത് എഴുത്തച്ഛനാണല്ലോ. തന്റെ കൃതികളിൽ ശൈലിയിലും ഭാവനയിലും പ്രമേയത്തിലും പ്രതിപാദനത്തിലും ചാവറയച്ചൻ കൂടുതൽ അനുസരിച്ചു കാണുന്നത് എഴുത്തച്ഛനെ ആണ്. ഈശ്വരനെ 'ആദ്യഹീനൻ',

'പരാപരൻ', 'പതീനാംപതി' എന്നൊക്കെ വിശേഷിപ്പിക്കുന്ന എഴുത്തച്ഛന്റെ പിൻഗാമിയാണ് ഈ കവി...

...ചെറുശ്ശേരിയുടെ സംഗീതാത്മകതയോ കുഞ്ചന്റെ ജനകീയ ശൈലിയോ അല്ല എഴുത്തച്ഛന്റെ പ്രൗഢിയാണ് ചാവറയച്ചനു പ്രിയപ്പെട്ടത് എന്നു സ്പഷ്ടമാണ്...

അലങ്കാരപ്രയോഗത്തിൽ മിതത്വം പ്രകടിപ്പിച്ചിരുന്ന ഈ കവി അവിടെയും ചെറുശ്ശേരിയെ അല്ല എഴുത്തച്ഛനെയാണ് അനുസരിക്കുന്നത് എന്നു കാണാം.

മധ്യരാത്രിയാം നേരം
മാർത്താണ്ഡദേവപ്രഭ
മധ്യാഹ്നനേരം പോലെ
പെയ്തുടൻ തൊഴുത്തിൽ

എന്ന 'ആത്മാനുതാപ'ത്തിലെ ഭാവനയുടെ മിതശോഭ എഴുത്തച്ഛന്റെ അന്തേവാസിയായ ഒരു കവിക്കല്ലാതെ സുലഭമാവില്ല.

മന്നിലുള്ളവയൊക്കെ
സ്തൂലമസ്ഥൂലവും
മിന്നൽപോലെ കടന്നീടു
മെന്നു ഞാനോർത്തീടാതെ എന്നും
ഭൂമിയുമതിൻമീതെ
ക്കാണുന്ന സമസ്തവും
ഭേദംകൂടാതെ മാറി
നീങ്ങുന്നു ക്ഷണേ ക്ഷണേ
ഇന്നു കാണുന്ന പച്ച
പ്പുല്ലതു നാളെത്തന്നെ
മന്ദിച്ചു വരുന്നു
വാടുന്നു സൂര്യോഷ്ണത്താൽ
മെച്ചമായ് കണ്ടീടുന്ന
പുഷ്പങ്ങൾ പലവിധം
ഇച്ഛയായതിനുള്ള
ശോഭയും സുഗന്ധവും
എത്രയും ക്ഷണം കൊണ്ടു
മാറിപ്പോയ് വീണിടുന്നു
ചിത്രമായതിനുള്ളോ-
രഴകുമൊക്കെപ്പോകും...[8]

ഇവിടെയും എഴുത്തച്ഛന്റെ ചിന്താബന്ധുരവും പ്രൗഢഗംഭീരവുമായ ശൈലിയിൽ കാവ്യസാമ്രാജ്യത്തിന്റെ എലുക നിർമ്മിക്കുന്ന കവിയെയാണ് നാം ദർശിക്കുന്നത്.

തുടർന്ന് പാശ്ചാത്യസാഹിത്യബന്ധം മലയാൺമയുടെ സാഹിത്യ പ്രയാണത്തിന്റെ ദിശ മാറ്റി വിട്ടു എന്നും, അതിന് സാഹിത്യമർമ്മജ്ഞനായ ഒരു ക്രാന്തദർശിയെപ്പോലെ ചാവറക്കവി ആചാര്യനായി ഭവിച്ചുവെന്നും ഡോ. അഴീക്കോട് വ്യക്തമാക്കുന്നുണ്ട്:

മലയാളക്കവിതയിൽ എഴുത്തച്ഛൻ സരണി എന്നും ചെറുശ്ശേരി സരണി എന്നും വേർതിരിക്കാവുന്ന രണ്ടു വ്യക്തമായ രചനാപ്രസ്ഥാനങ്ങളുണ്ട്. ഇന്നും അവ വ്യാവർത്തകങ്ങളായി തുടർന്നുപോരുന്നുണ്ട്. എഴുത്തച്ഛൻ സരണി ചിന്തയ്ക്കും ആദർശത്തിനും പ്രാധാന്യം കൽപ്പിക്കുകയും അലങ്കാരം ബാഹ്യസൗന്ദര്യപരത എന്നിവയെ ലഘൂകരിക്കുകയും ചെയ്യുന്ന പ്രസ്ഥാനമാണ്. മറിച്ചാണ് ചെറുശ്ശേരി പദ്ധതി. ചാവറയച്ചൻ തന്റെ ആത്മീയപശ്ചാത്തലത്തിനു ചേർന്ന വിധത്തിൽ എഴുത്തച്ഛന്റെ സരണിയെ അനുവർത്തിക്കുന്നു. കവിത കേവലം സൗന്ദര്യപക്ഷത്ത് പ്രവർത്തിച്ചാൽ പോരെന്നും സംസ്ക്കാരപക്ഷത്തിന്റെ പ്രബോധകത്വം അത് ഏറ്റെടുക്കണമെന്നും ചാവറയച്ചൻ വിശ്വസിച്ചിരുന്നു. ഏതായാലും 'ആത്മാനുതാപം' തുടങ്ങിയ കൃതികളിൽ ഈ പ്രബോധനത്തിന്റെ മുദ്ര തെളിഞ്ഞുനിൽക്കുന്നു.

...കവി ദേശീയപാരമ്പര്യത്തെ എന്ന പോലെ വൈദേശിക പാരമ്പര്യത്തേയും സ്വീകരിക്കണമെന്ന് ചാവറയച്ചൻ സ്വകൃതികൾ വഴി തെളിയിച്ചു. ഇതാണ് ചാവറയച്ചൻ പ്രോദ്ഘാടനം ചെയ്ത മറ്റൊരു സന്ധാനം. 'ആത്മാനുതാപം' വലുപ്പം കൊണ്ട് മഹാകാവ്യമാണെന്നു പറയാമെന്നല്ലാതെ, മറ്റു കാര്യങ്ങളിൽ അതിന്റെ ഭാവം വൈദേശിക സാഹിത്യങ്ങളിൽ കൂടുതൽ വികസിതമായ പ്രവണതയാണല്ലോ...

എ.ആർ തമ്പുരാൻ തന്റെ *ഭാഷാഭൂഷണത്തിൽ* ഉപമയാണ് അടിസ്ഥാനാലങ്കാരങ്ങളിൽ പ്രഥമമായി എടുത്തു കാട്ടുന്നത്. പക്ഷെ ചാവറ ശിഷ്യനായ ജെരാർദ് കണ്ണമ്പിള്ളി *അലങ്കാരശാസ്ത്രത്തിൽ* രൂപകമാണ് തൽസ്ഥാനത്ത് പ്രതിഷ്ഠിച്ചിട്ടുള്ളത്.[9] വാസ്തവത്തിൽ ഉപമയും രൂപകവും ഒന്നുതന്നെയാണ്. ചന്ദ്രനെപ്പോലെയുള്ള മുഖം എന്നതിനു പകരം ചന്ദ്രനാകുന്ന മുഖം എന്ന് രൂപകത്തിൽ സമർത്ഥിക്കുന്നു. പാശ്ചാത്യരീതി സ്വകീയമാക്കിയ ചാവറയച്ചന് നിഗീരാധ്യവസായം കൊണ്ട് രൂപകത്തെ രൂപകാതിശയോക്തിയാക്കാനുള്ള കഴിവ് ഒന്നു വേറെ തന്നെയാണെന്ന് ആലങ്കാരികനായ ഫാ. ജെരാർദ് വ്യക്തമാക്കുന്നുണ്ട്:

വെൺമയായ് നടപ്പാനായ്
തന്നോരുവെള്ളവസ്ത്രം

നന്മയും കളഞ്ഞയ്യോ
പാപി ഞാൻ മഹാമൂഢൻ
എന്നെക്കാണുന്നജന
മെന്നുടെ സുവൃത്തിയാൽ
നിന്നെ സേവിപ്പാൻ വഴി
കാട്ടുവാൻ പന്തംതന്നു
അയ്യയ്യോ മഹാദുഃഖ
മടിയൻ വളർന്നപ്പോൾ
നെല്ലുമില്ലഗ്നിയില്ല
പുകയുന്നതു കണ്ടേൻ
ഇപ്പോലെയുള്ള മഹാ
ദൗർഭാഗ്യമാർക്കുണ്ടായി
അൽപൻ ഞാനറിയാതെ
കെട്ടയ്യോമമവെട്ടം
മറ്റുള്ള ജനത്തെയും
കാട്ടുവാനായിത്തന്ന
മാറ്റെഴും വെളിച്ചത്തെ
പകർത്തിത്തമസാക്കി[10]

ഇവിടെ ഒരു രൂപകമാല തന്നെ കവി തീർക്കുന്നതായി കാണാം. വെള്ള വസ്ത്രം പുതിയ ജന്മം എന്നോ, ക്രൈസ്തവൻ എന്ന നിലയിൽ ജ്ഞാന സ്നാനത്തിൽ പ്രതീകാത്മകമായി ധരിക്കുന്ന ആട എന്നോ കരുതാം. ദൈവം നൽകിയ ആദ്ധ്യാത്മികമായ അറിവിന്റെ പ്രതീകത്തെയാണ്. പന്തം എന്നു വിശേഷിപ്പിക്കുന്നത്. നെയ്യും അഗ്നിയും അപ്രത്യക്ഷമായി എന്നുള്ള കണ്ടെത്തൽ ദൈവസ്നേഹവും പരസ്നേഹവും തന്നിൽ നിന്നു മറഞ്ഞുപോയി എന്നുള്ളതിന്റെ സൂചകമാണ്. പുകയുന്നത് ദുർഗുണങ്ങളും പാപങ്ങളുമത്രേ. ദൈവികനന്മയുടെ വെട്ടം കെട്ടുപോയി എന്ന് കർത്താവില്ലാതെ ക്രിയ പ്രയോഗിക്കുന്ന കവി ഉത്തരക്ഷണത്തിൽ *മാറ്റെഴും വെളിച്ചത്തെ പകർത്തി തമസ്സാക്കി* എന്ന് ഏറ്റുപറഞ്ഞ് തന്റെ ഭാഗഭാഗിത്വം വെളിപ്പെടുത്തുന്നുണ്ട്.

ഭാവത്തിൽ മാത്രമല്ല, രൂപത്തിലും ശ്രദ്ധ കൽപിച്ച കവിയാണ് ചാവറയച്ചൻ. അദ്ദേഹത്തെപ്പോലെ പരമ്പരാഗതമായ നാടൻ വൃത്തങ്ങളിൽ (ദ്രാവിഡവൃത്തങ്ങൾ) നൈപുണ്യമുള്ളവർ വിരളമാണ്.

പ്രശസ്ത നിരൂപകനായ സി.പി ശ്രീധരൻ പറഞ്ഞിട്ടുണ്ട്:

അന്നു നടപ്പുണ്ടായിരുന്ന പതിനഞ്ചിലേറെ നാടൻ ഗാനവൃത്തങ്ങൾ (ദ്രാവിഡവൃത്തങ്ങൾ) ഏലിയാസച്ചൻ ഉപയോഗിച്ചു. ഹൈന്ദവജനതയുടെ സാംസ്ക്കാരിക രീതികൾ അദ്ദേഹം കവിതയിൽ സന്നിവേശിപ്പിച്ചു.

ഹിന്ദുക്കളുടെ സന്ധ്യാനാമത്തിലെ വരികൾ, ശ്രീകൃഷ്ണകീർത്തനങ്ങൾ തുടങ്ങിയവ 'ആത്മാനുതാപ'ത്തിലും മറ്റു കവിതകളിലും കാണുന്ന കവിതകളുമായി പൊരുത്തമുള്ളവയാണ്. അത്രമാത്രം ഹൈന്ദവജനതയുടെ രൂപമാതൃകകളെ സ്വാംശീകരിക്കുകയും സ്വന്തമാക്കുകയും അവയെ മലയാള ജീനിയസ്സിൽ കലർത്തുകയും ചെയ്യാൻ ചാവറയച്ചനു കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത.[11]

കായലരികത്തു വലയെറിഞ്ഞപ്പം
വള കിലുക്കിയ സുന്ദരി

എന്ന പോലുള്ള മാപ്പിളപ്പാട്ടുകളുടെ താളം സ്വകീയമാക്കി

അൻപിയന്നൊരു സ്നേഹമേ തവ
വാക്കിനാലുളവാക്കി നീ[12]

എന്നും അദ്ദേഹം മനോഹരമായ കവിത രചിച്ചിട്ടുണ്ട്.

എല്ലാ നിരീക്ഷകരും എടുത്തുകാട്ടുന്നതുപോലെ ഭാവസൗന്ദര്യത്തിൽ മാത്രമല്ല, ചാവറക്കവി ശ്രദ്ധ കേന്ദ്രീകരിച്ചത്. രൂപസൗന്ദര്യത്തിലും അദ്ദേഹം തന്റെ നിപുണബുദ്ധിയും അപൂർവ്വസിദ്ധിയും വെളിപ്പെടുത്തി. ഇത്രത്തോളം പ്രാസഭംഗിയിൽ നിഷ്ഠവെച്ച ഒരു മലയാള കവി വേറെ ഇല്ല. എന്നാലോ പ്രാസത്തിനു വേണ്ടി ഒരിക്കലും അർത്ഥത്തെ കുരുതി കഴിച്ചിട്ടുമില്ല.

മലയാളത്തിൽ അപൂർവ്വ പദങ്ങൾ മാത്രമുള്ള ഋ എന്ന അക്ഷരമുപയോഗിച്ച് അർത്ഥ സുരഭിലമായ ഒരു കാവ്യഭംഗം തന്നെ ചാവറയച്ചൻ രചിച്ചിട്ടുണ്ട്:

ഋഷികൾക്കൊക്കെയും ഈശൻ നീയെന്നിട്ടും
ഋഷഭവേസരി മധ്യനായി
ഋക്ഷം മുതൽ വെട്ടം നാണിപ്പിച്ചീടുന്ന
ഋതിനാഥനെ കാണാകേണം[13]

അല്ലയോ ദൈവമേ, നീ ജ്ഞാനചക്ഷുക്കളായ മഹർഷിമാർക്കും മഹാന്മാർക്കും ഈശ്വരനാണ്. എന്നിട്ടും നക്ഷത്രങ്ങൾ മുതലായ തേജോഗോളങ്ങളെ വെളിച്ചം കൊണ്ട് നിഷ്പ്രഭരാക്കുവാൻ കഴിയുന്ന അങ്ങ് ഒരു കാളയുടെയും കഴുതയുടെയും മധ്യേ പൈതലായിപ്പിറന്നു. കാലങ്ങൾക്കെല്ലാം അധിനാഥനായ അങ്ങയെ എന്റെ ഉൾക്കണ്ണുകൊണ്ട് കാണാൻ എന്നെ അനുഗ്രഹിക്കണം.

അതിഖരം, ഘോഷം തുടങ്ങിയ വ്യഞ്ജനാക്ഷരങ്ങൾ ആദ്യവരികളിൽ നിബന്ധിച്ച് കവിതയെഴുതുവാനുള്ള അപൂർവ്വ സിദ്ധി ചാവറക്കവിക്കുണ്ടായിരുന്നു. ആകാശം എന്ന് അർത്ഥമുള്ള *ഖം* എന്ന പദം ഉപയോഗിച്ചു രചിച്ചിട്ടുള്ള ഏതാനും വരികൾ ഉദാഹരണത്തിനായി പകർത്തുന്നു:

ഖം നരകം ധരണി മുന്നജഗമതിന്റെ നായകൻ
ഖഗമമസംഖ്യതാരകങ്ങളാദിയായ സർവ്വവും
ഖമിൽഗമിക്കും പക്ഷിയാദിസൃഷ്ടി ചെയ്തു മേ സുതൻ
ഖലർ കരങ്ങളാലെ ദിവ്യമധുരമായ തിരുമുഖം
ഗണനമേറെയാർന്ന ദുഃഖതാഡനങ്ങളേൽക്കയിൽ
ഗർവമാർന്ന നീചർ ചെയ്ത തിരുമുഖത്തിലടിയതും
ഗർവഹീന മേഷമായതിരുമകൻ സഹിക്കയിൽ
ഗദ്ഗത സ്വനങ്ങളോദിഹീനയായി നിന്നഹം

ഘാതകന്മാർ നിങ്ങളല്ല; മിത്രരെന്നു നിശ്ചയം
ഘാതമൊന്നും ചെയ്വതിന്നുമല്ല നിങ്ങൾ വന്നതും
ഘൃണസുവൃത്തി നിങ്ങൾ ചെയ്യുമെന്ന നേരം ഞാനുമേ
ഘൃണിയെനിക്കു ദുഃഖമില്ലനുകൂലമാം സുസന്നിധി[14]

കുരിശിൻ ചുവട്ടിൽ സ്വപുത്രന്റെ മൃതദേഹം മടിയിൽ വച്ചുകൊണ്ട് വ്യാകുലയായ മറിയം നടത്തുന്ന ആത്മരോദനമാണ് മുകളിൽ ഉദ്ധരിച്ചത്.

പ്രാസപ്രയോഗത്തിലും രൂപശിൽപത്തിലും നിഷ്ണാതനായ ചാവറക്കവിക്ക് പദാർത്ഥനിഷ്ഠ ഒരു നിയോഗമായിരുന്നു. *ആത്മാനുതാപത്തിന്റെ* മൂന്നാം കാണ്ഡം യേശുവിനെക്കുറിച്ച് രേഖാമാത്രമായി എഴുതിയ അതീവ മനോഹരമായ ഒരു കീർത്തനം ആണ്. ഈരടികൾ അവസാനിക്കുന്നത് *കാണാകേണം* എന്നുള്ള പ്രാർത്ഥനയോടെയാണ്. ആ പദത്തിന്റെ അർത്ഥം ഉൾക്കണ്ണുകൊണ്ട് ദർശിക്കാൻ കഴിയണം, പ്രാപ്തനാകേണം എന്നാണെന്ന് സി.പി ശ്രീധരൻ നിരീക്ഷിച്ചിട്ടുണ്ട്:

കാരുണ്യനാഥനാം ദൈവകുമാരന്റെ
ആരുണ്യശോഭയെ കാണാകേണം

പലരും പ്രാർത്ഥനാവേദിയിൽ പാടുമ്പോൾ കേട്ടു. രണ്ടാമത്തെ വരിയിലെ ആദ്യപദം ആരണ്യമെന്നാണ് ഉച്ചരിച്ച് പാടിവരുന്നത്. അതുതെറ്റാണ്. ആരണ്യമെന്നു പറഞ്ഞാൽ വനമെന്നാണ് അർത്ഥം. ചാവറയച്ചൻ ഉദ്ദേശിച്ചത് ഒരിക്കലും അതല്ല. ആരുണ്യം എന്നു തന്നെയാണ്. അതിന്റെ അർത്ഥം ഇളം ചുവപ്പുള്ള, അരുണവർണ്ണമുള്ള എന്നൊക്കെയാണ്. കൊച്ചുകുട്ടികളുടെ ഓമനമെയ്യ് ഇളം ചുവപ്പുള്ളതായിരിക്കും. ഉണ്ണിയേശുവിന്റെ രൂപം ഉൾക്കണ്ണിൽ കണ്ടുകൊണ്ടാണ് ചാവറക്കവി ആ പദം പ്രയോഗിച്ചത് എന്നു വ്യക്തം.

അന്നപാനാദിക്ക് മുട്ടി ദുഃഖിച്ചോരു
അന്നജാപുത്രനെ കാണാകേണം

വെറും പ്രാസത്തിനു വേണ്ടി മാത്രമുള്ള പ്രയോഗമല്ല, ഇത്. അന്നജാപുത്രൻ എന്നതിന് അന്നയുടെ പുത്രനായ യേശു എന്നാണ് അർത്ഥം.

മിത്രനെ മന്ദിപ്പിച്ചീടുന്ന ദീപ്തിയെ
ഗാത്രമറച്ചതും കാണാകേണം

സഹസ്രകിരണനായ സൂര്യനാണ് മിത്രൻ. സൂര്യന്റെ പ്രകാശപ്രഭാവത്തെ അന്ധകാരമാക്കാൻ പോരുന്ന കാന്തിയെ സ്വന്തം ശരീരത്തിൽ മറച്ചുവച്ചവനായ ദൈവപുത്രൻ എന്നാണ് കവി ഇവിടെ അർത്ഥമാക്കുന്നത്.

മറ്റൊരിടത്ത്

കേസരി രാജൻ നീ, നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം

എന്നു പറയുന്നുണ്ട്. ഭാഷയിൽ മാത്രമല്ല, ബൈബിളിലുമുള്ള അഗാധ പാണ്ഡിത്യവും ഈ കൊച്ച് ഈരടിയിൽ നിബന്ധിച്ചിരിക്കുന്നു. *കേസരി* എന്ന വാക്കിന്റെ അർത്ഥം സിംഹം എന്നാണ്. ബൈബിളിലെ ഉൽപ്പത്തിയുടെ പുസ്തകത്തിൽ (49:9) യാക്കോബ് തന്റെ ദ്വാദശ പുത്രന്മാരെ വിളിച്ച് അനുഗ്രഹം കൊടുത്ത വേളയിൽ യൂദായെ *യൂദാ നീ സിംഹക്കുട്ടിയാകുന്നു* എന്നു പ്രശംസ ചെയ്യുന്നുണ്ട്. യൂദായുടെ ഗോത്രത്തിൽ നിന്നാണല്ലോ യേശു ജനിക്കുന്നത്. ആ പുരാവൃത്തം മനസ്സിൽക്കണ്ടാണ് യേശുവിനെ കേസരിരാജൻ എന്ന് ചാവറക്കവി വിളിക്കുന്നത്.

അലങ്കാരങ്ങൾ വാരിക്കോരി ഉപയോഗിക്കുന്ന ചെറുശ്ശേരിയോടല്ല, ഗുരുപാദരായ എഴുത്തച്ഛനോടാണ് അക്കാര്യത്തിലും ചാവറക്കവിക്ക് പഥ്യം:

സൂര്യാഭപളുങ്കിനെ
കടക്കുമെന്നപോലെ
നാര്യാര്യ കന്നിക്ഷയം
വരാതെ പ്രസവിച്ചു[15]

മാതാവും പിതാവും തൻ
മക്കളോടൊരുമിച്ചു
മാവിന്റെ ഇലപോലെ
മരിച്ചു വീണിടുന്നു[16]

സിസിഫൂസിനെപ്പോലെ നിഷ്ഫല വ്യായാമത്തിന്റെ ശിലാഭാണ്ഡവുമായി മല കയറുന്ന ലക്ഷ്യശൂന്യമായ കഥാപാത്രത്തെയല്ല ആദർശദീപ്തവും അനശ്വരവുമായ ഭക്തിവിശ്വാസങ്ങളുടെ ഇരുമുടിക്കെട്ടുമായി മാനവപുരോഗതിയുടെ ഒറ്റയടിപ്പാതയിലൂടെ നടന്നുകയറുന്ന എഴുത്തച്ഛന്റെ പിൻഗാമിയെത്തന്നെയാണ് ചാവറക്കവിയിൽ ദർശിക്കുവാനാവുക. യേശു പിറക്കുന്ന വേളയിൽ ഭൂമിയിൽ ആട്ടിടയന്മാരിൽ ശാന്തി എന്ന ഇടയകന്യകയ്ക്ക് (ആ പേർ ചാവറയച്ചൻ തന്നെ നൽകുന്ന ഒന്നാണ്) ഒരു സംശയം. ദൈവപുത്രൻ ഭൂമിയിൽ അവതരിക്കുകയാണെങ്കിൽ അതു മഹിമപ്രതാപത്തോടുകൂടി ആയിരിക്കില്ലേ? ഇവിടെ ഈ പൈതൽ ആഗതനായത്. സ്വന്തമായി ഒരു വസതിപോലുമില്ലാതെ, കാലികളോടു കടം വാങ്ങിയ പുൽക്കൂട്ടിൽ നിസഹായരും

നിർദ്ധനരുമായ മാതാപിതാക്കളിൽനിന്നാണ്. ഇതെന്തുകൊണ്ടാണ് എന്നു ശാന്തി ചോദിച്ചതിന് പരിശുദ്ധ മറിയം മറുപടി കൊടുക്കുന്നതു ആത്മാനുതാപത്തിൽ നാം വായിക്കുന്നു. മറിയം പറയുന്നു:

ദൈവപുത്രനായ യേശുവിന് രണ്ടു തരത്തിലുള്ള വരവുണ്ട്. ഈ ലോകത്തിലെ പരമ ദരിദ്രർക്കുപോലും തന്നെ സമീപിക്കാനാവും വിധത്തിൽ തികച്ചും നിർദ്ധനനായിട്ടാണ് ആദ്യത്തെ ആഗമനം. അതാണിത്. എന്നാൽ ലോകത്തിന്റെ അന്ത്യത്തിൽ അതീവശക്തിയോടും അതുല്യപ്രതാപത്തോടും കൂടി എഴുന്നെള്ളും. അന്ന് സകല ജീവരാശികളും വിധിയാളനായി വരുന്ന അവിടുത്തെ മുമ്പിൽ വിഹ്വലരായിത്തീരും.

തുടർന്നു ആദ്യ വരവിനെ മറിയം വിശദീകരിക്കുന്നുണ്ട്:

ഇപ്പോൾ മനുഷ്യരക്ഷയ്ക്കായി ദയയെ പ്രകടമാക്കി എത്തിയിരിക്കുന്നു. തന്റെ ശരീരമാകുന്ന വയലിനെ ക്ഷമ, അനുസരണ എന്നീ കാളകളെക്കൊണ്ട് ഉഴുത് മനോഹരമായ ശരീരത്തിൽ നിന്നുള്ള രക്തംകൊണ്ട് സ്വേദനം ചെയ്തു ദയ, കാരുണ്യം എന്നീ വിത്തുകൾ വിതയ്ക്കുന്നു. ദൈവികവരപ്രസാദമാകുന്ന ജലം ധാരാളമായി നൽകുന്നു. വിടർന്നു വരുന്ന ധാന്യങ്ങളെക്കൊണ്ട് അവിടുന്ന തന്റെ മക്കളായ മനുഷ്യകുലത്തെ പോഷിപ്പിക്കും. ഇതാണ് കാഴ്ചയിൽ ദുർബല ശിശുവാണെങ്കിലും ഇവന്റെ ആഗമനലക്ഷ്യം...

ഇപ്പോഴുതവൻ തന്റെ ദയയെ പ്രകാശിപ്പി
ച്ചൽപരാം നരകുല രക്ഷയ്ക്കായെഴുന്നെള്ളി
തന്നുടെ ക്ഷമാകേൾവി പൂട്ടി രണ്ടേറായിട്ടു
മിന്നുന്ന തിരുദേഹം ഉഴുതും രക്തം വാർത്തും

യാകാരുണ്യമെന്ന വിത്തുകൾ വിതച്ചിട്ടു
യഥായോഗ്യങ്ങൾ പോലെ വെള്ളമാം വരം നൽകും
ഇങ്ങനെ വളർന്നങ്ങു ഫലിക്കും ധാന്യങ്ങളെ
ഭംഗിയായി ചേർത്തു തന്റെ മക്കളെപ്പോഷിപ്പിക്കും[17]

ക്രിസ്തുവിന്റെ രണ്ടാം വരവ് ദയാകാരുണ്യങ്ങളുടെ വിളനിലമായിട്ടല്ല കവിസങ്കൽപം.

മുഖ്യമാലാഖമാർ നക്ഷത്രശക്തിയോടെ കാഹളധ്വനി മുഴക്കുമ്പോൾ ഭൂമിയിൽ അന്നുവരെ മരിച്ച വീണ സകല മനുഷ്യരും വിധിവാക്യം കേൾക്കാൻ എഴുന്നേറ്റു വരും. ചടുലവും ശക്തവും ആയ ഭാഷയിലാണ് ചാവറക്കവി അത് പരാവർത്തനം ചെയ്തിട്ടുള്ളത്.

മുഖ്യരാം മാലാഖമാർ പുറപ്പെട്ടുടൻ, ഉഡു
ശക്തിയാൽ ഊതുംനാദം കേട്ടിടും ജഗത്രയേ
മൃതരാം നരജനമൊക്കെയുമെഴുന്നേൽപ്പിൽ
കൃതാകൃതങ്ങക്കൊത്തഫലത്തെ വാങ്ങിപ്പാനായ്

എഴുത്തച്ഛന്റെ അന്തേവാസിയായ ഒരു കവിക്കു മാത്രം കഴിയുന്ന മട്ടിൽ യേശുവിന്റെ അന്ത്യവിധിയുടെ രംഗങ്ങൾ പകർത്തിയിരിക്കുന്നത് നോക്കുക:

ഈ ലോകേ പ്രസിദ്ധരായ് നടന്ന ജനമപ്പോൾ
ആലോഭചപലരായ് ലജ്ജിച്ചു വിറച്ചീടും
അന്നേരം നീതീശ്വരൻ അഗ്നിവൽമുഖത്തോടെ
നിന്ദ്യരാം ജനങ്ങളെ പാർത്തു താനരുൾ ചെയ്യും
നോക്കുന്ന നയനങ്ങൾ തീക്കുന്തമെന്നപോലെ
വാക്കതിമൂർച്ചയുള്ള ഈർച്ചവാളതിൻ സമം
നേർക്കുന്ന തിരുമുഖം നോക്കുന്ന നേരം തെല്ലും
പാർക്കുവാൻ വശമുള്ള സൃഷ്ടിയില്ലയ്യോ നാഥാ
ശിലകൾ പൊടിയാക്കി തകർക്കുമിടിപോലെ
ചപലന്മാരെ പാർത്തു കൽപ്പിക്കും നരദേവൻ
ദുഷ്ടരേ, നന്ദിഹീന മൂഢരേ നിങ്ങൾക്കായി
സൃഷ്ടിനാഥനാം നാമും ദുഷ്ടനായി ഹലോകേ
ജലഗർഭമേഘങ്ങൾ സലിലം വാർക്കും തഥാ
ജഗതിയതിൽ പെയ്തു മമദാനങ്ങൾ ദൃഢം
സൂക്ഷിപ്പിൻ മമഗാത്രേ നിങ്ങൾക്കായ് ക്ഷമിച്ചൊരു
സാക്ഷിപ്പീകരങ്ങളിലതിതാ കാണുന്നില്ലേ?[18]

ആറും അറുപതും ഏഴും എഴുപതും ഒരുപോലെ എന്നു പറയാറുണ്ട്. എഴുത്തച്ഛൻ സദാസമയവും വരിഞ്ഞു മുറുക്കിയ ഒരു വില്ല് ആയിരുന്നില്ല. ത്രയംബകം ചാപം മൂന്നായി മുറിഞ്ഞു വീണതോടെ അദ്ദേഹത്തിന്റെ മനസ്സും മസൃണമായതായിരിക്കാം. ഒരു മുത്തശ്ശൻ പേരക്കുട്ടിയെ അടുത്തിരുത്തി ലാളിക്കുന്നതുപോലെ അദ്ദേഹം

വരികരികിൽ
കിളിമകളെ
വരിനെല്ലിന്നളവിൽ
അരിവറുത്തെള്ളും
നവനാളികേര
സലിലവും പാലും

നൽകുമെന്നും പറഞ്ഞിട്ടുണ്ടല്ലോ. എഴുത്തച്ഛന്റെ കളരിയിൽ അഭ്യസിച്ച ചാവറയച്ചനും ശിശുമനസ്സിന്റെ ലാവണ്യം കൈമുതലാക്കിയ വ്യക്തി ആയിരുന്നു. യേശുവിന്റെ ജീവചരിത്രം രേഖമാത്രമായി പ്രതിപാദിക്കുന്ന *ആത്മാനുതാപത്തിലെ* മൂന്നാം പാദം ഉദാഹരണമാണിതിന്:

ഇച്ഛയോടമ്മയെ കെട്ടിപ്പിടിച്ചൊരു
കൊച്ചുകരങ്ങളെ കാണാകേണം
അന്നേരം കൊഞ്ചിച്ചു ചാഞ്ചലാട്ടുന്നതാം
ആനന്ദാധിക്യവും കാണാകേണം

സ്നേഹത്തിനാലെ ചുരത്തിയ പാൽ അമ്മ
മോഹാൽ കൊടുത്തതും കാണാകേണം
പുത്രൻ പാലുണ്ണുമ്പോൾ മാതാവിനുണ്ടായ
ചിത്രമാം ഭക്തിയും കാണാകേണം[19]

ഗുരു നിത്യചൈതന്യയതി പറയുന്നതുപോലെ കഴിഞ്ഞ ഒരു നൂറ്റാണ്ടു മുൻപ് മലയാളക്കരയിലെ മതങ്ങളും സമുദായങ്ങളും പരസ്പരം ബന്ധമില്ലാതെ വാട്ടർ ടൈറ്റ് കംപാർട്ടുമെന്റുകളിൽ എന്നതുപോലെ കഴിഞ്ഞിരുന്നു. ഓരോ വിഭാഗവും അവരവരുടെ വിശ്വാസവും പേറി *കുങ്കുമം ചുമക്കുന്ന ഗർദ്ദഭങ്ങളേപ്പോലെ* നടന്നുപോയിരുന്നു. അക്കാരണം കൊണ്ടാണ് സ്വാമി വിവേകാനന്ദൻ കേരളത്തെ *ഭ്രാന്താലയ*മെന്നു വിശേഷിപ്പിച്ചതും. എന്നാൽ സാംസ്ക്കാരിക പരിപാകം വന്ന ചാവറയച്ചനെപ്പോലുള്ളവർ ഇതര മതങ്ങളിലെ മഹനീയ തത്വങ്ങൾ സ്വാംശീകരിക്കാനും സ്വായത്തമാക്കാനും തയ്യാറായിരുന്നു. ഏറ്റുമാനൂർക്കാരൻ ഒസനാർ മേത്തരെപ്പോലെയുള്ള മുസ്ലീം നേതാക്കളുമായി അദ്ദേഹം ആത്മബന്ധം പുലർത്തിയിരുന്നുവെന്ന് ചരിത്രത്തിൽ കാണാം. ചാവറയച്ചൻ മാപ്പിളപ്പാട്ടിന്റെ താളം സ്വകീയമാക്കി കാവ്യരചന ചെയ്തത് ഒരുപക്ഷേ ആ ആത്മബന്ധത്തിന്റെ അടിസ്ഥാനത്തിലായിരിക്കാം.

പ്രപഞ്ചത്തിലെ നയനാഭിരാമമായ കാഴ്ചകളും ഹൃദയംഗമമായ ചലനഗതികളും പ്രപഞ്ച നാഥനായ ദൈവത്തിലേക്ക് നമ്മുടെ മനസ്സിനെ ഉണർത്തുന്നുവെന്ന് എല്ലാ മതസംഹിതകളും ബുദ്ധിയുള്ള മനുഷ്യനെ കാണിച്ചുകൊടുക്കുന്നു.

പരിശുദ്ധ ഖുറാനിൽ മൂന്നാം സൂറായിൽ 191-ാം വാചകം ഇങ്ങനെയാണ്:

അള്ളാവിന്റെ സ്തുതികൾ പാടുന്ന മനുഷ്യൻ ഇരിക്കയാണെങ്കിലും, നിൽക്കയാണെങ്കിലും, വശം തിരിഞ്ഞു കിടക്കുകയാണെങ്കിലും ആകാശത്തിലും ഭൂമിയിലുമുള്ള അവിടുത്തെ കരവേലകളെക്കുറിച്ചു ധ്യാനിക്കുന്നു. അല്ലയോ ദൈവമേ! നീ ഇവയെല്ലാം സൃഷ്ടിച്ചത് ഒരിക്കലും വെറുതെ ആയിരിക്കയില്ല എന്ന് എനിക്കറിയാം. നിനക്ക് നിത്യം സ്തുതി ഉണ്ടായിരിക്കട്ടെ. എന്നെ രക്ഷിക്കണേ...[20]

ഒരു ഹിന്ദി കവിതയുടെ ഈരടികൾ ഓർമ്മ വരുന്നു:

യഹ് ദേക്കോ കാണ്ഡേ ഹൈ ഇസ്മേ
ഐബ് നഹിം ദുനിയാം മേ കിസ്മേ
തും ഐബോംപർ ധ്യാൻ നദേനാ
വിദ്യാസീക് സബിസേ ലേനാ

പനിനീർ പുഷ്പം പറയുകയാണ്: ഹായ്! നിങ്ങൾ എന്റെ ശിഖരത്തിലേക്ക് ഒന്നു നോക്കുക. ലോകത്തിൽ മറ്റൊരിടത്തും കാണാത്ത സൗന്ദര്യക്കാഴ്ചയല്ലേ ഇത്! ഇതിനെക്കുറിച്ച് നിങ്ങൾ ധ്യാനിച്ച് സായൂജ്യം പ്രാപിക്കുക.

കവികളും കലാകാരന്മാരും ലോകത്ത് എവിടെയും ഒരുപോലെ ചിന്തിക്കുന്നു. അതുല്യഭാവുകനായ ചാവറക്കവി ആത്മാനുതാപത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

ആകാശഗമനവുമാദിത്യചന്ദ്രന്മാരും
പ്രകാശഗ്രങ്ങളും നക്ഷത്രക്കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലം സമസ്തവും സൂക്ഷിച്ചുനോക്കിക്കൊണ്ട്
ഇതൊക്കെ സൃഷ്ടിച്ചതിനെന്തു കാരണമെന്നു-
മിതിനെക്കണ്ടു നിന്റെ മഹിമഗ്രഹിപ്പാനും
ഇപ്പോലെയുള്ള ഭാഗ്യമീലോകേ വച്ചുവെങ്കി-
ലപ്പരലോകെയുള്ള ഭാഗ്യങ്ങളെത്രചിത്രം!
എന്നിതൊക്കെയും കണ്ടുഗ്രഹിപ്പാൻ കണ്ണുതന്നു
നന്ദിയില്ലാത്ത മമ കണ്ണിനാലെന്തു ചെയ്തു![21]

മൺകുടത്തിൽ പകർന്നു കിട്ടിയ നിധിയാണ് ജീവൻ എന്നത്. ഏതു നിമിഷവും അതു തകരാം. അതുകൊണ്ട് ജീവനുള്ള ഏതിനെയും മരണശങ്ക മഞ്ഞുപാളി പോലെ പൊതിഞ്ഞുനിൽക്കുന്നു. എന്നാൽ എല്ലാവരിലും കൂടികൊള്ളുന്ന ഈ അഖണ്ഡ വ്യാകുല സങ്കൽപം ഒരു വെള്ളിക്കരണ്ടിയിൽ ഇഴുക്കിയെടുത്തു കർപ്പൂരക്കട്ടപോലെ കത്തിച്ച് മനസ്സിനു കുളിർമയേകാൻ കവിപ്രതിഭയ്ക്കു മാത്രമേ കഴിയുകയുള്ളൂ. മരണത്തെക്കുറിച്ച് ഒന്നരനൂറ്റാണ്ടു മുൻപ് ചിന്താബന്ധുരമായി കവിത എഴുതുവാൻ ചാവറയച്ചനല്ലാതെ അധികം കവികൾ ധൈര്യം കാട്ടിയിട്ടില്ല. മരണത്തിന്റെ ഭയാനകനിമിഷത്തിൽ ദൈവമാതാവിന്റെ സഹായം കവി അഭ്യർത്ഥിക്കുന്നതു നോക്കുക:

മരണമെന്ന സ്മരണയെന്നി
ലുയരുമെന്ന സമയമേ
സ്മരണ രണ്ടു വിധമതായി
ഉഴലുമെന്റെ ചേതസി
മരണമെന്ന തിരയിറക്കിൽ
ദയനിറഞ്ഞ തിരുമുഖം
നയനനെന്നതിന്നു ദൃശ്യ
മാക്കുവാനപേക്ഷയും[22]

ലോകത്തിൽ നാം ഒരു വസ്തുവിനെ എത്രയധികം സ്നേഹിക്കുന്നുവോ ആ വസ്തുവിന്റെ നഷ്ടം നമ്മുടെ സ്നേഹം പോലെ ആഴമേറിയതായിരിക്കും എന്ന് പ്ലേറ്റോ പറയുന്നുണ്ട്. ചാവറക്കവിതയിലെ മാതൃദുഃഖം എന്ന കാണ്ഡം വ്യാകുലയായ മാതാവ് യേശുവിന്റെ മൃതശരീരം മടിയിൽ വച്ച്

കുരിശിൻ ചുവട്ടിൽ ഇരുന്ന് ദുഃഖം അയവിറക്കുന്ന ഭാഗമാണ്. പീഡാനുഭവ രംഗങ്ങൾ ഓരോന്നായി മറിയത്തിന്റെ മനസ്സിലൂടെ കടന്നുപോകുന്നു. പടയാളികൾ യേശുവിന്റെ വസ്ത്രം അഴിച്ചെടുത്ത് ആദ്യം അത് കീറി പങ്കിടാൻ ഒരുങ്ങുകയും പിന്നീട് ചിട്ടിയിട്ട് ഒരാൾക്ക് കൊടുക്കുകയും ചെയ്യുന്ന ദാരുണരംഗം വ്യഥയും വേപഥുവുമാർന്ന അമ്മ മനസ്സിൽ കാണുന്നു. ഉണ്ണിയേശുവിന്റെ തിരുവസ്ത്രം എങ്ങനെ തയ്ച്ചെടുത്തതായിരുന്നുവെന്നോർത്തു നൊമ്പരപ്പെടുന്ന മറിയത്തിന്റെ മനസ്സ് കവി നമുക്കു കാണിച്ചു തരുന്നു. ആ മനസ്സിന്റെ പരിപാകപ്പെടുത്തലിൽ ഭർത്താവായ ജോസഫിന്റെ ഭാഗഭാഗിത്വവും വ്യക്തമാക്കുന്നു. ചാവറക്കവിതയെന്ന ലാവണ്യദുഗ്ധം കടഞ്ഞെടുത്തതുവെണ്ണയാണ് ഈ ഭാഗം:

നിർമ്മലബാഹുക്കളാൽ നീ തന്നെ നൂൽകൾ നൂറ്റു
ഒന്മയാൽ നെയ്തുനെയ്തു ചമച്ചു പിള്ളക്കച്ച
നന്മയാൽ പുഷ്പം കരദണ്ഡതിൽ വിരിയിച്ച
നിൻമണവാളൻ തന്റെ കൈകളാൽ സുപുഷ്പങ്ങൾ

ചെമ്പകം മല്ലി നല്ല പിച്ചകം കുസുമാദി
ഇമ്പമേറിടും കറുവായാദിവർഗ്ഗങ്ങളെ
ഒക്കെയും കൂട്ടിച്ചമച്ചെത്രയും സുബുദ്ധിയാൽ
വെക്കമായ് മാറ്റിക്കൊണ്ടു സുഗന്ധജലത്തിനാൽ

തളിച്ചുശുദ്ധീകരിച്ചടച്ചു പെട്ടിതന്നിൽ
ഒളിച്ചു സൂക്ഷിച്ചല്ലോ, പിറക്കും മുൻപിലയ്യോ
ഇതുമെന്നിയേ തന്റെ ശിശുവാം കാലത്തിങ്കൽ
സ്തുതിയാലീജിപ്തതിൽ ചമയിച്ചിതു നീയേ

സൂതനും പഞ്ചവയസ്സടുക്കുന്നതിൻ മുൻപേ
സുതചിത്തം പോലിതു ധരിപ്പിച്ചതുമുതൽ
സുന്ദരൻ സുതനോടുമൊന്നിച്ചുവളർന്നതാം
അന്നെന്നപോലെയിന്നും മിന്നുന്നോരുടയാട

ഇന്നിതാ ദുഷ്ടജനം പറിച്ചുനീക്കിക്കൊണ്ടു
വന്ദനീയമാം തന്റെ കാൽക്കരം കെട്ടുന്നതും
മറ്റൊരുജനത്തിന്റെ കൈകളിൽ കൊടുക്കാത്ത
ഉറ്റനിൻ സ്നേഹപുത്രമേനിയെക്കാണുന്നിതോ[23]

ലോകം ശോകഹതം സമസ്തം എന്ന് സർവ്വജ്ഞപീഠം കയറിയ ജഗദ്ഗുരു ശങ്കരാചാര്യർ പറയുന്നുണ്ട്. കരുണരസം കരകവിയുന്ന രംഗങ്ങളും ചിത്രങ്ങളുമാണല്ലോ മനസ്സിൽ ഒരിക്കലും മായാതെ നിൽക്കുന്നത്. *ഉമാദുഃഖം* പോലുള്ള വിലാപകാവ്യമെഴുതിയ അർണ്ണോസുപാതിരി അനുവാചക

ഹൃദയങ്ങളെ തൽരചനയിലൂടെ തരളിതമാക്കി. ഈ ലേഖകൻ ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ പഠിച്ച ഗാന്ധാരിവിലാപം ഇന്നും ഓർമ്മയിൽ തങ്ങി നിൽക്കുന്നു:

ഉണ്ണീ മകനേ, ദുര്യോധനാ നിന്റെ
പൊന്നിൻ കിരീടവും ഭൂഷണജാലവും
ഉമ്പർകോനത്തൊരു വമ്പും പ്രതാപവും
ഗംഭീരമായുള്ള ഭാവവും ഭംഗിയും
ഇട്ടു കളഞ്ഞുടൻ എന്നെയും എത്രയും
ഇഷ്ടമായിടുന്ന പിതാവിനെക്കൂടെയും

ആത്മാനുതാപത്തിലും ദുഃഖസ്പന്ദനപരിവൃത്തം ഹൃദയതംബുരുവാക്കുന്ന ധാരാളം ഈരടികളുണ്ട്. ഉണ്ണി യേശുവിന്റെ ജനനം പ്രതിപാദിക്കുന്ന വേളയിൽ ഒരമ്മയുടെ വേദന എത്ര ആർദ്രതയോടെയാണ് കവി കാണിച്ചു തരുന്നത്:

മക്കളാം മനുകുലം പൊയ്ക്കളഞ്ഞുള്ള ഭാഗ്യ
മൊക്കെയും വീണ്ടും തരാൻ നിൻ തിരുമനസ്സിനാൽ
പൊക്കമേറുന്ന ഭാഗ്യമൊക്കെയും ത്യജിച്ചു നീ
പൊയ്ക്കളഞ്ഞന്നജത്തിനെ തേടുവാൻ മാട്ടിൻകൊട്ടിൽ
വേസരി കാള രണ്ടുമൃഗത്തിൻ നടുവതിൽ
കേസരിയുദാക്കുട്ടിയായി നീ പിറന്നയ്യൊ

അന്നേരം ശിശുവായ നിന്നുടെ ബാഹുക്കളെ
അന്നേരത്തുള്ള കുളിർപോക്കുവാൻ നീട്ടുന്നയ്യൊ:
കാറ്റിനാൽ വിറയ്ക്കുന്നു മഞ്ഞിനാൽ തണുക്കുന്നു
മാറ്റുവാൻ മറയില്ല നീക്കുവാൻ വാതിലില്ല
നിന്ദിതസ്ഥലമായ തൊഴുത്തിൽ വന്നുപിറ-
ന്നന്നുള്ള ദരിദ്രരിലൊക്കെയും മുഖ്യൻ നീയായ്
അയ്യയ്യോ നാഥൻ നീയോ, നിന്നുടെ മാതാ, നാഥ,
യേശയ്യാവചനം പോൽ ദാവീദു രാജഗോത്ര

മന്നവരുടെ മഹോന്നതമാം മാളികകൾ
മിന്നുന്ന കട്ടിൽമെത്ത കോതടികളില്ലയോ
പട്ടും പട്ടാളികളാൽ കുത്തിയ തലയിണ
പൊട്ടാതെനിറച്ചുള്ള വട്ടമാം ചാവട്ടയും

മെച്ചമാംമമ്മലുകൾ രത്നക്കമ്പിളികളും
ഇച്ഛയാൽ മൂടിക്കൊൾവാൻ നിർമല നീരാളവും
ഇച്ചൊന്നതൊക്കെനിന്റെ മഹിയ്മക്കിണങ്ങുമോ
മെച്ചമൊക്കെയും നീക്കിയിച്ഛിച്ചു ദാരിദ്ര്യത്തെ

ദൈവികദൂതന്മാരേ, യാകാശ ഠാണുക്കളേ
ദേവദേവനാം തവ രാജനെക്കാണുന്നില്ലേ,
വേസലം ഗുഹയതിൽ ദേവനയോടുകൂടെ
വേസരി യിടയതിൽ കിടക്കുന്നതെന്തയ്യോ.

കിടക്കയതിന്നായി വൈയ്ക്കോലുനിരത്തുംപാഴ്
ഇടത്തിൽക്കിടക്കുന്ന നാഥനെ കാണുന്നില്ലേ
തലക്കീഴെന്താകുന്നു സൂക്ഷിപ്പിൻ ഭൃത്യന്മാരെ,
കനത്ത കല്ലാൽ മൃദുമൗലിയ്ക്കെന്തൊരു ദുഃഖം[24]

ജോസഫും ഗർഭിണിയായ മേരിയും ബദ്‌ലേഹം നഗരിയിൽ ഒരു വസതി അന്വേഷിച്ച് അലഞ്ഞു നടന്നു. ദാവീദു രാജാവിന്റെ ഗോത്രത്തിൽപ്പിറന്ന ജോസഫിനും മേരിക്കും ദാവീദിന്റെ ജന്മദേശമായ ബദ്‌ലേഹം നഗരം അഭയം നൽകാതിരുന്ന നന്ദിഹീനതയെ എത്ര ശക്തമായിട്ടാണ് ഈ കവി അനുഗാനം ചെയ്യുന്നതെന്നു നോക്കുക:

പൂർണ്ണഗർഭിണിയായ നിർമ്മലമാതാവിന്നു
പൂർണ്ണമായിരിപ്പാനു മില്ലല്ലോസൂതിഗൃഹം
രാജനാംദാവീദിന്റെ നഗരമിതല്ലയോ?
രാജഗോത്രക്കാരിവർ ദാവീദിൻപുത്രരല്ലേ!
രാജനായ് വാണീടുവാനുള്ളൊരു നാഥനല്ലേ!
രാജ്ഞിയാംത്രിലോകത്തിൻ നാഥയുമിവളല്ലേ!

അയ്യയ്യോനഗരമേ, ആരെ നീയുപേക്ഷിച്ചു?
അയ്യത്തിനല്ലാതിനി നിനക്കു യോഗ്യമുണ്ടോ?
തന്നെനീയുപേക്ഷിച്ചു തള്ളിനിൻ പുറമതിൽ
തന്നാലേയുപേക്ഷിക്കപ്പെട്ടു നീയതുംതിട്ടം

ഉന്നതരെത്ര, തന്നെപ്പാർത്തപേക്ഷിച്ചുവന്നു,
മന്നവർപ്രസിദ്ധരും ദീർഘദർശകന്മാരും
ഇന്നുനീനഗരമേ മറന്നു ദുർഭാഗ്യയായ്
ഇന്നിനീയപേക്ഷിക്കും സാധ്യമില്ലയ്യോ, ദുഃഖം[25]

ഡോ. സുകുമാർ അഴീക്കോട് മഹാകവി ജി. ശങ്കരക്കുറുപ്പിനെ വിമർശിച്ച വേളയിൽ പറഞ്ഞതുപോലെ, മലയാളത്തിൽ മിസ്റ്റിക് കവിതകൾ എന്ന പേരിൽ അറിയപ്പെടുന്ന ഭൂരിപക്ഷം കൃതികളും വ്യാജമിസ്റ്റിസിസം ആണ്. എന്നാൽ ഒന്നര നൂറ്റാണ്ടുമുൻപ് മിസ്റ്റിസിസം സംബന്ധിച്ച് മലയാളത്തിൽ യാതൊരു ലക്ഷ്യമോ ലക്ഷണമോ കേൾവിയോ ഇല്ലാതിരിക്കേ, അതിമനോഹരമായ കവനതല്ലജത്തിന് അലകും പിടിയും നൽകിയ ചാവറക്കവിക്ക് നമോവാകം നേരുക തന്നെ ചെയ്യണം.

യേശുദേവൻ നിന്ദിതനും പീഡിതനും ആയി രക്തമണിഞ്ഞ ഗാഗുൽത്തായുടെ വിരിമാറിലൂടെ കുരിശുമായി നീങ്ങുന്ന രംഗം എത്ര ഹൃദയസ്പർശിയായിട്ടാണ് ഈ കവി ശോകഛവിയിൽ വരച്ചുകാട്ടുന്നത്. സോളമൻ രാജാവിനെ സ്വമാതാവ് ചെമ്പട്ടും കിരീടവും അണിയിച്ച് പള്ളിയറയിലേക്ക് ആനയിച്ചുകൊണ്ട് *അല്ലയോ, ജറുസേലം പുത്രിമാരെ നിങ്ങൾ കാണുന്നുവോ?* എന്നു ആരായുന്ന പരിവൃത്ത സ്ഥിതമാണവിടെയും, വിരുദ്ധപ്രൗഢിയിൽ എന്നുമാത്രം.

മനോഹരമായ മണപ്പന്തൽ അഥവാ വിവാഹപ്പന്തൽ ഗാഗുൽത്താമല ആയിരിക്കുന്നു. ആ മണവാളന്റെ ഗളത്തിൽ ചാർത്തിയിട്ടുള്ളതു രക്തമാലയാണ്. കൈവിലങ്ങുകളാകുന്ന വളകൾ ധരിച്ചിരിക്കുന്നു. തലയിൽ തിളങ്ങുന്ന (മുൾ) കിരീടം ചൂടിയിരിക്കുന്നു. ആ കിരീടത്തിൽ രത്നമണികൾ പോലെ ചോരത്തുള്ളികൾ പ്രകാശം ചോർത്തുന്നു. അതിന്റെ പ്രകാശം മുഖത്തു തിളങ്ങുന്നു. ധരിച്ചിട്ടുള്ള കല്യാണവസ്ത്രത്തിലും രക്തമണികൾ പറ്റിപ്പിടിച്ചിരിക്കുന്നു. ഈ രാജകുമാരൻ കയ്യിൽ പിടിച്ചിരിക്കുന്നതോ, കുരിശാകുന്ന ഉടവാളാകുന്നു. അദ്ദേഹത്തിന്റെ ഇരുവശത്തും അംഗരക്ഷകരായി രണ്ടു തസ്ക്കരന്മാർ നിലകൊള്ളുന്നു.

നിന്ദാസ്തുതിയിലൂടെ മഹാനായ കവി സമർത്ഥിക്കുന്ന കരുണാർദ്രമായ ചിത്രം മലയാള കവിത മറ്റൊരിടത്തും കാണാത്തതാണ്:

തന്നുടെ സ്നേഹമാതാ രാജാവാം സോളമനെ
മന്നിതിൽ സ്നേഹത്തോടെ ചാർത്തിയ കിരീടത്താൽ
പേർത്തവൻ തന്റെ സ്നേഹപാത്രമാം മണാട്ടിയെ
ചേർത്തുനൽ വിവാഹത്തിന്നായ്ക്കൊണ്ടു യാത്രയിതാ
ആർത്തുള്ള സ്നേഹഘോഷാൽ ചാർത്തിയങ്ങുയർത്തിയ
ധൂർത്തുള്ള മണപ്പന്തൽ ഗാഗുൽത്താകൊടുമുടി
ധീഗത്യ മഹാവേഗമായുള്ള യാത്ര കാണ്മിൻ
ധീരതയുള്ള സ്നേഹാവാമിനി വന്നീടുക
സൂക്ഷിക്ക ദിവ്യ സ്നേഹ മണവാളന്റെ ഗളേ
സൂക്ഷിപ്പാൻ ചക്ഷുസ്സിനു ശക്തിയെത്താത്തമാല
തൻ കരകടകങ്ങളെത്രയോ മനോഹരം
അംബരശ്രേഷ്ഠമാർക്കും പാർക്കുവാൻ തിറംപോരാ
സുന്ദരൻ മണവാളൻ തന്നുടെ കിരീടത്തെ
സുന്ദരാംഗിയേ മഹാസ്നേഹത്താൽ സൂക്ഷിക്ക നീ
നിന്നുടെ സ്നേഹവശാലിന്നു മാത്രമായിതു
തന്നുടെ ശിരസ്സണിഞ്ഞീടുവാനായിത്തീർത്തു
മന്നിലിതുള്ള മഹാമന്നവന്മാർക്കുമിതിൻ
മുന്നിലുള്ളോർക്കുമില്ല എന്നതു സുനിശ്ചയം

ഇക്കിരീടത്തിൽ പതിച്ചിടുന്ന രത്നമണി
അക്കരെകാണാതുള്ള നല്പെഴും വിലയുറ്റ
നീണ്ടതും വളഞ്ഞതും കൂർത്തതും വർണ്ണരശ്മി
വീണ്ടതിൻ ചുറ്റുംനിന്നു തൂങ്ങുന്നമുത്തുമണി
നീണ്ടുതൻ നെറ്റിചെവി ചുറ്റുമാരശ്മീരസം
കല്യാണവസ്ത്രത്തിലും തൂങ്ങുന്ന ശിരോമണി
കല്ല്യാണപ്പന്തൽവരെ പൂവാടയിതുതന്നെ
ഇത്തരം രത്നത്തിലൊന്നാഗ്രഹിക്കുന്നോരെത്ര!
സുത്തിരുപത്നി നിനക്കെത്രയോയിതുയുക്തം
പിന്നെയും തന്റെ കൈയിൽ പിടിച്ച മഹായുധം
മിന്നോരുടവാളിൻ മൂർച്ചയെത്രയോ ചിത്രം
തന്നുടെ ദൈഭാഗത്തിലുണ്ടിരുതോഴ്മക്കാരും
അന്നുടൻതന്നെ ചേർത്തു ഭംഗിയാലിവരെയും[26]

മഹാകവി കുഞ്ചൻ നമ്പ്യാർ എവിടെയോ ഒരു കാവ്യത്തിൽ പൂച്ച എന്ന അർത്ഥത്തിനായി *പൂശകൻ* എന്നു പ്രയോഗിച്ചുവെന്ന് കേട്ടിട്ടുണ്ട്. വായിച്ച അനുവാചകരിലൊരാൾ അദ്ദേഹത്തോടു ചോദിച്ചത്രെ:

പൂശകന് എങ്ങനെ പൂച്ച എന്ന് അർത്ഥം ഉണ്ടാകും?
നമ്പ്യാർ ഉരുളയ്ക്ക് ഉപ്പേരി പോലെ മറുപടി പറഞ്ഞു:
പൂശകനെന്നാൽ
പൂശകനാകും

അതായത് താൻ അങ്ങനെ പ്രയോഗിച്ചിട്ടുണ്ടെങ്കിൽ അർത്ഥം താനേ വന്നുകൊള്ളും എന്ന്? അതക്ഷരംപ്രതി സത്യമായി. ഇന്നിപ്പോൾ നിഘണ്ടുവിൽ പൂശകൻ എന്നാലർത്ഥം പൂച്ച എന്ന് ആയിട്ടുണ്ട്. വശ്യവാക്കുകളായ കവികൾ സ്വച്ഛന്ദം എഴുതിയാൽ അർത്ഥം താനേ വന്നുകൊള്ളും എന്നു പറയാറുണ്ട്.

ശബ്ദസാഗരം എന്ന വിസ്ഫാരിത കോശത്തിനായി അതിന്റെ പ്രവർത്തകർ സുറിയാനി, ലത്തീൻ തുടങ്ങിയ ഭാഷകളിൽ നിന്നു മലയാളത്തിൽ വന്നുചേർന്നിട്ടുള്ള വാക്കുകൾ സമാഹരിച്ചു കൊടുക്കണമെന്ന് ഈ ലേഖകനോടാവശ്യപ്പെട്ടിരുന്നു. സുറിയാനിപ്പദങ്ങൾ ഏറെയും ചാവറക്കൃതികളിൽ നിന്നാണ് കിട്ടിയത്. *മല്പാൻ* (വൈദികഗുരു) *ആലാഹാ* (ദൈവം) *അമ്മാനുവേൽ* (ദൈവം നമ്മോടുകൂടെ) *ആമ്മേൻ* (ശരി) *യൂസെ* (ജോസഫ്) *സ്രാപ്പേക്രോവേ* (മാലാഖാമാർ) *ലബർ* (കുഴിമാടം) തുടങ്ങി ശതക്കണക്കിനു വാക്കുകൾ ചാവറയച്ചൻ സുറിയാനിയിൽ നിന്നും മലയാൺമക്ക് സംഭാവന ചെയ്തിട്ടുണ്ട്. സത്യത്തിൽ സംസ്കൃതഭാഷയുടെ വളർത്തച്ഛനെപ്പോലെ പ്രവർത്തിച്ച ചാവറക്കവിയുടെ കാവ്യപദസന്നിവേശത്തെക്കുറിച്ച് ഒരു പദനിഘണ്ടു തന്നെ തയ്യാറാക്കാവുന്നതാണ്.

കാരണപാപഹരായം (ഉത്ഭവപാപം നീക്കുന്ന ജലം-മാമ്മോദീസാ) *അന്ന യോപുത്രൻ* (അന്നയുടെ പുത്രിയായ മറിയത്തിന്റെ പുത്രൻ-യേശു) *ഏകേ ശനാഥൻ* (ഏകദൈവം) *സ്ത്രീണാംവര* (സ്ത്രീകളിൽ ശ്രേഷ്ഠ) *ദേഹം ദേഹി* (ശരീരവും ആത്മാവും) *കമലത്തിരുപ്പാദം* (താമരപ്പൂപോലുള്ള പാദം) *ത്രാണനത്തിന്റെ നാഥൻ* (രക്ഷകൻ) *അബ്ധിതാരനാഥ* (സമുദ്രതാരമായ മറിയം) *സോമപാദിനി* (പാദത്തിങ്കൽ ചന്ദ്രനെ അമർത്തിയവൾ-മറിയം) *താരമകുടമണി* (താരക മുടിചൂടിയ) *ധാത്രീപാലകൻ* (ദൈവം) *ഗുണാം ബുധേ* (നന്മസമുദ്രമേ) *ചതുർദശം* (നാൽപത്).... ഇങ്ങനെ എത്രയോ സമ സ്തപദങ്ങൾ ഈ കവിയുടെ പദകോശത്തിൽ നിന്ന് അനർഗളമായി ഒഴു കിയെത്തി.

ടി.എസ്. എലിയട്ടിനെപോലെയുള്ള ആധുനിക കവികൾ രചനയിൽ വൃത്തബന്ധം വിട്ട് സ്വതന്ത്രം പുറത്തു ചാടാറുണ്ട്. ഇംഗ്ലീഷിൽ എഴുതി ത്തുടങ്ങിയ കൃതികളിൽ ലത്തീനോ ഗ്രീക്കോ സംസ്കൃതമോ കടന്നു കൂടാ റുണ്ട്. പുതിയ നിരൂപകർ അതൊക്കെ അധുനാതന കവികളുടെ വെളിപാ ടുകൾ ആയിട്ടാണ് വ്യാഖ്യാനിക്കുന്നതെന്നതു അതിന്റെ നർമ്മവശം. ഒരു വിധത്തിൽ നോക്കുമ്പോൾ ചാവറയച്ചന്റെ കവിതകളെക്കുറിച്ച് പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ വിമർശക ചർച്ച ഉണ്ടാകാ തിരുന്നതു നന്നായി. അന്നത്തെ നിരൂപണമെന്നാൽ സന്ധി-സമാസ ചിന്ത കളും ദണ്ഡിയുടെ മഹാകാവ്യനിർവചനത്തിൽ നിന്ന് കടുകോളം വ്യതിച ലിച്ചിട്ടുണ്ടോ എന്നുള്ള അഗ്നിശോധനയും മറ്റും മാത്രം ആയിരുന്നു. അവ രുടെ കൈകളിൽ എങ്ങാനും ചാവറയച്ചനെപ്പോലെ സ്വതന്ത്രചിന്തയുള്ള കവിയെ കിട്ടിയാൽ നിഷ്കരുണം നിഗ്രഹിക്കുമായിരുന്നു!

ഒടുക്കം മിലാത്താന്തി എന്ന പള്ളിയുമതിൽ
നടുവിൽ നാഥൻ രാജൻ അമ്മയാം രാജ്ഞീസഹ

എന്നും

മാതാവിൻ ഓരത്തോരി എന്നതിൽ സ്നേഹപുത്രൻ
ദൂതരും ഒരുമിച്ചു നിന്നുപാടിടും സ്തുതി

എന്നും തുടങ്ങിയ പരദേശപ്രദയോഗങ്ങൾ കണ്ടാൽ വിട്ടുവീഴ്ച ചെയ്യുന്ന വരായിരുന്നില്ലല്ലോ അന്നത്തെ വിമർശക സിംഹങ്ങൾ. ഇന്നു പക്ഷെ സ്ഥിതി മാറിയിരിക്കുന്നു. വൈവിധ്യമാർന്ന ഭാഷകളും സാംസ്ക്കാരിക ഭാവങ്ങളും ഇടചേർത്തുകൊണ്ട് കവി തന്റെ കൃതിയെ സമ്പന്നമാക്കുന്നത്, സഹൃദയർ ആദരിക്കുന്നു. വൈദേശിക മാതൃകകളെ സ്വാംശീകരിച്ച് കാവ്യസാമ്രാജ്യ ത്വത്തിന്റെ സീമകളെ വിസ്തൃതമാക്കുന്നതിനെ അസഹിഷ്ണുതയോടെ കാണുന്നവർ ഇന്നുമുണ്ട്. കാവ്യസിംഫണിയുടെ അപശ്രുതിയായി അതിനെ കരുതുന്നവരാണവർ. ഇന്നും അതാണവസ്ഥയെങ്കിൽ ഒന്നര നൂറ്റാണ്ടു മുമ്പുള്ള കാലത്തെക്കുറിച്ചു സങ്കൽപ്പിക്കയേ വേണ്ടൂ!

മാമകപ്പിതാവുനീ ഭാഗ്യവുമെനിക്കുനീ
മംഗലം നീയെന്നിയെ മറ്റെന്തുഗുണം നാഥാ
എന്നുടെ സ്നേഹം നീയേ നന്മയുമെനിക്കു നീ
നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു
ശ്വാസവുമെനിക്കു നീ ഭക്ഷണപാനീയം നീ
ആശ്വാസം നിന്നിലല്ലാതെവിടെ വയ്ക്കും നാഥാ[27]

ദയാസിന്ധവായും ദീനപരായണനായും ഭോജനപാനീയമായും എപ്പോഴും കണ്ടു ധ്യാനിക്കുന്നവർക്കു താദാത്മ്യ ബുദ്ധികൊണ്ട് ഈ മാഹാത്മ്യങ്ങൾ സ്വാനുഭവമാക്കാൻ കഴിയുമെന്നതിനു സംശയമില്ല. നിത്യവന്ദനീയമായ ആത്മാവിന്റെ പുണ്യകർമ്മങ്ങൾ എന്നും ലോകം സ്മരിക്കും. എന്നാൽ അതിലും അധികമായി അദ്ദേഹത്തിന്റെ വചോവിലാസങ്ങൾ മലയാളഭാഷയുടെ ഉഷസ്സിൽ വിരിഞ്ഞ അത്ഭുതസൂനങ്ങൾ എന്ന നിലയ്ക്ക് കാലം ചെല്ലുന്തോറും അധികമായി വാഴ്ത്തപ്പെട്ടുകൊണ്ടു തന്നേയിരിക്കും എന്നാണു ഋഷിയും ക്രാന്തദർശിയുമായ ചാവറയച്ചന്റെ കാവ്യരചനകളെക്കുറിച്ചു തപോധനനും ചിന്തകനുമായ ഗുരുനിത്യചൈതന്യയതി പറഞ്ഞിട്ടുള്ളത്.[28]

ഭക്തകവി എന്ന അപരനാമംകൊണ്ടു പി. കുഞ്ഞിരാമൻനായരുടെ കവിതകളെ ഒതുക്കിക്കളഞ്ഞുവെന്ന് നിരൂപകർ ചിലർ സങ്കടം പറയാറുണ്ട്. ചാവറ കുര്യാക്കോസ് ഏലിയാസച്ചനാകട്ടെ ഭക്തകവി എന്ന പുണ്യപരിവേഷം പൊൻതൂവലാണ്. എഴുത്തച്ഛൻ കൃതികൾ ഭക്തിഭാവത്തിന്റെ അടരുകൾ വികസ്വരമക്കുന്നതുപോലെ ചാവറക്കവിതകൾ ഈശ്വരോപാസനയുടെ ശാലീന ചക്രവാളത്തിലേക്ക് പറന്നു ചെല്ലാൻ ചിറകുകൾ നൽകുവാൻ പ്രാപ്തങ്ങളാണ്. അധ്യാത്മരാമായണത്തിലും ഭാരതത്തിലും ധ്യാനനിർലീനനായ തുഞ്ചത്താചാര്യൻ ഭക്തിമയമായ നിരവധി പര്യായപദങ്ങളിലൂടെ ഈശ്വരനാമം പ്രകീർത്തിക്കുന്നത് അനുവാചകഹൃദയത്തിൽ ഭക്തിഭാവം ഓളം വെട്ടുന്നതിനിടയാക്കുന്നുണ്ട്. ഇതേ അനുഭവം ചാവറക്കൃതികളിലും സുലഭമാണ്. *ആത്മാനുതാപം* അതിനു സാക്ഷ്യം വഹിക്കുന്നു:

പരമോന്നത സുതാ,
കരുണാനിധേ നാഥാ,
വരനാം പിതൃസമാ,
കൂടസ്ഥ സമസ്തേശാ,
നരവംശത്തിൻ രാജ,
ദാവീദിൻ സുതാ, നാഥാ,
പരരക്ഷയെ ചെയ്യാൻ
നീയെന്യേ മറ്റാരുണ്ട്!

എന്നും

അനാദ്യ ഗുണനിധേ,
സർവ്വേശ പരാപരാ
അനന്ത ഗുണനിതാ,
സർവ്വമംഗള ദേവാ

എന്നും ഇങ്ങനെ ഈശ്വരനെ അഭിസംബോധന ചെയ്യുന്ന ഈ കവിയുടെ സമീപം നിൽക്കുവാൻ മറ്റൊരു ക്രൈസ്തവ കവിക്കും കഴിഞ്ഞിട്ടുണ്ടന്നു തോന്നുന്നില്ല. ചാവറയുടെ വാഗ്മയ ചിത്രങ്ങളുടെ വശ്യഭംഗി ആസ്വദിക്കുവാൻ ആഗ്രഹിക്കുന്നവർക്കായ് രണ്ട് ഈരടികൾ കൂടി പകർത്തട്ടെ.

വിഷ്ടപത്തിൻ നാഥ കൈകൾ വിണ്ണിലേക്കുയർത്തിയും
ക്ലിഷ്ടമാകും തന്റെ ദൃഷ്ടി കുരിശിൻ നേരെ നീട്ടിയും
അരുണമാം തന്നാനനം മിഴിനീരു തന്നിൽ മുക്കിയും
തരളമാകും ചുണ്ടു പൂട്ടിനിന്നു ദുഃഖസാഗരം

കുരിശിൻ ചുവട്ടിലെ മറിയത്തിന്റെ വാങ്മയ ചിത്രമാണിത്

വീരാളിപ്പട്ടിനും വീരവളച്ചാർത്തിനും കരുമന കൂട്ടിയ കവിക്കയ്മന്മാർ കളരികൾ നട്ടും നടത്തിയും വിഹരിച്ച വേളയിൽ, സ്വന്തം ആത്മാവിൽ ഊറിക്കൂടിയ ഭക്തി പ്രഭാവത്തിന്റെ സുരഭിലമായ കുന്തിരിക്കവും കാവ്യദേവതയ്ക്കു കനകഹാരമായിത്തീർന്നിട്ടുള്ള കാവ്യഗീരുക്കളും കൊണ്ട് ഈശ്വരോപാസനയുടെ ഉത്തുംഗമമായ ശ്രീകോവിൽ വിരചിച്ച ചാവറയച്ചൻ, അക്ഷുണ്ണമായ രാജരഥ്യ കാലഘട്ടത്തിനു കാട്ടിക്കൊടുത്ത ക്രാന്തദർശിയായ കവിയാണ്. പക്ഷേ അദ്ദേഹത്തിന്റെ അമൃതവാണിയുടെ മാധുര്യം ആസ്വദിക്കാനോ അനുരണനങ്ങളിൽ വികസ്വരമാകുന്ന ആത്മപ്രകർഷത്തിന്റെ നിത്യഭാസുരമരീചികൾ ഏറ്റുവാങ്ങാനോ, എന്തിന്, ആ അഭൗമതേജസ്സിൽ അനുവാചക ഹൃദയത്തെ ആമഗ്നമാക്കുന്ന ആപാദ മധുരശീലുകൾ മീട്ടിത്തന്ന ആ സ്നേഹഗായകനെ വേണ്ടവിധം മനസ്സിലാക്കുവാൻ പോലുമോ, നമുക്കു കഴിഞ്ഞിട്ടില്ല. അമൃതനിഷ്യന്ദിയായ ചാവറകൃതികളിൽ നിന്നു ബ്രഹ്മാനന്ദവും ബ്രഹ്മാനന്ദ സഹോദരമാകുന്ന കാവ്യലഹരിയും ഒരുമിച്ചാസ്വദിക്കുവാൻ നമുക്കു ഭാഗ്യം ലഭിക്കാതെ വന്നതു നമ്മുടെ ഔദാസീന്യമാണെന്നു ഉറക്കെ സമ്മതിക്കുക.

അനുതാപമിഴിനീരിലുരുകി അലിയുന്ന ആത്മാവിനെ അനുപമകാരുണ്യ സാഗരമായ സച്ചിതാനന്ദ സ്വരൂപൻ സ്നേഹശീതള കരപല്ലവങ്ങളാൽ തഴുകിത്തലോടുന്നത് *ആത്മാനുതാപത്തിൽ* നാം അനുഭവിച്ചറിയുന്നു. ആ വിശിഷ്ട കാവ്യാമൃതം നുകരുമ്പോൾ നറുനിലാവിലലിയുന്ന ചന്ദ്രകാന്തക്കല്ലുപോലെ ഭാവുകഹൃദയം സുധാംശുവായ ഈശ്വരന്റെ മുമ്പിൽ അലിഞ്ഞുചേരുന്നു.

ഇമ വെട്ടുമ്പോൾ മാഞ്ഞുപോകുന്ന വിദ്യുല്ലതികയുടെ ക്ഷണിക ദീപ്തിയല്ല *ആത്മാനുതാപത്തിൽ* നാം ദർശിക്കുന്നത്. നിത്യമുൽഭാസിക്കുന്ന ചിത്പ്രകാശത്തിന്റെ ചിനപ്പുകൾ പൊന്നിൻ ചിമിഴിൽ ഇവിടെ സൂക്ഷിക്കുന്നു. സ്വന്തം ആത്മാവിന്റെ ഇരുളുമൂടിയ ഇടവഴികളിൽ അഭൗമപ്രകാശം പൊഴിക്കുന്ന ഘടദീപമായി അതുവായനക്കാർക്കു അനുഭവപ്പെടുന്നു.

അസ്വസ്ഥവും മതനിരപേക്ഷമായ ഊഷരഭൂമയിൽ നിന്നടിക്കുന്ന ഗ്രീഷ്മക്കാറ്റേറ്റ് തളരുന്ന ആത്മാവിനെ ഈശ്വരോപാസനയുടെ നിഷ്ക്കുടനികുഞ്ജത്തിൽ തല ചായ്ക്കാൻ സഹർഷം മാടി വിളിക്കുന്ന മാലാഖയുടെ ശാലീനമാധ്വീകണങ്ങൾ പേറുന്ന മാധുര്യവും, അനവദ്യമായ പ്രകാശഗോപുരനടയിൽ നിത്യനർത്തനമാടുന്ന വാഗ്ദേവതയുടെ ശക്തിസൗന്ദര്യങ്ങളും ചാവറ കൃതികളിൽ പ്രത്യേകിച്ച് *ആത്മാനുതാപത്തിൽ* നാം ദർശിക്കുന്നു. ഉഷഃസന്ധ്യയുടെ സൗമ്യപ്രകാശമാണ് ഈ ശ്രേഷ്ഠ കവിതയിൽ ആദ്യന്തം ഓളം വെട്ടുന്നത്.

കാലം മറന്നു കളഞ്ഞെങ്കിലും കാലാതിവർത്തിയായ ശോഭയോടെ ഭാഷായോഷയുടെ കണ്ഠാഭരണത്തിനു മാണിക്യപ്പതക്കമായി ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ കൃതികൾ നിലകൊള്ളും. അവയുടെ അഴകും മൂല്യവും സാഹിത്യവേദികൾ അറിഞ്ഞാദരിക്കുന്ന കാലം വിദൂരമല്ല. ■

പരാമർശ സൂചിക

1. *ആരണ്യകാണ്ഡം* 1565-1574
2. *ആത്മാനുതാപം* 11 : 301-322
3. കാവ്യാദർശം: *ദണ്ഡി*
4. കാവ്യാദർശം: *ദണ്ഡി*
5. ശിവനും പാർവതിയും കൊമ്പനാനയുടെയും പിടിയാനയുടെയും രൂപമെടുത്ത് വനത്തിൽ കളിയാടിയ വേളയിൽ ആനയുടെ ആകാരഭംഗിയോടെ ജനിച്ച ഗണപതിക്കായി നമസ്കാരം എന്നർത്ഥം.
6. മഹാവനങ്ങളിൽ തപസ്സു ചെയ്യുന്ന മഹർഷിമാർക്കുപോലും അഗ്രാഹ്യനായ അറിവിന്റെ പൊരുളേ, പർവതത്തെ കുടയായിപ്പിടിച്ച് മഴയെ തടഞ്ഞവനേ, മർത്യരൂപം ധരിച്ച രാജാവായി വന്ന് രാക്ഷസവീരനെ യുദ്ധത്തിൽ ജയിച്ചവനേ, സർപ്പമെത്തയിൽ പള്ളികൊള്ളുന്നവനേ, അങ്ങയുടെ മാഹാത്മ്യം പുകഴ്ത്തുവാൻ കവിയായ എന്നെ അനുഗ്രഹിക്കുക.
7. *ആത്മാനുതാപം* 1 : 1-20
8. *ആത്മാനുതാപം* 11 : 304-316
9. *അലങ്കാരശാസ്ത്രം*: ഫാ. ജെരാർദ് കണ്ണമ്പിള്ളി (കറന്റ് ബുക്സ്)
10. *ആത്മാനുതാപം* 2 : 360-368
11. *സുകൃതംസ്മര*: ബേസ്റൗമ
12. *ആത്മാനുതാപം* 11 : 328
13. *ആത്മാനുതാപം. അനുബന്ധം.* 3 : 51-54
14. *മാതൃദുഃഖം, ആത്മാനുതാപം. അനുബന്ധം.* 9 : 69-80
15. *ആത്മാനുതാപം.* 5 : 49-50
16. *ആത്മാനുതാപം.* 2 : 53-54
17. *ആത്മാനുതാപം.* 6 : 81-88
18. *ആത്മാനുതാപം.* 6 : 153-168
19. *ആത്മാനുതാപം.* 3 : 33-40
20. *വിശുദ്ധ ഖുറാൻ*: മൂന്നാം സൂറ: 191
21. *ആത്മാനുതാപം.* 2 : 293-302
22. *ആത്മാനുതാപം: കടശി അപേക്ഷ*
23. *ആത്മാനുതാപം.* 7 : 439-458
24. *ആത്മാനുതാപം.* 2 : 191-220
25. *ആത്മാനുതാപം.* 4 : 166-180
26. *ആത്മാനുതാപം.* 8 : 71-102
27. *ആത്മാനുതാപം.* 2 : 141-146
28. *സുകൃതംസ്മര: II:* ബേസ്റൗമ

അഞ്ച്

ആത്മീയതയുടെ ദീപ്തചൈതന്യം

സിസ്റ്റർ ശാന്തി സി.എം.സി., താമരശ്ശേരി

ജീവിതമാകുന്ന ദാനം ഏറ്റം പരിശുദ്ധിയോടെ കാത്തുസൂക്ഷിക്കുകയും ദൈവമഹത്വത്തിനായി അതിനെ തേജസ്സുറ്റതാക്കുകയും ചെയ്ത വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ ആത്മീയയാത്രയുടെ പ്രകാശനമാണ് അദ്ദേഹം രചിച്ച *ആത്മാനുതാപം*. ഇത് വെറുമൊരു കാവ്യമല്ല; ആത്മാവിന്റെ ഭാവങ്ങൾ ഒഴുകിയിറങ്ങിയ അനുധ്യാനകാവ്യമാണ്.

ചരിത്രം നയിക്കുന്ന ദൈവം മനുഷ്യചരിത്രത്തിൽ ഇറങ്ങിവന്ന് ഇടപെടുന്നവനാണ്. വ്യക്തിജീവിതങ്ങളിൽ വ്യക്തിപരമായി ഇടപെടുന്ന ദൈവത്തെ സ്വന്തം ജീവിതത്തിന്റെ നിയന്താവും അസ്തിത്വത്തിന്റെ ഹേതുവും അനശ്വരതയുടെ പ്രകാശവുമായി കണ്ടെത്തുകയാണ് ആത്മീയതയുടെ അടിസ്ഥാനം. യുക്തിക്കും ബുദ്ധിക്കും കടന്നുചെല്ലാനാവാത്ത വിശ്വാസത്തിന്റെ തീവ്രതരമായ സംവേദനങ്ങളിൽ മനസ്സും ഹൃദയവും കണ്ണും കാതും ദൈവോന്മുഖമാക്കിയുള്ള യാത്രയാണ് ആത്മീയയാത്ര. ആത്മാവിൽ ഇറങ്ങിവരുന്ന ദൈവസാന്നിധ്യത്തിന് മുമ്പിൽ ധ്യാനം അനുതാപത്തിലേക്ക് കടക്കുന്നു. ഓരോ വ്യക്തിയും ദൈവസന്നിധിയിൽ വ്യതിരിക്തനായിരിക്കുന്നതുപോലെ, ഓരോരുത്തർക്കും സ്വന്തമായ തനതാത്മകതയുള്ള ഒരു ആത്മീയയാത്രയുമുണ്ട്. ദൈവത്തിന്റെ രക്ഷാകരചരിത്രത്തോട് ചേർന്ന് സ്വന്തം ചരിത്രം എഴുതിച്ചേർക്കാനും വായിച്ചെടുക്കുവാനും മൗനധ്യാനത്തിലൂടെ സമ്പന്നമാക്കാനും ഉള്ളതാണ് ഈ ആത്മീയ യാത്ര. ചാവറ പിതാവിന്റെ *ആത്മാനുതാപം* അദ്ദേഹത്തിന്റെ ആത്മീയയാത്രയുടെ മുഴുവൻ ശോഭയും അനാവരണം ചെയ്യുന്നുണ്ട്. ക്രിസ്തു സംഭവത്തോട് തന്റെ ജീവിതവും ചേർത്തുവച്ച് ധ്യാനിച്ച് ക്രിസ്തു രഹസ്യത്തിൽ ഉൾച്ചേർന്ന ആത്മീയദർശനത്തിന്റെ സുന്ദരമായ കാവ്യാവിഷ്ക്കാരമാണത്.

കാവ്യഭംഗിയിലും അക്ഷരപ്രാസത്തിലും സ്വരസമന്വയത്തിലും ചാരുത പുലർത്തുന്ന ഈ കാവ്യമേളം, ശുദ്ധമായ മലയാളഭാഷയുടെയും കാവ്യ

പ്രസ്ഥാനത്തിന്റെയും ആവിർഭാവത്തിന് മുമ്പ് വിരചിതമായതാണ് എന്നത് അതിന്റെ കാലിക ശോഭയ്ക്ക് മാറ്റുകൂട്ടുന്നു. ആത്മകഥാപരമായൊരു കാവ്യകൃതി കൈരളിക്കു സമ്മാനിച്ച ആദ്യ കവിയെന്ന് അദ്ദേഹത്തെ വിളിക്കുന്നതിൽ കാലവും സാഹിത്യലോകവും പിശുക്കു കാണിച്ചു. ഒന്നര നൂറ്റാണ്ടിനുമുമ്പ് മലയാളത്തിലെ അക്ഷരങ്ങളെ അമ്മാനമാടിയ ആ ആത്മീയാചാര്യന്റെ തൂലികയിൽ നിന്ന് അടർന്നുവീണ കാവ്യം ഇന്നും ഗഹനമായി നിലകൊള്ളുന്നു. സ്വന്തം ജീവിതവിശുദ്ധിയും പ്രവർത്തനങ്ങളും എന്നും മറച്ചുപിടിക്കാനാഗ്രഹിച്ച ആ വിശുദ്ധ ജീവിതത്തിന്റെ കാവ്യഭാവനയും മറയപ്പെട്ടു പോയത് ഒരു നിയോഗമായിരിക്കാം.

മിസ്റ്റിക്ക് കവി

ജീവിതം എന്നും ഒരു യാത്രയും അന്വേഷണവുമാണ്. ഈ അന്വേഷണം ആത്മാവിനെ ധ്യാനനിമഗ്നമാക്കുമ്പോൾ അതു മിസ്റ്റിക് അനുഭവത്തിൽ എത്തുന്നു. സ്വന്തം അസ്തിത്വത്തിന്റെ അഗാധതകളിലേക്ക് ആഴ്ന്നിറങ്ങുന്ന ഈ അനുധ്യാനയാത്രയിൽ ആത്മാവിലേക്ക് ഇറങ്ങിവരുന്ന ദൈവത്തെ കണ്ടുമുട്ടുന്നു. ദൈവം മനുഷ്യ ഹൃദയത്തിൽ സ്ഥാപിച്ച ധ്യാനബന്ധമാണ് മിസ്റ്റിസം അഥവാ അതിദ്രീയ ധ്യാനാനുഭവം. *ആത്മാനുതാപം* വായനക്കു വിഷയമാകുമ്പോൾ മനുഷ്യ രക്ഷാകർമ്മത്തിൽ ദൈവം പ്രവർത്തിച്ച അടയാളങ്ങളുടെ നഖചിത്രങ്ങൾ നമ്മെ പുണരുന്നതായി തോന്നും. വീണ്ടും *ആത്മാനുതാപം* ധ്യാനവിഷയമാക്കുമ്പോൾ ദൈവത്തിനായി ദാഹിച്ചുകേഴുന്ന ആത്മാവിന്റെ അഭിനിവേശത്തിന്റെ തീവ്രത നമ്മിൽ ചുഴ്ന്നിറങ്ങും. അനുധ്യാനഭാവത്തോടെ അതിന്റെ വരികൾക്കിടയിലൂടെ സഞ്ചരിച്ചാൽ അത്ര വേഗത്തിലൊന്നും അതിലുടക്കുന്ന ഹൃദയത്തെ പറിച്ചെടുക്കാൻ നമുക്കാവില്ല എന്നു കാണാം. മിസ്റ്റിക് ഭാവത്തിന്റെ സായൂജ്യമേഖലകളിലേക്ക് അതു നമ്മെ കൂട്ടിക്കൊണ്ടുപോകും. ഇന്ദ്രിയബന്ധമായ ശാസ്ത്രജ്ഞാനത്തിന്റെ വിസ്മയാവഹമായ മുന്നേറ്റത്തിന്റെ സ്വാധീനം ആത്മീയതക്ക് മങ്ങലേൽപ്പിക്കുന്ന നമ്മുടെ കാലത്തിൽ നിന്ന് അതിനെ നോക്കികാണുമ്പോൾ കറയേതും പുരളാത്ത ഒരാത്മാവിൽ നിന്ന് നിർഗ്ഗളിച്ച തെളിമയാർന്ന നീരുറവയുടെ കുളിർമയാണ് അതു പകർന്നു നൽകുക. സാഗരസമാനം പരപ്പാർന്നതും ആഴങ്ങളിൽ അത്ഭുതകാഴ്ചകൾ ഒളിപ്പിച്ചു വച്ചിരിക്കുന്നതുമായ ഒരു കാവ്യകലവറയാണത്. യോഗാത്മകപ്രാർത്ഥനയുടെ വഴിയിലായിരിക്കുന്ന കവി സ്നേഹൈക്യത്തിലാണ്; യേശുവിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടുള്ള വിശ്വാസത്തിന്റെ യാത്രയാണ് കവി നടത്തുന്നത്. യേശുവിലേക്കല്ല ഈ സദാനോട്ടം യേശുവിന്റെ മിഴികളിൽ ഉടക്കുന്നു. കാരണം അവിടുന്ന് സദാ ആത്മാവിനെ നോക്കിക്കൊണ്ടിരിക്കുന്നു. ഇപ്രകാരം ധ്യാനം ജീവിതവും ജീവിതം ധ്യാനവുമാക്കിയ യോഗിയാണ് ചാവറയച്ചൻ.

വിദ്യാഭ്യാസ പ്രവർത്തകൻ, സന്ന്യാസസഭാസ്ഥാപകൻ, പണ്ഡിത ശ്രേഷ്ഠൻ, മാധ്യമസമാരംഭകൻ തുടങ്ങി സാമൂഹ്യപരിഷ്കരണത്തിന്റെ നാമധേയങ്ങളിൽ ചാവറയെ ഒതുക്കുമ്പോൾ ആ മഹാവ്യക്തിത്വത്തെ ഭാഗികമായി മാത്രമേ നാം അറിയുന്നുള്ളൂ. ഈ മഹാപ്രഭയിൽ നിന്ന് പ്രസരിച്ച ചില രശ്മികൾ മാത്രമാണ് ഇന്നു കാലം വാഴ്ത്തുന്ന ഈ ചെയ്തികൾ. എവിടെയും എപ്പോഴും ദൈവത്തെ മാത്രം കാണാൻ ആഗ്രഹിച്ച അഥവാ ദൈവത്തെ മാത്രം കണ്ട വിശുദ്ധ ദർശനമാണ് അദ്ദേഹത്തിന്റെ അനന്യത. മലയാളനാടിന്റെ ഉത്ഥാനത്തിനായി ഓടിനടന്നപ്പോഴും, ഇരുൾവീണ പാതകളിൽ വെളിച്ചം പകരാൻ സ്വയമൊരു തിരിയായി കത്തി തീർന്നപ്പോഴും, അചഞ്ചലമായൊരു ദൈവബന്ധത്തിന്റെ സ്നേഹതീവ്രത ആ ഹൃദയത്തെ ഗ്രസിച്ചിരുന്നു. ഇരുളാർന്ന ജീവിതവീഥികളിൽ ഒരുപാട് നന്മകൾ ചെയ്തു തീർക്കാനുണ്ടെന്ന തിരിച്ചറിവിൽ അതിവേഗം സഞ്ചരിച്ചപ്പോഴും തിരക്കേതുമേശാത്ത ഒരു ഹൃദയത്തിൽ സ്വച്ഛവും പ്രശാന്തവുമായ ഒരു ആത്മീയയാത്രയുടെ അനശ്വരശാന്തി അദ്ദേഹം നുകർന്നിരുന്നു. അധികാരത്തിന്റെ പീഠങ്ങളെ ആധിപത്യത്തിന്റെ ബന്ധനത്തിൽ തളച്ചിടാതിരിക്കുവാനും ചുറ്റുപാടുകളിൽ പടർന്നു കയറിയിരുന്ന അംഗീകാരദാഹത്തിൽ വിഷലിപ്തമാകാതെ സ്വന്തം ദേഹിയെ സൂക്ഷിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. മണ്ണും മനുഷ്യനും പുല്ലും പൂവും ഏറ്റുപാടുന്ന സ്വർഗീയ കീർത്തനങ്ങൾക്ക് മുമ്പിൽ കാതടച്ച് മനമടച്ച് കർക്കശനാകുന്ന ഒരു സന്യാസിയെയല്ല മാന്നാനത്തെ *ബേസ്റൗമ*യിലും കൂനമ്മാവിലെ കൊവേന്തയിലും നാം കണ്ടുമുട്ടുക. മാതൃത്വത്തിന്റെ ആർദ്രതയും പിതൃത്വത്തിന്റെ പരിപാലനാ സ്നേഹവും സാഹോദര്യത്തിന്റെ ഊഷ്മളഭാവങ്ങളും സഹജമായിരുന്ന പിതാവ് തന്റെ ദൈവബന്ധത്തിൽ സകലബന്ധങ്ങളെയും പാവനമാക്കി സൂക്ഷിച്ചു. ഇതാണ് മിസ്റ്റിക്കിന്റെ ഭാവം. തീർത്തും വിനീതവും ലളിതവും ദരിദ്രവുമാണാ ജീവിതശൈലി. അടക്കി സ്വന്തമാക്കാൻ പോരുന്ന പലതും കയ്യെത്താവുന്ന ദൂരത്ത് ഉണ്ടായിരുന്നിട്ടും, ഒന്നു മനസ്സുവെച്ചാൽ സ്വന്തമാക്കാവുന്ന വാഗ്ദാനങ്ങൾ നൽകപ്പെട്ടിട്ടും പാറയിൽ അടിസ്ഥാനമിട്ട ആ *ബേസ്റൗമ* ഇളകിയില്ല. അതിനാൽതന്നെ എല്ലാ അർത്ഥത്തിലും ചാവറപിതാവിന്റെ ജീവിതത്തെ *ബേസ്റൗമ* എന്ന് പ്രകീർത്തിക്കേണ്ടിയിരിക്കുന്നു.

അവിരാമമായ യാത്രയിലായിരിക്കുന്ന ആത്മാവ് നിരന്തരമായ അന്വേഷണത്തിലാണ്. ഈ ലോകത്തിൽവെച്ച് പൂർത്തീകരിക്കപ്പെടാനാവാത്ത അന്വേഷണമാണത്. ആത്മാവ് നിത്യതയുടെ സത്താപരമായ കൂട്ടായ്മയിലായതിനാൽ നശ്വരതയിൽ അത് തൃപ്തമാക്കപ്പെടുന്നില്ല. എപ്പോഴും പ്രാർത്ഥിക്കുക എന്ന ആത്മാവിന്റെ ആവശ്യം നിറവേറ്റപ്പെടുക നിരന്തരം സ്നേഹത്തിലായിരിക്കുക എന്ന അനുഭവത്തിലൂടെയാണ്. നന്ദിയുടെയും സ്നേഹത്തിന്റെയും നിലവിളിയാണ് ആത്മാവിൽ നിന്നുണരുക. *ആത്മാ*

നുതാപത്തിൽ ചാവറയച്ചന്റെ ആദ്ധ്യാത്മികമുന്നേറ്റത്തിന്റെ മൂന്ന് സവിശേഷതകൾ കണ്ടെത്താൻ കഴിയും.

1. *ദൈവത്തിനായുള്ള അഗാധമായ ആഗ്രഹം, അഥവാ തപസ്സ്*
2. *ഈ ആഗ്രഹപൂർത്തിക്കായുള്ള അന്വേഷണം, സുകൃതങ്ങൾ*
3. *ദൈവത്തെ കണ്ടെത്തൽ, അഥവാ ദർശനം*

ശൂന്യതയിൽ നിന്ന് അസ്തിത്വത്തിലേക്ക് വിളിക്കപ്പെടുന്ന നാൾ മുതൽ താൻ ആരുടെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ ആ ദൈവത്തിനായുള്ള ദാഹം മനുഷ്യനിൽ രൂപംകൊള്ളുന്നു. ഇത് സത്താപരമായതും വളർന്നുകൊണ്ടിരിക്കുന്നതുമാണ്. ശരീരത്തിലും മനസ്സിലും ആത്മാവിലും ഒരുപോലെ അനുഭവപ്പെടുന്നതുമാണ് ഈ ദാഹം. ജഡികതയിൽ നിന്ന് ആത്മീയതയിലേക്ക് തിരിയുന്ന ശരീരത്തിനും, ലോകത്തിന്റേതായ എല്ലാത്തരം വിഗ്രഹാരാധനയിൽനിന്നും മനസ്സിനെ സുകൃതങ്ങളുടെ വഴിയെ നയിക്കുന്ന ഇച്ഛകൾക്കും ആത്മീയ അഭിലാഷങ്ങളുടെ പാത എളുപ്പത്തിൽ പ്രാപിക്കാനാവും.

തപ്തം മാനസം

ആത്മാനുതാപം എന്ന പേരു സൂചിപ്പിക്കുന്നതുപോലെ ആത്മാവിൽ ഉയർന്നുവരുന്ന അനുതാപമാണിത്. അത്യുന്നതദൈവത്തിന്റെ പരിശുദ്ധ സാന്നിധ്യാനുഭവത്തിലേക്ക് യാത്ര ചെയ്യുന്ന ആത്മാവിന് അനുഭവപ്പെടുന്ന അയോഗ്യതാ ബോധമാണിത്. തന്റെ അയോഗ്യതയും നന്ദികേടും എണ്ണിപ്പറഞ്ഞ് വിലപിക്കുന്ന കവിയെയാണ് കവിതയിൽ ഉടനീളം കാണാൻ കഴിയുക. ആദ്യാവസാനം കൃത്ഘ്നതാഭരിതമായ തന്റെ ഹൃദയത്തെ കഴുകി വെടിപ്പാക്കണമെ എന്ന് പിതാവ് പ്രാർത്ഥിക്കുകയാണ്. സൂക്ഷ്മാവലോകനത്തിൽ ഒരു കാര്യം സ്പഷ്ടമാകുന്നുണ്ട്. ബാല്യകാലത്ത് വന്നുപോയ ഏതോ അപാകതകൾക്കായിട്ടാണ് അദ്ദേഹം തപ്തഹൃദയനാകുന്നത്. തിരിച്ചറിവിന്റെ പ്രായമെത്തിയശേഷമോ, യൗവനത്തിലോ ചെയ്തുപോയ ഏതെങ്കിലും തെറ്റിനെകുറിച്ച് പശ്ചാത്താപം അദ്ദേഹത്തിനാവശ്യമായിരുന്നില്ല എന്നത് ചിന്തനീയമാണ്.

എന്നുടെ പൈതൽപ്രായേ നിന്നിൽനിന്നകന്നു ഞാൻ
.....
ശിശുകാലത്തിൻ മമ കൃതി നീ ഓർത്തീടാതെ
ശിശുനിൻ കടാക്ഷത്താൽ ശമനം വരുത്തണം[1]

മാമോദീസായിൽ ലഭിച്ച പ്രസാദവരം ഒരിക്കലും നഷ്ടപ്പെടുത്താൻ ഇടയായിട്ടില്ല എന്ന് മരണക്കിടക്കയിൽ വച്ച് പറയുവാൻ തക്കവിധം പാപരഹിതമായൊരു ജീവിതത്തിന്റെ തന്നെ സാക്ഷ്യമാണിത്. വാഴ്ത്തപ്പെട്ടവന്റെ

ആദ്ധ്യാത്മികതയുടെ അടിസ്ഥാനപരമായൊരു ഘടമാണ് സദാതപ്തമായ മാനസം. പാപത്തിൽനിന്നും പാപസാഹചര്യങ്ങളിൽനിന്നും പ്രലോഭനങ്ങളിൽനിന്നും അകന്നു നിൽക്കാനുള്ള ആത്മാവിന്റെ ത്വരയാണിവിടെ പ്രത്യക്ഷപ്പെടുന്നത്. പാപമോചനം ലഭിച്ചിട്ടില്ല എന്ന ചിന്തയിൽനിന്നോ, നിരാശയിൽനിന്നോ വരുന്നതല്ല ഇത്; പ്രത്യുത, പാപികളിൽ ഒന്നാമനായാണ് താൻ എന്നു പറഞ്ഞ പൗലോസ് ശ്ലീഹായുടേതുപോലുള്ള ആന്തരിക മനോഭവമാണിത്. യാഹ്വേയുടെ പാവപ്പെട്ടവരിൽ (Anawim Yahweh) കാണുന്ന ആത്മീയ ദാരിദ്ര്യാവബോധമാണ് ഇവിടെ പ്രകടമാകുന്നത്. താൻ തന്നിൽതന്നെ ഒന്നുമല്ലെന്നും ദൈവമാണ് എല്ലാം എന്നുമുള്ള ഭാവത്തിൽനിന്ന് ഉയിർകൊള്ളുന്ന സമ്പൂർണ്ണ ദൈവാശ്രയത്തിന്റെ പ്രകടനമാണിത്. ദൈവത്തിന്റെ പരിശുദ്ധിയും തന്റെ ആത്മാവിലുള്ള ദൈവസാന്നിദ്ധ്യവും ബോദ്ധ്യമാകുന്നവരിലേ ഇത്തരം ഒരു ഭാവം ഉണ്ടാകൂ. ഇതാണ് സൃഷ്ടാവിന്റെ മുമ്പിലുള്ള സൃഷ്ടിയുടെ ഭാവം.

ഇത്രപാപിയാം എന്നുടെ ഹീനത
തത്രപോക്കിയതെത്രമഹാചിത്രം[2]

എന്നു പറയുന്ന കവി

അയ്യയ്യോ മഹാദുഃഖം എന്നുടെ പാപത്താലെ
അയ്യംകൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ[3]

എന്നു വിലപിക്കുന്നു.

ദൈവകാരുണ്യത്തിന് കൃതജ്ഞത

ചാവറയച്ചന്റെ ആധ്യാത്മികതയുടെ മറ്റൊരു അടിസ്ഥാന ഭാവമായി *ആത്മാനുതാപത്തിൽ* പ്രത്യക്ഷപ്പെടുന്നതാണ് നന്ദിനിറഞ്ഞ ഹൃദയഭാവം. അവിരാമമമായ അനുധ്യാനത്തിലൂടെ ആത്മീയയാത്രയിൽ മുന്നേറുമ്പോൾ സദാ ദൈവത്തോടുള്ള നന്ദികൊണ്ട് ആത്മാവ് നിറയും. ദൈവത്തിന്റെ അനന്തകാരുണ്യത്താൽ തന്നെ ഒരു മനുഷ്യനായി സൃഷ്ടിച്ചതിനേയും കുറിച്ച് ഉള്ളുതുറന്ന് നന്ദിപറഞ്ഞുകൊണ്ടാണ് *ആത്മാനുതാപം* ആരംഭിക്കുന്നത്. ജനനംമുതൽ അനന്തമായ പരിപാലനയാൽ കാത്തുസംരക്ഷിച്ച ദൈവത്തെ നന്ദിയോടെ വാഴ്ത്തി സ്തുതിക്കുന്നു. ജ്ഞാനസ്നാനം എന്ന കൂദാശയിലൂടെ ക്രിസ്തീയ ജനനം നൽകിയതിനും, അക്കാലത്ത് നാട്ടിലെങ്ങും പടർന്നുപിടിച്ച മഹാമാരിയിൽനിന്ന് രക്ഷിച്ചതിനും നന്ദി പറയുന്ന പിതാവ് തന്നെ ശാരീരികവൈകല്യങ്ങൾ ഏതുമില്ലാത്തവനായി സൃഷ്ടിച്ചതിനും കൃതജ്ഞതയർപ്പിക്കുന്നു. ദാരിദ്ര്യദുഃഖത്താൽ അലയുവാനോ വലിയ സമ്പന്നനായി ജീവിച്ച് ദൈവത്തെ മറക്കുവാനോ ഇടവരാതെ, എന്നാൽ ഒന്നിനും കുറവുണ്ടാകാതെ, വളർത്തിയതിനും പ്രത്യേകിച്ചും നന്ദി പറയുന്നു.

തനിക്ക് ലഭിച്ച എല്ലാ കൃപകളും എണ്ണിയെണ്ണി പറയുന്ന പിതാവ് വൈദീക ദൈവവിളിയെന്ന മഹോന്നത പദവി നൽകിയതിനും പ്രത്യേകം നന്ദി പറയുന്നു.

ഇങ്ങനെ ദശവത്സരം വന്നപ്പോൾ
അങ്ങുന്നെന്നെ വിളിച്ചു മഹാദയയാൽ
..... അന്നുതൊട്ടവരിൽ നിന്നു വേർപ്പെട്ടു
ദൈവംതന്നുടെ അന്തിക ചേരുവാൻ
ദയാധിക്യത്താൽ തിരുച്ചിത്തമായ് [4]

ഭൂതകാലത്തേക്ക് ധ്യാനപൂർവ്വം തിരിഞ്ഞുനോക്കുന്ന ചാവറ പിതാവ് തന്റെ ആധ്യാത്മിക ജീവിതം ആരംഭിക്കുന്നത് തീരെ ശൈശവത്തിലാണെന്ന് അനുസ്മരിക്കുന്നു. തന്റെ പെറ്റമ്മയിൽനിന്നാണ് ദൈവോന്മുഖയാത്രയുടെ ഇളകാത്ത ആരംഭം എന്നദ്ദേഹം ഏറ്റുപറയുന്നു:

അന്നവൾക്ക് നീ നൽകിയ സ്നേഹത്താൽ
അമൃതപാനം തന്നു വളർത്തുമ്പോൾ
അതിനോടു കലർത്തി ജപങ്ങളും
അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചുതന്നവൾ[5]

അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദംമന്ദമറിഞ്ഞു ദൈവത്തെയും[6]

പാതിരാത്രിയിൽ ശിശുവായ തന്നെ നീക്കിക്കിടത്തി എഴുന്നേറ്റ് മുട്ടുകുത്തി പ്രാർത്ഥിക്കുന്ന അമ്മയുടെ രാത്രിജപങ്ങളും, മാതാവിനോടുള്ള പ്രാർത്ഥനയും, സുകൃതജപങ്ങളും ഒരിക്കലും മായാത്തവിധം അദ്ദേഹത്തിന്റെ മനോമുകുരത്തിൽ ഒളിമിന്നിയിരുന്നു. അനേക വർഷങ്ങൾക്കു ശേഷം *ആത്മാനുതാപം* രചിക്കുമ്പോൾ അമ്മയുടെ അന്നത്തെ സുകൃതജപം പോലും ഓർമ്മയിൽനിന്നെടുത്തെഴുതാൻ അദ്ദേഹത്തിന് കഴിഞ്ഞു.

പരംജ്യോതിയേ ഈശോയേ രക്ഷിക്ക
പാരിതിന്റെ പുഷ്പമേ ജയാ ജയാ[7]

ഈശോ മറിയം യോസേപ്പിന്റെ നാമങ്ങളും മറ്റുനമസ്കാരങ്ങളും പഠിപ്പിച്ചു തന്നതും, കണ്ണുകൊണ്ട് ശാസിച്ചും സ്നേഹിച്ചും എന്നാൽ വടികൊണ്ടടിക്കാതെയും തന്നെ വളർത്തിയ തന്റെ പ്രിയ മാതാവിനെപ്രതി ദൈവത്തിന് നന്ദിയർപ്പിക്കുന്നു അദ്ദേഹം.

ക്രിസ്തുസംഭവത്തിന്റെ രഹസ്യാത്മകതയിലേക്കാണ് മനുഷ്യജീവിതത്തിന്റെ രഹസ്യാത്മകത ഉൾച്ചേരേണ്ടത്. ഈ ഉൾച്ചേരലാകട്ടെ ക്രിസ്തുവിന്റെ മനുഷ്യത്വത്തെക്കുറിച്ചുള്ള ധ്യാനത്തിൽനിന്ന് വരുന്നു. മറിയത്തോടൊപ്പമല്ലാതെ ഈ അനുധ്യാനം സാധ്യമല്ല. കാരണം ക്രിസ്തുരഹസ്യത്തിന്റെ കാവൽക്കാരിയും പുത്രനെ നിരന്തരം ധ്യാനിച്ചവളുമാണ് അമ്മ.

ആത്മാനുതാപം മറ്റൊരുവിധത്തിൽ ഒരു മരിയ കീർത്തനമാണ്. പരിശുദ്ധ അമ്മയുടെ കണ്ണിലൂടെ പിതാവ് രക്ഷാകരചരിത്രം നോക്കിക്കാണുന്നു. പരിശുദ്ധജനനിയുടെ വിദ്യാലയത്തിൽ ആ അമ്മയുടെ മടിയിലിരുന്ന് യേശു സ്നേഹം തൊട്ടറിയുകയും, അനുഭവിക്കുകയും, ഹൃദയത്തിൽ ഏറ്റുവാങ്ങുകയും ചെയ്യുന്ന ഒരു മരിയ ഭക്തനായി ചാവറയച്ചൻ പ്രത്യക്ഷപ്പെടുന്നു. മരിയ ഭക്തി ബാല്യത്തിൽ തന്നെ അദ്ദേഹത്തിൽ വേരൂന്നിയതാണ്. ശിശുവായ തന്നെ തന്റെ പെറ്റമ്മ മാതാവിന് അടിമവയ്ക്കുകയും മരിയ ഭക്തനായി വളർത്തുകയും ചെയ്തത് അദ്ദേഹം അനുസ്മരിക്കുന്നു.

ശിശുവാമടിയനെ അമൃതാൽ വളർത്തുമ്പോൾ
ശയനിപ്പിച്ചു ദൈവജനനി തന്റെ പാതേ
ശുദ്ധമാതാവേ ദൈവജനനി കന്നിയമ്മേ
അശുദ്ധമാമോദരഫലമാമിതിനെ നീ
നിന്നുടെ ദാസനായ് കൈക്കൊണ്ട് രക്ഷിപ്പാനായ്
ഇന്നു ഞാൻ നിന്റെ തൃപ്പാദത്തിങ്കൽ കാഴ്ചവച്ചേൻ[8]

പരിശുദ്ധ അമ്മയ്ക്ക് തന്റെ മകനെ സമർപ്പിച്ച ഭക്തയായ ആ അമ്മ എല്ലാവർഷവും കന്നിമാസം 8-ാം തീയതി മകനുവേണ്ടിയുള്ള ദാസ്യപ്പണം തന്റെ മരണം വളരെ പള്ളിയിൽ നൽകിപ്പോന്നു. മാതാവിന്റെ മകനായി വളരണം എന്ന സ്വന്തം അമ്മയുടെ ഉപദേശം മകൻ മറക്കാതെ കാക്കുകയും ചെയ്തു.

നിന്നുടെ നാഥ മാതാവ് അവൾക്കു ദാസൻ നീ
എന്നിതു മനസ്സിലെപ്പോഴും സ്മരിക്കണം.[9]

യുഗാന്ത്യത്തോളം സഹയാത്രിക

ഈ സ്മരണയിൽ പരിശുദ്ധ അമ്മയോടുള്ള സ്നേഹവും വാത്സല്യവും തന്റെ ആത്മീയയാത്രയിലൂടനീളം അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. പരിശുദ്ധ അമ്മയുടെ പുത്രനായിരിക്കുന്നതിൽ അഭിമാനവും സന്തോഷവും അനുഭവിച്ചിരുന്ന അദ്ദേഹം മാതാവിന്റെ നാമത്തിൽ അപേക്ഷിച്ചതൊന്നും ലഭിക്കാതിരുന്നിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്നു. പരിശുദ്ധ അമ്മയുടെ ഓർമ്മകളിലൂടെ അവിടുത്തെ പുത്രന്റെ നിണമണിഞ്ഞ ജീവിതരഹസ്യങ്ങൾ ധ്യാനിക്കുകയാണ് പിതാവ്. മാതാവിന്റെ കൂടെയുള്ള ആത്മീയയാത്രയിൽ അനുധ്യാനത്തിന്റെ ഉന്നതപടികളിലേക്ക് അദ്ദേഹം കടക്കുന്നു. മിശിഹായുടെ മുഖം ധ്യാനിക്കാൻ ഇതിലും വലിയൊരു തുണ മറ്റാരുമില്ല. പുത്രന്റെ മുഖം അതുല്യമായ സമർപ്പണത്തോടെ ധ്യാനിച്ചവളാണ് പരിശുദ്ധ അമ്മ. മംഗലവാർത്തയുടെ ആദ്യനിമിഷം മുതൽ ആരംഭിച്ച ആ ധ്യാനം കാൽവരിയിലെ കുരിശിൻചുവട്ടിൽ വിശ്വമാതൃത്വഭാവം പുണർന്ന് കാലദേശാന്തരങ്ങൾ പിന്നിട്ട് മഹത്വത്തിന്റെ തേജസ്സിലേക്ക് അവിരാമം പ്രവഹിക്കുകയാണ്.

മറിയത്തോടൊപ്പം അനുധ്യാനയാത്ര ചെയ്യുന്ന ചാവറ പിതാവിന്റെ ഹൃദയത്തിൽ മറിയത്തിന്റെ ജീവിതത്തിലെന്നപോലെ ദൈവീകരഹസ്യങ്ങൾ അനാവരണം ചെയ്യപ്പെടുന്നു. യുഗാന്ത്യം വരെ നിലനിൽക്കുന്ന സംഭവമെന്ന നിലയ്ക്ക് കൃപാവരത്തിന്റെ രഹസ്യമായി അതു മാറുന്നു. നിരന്തരം രൂപാന്തരപ്പെടുത്തുന്ന സാന്നിദ്ധ്യമായി പരിശുദ്ധ അമ്മ ഏവർക്കും സഹയാത്രികയാണ്. പുത്രസഹജമായ അഭിനിവേശത്തോടെ ചാവറയച്ചൻ മാതൃസവിധത്തിൽ സുരക്ഷിതത്വം കണ്ടെത്തി. അവിരാമം കൃപാവരത്തിൽ നിലനിൽക്കാൻ അദ്ദേഹത്തെ സഹായിച്ചത് അനുസ്യൂതമായ ഈ മാതൃധ്യാനമായിരുന്നു. അമ്മയുടെ കൈപിടിച്ച് നിർവ്വിശങ്കം യാത്ര ചെയ്യുന്ന ഒരു കൊച്ചു കുട്ടിയെപ്പോലെ ഭയാശങ്കകളേതുമില്ലാതെ തന്റെ ആത്മീയ യാത്രയിൽ പരിശുദ്ധ അമ്മയുടെ കൈപിടിച്ച് അദ്ദേഹം നടന്നു. ഈ യാത്ര മൗനത്തിന്റെയും ഏകാന്തതയുടെയും ഹൃദയസംവേദനത്തിന്റേതുമായിരുന്നു. അമ്മയുടെ ജീവിതത്തിലെ ഒരായിരം ചിത്രങ്ങൾ ജീവനുള്ളതായി ഈ ധ്യാനത്തിൽ കടന്നുവന്നു. എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചവളും, താപസികയും, ദൈവഹിതത്തിന് സ്വയം വിട്ടുകൊടുത്തവളുമായ അമ്മയുമായുള്ള ആത്മബന്ധം തപസ്സിന്റെയും ധ്യാനത്തിന്റെയും പൂർണ സമർപ്പണത്തിന്റെയും വഴിയിലേക്ക് അദ്ദേഹത്തെ നടത്തി.

മേ ഭാഗ്യ മഹാ ഭാഗ്യം മേ നാഥ മഹാ നാഥ
സർവജ്ഞൻ സർവ്വേശ്വരൻ നിന്നുടെ സ്നേഹപുത്രൻ
സർവ്വർക്കും മാതാവായി നിന്നെത്തന്നു ഇന്നെനിക്കും[10]

..... നിന്നുടെ പാദാന്തികെ
വന്നുകേണിടുന്നമ്മേ കേൾക്കണം മമ ദുഃഖം[11]

മാനവകുലത്തെ മുഴുവൻ ആലിംഗനം ചെയ്ത ആ മാതൃസ്നേഹത്തണലിലാണ് ചാവറയച്ചന്റെ ആത്മീയയാത്ര ആശ്വാസം കണ്ടത്. യുഗാന്ത്യം വരെ നമ്മോടൊപ്പമായിരിക്കുമെന്ന് വാഗ്ദാനം ചെയ്ത എമ്മാനുവേലായ ദൈവസുതന്റെ അമ്മയും യുഗാന്ത്യത്തോളം നമ്മുടെ സഹയാത്രികയാണ്. കുരിശുമരണത്തോളം അനുസരണത്തിന്റെ വിധേയത്വം ഏറ്റുവാങ്ങിയ പുത്രന്റെ ചാരെ തന്റെ *അതെ* കളിൽ അചഞ്ചലമായി നിലകൊള്ളുന്ന അമ്മയുമുണ്ട്. കർത്താവിന്റെ രക്ഷാകരമായ മരണം ധ്യാനിക്കുവാനും മറിയത്തോടൊപ്പം കുരിശിന്റെ താഴെ നിൽക്കാനും മനുഷ്യരോടുള്ള അഗാധ സ്നേഹത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനും ചാവറ പിതാവിനു കഴിഞ്ഞു. യേശുവിന്റെ ഉത്ഥാന മഹത്വത്തിന്റെ രഹസ്യങ്ങളിലേക്ക് അമ്മയോടൊപ്പം പ്രവേശിക്കാനും സ്വർഗ്ഗീയ കിരീടം ചൂടിയ അമ്മയെ തന്റെ നാഥയായി വണങ്ങാനും സഭയുടെ രാജ്ഞിയായ അമ്മയോടൊപ്പം തിരുസ്സഭയുടെ വീര സന്താനമായി മാറാനും അദ്ദേഹത്തിനു കഴിഞ്ഞു. ഈ ഭൂമിയിൽ തീർത്ഥാടനം ചെയ്യുന്ന ഒരു പരദേശിയാണ് താനെന്നും താൻ ലക്ഷ്യംവെച്ച് നീങ്ങുന്ന

നിത്യ നഗരത്തിലേക്ക് തന്നെ നയിക്കാൻ അമ്മയെപ്പോലെ കരുത്തുറ്റവളായി മറ്റാരുമില്ലെന്നും ചാവറയച്ചൻ മനസ്സിലാക്കി.

പാരിൽനിന്നുനീങ്ങി നിന്റെ പാദമങ്ങു ചേരുവാൻ
ശരണമില്ലെനിക്കുമറ്റ് കരുണയുള്ള നാഥയെ
സ്മരണ നിന്റെ മനോജ്ഞമായ ദയനിറഞ്ഞ കൈകളിൽ[12]

മിശിഹായുടെ ജനനത്തെക്കുറിച്ച് ധ്യാനിച്ചുകൊണ്ട് മനുഷ്യ ജീവന്റെ പരിശുദ്ധിയെക്കുറിച്ച് പഠിക്കുന്നു. അവിടുത്തെ പരസ്യജീവിത രഹസ്യങ്ങളെ ധ്യാനിച്ചുകൊണ്ട് ദൈവരാജ്യത്തിലേക്ക് കടക്കുന്നു. കാൽവരിയാത്രയിൽ മിശിഹായെ അനുഗമിച്ചുകൊണ്ട് രക്ഷാകരമായ സഹനത്തിന്റെ അർത്ഥം പഠിക്കുന്നു. മിശിഹായേയും അവിടുത്തെ മഹത്വീകൃതയായ അമ്മയേയും ധ്യാനിച്ചുകൊണ്ട് തന്നെത്തന്നെ പരിശുദ്ധാത്മാവിനാൽ പരിവർത്തനപ്പെടുത്തുവാനും വിട്ടുകൊടുക്കുവാനും പഠിക്കുന്നു. അങ്ങനെ തങ്ങളോരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നതിന്റെ ലക്ഷ്യം അവർ കണ്ടെത്തുകയും ചെയ്യുന്നു. ഈ കണ്ടെത്തലിൽ നമ്മുടെ വ്യക്തിപരമായ ജീവിതപ്രശ്നങ്ങളേയും ഉത്ക്കണ്ഠകളേയും അധ്വാനങ്ങളെയും പരിശ്രമങ്ങളെയും ചേർത്തുവയ്ക്കുന്നു.[13]

തന്റെ കാലഘട്ടത്തിന്റെ നിരവധിയായ ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാൻ ചാവറയച്ചനു ശക്തി പർന്നത് അമ്മയോടൊത്തുള്ള ഈ ആത്മീയയാത്രയുടെ പിൻബലമാണ്.

ദർശനവീടും ദർശന വാഞ്ഛയും

...ഈ മലയാളത്തിൽ പട്ടക്കാർക്കുപോലും ഒരു തപസു ഭവനം ഇല്ലായ്കയാൽ ഏറിയ നന്മകൾക്ക് വീഴ്ചയായിരിക്കകൊണ്ട് പല പ്രകാരത്തിലും പട്ടക്കാർക്കെങ്കിലും ഒരു ദർശന വീടുണ്ടാക്കണമെന്നുള്ള ആഗ്രഹത്താൽ ആയതിന് ഒരു സഹായവുമില്ലായ്ക...[14]

മാന്നാനം നാളാഗമത്തിലെ ദർശന വീടുപണി വർത്തമാനത്തിൽ കാണുന്നതുപോലെ പ്രസ്തുത കാര്യത്തിനായി ചില സ്ഥലങ്ങൾ അന്വേഷിക്കുന്നതും പലരുടേയും സഹായവും അനുവാദവും അപേക്ഷിക്കുന്നതും അവസാനം മാന്നാനം തിരഞ്ഞെടുക്കുന്നതും നിരവധി പ്രതിബന്ധങ്ങൾ തരണം ചെയ്ത് അവിടെ *ബേസ്റൗമ*യിൽ പട്ടക്കാർക്ക് ദർശനഭവനം പണിയുന്നതുമായ വിവരണം ചരിത്രത്തിന്റെ ഭാഗമാണ്.

ദർശനഭവനം ദർശനങ്ങളുടെ ഭവനമാണ്; ഇഹത്തിൽത്തന്നെ ദൈവദർശനം കാംക്ഷിക്കുന്ന ആത്മാക്കളുടെ വീട്. ചാവറയച്ചന്റെ ആദ്ധ്യാത്മികതയുടെ പ്രധാന സവിശേഷതയാണ് ഈ ദർശന വാഞ്ഛ. *ആത്മാനുതാപത്തിന്റെ* മൂന്നാംപാദം ഈ അഭിനിവേശത്തിന്റെ ചടുലതയാണ് വെളിവാക്കുന്നത്.

ക്രിസ്തു സംഭവം ധ്യാനിച്ചു ധ്യാനിച്ച് അതിന്റെ ഓരോ വിശദാംശങ്ങളും തനിക്കു കാണണം എന്നാവർത്തിക്കുകയാണിവിടെ. ആത്മീയ യാത്രയിലായിരിക്കുന്ന ഒരാത്മാവിന്റെ അടങ്ങാത്ത ദാഹമാണ് ദൈവദർശനം.

...എന്റെ കണ്ണുകൾ സദാ കർത്താവിലേക്കു തിരിഞ്ഞിരിക്കുന്നു.[15]

...കർത്താവേ അങ്ങയുടെ മുഖം ഞാൻ തേടുന്നു.
എന്ന് എന്റെ ഹൃദയം അങ്ങയോടു മന്ത്രിക്കുന്നു
അങ്ങയുടെ മുഖം എന്നിൽനിന്നും മറച്ചുവയ്ക്കരുതെ.[16]

കർത്താവേ അങ്ങേയ്ക്കുവേണ്ടിയാണ് ഞാൻ കാത്തിരിക്കുന്നത്.[17]

എപ്പോഴാണ് എനിക്കു ദൈവസന്നിധിയിലെത്തി അവിടുത്തെ കാണാൻ കഴിയുക![18]

ദൈവദർശനത്തിനും ദൈവസായുജ്യത്തിനുമായി തീവ്രമായി ആഗ്രഹിക്കുന്ന മനുഷ്യന്റെ നെടുവീർപ്പുകൾ സങ്കീർത്തകൻ അവതരിപ്പിച്ചിരിക്കുന്നു.

മാന്നാനത്ത് *ബേസ്റൗമ*യിൽ ലോകത്തിന്റെ ബഹളങ്ങളിൽനിന്നകന്ന് ദർശനവീടു പണിതത് ഈ ദൈവദർശനം സാധ്യമാക്കാനായിരുന്നു. നിരന്തരമായ പ്രാർത്ഥനയും പഠനവും താപസികതയും *ബേസ്റൗമ*യിലെ ജീവിതശൈലിയായിരുന്നു.

എനിക്ക് കാണണം എന്ന് വാശിപിടിക്കുന്ന ഒരു കുഞ്ഞിനെപ്പോലെയാണ് മൂന്നാംപാദത്തിൽ പിതാവ് പ്രത്യക്ഷപ്പെടുന്നത്.

അമ്മാനുവെലെന്ന നാമാർത്ഥംപോൽദൈവം
നമ്മോടുചേർന്നതും കാണാകേണം[19]

ക്രിസ്തുസംഭവത്തിന്റെ വിശദാംശങ്ങൾ ഓരോന്നും എടുത്തുപറഞ്ഞ് കാണാകേണം എന്ന് ആവർത്തിക്കുന്നു കവി!

ഉന്നതനാം ദൈവം കന്നിമറിയത്തിൽ
വന്നുപിറന്നതും കാണാകേണം[20]

മാത്രമല്ല, കേരളക്കരയാകെ സുവിശേഷ ദീപ്തിയാൽ നിറയുന്നത് തനിക്ക് കാണണം എന്നും ആഗ്രഹിക്കുന്നു.

കേസരി രാജൻ നീ നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം[21]

ഈശോയുടെ പരസ്യജീവിതത്തിന്റെ ആരംഭമായ ജ്ഞാനസ്നാനവും കാനായിലെ ആദ്യ അടയാളവും കാണാൻകൊതിക്കുന്ന കവി പിന്നീട്

നഷ്ടമായ്പ്പോയോരജങ്ങളെത്തേടുന്ന
സൃഷ്ടികർത്താവിനെ കാണാകേണം[22]

എന്നു പറയുന്നു

അവസാനമായി ദർശനവാഞ്ഛാപൂർത്തിക്കായുള്ള കാത്തിരിപ്പ് ഏറ്റുപറയുകയാണ്.

എത്രയും ചിത്രമാം നിൻമുഖപത്മത്തെ
ഏകാന്ത പ്രേമത്താൽ പാർക്കുന്നഹം
ഏകേശനാഥനാം നിന്നുടെ ദാസൻ മേ
ഏകദാ നിന്നെ ഞാൻ കാണാകേണം[23]

ഏകദൈവമായവനേ ഒരിക്കൽ അങ്ങയുടെ ഈ ദാസന് അങ്ങയുടെ തിരുമുഖം കാണുവാനുള്ള അനുഗ്രഹം സാധിച്ചുതരേണമേ.

ചാവറയച്ചൻ ജീവിതത്തിന്റെ അവസാനഘട്ടത്തിലാണ് *ആത്മാനുതാപം* വിരചിക്കുന്നത്. തന്റെ ഏക ആഗ്രഹം ദൈവദർശനം മാത്രമാണ് എന്നദ്ദേഹം വ്യക്തമാക്കുന്നു. കൂനമ്മാവിലെ സ്വന്തം മുറിയിൽ ഏകാന്തതയിലും പ്രാർത്ഥനയിലും കഴിഞ്ഞിരുന്ന അവസാന നാളുകളിൽ ദൈവീകകാര്യങ്ങളെക്കുറിച്ചല്ലാതെ ഒന്നും അദ്ദേഹം സംസാരിച്ചിരുന്നില്ല എന്നും മറ്റുള്ള സംസാരങ്ങൾ കേൾക്കാൻ താൽപ്പര്യമില്ലായിരുന്നുവെന്നും സമകാലീനർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അത്രമാത്രം ദൈവത്തിലാണ്ടുപോയ ജീവിതമായിരുന്നു അത്.

ദർശന വാഞ്ഛയിൽനിന്ന് ദർശന അനുഭവത്തിലേക്ക് കടക്കുന്ന പിതാവിനെയാണ് *ആത്മാനുതാപത്തിന്റെ* തുടർന്നുള്ള പാദങ്ങളിൽ നാം കാണുന്നത്. താൻ കാണണമെന്നാഗ്രഹിച്ചതെല്ലാം കണ്ണാലെ കാണുന്ന പിതാവ് അതീവ കാവ്യ ഭംഗിയോടെ അവ വിവരിക്കുന്നു. സുവിശേഷത്തിലധിഷ്ഠിതമായ രക്ഷാകര രഹസ്യധ്യാനം ഇപ്രകാരം ഉൾക്കാഴ്ചയും അനുഭവവും പകർന്ന് മുന്നേറുമ്പോൾ പിതാവ് അതിൽ ആമഗ്നനാകുന്നു. തിരുവവതാര സമയം സ്വന്തം പട്ടണമായ ബസ്സേഹത്ത് സ്ഥലം ലഭിക്കാതെ കാലിത്തൊഴുത്തിൽ വേണ്ടിവന്ന തിരുജനനം വർണ്ണിക്കുന്നിടത്ത് മനോഹരമായ ഒരു അനുഭവപാഠവും നൽകുന്നു:

എന്നുടെ നഗരവും ഗോത്രവും ബന്ധുക്കളും
എന്നുള്ളോരഹമ്മതിയൊക്കെയും ഫലം നാസ്തി[24]

മനുഷ്യാവതാര രഹസ്യത്തിന്മേൽ ധ്യാനിക്കുന്ന ഒരു സാധാരണ വ്യക്തിക്ക് ഉണ്ടാകാവുന്ന സംശയങ്ങൾ ശാന്തി എന്ന ഇടയ സ്ത്രീ പരിശുദ്ധ അമ്മയോട് ചോദിക്കുന്നതും അതിന് പരിശുദ്ധ അമ്മ വേദപുസ്തക വെളിപാടിലൂന്നിയ മറുപടി നൽകുന്നതും തിരുവവതാര വിശദീകരണത്തോടൊപ്പം അവതരിപ്പിച്ചിരിക്കുന്നു.

മിസ്റ്റിക് പ്രാർത്ഥന

ചാവറ പിതാവിന്റെ ആത്മീയയാത്ര *ആത്മാനുതാപത്തിൽ* ധ്യാന വിഷയമാക്കുമ്പോൾ ദൈവീക ചിന്തയിലും അനുധ്യാനത്തിലും സദാ

വ്യാപരിച്ചിരിക്കുന്ന അദ്ദേഹം ഒരു മിസ്റ്റിക് അഥവാ ഐക്യപ്രാർത്ഥനാനുഭവത്തിൽ എത്തിയ ആളായിരുന്നു എന്ന് കാണാം. പരസ്നേഹം, നിസ്സംഗത, എളിമ, ദൈവഹിതത്തോടുള്ള വിധേയത്വം എന്നിവ ഐക്യപ്രാർത്ഥനയുടെ ഫലങ്ങളാണ്. അദ്ദേഹത്തെ സദാ നയിച്ചിരുന്നതും ഇവയായിരുന്നു.

എനിക്ക് സ്വന്തമായിട്ടൊരു മനസ്സുണ്ടോ? അങ്ങോട്ടു പോകണമെന്നോ ഇവിടെ നിൽക്കണമെന്നോ എനിക്കാഗ്രഹമില്ല. എങ്ങനെ എന്നോട് കൽപ്പിക്കുന്നുവോ ആയത് സന്തോഷത്തോടെ ചെയ്യുവാൻ ഞാൻ ആസ്തമായിരിക്കുന്നു.[25]

മേൽപ്പറഞ്ഞ സുകൃതങ്ങളെല്ലാം അദ്ദേഹത്തിൽ നിറഞ്ഞുനിന്നിരുന്നു എന്നതിന്റെ തെളിവാണ് ഈ വാക്കുകൾ. ദൈവത്തെക്കണ്ടും അവിടുത്തെ ഹിതം പൂർണമനസ്സോടെ നിറവേറ്റിയും ദൈവൈക്യത്തിന്റെ ഉന്നതിയിൽ അദ്ദേഹം വ്യാപരിച്ചു. മിസ്റ്റിക് പ്രാർത്ഥനയിൽ സമ്പൂർണ സമർപ്പണത്തിലൂടെ ആത്മാവ് ദൈവത്തിന് സ്വന്തമായിത്തീരുന്നു എന്ന് വിശുദ്ധ അമ്മത്രേസ്യ പഠിപ്പിക്കുന്നു. ഈ അവസ്ഥയിൽ എത്തിയാലും ആത്മാവ് പാപം വർജിക്കുന്നതിലും പുണ്യങ്ങൾ അഭ്യസിക്കുന്നതിലും നിഷ്ഠയുള്ളതായിരിക്കും. ദൈവസ്നേഹം തന്നിൽ കരകവിഞ്ഞൊഴുകുന്നതായി ആത്മാവിൽ അനുഭവപ്പെടും. ഏത് ജീവിതാനുഭവത്തിലും പ്രശാന്തതയോടെ വ്യാപരിക്കാൻ ആത്മാവിനു കഴിയും.

ആത്മാനുതാപത്തിൽ അദ്ദേഹത്തിന്റെ ധ്യാനം ക്രൂശിതനായ ഈശോയിലെത്തിനിൽക്കുന്ന എട്ടാം പാദത്തിൽ ഗാഗുൽത്തായിൽ തയ്യാറാകുന്ന വിവാഹപ്പന്തലിനെ പിതാവ് വർണ്ണിക്കുന്നു. ആർപ്പുവിളികളും ആഘോഷങ്ങളും സഹിതം അലങ്കാര നിബിഡമായ വിവാഹപ്പന്തൽ ഗാഗുൽത്തായുടെ മുകളിൽ ഒരുങ്ങുന്നു. മണവാളനായ ഈശോ മണവറയാകുന്ന കുരിശിൽ ആത്മാവിനെക്കാത്തിരിക്കുന്നു.

ഈ യാത്രകൊണാൻ സുന്ദരിയായ ആത്മാവേ വേഗം വരിക. നിന്റെ സ്നേഹമണവാളന്റെ കഴുത്തിലേക്ക് നോക്കുക. നിനക്ക് കാണാൻകഴിയാത്ത ഒരു മാല ആ കഴുത്തിൽ കിടക്കുന്ന. അവിടുത്തെ കരങ്ങളിൽ കിടക്കുന്ന വളകൾ എത്രയോ വിചിത്രമായിരിക്കുന്നു. സുന്ദരമണവാളനായ അവിടുത്തെ കിരീടം സുന്ദരാംഗിയായ ആത്മാവേ നീ സൂക്ഷിച്ച് നോക്കുക. നിന്നോടുള്ള സ്നേഹവായ്പ്പൊന്നു കൊണ്ടുമാത്രമാണ് ഇത് ശിരസ്സിലണിയാൻ അവിടുന്ന് തയ്യാറായത്... അല്ലയോ മണവാട്ടിയായ ആത്മാവേ, നിനക്ക് ഇത് എത്ര ഉചിതമായിരിക്കുന്നു.[26]

സഹനം മഹത്വത്തിന്റെ സമയമാണെന്ന മിശിഹായുടെ വാക്കുകൾ ഗാഗുൽത്തായിലെ കുരിശിൽ അന്വർത്ഥമാകുന്നത് അദ്ദേഹം കാണുന്നു. കുരിശാകുന്ന മണവറയിൽ പ്രവേശിച്ച് ഈശോയോടൊപ്പം ഒന്നാകാനുള്ള

തീവ്രമായ ആഗ്രഹമാണ് തന്റെ ധ്യാനാവസരങ്ങളിൽ അദ്ദേഹത്തിൽ നിറഞ്ഞിരുന്നത്. *ധ്യാന സല്ലാപങ്ങളിലും* ഇതേ അഭിവാഞ്ച നമുക്ക് കാണാൻ കഴിയും.[27]

കുരിശാകുന്ന മണവറയിൽ ആത്മാവാകുന്ന മണവാട്ടി മണവാളനോട് താദാത്മ്യപ്പെടുന്നു. കുരിശിലെ അന്ധകാരത്തിൽ സമ്പൂർണ്ണ സമർപ്പണം നടത്തിയ ഈശോയെപ്പോലെ ആത്മീയ അന്ധകാരത്തിന്റെ നടുവിലാണെങ്കിലും ആത്മാവ് സമ്പൂർണ്ണ സമർപ്പണത്തിലൂടെ ഐക്യ അനുഭവം പ്രാപിക്കുന്നു. ഇവിടെ ആത്മാവിന് അലൗകികമായ അനുഭവങ്ങളും ദർശനങ്ങളും സാധ്യമാകുന്നു. കുരിശിന്റെ വിശുദ്ധ യോഹന്നാൻ ആവിലായിലെ വിശുദ്ധ ത്രേസ്യ, പരിശുദ്ധ സ്ത്രീത്വത്തിന്റെ വിശുദ്ധ എലിസബത്ത് തുടങ്ങിയവർക്ക് ലഭ്യമായ ഈ ഐക്യ അനുഭവം ചാവറപിതാവിന്റെ ആത്മാവിനും ലഭിച്ചിരുന്നു. ഇവുരടെ ജീവിതത്തിൽ പുറപ്പെടുവിക്കുന്ന ഫലങ്ങളിൽ നിന്ന് ഇത് തിരിച്ചറിയാം എന്ന് വ്യക്തമാക്കുന്നു. ആത്മ വിസ്മൃതി, സഹനത്തോടുള്ള അഭിവാഞ്ച, സവിശേഷമായ ശത്രുസ്നേഹം എന്നിവയാണ് ഇത്. മർത്തായും മറിയവും ഒന്നാകുന്ന ഈ അനുഭവത്തിൽ പ്രാർത്ഥന പ്രവർത്തനവും, പ്രവർത്തനം പ്രാർത്ഥനയുമാകുന്നു.

ആത്മാനുതാപത്തിന്റെ തുടർന്നുള്ള പാദങ്ങളിൽ ഈ ഐക്യാനുഭവത്തിന്റെ തരളിത ഭാവങ്ങൾ ജീവനുള്ള ചിത്രങ്ങളായി നമുക്ക് കാണാൻ കഴിയും. തന്റെ അനുധ്യാനയാത്ര കാൽവരിയിലെ കുരിശിൻചുവട്ടിൽ പുത്രനോടൊപ്പം പൂർത്തിയാക്കി അവിടുത്തെ സഹനാനുഭവത്തിൽ ഐക്യം സിദ്ധിച്ച പരിശുദ്ധ അമ്മയോടൊപ്പമാണ് ചാവറ പിതാവിന്റെ ഐക്യാനുഭവം.

തിരുശരീരം അടക്കം ചെയ്ത് ഗാഗുൽത്താ വിട്ടിറങ്ങുന്ന പരിശുദ്ധ അമ്മ കാവൽദൂതരോട് സമസ്തലോകത്തിനും രക്ഷ പകർന്ന നാഥന്റെ തിരുശരീരത്തിനു കാവലായി *രാത്രി തീരുന്നതുവരെ നിങ്ങൾ ഇവിടെയിരുന്ന് അവിടുത്തെ സ്തുതിക്കുവിൻ*[28] എന്ന് അഹ്വാനം ചെയ്യുന്നു.

യോഹന്നാനോടൊപ്പം യാത്രയായ പരിശുദ്ധ അമ്മ തനിക്ക് ഏകാന്തതയിൽ ആയിരിക്കുവാൻ ഒരു വീട് ആവശ്യപ്പെടുകയും യോഹന്നാൻ അത് നൽകുകയും ചെയ്യുന്നു. അവിടെ ഒറ്റക്കിരുന്ന് ധ്യാന നിമഗ്നയാകുന്ന പരിശുദ്ധ അമ്മയുടെ മനസ്സിലൂടെ കഴിഞ്ഞകാല സംഭവങ്ങൾ ഒന്നൊന്നായി കടന്നുപോകുന്നു. സുവിശേഷങ്ങളിൽ വിവരിച്ചിട്ടുള്ളതും അല്ലാത്തതുമായ അനേകം കാര്യങ്ങൾ അനുഭവപരമായ രീതിയിൽ ദിവ്യദർശനത്തിലെന്നതുപോലെ ചാവറ പിതാവ് വിവരിക്കുന്നു.

ഒരു മിസ്റ്റിക്കായ വിശുദ്ധ അമ്മ ത്രേസ്യ തിരുസ്സഭയുടെ വീരപുത്രിയാണ്. ചാവറപ്പിതാവ് തിരുസ്സഭയുടെ ധീരനും വിശ്വസ്തനുമായ പുത്രനായിരുന്നു എന്നത്ര ചരിത്രസത്യമാണ്. വിശ്വാസ സംരക്ഷണത്തിനും സഭയുടെ

ഐക്യത്തിനുമായി പടപൊരുതി വിജയിച്ച സഭാസന്താനമാണദ്ദേഹം. സഭയിലല്ലാതെ ആധ്യാത്മിക ജീവിതമില്ലെന്നും സഭയുടെ ആത്മീയ സമ്പത്തിലാണ് താൻ പങ്കുചേരുന്നതെന്നും പിതാവിന് ഉറപ്പുണ്ടായിരുന്നു.

തിരുസ്സഭയുടെ തലവനായ പത്രോസിനെ വണങ്ങുന്ന പരിശുദ്ധ മറിയം സഭയുടെ ഔന്നത്യം ഏറ്റുപറയുന്നു. ശിഷ്യസമൂഹത്തെ ശക്തിപ്പെടുത്തിക്കൊണ്ട് എഫേസുസിലേക്കും റോമായിലേക്കും യാത്ര ചെയ്യുന്ന പരിശുദ്ധ മറിയത്തെ ചാവറപിതാവ് ചിത്രീകരിക്കുന്നു.[29] എഫേസോസിലെത്തിയ പരിശുദ്ധ അമ്മ ദിയാന ദേവിയുടെ ക്ഷേത്രം നശിപ്പിക്കുന്നു.[30] മാതാവിന്റെ അധരങ്ങളിലൂടെ സഭയെ പ്രകീർത്തിക്കുന്നു:

തിരുസ്സഭയാകുന്ന മാതാവിന്റെ പുത്രിയാണു ഞാൻ
സത്യമായും നീ എന്റെ അമ്മയാകുന്നു
എനിക്കുള്ള സമ്മാനവും അനുഗ്രഹങ്ങളും
നീ വഴിയായി വന്നുചേർന്നതാകുന്നു
എന്റെ ദുഃഖ നിമിഷങ്ങളിൽ നീയായിരുന്നു എന്റെ ആശ്രയം[31]

തുടർന്ന് പരിശുദ്ധ അമ്മ തന്റെ മരണപത്രിക തയ്യാറാക്കുന്നതിനായി വിവരിക്കുന്നു. തന്റെ സഹനങ്ങളുടെയും കഷ്ടതകളുടെയും യോഗ്യതകൾ തിരുസ്സഭയ്ക്ക് അമ്മ കൈമാറുന്നു. യോഹന്നാന് സവിശേഷ സമ്മാനങ്ങൾ നൽകുന്ന അമ്മ തന്റെ സകല വരപ്രസാദങ്ങളും നന്മയും ദീർഘശാന്തതയും സകല വിശ്വാസികളുടെ രക്ഷക്കായി സമർപ്പിക്കുന്നു.[32]

മരിയസുതനായ ചാവറപിതാവ് പരിശുദ്ധ അമ്മയോടുള്ള കടശ്ശി അപേക്ഷയോടെ ആത്മാനുതാപം പൂർത്തിയാക്കുന്നു:

കന്നിയമ്മേ നിന്റെ ദാസിയായപാപി ഞാനിതാ
മന്നിലുള്ള നിന്റെ ശുദ്ധ ജീവിതത്തെ അൽപമായ്
എന്നശുദ്ധ നാവിനാലെ പാപിയെന്ന ദാസി മേ
നിന്റെ ശുദ്ധനാവിനാലെ തരികയിന്ന് ശരണവും[33]

തന്റെ മരണത്തെ മുന്നിൽക്കാണുന്ന ചാവറപിതാവ് മാതൃസന്നിധിയിൽ അഭയം തേടുന്നു. പിശാചിന്റെ പലവിധ പരീക്ഷണങ്ങൾ, മരണം, ഭയം, അന്ത്യവിധി ഇവയിലെല്ലാം അമ്മയുടെ സഹായം അപേക്ഷിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു:

ലോകമെന്ന കാഴ്ചനിന്നനേരം എന്റെ അക്ഷികൾ
ലോകരക്ഷ നാഥനായ നിൻസുതന്റെ ആനനം
തെളിവു സ്നേഹ ദയയിനാലേ പാർപ്പതിന്നു ദാസി മേ
അരുളിടേണമമ്മ നിന്റെ ശരണം എന്റെ ശിരസ്സതിൽ...[34]

വാഴ്ത്തപ്പെട്ട ചാവറയച്ചൻ അധികമായി അറിയപ്പെടുന്നത് അദ്ദേഹത്തിന്റെ നിരവധിയായ സാമൂഹ്യസ്നേഹ പ്രവർത്തനങ്ങളുടെ പേരിലായിരിക്കാം.

എന്നാൽ സംഭവബഹുലമായ ഈ ജീവിതത്തിന് പിൻബലവും ശക്തിയുമായിരുന്നത് അദ്ദേഹത്തിന്റെ ആഴമേറിയ, പ്രശാന്തമായ ആദ്ധ്യാത്മികതയായിരുന്നു. തന്റെ പ്രാർത്ഥനാനുഭവത്തിൽ അദ്ദേഹത്തിൽ ദൈവസ്നേഹവും പരസ്നേഹവും ഒന്നായിത്തീർന്നു. പ്രവർത്തനനിരതമായ ജീവിതം എപ്രകാരം സദാ ദൈവോന്മുഖമായി കാക്കാം എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.

തന്റെ മാതാപിതാക്കളിൽ നിന്ന് ബാല്യത്തിൽ ആരംഭിച്ച ആത്മീയ യാത്ര വൈദിക പരിശീലനഘട്ടത്തിൽ വളർന്ന് *ബേസ്റൗമ*യിൽ പുതിയ മേഖലയിലെത്തി, കർമ്മലീത്ത ബന്ധത്തിലൂടെ ആഴപ്പെട്ടുവന്നു.

ധ്യാനസമയം മുഴുവൻ മുട്ടിന്മേൽ നിന്ന് കണ്ണുനീർ വാർത്തിരുന്ന പിതാവിനെയാണ് സഹസന്ന്യാസികൾക്ക് കാണാൻ കഴിഞ്ഞിരുന്നത്. സ്ഥലകാലബോധം നഷ്ടപ്പെട്ട് ദൈവസാന്നിദ്ധ്യത്തിൽ ലയിച്ചിരുന്നതിനാൽ ധ്യാനത്തിന്റെ അവസാന പ്രാർത്ഥനക്കായി എന്നും അദ്ദേഹത്തെ ഓർമ്മപ്പെടുത്തേണ്ടിയിരുന്നത്രെ. ദിവ്യകാരുണ്യ ആരാധനാ സമയങ്ങളിൽ അദ്ദേഹത്തെ കാണുന്നവർക്ക് സ്വർഗീയമായ അനുഭൂതിയായിരുന്നു. (Positio.....561) ഈ ഐക്യ അനുഭവം കൂനമ്മാവിലെ കന്യാസ്ത്രീകൾക്കുള്ള കത്തുകൾ അൽപാൽപമായി കാണാൻ കഴിയും:

.... തന്റെ (മിശിഹായുടെ) മണിയറയായ നിങ്ങളുടെ മുറിയിൽ തന്നോടുകൂടെ തെളിവിൽ ആയിരിപ്പിൻ.[35]

സദാസമയം പ്രാർത്ഥിക്കുക എന്ന കർമ്മലയുടെ പൂർവ്വചട്ടം അനുസ്മരിച്ചുകൊണ്ട് സദാ ദൈവത്തോട് ഒന്നായിരിക്കാനുള്ള മാർഗ്ഗം അദ്ദേഹം കന്യാസ്ത്രീകളെ പഠിപ്പിക്കുന്നു.

....ദൈവത്തോട് പറഞ്ഞൊപ്പുചെയ്യുക, നമ്മുടെ നാഡീഞരമ്പുകളുടെ ഇളക്കവും, കണ്ണുചിമ്മുക, ശ്വാസംവിടുക, മുതലായവയും പക്ഷിപറവകളുടെ സ്വരങ്ങളും നമ്മുടെ പ്രാർത്ഥനയായി കാഴ്ചവയ്ക്കുക. ഇവയെല്ലാം കർത്താവിന്റെ ജീവിതത്തോട് ചേർത്ത് കാഴ്ചവയ്ക്കുക. ഇവ നിയോഗം വച്ച് വീണ്ടും വീണ്ടും ഇരട്ടിയാക്കാം.[36]

തന്റെ പിതാവും മാതാവും ഭാഗ്യവും ദൈവമാണെന്നും തന്റെ ശ്വാസവും ആശ്വാസവും ദൈവത്തിലാണെന്നും ദൈവത്തിലല്ലതെ, തനിക്ക് ജീവിക്കാനാവില്ലന്നും തന്റെ ഭക്ഷണവും പാനീയവും ദൈവമാണെന്നും ഏറ്റുപറഞ്ഞ പിതാവ്[37] തന്റെ മക്കളെയും ഈ അനുഭവത്തിൽ ജീവിക്കുവാൻ ആഹ്വാനം ചെയ്യുന്നുണ്ട്:

ആ! ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ
എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ
തന്റെ അരികെ നടപ്പിൻ
തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ

എന്തെങ്കിലും വസ്തുവിൽ നിങ്ങൾക്ക് ആഗ്രഹമോ ഇഷ്ടമോ, സന്തോഷമോ തോന്നുമ്പോൾ ഈ പ്രിയംനിറഞ്ഞ കർത്താവ് നിന്റെ നേരെ തിരിഞ്ഞ് ചോദിക്കുന്നു...

നീ എന്നെ നോക്കുക, എന്നെക്കാളധികം ഇത് നിന്നെ സന്തോഷിപ്പിക്കുമോ? നീ എന്തിനു ക്ലേശിക്കുന്നു? നിന്നെ ഞാൻ സന്തോഷിപ്പിക്കാം അതുപോരേ? ഇപ്രകാരം ഒരിക്കലും നിന്റെ അടുത്തുനിന്ന് മാറാതെ നിൽക്കുന്നു. നിന്നെ സ്നേഹിക്കണം സന്തോഷിപ്പിക്കണം എന്നു മാത്രമേ അവിടുത്തേക്കാഗ്രഹമുള്ളൂ. നിനക്കെന്തുവേണം? എല്ലാം ഞാൻ ചെയ്യാം. നിനക്കുതരുവാൻ ഇനി ഒന്നുമില്ല. അതായത് തന്നെ മുഴുവനായി കർത്താവ് നിനക്കുതന്നു. ആകാശവും ഭൂമിയും എല്ലാം അവിടുത്തെ സൃഷ്ടികളാണ്. മിശിഹായെക്കാൾ വലുതാണോ അവ....? ആ, കർത്താവേ നിന്നോടൊന്നായിങ്ങൾ ആകുംവരെ ഞങ്ങളിൽനിന്ന് അകലല്ലേ.[38]

വീണ്ടും ഏകാന്തതയിൽ അനുധ്യാന അനുഭവത്തിലേക്ക് പ്രവേശിക്കേണ്ടത് എങ്ങനെയെന്ന് കന്യാസ്ത്രീകളെ പഠിപ്പിച്ചുകൊടുക്കുന്നുണ്ട്.

....ഈ ചെറിയ ഉപദേശം കേട്ടുപഠിച്ചാൽ കൊള്ളാം. പുണ്യത്തിന്റെ മുകളിൽ കയറുവാനും കയറിയിടത്തിൽനിന്ന് വീഴാതിരിപ്പാനും സൂക്ഷിച്ച് നേർവഴിയിൽ നടപ്പാനും... വേറുതെയുള്ള സംസാരത്തിന് അൽപസമയവും കളയാതെ കിട്ടുന്ന സമയം ജ്ഞാനവായനയിൽ കഴിക്കുക... ഇങ്ങനെ വായനമേൽ ഇഷ്ടമായാൽ ഏകാന്തത്തിന്മേൽ സന്തോഷമാകും. ഏകാന്തതയിൽ സന്തോഷിക്കുന്ന ആത്മാവിനെ ഏകാന്തതയിൽ വച്ച് കാൺമാനായിട്ട് ഈശോമിശിഹാ എഴുന്നള്ളിവരും, സംസാരിച്ചുതുടങ്ങും. ആദ്യം ഈ ഏകാന്തസംസാരം തിരിയുകയില്ല. അപ്പോൾ ഈ മണവാട്ടിയെ വീഞ്ഞുമുറിയിൽ കയറ്റി അൽപം പകർന്നുകൊടുക്കും. ഇത് ആസ്വദിക്കുമ്പോൾ മണവാളന്റെ സംസാരം മനസ്സിലായിത്തുടങ്ങും. പിന്നെ ഈ മണവാളൻ നല്ലതുപോലെ മനസ്സിലാകുംവിധം സംസാരിക്കും. തന്റെ സ്നേഹം എത്ര വലുതാണെന്ന് കാണിക്കും. അപ്പോൾ മണവാട്ടി അധകം സ്നേഹിച്ചുതുടങ്ങും. മണവാളന് സന്തോഷമാകും. മണവാളൻ ചില ആഭരണങ്ങൾ കൊടുക്കും. ഇങ്ങനെ തുറക്കും പിന്നെ ഭയമില്ല.[39]

സ്വർഗ്ഗീയസംസാരവും മണവാളത്ത സ്നേഹവും ഗാഗുൽത്തായിലെ മണവാളന്റെ ആഭരണങ്ങളും സ്വന്തം ആത്മാവാകുന്ന മണവാട്ടി രുചിച്ചറിഞ്ഞ അനുഭവത്തിൽനിന്നാണ് പിതാവിന്റെ ഈ വാക്കുകൾ. ആത്മാവിൽ അനുതാപം നിറച്ച് കയറിയിടത്തുനിന്നും വീഴാതെ കയറിക്കയറി ദൈവസായൂജ്യത്തിലെത്തിയ ചാവറപിതാവിന്റെ ആത്മീയയാത്ര നമ്മുടെ യാത്രയേയും പ്രകാശിപ്പിക്കട്ടെ. ■

പരാമർശ സൂചിക

1. *ആത്മാനുതാപം* 5, 182
2. *ആത്മാനുതാപം* 1/128
3. *ആത്മാനുതാപം* 1/140
4. *ആത്മാനുതാപം* 1/112, 128
5. *ആത്മാനുതാപം* 1/48
6. *ആത്മാനുതാപം* 1/56
7. *ആത്മാനുതാപം* 1/64
8. *ആത്മാനുതാപം* 2/8
9. *ആത്മാനുതാപം* 2/24
10. *ആത്മാനുതാപം* 7/192
11. *ആത്മാനുതാപം* 7/207
12. *കടശ്ശി, അപേക്ഷ* 12
13. *ക.മ. ജപമാല* നമ്പ. 25
14. *മാന്നാനം 11 നാളാഗമം* പേ. 16
15. *സങ്കീർത്തനം.* 25/15
16. *സങ്കീർത്തനം* 27/8
17. *സങ്കീർത്തനം* 38/15
18. *സങ്കീർത്തനം* 42/
19. *ആത്മാനുതാപം* 3/16
20. *ആത്മാനുതാപം* 3/8
21. *ആത്മാനുതാപം* 3/24
22. *ആത്മാനുതാപം* 3/96
23. *ആത്മാനുതാപം* 3/60
24. *ആത്മാനുതാപം* 4/117
25. *നാളാഗമം വാല്യം 2,* പേജ് 12
26. *ആത്മാനുതാപം* 8/90-99
27. *ധ്യാനസല്ലാപങ്ങൾ,* പേജ് 22-23
28. *ആത്മാനുതാപം* 9/148
29. *ആത്മാനുതാപം* 10/224
30. *ആത്മാനുതാപം* 10/310-320
31. *ആത്മാനുതാപം* 11/412-416
32. *ആത്മാനുതാപം* 11/457-448)
33. *കടശ്ശി അപേക്ഷ* 4
34. *കടശ്ശി അപേക്ഷ* 72
35. *കന്യാ. കത്ത്* VII/2
36. *കന്യാ. കത്ത്* VII/3
37. *ആത്മാനുതാപം* 2/140
38. *കന്യാ.കത്ത്* VII /7
39. *കന്യാ. കത്ത് VII/8*

ആറ്

ആത്മാവിഷ്ക്കാരത്തിന്റെ ദിവ്യശോഭ

സിസ്റ്റർ ലിസ്യു തെരേസ് സി.എം.സി.

ചാവറയച്ചൻ തന്റെ ആത്മഭാവങ്ങൾ പ്രകടിപ്പിക്കുന്ന ആത്മാനുതാപം എന്ന കവിത അക്ഷരങ്ങളിലാക്കിയത് തന്റെ മരണത്തിന് ഏതാനും നാളുകൾ മുമ്പാണ്. എന്തിന് ഈ കൃതി അദ്ദേഹം എഴുതി എന്ന് അദ്ദേഹത്തിന്റെ ആത്മസുഹൃത്തും സന്തതസഹചാരിയുമായിരുന്ന ലെയോപോൾദ് മൂപ്പച്ചൻ എന്ന കർമ്മലീത്താ മിഷനറി രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

തന്റെ ഉള്ളിലുള്ള ഭക്തിയും സ്നേഹവും നന്ദിവിചാരങ്ങളും പുറത്താക്കി തന്റെ ആത്മാശ്വാസത്തിനും ഭക്തിക്കുമായി ഒടുക്കത്തെ ദീനം പിടിക്കുന്നതിന് കുറെ മുമ്പ് ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന 'ആത്മാനുതാപം' എന്നു പേരായിട്ടുള്ള തന്റെ ദിവ്യവിചാരങ്ങളെ പാട്ടായിട്ട് എഴുതി.[1]

അദ്ദേഹത്തിന്റെ ദിവ്യവിചാരങ്ങളെ കാവ്യാത്മകഭാഷയിൽ *ആത്മാനുതാപത്തിലെ ധ്യാനശ്രുതി* എന്ന് ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നു. ചാവറയച്ചന്റെ ഭാഷയിൽ പാപിയായ താൻ സഭയാകുന്ന നല്ല വാസസ്ഥലത്ത് കഴിച്ച[2] ജീവിതസമർപ്പണത്തിന്റെ ഈരടികളാണിവ. ജീവിതബന്ധിയായ കവിതയാണ് ഇതെന്ന് ഈ പ്രസ്താവനയിൽ നിന്നും വ്യക്തമാണ്.

ചാവറയച്ചന്റെ സഭാത്മകവീക്ഷണത്തിൽനിന്നും ഉയിർക്കൊണ്ടതാണ് ഈ കവിതാസമാഹാരം. സഭയാകുന്ന അമ്മയുടെ ഹൃദയത്തിൽ പ്രതിഷ്ഠിതമായിരിക്കുന്നത് വചനം മാംസമായ മിശിഹായാണ്. വചനം മാംസമായി രക്ഷിച്ച അജഗണങ്ങളാണ് സഭാമക്കൾ. സഭയുടെ ഒരു അജപാലകൻ എന്ന നിലയിൽ ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനതത്വങ്ങളെക്കുറിച്ച് അജഗണങ്ങളെ അറിയിച്ചുകൊടുക്കുക എന്ന അഭിനിവേശമാണ് കവിതാരചനയെന്ന തപസ്യ ഏറ്റെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്ന് വ്യക്തം.

ഒന്നും രണ്ടും പാദങ്ങളിലെ ധ്യാനധാര

വൈയക്തികമായ ബാല്യകാലാനുഭവങ്ങളുടെ പിന്നിലുള്ള ദൈവാനുഭവത്തെയാണ് കവി ഒന്നും രണ്ടും പാദങ്ങളിൽ അനാവരണം ചെയ്യുന്നത്. ഗതകാല ചരിത്രത്തിലേക്ക് നോക്കുമ്പോൾ അനുഭവങ്ങളുടെ ആകെത്തുകയാകുന്നത് ആരുടെയൊക്കെയോ നന്മകളാണ്. ആ നന്മകളെയെല്ലാം ഒരൊറ്റ ബിന്ദുവിൽ കോർത്തിണക്കി കാണാൻ ആത്മീയതയുടെ നിറവുള്ളവർക്കേ കഴിയൂ. *ആത്മാനുതാപത്തിന്റെ* ആദ്യപാദങ്ങളിൽ ഈ തിരിച്ചറിവാണ് പ്രതിഫലിപ്പിക്കുന്നത്. ദൈവം സർവ്വനന്മയാണ്; താൻ ദൈവത്തിന്റെ അനന്തനന്മയുടെ ഫലവും. മനുഷ്യജീവിതത്തിലെ തികച്ചും മൗലികമായ രണ്ട് വിചാരധാരകളിലാണ് കവിതയുടെ തുടക്കം. ദൈവത്തിന്റെ അനന്തനന്മകളെ ഒരു സങ്കീർത്തനം പോലെ കവി അനാവരണം ചെയ്യുകയാണ്.

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻസുതനായ് ചമച്ചെന്നെയും
ആയതിനെന്തു കാരണം ദൈവമേ
ആദ്യഹീനനാം നിന്റെ ദയതന്നെ[3]

എല്ലാറ്റിനും കാരണഭൂതനായ ദൈവം, *ആദിനായകനായ സർവ്വേശ്വരൻ, ആദത്തിൻ സുതനായ* തന്നെ സൃഷ്ടിച്ചു. ദൈവികചായയിൽ സൃഷ്ടിക്കപ്പെട്ട ദൈവ മഹത്വം കുടികൊള്ളുന്ന, ദൈവത്തിന്റെ കരവേലകളിലെ അതിശ്രേഷ്ഠ സൃഷ്ടിയാണ് മനുഷ്യൻ. ഇവിടെ കവി മിഴികളുയർത്തുന്നത് ബൈബിളിന്റെ വെളിപാടുരഹസ്യങ്ങളിലേക്കാണ്. ആദത്തിൻ സുതനെന്ന നിലയിൽ പാപത്തിന്റെ ചാപല്യങ്ങളും, സ്വാധീനങ്ങളും മനുഷ്യനിലുള്ളതായി കവി കാണുന്നു. ഇതിനു രണ്ടിനുമിടയിലുള്ളതാണു ജീവിതം. രണ്ടുതരത്തിൽ ദൈവം തന്നോടും മനുഷ്യവർഗ്ഗം മുഴുവനോടും കരുണ കാണിച്ചു. ഒന്ന്, തന്റെതന്നെ ഛായയിൽ തന്നെയും സൃഷ്ടിക്കാൻ കാണിച്ച ദൈവത്തിന്റെ കാരുണ്യം, രണ്ടാമത്, ദൈവം ക്രിസ്തുവിൽ വെളിപ്പെടുത്തിയ രക്ഷാകരമായ കാരുണ്യം. ദൈവകാരുണ്യമാണ് എല്ലാറ്റിനും അടിസ്ഥാനമെന്ന് അടിവരയിട്ടുകൊണ്ട് ചാവറയച്ചന്റെ കാവ്യധാര പുരോഗമിക്കുമ്പോൾ അനുവാചകരിലും അത്തരത്തിലുള്ള ഒരു ആത്മബോധം ജനിക്കുന്നു.

വിശ്വാസികളായ മാതാപിതാക്കന്മാരിലൂടെ ലഭിച്ച ദൈവകൃപകളാണ് ഒന്നാം പാദം 40–80 വരെയുള്ള വരികളിൽ വിവരിക്കുന്നത്. സ്വർഗ്ഗവും ഭൂമിയും സംഗമിച്ച പുണ്യസങ്കേതമായ തിരുക്കുടുംബത്തിന്റെ സ്മരണയുണർത്തുന്നവരായിരുന്നു കുടുംബാംഗങ്ങൾ. ദൈവാലയത്തിന്റെ പരിശുദ്ധി കുടുംബത്തിൽ കാക്കണമെന്ന നിഷ്ഠ പുലർത്തിയവരായിരുന്നു മാതാപിതാക്കൾ. ആദിപാപത്തിൽ വിരൂപമാക്കപ്പെട്ട ദൈവീകഛായ ജ്ഞാനസ്നാനത്തിലൂടെ പുനർശുദ്ധി ചെയ്തു പകർന്നേകുവാൻ ഉപകരണങ്ങളായത് വിശ്വാസികളായ

കാരണവന്മാരാണ്. അമ്മ തൊട്ടിലാട്ടിയപ്പോഴും അമ്മിഞ്ഞ കൊടുത്തപ്പോഴും പാടിക്കൊടുത്തത് വിശ്വാസപ്രമാണവഴികളിലെ അടിസ്ഥാനരഹസ്യങ്ങളായ പരിശുദ്ധത്രിത്വത്തെ അനുസ്മരിപ്പിക്കുന്ന തിരുക്കുടുംബത്തെക്കുറിച്ചും മിശിഹായുടെ ജീവിതരഹസ്യങ്ങളെക്കുറിച്ചുമാണെന്ന് കവി പറയുന്നു.[4] പ്രപഞ്ചത്തെക്കുറിച്ചുള്ള മഹോന്നതമായ അറിവു പോലും ആദ്യമായി തനിക്ക് ലഭിച്ചത് അമ്മയുടെ നിരന്തരമായ ജപത്തിലൂടെയായിരുന്നുവെന്ന് കവി ദ്യോതിപ്പിക്കുന്ന ഭാഗങ്ങൾ ശ്രദ്ധേയങ്ങളാണ്:

പരംജ്യോതിയെ ഈശോയെ രക്ഷിയ്ക്ക
പാരിതിന്റെ പുഷ്പമെ ജയാജയാ[5]

അമ്മയുടെ ധ്യാനം പലപ്പോഴും രാത്രിയുടെ യാമങ്ങളിലായിരുന്നു. ആ അമ്മയുടെ ചാരത്തിരുന്ന് താൻ ഉറങ്ങിയപ്പോൾ അമ്മയുടെ ഹൃദയത്തിന്റെ സ്പന്ദനം താനറിയാതെ തന്റേതുമാവുകയായിരുന്നുവെന്നുള്ള ചാവറയച്ചന്റെ പ്രസ്താവന ഹൃദയസ്പർശിയാണ്. കുടുംബമാണ് മനുഷ്യൻ ഈശ്വരപൂജയർപ്പിക്കാൻ പരിശീലിക്കുന്ന ആദ്യ അരങ്ങ്, ദൈവികരഹസ്യങ്ങളിലേക്ക് പ്രവേശിക്കാനുള്ള കവാടം എന്ന യാഥാർത്ഥ്യം വായനക്കാരും ഇതിലൂടെ ഗ്രഹിക്കുന്നു.

ആത്മാനുതാപം ഒന്നാംപാദം 18-32 വരെയുള്ള ഭാഗങ്ങളിൽ കാണുന്ന കാവലാകുന്ന ദൈവത്തെക്കുറിച്ചുള്ള ചാവറയച്ചന്റെ പ്രബോധനം മാലാഖമാരെക്കുറിച്ചാവാനാണു ന്യായം. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തിൽ *സഭയുടെ ഭൗമികതീർത്ഥാടനത്തിൽ അവളെ സഹായിക്കുന്നവരും ഓരോ മനുഷ്യനെയും സംരക്ഷിക്കുന്നവരുമായ മാലാഖമാരെ സഭ വണങ്ങുന്നു* എന്ന് പഠിപ്പിക്കുന്നുണ്ട്.[6] മാലാഖമാർ മനുഷ്യർക്ക് കാവലാകുന്നു എന്നത് വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്ന സത്യമാണ്. സങ്കീർത്തനങ്ങൾ സാക്ഷിക്കുന്നത് മനുഷ്യർക്ക് മാലാഖമാരുടെ ഒരു സംരക്ഷിത വലയം തന്നെയുണ്ട് എന്നാണ്.[7]

ഇതെക്കുറിച്ച് കവി പാടുന്നത് ഇപ്രകാരമാണ്:

എന്നുടെ ജനനത്തിന്റെ നാൾ മുതൽ
എന്നെക്കാത്തു ഭരിച്ചുസൂക്ഷിപ്പാനും
എന്നേരത്തുമെൻ ചാരത്തുനിന്നീയാൾ
എന്നതിനാലെയന്നു ഞാൻ ജീവിച്ചു

താൻ ജനിച്ച നാൾ മുതൽ തന്നെ കാത്തു പരിപാലിക്കുവാൻ സദാസമയവും ഒരാൾ അടുത്തുണ്ടായിരുന്നു; അതുകൊണ്ടാണ് ഇന്നോളം താൻ ജീവിച്ചത് എന്നു പറയുമ്പോൾ ജീവിതബന്ധിയായ അനേകം അനുഭവങ്ങളുടെ സ്ഫുലിംഗങ്ങൾ അതിൽ പ്രതിധ്വനിക്കുകയാണ്. ചാവറയച്ചന്റെ ദിവ്യവിചാരത്തിൽ ദൈവം മനുഷ്യരുടെ അനുദിനജീവിതത്തിൽ ഇടപെടുന്ന

വനാണ്. ദൈവത്തിന്റെ സംരക്ഷണച്ചുടിലാണ് മനുഷ്യൻ വ്യാപരിക്കേണ്ടത്. മാലാഖമാരുടെ സഞ്ചാരപാത മനുഷ്യരുടേതുമാകണം എന്നൊരു ധ്വനിയും കവിതാഭാഗം നൽകുന്നു.

പ്രപഞ്ചമേ പ്രണാമം

പ്രാപഞ്ചിക രഹസ്യങ്ങളിലേക്കുള്ള ഉൾവെളിച്ചം ചാവറയച്ചന് ലഭിച്ചത് കുടുംബത്തിൽനിന്നാണെന്ന് നാം കണ്ടു. *പരത്തിലെ ജ്യോതിർഗോളം, പാരിതിന്റെ പുഷ്പം* തുടങ്ങിയ പദവ്യുൽപത്തികൾ ദിശ കാണിക്കുന്നത് അങ്ങനെയൊരു അവബോധത്തിലേക്കാണ്. *പാരിതിന്റെ പുഷ്പം* മനുഷ്യാവതാരം ചെയ്ത യേശുവാണ്. ദൈവികസാന്നിദ്ധ്യം തന്നെയാണ് ഈ പ്രപഞ്ചത്തിലുടനീളം കവി കാണുന്നത്. *ആത്മാനുതാപം* രണ്ടാം പാദം 292-296ലും 312-316 ലും പ്രപഞ്ചത്തെക്കുറിച്ചുള്ള കവിയുടെ വിസ്മയവും പ്രപഞ്ചത്തെക്കുറിച്ചുള്ള നശ്വരതയുടെ പാഠവും ഒരുപോലെ പ്രതിപാദിക്കപ്പെടുന്നു.

ആകാശഗമനവുമാദിത്യചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലം സമസ്തവും സൂക്ഷിച്ചുനോക്കിക്കൊണ്ട്
ഇതൊക്കെ സൃഷ്ടിച്ചതിനെന്തു കാരണമെന്നു...[8]

ആത്മാനുതാപം രണ്ടാം പാദം 312-316 വരികളിൽ പ്രപഞ്ചത്തിലുള്ള ചെറുതും വലുതുമായ വസ്തുവകകൾ മിന്നൽവെളിച്ചം പോലെ കടന്നു പോകുന്നുവെന്ന് പ്രതിപാദിക്കുന്നു. ഗദ്യഭാഷയിൽ അതിനെ ഇപ്രകാരം സംഗ്രഹിക്കാം.

...ഇന്നു നാം ഭൂമിയിൽ കാണുന്ന പച്ചപ്പുല്ലും നാളെത്തന്നെ സൂര്യന്റെ ചൂടേറ്റ് വാടിപ്പോകാനുള്ളതാണ്. അതിമനോഹരമെന്ന് വിശേഷിപ്പിക്കാവുന്ന എത്രയെത്ര പുഷ്പങ്ങളാണ് നമുക്ക് ചുറ്റും കാണാൻ കഴിയുന്നത്. മോഹിപ്പിക്കുന്ന ശോഭയും സുഗന്ധവും അവയ്ക്കുണ്ട്. പക്ഷേ, ഇവയൊക്കെ അടുത്ത നിമിഷത്തിൽ കൊഴിഞ്ഞുവീഴാനുള്ളതാണ്. രണ്ടു കാര്യങ്ങൾ കവി ഇതിലൂടെ അനാവരണം ചെയ്യുന്നു. അതിലൊന്ന് പ്രപഞ്ചത്തെക്കുറിച്ചുള്ള മനുഷ്യന്റെ വിസ്മയം അവസാനിക്കരുതെന്നാണ്. ഈ വിസ്മയമാണ് ധ്യാനം. പരലോകവെളിച്ചം പകരുന്ന ധ്യാനമാണ് പ്രപഞ്ചം നൽകുന്നത്. ഈ ധ്യാനം നിലയ്ക്കുന്നിടത്ത് പ്രകൃതിയുടെ താളം ശ്രദ്ധിക്കണമെന്ന കൽപന മനുഷ്യൻ മറക്കുന്നു. മറ്റൊന്ന്, ഈ പ്രപഞ്ചം നശ്വരമാണെന്നതാണ്; അതിനാൽ ഉചിതമായിട്ടേ അതിനെ കൈകാര്യം ചെയ്യാവൂ എന്നതാണ്.

പൈതൽപ്രായം മുതൽ താൻ ചെയ്തുപോയ പാപങ്ങളെക്കുറിച്ചുള്ള അനുസ്മരണകളും അതെക്കുറിച്ചുള്ള അനുതാപവും *ആത്മാനുതാപം* ഒന്നും

രണ്ടും പാദങ്ങളിൽ ഇടകലർന്ന് കാണാം. ആദ്ധ്യാത്മികാചാര്യന്മാർ പഠിപ്പിക്കുന്നതുപോലെ മനുഷ്യനിൽ രൂഢമൂലമായിരിക്കുന്ന മൂന്ന് തിന്മകളെക്കുറിച്ചാണ് ഇവിടെ പ്രതിപാദ്യം. മനുഷ്യൻ ധ്യാനവഴികളിൽനിന്ന് അകലുന്നത് പലപ്പോഴും ഈ തിന്മകൾ അവനെ ചൂഴ്ന്നു നിൽക്കുന്നതുകൊണ്ടാണ്.

മനുഷ്യഘടനയിൽ പഞ്ചഭൂതങ്ങൾക്ക് ഏറിയ സ്ഥാനമുണ്ട്. പ്രപഞ്ചത്തിന്റെ ഒരു ചെറിയ പതിപ്പ് ഓരോ മനുഷ്യനും തന്നിൽ ആവഹിക്കുന്നു. ക്രൈസ്തവദർശനമനുസരിച്ച് പഞ്ചേന്ദ്രിയങ്ങളുടെ ഇച്ഛകളെ മനസ്സിന്റേയും ആത്മാവിന്റെയും കഴിവുകൾ നിയന്ത്രിക്കുവാൻ കഴിയേണ്ടതാണ്.

മന്നിലുള്ളവയൊക്കെ സ്ഥൂലമസ്ഥൂലവും
മിന്നൽപോലെ കടന്നീടുമെന്നു ഞാനോർത്തീടാതെ
കണ്ണിനിഷ്ടമായിടും കാഴ്ചയെ സൂക്ഷിച്ചഹം
മണ്ണിതെന്നോർത്തിടാതെ മനസ്സുമതിൽ വച്ചേൻ[9]

...നീ തന്ന കണ്ണുകളെ തിന്മ ചെയ്യുന്നതിന് ഉപകരണമാക്കി ഞാൻ മാറ്റി; എന്റെ കർണ്ണങ്ങളോ തങ്ങൾ വഴിയായി ഹൃദയത്തിൽ ദുഃഖമാണ് വരുത്തിയിട്ടുള്ളത്; എനിക്കും എന്റെ സഹജീവികൾക്കും പ്രകാശം പകരുവാൻ വേണ്ടി നീ തന്ന നന്മകൾ ഞാൻ നഷ്ടമാക്കിയല്ലോ എന്നു പറയുന്ന കവി താപസികചൈതന്യത്തിന്റെ ദിവ്യദൃഷ്ടി മനുഷ്യന് എത്രയോ ആവശ്യമെന്ന് സമർത്ഥിക്കുന്നു.

ജഡമോഹം മാത്രമല്ല, ആത്മീയജീവിതത്തെ തടസ്സപ്പെടുത്തുന്നത്. അമിതമായ ധനമോഹം അനേകം തിന്മകൾക്ക് വഴിയൊരുക്കുകയും അതിലൂടെ മനുഷ്യബന്ധങ്ങൾക്ക് തുരങ്കം വയ്ക്കുകയും മനുഷ്യനെ അതിന്റെ അടിമയാക്കുകയും ചെയ്യുന്നു:

ഇന്നിപ്പോൾ ഗ്രഹസ്ഥനായിക്കാണുന്ന ദ്രവ്യസ്ഥനെ
മന്ദഹാസത്താൽ പലർ സ്നേഹിച്ചുസേവിക്കുന്നു
ബുദ്ധിമാനിവൻ ബഹുശക്തിമാൻ സമർത്ഥനു
മബ്ധിയിൽ മണലുപോൽ വിത്തസമ്പത്തുമുണ്ട്[10]

എന്നു പാടുന്ന കവി മനുഷ്യഹൃദയങ്ങളിൽ നിന്നും ഇപ്രകാരമുള്ള ഇച്ഛകളെ ദൂരീകരിക്കണമെന്നാണ് പറയുന്നത്. ദൈവത്തെ അന്വേഷിക്കുന്നവൻ ഭൗതികതിന്മകളിൽ നിന്നും ഹൃദയത്തെ സ്വതന്ത്രമാക്കണം.

ധനത്തോടുകൂടി പ്രശസ്തിയും വന്നുചേരുന്നതായി കവി കാണുന്നു:

സുന്ദരനിവൻ മഹാശോഭിതൻ കാണുന്നോർക്കു
സുന്ദരന്മാരായിടും പുത്രന്മാർ പുത്രികളും
ഇങ്ങനെയുള്ള ബഹുഭംഗികൾ പലതരം[11]

ധനവും പ്രശസ്തിയും ഒരുവനെ ധ്യാനവഴികളിൽനിന്ന് അകറ്റി അഹങ്കാരത്തിലേക്ക് നയിക്കുകയും അത് അവന്റെ ആത്മീയപുരോഗതിയെ തടയുകയും ചെയ്യുന്നു. അത് മനുഷ്യനിലുള്ള ദൃഢനിശ്ചയത്തെ തകർക്കുന്നു.

ഭോഷ്കതിലിഷ്ടമത്രേ നന്മയിൽ രസമില്ല
പാപത്തെച്ചെയ്വോൻ ദൃഢം പാപോച്ചാരണം ചെയ്വാൻ
പാത്രവാനായിടണമെന്നതിൽ ജ്ഞാനംവിനാ
പാപത്തിന്നൂടുബുദ്ധി ദൃഢവുമുപദേശം
താപത്താൽ തൂർത്തീടുവാനൊട്ടുമേയില്ലദൃഢം[12]

സങ്കീർണ്ണങ്ങളായ ഈ പാപപ്രേരണകളാണ് പരസ്പരാശ്രയത്വത്തിൽനിന്നും പ്രകൃതിയിൽനിന്നുപോലും മനുഷ്യനെ അകറ്റുന്നത്.

മനുഷ്യചേതന ദൈവം കൊളുത്തിയ വിളക്കാണ്. ഈ ഉൾവെട്ടത്തിൽ വിശ്രമം കൊള്ളുന്നത് ദൈവമാണ്. ഈ വെട്ടത്തെ കെടുത്തിക്കളയുന്നതാണ് പാപം. മനുഷ്യമനസ്സാക്ഷിയിലൂടെ ദൈവം സംസാരിക്കുന്നു. അത് കേൾക്കുക എന്നത് മനുഷ്യന്റെ ധർമ്മമാണ്. ഉള്ളിലെ വെളിച്ചത്തെ തമസ്സാക്കി പകർത്തുന്നതാണ് മനുഷ്യനിലെ പാപാവസ്ഥ.

അയ്യയ്യോ മഹാദുഃഖമടിയൻ വളർന്നപ്പോൾ
നെയ്യുമില്ലഗ്നിയില്ലാ പുകയുന്നതും കണ്ടേൻ
ഇപ്പോലെയുള്ള മഹാദുർഭാഗ്യമാർക്കുണ്ടായി
യൽപൻ ഞാനറിയാതെ കെട്ടയ്യോ മമവെട്ടം[13]

തനിക്കും തന്റെ സഹജീവികൾക്കും പ്രകാശം പകരുവാൻ വേണ്ടി ദൈവം നൽകിയ ഉജ്ജ്വലമായ വെളിച്ചത്തെ താൻ അന്ധകാരമാക്കിക്കളഞ്ഞുവല്ലോ എന്നാണു പരിതാപം. പാപാവസ്ഥയുടെ ഭീകരതയെയാണ് തമസ്സ് എന്ന പദത്തിലൂടെ വ്യംഗ്യമാക്കുന്നത്. ദൈവം അമ്മാനുവേലായി മനുഷ്യാവതാരം ചെയ്ത സത്യത്തെ സ്വീകരിക്കുന്നതുവഴി മനുഷ്യൻ വെളിച്ചത്തിലേക്കു വരുന്നു. ഉള്ളിലുള്ള പ്രകാശത്തെ കെടുത്തിക്കളയുന്നതാണ് പാപം. ആ പാപവഴികളിൽനിന്നു മോചനം ലഭിക്കാൻ പ്രകാശ ദീപ്തിയുടെ നിറസാക്ഷ്യമായ മനുഷ്യനായ ദൈവപുത്രന്റെ ദർശനം ലഭിക്കണം. മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനു മാത്രമേ ഈ ലോകത്തെ പൂർണ്ണമായും പ്രകാശിപ്പിക്കാൻ കഴിയൂ. അവൻ പ്രകാശമാണ്. അവനിലൂടെയേ ഉൾവിളക്കുകൾ പ്രകാശിതങ്ങളാകൂ.

മിത്രനെ മന്ദിപ്പിച്ചീടുന്ന ദീപ്തിയെ
ഗാത്രേ മറച്ചതും കാണാകേണം[14]

ഗാത്രം അഥവാ ശരീരം ഊർജ്ജസംഭരണിയാണ്. ആത്മാവാണ് അതിന്റെ യഥാർത്ഥ ഊർജ്ജസ്രോതസ്സ്. മനുഷ്യാത്മാവ് ദൈവാത്മാവിൽ

നിന്നാണു ജീവൻ സ്വീകരിക്കുന്നത്. ഈ പ്രകാശവഴിയിലേക്കുള്ള മനസ്സിന്റെ എത്തിച്ചേരലാണ് ധ്യാനം.

മനുഷ്യൻ ഇരുട്ടിലായിരിക്കുന്നിടത്തോളം കാലം കാഴ്ച സാദ്ധ്യമല്ല. മനുഷ്യനിലെ ആന്തരികസത്ത വെളിച്ചത്തിനായി ദാഹിക്കുന്നു എന്ന സത്യമാണ് മൂന്നാംപാദത്തിലെ *കാണാകേണം* എന്ന വാക്ക് ആവർത്തിച്ചു പാടുന്നതിലൂടെ ചാവറയച്ചൻ വ്യക്തമാക്കുന്നത്. ഉൾക്കണ്ണുതുറക്കലിന്റെ പരിവൃത്തത്തിലാണ് *കാണാകേണം* എന്ന വാക്കിനെ മനസ്സിലാക്കേണ്ടത്. മനുഷ്യന്റെ ഉൾക്കണ്ണുതുറക്കുവാൻ, അന്ധത മാറ്റുവാൻ, പാപം മോചിപ്പിക്കുവാൻ മനുഷ്യപുത്രനായ എമ്മാനുവേലിന് കഴിഞ്ഞതിനാൽ അവന്റെ ദർശനത്തിനായി ദാഹിക്കുവാൻ എല്ലാവരേയും കവി ക്ഷണിക്കുന്നു. കണ്ടറിഞ്ഞതാണ് മനുഷ്യൻ സംസാരിക്കേണ്ടത്. കണ്ടത് പങ്കുവെക്കുന്നതും കാണാതെ സംസാരിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഉൾക്കണ്ണുകൾകൊണ്ട് മനുഷ്യൻ ദൈവത്തെ ദർശിക്കുമ്പോൾ അത് ധ്യാനമാകുന്നു. ധ്യാനത്തിന്റെ ഇടവേളകൾ മനുഷ്യൻ ആഗ്രഹിക്കുന്നത് ദർശനദാഹം കൊണ്ടാണ്. മനുഷ്യപുത്രനായ എമ്മാനുവേലിന്റെ ജീവിതം മുഴുവൻ തന്നിൽ ആവിഷ്കരിക്കുകയും അതിലേക്ക് രൂപാന്തരപ്പെടുകയും ചെയ്യുമ്പോഴാണ് താൻ ഭാഗ്യവാനായിത്തീരുന്നതെന്ന് ചാവറയച്ചൻ പറയുന്നത് ശ്രദ്ധേയമാണ്. ധ്യാനം ദർശനത്തിലേക്ക് നയിക്കും. ഈ ദർശനദാഹം മനുഷ്യാസ്തിത്വത്തിന്റെ ഭാഗമാണ്.

എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു
ശ്വാസവുമെനിക്കു നീ, യാവന പാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ[15]

അനുതാപത്തിന്റെ ധ്യാനശ്രുതികൾ

പൗരസ്ത്യചിന്താധാരയുടെ പ്രത്യേകതകളിൽ ഒന്ന് ഹൃദയാനുതാപചൈതന്യവും അനുചിന്തനജീവിതശൈലിയുമാണ്. ദൈവത്തിന്റെ മഹത്വവും തിന്മയും അനുഭവിക്കുമ്പോൾ പാപിയുടെ മനസ്സിലുണ്ടാകുന്ന ആന്തരിക കേഴലാണ് പാപം എന്ന് പൗരസ്ത്യപിതാക്കന്മാർ പറയുന്നു.

സിറിയായിലെ വിശുദ്ധ ഐസക്ക് പറഞ്ഞിട്ടുണ്ട്:

ദൈവകൃപ ലഭിക്കുന്നതിനുള്ള ആദ്യപടിയാണ് അനുതാപം. എന്നാൽ ഇത് ആരംഭത്തിൽ മാത്രം സ്വീകരിക്കേണ്ട ഒന്നല്ല; മറിച്ച്, ദൈവസായൂജ്യത്തിലേക്കുള്ള പ്രയാണത്തിൽ അന്ത്യംവരെയും പുലർത്തേണ്ട മനോഭാവവും വ്യവസ്ഥയുമാണ്.

കേവലം ഗ്ലാനതയോ ദുഃഖമോ അല്ല ആത്മീയാനന്ദമാണ് അത് പാപിക്കു നൽകുന്നത്. സുവിശേഷത്തിന്റെ സന്ദേശമായി സുവിശേഷകന്മാർ രേഖപ്പെടുത്തിയിരിക്കുന്നതുമാണ്.

ദൈവരാജ്യം സമീപിച്ചിരിക്കുന്നു; അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ.[16]

എല്ലാ മനുഷ്യരുടേയും രക്ഷയെ ആഗ്രഹിക്കുന്ന ദൈവം നൽകുന്ന ദാനമാണിത്. പരിശുദ്ധാത്മാവാണ് യഥാർത്ഥ അനുതാപത്തിലേക്ക് മനുഷ്യമക്കളെ നയിക്കുന്നത്. രൂപാന്തരപ്പെടുന്ന ജീവിതത്തിന്റെ അവശ്യവ്യവസ്ഥകളാണ് അനുതാപവും മാനസാന്തരവും. പണ്ഡിതന്മാരുടെ അഭിപ്രായവുമതാണ്.

അനുതാപവും മാനസാന്തരവും ഒന്നല്ല; ഒരേ പ്രക്രിയയുടെ രണ്ട് ഘടകങ്ങളാണ്. ഒന്ന് ആരംഭമെങ്കിൽ മറ്റേത് പരിസമാപ്തിയാണ്. അനുതാപത്തിൽ ആരംഭിച്ച് ഈശോയുമായുള്ള ആഭിമുഖ്യത്തിൽ എത്തിച്ചേരാനുള്ള നിരന്തരമായ മുന്നേറ്റമാണ് ക്രൈസ്തവജീവിതം.[17]

ഹൃദയശുദ്ധി വരുത്തുവാൻ അനുതാപകണ്ണുനീരിൽ ഹൃദയം കഴുകണം എന്നാണ് ചാവറയച്ചൻ പഠിപ്പിക്കുന്നത്. അദ്ദേഹം മരണക്കിടക്കയിൽ കിടന്നുകൊണ്ട് ഏറ്റുപറഞ്ഞത് മാമ്മോദീസായിൽ ലഭിച്ച വരപ്രസാദം താൻ ജീവിതത്തിൽ ഒരിക്കലും നഷ്ടമാക്കിയിട്ടില്ല എന്നാണ്.[18] അനുതാപത്തിൽ ആഴപ്പെടുക എന്നതിനർത്ഥം ദൈവികപുണ്യങ്ങളിലുള്ള വളരുകയെന്നതാണ്. തപിക്കുന്ന വ്യക്തിക്ക് അതിലൂടെ ജ്വലിച്ചുയരുവാൻ സാധിക്കുന്നു. *ആത്മാനുതാപത്തിന്റെ* തുടർന്നുള്ള പദങ്ങളിൽ കാണുന്നതും അതാണ്.

എല്ലാ മനുഷ്യരും തങ്ങളെത്തന്നെ കണ്ടെത്തേണ്ടത് ക്രിസ്തുവാകുന്ന ദൈവികചൈതന്യയുടെ മുൻപിലാണ്. ക്രിസ്തുവിന്റെ ജീവിതത്തിലെ എല്ലാ രഹസ്യങ്ങളിലും പങ്കുചേരണമെന്നാഗ്രഹിച്ചുകൊണ്ട് അവിടുത്തെ ജീവിതാനുഭവങ്ങളുടെ മുൻപിൽ തന്നെത്തന്നെ വിചാരണ ചെയ്യുകയാണ് ധ്യാനയോഗിയായ ചാവറയച്ചൻ ചെയ്യുന്നത്. *ആത്മാനുതാപം* മൂന്നാംപാദം മുതൽ പന്ത്രണ്ടാം പാദം വരെയാണ് ക്രിസ്തുചരിതം കാവ്യാത്മകമായി അവതരിപ്പിക്കുന്നത്. മൂന്നാംപാദം മിശിഹായുടെ ജീവിതം മുഴുവനും *കാണാകേണം* എന്ന് ആവർത്തിച്ചു പാടുകയാണ്. മിശിഹായുടെ തിരുവവതാരത്തിൽ ബേദ്‌ലഹേമിലെ കാലിത്തൊഴുത്തിൽ മാതാവും വിശുദ്ധയൗസേഫും പ്രാർത്ഥനയോടെ ഒരുങ്ങുന്നതും അവർക്ക് നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകളും അനുവാചകരിൽ ദൈവികപുണ്യങ്ങളെക്കുറിച്ചും സുകൃതങ്ങളെക്കുറിച്ചുള്ള മുള്ള അറിവ് പകരുംവിധമാണ് കാവ്യാഖ്യാനം.

മദ്ധ്യരാത്രിയാംനേരം മാർത്താണ്ടദേവപ്രഭ
മദ്ധ്യാഹ്നനേരം പോലെ പെയ്തുടൻ തൊഴുത്തതിൽ[19]

ഈ വർണന മാതാവിന്റേയും യൗസേഫിന്റേയും ഹൃദയത്തിൽ അലയടിച്ച വിശ്വാസത്തിന്റെ വെളിച്ചമായി പ്രതിധ്വനിക്കുന്നു.

അല്ലയോ സർവ്വേശ്വരാ നീ സ്നേഹം ജ്വലിപ്പിക്കുന്ന അഗ്നിയാണ്. നിന്റെ അനുകമ്പാർദ്രനയനങ്ങൾ ഭയമെല്ലാം ദൂരീകരിക്കുന്നു[20] കവി പറയുന്നത് പ്രത്യാശയുടെയും സ്നേഹത്തിന്റെയും നിറവിലാണ്. ക്രിസ്തുചരിതം സമ്പൂർണ്ണമായി *ആത്മാനുതാപത്തിൽ* പ്രതിപാദിക്കപ്പെടുന്നില്ല. ശൈശവും പീഡാനുഭവവും മരണോത്ഥാനങ്ങളുമാണ് പ്രതിപാദ്യവിഷയം. കരുണയുടെയും സ്നേഹത്തിന്റെയും ദൈവം തന്നെയും മനുഷ്യവർഗത്തേയും രക്ഷിക്കാൻ സഹനദാസനായി എന്നതിലാണു കവി പ്രത്യേകം ഊന്നൽ നൽകിയിരിക്കുന്നത്.

ക്രിസ്തുചരിതത്തിലെ മുഖ്യപ്രമേയം പാപിയെ തേടുന്ന ദൈവത്തിന്റേതാണ്. മനുഷ്യൻ അന്വേഷകനായിരിക്കുന്നതുപോലെ ദൈവവും മനുഷ്യാത്മാവിനെ അന്വേഷിച്ചിറങ്ങുകയാണ്.

പൊയ്പോരജത്തിനെ തേടുവാൻ വന്ന നീയെ
കൈക്കൊണ്ടു രക്ഷിക്കേണം ഞാനുമതിലൊന്നായ്[21]

നല്ല ഇടയനും അലഞ്ഞുതിരിയുന്ന ആടും സന്ധിക്കുന്നത് ദൈവകാരുണ്യത്തിന്റെ തൂവൽസ്പർശം അനുഭവിക്കുന്ന അവസരങ്ങളിലാണ്. സകല പാപികളേയും രക്ഷിക്കാനായി ഓടി നടക്കുന്നവനായി ചാവറയച്ചൻ യേശുവിനെ കാണുന്നു.[22] ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ മുഴുവൻ സത്തയും കവി ഉൾക്കൊണ്ടിരിക്കുന്നു.

...33 വർഷം എന്നെത്തേടി മലയും ആഴിയും കാടുകളും തെരുവീഥികളും താണ്ടി അലഞ്ഞു. എന്നോടുള്ള സ്നേഹാധിക്യത്താൽ ദുഃഖപരവശനായി കല്ലും മുള്ളും നിറഞ്ഞ വഴിയെ നടന്നു. ആ നല്ലയിടയനിതാ എന്നെ ഈ പാതിരാവിലും തേടുന്നു. താതനായ പിതാവിന്റെ മടിയിൽ നിന്നിറങ്ങി സ്വമാതാവിനെപ്പോലും ദുഃഖത്തിൽ ആഴ്ത്തിയിട്ട് എന്നെ തേടിയിതാ അവിടുന്ന് വരുന്നു.[23]

പാപിയെ സ്നേഹിക്കുന്ന ദൈവത്തിന്റെ മഹത്തായ ചിത്രം *ആത്മാനുതാപം* ഒൻപതാം പാദത്തിൽ നൽകുന്നുണ്ട്. കണ്ണിന് കാഴ്ചയില്ലാത്തവനായ ലൊങ്കിനോസ് കുരിശിൽ കിടക്കുന്ന യേശുവിന്റെ തിരുവിലാവിൽ കുത്തുന്നതായി ചിത്രീകരിച്ചിരിക്കുന്നു. അപ്പോൾ രക്തവും വെള്ളവും അവിടെനിന്നൊഴുകി. യേശു തന്റെ ഹൃദയത്തിലെ ഒരു തുള്ളി രക്തം ലൊങ്കിനോസിന്റെ കണ്ണിലേക്ക് വീഴ്ത്തി. തൽക്ഷണം അയാളുടെ കണ്ണും ഹൃദയവും തെളിഞ്ഞു.[24] ക്ഷമിക്കുന്ന ദൈവത്തിന്റെ ചിത്രമാണ് പീഡാനുഭവരംഗങ്ങളിലൂടെ ഇവിടെ അനുവാചക മനസ്സിൽ പതിപ്പിക്കുന്നത്.

ദൈവത്തിന്റെ കാരുണ്യം മനുഷ്യാവതാരത്തിലൂടെ പ്രകടമായി. അവിടുത്തെ കാരുണ്യം നീതിയായും പ്രത്യക്ഷപ്പെടുന്ന സമയമുണ്ടെന്ന് അന്ത്യവിധിയെ സൂചിപ്പിച്ചുകൊണ്ട് കവി പറയുന്നു. *ആത്മാനുതാപം* ആറാം

പാദത്തിൽ ശാന്തി എന്ന ഇടയകന്യക മാതാവിനെ സമീപിച്ച് ദൈവകാരുണ്യത്തെക്കുറിച്ച് ചോദിക്കുമ്പോൾ മാതാവ് നൽകുന്ന ഉത്തരത്തിലൂടെയാണ് ഈ വ്യംഗ്യം.

ദൈവപുത്രന് ഭൂമിയിലേക്ക് രണ്ടു പ്രാവശ്യത്തെ വരവുണ്ട്. ഒന്നാമത് മനുഷ്യകുലത്തെ രക്ഷിക്കുവാൻ വന്നെത്തും. രണ്ടാമത്, വലിയ ശക്തിമഹത്വങ്ങളോടെ മനുഷ്യന് ശിക്ഷയോ രക്ഷയോ നൽകി നീതി നടത്തുവാനായിട്ട് അവിടുന്ന് എഴുന്നള്ളി വരും.[25]

യുഗാന്ത്യത്തെക്കുറിച്ചുള്ള ചിന്തകളാണ് ഇവിടെ. പാപിയുടെ മാനസാന്തരത്തിന്റെ സമയം ഇപ്പോഴാണ്; അത് ഇന്നിൽ നിറവേറേണ്ടതാണ്; അതിനായിട്ടാണ് ദൈവകാരുണ്യം കാത്തിരിക്കുന്നത്.

മഹത്വത്തിന്റെ കാൽവരി

ദൈവത്തിന്റെ കാരുണ്യം അതിന്റെ പൂർണതയിൽ പ്രകടമായത് കാൽവരിയിലാണ്. *മതിയാൽ എന്റെ മനസ്സുകൊണ്ട് ഞാൻ ഗദ്സമേനിയിലേക്കു വരുന്നു*[26] എന്നു തുടങ്ങുന്ന പീഡാനുഭവധ്യാനം ഏഴാം പാദത്തിൽ ആരംഭിക്കുന്നുണ്ടെങ്കിലും എട്ടാം പാദത്തിലാണ് അത് വിശദീകരണമായി തെളിയുന്നത്. ഗാഗുൽത്തായിലേക്കുള്ള യേശുവിന്റെ യാത്ര വിവാഹഘോഷയാത്രയായാണു സങ്കൽപം. കുരിശിനോട് സല്ലപിച്ച് ഗാഗുൽത്തായാത്ര നടത്തുന്ന മിശിഹായെയാണ് ചാവറയച്ചൻ ധ്യാനിക്കുന്നത്:

ഓ; എന്റെ സ്നേഹധാമമായ കുരിശേ, വേഗം വന്ന് എന്നെ നിന്റെ കൈകളിൽ സ്വീകരിച്ചാലും. എന്റെ സ്നേഹഭാജനങ്ങളായ ഈ ഭൂമിയിലെ മക്കളെ പ്രിയംകരനായ പിതാവിന്റെ മുമ്പിൽ നിർത്തുന്നതിന് വേണ്ടി ഉന്നതസ്ഥാനമായ അൾത്താരയുടെ മീതെ നിലകൊണ്ട് എന്നെത്തന്നെ അർച്ചനയായി സമർപ്പിക്കുന്നതിന് സ്നേഹത്തോടും സന്തോഷത്തോടും കൂടി എത്രയോ നാളായി ഞാൻ നിന്നെ കാത്തിരിക്കുന്നു. നിന്റെ മീതെ കിടന്ന് സുഖനിദ്ര ചെയ്യുന്നതിന് എന്റെ മനസ്സ് എത്രയോ ദാഹത്തോടെ കഴിഞ്ഞു. ആകാശത്തിൽനിന്നും ഭൂമിയിലേക്കിറങ്ങുവാൻ എന്റെ കാരണവും നീ തന്നെ. അല്ലയോ സ്നേഹിതാ, നിന്നോടുള്ള ഉത്കട സ്നേഹം മൂലമാണ് ഇപ്രകാരം ഞാൻ എന്റെ ദുഃഖപൂർണ്ണമായ ശരീരത്തെ നിന്നെ ഏൽപിക്കുന്നത്... അല്ലയോ കുരിശേ, നീ വഴിയായി തുറക്കപ്പെടുന്ന പാതയിൽ എന്റെ ജനങ്ങൾ എന്റെ പിന്നാലെ ഓടി വന്ന് നിന്നെതീർച്ചയായും അന്വേഷിക്കും.[27]

യേശു സ്നേഹപൂർവ്വം ആലിംഗനം ചെയ്ത കുരിശ് രക്ഷ ആഗ്രഹിക്കുന്ന എല്ലാവരുടേയും അവകാശമാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മോക്ഷകവാടം തുറക്കുവാനുള്ള താക്കോലാണിത്. വിശുദ്ധാത്മാക്കളെല്ലാം കുരിശിനെ സന്തോഷത്തോടെ ആലിംഗനം ചെയ്തവരാണ്. വിശ്വാസത്തിലുള്ള

ഈ ഉൾക്കാഴ്ചയാണ് ക്രൈസ്തവ ജീവിതത്തിന്റെ വിജയം എന്നാണിവിടെ സമർത്ഥിക്കുന്നത്. ദൈവവൈകൃത്തിനുള്ള ഏറ്റവും സുരക്ഷിതമായ പാതയും ഇതാണ്.

ആത്മാനുതാപത്തെ പൊതുവായി നോക്കുമ്പോൾ തിരുക്കുടുംബത്തിലുള്ള മാതാവിന്റെ ജീവിതം, പെസഹാരഹസ്യത്തിലുള്ള പങ്കുചേരൽ, തിരുസ്സഭയുടെ ആരംഭത്തിൽ മാതാവിന്റെ ദൗത്യം, മാതാവിനോടുള്ള ചാവറയച്ചന്റെ കടശ്ശിയപേക്ഷ തുടങ്ങിയ ഹൃദ്യമായ വിവരണങ്ങളും ധ്യാനചിന്തകളും നമ്മുടെ പ്രത്യേക ശ്രദ്ധയെ ആകർഷിക്കുന്നു. പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവവും സ്വർഗാരോപണവും പ്രത്യേകധ്യാനവിഷയങ്ങളായിരിക്കുന്നു. ഉത്ഭവപാപത്തിന്റെ എല്ലാ സ്വാധീനങ്ങളിൽ നിന്നും മോചിതമായ മറിയം പാപത്തിന്മേലുള്ള ആധിപത്യം നേടാൻ മനുഷ്യരാശിയെ സഹായിക്കുന്നു. അമ്മയുടെ മഹത്വപൂർണമായ ജീവിതം വിവരിക്കുന്ന കവി ത്രിത്വാത്മക ജീവിതത്തിന്റെ ഉൾക്കാഴ്ചയാണ് പകർന്നു നൽകുന്നത്.

നീ സർവ്വം മഹാശുദ്ധി നീ സർവ്വം മഹാരശ്മി
നീ മാത്രം പരജന്മ പാപത്തിൻ മലം വിനാ[28]

പാപത്തിന്റെ ലാഞ്ഛന അൽപം പോലും ഇല്ലാത്ത മറിയത്തെപ്പോലെ താനും നിർമ്മലനായിരിക്കണം എന്നാണിവിടെ അർത്ഥന.

തിരുക്കുടുംബത്തിൽ വചനത്തെ കേന്ദ്രമാക്കി ജീവിക്കുന്ന പരിശുദ്ധ കന്യക കർത്താവിന്റെ പെസഹാരഹസ്യങ്ങളിൽ സജീവമായി പങ്കുകൊള്ളുന്ന ഭാഗം സവിശേഷമാണ്. എട്ടാം പാദം യേശുവിന്റെ മഹത്വത്തിലേക്കുള്ള യാത്രാവിവരണമായിരിക്കുന്നതുപോലെ മാതാവിന്റേയും മഹത്വത്തിലേക്കുള്ള യാത്രാ വിവരണമാണ്. മഹത്വത്തിന്റേതായ അനുഭവത്തിൽ മാതാവും പങ്കുചേരുന്നു. മാതാവിന്റെ പ്രാർത്ഥന വഴിയായി ശിമയോനെ കുരിശു ചുമക്കാൻ സഹായിക്കുന്നതും[29] യേശുവിന്റെ തിരുമുഖം കാണാൻ ആഗ്രഹിക്കുമ്പോൾ ദൈവദൂതന്മാർ വഴിയിൽ നിന്ന ആളുകളെ വകഞ്ഞു നീക്കി മാതാവിനെ പുത്രൻ പക്കലേക്കാനയിക്കുന്നതും കവി കാണുന്നു.[30] മഹത്വത്തിന്റേതായ ഈ പീഡാനുഭവ രംഗത്ത് മാതാവിനെ സർവ്വരുടേയും അമ്മയായി കവി അഭിസംബോധന ചെയ്യുന്നു.

യേശുവിന്റെ ജീവിതമെന്നതുപോലെ മറിയത്തിന്റെ ജീവിതവും മഹതീകരണത്തിന്റേതായിരുന്നു. കടശ്ശിയപേക്ഷയിലൊഴികെ, പത്തുമുതൽ പന്ത്രണ്ടുവരെയുള്ള പാദങ്ങളിൽ പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും വിവരിക്കുന്നതിനിടയിൽ നല്ല ഒരു ഭാഗം മാതാവിന്റെ മഹത്വപൂർണ്ണമായ ജീവിതത്തെക്കുറിച്ചുള്ള പ്രതിപാദനമാണ്; പരിശുദ്ധ അമ്മ എങ്ങനെ പരിശുദ്ധ ത്രിത്വ സഹവാസത്തിൽ ജീവിച്ചുവെന്ന വിവരണമാണ്. മാതാവിന്റെ ത്രിത്വ ദർശനം കവിയുടെയും ദർശനമാവുകയാണ്:

സ്നേഹപുത്രനുമുടൻ അണഞ്ഞു മാതാപക്കൽ
സ്നേഹത്താൽ ഉയർത്തിയണച്ചു തങ്കൽ അമ്മെ
അപ്പോഴുമണഞ്ഞോരു നിക്ഷേപത്തെളിവിനാൽ
നിശ്ചയം ശക്തിഹീനം പ്രത്യക്ഷം ചെയ്തില്ലെങ്കിൽ[31]

ഉത്ഥാനത്തിനു ശേഷം യേശു മാതാവിനെ സന്ദർശിക്കുന്ന ഭാഗത്തു പുത്രനായ ദൈവം ഉന്നതമായ തേരിൽ മാതാവിനെ ഇരുത്തി പിതാവിന്റെ സന്നിധിയിലേക്ക് ഉയർത്തുന്നതായി പറയുന്നു; മാതാവിന്റെ അമലോത്ഭവത്തെ സ്വർഗ്ഗവാസികൾ പ്രകീർത്തിക്കുന്നതായി കാണുന്നു. *ഉത്തമഗീതത്തിലെ* മണവാട്ടിയോട് മണവാളൻ പറയുന്ന അതേ വാക്കുകളുദ്ധരിച്ചിരിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്. മാതാവിന്റെ ജീവിതം യേശുവിന്റെ ഉത്ഥാനത്തിന് ശേഷം സ്വർഗ്ഗോന്മുഖമായി ഉയരുന്നതായാണ് കവിദർശനം.

പരിശുദ്ധ അമ്മയുടെ സഭാ ശുശ്രൂഷയെക്കുറിച്ച് പത്താം പാദം മുതൽ വിവരിച്ചിരിക്കുന്നു. *ആത്മാനുതാപം* 10: 81–84 ഭാഗങ്ങളിൽ സഭയെ മാതാവിനു ഭരമേൽപ്പിക്കുന്നതായി പറയുന്നു.

അല്ലയോ മകളേ, നിന്റെ പുത്രനും എന്റെ സുതനുമായ മിശിഹാ ഈ ലോകത്തായിരുന്നപ്പോൾ സ്ഥാപിച്ച സഭയിലെ വിശ്വാസികളെ നീ പരിപാലിക്കണം.

സഭയിലുള്ള അമ്മയുടെ ജീവിതം നിരന്തരമായ പ്രാർത്ഥനയുടേതായി ചാവറയച്ചൻ വിവരിക്കുന്നു. തന്റെ തിരുപ്പുത്രന്റേതുപോലെ സഭയിൽ മഹത്വത്തിന്റേതായ ജീവിതമാണ് അമ്മ നയിക്കുന്നത്. സഭയാകുന്ന നൗക ലോക സമുദ്രത്തിൽക്കൂടി യാത്ര ചെയ്യുമ്പോൾ അന്ധകാര ശക്തിക്കെതിരെ പോരാടി അതിനെ നയിക്കുവാൻ സഹായിക്കുന്നത് പരിശുദ്ധ അമ്മയാണ്.[32]

ചാവറപിതാവിന്റെ വീക്ഷണത്തിൽ പരിശുദ്ധ കന്യക, മാതാവും മദ്ധ്യസ്ഥയുമാണ്. മനുഷ്യരുടെ നേർക്കുള്ള മാതൃനിർവിശേഷമായ സ്നേഹമാണ് മദ്ധ്യസ്ഥാപേക്ഷയ്ക്ക് അടിസ്ഥാനം. മാതാവിനോട് യേശു പറയുന്നതായി ചാവറപ്പിതാവ് എഴുതിയിരിക്കുന്നതു നോക്കുക:

അപ്പരലോകത്തിങ്കൽ നീ കടന്നതിൻശേഷം
ഇപ്പരർക്കുള്ള പാപമോചനത്തിനും നിന്റെ
സങ്കാതം തേടുന്നൊരു പാപികളൊക്കെയ്ക്കുമെ നീ
സങ്കേത മദ്ധ്യസ്ഥവും കർത്തവ്യമതും തന്നേൻ[33]

കരുണ നിറഞ്ഞ പരിശുദ്ധ കന്യക മരണസമയത്തു കരുണ കാണിക്കണം, കാരുണ്യത്തിന്റെ വാസസ്ഥാനം തനിക്കു തുറന്നു തരണം. കാരുണ്യത്തിന്റെ ശക്തിയാൽ തന്നിലെ പാപക്കറകൾ കഴുകിക്കളയണം... ചാവറയച്ചന്റെ മാതാവിനോടുള്ള അപേക്ഷ, ഇപ്രകാരമാണ്. പരിശുദ്ധ അമ്മയ്ക്ക്

തന്റെ ജീവിതം മുഴുവനും ഒരു കാണിക്കയായി അർപ്പിച്ചുകൊണ്ടാണ് *ആത്മാനുതാപം* കവി അവസാനിപ്പിക്കുന്നതും.

പാപിയെന്റെ കരമിതിനെയെഴുതിയെന്നതാകയാൽ
പാപശുദ്ധി നൽകി നിന്റെ സന്നിധിയിലണഞ്ഞിനി
നിന്റെ സ്നേഹപുത്രൻ മുമ്പിലഞ്ജലിയണയ്ക്കുവാൻ
നിന്റെ കരുണയിന്നെനിക്കു തരണമെന്റെയമ്മയേ.[34]

ചാവറ പിതാവിന്റെ പ്രാർത്ഥനാ ജീവിതത്തിന്റെ ആത്മാവിഷ്കാരമാണ് യഥാർത്ഥത്തിൽ *ആത്മാനുതാപം*. അനുതാപത്തിനും മാനസാന്തരത്തിനുമുള്ള ആഹ്വാനമാണിതിൽ. ക്രിസ്തുവിന്റെയും മറിയത്തിന്റെയും ജീവിതം മരിയ ദ അഗ്രദായുടെ *സിറ്റി ഓഫ് ഗോഡ്* എന്ന പുസ്തകത്തിന്റെ സ്വാധീനത്താൽ എഴുതിയിരിക്കുന്നതിനാൽ ബൈബിളിൽ പറയാത്ത ചില കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അവയെല്ലാം ക്രിസ്തീയ വിശ്വാസത്തിന്റെ വളർച്ചയ്ക്കു വേണ്ടി, നിത്യജീവിതത്തിലേക്ക് അനേകം മക്കളെ ആകർഷിക്കാൻ വേണ്ടി എഴുതിയതുമാണ്.

കേസരി രാജൻ നീ നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം

ചാവറയച്ചന്റെ ആഗ്രഹം സഫലമാകട്ടെ. ക്രിസ്തുവിനെ അറിയാത്ത അനേകർക്ക് ക്രിസ്തു സ്നേഹത്തിലേക്കു അതിലൂടെ യഥാർത്ഥ മാനവികതയിലേക്കു വളരാൻ ഈ കവിത ഉപകരിക്കട്ടെ. ■

പരാമർശ സൂചിക

1. ആത്മാനുതാപം, മുഖവുര, ലെയോപ്പോൾദ്, പേജ് -19
2. കടശ്ശിയപേക്ഷ, ചാവറ കുര്യാക്കോസ് ഏലിയാസ്, പേജ്-67
3. ആത്മാനുതാപം 1: 1-4
4. ആത്മാനുതാപം 1: 68-80
5. ആത്മാനുതാപം 1: 61-62
6. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, 352
7. സങ്കീർത്തനം 34:91
8. ആത്മാനുതാപം II 292-296, 312-316
9. ആത്മാനുതാപം II 304308
10. ആത്മാനുതാപം II 316-320
11. ആത്മാനുതാപം II 324-327
12. ആത്മാനുതാപം II 30-36
13. ആത്മാനുതാപം II 352-360
14. ആത്മാനുതാപം III 8, 9
15. ആത്മാനുതാപം II 144-148
16. മർക്കോസ് 1:15
17. ബൈബിൾ വിജ്ഞാനകോശം 45
18. ലെയോപോൾദച്ചന്റെ ഡയറി
19. ആത്മാനുതാപം V 51, 52
20. ആത്മാനുതാപം V 166-170
21. ആത്മാനുതാപം V 173, 174
22. ആത്മാനുതാപം V 169, 170
23. ആത്മാനുതാപം IV 257-276
24. ആത്മാനുതാപം IX 25-30
25. ആത്മാനുതാപം VI 76-80
26. ആത്മാനുതാപം VIII 257
27. ആത്മാനുതാപം VIII 15-42
28. ആത്മാനുതാപം XI 219-220
29. ആത്മാനുതാപം VIII 120
30. ആത്മാനുതാപം VIII 124125
31. ആത്മാനുതാപം X 36-40
32. ആത്മാനുതാപം X 221-404 X 397-416
33. ആത്മാനുതാപം XI 365
34. കടശ്ശിയപേക്ഷ 4-8

പിന്നുര

അനുതാപത്തിന്റെ മിഴിനീർ വിശുദ്ധി

ജോൺ പോൾ

നൂറ്റി നാൽപ്പത്തിരണ്ടോ, നൂറ്റിനാൽപ്പത്തിമൂന്നോ വർഷങ്ങൾക്കു മുൻപ് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ എഴുതിയ ആത്മ കഥാംശം അടങ്ങുന്ന ഒരു കാവ്യമാണ് *ആത്മാനുതാപം*. ശീർഷകം സൂചിപ്പിക്കുംപോലെ അനുതാപത്തിന്റെ ഭാവഭവങ്ങളിലൂടെയാണ് ജീവിതാനുധ്യാനം. വിശ്വാസികളുടെ അനുതാപം വിശ്വാസത്തിന്റെ സാത്മ്യധാരയിലൂടെയാവുക സഹജം. സ്വയം ഏറ്റുപറയുംപോലെ ഇടറിയ കണ്ഠത്തോടെ, നിറഞ്ഞ മിഴികളോടെ, കാപട്യത്തിന്റെ കലർപ്പില്ലാതെ, തിരുസവിധേ കവി നമ്രശിരസ്ക്കനായി, അർപ്പിത ചിത്തനായി മനസ്സു തുറക്കുന്നു. കണ്ണുനീരിന്റെ നേർമ്മയും വിശ്വാസബോദ്ധ്യത്തിന്റെ ദാർഢ്യവും നിറവായി ഈ കാവ്യത്തിൽ സ്പന്ദിക്കുന്നു. സാഹിതീപരമായ പ്രസക്തിയ്ക്കൊപ്പം, അതിനേക്കാൾ ഉപരിയായി അനുഭവവേദ്യമാകുന്നുണ്ട് ഈ നേരിന്റെ നെറിവ്.

പുസ്തകരൂപത്തിൽ ഈ കാവ്യത്തിനു മുൻപതിപ്പുകൾ ഇറങ്ങിയിട്ടുണ്ട്. പലപ്പോഴായി നിരീക്ഷണപഠനങ്ങളും നടന്നിട്ടുണ്ട്. അവയെല്ലാം ഏകോപിപ്പിച്ച് കാവ്യത്തോടൊപ്പം ഈ സമഗ്രതയിൽ ഇങ്ങിനെയൊരു പ്രസാധനം ഇതാദ്യമായാണ്. അതിൽ *ബേസ്റൗമ* ആഹ്ലാദിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു. ഗ്രന്ഥകാരനും ദൈവശാസ്ത്ര വിചാരകനുമായ *ഡോ. ഡി. ബാബുപോളിന്റെ* അവതാരിക ഈ സമഗ്രതയ്ക്കു ഗരിമ പകരുന്നു.

കാലത്തിനു മുൻപേ സഞ്ചരിച്ച കർമ്മയോഗിയായിരുന്നു ചാവറ പിതാവ്. ആ ജീവിതം തന്നെ സ്വയം വരിച്ച നിയോഗപാതയിലൂടെ നിവർത്തിച്ച ഒരു ശുശ്രൂഷയായിരുന്നു.

അദ്ദേഹത്തെക്കുറിച്ച് കവി ഒ.എൻ.വി. നടത്തിയിട്ടുള്ള ഒരു പരാമർശം ഏറെ അർത്ഥപൂർണ്ണമാണ്.

ജ്ഞാനത്തിൻ ഭാസുരദീപം നീ!
ഞാനെന്ന പദമില്ലാ ഭാഷയും നീ!

ജ്ഞാനം അക്ഷരത്താളുകൾക്കതീതമെന്ന് ജീവിതംകൊണ്ടു സാക്ഷ്യപ്പെടുത്തി ചാവറ പിതാവ്. അദ്ദേഹത്തിന്റെ *ജീവിതാർത്ഥ രത്നാകരത്തിൽ ഞാനെന്ന ഭാവമില്ലായിരുന്നു.*

പർണ്ണകുടീരത്തിനുള്ളിലൊതുങ്ങാത്ത സന്യാസത്തിന്നാത്മ സൗരഭത്തിന്റെ അനുതാപം ഒരു കണ്ണാടിപോലെ കാലത്തിന്റെ മുൻപിൽ പ്രതിഷ്ഠയാകുന്നു ഈ കൃതിയിൽ. അനുധ്യാനത്തിനെത്തുന്നവർക്ക് കവിഹൃദയത്തോടൊപ്പം സ്വന്തം ആത്മാംശം കൂടി ഈ കണ്ണാടിയിൽ തെളിഞ്ഞു കാണാതെ വയ്യ. അവിടെ അനുധ്യാനശ്രുതികൾ അക്ഷരത്താളിലെ പുണ്യത്തിനു മുൻപിൽ നൈവേദ്യാർച്ചനകളാകുന്നു.

■

അനുബന്ധം ഒന്ന്



ചാവറ കുര്യാക്കോസ് ഏലിയാസ്
ജീവിതരേഖ

- 1805 ഫെബ്രുവരി 10
  ആലപ്പുഴയിലെ കൈനകരിയിൽ ജനിച്ചു.
- 1810
  കൈനകരിയിൽ ആശാൻ കളരിയിൽ പ്രാഥമിക വിദ്യാഭ്യാസം.
- 1815
  സെമിനാരിയിൽ വൈദികാർത്ഥി.
- 1829 നവംബർ 29
  അർത്തുങ്കൽ പള്ളിയിൽ പൗരോഹിത്യ സ്വീകരണം
- 1830
  പള്ളികളിൽ ഞായറാഴ്ച പ്രസംഗങ്ങളും അൽമായർക്കായുള്ള ധ്യാനങ്ങളും പ്രചാരത്തിലാക്കി.
- 1831 മെയ് 11
  ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസസഭ (സി.എം.ഐ.) പാലയ്ക്കൽ തോമസ് മല്പാനോടും പോരൂക്കര തോമസ് മല്പാനോടുമൊപ്പം സ്ഥാപിച്ചു. ആചാരങ്ങളിൽ പൗരസ്ത്യവും സംസ്ക്കാരത്തിൽ ഭാരതീയവും അനുഷ്ഠാനങ്ങളിൽ ക്രൈസ്തവവുമായ വിശ്വാസവഴിയാണ് ഈ കോൺഗ്രിഗേഷനു വേണ്ടി രൂപപ്പെടുത്തിയത്.
- 1833
  സുറിയാനി കത്തോലിക്കരുടെ ആദ്യ പൊതുസെമിനാരി മാന്നാനത്ത് ആരംഭിക്കുവാൻ നേതൃത്വം നൽകി.

- 1833

  കുരിശിന്റെ വഴി ഉപാസിച്ചു.

- 1846

  മാന്നാനത്ത് അച്ചടിശാലയും പ്രസിദ്ധീകരണ കേന്ദ്രവും സ്ഥാപിച്ചു. സീറോ മലബാർ ധാരയിൽ ഇങ്ങിനെയൊരു ധാര ആദ്യമായിരുന്നു. മലയാളത്തിലെ പ്രസാധനശൃംഖലയുടെ തുടക്കം ഇതിൽ നിന്നായിരുന്നു. ആ തുടർച്ചയിലാണ് പിന്നീട് *നസ്രാണി ദീപിക* എന്ന പേരിൽ പ്രതിവാരമായും ക്രമേണ *ദീപിക* എന്ന പേരിൽ പ്രതിദിനമായും മലയാളത്തിലെ ആദ്യ ദിനപത്രം പ്രസിദ്ധപ്പെടുത്തുന്നത്. *ദീപിക* ഇന്നും അഭംഗുരം പ്രസിദ്ധീകരണം തുടരുന്നു. കേരളത്തിലെ മാധ്യമധാരയുടെ പിതാവായാണ് ചാവറപിതാവ് അറിയപ്പെടുന്നത്. പുസ്തകങ്ങൾ ശേഖരിച്ചുവയ്ക്കുകയും അവിടെനിന്നും ആളുകൾ പുസ്തകങ്ങൾ കൊണ്ടു പോയി വായിച്ചശേഷം മടക്കി കൊണ്ടുവരികയും ചെയ്യുന്ന കേന്ദ്രങ്ങൾ ഇതിന്റെ തുടർച്ചയിൽ രൂപമെടുത്തു. കേരളത്തിലെ വായനശാലാ പ്രസ്ഥാനത്തിന്റെ തുടക്കം ഇതിൽ നിന്നായിരുന്നു. അച്ചടിശാലയോടനുബന്ധിച്ചു മുദ്രണവിദ്യയിലും ബയന്റിംഗിലും പരിശീലനം നൽകുവാൻ ആരംഭിച്ചു. പിന്നീട് ഈ പരിശീലനം സി.എം.സി. സന്യാസിനീ സഹോദരിമാരുടെ കീഴിൽ തയ്യൽകലകളിലേയ്ക്കും കൊന്ത നിർമ്മാണ വിദ്യയിലേയ്ക്കും കൂടി വ്യാപിപ്പിച്ചു. തൊഴിൽ വിദ്യാഭ്യാസ മേഖല എന്ന പേരിൽ പ്രസിദ്ധമായി തീർന്ന പഠന പദ്ധതിയുടെ ആദ്യ പാദമായിരുന്നു ഇത്.

- 1846

  ആദ്യത്തെ സംസ്കൃത സ്കൂൾ മാന്നാനത്ത് ആരംഭിച്ചു. വർണ്ണാവർണ്ണ ഭേദമില്ലാതെ പ്രവേശനമനുവദിക്കുന്ന ആദ്യത്തെ വിദ്യാദാനകേന്ദ്രം കൂടിയായി ഇത്.

- 1853

  കത്തോലിക്കാസഭയുടെ പ്രഥമ വിശ്വാസ പരിശീലന കേന്ദ്രം മാന്നാനത്തു ആരംഭിച്ചു.

- 1855 ഡിസംബർ 8

  ഇന്ത്യൻ ജനതയിൽ നിന്നും ആദ്യമായി ക്രൈസ്തവ സന്യാസ വ്രതാർപ്പണം ചെയ്ത വ്യക്തിയായി.

- 1855-56

  പത്ത് ഇടയനാടകങ്ങൾ രചിച്ചു. Ecologueകളുടെ മാതൃകയിൽ എഴുതിയ ഈ ലഘു നാടകങ്ങൾ കൂനമ്മാവു നൊവീഷ്യേറ്റിൽ ആണ് ആദ്യമായവതരിപ്പിച്ചത്. ക്രിസ്തുമസ്സ് ദിനം തൊട്ട് പൂജാരാജാക്കന്മാരുടെ തിരുന്നാൾ വരെയുള്ള ദിനങ്ങളിൽ

നൊവിഷ്യേറ്റുകളിലും സെമിനാരികളിലും അവതരിപ്പിച്ചു പോന്ന ഈ നാടകങ്ങൾ മലയാള നാടകവഴിയിലെ ആദ്യ രചനകളും രംഗാവിഷ്കാരങ്ങളുമായി; ഒരുപക്ഷേ, ഇന്ത്യൻ ഭാഷാനാടകങ്ങളിൽത്തന്നെ ആദ്യ രചനകളായി.

- 1861
  കേരള സുറിയാനി കത്തോലിക്കാസഭയുടെ വികാരി ജനറാളായി.

- 1861
  റോക്കോസ് ശീശ്മാ തരംഗത്തിൽ നിന്നും കേരള കത്തോലിക്കാ സഭയെ രക്ഷിച്ചു.

- 1862
  മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യമായ *അനസ്താസ്യയുടെ രക്തസാക്ഷ്യം* എഴുതി.

- 1862
  കേരള സുറിയാനി കത്തോലിക്കാ സഭയിലെ ആരാധനാക്രമങ്ങളെ നവീകരിച്ചു. വൈദികർക്കും അൽമായർക്കും ധ്യാനക്രമങ്ങൾ നിഷ്ഠപ്പെടുത്തിക്കൊണ്ട് സഭാ നവീകരണത്തിനു നേതൃത്വം നൽകി. പരിശുദ്ധാത്മാവിനോടും തിരുക്കുടുംബത്തോടും പരിശുദ്ധ മാതാവിനോടുമുള്ള പ്രത്യേക മദ്ധ്യസ്ഥ ആരാധനകൾ സാർവ്വത്രികമാക്കി; ദിവ്യകാരുണ്യഭക്തിയെ പ്രസരിപ്പിച്ചു.

- 1864
  പള്ളിയ്ക്കൊരു പള്ളിക്കൂടം എന്ന പേരിൽ ചരിത്ര പ്രസിദ്ധമായ നിർദ്ദേശോത്തരവു പുറപ്പെടുവിപ്പിച്ചു. ജാതിമത വർണ്ണവംശഭേദ പരിഗണന കൂടാതെ സർവ്വർക്കും വിദ്യാഭ്യാസത്തിന് അവസരം നൽകുവാൻ പള്ളികളോടനുബന്ധിച്ചു പാഠശാലകൾ ഉണ്ടാകുന്നത് ഇതോടെയാണ്. പൊതുവിദ്യാഭ്യാസം ഇതിലൂടെ യാഥാർത്ഥ്യമാവുകയും പൊതുസമൂഹ സൃഷ്ടിക്കു കേരളക്കരയിൽ അത് ഭൂമികയാവുകയും ചെയ്തു.

- 1865
  ആർപ്പൂക്കരയ്ക്കടുത്തു തുരുത്തിമാലിൽകുന്നേൽ ദളിതർക്കായി ഒരു സ്കൂൾ തുടങ്ങുവാൻ നിർദ്ദേശം നൽകി. ഇതാദ്യമായിട്ടാവണം ഇവ്വിധം രാജ്യത്ത് ഒരു സംരംഭ ശ്രമം.

- 1866 ഫെബ്രുവരി 13
  നിഷ്പാദുക കർമ്മലീത്ത മൂന്നാംസഭ എന്ന പേരിൽ ആദ്യത്തെ തദ്ദേശീയ സന്യാസിനീസമൂഹം ലെയോപ്പോൾദ് മിഷനറിയുടെ സഹായത്തോടെ സ്ഥാപിച്ചു. ആദ്യ സന്ന്യാസിനികളിൽ രണ്ടു

പേർ വിധവകളായിരുന്നു. വൈധവ്യം പാപമായി കരുതിയിരുന്ന ഒരു സമൂഹ പരിവൃത്തത്തോടു ചേർത്തുവേണം ഇതു കാണുവാൻ. കിരാതമെന്നു പിന്നീട് സംസ്ക്കാരം വിശേഷിപ്പിച്ച *സതി* ഉത്തരേന്ത്യയിൽ നിർബ്ബന്ധപൂർവ്വം അനുഷ്ഠിച്ചിരുന്ന നാളുകളായിരുന്നു അത്. കേരള സമൂഹത്തിൽ സ്ത്രീകൾക്കു വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി അവരെ പ്രബുദ്ധരും സ്വയംപര്യാപ്തരുമായി ശക്തിപ്പെടുത്തിയെടുക്കുന്നതിനുള്ള ആദ്യ പാദമായിരുന്നു ഈ സന്യാസിനീ സഭാ സ്ഥാപനവും അനുബന്ധമായാരംഭിച്ച പ്രവർത്തനങ്ങളും. നാലംഗങ്ങളുമായി ആരംഭിച്ച ഈ സന്യാസിനീസഭ പിന്നീട് സി.എം.സി., സിറ്റി.സി. എന്നീ പേരുകളിൽ സജീവമായ പ്രേഷിതസേവനം തുടരുന്നു.

- 1866

  കേരളസഭയിൽ *നാല്പതുമണി* ആരാധന ആരംഭിച്ചു.

- 1868 ജനുവരി 2

  കൂനമ്മാവിൽ കേരളത്തിൽ ആദ്യമായി പെൺകുട്ടികൾക്കു താമസിച്ചു പഠിക്കുവാനുള്ള ബോർഡിംഗ് സ്കൂൾ ആരംഭിക്കുവാൻ ലെയോപ്പോൾദ് മിഷനറിയോടൊപ്പം നേതൃത്വം നൽകി.

- 1868 ഫെബ്രുവരി 13

  ഒരു നല്ല അപ്പന്റെ ചാവരുൾ എന്ന പേരിൽ കേരളത്തിലെ ക്രൈസ്തവ കുടുംബങ്ങൾക്കായി *കുടുംബ ചട്ടം* എഴുതി നൽകി.

- 1869

  അനാഥർക്കും രോഗികൾക്കും വൃദ്ധർക്കും മരണാസന്നർക്കുമായി ആദ്യത്തെ ക്രൈസ്തവ അഗതിമന്ദിരങ്ങൾ *ഉപവിശാലയും വിശുദ്ധ യൗസേഫ് പിതാവിന്റെ നന്മരണസഖ്യവും* കൈനകരിയിൽ ആരംഭിച്ചു. ഇവയുടെ സാമ്പത്തികവും ഭരണപരവുമായ പൂർണ്ണചുമതല തന്നാട്ടുകാരെ ഭരമേൽപ്പിച്ചു. സഹകരണാടിസ്ഥാനത്തിൽ അവർ ആ ചുമതല നിർവ്വഹിച്ചു പോന്നു. സഹകരണ പ്രസ്ഥാനത്തിലെ കേരളക്കരയിലെ ആദ്യ പാദമായിരുന്നു അത്.

- 1869

  19-ാം നൂറ്റാണ്ടിലെ കത്തോലിക്കാസഭയിലേയ്ക്കുള്ള പുനഃരൈക്യ പ്രസ്ഥാനത്തിനു പ്രേരണ നൽകി.

- 1871 ജനുവരി 3

  ആത്മത്തിനു വേണ്ട കൃദാശകൾ കൈക്കൊണ്ട് നല്ല ഒരുക്കത്തോടെ പ്രാർത്ഥനാനിരതനായി കർത്താവിൽ നിദ്ര പ്രാപിച്ചു. കൂനമ്മാവിൽ വിശുദ്ധ ഫിലോമിനയുടെ ആശ്രമത്തിൽ

സംസ്ക്കരിച്ചു.

- 1889 മെയ് 24
  പൂജ്യാവശിഷ്ടങ്ങൾ മാന്നാനം ആശ്രമ ദേവാലയത്തിൽ പ്രതിഷ്ഠിച്ചു.
- 1984 ഏപ്രിൽ 7
  റോമിൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ *ധന്യ*നായി പ്രഖ്യാപിച്ചു.
- 1986 ഫെബ്രുവരി 8
  കോട്ടയത്തു വച്ച് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ *വാഴ്ത്തപ്പെട്ടവനായി* പ്രഖ്യാപിച്ചു; പുരുഷന്മാരിൽ *വാഴ്ത്തപ്പെട്ടവൻ* എന്നു നാമകരണം ചെയ്യപ്പെടുന്ന ആദ്യഭാരതീയനായി.
- 1987 ഡിസംബർ 20
  രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ ചാവറപിതാവിന്റെ ആദരാർത്ഥം തിരുവനന്തപുരത്തു വച്ച് *ചാവറ തപാൽ സ്റ്റാമ്പ്* പുറത്തിറക്കി.
- 2006 മെയ് 4
  സാഹിതീസംഭാവനകളെ ആദരിച്ച് ചാവറപിതാവിന്റെ ഛായാചിത്രം കേരള സാഹിത്യ അക്കാദമി ഹാളിൽ അനാച്ഛാദനം ചെയ്തു.
- ജന്മിയുടെ പുരയിടങ്ങളിൽ ജോലി ചെയ്യുമ്പോൾ അടിയാളർക്കു കൂലി നൽകാതിരിക്കുന്ന *ഊഴിയം* സമ്പ്രദായത്തെ വിമർശിക്കുകയും അതു നിറുത്തലാക്കുവാൻ *ചാവരുളി*ലൂടെ ഉൽബോധനം നടത്തുകയും ചെയ്തു.
- തന്റെ ഗുരുനാഥനായ പോരൂക്കര തോമസ് മൽപ്പാന്റെ ജീവചരിത്രം ചാവറപിതാവു രചിച്ചിരുന്നതാണ്, മലയാളി മറ്റൊരു മലയാളിയെക്കുറിച്ച് ആദ്യമായെഴുതുന്ന മലയാള ജീവചരിത്ര ഗ്രന്ഥം.
- സഭയുടെയും പ്രവർത്തനങ്ങളുടെയും ദിനംപ്രതി കുറിപ്പുകൾ *നാളാഗമങ്ങൾ* എന്ന പേരിൽ ചാവറ പിതാവ് പതിവായി എഴുതിപ്പോന്നു. സാമൂഹ്യ-സാംസ്ക്കാരിക ധാരയിലെ ചെറു ചലനങ്ങൾ വരെ സൂക്ഷ്മമായി ഇവയിൽ രേഖപ്പെടുത്തിയിരുന്നു. മലയാളത്തിൽ ചരിത്രവഴിയിലെ ആദ്യ കുറിപ്പുകളായി ഇവയെ കാണാവുന്നതാണ്.
- കവിതയിൽ സംസ്കൃത സ്വാധീനം ശക്തമായതോടെ ദുർബ്ബലമായിപ്പോയ വഞ്ചിപ്പാട്ടു ശാഖയുടെ പുനർജ്ജീവനത്തിൽ ചാവറ പിതാവിന്റെ സംഭാവനകൾ ഗണ്യമാണ്. എഴുത്തച്ഛന്റെ പ്രമേയഗരിമയും ചെറുശ്ശേരിയുടെ ആലാപനചാരുതയും ഒത്തു ചേർന്നതായിരുന്നു ചാവറപിതാവിന്റെ കാവ്യശൈലി.

- സ്കൂളുകൾ തുടങ്ങുമ്പോൾ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സമാഹരണത്തിനുവേണ്ടി അദ്ദേഹം നിർദ്ദേശിച്ച *പിടിയരി*, *കെട്ടുതെങ്ങ്* തുടങ്ങിയ രീതി സമ്പ്രദായങ്ങൾ പിന്നീട് സാർവ്വത്രികമായി എസ്.എൻ.ഡി.പി., എൻ.എസ്.എസ്. അടക്കം പല പ്രസ്ഥാനങ്ങളും വിജയകരമായി അനുവർത്തിച്ചു.
- കേരളത്തിൽ അയ്യാ വൈകുണ്ഠ സ്വാമി, സ്വാതി തിരുനാൾ മഹാരാജാവ്, ഷഡ്കാല ഗോവിന്ദ മാരാർ തുടങ്ങിയവരുടെ സമകാലികനായിരുന്നു ചാവറപിതാവ്. ബങ്കിംചന്ദ്ര ചാറ്റർജിയും ഈശ്വർ ചന്ദ്ര വിദ്യാസാഗറും കേശവ ചന്ദ്രസേനനും ദേവേന്ദ്ര നാഥ ടാഗോറും രാജാറാം മോഹൻറോയിയും ശ്രീരാമകൃഷ്ണ പരമഹംസനും ശാരദാദേവിയും ത്യാഗരാജസ്വാമിയും ഷിർദ്ദി സായിബാബയുമൊക്കെ ഇന്ത്യയിലും മാക്സ് മുള്ളർ, കാറൽ മാർക്സ്, ഏണസ്റ്റ് ഏംഗൽസ് തുടങ്ങിയവർ ആഗോളതല ത്തിലും ചാവറപിതാവിനെപ്പോലെ അതേ കാലയളവിൽ സാമൂഹ്യ-സാംസ്ക്കാരിക-ആത്മീയ നവോത്ഥാനത്തിനു നേതൃത്വം നൽകിയവരാണ്. കേരളക്കരയിൽ ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളും അയ്യാസ്വാമിയും വാഗ്ഭടാനന്ദനും ബ്രഹ്മാനന്ദ ശിവയോഗിയും വക്കം അബ്ദുൾ ഖാദർ മൗലവിയും കുമാരനാശാനും അയ്യങ്കാളിയും സഹോദരൻ അയ്യപ്പനും വി.ടി. ഭട്ടതിരിപ്പാടും മന്നത്തു പത്മനാഭനുമടങ്ങുന്ന തലമുറയ്ക്കു കേരള സമൂഹത്തിൽ നിവർത്തിക്കുവാനായ സാമൂഹ്യ വിപ്ലവ ത്തിനു സഹായകമായ ഭൂമികയൊരുക്കുന്നതിൽ ചാവറപിതാ വിന്റെ സംഭാവന നിസ്തുലമായിരുന്നു.

അനുബന്ധം രണ്ട്

ചാവറ കുര്യാക്കോസ് ഏലിയാസിന്റെ രചനകൾ

നാളാഗമങ്ങൾ (CHRONICLES)

• സി.എം.ഐ., സി.എം.സി. സന്യാസിസഭകളുടെ സ്ഥാപനം, വളർച്ച • 19-ാം നൂറ്റാണ്ടിലെ *പദ്രൊവാദോ, പ്രൊപ്പഗാന്ത* സഭാസംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും • 19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും

പാലയ്ക്കൽ തോമാ കത്തനാരുടെ ജീവചരിത്രം
മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ ജീവചരിത്രം

ആത്മാനുതാപം

മരണവീട്ടിൽ പാടുന്നതിനുള്ള പാന
(*പർവ്വം* എന്നായിരുന്നു ആദ്യം. പിന്നീടു പുനഃപ്രകാശനവേളയിൽ അതു *പാന* എന്നു മാറ്റുകയായിരുന്നു)

അനസ്താസിയായുടെ രക്തസാക്ഷ്യം
(മലയാളത്തിലെ ആദ്യഖണ്ഡകാവ്യം)

ധ്യാനസല്ലാപങ്ങൾ
(ധ്യാന സംഭാഷണങ്ങളും ധ്യാന വിചാരങ്ങളും ധ്യാനപ്രാർത്ഥനകളും)

കത്തുകൾ

തൂക്കാസ
(തിരുക്കർമ്മാചാരാനുഷ്ഠാനങ്ങൾ)

ലിറ്റർജിക്കൽ കലണ്ടർ
(ആരാധനക്രമത്തിലെ കാലവ്യത്യാസങ്ങൾ)

മരിച്ചവർക്കുള്ള ഒപ്പീസ്

ഇടയ നാടകങ്ങൾ
(Ecologues: Shepherd plays: സെമിനാരികളിൽ ക്രിസ്തുമസ്സ് വേളകളിൽ അവതരിപ്പിക്കുവാൻ വേണ്ടി എഴുതിയിരുന്ന ലഘുനാടകങ്ങൾ. മലയാളത്തിലെ മാത്രമല്ല, ഇന്ത്യയിലെതന്നെ നാടകവഴിയിലെ ആദ്യശ്രമങ്ങൾ ഇതായിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്. ചാവറ കുര്യാക്കോസ് ഏലിയാസ് എഴുതിയ ആദ്യ ഇടയനാടകങ്ങളുടെ കൈയ്യെഴുത്തുപ്രതികൾ ലഭ്യമായിട്ടുണ്ട്. ആധുനിക മലയാളഭാഷ്യത്തോടൊപ്പം അവയുടെ ആദിമരൂപം, വ്യാഖ്യാന പഠനമുൾക്കൊള്ളിച്ചു കൊണ്ടു പ്രസിദ്ധപ്പെടുത്തുവാനുള്ള ശ്രമങ്ങൾ *ബേസ്റൗമ* നടത്തിവരുന്നു.)

ചാവറയച്ചന്റെ കൃതികൾക്കു താഴെപ്പറയുന്ന സമാഹാരങ്ങളും പുനഃപ്രകാശനങ്ങളും ലഭ്യമാണ്.

1. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 1, നാളാഗമങ്ങൾ*, മാന്നാനം, 1981.
2. മുഴൂർ സെഡ് എം. (ed.), *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 2*, മാന്നാനം, 1981.
3. മുഴൂർ സെഡ് എം. (ed.), *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 3*, മാന്നാനം, 1981.
4. വിത്തുവെട്ടിക്കൽ ലൂക്കാസ് (ed.), *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 4*, മാന്നാനം, 1982.
5. മുഴൂർ സെഡ് എം., *ആത്മാനുതാപം*, ഗദ്യാവിഷ്കരണം, മാന്നാനം, 1990.
6. മാത്യു ജോസഫ് സി.എം.ഐ., *ഒരു നല്ല അപ്പന്റെ ചാവരുൾ*, മാന്നാനം, 1977.

അനുബന്ധം മൂന്ന്

ബേസ്റൗമ

ബേസ്റൗമ എന്ന സുറിയാനി പദത്തിന്റെ അർത്ഥം *ഉയരങ്ങളിലെ ഭവനം* എന്നാണ്. മാന്നാനത്തുള്ള സി.എം.ഐ. സഭയുടെ ആദ്യഭവനത്തെ സ്ഥാപകപിതാക്കൾ വിളിച്ച പേരാണിത്. ചാവറ പിതാവാണ് ഈ പേര് നൽകിയത്.

ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ ജീവിത ദർശനങ്ങളും അനുബന്ധ വിചാരധാരകളും വ്യാപകമായ തലത്തിൽ ദൃശ്യ-ശ്രാവ്യ-മുദ്രണ തലങ്ങളിലൂടെ കേന്ദ്രീകൃതമായി പൊതുസമൂഹമധ്യത്തിൽ എത്തിക്കുന്നതിനായി സി.എം.ഐ., സി.എം.സി. സഭകൾ സംയുക്തമായി ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള പ്രകാശനധാരയാണ് *ബേസ്റൗമ*.

പ്രവർത്തന സരണിയിലെ ആദ്യപാദമാണ് പുസ്തകപ്രസാധനം.

ദൃശ്യ-ശ്രാവ്യ ധാരകളിൽക്കൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള ഒരുക്കങ്ങളിലാണ് സഭാനേതൃത്വം. *ബേസ്റൗമ* എന്ന പേരിൽ ചാവറ പിതാവിന്റെ ജീവിതദർശനങ്ങളെ പ്രമേയമാക്കി അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു ഡോക്യുഫീച്ചർ ചിത്രത്തിന്റെ കടലാസു ജോലികൾ പൂർത്തിയാക്കി വരുന്നു.

ചാവറ പിതാവിന്റെ കാവ്യ രചനകൾക്കൊപ്പം കവി ശ്രേഷ്ഠരായ ടാഗോർ, മഹാകവി ജി., അക്കിത്തം, ഒ.എൻ.വി., കാവാലം, വിഷ്ണു നാരായണൻ നമ്പൂതിരി, യൂസഫലി കേച്ചേരി, ശ്രീകുമാരൻ തമ്പി, റഫീക് അഹമ്മദ് തുടങ്ങിയ പ്രതിഭാധനർ ക്രൈസ്തവ ചൈതന്യത്തെ അവലംബമാക്കി എഴുതുന്ന ഗാനങ്ങൾക്ക് സംഗീതരംഗത്തെ ആചാര്യന്മാരായ സംഗീതകാരന്മാർ ഈണം പകർന്നുകൊണ്ടുള്ള മ്യൂസിക്ക് ആൽബങ്ങളുടെ ഒരുക്കങ്ങളും പുരോഗമിക്കുന്നു. തമിഴിലും കന്നഡത്തിലും ഹിന്ദിയിലും കൂടി ഗാനങ്ങൾ ഈണപ്പെടുത്തുന്നുണ്ട്. പ്രശസ്തരും പ്രഗത്ഭരുമായ ഗായകരായിരിക്കും ആലാപനം. ഗാനങ്ങളിൽ കുറച്ചെണ്ണത്തിനു പ്രഗത്ഭരായ ചലച്ചിത്രകാരന്മാരുടെ സഹായത്തോടെ ദൃശ്യാഖ്യാനം നൽകുവാനും ശ്രമിക്കുന്നുണ്ട്.

ചാവറ സംസ്കൃതിയെ പഠനവിഷയമാക്കിക്കൊണ്ടും ക്രൈസ്തവതയുടെ ദർശനതലത്തിലുള്ള കൊടുക്കൽ വാങ്ങലുകളെ അടിസ്ഥാനമാക്കികൊണ്ടുമുള്ള ഗവേഷണപദ്ധതികൾ വിവിധതലത്തിൽ ഏകോപിപ്പിക്കുകയും *ബേസ്റൗമ* ലക്ഷ്യമാക്കുന്നു. ചാവറയച്ചന്റെ സംഭാവനകളെ ആധാരമാക്കി ബാംഗ്ലൂരിലെ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി വിദ്യാഭ്യാസ-മാധ്യമ-സാമൂഹ്യശാസ്ത്രധാരകളിൽ പി.എച്ച്.ഡി. കോഴ്സുകൾ ആരംഭിക്കുന്നു. മറ്റു സർവ്വകലാശാലകളിലേയ്ക്കു കൂടി ഈ സാദ്ധ്യത വ്യാപിച്ചുകാണുവാൻ *ബേസ്റൗമ* ആഗ്രഹിക്കുന്നു. ധർമ്മാരാം വിദ്യാക്ഷേത്രവുമായി ബന്ധപ്പെട്ട് ചാവറ സംസ്കൃതിയിൽ

ഡിപ്ലോമ കോഴ്സ് ആരംഭിക്കുവാനും അവയ്ക്കു ദൂരവിദ്യാഭ്യാസ സാദ്ധ്യതകൾ അനുവദിപ്പിക്കുവാനും ശ്രമങ്ങൾ നടക്കുന്നു. ചാവറ ജീവിതത്തെയും ദർശനത്തെയും ചൈതന്യമായി അതിൽ അന്തർദീപ്തമായ വിശ്വസാഹോദര്യത്തെയും ക്രിയാത്മകമായ എല്ലാ സാദ്ധ്യതകളിലൂടെയും വിചാരസംവാദ വിഷയമാക്കി പൊതുസമൂഹത്തിനു സമർപ്പിക്കുന്നതിൽ *ബേസ്റൗമ* പ്രതിജ്ഞാബദ്ധമാണ്. *ബേസ്റൗമ*യുടെ നിർദ്ദേശാഗ്രഹപ്രകാരം ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് *ചാവറ സംസ്കൃതി പുരസ്ക്കാരം* 2012 മുതൽ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രഥമ പുരസ്ക്കാരത്തിന് ഡോ. എ.പി.ജെ. അബ്ദുൾ കലാമിനെ പുരസ്ക്കാര നിർണ്ണയ ജൂറി തിരഞ്ഞെടുത്തു എന്നത് അഭിമാനകരമാണ്.

പ്രസിദ്ധീകരണങ്ങൾ:

- *ആകാശദീപങ്ങൾ സാക്ഷി* • ചാവറ പിതാവിന്റെ ജീവിതത്തിലൂടെ ഒരു നോവലിസ്റ്റിന്റെ തീർത്ഥാടനം • *ജോൺ ആന്റണി* • അവതാരിക: *പെരുമ്പടവം ശ്രീധരൻ* (രണ്ടാം പതിപ്പ്)
- *സുകൃതംസ്മര* • ഡോ. *സുകുമാർ അഴീക്കോട്, ഡോ. എം. ലീലാവതി, എം.കെ. സാനു, എ. ശ്രീധരമേനോൻ, പി. ഗോവിന്ദപ്പിള്ള, ഫാ. ഇസഡ്.എം. മുഴൂർ, സി.വി. ആനന്ദബോസ്, മാത്യു ഉലകംതറ, ഡോ. കുര്യാസ് കുമ്പളക്കുഴി, ഡോ. സെബാസ്റ്റ്യൻ പോൾ, സി.പി. ശ്രീധരൻ, കെ.എം. തരകൻ, ടി.എം. എബ്രഹാം, പി.കെ. രാജശേഖരൻ* എന്നിവരുടെ ചാവറ പിതാവിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ • അവതാരിക: *എം. തോമസ് മാത്യു.* (രണ്ടാം പതിപ്പ്)
- *ഇതാ ഞാൻ, അവിടത്തെ ദാസൻ* • ചാവറ പിതാവിന്റെ ജീവിതദർശനങ്ങളെ പാർശ്വപരിവൃത്ത സഹിതം അവതരിപ്പിക്കുന്ന ഗ്രന്ഥപരമ്പരയിലെ ആദ്യ ഭാഗം • ഫാ. *തോമസ് പന്തപ്ലാക്കൽ* സി.എം.ഐ • അവതാരിക : *ഡോ. കെ.എസ്. രാധാകൃഷ്ണൻ.*
- *പൊതുവിദ്യാഭ്യാസം: പ്രസക്തിയും പ്രശ്നങ്ങളും* • ചാവറ അനുസ്മരണ പ്രഭാഷണങ്ങൾ • ഡോ. *കെ.എസ്സ്. രാധാകൃഷ്ണൻ, അബ്ദുൾ സമദ് സമദാനി* (രണ്ടാം പതിപ്പ്)
- *എന്റെ ഓഹരിയും പാനപാത്രവും* • ചാവറ ദർശനം; അനുയാത്ര • സിസ്റ്റർ *ഡോ. ആവില സി.എം.സി.*, സിസ്റ്റർ *മരീന* സി.എം.സി. • അവതാരിക : *ടി.എം. അബ്രഹാം.*
- *ഭൂമികന്യകമാർക്ക് ഒരുണർത്തുപാട്ട്* • ചാവറപിതാവിന്റെ സ്ത്രീശാക്തീകരണ സങ്കല്പം; ഒരു പഠനം • സിസ്റ്റർ *ഡോ. ആവില സി.എം.സി.* • അവതാരിക : *പ്രൊഫ. മാത്യു ഉലകംതറ.*
- *അറിവിന്റെ വഴിയെ താപസമനസ്സ്* • വിദ്യാദാനശുശ്രൂഷാധാരയിലെ ചാവറ പിതാവിന്റെ മാതൃകാസങ്കല്പം; പഠനം • സിസ്റ്റർ ഡോ. ആവില സി.എം.സി., സിസ്റ്റർ ധന്യ സി.എം.സി., സിസ്റ്റർ മരീന സി.എം.സി. • അവതാരിക: *പ്രൊഫ. എം. അച്ചുതൻ.*
- *അനസ്താസ്യായുടെ രക്തസാക്ഷ്യം* • രചനയുടെ 151-ാം വർഷത്തിൽ ഒരു പുനഃപ്രസാധനം • അവതാരിക: *ഡോ. എം. ലീലാവതി.*
- *ആത്മാനുതാപത്തിന്റെ അനുധ്യാന ശ്രുതികൾ* • ചാവറ കാവത്തിന്റെ പുനപ്രകാശനം നിരീക്ഷണ പഠനങ്ങളോടെ • ഡോ.ഡി.ബാബു പോൾ.
- കാലം നമിക്കുന്ന കർമ്മയോഗി • സുകൃതം സ്മര: രണ്ടാം ഭാഗം • അവതാരിക ജി.കാർത്തികേയൻ.
- ഇതാ ഈ വഴിയെ.. • ചാവറപിതാവ് 1868ലെഴുതിയ ഒരു നല്ല അപ്പന്റെ ചാവരുൾ എന്ന ഗ്രന്ഥത്തിലെ ദർശനധരയുടെ പുനർവായന • അവതാരിക: ഡോ.ബാബു സെബാസ്റ്റ്യൻ



ആത്മാനുതാപത്തിന്റെ അനുധ്യാനശ്രുതികൾ

ചാവറ പിതാവിന്റെ വിഖ്യാതകാവ്യത്തിന്
രചനയുടെ 144-ാം വർഷത്തിൽ
പഠനനിരീക്ഷണങ്ങളോടെ ഒരു പുന:പ്രകാശനം

ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്
സി.എം.ഐ.,സി.എം.സി. സംയുക്ത സംരംഭം